സെക്കണ്ടറി പാഠ്യക്രമം

# 213 - സാമൂഹ്യശാസ്ത്രം

## പുസ്തകം - 2


**കോഴ്സ് കോ-ഓർഡിനേറ്റർമാർ**
മിസ് തരുൺ പുനിയ
ഡോ. ചുന്നു പ്രസാദ്
ഡോ. അസ്മത്ത് നൂറി

**പ്രോജക്ട് കോ-ഓർഡിനേറ്റർ (A.E.P.)**
മിസ് അഷീമ സിംഗ്



**NATIONAL INSTITUTE OF OPEN SCHOOLING**
(An autonomous organisation under MHRD, Govt. of India)
A-24-25, Institutional Area, Sector-62, NOIDA-201309 (U.P.)
Website: www.nios.ac.in, Toll Free No. 18001809393

© National Institute of Open Schooling

Published by the Secretary, National Institute of Open Schooling, A-24-25, Institutional Area, NH-24, Sec. 62, Noida-201309, and printed at

## ADVISORY COMMITTEE

**Dr. Sitansu S. Jena**
Chairman
National Institute of Open Schooling
NOIDA

**Dr. Kuldeep Agarwal**
Director (Academic)
National Institute of Open Schooling
NOIDA

**Mrs. Gopa Biswas**
Jt. Director (Academic)
National Institute of Open Schooling
NOIDA

## CURRICULUM COMMITTEE

**Prof. Girishwar Mishra**
Chairperson
Deptt. of Psychology,
University of Delhi, Delhi

**Prof. K.D. Baroota**
**(Retd.)** Deptt. of Psychology,
University of Delhi
Delhi

**Prof. Shakuntala Nagpal**
DEPFE, NCERT
Sri Aurobindo Marg
New Delhi

**Sh. I.S. Asthana**
Principal (Retd.)
A-88, Ground Floor Back
Ashoka Enclave 2
Faridabad, Haryana

**Dr. Arvind Mishra**
Asso. Professor
ZHCES, School of Social Sciences
JNU, New Delhi

**Dr. Shah Alam**
Sr. Lecturer
Dept. of Psychology, Faculty of Social
Science, Women's College,
Aligarh Muslim University, Aligarh (U.P.)

**Dr. Navin Kumar**
Asso. Professor
Dr. B.R. Ambedkar College
University of Delhi
Delhi

**Dr. B.K. Pal**
Lecturer
DIET (east), Institutional Area
Karkardooma, Delhi

**Mrs. Usha Anand**
PGT
St. Thomas School,
Mandir Marg, New Delhi

**Sh. Vivek Singh**
Convener
Executive Officer (Academic)
National Institute of Open Schooling
NOIDA

## COURSE EDITORS

**Prof. Girishwar Mishra**
Chairperson
Deptt. of Psychology,
University of Delhi, Delhi

**Sh. I.S. Asthana**
Principal (Retd.)
A-88, Ground Floor Back
Ashoka Enclave 2
Faridabad, Haryana

**Dr. Preeti Kapur**
Asso. Professor
Deptt. of Psychology,
Daulat Ram College, University of Delhi
Delhi

**Dr. Renu Kishore**
Asso. Professor
Deptt. of Psychology,
Daulat Ram College, University of Delhi
Delhi

## LESSON WRITERS

**Prof. Girishwar Mishra**
Chairperson (Retd.)
Deptt. of Psychology,
University of Delhi, Delhi

**Prof. K.D. Baroota**
**(Retd.)** Deptt. of Psychology,
University of Delhi
Delhi

**Dr. Arvind Mishra**
Asso. Professor
ZHCES, School of Social Sciences
JNU, New Delhi

**Dr. Preeti Kapur**
Asso. Professor
Deptt. of Psychology,
Daulat Ram College, University of Delhi
Delhi

**Dr. Renu Kishore**
Asso. Professor
Deptt. of Psychology,
Daulat Ram College, University of Delhi
Delhi

**Dr. A.K. Shrivastava**
Asso. Professor
NCERT
New Delhi

## GRAPHIC ARTIST

**Mr. Mahesh Sharma**
Graphic Artist,
National Institute of Open Schooling, NOIDA

## TRANSLATORS

**Prof. Dr. P.D. Johny,** Rt. Professor, U.C. College, Aluva

**Mr. D. Gopinathan Nair,** Rt. Principal, Udyogamandal School, Eloor



*Laser Typesetting & Layout by* ***Jenil Creations Ph: 94471 79273***

# ചെയർമാന്റെ സന്ദേശം

പ്രിയ പഠിതാവേ,

സമൂഹത്തിന്റെ പൊതുവായും ചില വിഭാഗങ്ങളുടെ പ്രത്യേകിച്ചും ആവശ്യങ്ങൾ കാലമനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ആയതിനാൽ അവരുടെ ആശയാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ വേണ്ട മാർഗ്ഗങ്ങളും തന്ത്രങ്ങളും തദനുസൃതമായി പരിഷ്ക്കരിക്കപ്പെടേണ്ടതായിട്ടുണ്ട്. മാറ്റത്തിനുള്ള ഒരു ഉപാധിയാണ് വിദ്യാഭ്യാസം. തക്കസമയത്ത് നൽകുന്ന ശരിയായ വിദ്യാഭ്യാസം സമൂഹത്തിനെ ശരിയായ വീക്ഷണഗതിയിലേക്ക് കൊണ്ടുവരുന്നതിനും നൂതനമായ വെല്ലുവിളികളെ നേരിടാനുള്ള മനോഭാവവും കാഠിന്യമേറിയ സ്ഥിതിവിശേഷത്തെ അഭിമുഖീകരിക്കാനുള്ള ധൈര്യവും നൽകുന്നു. കൃത്യമായ കാലഘട്ടത്തിൽ നടക്കുന്ന പാഠ്യപദ്ധതി നവീകരണത്തിലൂടെ ഇത് ഫലപ്രദമായി കൈവരിക്കാൻ കഴിയും. നിശ്ചലമായ ഒരു പാഠ്യപദ്ധതി വ്യക്തിയുടേയും സമൂഹത്തിന്റേയും ആനുകാലിക ആവശ്യങ്ങളും അഭിലാഷങ്ങളും പൂർത്തീകരിച്ചു കൊടുക്കാത്തതിനാൽ അതിന്റെ ഉദ്ദേശ്യം സഫലീകരിക്കപ്പെടുന്നില്ല.

ഈ ഉദ്ദേശ്യത്തിനുവേണ്ടി രാജ്യത്തിന്റെ നാനാഭാഗത്തുള്ള വിദ്യാഭ്യാസ വിചക്ഷണന്മാർ കൃത്യമായ ഇടവേളകളിൽ ഒത്തുകൂടി വരുത്തേണ്ട ആവശ്യമായ മാറ്റങ്ങൾ, അതിനുള്ള ഉപാധികൾ എന്നീ വിഷയങ്ങളെക്കുറിച്ച് സസൂക്ഷ്മം ചർച്ച നടത്തുന്നു. ഇത്തരം അവധാനപൂർണ്ണമായ ചർച്ചയുടെ ഫലമായി വിദ്യാഭ്യാസത്തിന്റെ വ്യത്യസ്ത തലങ്ങളിലേക്ക് - പ്രൈമറി, എലിമെന്ററി, സെക്കന്ററി, സീനിയർ സെക്കന്ററി - അനുപേക്ഷണീയവും ആവശ്യവുമായ വിശദാംശങ്ങൾ വ്യക്തമാക്കുന്ന ദേശീയ പാഠ്യപദ്ധതിയുടെ രൂപരേഖ (NCF-2005) പുറത്തു വന്നു.

ഈ ചട്ടക്കൂടും ദേശീയവും സാമൂഹികവുമായ മറ്റ് ഘടകങ്ങളും മനസ്സിൽ വച്ചുകൊണ്ട് തന്നെ ആനുകാലികവും ആവശ്യാധിഷ്ഠിതവുമായ രീതിയിൽ സെക്കന്ററിതല വിഷയങ്ങളുടെ പാഠ്യപദ്ധതി ഇപ്പോൾ പരിഷ്ക്കരിച്ചിട്ടുണ്ട്. വിദൂരവിദ്യാഭ്യാസം വഴി നൽകുന്ന NIOS ന്റെ പരിപാടികളുടെ അവശ്യവും അവിഭാജ്യവുമായ ഒരു ഭാഗമാണ് പാഠ്യവസ്തുക്കളുടെ നിർമ്മിതി. അതിനാൽ പാഠ്യവസ്തുക്കൾ ഉപയോഗിക്കുന്നവർക്ക് ഉപകാരപ്രദവും രസകരവും ആകർഷകവുമാക്കുവാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

ഈ പാഠപുസ്തകം രസകരവും നിങ്ങളുടെ ആവശ്യങ്ങൾക്ക് അനുയോജ്യവും ആക്കിത്തീർക്കുന്നതിന് സഹായിച്ച എല്ലാ വിശിഷ്ട വ്യക്തികൾക്കും നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഇത് ആകർഷണീയവും ഉൾക്കൊള്ളാൻ കഴിയുന്നതുമായി നിങ്ങൾക്ക് അനുഭവവേദ്യമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗിന്റെ പേരിൽ നിങ്ങൾ ക്കെല്ലാവർക്കും ശോഭനവും വിജയപ്രദവുമായ ഒരു ഭാവി ഞാൻ ആശംസിക്കുന്നു.

**എസ്.എസ്. ജെന**
ചെയർമാൻ
നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്

# ഡയറക്ടറുടെ കുറിപ്പ്

പ്രിയ പഠിതാവേ,

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗിന്റെ അക്കാദമിക് വകുപ്പ് നിങ്ങളുടെ ആവശ്യങ്ങൾക്കും താത്പര്യങ്ങൾക്കും അനുസരിച്ച് പുതിയ പരിപാടികൾകൊണ്ടുവരാനാണ് എല്ലായ്പ്പോഴും ശ്രമിക്കുന്നത്. സെക്കന്ററിതലത്തിലുള്ള എല്ലാ വിഷയങ്ങളുടേയും പാഠ്യപദ്ധതി ഇപ്പോൾ ഞങ്ങൾ പരിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തിലെ മറ്റ് ബോർഡുകളുടെ പാഠ്യപദ്ധതിയോടൊപ്പം നിൽക്കുന്നതിനുവേണ്ടി ഞങ്ങൾ സി. ബി.എസ്സ്. ഇ യുടേയും ധാരാളം സംസ്ഥാന സെക്കന്ററിതല ബോർഡുകളുടേയും പാഠ്യപദ്ധതികൾ പരിശോധിക്കുകയുണ്ടായി. നാഷണൽ കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് വികസിപ്പിച്ചെടുത്ത ദേശീയ പാഠ്യപദ്ധതിയുടെ രൂപരേഖ ഒരു പ്രധാന സൂചനയായി കണക്കിലെടുത്തിട്ടുണ്ട്. സമഗ്രമായ ഒരു താരതമ്യപഠനത്തിനുശേഷം പ്രവർത്തന നിരതവും ലളിതവും ജീവിതാവസ്ഥകളോട് ബന്ധപ്പെട്ടിരിക്കുന്നതുമായ ഒരു പാഠ്യപദ്ധതി ഞങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിലെ മുൻനിരയിലുള്ള വിദ്യാഭ്യാസ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരിക്കാനും നവീകരിക്കാനും സാധിച്ചിട്ടുണ്ട്.

അതേസമയം പാഠ്യവസ്തുക്കൾ വീക്ഷിക്കുവാനും ഞങ്ങൾക്ക് സാധിച്ചു. പഴയതും കാലഹരണപ്പെട്ടതുമായ വിവരങ്ങൾ നീക്കുകയും പുതിയതും പ്രസക്തവുമായ വസ്തുതകൾ കൂട്ടിച്ചേർക്കുകയും അതുവഴി അവയെ നിങ്ങൾക്ക് ഹൃദ്യവും ആകർഷണീയവും ആക്കിത്തീർക്കുകയും ചെയ്തിട്ടുണ്ട്.

നിങ്ങളുടെ കൈകളിൽ ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്ന പുതിയ പുസ്തകം നിങ്ങളിൽ താൽപര്യമുണർത്തുകയും നിങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു.

നിങ്ങൾക്ക് സന്തുഷ്ടവും വിജയപ്രദവുമായ ഒരു ഭാവി ഞാൻ ആശംസിക്കുന്നു.

**ഡോ. കുൽദീപ് അഗർവാൾ**
**ഡയറക്ടർ (അക്കാദമിക്)**
**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ്**

# നിങ്ങളോടൊരു വാക്ക്

പ്രിയ പഠിതാക്കളെ,

സെക്കന്ററി കോഴ്സിന്റെ ഭാഗമായ സോഷ്യൽ സയൻസ് പഠനത്തിലേക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് നിങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ കോഴ്സിന്റെ പാഠ്യവസ്തുക്കൾ രണ്ട് ഗ്രന്ഥങ്ങളിലായിട്ടാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഒന്നാമത്തേതിൽ ചരിത്രവും ഭൂമിശാസ്ത്രവും രണ്ടാമത്തേതിൽ പൊളിറ്റിക്കൽ സയൻസും (രാഷ്ടമീമാംസ). മനുഷ്യസമൂഹത്തിന്റെ പരിണാമത്തെക്കുറിച്ചുള്ള പഠനവും ലോകത്തിലെ മികച്ച സംസ്ക്കാരങ്ങളും സോഷ്യൽ സയൻസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതിപുരാതനം, മധ്യം, ആധുനികം എന്നീ കാലങ്ങളിലെ ഇന്ത്യയേയും ലോകത്തേയും കുറിച്ച് നിങ്ങൾ ഇതിൽ പഠിക്കും. പരിണാമത്തെക്കുറിച്ച് ഉൾക്കാഴ്ച നിങ്ങൾക്ക് ഒന്നാമത്തെ ഗ്രന്ഥത്തിൽ നിന്ന് ലഭിക്കുന്നതോടൊപ്പം ഇന്ത്യയിലെ കൊളോണിയിലിസത്തിന്റെ ഫലങ്ങളും സാമൂഹിക പരിഷ്ക്കരണവും ബ്രിട്ടീഷ് ഭരണത്തിനെതിരായ ചെറുത്തു നിൽപ്പുകളും നിങ്ങൾ പരിചയപ്പെടുകയും ചെയ്യും.

കൂടുതലായി ഭൂമിശാസ്ത്രപരമായ ആശയങ്ങളും വസ്തുതകളും നിങ്ങൾ കൈകാര്യം ചെയ്യും. പ്രകൃതി, പരിസ്ഥിതി, വിഭവങ്ങൾ, വികസനം എന്നിവ തമ്മിലുള്ള പരസ്പര ബന്ധവും നിങ്ങൾ മനസ്സിലാക്കുന്നു.

ഭൂമിയിൽ പരിണമിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതി- സന്തുലിതാവസ്ഥ എങ്ങനെ ചില ജീവിത നൈപുണിമാതൃകകൾ പിന്തുടർന്നാൽ നിലനിർത്താൻ കഴിയും. പാഠങ്ങൾ പഠിച്ചു പോകുമ്പോൾ സർവ്വേ, കേസ് സ്റ്റഡികൾ (വ്യക്തി പഠനങ്ങൾ), പ്രശ്ന പരിഹാരങ്ങൾ തുടങ്ങിയ ധാരാളം പാഠ്യപ്രവർത്തനങ്ങൾ നിങ്ങൾ കണ്ടെത്തും. അവ മെച്ചമായി കാര്യങ്ങൾ മനസ്സിലാക്കുന്നതിനും, ചിന്താശക്തി, ആശയവിനിമയം,പരസ്പരാലോചനതുടങ്ങിയ അത്തരം നൈപുണികളും കഴിവുകളും വളർത്തിയെടുക്കുന്നതിന് വേണ്ടി പ്രത്യേകമായി രൂപകൽപന ചെയ്തിട്ടുള്ളതാണ്. ഇത് ഒരു പഠിതാവ് എന്ന നിലയിൽ നിങ്ങളുടെ അറിവ് പുഷ്ടിപ്പെടുത്തുന്നതിനുള്ളതായതിനാൽ ഈ പ്രവർത്തനങ്ങൾ സമയമെടുത്ത് നിർവ്വഹിക്കേണ്ടതാണ്.

ഈ പുസ്തകം നിങ്ങളുടെ പരീക്ഷകൾക്കു മാത്രം ഉപകരിക്കുന്ന ഒന്നു മാത്രമല്ല കൂടാതെ നിങ്ങളെ ഒരു നല്ല മനുഷ്യനാക്കിത്തീർക്കാൻ പ്രചോദിപ്പിക്കുമെന്നു കൂടി ഞങ്ങൾ പ്രതീക്ഷിക്കുന്നു. നിങ്ങൾക്ക് ഈ കോഴ്സുമായി ബന്ധപ്പെട്ട എന്തെങ്കിലും വൈഷമ്യങ്ങളോ, അന്വേഷണങ്ങളോ ഉണ്ടെങ്കിൽ ആ വിവരം ഞങ്ങൾക്കെഴുതുന്നതിനെ സ്വാഗതം ചെയ്യുന്നു ഈ ഗ്രന്ഥത്തെക്കുറിച്ചുള്ളനിങ്ങളുടെ അഭിപ്രായങ്ങൾ മാനിക്കപ്പെടുന്നതാണ്.


**മിസ് തരുൺപുനിയ**
*അക്കാദമിക് ഓഫീസർ*
*(ജോഗ്രഫി)*
*എൻ. ഐ. ഒ. എസ്.*
*നോയിഡ (യു. പി)*

**ഡോ. ചുന്നു പ്രസാദ്**
*അക്കാദമിക് ഓഫീസർ*
*(പൊളിറ്റിക്കൽ സയൻസ്)*
*എൻ. ഐ. ഒ. എസ്.*
*നോയിഡ (യു. പി)*

**ഡോ. അസ്മത് നൂറി**
*അക്കാദമിക് ഓഫീസർ*
*(ഹിസ്റ്ററി)*
*എൻ. ഐ. ഒ. എസ്.*
*നോയിഡ (യു. പി)*

# പാഠ്യവസ്തുക്കൾ ഉപയോഗിക്കപ്പെടേണ്ടത് എങ്ങനെ ?

ഒരു സ്വയം പഠിതാവ് ആവുക എന്ന വെല്ലുവിളി നിങ്ങൾ സ്വീകരിച്ചതിന് നിങ്ങൾക്ക് അഭിനന്ദനങ്ങൾ. എൻ ഐ ഒ എസ്സ് എല്ലായ്പ്പോഴും നിങ്ങളോടൊപ്പം ഉണ്ട്. നിങ്ങളെ മനസ്സിൽ കണ്ടുകൊണ്ടാണ് ഒരു കൂട്ടം വിദഗ്ധരുടെ സഹായത്താൽ ഈ പാഠ്യവസ്തുക്കൾ വികസിപ്പിച്ചെടുത്തിട്ടുള്ളത്. സ്വതന്ത്ര പഠനത്തെ സഹായിക്കുന്ന ഒരു പുസ്തകത്തിന്റെ ആകൃതിയാണ് ഇതിൽ പിന്തുടർന്നിരിക്കുന്നത്. ഇതിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചാൽ ഏറ്റവും മെച്ചമായ പ്രയോജനം നിങ്ങൾക്ക് ഈ പാഠ്യവസ്തുക്കളിൽ നിന്ന് ലഭിക്കും. ഇതിൽ ഉപയോഗിച്ചിട്ടുള്ള പ്രസക്തമായ ബിംബങ്ങൾ (Icons) പഠനത്തിന് നിങ്ങളെ സഹായിക്കും. നിങ്ങളുടെ സൗകര്യത്തിന് അവയെ താഴെ വിശദീകരിക്കുന്നു.

**ശീർഷകം:** ഓരോ അധ്യായത്തിലേയും ഉള്ളടക്കത്തെക്കുറിച്ചുള്ള വ്യക്തമായ സൂചന നൽകും. അത് വായിക്കു.

**ആമുഖം:** തൊട്ടുമുൻപുള്ള പാഠവുമായി ബന്ധപ്പെടുത്തി പാഠം അവതരിപ്പിക്കും.

**ഉദ്ദേശ്യങ്ങൾ:** ഓരോ പാഠത്തിൽ നിന്നും നിങ്ങൾ എന്തു പഠിക്കണമെന്നാണ് പ്രതീക്ഷിക്കപ്പെട്ടിട്ടുള്ളത് എന്ന് വിശദീകരിക്കുന്നതിന് ഈ ഉദ്ദേശ്യങ്ങൾ നിങ്ങളെ സഹായിക്കും. അവ വായിച്ചു നോക്കു.

**കുറിപ്പുകൾ:** ഓരോ പേജിലും മാർജിന്റെ ഭാഗത്ത് ഒഴിഞ്ഞ സ്ഥലം ഇട്ടിട്ടുണ്ട്. അവ പ്രധാനപ്പെട്ട സൂചനകളും കുറിപ്പുകളും നിങ്ങൾക്ക് എഴുതുന്നതിനുവേണ്ടിയാണ്.

**പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ:** ഓരോ വിഭാഗത്തിനുംശേഷം വളരെ ലഘുവായ ഉത്തരങ്ങളുടെ സ്വയം പരിശോധിക്കാനുള്ള ചോദ്യങ്ങളും പാഠത്തിന്റെ അവസാനംഅതിന്റെ ഉത്തരങ്ങളുംനൽകിയിട്ടുണ്ട്. ഇത് നിങ്ങൾക്ക് പഠനത്തിലുള്ള പുരോഗതി അറിയാൻ സഹായിക്കും. അത് നിങ്ങൾ ചെയ്യുക. വിജയകരമായി അത് പൂർത്തിയാക്കുമ്പോൾ മുന്നോട്ടുപോകണോ അതോ തിരിച്ച് പഠിച്ച പാഠങ്ങൾ വീണ്ടും പഠിക്കണോ എന്ന് നിങ്ങൾക്ക് തീരുമാനിക്കാൻ കഴിയും.

**നിങ്ങൾ ഇതുവരെ പഠിച്ചത്:** ഇവിടെ പ്രധാന ആശയങ്ങളുടെ ഒരു സംക്ഷിപ്ത രൂപം കാണാം. ഇത് മുഖ്യാംശങ്ങൾ ആവർത്തിക്കുന്നതിനും പുന:പരിശോധന നടത്തുന്നതിനും സഹായകമാണ്. നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം ആശയങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്.

**പാഠ്യാന്ത്യ അഭ്യാസം:** പാഠഭാഗം മുഴുവനും വ്യക്തമായി മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള പരിശീലനത്തിന് അവസരം നൽകാനായി ഹ്രസ്വവും ദീർഘവുമായ ചോദ്യങ്ങൾ ഇവിടെ നൽകുന്നു.

**നിങ്ങൾക്കറിയാമോ:** അധികമായി അറിയേണ്ടകാര്യങ്ങൾ കള്ളികളിൽ (Boxes) നൽകിയിരിക്കുന്നു. ഇത് പ്രധാനപ്പെട്ടതും നിങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുമാണ്. ഇത് മൂല്യനിർണ്ണയത്തിന് ഉദ്ദേശിച്ചിട്ടുള്ളതല്ല. എന്നാലിത് നിങ്ങളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കും.

**ഉത്തരങ്ങൾ:** ഇത് എപ്രകാരം നിങ്ങൾ ചോദ്യങ്ങൾക്ക് ശരിയായി ഉത്തരമെഴുതി എന്നറിയാൻ സഹായിക്കും.

**പാഠ്യ പ്രവർത്തനങ്ങൾ:** ആശയത്തെക്കുറിച്ച് മെച്ചമായ ധാരണ ഉണ്ടാക്കാൻ വേണ്ടിയാണ് ചില പ്രവർത്തനങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

WWW **വെബ്സൈറ്റ്:** കൂടുതൽ പഠനത്തിന് വേണ്ടിയാണ് വെബ്സൈറ്റ് നൽകിയിട്ടുള്ളത്. ആവശ്യമായ വിവരങ്ങൾ പാഠഭാഗങ്ങളിൽ നൽകിയിട്ടുണ്ട്. കൂടുതൽ അറിയാൻ ഈ സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്.

# പഠനസഹായിയെ കുറിച്ചുള്ള അവലോകനം (ഉള്ളടക്കം)




**മൊഡ്യൂൾ 1 : ഇന്ത്യയും ലോകവും യുഗങ്ങളിലൂടെ**

സോഷ്യൽ സയൻസിന് ഒരാമുഖം

പാഠം 1 അതിപുരാതന ലോകം

പാഠം 2 മധ്യകാലലോകം

പാഠം 3 ആധുനിക ലോകം – I

പാഠം 4 ആധുനിക ലോകം – II

പാഠം 5 ബ്രിട്ടീഷ് ഭരണത്തിന്റെ ഫലങ്ങൾ – സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ (AD 1757-1857)

പാഠം 6 കൊളോണിയൽ ഇന്ത്യയുടെ മതസാമൂഹിക ഉണർവ്

പാഠം 7 ബ്രിട്ടീഷ് ഭരണത്തിനെതിരെയുള്ള ജനകീയ പ്രതിഷേധം

പാഠം 8 ഇന്ത്യൻ ദേശീയ പ്രസ്ഥാനം

**മൊഡ്യൂൾ 2 : ഇന്ത്യ: സ്വാഭാവിക പരിസ്ഥിതി, വിഭവങ്ങളും വികസനവും**

പാഠം 9 ഇന്ത്യയുടെ ഭൂപ്രകൃതി

പാഠം 10 കാലാവസ്ഥ

പാഠം 11 ജൈവവൈവിധ്യം

പാഠം 12 കൃഷി ഇന്ത്യയിൽ

പാഠം 13 ഗതാഗതവും വാർത്താവിനിമയവും

പാഠം 14 ജനസംഖ്യ നമ്മുടെ ഏറ്റവും വലിയ സമ്പത്ത്




**മൊഡ്യൂൾ 3 : ജനാധിപത്യം പ്രവർത്തിപഥത്തിൽ**

പാഠം 15 ഭരണഘടനാ മൂല്യങ്ങളും ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനവും

പാഠം 16 മൗലികാവകാശങ്ങളും മൗലിക കടമകളും

പാഠം 17 ഇന്ത്യ ഒരു ക്ഷേമരാഷ്ട്രം

പാഠം 18 പ്രാദേശിക ഗവൺമെന്റും മേഖലാ ഭരണവും

പാഠം 19 സംസ്ഥാനതല ഭരണം

പാഠം 20 കേന്ദ്ര തലത്തിലുള്ള ഭരണം

പാഠം 21 രാഷ്ട്രീയ കക്ഷികളും സമ്മർദ്ദ വിഭാഗങ്ങളും

പാഠം 22 ജനാധിപത്യ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം

**മൊഡ്യൂൾ 4 : സമകാലീന ഇന്ത്യ – പ്രശ്നങ്ങളും വെല്ലുവിളികളും**

പാഠം 23 ഇന്ത്യൻ ജനാധിപത്യത്തിന്റെ വെല്ലുവിളികൾ

പാഠം 24 ദേശീയോദ്ഗ്രഥനവും മതേതരത്വവും

പാഠം 25 സാമൂഹിക-സാമ്പത്തിക വികസനവും അവശ വിഭാഗങ്ങളുടെ ശാക്തീകരണവും

പാഠം 26 പരിസ്ഥിതി അപചയവും ഡിസാസ്റ്റർ മാനേജ്മെന്റും

പാഠം 27 സമാധാനവും സുരക്ഷിതത്വവും

# ഉള്ളടക്കം


**മൊഡ്യൂൾ 3: ജനാധിപത്യം പ്രവർത്തിപഥത്തിൽ**

| | | |
|---|---|---|
| പാഠം 15 | ഭരണഘടനാ മൂല്യങ്ങളും ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനവും | 1 |
| പാഠം 16 | മൗലികാവകാശങ്ങളും മൗലിക കടമകളും ............................ | 27 |
| പാഠം 17 | ഇന്ത്യ ഒരു ക്ഷേമരാഷ്ട്രം........ | 51 |
| പാഠം 18 | പ്രാദേശിക ഗവൺമെന്റും മേഖലാ ഭരണവും ...................................... | 66 |
| പാഠം 19 | സംസ്ഥാനതല ഭരണം ............. | 92 |
| പാഠം 20 | കേന്ദ്ര തലത്തിലുള്ള ഭരണം .................................................... | 110 |
| പാഠം 21 | രാഷ്ട്രീയ കക്ഷികളും സമ്മർദ്ദ വിഭാഗങ്ങളും .................................. | 141 |
| പാഠം 22 | ജനാധിപത്യ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം ..................... | 163 |

**മൊഡ്യൂൾ 2: സമകാലീന ഇന്ത്യ: പ്രശ്നങ്ങളും വെല്ലുവിളികളും**

| | | |
|---|---|---|
| പാഠം 23 | ഇന്ത്യൻ ജനാധിപത്യത്തിന്റെ വെല്ലുവിളികൾ .................................................................. | 188 |
| പാഠം 24 | ദേശീയോദ്ഗ്രഥനവും മതേതരത്വവും ....................................... | 217 |
| പാഠം 25 | സാമൂഹിക-സാമ്പത്തിക വികസനവും അവശ വിഭാഗങ്ങളുടെ ശാക്തീകരണവും | 236 |
| പാഠം 26 | പരിസ്ഥിതി അപചയവും ഡിസാസ്റ്റർ മാനേജ്മെന്റും .................................................... | 263 |
| പാഠം 27 | സമാധാനവും സുരക്ഷിതത്വവും ........................................... | 302 |

മാതൃകാ ചോദ്യപേപ്പർ

ഫീഡ് ബാക്ക് ഫോം

# മൊഡ്യൂൾ-3

# ജനാധിപത്യം പ്രവർത്തിപഥത്തിൽ


| | |
|---|---|
| പാഠം 15 | ഭരണഘടനാ മൂല്യങ്ങളും ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനവും |
| പാഠം 16 | മൗലികാവകാശങ്ങളും മൗലിക കടമകളും |
| പാഠം 17 | ഇന്ത്യ ഒരു ക്ഷേമരാഷ്ട്രം |
| പാഠം 18 | പ്രാദേശിക ഗവൺമെന്റും മേഖലാ ഭരണവും |
| പാഠം 19 | സംസ്ഥാനതല ഭരണം |
| പാഠം 20 | കേന്ദ്ര തലത്തിലുള്ള ഭരണം |
| പാഠം 21 | രാഷ്ട്രീയ കക്ഷികളും സമ്മർദ്ദ വിഭാഗങ്ങളും |
| പാഠം 22 | ജനാധിപത്യ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം |

# 15

# ഭരണഘടനാ മൂല്യങ്ങളും ഇന്ത്യയിലെ രാഷ്ട്രീയ സംവിധാനവും

ഷില്ലോംഗിലെ ഒരു സ്കൂളിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന മോന, ദീർഘകാലമായി അവളെ അലട്ടിയിരുന്ന ഒരു ചോദ്യം അദ്ധ്യാപികയോടു ചോദിച്ചു. "സർ! ദിനപ്പത്രങ്ങളിലും ടെലിവിഷനിലും മിക്കപ്പോഴും അമേരിക്കൻ പ്രസിഡന്റിനെപ്പറ്റിയുള്ള പരാമർശങ്ങൾ വരുന്നു; എന്നാൽ അമേരിക്കൻ പ്രധാനമന്ത്രിയെപ്പറ്റി ഒരിക്കലും പരാമർശിച്ചിട്ടില്ല. ഇത് എന്തുകൊണ്ടാണ്?" അദ്ധ്യാപകൻ മറുപടി പറഞ്ഞു. "കുട്ടി! ശരിയായ രീതിയിൽ വ്യത്യാസങ്ങൾ ശ്രദ്ധിച്ചു. അമേരിക്കയിലെ ഗവൺമെന്റ് അവിടുത്തെ ഭരണഘടനയെ അടിസ്ഥാനമാക്കിയാണ്. എന്നാൽ നമ്മുടെ ഗവൺമെന്റ് സംവിധാനം നമ്മുടെ ഭരണഘടനയെ അടിസ്ഥാനമാക്കിയാണ്. ഭരണഘടനാ സ്ഥാപനങ്ങളും ഓഫീസുകളും സൃഷ്ടിക്കുന്നതും പ്രവർത്തിക്കുന്നതും ഒരു രാജ്യത്തെ ഭരണഘടനയിലെ വകുപ്പുകൾ പ്രകാരമാണ്. ഒരു രാജ്യത്തിന്റെ രാഷ്ട്രീയ സമ്പ്രദായത്തിലെ എല്ലാ ഭാവവും രൂപവും ഭരണഘടനയാണ് നിർവ്വചിക്കുന്നത്; എല്ലാത്തിനുമുപരി രാഷ്ട്രീയ സമ്പ്രദായത്തിലെ മൂല്യങ്ങളുടെ കാമ്പ് ഭരണഘടനയിലൂടെ പ്രതിഫലിക്കുന്നു. ഗവൺമെന്റിനെ മാത്രമല്ല, ഈ മൂല്യങ്ങൾ നയിക്കുന്നത്, പൗരന്മാരെയും സമൂഹത്തെ മൊത്തത്തിലും നയിക്കുന്നു." ഇന്ത്യൻ ഭരണഘടനയെപ്പറ്റിയും അതിന്റെ രാഷ്ട്രീയ സമ്പ്രദായത്തെപ്പറ്റിയും പ്രത്യേകിച്ചും അതിൽ പ്രതിഫലിക്കുന്ന മൂല്യങ്ങളെപ്പറ്റി, മോനയേപ്പോലെ നിങ്ങൾക്കും ചോദ്യങ്ങൾ ചോദിക്കാനുണ്ടാവും.! ഇന്ത്യയിലെ രാഷ്ട്രീയ സമ്പ്രദായത്തിന്റെ സ്വഭാവം എന്താണ്? ഇന്ത്യയുടേത് ഫെഡറൽ രീതി എന്ന് വിളിക്കുന്നത് എന്തുകൊണ്ട്? ഈ അദ്ധ്യായത്തിൽ ഈ ചോദ്യങ്ങളെല്ലാം നമുക്ക് ചർച്ചചെയ്യാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ഭരണഘടന എന്നാൽ അടിസ്ഥാനവും മൗലികവുമായ നിയമങ്ങളും ഒരു ജീവിത പ്രമാണവും ആയിരിക്കുന്നത് എന്തുകൊണ്ട് എന്ന് വിവരിക്കുവാൻ;
- ഭരണഘടനയുടെ ആമുഖം അപഗ്രഥിക്കുവാനും ഭരണഘടനയിലൂടെ പ്രതിഫലിക്കുന്ന കാമ്പ് തിരിച്ചറിയുവാനും;
- ഇന്ത്യൻ ഭരണഘടനയുടെ സവിശേഷ ഘടകങ്ങളെ സാന്ദ്രമാക്കുന്ന, ഭരണഘടനാ മൂല്യങ്ങളുടെ കാമ്പിന്റെ മതിപ്പ് മനസ്സിലാക്കുവാൻ;
- ഇന്ത്യയുടെ ഫെഡറൽ രീതിയുടെ സ്വഭാവവും പാർലമെന്ററി രീതിയിലുള്ള ഗവൺമെന്റിന്റെ സ്വഭാവവും പരിശോധിക്കുവാൻ;

## 15.1 ഇൻഡ്യൻ ഭരണഘടന

ഭരണഘടനയെപ്പറ്റിയുള്ള ചർച്ചയോടുകൂടി നമുക്ക് ആരംഭിക്കാം. എന്നാൽ അതിനു മുൻപ് മറ്റൊരു ചോദ്യത്തിനുള്ള ഉത്തരം നൽകേണ്ടിയിരി ക്കുന്നു. ഭരണഘടന എന്ന പദത്തിന്റെ അർത്ഥം എന്താണ്?

### 15.1.1 ഭരണഘടനയുടെ അർത്ഥം

ഭരണഘടന എന്ന പദം മിക്കപ്പോഴും നിങ്ങൾ കേട്ടിട്ടുണ്ടാവും? ഒരു രാഷ്ട്രത്തിന്റെ ഭരണഘടന, ഒരു സംഘടനയുടെയോ യൂണിയന്റെയോ, ഭരണഘടന, സ്പോർട്ട്സ് ക്ലബ്ബിന്റെ ഭരണഘടന, ഗവൺമെന്റിതര സംഘടന യുടെ ഭരണഘടന, കമ്പനിയുടെ ഭരണഘടന മുതലായ നിരവധി സ്ഥാപനങ്ങളെയോ, സംഘടനകളെയോ ബന്ധപ്പെടുത്തി ഈ പദം ഉപയോഗിക്കാറുണ്ട്. എല്ലാ സന്ദർഭങ്ങളിലും ഉപയോഗിക്കുന്ന ഈ പദത്തിന് ഒരേ അർത്ഥമാണോ? അല്ല. അങ്ങനെയല്ല.

ഒരു സംഘടനയുടെയോ, സ്ഥാപനത്തിന്റെയോ, കമ്പനിയുടെയോ, ഘടനയേയും, പ്രവർത്തനത്തേയും കുറിച്ച് സാധാരണയായി ലിഖിതരൂപത്തിലുള്ള ഒരു വിഭാഗം നിയമങ്ങളെ ഭരണഘടനയെന്ന് സാധാരണയായി പറയുന്നു. എന്നാൽ ഒരു സംസ്ഥാനത്തെയോ അല്ലെങ്കിൽ രാഷ്ട്രത്തെ സംബന്ധിച്ചോ പറയുമ്പോൾ, ഭരണഘടന എന്നാൽ ഒരു കൂട്ടം അടിസ്ഥാന തത്വങ്ങൾ, മൗലിക നിയമങ്ങൾ, വ്യവസ്ഥാപിതമായ മുൻ ദൃഷ്ടാന്തങ്ങളാണ് (സന്ദർഭങ്ങൾ / മാനദണ്ഡങ്ങൾ എന്ന് അർത്ഥം). ഗവൺമെന്റിന്റെ മൂന്ന് ഘടകങ്ങളായ, ഭരണനിർവ്വഹണം, നിയമ നിർമ്മാണ സഭ, നീതിന്യായ വകുപ്പ് എന്നിവകളുടെ ഘടനയും പ്രധാനപ്പെട്ട അധികാരങ്ങൾ, ചുമതലകൾ എന്നിവയും രാഷ്ട്രത്തിന്റെ വിവിധ സവിശേഷതകളും ഭരണഘടന വ്യക്തമാക്കുന്നു; നിർവ്വചിക്കുന്നു. കൂടാതെ നിയന്ത്രിക്കുകയും ചെയ്യുന്നു. ഭരണഘടന പൗരന്മാർക്ക് സ്വാതന്ത്ര്യവും അവകാശങ്ങളും നൽകുന്നു; ഓരോ പൗരനും രാഷ്ട്രവും, ഗവൺമെന്റുമായുള്ള ബന്ധം വ്യക്തമാക്കുന്നു.

ഒരു ഭരണഘടന ലിഖിതരൂപത്തിലുള്ളതോ, അലിഖിതമോ ആകാം. എന്നാൽ ഭരണഘടനയിൽ രാഷ്ട്രത്തിന്റെ മൗലികനിയമങ്ങൾ ഉണ്ട്. ഭരണഘടന പരമോന്നതവും അന്തിമ അധികാരിയുമാണ്. ഭരണഘടനയ്ക്ക് അനുസൃതമല്ലാത്ത തീരുമാനങ്ങളും, പ്രവർത്തിയും നിയമവിരുദ്ധമാണ്. ഗവൺമെന്റ് അധികാരം ദുർവിനിയോഗം ചെയ്യുന്നത് ഒഴിവാക്കാനായി ഭരണഘടന ഗവൺമെന്റിന് അധികാരപരിധി വച്ചിട്ടുണ്ട്. എന്നാൽ ഭരണഘടന നിശ്ചലവുമല്ല. പുതിയ വകുപ്പുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനായി ഭരണഘടന ഭേദഗതി ചെയ്യേണ്ടതുണ്ട്. ഭരണഘടനയുടെ ഇപ്രകാരമുള്ള അനുനേയത (flexibiltiy), ആളുകളുടെ പ്രതീക്ഷയ്ക്കൊത്തും, കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ചും സമൂഹത്തിലെ മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ചും മാറ്റങ്ങൾ വരുത്തുവാൻ അനിവാര്യമാണ്.

**? നിങ്ങൾക്കറിയാമോ**

മിക്ക ജനാധിപത്യ രാജ്യങ്ങളിലും ലിഖിത ഭരണഘടനയുള്ളപ്പോൾ ബ്രിട്ടീഷ് ഭരണഘടന അലിഖിത ഭരണഘടനയായി അറിയപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഇത് പ്രധാനമായിട്ടും എഴുതപ്പെടാത്തതും ക്രോഡീകരിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. അമേരിക്കൻ ഭരണഘടന പോലെയും ഇന്ത്യൻ ഭരണഘടന പോലെയും ബ്രിട്ടീഷ് ഭരണഘടന ചട്ടക്കൂടിലുള്ള ഒരു പൂർണ്ണ പ്രസ്താവനയല്ല. അമേരിക്കൻ ഭരണഘടനയും ഇന്ത്യൻ ഭരണഘടനയും ലിഖിതങ്ങളാണ്.

### 15.1.2 ഇന്ത്യൻ ഭരണഘടന

ഇന്ത്യൻ ഭരണഘടനയുടെ പ്രമാണം നിങ്ങൾ കണ്ടിട്ടുണ്ടോ? ചിത്രീകരണത്തിൽ കൊടുത്തിരിക്കുന്ന പുറംചട്ട നിങ്ങൾ തിരിച്ചറിഞ്ഞുവോ? നിങ്ങൾ കണ്ടിട്ടുണ്ടെങ്കിൽ, അഥവാ

കാണുവാൻ ഒരു സാഹചര്യം ഉണ്ടായാൽ, ഭരണഘടന ഒരു ദൈർഘ്യമേറിയ പ്രമാണമെന്ന് നിങ്ങൾ സമ്മതിക്കും. വാസ്തവത്തിൽ ലോകത്തിലെ എല്ലാ ലിഖിത ഭരണഘടനയെക്കാളും ദൈർഘ്യമേറിയതാണ് ഇന്ത്യൻ ഭരണഘടന. കോൺസ്റ്റിറ്റുവന്റ് അസംബ്ലി എന്നറിയപ്പെടുന്ന ഒരു പ്രതിനിധിസഭയാണ് ഇത് തയ്യാറാക്കിയത്. ഈ സഭയിലെ മിക്ക അംഗങ്ങളും സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്തവരാണ്. ഇവരെയെല്ലാം ആദരപൂർവ്വം ഭരണഘടനയുടെ സ്ഥാപകനേതാക്കൾ എന്ന് വിളിക്കുന്നു. ഭരണഘടന തയ്യാറാക്കുന്ന വേളയിൽ താഴെ പറയുന്ന ഘടകങ്ങൾ സ്വാധീനിച്ചിരുന്നു. (a) നീണ്ടുനിന്ന സ്വാതന്ത്ര്യസമരവേളകളിൽ രൂപം പൂണ്ട അഭിലാഷങ്ങൾ (b) ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടായ ഭരണഘടനാപരമായ രാഷ്ട്രീയ മാറ്റങ്ങളും (c) മഹാത്മാഗാന്ധിയുടെ ആശയങ്ങളും ചിന്തകളും (d) രാജ്യ ത്തിന്റെ സാമൂഹ്യ-സാംസ്കാരിക സഹജ സ്വഭാവവും (e) ജനാധിപത്യരാജ്യങ്ങളിലെ ഭരണഘടനയുടെ പ്രവർത്തനപരിചയവും. ഇന്ത്യൻ ഭരണഘടന 1950 ജനുവരി 26-ന് നിലവിൽ വന്നു. അന്നു മുതൽ ഈ തീയതി നാം റിപ്പബ്ലിക് ദിനമായി എല്ലാ വർഷവും ആഘോഷിക്കുന്നു.




**ചിത്രം 15.1**

*ഭരണഘടനയുടെ പുറംചട്ട*

## ? നിങ്ങൾക്കറിയാമോ

1946 ഡിസംബർ 9-ാം തീയതി കോൺസ്റ്റിറ്റുവന്റ് അസംബ്ലി ഭരണഘടന തയ്യാറാക്കുന്ന ദൗത്യം തുടങ്ങി. 1946 ഡിസംബർ 11-ാം തീയതി ഡോ. രാജേന്ദ്രപ്രസാദ്, ഭരണഘടനയുടെ കരട് പട്ടിക തയ്യാറാക്കുന്ന കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ആയി. 2 സംവത്സരം 11 മാസം 18 ദിവസം നീണ്ടുനിന്ന കാലയളവിൽ 166 ദിവസം സമിതി സമ്മേളിച്ചു. ഇന്ത്യൻ ഭരണഘടനയുടെ നക്കൽ 1949 നവംബർ 26-ാം തീയതി കോൺസ്റ്റിറ്റുവന്റ് അസംബ്ലി അംഗീകരിച്ചു.

ഇന്ത്യയിലെ രാഷ്ട്രീയ സമ്പ്രദായത്തിന്റെ ലക്ഷ്യങ്ങൾ ഉൾപ്പെടെ എല്ലാ വശങ്ങളും ഭരണഘടന വ്യക്തമായി നിർവ്വചിക്കുന്നുണ്ട്. ഭരണഘടനയിൽ വ്യക്തമായ വകുപ്പുകൾ ഉള്ളത് (a) ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ അധികാരപരിധി (b) പൗരത്വം (c) മൗലിക അവകാശങ്ങൾ (d) നിർദ്ദേശക തത്വങ്ങളും മൗലിക കടമകളും (e) കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള ഗവൺമെന്റുകളെയും പ്രാദേശികതലത്തിലുള്ള ഭരണസംവിധാനത്തെയും സംബന്ധിച്ച് (f) രാഷ്ട്രീയ സമ്പ്രദായത്തിന്റെ മറ്റു വശങ്ങളെ സംബന്ധിച്ചുള്ളത് ഇവയാണ്. ഇന്ത്യ പരമാധികാരമുള്ള, ജനാധിപത്യ, സോഷ്യലിസ്റ്റ്, മതേതര റിപ്പബ്ലിക് ആണെന്ന് ഭരണഘടന പ്രസ്താവിക്കുന്നു. ആവശ്യമായ സാമൂഹ്യ മാറ്റത്തിനും ഓരോ പൗരനും രാഷ്ട്രവുമായുള്ള ബന്ധവും എപ്രകാരം ആയിരിക്കണമെന്ന് വ്യക്തമാക്കുന്ന വകുപ്പുകൾ ഭരണ ഘടനയിൽ ഉണ്ട്.

## പ്രവർത്തനം 15.1

ലൈബ്രറിയിൽ ലഭ്യമായിട്ടുള്ളതോ അല്ലെങ്കിൽ ഇന്റർനെറ്റിലോ ഇന്ത്യൻ ഭരണഘടനയുടെ കോപ്പി കാണുവാൻ ശ്രമിക്കുക. നിങ്ങളുടെ സമീപത്തുള്ള ഒരു നോൺ-ഗവൺമെന്റൽ ഓർഗനൈസേഷൻ (NGO) അല്ലെങ്കിൽ സ്പോർട്ട്സ് ക്ലബ്ബ് അല്ലെങ്കിൽ വിദ്യാർത്ഥി

സംഘടന അല്ലെങ്കിൽ അദ്ധ്യാപക സംഘടന അല്ലെങ്കിൽ ഏതെങ്കിലും സാമൂഹ്യ/ സാംസ്കാരിക സംഘടനയെ സമീപിക്കുക. ഏതെങ്കിലും വിഭാഗത്തോട് അവരുടെ ഭരണഘടനയുടെ കോപ്പി കാണിക്കുവാൻ ആവശ്യപ്പെടുക.

ഇന്ത്യൻ ഭരണഘടനയുമായി മേൽപറഞ്ഞതിൽ ഏതെങ്കിലും വിഭാഗത്തിന്റെ ഭരണഘടന താരതമ്യം ചെയ്യുക. രണ്ടും തമ്മിൽ കാണുന്ന പ്രകടമായ വ്യത്യാസങ്ങൾ ചുരുക്കി എഴുതുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 15.1

1. ഭരണഘടന എന്നതിന്റെ അർത്ഥം എന്ത്?

2. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

   (i) ഇന്ത്യൻ ഭരണഘടന ........................ ആകുന്നു.

   (ii) ഇന്ത്യൻ ഭരണഘടന തയ്യാറാക്കിയത് ............................

   (iii) ഇന്ത്യൻ ഭരണഘടന ഒരു സ്പന്ദിക്കുന്ന പ്രമാണമാണ്. എന്തുകൊണ്ടെന്നാൽ ഇത് ബബബബ ആവശ്യമായിരിക്കുന്നു.

   (iv) എല്ലാ വർഷവും 26 ജനുവരി .................... ആഘോഷിക്കുന്നു. എന്തുകൊണ്ടെന്നാൽ ഭരണഘടന നിലവിൽ വന്നത് ......................... ആണ്.

## 15.2 ഭരണഘടനാപരമായ മൂല്യങ്ങൾ

ഏതു രാജ്യത്തിന്റെയും ഭരണഘടന നിരവധി ലക്ഷ്യങ്ങൾ നിറവേറ്റുന്നു. നമ്മൾ പൗരന്മാർ എന്ന നിലയിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്ന രാജ്യം എപ്രകാരം ആയിരിക്കണമെന്നതിന്റെ അടിസ്ഥാനം ഭരണഘടനയിൽ പ്രസ്താവിക്കുന്നു. ഏതാനും വിശ്വാസങ്ങൾ പങ്കിടുകയും എന്നാൽ എല്ലാത്തിലും യോജിക്കാത്തതും ആയ വ്യത്യസ്ത ജനവിഭാഗങ്ങൾ അധിവസിക്കുന്നതാണ് ഒരു രാഷ്ട്രം. ഒരു പറ്റം തത്വങ്ങളിലും നിയമങ്ങളിലും നടപടിക്രമങ്ങളിലും യോജിക്കുവാൻ ഭരണഘടന സഹായിക്കുന്നു. രാഷ്ട്രം ഭരിക്കപ്പെടേണ്ടത് എങ്ങനെയെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നതും സമൂഹം എപ്രകാരം ചലിക്കണമെന്നും മേൽ പ്രസ്താവിച്ച തത്വങ്ങളും, നിയമങ്ങളും നടപടിക്രമങ്ങളും അനുശാസിക്കുന്നു.

ഗവൺമെന്റ് ഏതുതരത്തിലുള്ളതായിരിക്കണമെന്ന കാര്യത്തിലെ യോജിപ്പ് മാത്രമല്ല, രാഷ്ട്രം ഏത് ആശയങ്ങൾ ഉയർത്തിപ്പിടിക്കണമെന്നും ഇവ പ്രസ്താവിക്കുന്നു. ഇന്ത്യൻ ഭരണഘടനയ്ക്ക് സുനിശ്ചിതമായ കുറെ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന 'കാമ്പ്' ഉണ്ട്; അവ ഭരണഘടനയുടെ ആത്മാവ് ആണ്; വിവിധ വകുപ്പുകളിലും വിഭാഗങ്ങളിലുമായി അവ പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ മൂല്യം എന്ന പദത്തിന്റെ അർത്ഥമെന്താണ്? നിങ്ങൾക്ക് അറിയാമോ? സത്യം, അഹിംസ, സമാധാനം, സഹകരണം, സത്യസന്ധത, ബഹുമാനം, ദയ മുതലായവ മൂല്യങ്ങളാണ് എന്ന് നിങ്ങൾ ഉടൻതന്നെ മറുപടി പറയും. നിങ്ങൾ ഇതുപോലെയുള്ള നിരവധി മൂല്യങ്ങൾ എണ്ണിതുടങ്ങും. മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിനും അസ്തിത്വത്തിനുമായി ഉണ്ടായിരിക്കേണ്ടതും, പാലിക്കേണ്ടതും, വളരെ അത്യാവശ്യമായിരിക്കേണ്ടതുമാണ് മൂല്യം എന്ന് വാസ്തവത്തിൽ ഒരു സാധാരണ മനുഷ്യൻ മനസ്സിലാക്കും. സാർവ്വത്രികമായിരിക്കുന്നതും, മാനുഷികവും ആധുനിക ജനാധിപത്യ കാലഘട്ടത്തിന് ആവശ്യവുമായ എല്ലാ മൂല്യങ്ങളും ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെട്ടിട്ടുണ്ട്.

## പ്രവർത്തി 15.2

താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ പട്ടിക വായിക്കുക. ഇവയിൽ നിങ്ങളുടെ മൂല്യങ്ങൾ എന്ന് കരുതുന്ന ആറ് പദങ്ങൾ തെരഞ്ഞെടുക്കുക. ഇവ താഴെ കൊടുത്തിരിക്കുന്ന കോളങ്ങളിൽ എഴുതുക.

| | | | | | |
|---|---|---|---|---|---|
| സ്വാതന്ത്ര്യം | സ്നേഹം | ദ്രവ്യം | ആസക്തി | ക്രിയാത്മകം | അഭിലാഷം |
| പ്രേരണ, | സന്തോഷം, | വ്യഗ്രത | അറിവ്, | വിജയം | കീർത്തി |
| സാഹസം, | ഊർജ്ജസ്വലത | സമാധാനം, | സൗഹൃദം | നിദ്ര | സൗന്ദര്യം |

| | |
|---|---|
| 1. | 4. |
| 2. | 5. |
| 3. | 6 |

നൽകിയിരിക്കുന്ന ആറ് മൂല്യങ്ങളിൽ ഏറ്റവും ഉയർന്ന നിങ്ങളുടെ മൂല്യം തെരഞ്ഞെടുക്കുക. ഇത് നിങ്ങളുടെ ഏറ്റവും ഉയർന്ന മൂല്യമെന്ന് നിങ്ങൾ കരുതുന്നതിന്റെ 2 കാരണങ്ങൾ താഴെ കാണുന്ന ഭാഗത്ത് എഴുതുക.

ഏറ്റവും ഉയർന്ന മൂല്യമായി ഞാൻ കാണുന്നത് ..............................................................

കാരണങ്ങൾ:

1. ..............................................................................................................................

2. ..............................................................................................................................

ഏറ്റവും ഉയർന്ന മൂല്യമായി കരുതുന്ന മൂല്യം നിങ്ങളുടെ മനോഭാവത്തിലും, പെരുമാറ്റത്തിലും സ്വാധീനിക്കാറുണ്ടോ? ഉദാഹരണത്തിന്, അഹിംസ എന്ന മൂല്യത്തിൽ വിശ്വസിക്കുന്ന ഒരു വ്യക്തി എല്ലായ്പോഴും അഹിംസാവാദിയായിരിക്കുവാനും അവളുടേയോ/അവന്റേയോ പ്രവർത്തിയിൽ അഹിംസ പാലിക്കുകയും വേണം.

### 15.2.1 ഭരണഘടനാ മൂല്യങ്ങളും, ഭരണഘടനയുടെ ആമുഖവും

ഇന്ത്യൻ ഭരണഘടനയുടെ ഉള്ളടക്കത്തിന്റെ തുടക്കത്തിൽ അച്ചടിച്ചിട്ടുള്ള ആമുഖം നിങ്ങൾ വായിച്ചിട്ടുണ്ടോ? മേൽ പ്രസ്താവിച്ചിരിക്കുന്നതുപോലെ ഇന്ത്യൻ ഭരണഘടന ആദ്യവസാനം പ്രതിഫലിക്കുന്നത് ഭരണഘടനാമൂല്യ ങ്ങളാണ്. എന്നാൽ മുഖവുരയിൽ ഭരണഘടനയുടെ അടിസ്ഥാനമാക്കിയിരിക്കുന്ന തത്വങ്ങളും അടിസ്ഥാനമൂല്യങ്ങളും പ്രസ്താവിക്കുന്നു. ഏതൊരു ഭരണഘടനയുടെയും പ്രമാണതത്വങ്ങൾ സംക്ഷിപ്തമായ ഒരു മുഖവുരയായി കൊടുക്കുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ മുഖവുരയും അപ്രകാരം ചെയ്യുന്നു. മുഖവുരയിൽ കൊടുത്തിരിക്കുന്ന മൂല്യങ്ങൾ ഭരണഘടനയുടെ ലക്ഷ്യങ്ങളായി പ്രസ്താവിക്കുന്നു. അവ പരമാധികാരം, സോഷ്യലിസം, മതേതരത്വം, ജനാധിപത്യം, ഇന്ത്യൻ രാഷ്ട്രത്തിന്റെ റിപ്പബ്ലിക്കൻ സ്വഭാവം, നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മനുഷ്യന്റെ അന്തഃസത്ത, ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും. ഈ ഭരണഘടനാമൂല്യങ്ങൾ നമുക്ക് ചർച്ചചെയ്യാം.

1. **പരമാധികാരം:** ഭരണഘടനയുടെ ആമുഖത്തിൽ പറഞ്ഞിരിക്കുന്നത് നിങ്ങൾ വായിച്ചിട്ടുണ്ടാവും. ഭരണഘടന പ്രസ്താവിക്കുന്നത്, ഇന്ത്യ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതേതര, ജനാധിപത്യ റിപ്പബ്ലിക് എന്നാണ്. പരമാധികാരം എന്നാൽ പൂർണ്ണമായ രാഷ്ട്രീയ സ്വാതന്ത്ര്യവും പരമാധികാര ആധിപത്യവും എന്നതാണ് ഇതിന്റെ അർത്ഥം. ഇന്ത്യ ആഭ്യന്തരമായി ഏറ്റവും ശക്തിയുള്ളതും, ബാഹ്യമായി സ്വതന്ത്രവും ആണ് എന്നാണ്. ബാഹ്യമായി ഒരു ഇടപെടലും ഇല്ലാതെയും (ഒരു രാഷ്ട്രത്തിന്റെയോ, ഒരു വ്യക്തിയുടെയോ) ആഭ്യന്തരമായി ഇന്ത്യയുടെ അധികാരത്തെ ചോദ്യം ചെയ്യപ്പെടാതെ ഏതു കാര്യവും തീരുമാനിക്കുവാനുള്ള അധികാരത്തോടുകൂടിയും ഇന്ത്യ സ്വതന്ത്രമാണ്. അന്താരാഷ്ട്ര ജനവിഭാഗങ്ങളിൽ ഇന്ത്യ ഒരു സ്വതന്ത്ര രാഷ്ട്രമായി നിലകൊള്ളുവാൻ ഇന്ത്യയുടെ പരമാധികാര സവിശേഷത നമുക്ക് അന്തസ്സും, അർഹതയും നൽകുന്നു. ഇന്ത്യയുടെ പരമാധികാര ആധിപത്യം എവിടെ സ്ഥിതി ചെയ്യുന്നുവെന്ന് ഭരണഘടന പ്രത്യേകമായി നിർദ്ദേശിക്കുന്നില്ല. എന്നാൽ ആമുഖത്തിലെ ഇന്ത്യാക്കാരായ നമ്മൾ എന്ന പ്രയോഗം വ്യക്തമായി സൂചിപ്പിക്കുന്നത് പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണെന്നാണ്. ഭരണഘടനാപരമായ എല്ലാ അധികാരികളുടെയും ഗവൺമെന്റ് വിഭാഗങ്ങളുടെയും അധികാരം ജനങ്ങളിൽ നിന്നാണ്.

2. **സോഷ്യലിസം:** ഇന്ത്യയുടെ പരമ്പരാഗതമായ സമൂഹത്തിൽതന്നെ സാമൂഹികവും സാമ്പത്തികവുമായ അസമത്വം അന്തർലീനമായിരുന്നു എന്ന് നിങ്ങൾക്ക് അറിയാമല്ലോ? ഈ കാരണത്താലാണ് എല്ലാ രൂപത്തിലുമുള്ള അസമത്വങ്ങൾ ഇല്ലാതാക്കാനും, സാമൂഹ്യമാറ്റം പ്രോത്സാഹിപ്പിക്കുവാനായിട്ടും സോഷ്യലിസം ഒരു ഭരണഘടനാമൂല്യമായി ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. എല്ലാ മണ്ഡലങ്ങളിലും സാമൂഹ്യപുരോഗതി ഉണ്ടാകുവാനായിട്ടും ആസൂത്രിതവും ക്രോഡീകരിക്കപ്പെട്ടതുമായ ഒരു സാമൂഹ്യ പുരോഗതി ഉണ്ടാകുവാനും ഗവൺമെന്റിനെയും ആളുകളെയും ഭരണഘടനാമൂല്യങ്ങൾ പ്രേരിപ്പിക്കുന്നു. ഏതാനും ആളുകളുടെ കരങ്ങളിൽ മാത്രം അധികാരവും സ്വത്തും കേന്ദ്രീകരിക്കുന്ന സമ്പ്രദായം ഒഴിവാക്കുവാൻ ഭരണഘടന നിർദ്ദേശിക്കുന്നു. മൗലിക അവകാശങ്ങളെയും നിർദ്ദേശകതത്വങ്ങളെയും സംബന്ധിച്ച് ഭരണഘടനയിൽ പറയുന്ന അദ്ധ്യായങ്ങളിൽ അസമത്വത്തിനെ തിരായുള്ള പ്രത്യേക വകുപ്പുകൾ ഉണ്ട്.

### ? നിങ്ങൾക്കറിയാമോ

സംസ്ഥാനങ്ങളോടുള്ള നിർദ്ദേശകതത്വങ്ങളിൽ സോഷ്യലിസം പ്രോത്സാഹിപ്പിക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകൾ ഉണ്ട്. 'വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഇടയിലെ വ്യത്യസ്ത പ്രദേശങ്ങളിൽ വസിക്കുന്ന ആളുകളുടെ ഇടയിലെ, വരുമാനത്തിലുള്ള അസമത്വം തുലോം കുറയ്ക്കുന്നതിനായി രാഷ്ട്രം കഠിനമായി യത്നിക്കുന്നതുപോലെ പദവിയും, സാഹചര്യങ്ങളിലും, അവസരങ്ങളിലും അസമത്വം ഇല്ലാതാക്കുവാൻ ശ്രമിക്കും." [വകുപ്പ് 38(2)]

"പ്രത്യേകമായും രാഷ്ട്രം, അതിന്റെ നയങ്ങളിൽ യാഥാർത്ഥ്യമാക്കുന്നതിനായി പരിശ്രമിക്കുന്നത് (a) ജീവിതവൃത്തിക്ക് മതിയായ മാർഗ്ഗങ്ങൾ ലഭിക്കുന്നതിന് പൗരന്മാർക്ക് - പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യ അവകാശം ഉണ്ടായിരിക്കും; (b) സമൂഹത്തിന്റെ ഭൗതിക സ്വത്തിന്റെ ഉടമസ്ഥതാവകാശവും, നിയന്ത്രണവും, വിഭജനവും നടത്തുന്നത് പൊതുക്ഷേമത്തിന് ഉപകരിക്കുന്ന വിധത്തിലായിരിക്കും; (c) സാധാരണക്കാരന് നിഷേധിക്കുന്ന തരത്തിൽ സ്വത്തുക്കളുടെ ഉപയോഗക്രമം ഉണ്ടാകാതെയും, സ്വത്തുക്കൾ കേന്ദ്രീകരിക്കുന്നതിലേക്ക് നയിക്കാത്തതുമായിരിക്കണം; (d) ജോലിക്ക് തുല്യ വേതനം സ്ത്രീ-പുരുഷന്മാർക്ക് നൽകുന്നതായിരിക്കും. (വകുപ്പ് 39)

കുറിപ്പുകൾ

3. **മതേതരത്വം:** എല്ലാ മുഖ്യ മതവിശ്വാസങ്ങളുടെയും ഒരു ഭവനമാണ് ഇന്ത്യ എന്ന് ആരെങ്കിലും പറഞ്ഞാൽ നമ്മൾ എല്ലാവരും സന്തോഷിക്കും. മതവിശ്വാസങ്ങളുടെ ബഹുത്വത്തിൽ (ഒന്നിലധികമോ അല്ലെങ്കിൽ അനേകം എന്ന് അർത്ഥമാക്കുന്നു). മതേതരത്വത്തിന് വലിയ ഭരണഘടനാമൂല്യം ഉണ്ട്. നമ്മുടെ രാജ്യം ഏതെങ്കിലും ഒരു മതത്തിന്റെയോ മതപരമായ പരിഗണനയുടെയോ നിർദ്ദേശമനുസരിച്ചല്ല പ്രവർത്തിക്കുന്നത് എന്ന് മതേതരത്വം അർത്ഥമാക്കുന്നു. എന്നാൽ, ഇന്ത്യാ രാജ്യം ഏതെങ്കിലും മതത്തിന് എതിരല്ല. രാജ്യത്തിലെ പൗരന്മാർക്ക് ഏതു മതത്തിലും വിശ്വസിക്കുന്നതിനും, തുടരുന്നതിനും, ഏറ്റുപറയുന്നതിനും, പ്രബോധനം നടത്തുന്നതിനും അനുവാദം ഉണ്ട്. അതേസമയം, രാഷ്ട്രത്തിന് അതിന്റേതായ ഒരു മതവും ഇല്ലെന്നും ഉറപ്പ് നൽകുന്നു. മതവിശ്വാസത്തിന്റെ പേരിൽ ഏതു വിവേചനവും ഭരണഘടന നിരോധിച്ചിട്ടുണ്ട്.

4. **ജനാധിപത്യം:** ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ജനാധിപത്യം ഒരു മൂല്യമാണെന്ന് പ്രതിഫലിക്കുന്നു. ഒരു ഗവൺമെന്റ് സമ്പ്രദായം എന്ന നിലയിൽ അധികാരം ജനങ്ങളിൽ നിക്ഷിപ്തവും അവരുടെ ഹിതപ്രകാരവും ആണ്. രാജ്യത്തിലെ ഭരണാധിപന്മാരെ ജനങ്ങൾ തെരഞ്ഞെടുക്കുന്നു. ആളുകൾ തെരഞ്ഞെടുത്ത പ്രതിനിധികൾ അവരോട് വിധേയരായി വർത്തിക്കുന്നു. 'ഒരാൾക്ക് ഒരു സമ്മതിദാനാവകാശം' എന്ന് പരക്കെ അറിയപ്പെടുന്ന 'സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശ' പ്രകാരം, വ്യത്യസ്ത തലങ്ങളിലേക്ക് പ്രതിനിധികളെ ജനങ്ങൾ തെരഞ്ഞെടുക്കുന്നു. സുസ്ഥിരതയ്ക്കും, സമൂഹ ത്തിന്റെ അഭംഗുരമായ പുരോഗതിക്കും ശാന്തമായ രാഷ്ട്രീയമാറ്റത്തിനും ജനാധിപത്യം സഹായകരമാണ്. ഭിന്നാഭിപ്രായങ്ങളെ അംഗീകരിച്ച് സഹിഷ്ണുത പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ഇതിന് ഉപരിയായി പ്രധാനമായും നിയമവാഴ്ച, പൗരന്മാരുടെ ജന്മസിദ്ധമായ അവകാശങ്ങളുടെ അംഗീകാരം, സ്വതന്ത്രമായ നീതിന്യായ വിഭാഗം, സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ്, പത്രസ്വാതന്ത്ര്യം ഇവയെല്ലാം ജനാധിപത്യത്തിന്റെ പ്രത്യേക സവിശേഷതകളാണ്.

5. **റിപ്പബ്ലിക്:** ഇന്ത്യ ഒരു ജനാധിപത്യരാജ്യം മാത്രമല്ല ഒരു റിപ്പബ്ലിക് കൂടിയാണ്. ഒരു റിപ്പബ്ലിക്കിന്റെ ഏറ്റവും പ്രധാനപ്പെട്ട അടയാളം രാഷ്ട്രത്തലവന്റെ ഓഫീസ് ആണ്. അതായത്, പിൻതുടർച്ചാവകാശത്തിലൂടെ ഏകാധിപതിയായ പ്രസിഡന്റല്ല, മറിച്ച്, തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രസിഡന്റ് ആണ്. ഈ മൂല്യം, ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു. ജനാധിപത്യം എന്തെന്ന് വ്യക്തമാക്കുന്നു. ഓരോ പൗരനും രാഷ്ട്രത്തലവനായി തെരഞ്ഞെക്കുവാൻ യോഗ്യരാണ്. ഈ വകുപ്പിന്റെ പ്രധാന സന്ദേശം രാഷ്ട്രീയ സമത്വമാണ്.

6. **നീതി:** ഒരു ജനാധിപത്യ സമ്പ്രദായത്തിൽ ജീവിക്കുന്നതുകൊണ്ടു മാത്രം ഒരു പൗരന് എല്ലാതരത്തിലുമുള്ള നീതി ഉറപ്പാകില്ല എന്നത് നിങ്ങൾ ചിന്തിച്ചേക്കും! സാമൂഹ്യനീതിയും, സാമ്പത്തികനീതിയും മാത്രമല്ല രാഷ്ട്രീയ നീതിയും നിഷേധിച്ചിട്ടുള്ള നിരവധി സംഭവങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായി നമുക്ക് കാണാം. ഈ കാരണത്താലാണ് ഭരണഘടന തയ്യാറാക്കിയവർ സാമൂഹ്യനീതി, സാമ്പത്തികനീതി, രാഷ്ട്രീയനീതി തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾ ഉൾപ്പെടുത്തിയത്. ഭരണഘടന തയ്യാറാക്കിയവർ ഇപ്രകാരം ചെയ്തതിലൂടെ - സാമൂഹ്യ-സാമ്പത്തിക നീതിയിൽ അധിഷ്ഠിതമായ ഒരു പുതിയ സാമൂഹ്യ വ്യവസ്ഥിതി ഉണ്ടാക്കുന്നതിന് ഇന്ത്യൻ പൗരന്മാർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം ലഭ്യമാക്കണമെന്ന് ഉറപ്പിച്ച് പ്രസ്താവിക്കുകയായിരുന്നു. ഓരോ പൗരനും നീതി ലഭ്യമാകണം. ഇന്ത്യൻ ഭരണഘടനയുടെ മൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട മൂല്യമായി നീതിയിലും സമത്വത്തിലും അധിഷ്ഠിതമായ ഒരു സമൂഹം എന്ന ലക്ഷ്യം എപ്പോഴും ഉണ്ട്.

7. **സ്വാതന്ത്ര്യം:** ഭരണഘടനയുടെ കാതലായ മൂല്യങ്ങളിൽ സ്വതന്ത്രമായ ചിന്ത, അഭിപ്രായപ്രകടനം, മതവിശ്വാസം, ഭക്തി, ആരാധന എന്നിവ ആമുഖത്തിൽ തന്നെ പ്രസ്താവിക്കുന്നു. സമൂഹത്തിലെ എല്ലാ വിഭാഗത്തിലെയും ഓരോ അംഗത്തിനും ഇവ ലഭ്യമാക്കുമെന്ന ഉറപ്പ് ഉണ്ട്. സംസ്കാരസമ്പന്നരായ വ്യക്തികളുടെ നിലനിൽപിന് മുകളിൽ പ്രസ്താവിച്ചിരിക്കുന്നതിനോടൊപ്പം അത്യാവശ്യമായ അവകാശങ്ങൾ കൂടി അനിവാര്യമാണ്. അങ്ങനെയുള്ള വ്യക്തികളുടെ അഭാവത്തിൽ ജനാധിപത്യത്തിന്റെ ആശയങ്ങൾ നിലനിൽക്കില്ല. അതുകൊണ്ടാണ് മേൽപറഞ്ഞവ ഓരോ വ്യക്തിക്കും ലഭ്യമാക്കുമെന്ന ഉറപ്പ് ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ഉണ്ടായത്.

8. **സമത്വം:** മറ്റെല്ലാ മൂല്യങ്ങളെപ്പോലെ ജനാധിപത്യവും ഒരു പ്രധാനപ്പെട്ട ഭരണഘടനാമൂല്യമാണ്. ഒരു വ്യക്തിയുടെ കഴിവിന്റെ പരമാവധി വളർച്ചയ്ക്ക് ആവശ്യമായ സമത്വവും തുല്യ അവസരവും ഭരണഘടന ഉറപ്പുനൽകുന്നു. നമ്മുടെ സമൂഹത്തിൽ ഏതു രൂപത്തിലുള്ള അസമത്വവും നിരോധിച്ചിട്ടുണ്ട്. ഒരു മനുഷ്യൻ എന്ന നിലയിൽ ഓരോ വ്യക്തിക്കും അന്തസ്സാർന്ന വ്യക്തിത്വമുണ്ട്. ഇതിന്റെ പൂർണ്ണമായ അനുഭവത്തിന് നമ്മുടെ സമൂഹത്തിൽ ഏതു രൂപത്തിലുള്ള അസമത്വവും നിരോധിച്ചിട്ടുണ്ട്. സമത്വം ഒരു പ്രധാനപ്പെട്ട മൂല്യമായി ഭരണഘടനയുടെ ആമുഖത്തിൽ പ്രതിഫലിക്കുന്നു.

9. **സാഹോദര്യം:** ഇന്ത്യയിലെ ജനങ്ങളിൽ പരസ്പര സാഹോദര്യം വർദ്ധിതമായി ഉണ്ടാകുവാനായിട്ട് ആമുഖത്തിൽതന്നെ ഇന്ത്യൻ ഭരണഘടന പ്രതിജ്ഞാ ബദ്ധമാണെന്ന് പ്രഖ്യാപിക്കുന്നു. ബഹുഭാവസിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്ന ഒരു ജനത നിവസിക്കുന്ന രാജ്യമാണ് ഇന്ത്യ. സാഹോദര്യ മനോഭാവമില്ലെങ്കിൽ ഇന്ത്യ വിഭാഗിച്ചു പോകും. അതുകൊണ്ട് മൂല്യങ്ങളായ നീതി, സ്വാതന്ത്ര്യം, സമത്വം എന്നിവയ്ക്ക് കൂടുതൽ അർത്ഥവ്യാപ്തി നൻകുവാനായി, ഭരണഘടനയുടെ ആമുഖം സാഹോദര്യത്തിന് കൂടുതൽ ഊന്നൽ നൽകുന്നു. വിവിധ സാമുദായിക വിഭാഗങ്ങളിൽ നിലനിന്നിരുന്ന തൊട്ടുകൂടായ്മയും തീണ്ടലും നിർത്തലാക്കിയതുകൊണ്ട് വാസ്തവത്തിൽ കൂടുതൽ സാഹോദര്യം ജനങ്ങളിൽ ഉണ്ടാകുവാനിടയായി. ഇന്ത്യയുടെ അഖണ്ഡതയ്ക്ക് വിഘാതമായി നിൽക്കുന്ന സാമുദായിക വിഭാഗീയത അല്ലെങ്കിൽ പ്രാദേശികമായ വിവേചനം ഇല്ലാതായാൽ സാഹോദര്യം യാഥാർത്ഥ്യമാകും.

10. **വ്യക്തിയുടെ മാഹാത്മ്യം:** സാഹോദര്യം പരിപോഷിപ്പിക്കുന്നത് വ്യക്തിയുടെ മാഹാത്മ്യം യാഥാർത്ഥ്യമാകുന്നതിന് ഒഴിച്ചുകൂടുവാൻ വയ്യാത്തതാണ്. ഓരോ വ്യക്തിയുടെയും മേന്മ ഉറപ്പാക്കാതെ ജനാധിപത്യം ശരിയായി പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. ജനാധിപത്യ ഭരണ നിർവ്വഹണത്തിൽ ഓരോ വ്യക്തിയുടെയും തുല്യ പങ്കാളിത്തം ഇത് ഉറപ്പാക്കുന്നു.

11. **രാഷ്ട്രത്തിന്റെ ഏകത്വവും അഖണ്ഡതയും:** മേൽ പ്രസ്താവിച്ചതുപോലെ സാഹോദര്യം ക്രിയാത്മകമൂല്യങ്ങളിൽ ഒന്നായ രാഷ്ട്രത്തിന്റെ ഏകത്വവും അഖണ്ഡതയും പോഷിപ്പിക്കുന്നു. രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യം സുരക്ഷിതമായി കാത്തു സംരക്ഷിക്കുന്നതിന് രാഷ്ട്രത്തിന്റെ ഏകതയും അഖണ്ഡതയും വളരെ അത്യാവശ്യമായ ഘടകങ്ങൾ ആണ്. അതുകൊണ്ട്, ഇന്ത്യയിൽ നിവസിക്കുന്ന എല്ലാ ആളുകളിലും പരസ്പര സാഹോദര്യം വളർത്തുന്നതിന് ഊന്നൽ നൽകുന്നു. ഇന്ത്യയുടെ ഏകതയും അഖണ്ഡതയും സംരക്ഷിക്കുന്നതിനും ഉയർത്തിപ്പിടിക്കുന്നതിനും ഓരോ വ്യക്തിക്കും കടമയുണ്ട്. ഭരണഘടനയും ഇത് പ്രതീക്ഷിക്കുന്നു.

12. **അന്താരാഷ്ട്ര സമാധാനവും, നീതിയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയും:** ഭരണഘടനയുടെ ആമുഖത്തിൽ അന്താരാഷ്ട്ര സമാധാനവും, നീതിയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയും മൂല്യങ്ങളായി ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ തന്നെയും ഭരണഘടനയിൽ ഇതര വകുപ്പുകളിൽ ഇത് പ്രതിഫലിക്കുന്നു. രാഷ്ട്രം നിർവ്വ

ഹിക്കേണ്ട ചുമതലകൾ ഇന്ത്യൻ ഭരണഘടനയിൽ നിർദ്ദേശിക്കുന്നത് (a) അന്തർദ്ദേശീയ സമാധാനവും സുരക്ഷിതത്വവും പരിപോഷിപ്പിക്കുക (b) രാഷ്ട്രങ്ങൾ തമ്മിൽ നീതിയിലും പരസ്പര ബഹുമാനത്തിലും അധിഷ്ഠിതമായ ഒരു ബന്ധം നിലനിർത്തുക (c) അന്തർദ്ദേശീയ നിയമങ്ങളും കരാർബന്ധങ്ങളും/ കടപ്പാടുകളും പാലിക്കുന്നത് പ്രോത്സാഹിപ്പിക്കുക. (e) അന്തർദ്ദേശീയ തർക്കങ്ങൾ മദ്ധ്യസ്ഥത തീരുമാനത്തിനു സമർപ്പിക്കുവാൻ പ്രേരിപ്പിക്കുക, ഇന്ത്യാ രാജ്യത്തിനുവേണ്ടി ഈ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും പാലിക്കുകയും ചെയ്യുക. സമാധാനപരവും, നീതിയിൽ അധിഷ്ഠിതവുമായ ഒരു അന്തർദ്ദേശീയ സ്ഥിതിവിശേഷം ഇന്ത്യയെ പുരോഗതിയിലേക്ക് നയിക്കും.

13. **മൗലിക കടമകൾ:** പൗരന്മാർ ഏതാനും കടമകൾ നിർവ്വഹിക്കണമെന്ന് നമ്മുടെ ഭരണഘടന നിർദ്ദേശിക്കുന്നു. മൗലിക അവകാശങ്ങൾ പോലെ ഇവ കോടതി വിചാരണയ്ക്ക് വിധേയമല്ലായെങ്കിലും പൗരന്മാർ ഈ ചുമതല അഥവാ കടമകൾ നിർവ്വഹിക്കേണ്ടതുണ്ട്. ഏതാനും അടിസ്ഥാനമൂല്യങ്ങളായ ദേശസ്നേഹം, ദേശീയത, മനുഷ്യവാദം, പരിഃസ്ഥിതി സൗഹാർദ്ദപരമായ ജീവിതം, സ്ത്രീ പുരുഷ സമത്വം, ശാസ്ത്രീയ സമീപനം, അന്വേഷണ തൃഷ്ണ, വ്യക്തികളുടെയും സമൂഹത്തിന്റെയും വിശിഷ്ടഗുണം എന്നിവകൾക്ക് മുഖ്യസ്ഥാനം കൊടുക്കുന്നതിനാൽ മൗലിക കടമകൾ ഭരണഘടനയുടെ പ്രധാനപ്പെട്ട പ്രമാണങ്ങളാണ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 15.2

1. മൂല്യം എന്നാൽ എന്ത് എന്ന് നിങ്ങൾ അർത്ഥമാക്കുന്നു?

2. ഭരണഘടനയുടെ ആമുഖത്തിൽ പ്രസ്താവിച്ചിരിക്കുന്ന രണ്ട് പ്രധാനപ്പെട്ട മൂല്യങ്ങൾ എഴുതുക. ഈ രണ്ട് മൂല്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണെന്ന് നിങ്ങൾ കരുതുന്നത് എന്തുകൊണ്ട്?

3. 'എ' കോളത്തിൽ കൊടുത്തിരിക്കുന്ന മൂല്യങ്ങളും ലക്ഷ്യങ്ങളും 'ബി' കോളത്തിൽ കൊടുത്തിരിക്കുന്ന ശരിയായ പ്രസ്താവനകളും തമ്മിൽ യോജിപ്പിക്കുക.

| **എ**<br>**ഭരണഘടനാമൂല്യം / ലക്ഷ്യങ്ങൾ** | **ബി**<br>**പ്രസ്താവനകൾ** |
|---|---|
| (i) പരമാധികാരം | a. എല്ലാതരത്തിലുള്ള അസമത്വങ്ങളും ഇല്ലാതാക്കുവാൻ സാമൂഹ്യമാറ്റം ത്വരിതപ്പെടുത്തുക |
| (ii) സോഷ്യലിസം | b. ജനങ്ങൾക്കു വേണ്ടിയുള്ള ജനങ്ങളാൽ ഭരിക്കുന്ന ജനങ്ങളുടെ ഗവൺമെന്റ് |
| (iii) മതേതരത്വം | c. യാതൊരു വിവേചനവും ഇല്ലാതെ തുല്യമായ പരിഗണന |
| (iv) ജനാധിപത്യം | d. രാഷ്ട്രത്തലവൻ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി ആയിരിക്കും |
| (v) സമത്വം | e. ഏതു മതത്തിൽ വിശ്വസിക്കുന്നതിനും പഠിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും |



എ
ഭരണഘടനാമൂല്യം /
ലക്ഷ്യങ്ങൾ

കുറിപ്പുകൾ

| | | | |
|---|---|---|---|
| (vi) | സ്വാതന്ത്ര്യം | f. | അന്തർദ്ദേശീയ സമാധാനവും സുരക്ഷിതത്വവും രാഷ്ട്രങ്ങൾ തമ്മിൽ സൗഹാർദ്ദപരമായ ബന്ധവും |
| (vii) | സാഹോദര്യം | g. | പൂർണ്ണമായും രാഷ്ട്രീയ സ്വാതന്ത്ര്യവും പരമാധികാര ആധിപത്യവും |
| (viii) | അന്തർദ്ദേശീയ സമാധാനവും നീതിപൂർവ്വകമായ ക്രമസമാധാനവും | h. | സ്വതന്ത്രമായ ചിന്ത, അഭിപ്രായ പ്രകടനം, വിശ്വാസം |
| (ix) | റിപ്പബ്ലിക് | i. | പൊതുസാഹോദര്യ ചിന്താഗതി |

## പ്രവർത്തനം 15.3

ഭരണഘടനാമൂല്യങ്ങൾ യാഥാർത്ഥ്യമായി എന്നും ലക്ഷ്യങ്ങൾ സാദ്ധ്യമായി എന്നും ചിന്തിക്കുന്ന അഞ്ച് വ്യക്തികളുടെ അഭിപ്രായങ്ങൾ ശേഖരിക്കുക. അതിൽ മൂന്ന് വ്യക്തികൾ നിങ്ങളുടെ സഹപാഠികളോ, അല്ലെങ്കിൽ അദ്ധ്യാപകരോ അല്ലെങ്കിൽ നിങ്ങളുടെ കുടുംബാംഗങ്ങളോ, അല്ലെങ്കിൽ നിങ്ങളുടെ പരിസരത്തുള്ള സാമൂഹ്യപ്രവർത്തകരോ അല്ലെങ്കിൽ മറ്റുള്ളവരോ ആകാം. ഭരണഘടനാമൂല്യങ്ങളും ലക്ഷ്യങ്ങളും താഴെ കാണുന്ന പട്ടികയിലെ ഒരു കോളത്തിൽ എഴുതിയിട്ടുണ്ട്. യാഥാർത്ഥ്യമായ ഓരോ മൂല്യത്തിനും / ലക്ഷ്യത്തിനും മറുവശത്തെ കോളത്തിൽ 10 മാർക്കിൽ മൂല്യനിർണ്ണയം ചെയ്യുക.

| ഭരണഘടനാപരമായ മൂല്യങ്ങളും ലക്ഷ്യങ്ങളും | യാഥാർത്ഥ്യമായവ (പരമാവധി മൂല്യം 10) | | | | |
|---|---|---|---|---|---|
| | വ്യക്തി 1 | വ്യക്തി 2 | വ്യക്തി 3 | വ്യക്തി 4 | വ്യക്തി 5 |
| സാമൂഹികവും സാമ്പത്തികവുമായ നീതി | | | | | |
| സാമൂഹ്യ ചിന്തയ്ക്കും അഭിപ്രായ പ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം | | | | | |
| പദവിയിലും അവസരങ്ങളിലും സമത്വം | | | | | |
| രാഷ്ട്രത്തിന്റെ ഏകതയും അഖണ്ഡതയും | | | | | |
| തൊട്ടുകൂടായ്മ ഇല്ലായ്മ ചെയ്തത് | | | | | |
| അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും | | | | | |
| സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം | | | | | |
| പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തം | | | | | |
| സത്യസന്ധമായ നീതിന്യായ കോടതികൾ | | | | | |

പ്രതികരണങ്ങളുടെ പശ്ചാത്തലത്തിൽ ഏത് മൂല്യം / ലക്ഷ്യം ആണ് കൂടുതൽ ആളുകൾക്ക് യാഥാർത്ഥ്യമായതെന്നും ഏതാണ് കുറവ് ആളുകൾക്ക് യാഥാർത്ഥ്യമായതെന്നും കണ്ടുപിടിക്കുക. കാരണങ്ങളും കണ്ടുപിടിക്കുക.

### 15.2.2 മൂല്യങ്ങളും ഭരണഘടനയുടെ സവിശേഷതകളും

ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് ഭരണഘടനയുടെ ആമുഖത്തിൽ കൊടുത്തിരിക്കുന്ന മൂല്യങ്ങൾ പ്രധാനപ്പെട്ടതാണെന്ന് മുകളിൽ കൊടുത്തിരിക്കുന്ന ഘടകങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ ഭരണഘടനാ മൂല്യങ്ങളാണ് എന്ന് താഴെ പറയുന്ന സവിശേഷതകൾ കൂടി ചർച്ച ചെയ്യുമ്പോൾ നിങ്ങൾക്ക് ബോദ്ധ്യമാകും. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ താഴെ കൊടുത്തിരിക്കുന്നു.

1. **ലിഖിത ഭരണഘടന:** മുൻപ് പ്രസ്താവിച്ചതുപോലെ ഇന്ത്യൻ ഭരണഘടന ഏറ്റവും ദൈർഘ്യമേറിയതാണ്. ഭരണഘടനയിൽ ആമുഖവും, 395 വകുപ്പുകളും, 22 ഭാഗങ്ങളും, 12 വിവരണപ്പട്ടികകളും, 5 അനുബന്ധങ്ങളും ഉണ്ട്. ഇത്, ഗവൺമെന്റ് വകുപ്പുകളുടെ പ്രവർത്തനവും, ഘടനയും, രാഷ്ട്രീയപാർട്ടികളുടെ സ്വഭാവവും നിർവ്വചിക്കുന്ന അടിസ്ഥാന നിയമങ്ങളുടെ ഒരു പ്രമാണം ആണ്. ഇന്ത്യ ഒരു ജനാധിപത്യ രാഷ്ട്രമെന്ന ലക്ഷ്യം ഭരണഘടനയിൽ പ്രതിഫലിക്കുന്നു. പൗരന്മാരുടെ മൗലിക അവകാശങ്ങളും മൗലിക ചുമതലകളും ഏതൊക്കെയെന്ന് പ്രത്യേകം പ്രസ്താവിക്കുന്നു. ഇപ്രകാരം പ്രസ്താവിക്കുന്നതിലൂടെ കാതലായ ഭരണഘടനാമൂല്യങ്ങളും പ്രതിപാദിക്കുന്നു.

2. **ദൃഢതയുടെയും വഴങ്ങലിന്റെയും അദ്വിതീയമായ സംയോജനം:** ഒരു ലിഖിത പ്രമാണത്തിൽ മാറ്റങ്ങൾ വരുത്തുക എന്നത് നിസ്സാര കാര്യമല്ല എന്ന് നമ്മുടെ ദൈനംദിനജീവിതത്തിൽ മനസ്സിലാകും. ഭരണഘടനയെ സംബന്ധിച്ചാണെങ്കിൽ ലിഖിത ഭരണഘടന പൊതുവെ അയവില്ലാത്തതാണ്. തുടരെത്തുടരെ അതിൽ മാറ്റങ്ങൾ വരുത്തുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ഭരണഘടനാ ഭേദഗതി നടപടികൾക്കായി പ്രത്യേക വകുപ്പുകൾ ഭരണഘടനയിലുണ്ട്. സാധാരണ നിയമനിർമ്മാണ നടപടി കളിലൂടെ ബ്രിട്ടനിലെ പോലെയുള്ള അലിഖിത ഭരണഘടനയുടെ ഭേദഗതി സാദ്ധ്യമാണ്. ബ്രിട്ടീഷ് ഭരണഘടന ദൃഢമല്ല; മറിച്ച് അത് വഴങ്ങുന്നതാണ്. ലിഖിത ഭരണഘടനയുള്ള അമേരിക്കയിലും ഭരണഘടന ഭേദഗതി ഒട്ടും ലളിതമല്ല. ഇന്ത്യൻ ഭരണഘടനയാകട്ടെ ബ്രിട്ടീഷ് ഭരണഘടന പോലെ വഴങ്ങുന്നതുമല്ല, അമേരിക്കൻ ഭരണഘടന പോലെ ദൃഢത ഉള്ളതുമല്ല. ഇന്ത്യൻ ഭരണഘടനയിൽ ദൃഢതയുടെയും വഴങ്ങലിന്റെയും അദ്വിതീയമായ സംയോജനം ഉണ്ട്. തുടർച്ചയുടെയും മാറ്റത്തിന്റെയും മൂല്യം അതിൽ പ്രതിഫലിക്കുന്നു. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിന് മൂന്ന് മാർഗ്ഗങ്ങൾ ഉണ്ട്. (i) പാർലമെന്റിന്റെ കേവല ഭൂരിപക്ഷം കൊണ്ട് ഭേദഗതി ചെയ്യാനുള്ള വകുപ്പുകൾ; (ii) പ്രത്യേക ഭൂരിപക്ഷം കൊണ്ട് ഭേദഗതി ചെയ്യാവുന്ന ഏതാനും വകുപ്പുകൾ; മറ്റുചിലത് (iii) പാർലമെന്റിലെ പ്രത്യേക ഭൂരിപക്ഷവും സംസ്ഥാനങ്ങളുടെ അംഗീകാരവും കൊണ്ട് ഭേദഗതി ചെയ്യാവുന്നത് – ഇപ്രകാരമാണ്.

3. **മൗലിക അവകാശങ്ങളും ചുമതലകളും:** മൗലിക അവകാശങ്ങൾ എന്ന പദം നിങ്ങൾക്ക് വളരെ സുപരിചിതമായിരിക്കും. ദിനപ്പത്രങ്ങളിൽ വായിച്ചിട്ടുണ്ടാവും അല്ലെങ്കിൽ ടെലിവിഷനിലൂടെ നിങ്ങൾ കേട്ടിട്ടുണ്ടാവും. ഭരണഘടനയിലെ പ്രത്യേക വകുപ്പുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇവയെ ഭരണഘടനയുടെ 'ആത്മാവ്' എന്ന് പരാമർശിക്കാം. രാഷ്ട്രത്തിന്റെ സ്വേച്ഛാപരമായതും, അനിയന്ത്രിതവുമായ അധികാര വിനിയോഗത്തിൽ നിന്ന് പൗരന്മാരുടെ മൗലിക അവകാശങ്ങൾക്ക് സംരക്ഷണം നൽകുന്നു. രാഷ്ട്രത്തിന്റെയും മറ്റു വ്യക്തികളുടെയും സ്വേച്ഛാപരമായ അധികാര നടപടികളിൽ നിന്ന് പൗരന്മാർക്ക് പൂർണ്ണ സംരക്ഷണം ഉറപ്പാക്കുന്നു. ഭൂരിപക്ഷ വിഭാഗങ്ങൾക്കെതിരെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഭരണഘടന ഉറപ്പാക്കുന്നു. ഈ അവകാശങ്ങൾക്ക് പുറമേ മൗലിക കടമകളും ഭരണഘടനയുടെ വകുപ്പുകളിൽ ഉണ്ട്. ഇത് പക്ഷേ മൗലിക അവകാശങ്ങൾ പോലെ കോടതി വിചാരണയ്ക്ക് വിധേ

കുറിപ്പുകൾ

യമല്ല. ഈ ചുമതലകൾ ഭരണഘടനയുടെ ഏതാനും അടിസ്ഥാനമൂല്യങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

4. **നിർദ്ദേശക തത്വങ്ങൾ:** മൗലിക അവകാശങ്ങൾക്ക് പുറമേ, ഭരണഘടനയിൽ ഏതാനും നിർദ്ദേശക തത്വങ്ങളും ഉണ്ട്. ഇത് ഭരണഘടനയുടെ അതുല്യമായ സവിശേഷതയാണ്. കൂടുതൽ സാമൂഹ്യ-സാമ്പത്തിക പരിഷ്കാരങ്ങളും ജനങ്ങളുടെ ഇടയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഉതകുന്ന നിയമങ്ങളും നയങ്ങളും ഉണ്ടാകുന്നതിനും സാമൂഹ്യ വേർതിരിക്കൽ ഇല്ലാതാക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. വാസ്തവത്തിൽ ഈ വകുപ്പുകൾ എല്ലാംതന്നെ ഇന്ത്യ ഒരു ക്ഷേമരാഷ്ട്രമാകണമെന്നതിലേക്ക് നയിക്കുന്നതാണ്.

5. **പടിപടിയായുള്ള നീതിന്യായ സമ്പ്രദായം:** ഫെഡറൽരാജ്യമായ അമേരിക്കയിലെ നീതിന്യായ കോടതികൾ പോലെ യല്ല മറിച്ച് ഇന്ത്യൻ ഭരണഘടന ഒരു സമഗ്രമായ നീതിന്യായ സമ്പ്രദായം ആണ്. ദേശീയതലത്തിൽ സുപ്രീംകോടതിയും സംസ്ഥാനതലത്തിൽ ഹൈക്കോടതികളും ജില്ലാതലത്തിലും അതിനു താഴെയുമായി മറ്റ് കീഴ്ക്കോടതി കളും ഉള്ള പടിപടിയായുള്ള കോടതി ശൃംഖലയാണ് ഇന്ത്യയിലുള്ളത്. പടിപടിയായുള്ള ഗണത്തിൽ സുപ്രീം കോടതിയാണ് പരമോന്നത കോടതി. എല്ലാ പൗരന്മാർക്കും ഒരേപോലെ നീതി ലഭിക്കാനായിട്ടുള്ള ഉദ്ദേശത്തോടു കൂടിയാണ് നീതിന്യായ സംവിധാനം ഇതുപോലെ ഏകീകരിക്കപ്പെട്ടിട്ടുള്ളത്. ഇതു കൂടാതെ നിയമനിർമ്മാണ സഭയുടെയും ഭരണനിർവ്വഹണ സമിതി യുടെയും സ്വാധീനത്തിൽ നിന്ന് ഇന്ത്യയിലെ നീതിന്യായകോടതികൾ സ്വതന്ത്രമാണെന്ന് ഉറപ്പാക്കുവാനുള്ള വകുപ്പുകളും ഇന്ത്യൻ ഭരണഘടനയിൽ ഉണ്ട്.

6. **ഏക പൗരത്വം:** ഏകപൗരത്വത്തിനുള്ള വകുപ്പ് ഭരണഘടനയിൽ ഉണ്ട്. ഇത് അർത്ഥമാക്കുന്നത് എന്താണ് എന്ന് നിങ്ങൾക്ക് അറിയാമോ? ഏത് സംസ്ഥാനത്ത് ജനിച്ച വ്യക്തിയോ, ഏത് സംസ്ഥാനത്ത് താമസിക്കുന്ന വ്യക്തിയോ ആകട്ടെ. ആ വ്യക്തി ഒരു ഇന്ത്യൻ പൗരനാണ്. അമേരിക്കയിലെ ഇരട്ട പൗരത്വം പോലെയല്ല ഇത്. അമേരിക്കയിൽ ഒരു വ്യക്തി വസിക്കുന്ന സംസ്ഥാനത്തെ പൗരനുമാണ് അതേസമയം യു.എസ്.എയിലെ പൗരനുമാണ്. എന്നാൽ ഇന്ത്യൻ ഭരണഘടനയിലെ ഏക പൗരത്വം, സമത്വം, ഏകത, അഖണ്ഡത എന്നിവ തീർച്ചയായും ഭരണഘടനാമൂല്യങ്ങളെ ശക്തിപ്പെടുത്തുന്നതാണ്.

7. **സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം:** സമത്വവും, നീതിയും ഇന്ത്യൻ ഭരണഘടനയുടെ മറ്റ് സവിശേഷതകളാണ്. 18 വയസ്സ് പൂർത്തിയായ ഏതൊരു ഇന്ത്യൻ പൗരനും വോട്ടവകാശം ഉണ്ട്. മതവിശ്വാസം, വർഗ്ഗം, ജാതി, ആൺ-പെൺ, പിന്തുടർച്ച, ജനനസ്ഥലം, അല്ലെങ്കിൽ വാസസ്ഥലം എന്നിവ കളുടെ പേരിൽ യാതൊരു വിവേചനവും പാടില്ല. ഈ അവകാശത്തെ സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം എന്ന് പറയുന്നു.

8. **ഫെഡറൽ സമ്പ്രദായം, പാർലമെന്ററി രീതിയിലുള്ള ഗവൺമെന്റ്:** ഭരണഘടനയുടെ മറ്റൊരു പ്രത്യേകതയാണ് ഫെഡറൽ സമ്പ്രദായവും പാർലമെന്ററി രീതിയിലുള്ള ഗവൺമെന്റും. ഇവ വിശദമായി താഴെ ചർച്ച ചെയ്യാം. ഭരണഘടനാമൂല്യങ്ങളായ ഏകത, ദേശീയോദ്ഗ്രഥനം, അഖണ്ഡത ഏറ്റവും പ്രധാനമായി അധികാര വികേന്ദ്രീകരണവും ഭരണഘടനയുടെ ഫെഡറൽ സമ്പ്രദായത്തിന്റെ പ്രതിഫലനങ്ങളാണ്. യഥാർത്ഥ അധികാരം ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നതിന്റെയും, ജനങ്ങളുടെ ഉത്തരവാദിത്വത്തിന്റെയും പ്രതിഫലനമാണ് പാർലമെന്ററി രീതിയിലുള്ള ഗവൺമെന്റ്. ഭരണനിർവ്വഹണ വകുപ്പിന്, ജനങ്ങളുടെ പ്രതിനിധികളടങ്ങിയ നിയമനിർമ്മാണ സഭയോടുള്ള ഉത്തരവാദിത്വം എന്നതാണ് പാർലമെന്ററി ഗവൺമെന്റ് സമ്പ്രദായത്തിന്റെ കാതലായ തത്വം.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 15.3

1. ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ സവിശേതകൾ എന്തൊക്കെ?
2. സംസ്ഥാനങ്ങളോടുള്ള നിർദ്ദേശകതത്വങ്ങളിൽ പ്രതിഫലിക്കുന്ന ഭരണഘടനാ മൂല്യങ്ങൾ എന്തൊക്കെ?
3. ഇന്ത്യയിലെ നീതിന്യായവകുപ്പിനെ എന്തുകൊണ്ടാണ് പടിപടിയായുള്ള ശ്രേണിയെന്ന് വിളിക്കുന്നത്?
4. ഏകപൗരത്വം എന്നാൽ എന്താണ്?

## 15.3 ഇന്ത്യയിലെ ഫെഡറൽ സമ്പ്രദായം

നിങ്ങൾ മനസ്സിലാക്കിയതുപോലെ ഇന്ത്യയിലെ രാഷ്ട്രീയ സമ്പ്രദായത്തെ കുറിച്ച് എപ്പോഴെങ്കിലും ഒരു ചർച്ച വന്നാൽ ഇന്ത്യ ഒരു ഫെഡറൽ സ്റ്റേറ്റ് എന്ന് പറയും. പൊതുവെ പറഞ്ഞാൽ ലോകത്തിൽ രണ്ടു വിധത്തിലുള്ള രാഷ്ട്രങ്ങൾ ഉണ്ട്. രാഷ്ട്രത്തിന് പൊതുവായി ഒരു ഗവൺമെന്റ് മാത്രമേ ഉള്ളൂവെങ്കിൽ അത് 'യൂണിറ്ററി' അഥവാ ഏകതല ഗവൺമെന്റ് രാഷ്ട്രം എന്ന് അറിയപ്പെടുന്നു. ഇംഗ്ലണ്ടിൽ ഏകതല ഗവൺമെന്റ് മാത്രമേ ഉള്ളൂ. എന്നാൽ അമേരിക്ക, ക്യാനഡാ തുടങ്ങിയ രാജ്യങ്ങളിൽ രണ്ട് തലങ്ങളിൽ ഒന്ന് കേന്ദ്രതലത്തിലും, രണ്ടാമത്തേത് സംസ്ഥാനതലങ്ങളിലും ഉണ്ട്. അവയെ ദ്വിതല ഗവൺമെന്റ് എന്ന് പറയുന്നു. ഫെഡറൽ ഗവൺമെന്റിൽ ദ്വിതല ഗവൺമെന്റ് ഉണ്ട്. ഇതിനും ഉപരിയായി മൂന്ന് സവിശേഷതകൾ കൂടി ഉണ്ട്. (1) ലിഖിത ഭരണഘടന (2) കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിൽ അധികാര വിഭജനം (3) ജുഡീഷ്യറി അഥവാ നീതിന്യായ വകുപ്പിന് ഭരണ ഘടന വ്യാഖ്യാനിക്കാനുള്ള മേൽക്കോയ്മ. മേൽപറഞ്ഞ എല്ലാ സവിശേഷത കളും ഉള്ള ഒരു ഫെഡറൽ ഭരണസംവിധാനമാണ് ഇന്ത്യയിലുള്ളത്. എന്നാൽ അല്പം വ്യത്യാസം ഉണ്ടെന്നു മാത്രം. ഇന്ത്യയിലെ ഫെഡറൽ സംവിധാന ത്തിന്റെ സ്വഭാവം നമുക്ക് പരിശോധിക്കാം.

### 15.3.1 ഇന്ത്യയിലെ ഫെഡറൽ സമ്പ്രദായത്തിലെ സവിശേഷതകൾ

1. **ദ്വിതല ഗവൺമെന്റ്:** ഇന്ത്യൻ ഭരണഘടന ദ്വിതല ഗവൺമെന്റാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് നിങ്ങൾ കേട്ടിട്ടുണ്ടാവും; ഒന്ന് രാജ്യത്തിന് മുഴുവൻ പൊതുവായിട്ടുള്ളത് യൂണിയൻ ഗവൺമെന്റ് അഥവാ സെൻട്രൽ ഗവൺമെന്റ് (കേന്ദ്ര ഗവൺമെന്റ്) എന്നും, മറ്റൊന്ന് ഓരോ സംസ്ഥാനത്തിനും ഉള്ളത്, സംസ്ഥാന ഗവൺമെന്റ് എന്നും വിളിക്കുന്നു. ഇന്ത്യയിലെ ത്രിതല ഗവൺമെന്റ് എന്ന പരാമർശം ചിലപ്പോൾ നിങ്ങൾ കേട്ടിട്ടുണ്ടാവും, എന്തുകൊണ്ടെന്നാൽ കേന്ദ്രഗവൺമെന്റിനും, സംസ്ഥാന ഗവൺമെന്റിനും ഉപരിയായി പ്രാദേശിക ഗവൺമെന്റുകൾ - ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഉള്ളത് - മറ്റൊരു തല ഗവൺമെന്റ് ആയി പ്രവർത്തിക്കുന്നു. എന്നാൽ ഭരണഘടനാ പരമായി ഇന്ത്യയിൽ ദ്വിതല ഗവൺമെന്റ് മാത്രമേയുള്ളൂ. പ്രാദേശിക ഗവൺമെന്റുകൾക്കായി പ്രത്യേക അധികാര വിഭജനം ഭരണഘടനയിൽ ഇല്ല. എന്തെന്നാൽ പ്രാദേശിക ഗവൺമെന്റുകൾ യഥാക്രമം അതാത് സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ആണ്.

2. **അധികാര വിഭജനം:** മറ്റ് ഫെഡറൽ ഗവൺമെന്റുകൾ പോലെ, ഇന്ത്യയിലെ കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കും ഭരണഘടനാപരമായ സ്ഥാനങ്ങളും വ്യക്തമാക്കിയിട്ടുള്ള പ്രവർത്തനമേഖലകളും ഉണ്ട്. കേന്ദ്രവും സംസ്ഥാനങ്ങളും യഥാക്രമം അതാതിന്റേതായ അധികാരവിനിയോഗങ്ങളും, പ്രവർത്തനങ്ങളും

ചെയ്യുന്നതിന് ഉതകുന്ന തരത്തിൽ, ഭരണഘടന വ്യക്തമായി ദ്വിതല ഗവൺമെന്റുകളുടെ അധികാരങ്ങളും വിഭജിച്ചിരിക്കുന്നു. ഒരു ഗവൺമെന്റും അതിന്റെ പരിധി ലംഘിക്കുകയോ, മറ്റ് ഗവൺമെന്റുകളുടെ അധികാരപരിധിയിലേക്ക് കടന്നുകയറ്റത്തിനോ ശ്രമിക്കാറില്ല. ഭരണഘടന മൂന്ന് പട്ടികകളിലായി അധികാരവിഭജനം പ്രത്യേകമായി ചെയ്തിരിക്കുന്നു. കേന്ദ്ര പട്ടിക, സംസ്ഥാന പട്ടിക, സമവർത്തിപട്ടിക (concurrent list) എന്നിവയാണ്. പ്രതിരോധം, റെയിൽവേ, പോസ്റ്റ്, ടെലിഗ്രാഫ് തുടങ്ങി ദേശീയതലത്തിൽ പ്രാധാന്യമുള്ള 97 വിഷയങ്ങൾ കേന്ദ്രലിസ്റ്റിൽ (പട്ടിക) ഉൾപ്പെടുത്തി യിരിക്കുന്നു. പൊതുജനാരോഗ്യം, പോലീസ്, പ്രാദേശിക ഗവൺമെന്റുകൾ തുടങ്ങി പ്രാദേശികതലത്തിൽ പ്രാധാന്യമുള്ള 66 വിഷയങ്ങൾ സംസ്ഥാന പട്ടികയിൽ ഉണ്ട്. വിദ്യാഭ്യാസം, വൈദ്യുതി, ട്രേഡ് യൂണിയൻ, സാമ്പത്തികവും, സാമൂഹികവുമായ പ്ലാനിംഗ് തുടങ്ങി 47 വിഷയങ്ങൾ സമവർത്തി പട്ടികയിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റിനും, സംസ്ഥാന ഗവൺമെന്റുകൾക്കും ഒരുപോലെ ഇടപെടാവുന്നതും പ്രവർത്തിക്കാവുന്നതുമാണ്. കേന്ദ്ര പട്ടികയിലും, സംസ്ഥാന പട്ടികയിലും പെടാത്ത അധികാരങ്ങൾ, ഭരണഘടന കേന്ദ്ര പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരമുള്ള അധികാരങ്ങളെ 'റസിഡ്യൂറി' അധികാരങ്ങൾ അല്ലെങ്കിൽ ശിഷ്ടാധികാരങ്ങൾ എന്ന് വിളിക്കുന്നു. അധികാര വിഭജനം സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടായാൽ ഭരണഘടനാവകുപ്പുകളുടെ അടിസ്ഥാനത്തിൽ അവ നീതിന്യായകോടതികൾക്ക് പരിഹരിക്കാനാവും.

3. **ലിഖിത ഭരണഘടന:** മുൻപ് നമ്മൾ വിശദമാക്കിയതുപോലെ, ഇന്ത്യയ്ക്ക് ഒരു ലിഖിത ഭരണഘടനയുണ്ട്. അതിന് പരമോന്നതാധികാരമുണ്ട്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഉൾപ്പെട്ട ദ്വിതല ഗവൺമെന്റുകൾക്കും അധികാരങ്ങളുടെ ഉത്ഭവ സ്ഥാനം ഭരണഘടനയാണ്. അതാതിന്റെ അധികാര പരിധിയിൽ ഇരു ഗവൺമെന്റുകളും സ്വതന്ത്രങ്ങളാണ്. ഫെഡറേഷന്റെ മറ്റൊരു പ്രത്യേകത ഭരണഘടനയുടെ ദൃഢതയാണ്. ഇന്ത്യൻ ഭരണഘടന അമേരിക്കൻ ഭരണഘടന പോലെ കഠിനമായി ദൃഢതയുള്ളതല്ല, മറിച്ച്, ഇത് വഴങ്ങുന്നതുമല്ല. മുൻ പ്രസ്താവിച്ചതുപോലെ ഇന്ത്യൻ ഭരണഘടനയിൽ ദൃഢതയുടെയും വഴങ്ങലിന്റെയും അതുല്യമായ സംയോജനം ഉണ്ട്.

**? നിങ്ങൾക്കറിയാമോ**

1788 ജൂൺ 21-ന് അംഗീകരിച്ച അമേരിക്കൻ ഭരണഘടനയ്ക്ക് അതിനുശേഷം 27 ഭേദഗതികൾ മാത്രം ഉള്ളപ്പോൾ, 1950 ജനുവരി 26 മുതൽ 2010 ജനുവരി 25 വരെ ഇന്ത്യൻ ഭരണ ഘടനയിൽ 120 ഭേദഗതി ബില്ലുകൾ അവതരിക്കപ്പെടുകയും അതിൽ 98 എണ്ണം 2013 ജനുവരി വരെ നിയമമായി മാറുകയും ചെയ്തു.

4. **സ്വതന്ത്രമായ നീതിന്യായവകുപ്പ്:** ഭരണഘടനയുടെ വ്യാഖ്യാനത്തിനും ഭരണഘടനയുടെ പവിത്രത സംരക്ഷിക്കുവാനുമായി സ്വതന്ത്രമായ ഒരു നീതിന്യായ വകുപ്പ്, ഫെഡറേഷന്റെ മറ്റൊരു പ്രധാനപ്പെട്ട സവിശേഷതയാണ്. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് സുപ്രീംകോടതിക്ക് പരമാധികാരം ഉണ്ട്. ഭരണഘടനയുടെ വകുപ്പുകൾക്ക് എതിരായിട്ടുള്ള നിയമങ്ങളെ ഭരണഘടനാവിരുദ്ധങ്ങളായി പ്രഖ്യാപിക്കുവാൻ സുപ്രീംകോടതിക്ക് അധികാരം ഉണ്ട്. ഭരണഘടനാപരമായും നിയമങ്ങൾ സംബന്ധിച്ചും സംസ്ഥാനങ്ങളും കേന്ദ്ര ഗവൺമെന്റും തമ്മിൽ തർക്കം ഉണ്ടായാൽ നീതിന്യായവകുപ്പിന് പ്രശ്ന പരിഹാരത്തിന് ഇടപെട്ടു പ്രവർത്തിക്കാനാവും.

### 15.3.2 ശക്തമായ കേന്ദ്രത്തോടുകൂടിയ ഇന്ത്യൻ ഫെഡറൽ സമ്പ്രദായം

മേൽപറഞ്ഞ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ ഫെഡറൽ സംവിധാനത്തിന് ഒരു ഫെഡറൽ സമ്പ്രദായത്തിന്റെ എല്ലാ സവിശേഷതകളും ഉണ്ടെന്ന് പറയാം. എന്നാൽ

കുറിപ്പുകൾ

ഇന്ത്യയിലെ ഫെഡറൽ സമ്പ്രദായം, രൂപത്തിൽ ഫെഡറലും ആത്മാവിൽ യൂണിറ്ററിയും (ഏകതലം) ആണ് എന്ന പ്രസ്താവന നിങ്ങളും കേട്ടിട്ടുണ്ടാവും. വാസ്തവത്തിൽ ഇന്ത്യയുടേത് ശക്തമായ കേന്ദ്ര ഗവൺമെന്റ് ഉള്ള ഒരു ഫെഡറൽ സമ്പ്രദായമാണ്. സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുമുൻപ് നിലനിന്നിരുന്ന സാഹചര്യങ്ങളും, സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളും അപഗ്രഥിച്ച് ആലോചനപൂർവ്വമായ ഒരു നടപടിയായിരുന്നു ഈ ഫെഡറൽ സമ്പ്രദായം. ഭൂഖണ്ഡാന്തരമായ വ്യാപ്തിയുള്ള ഒരു രാഷ്ട്രമെന്നതിനുപരി, സാംസ്കാരിക വൈവിധ്യവും സാമൂഹിക ബഹുത്വവും ഭാരതത്തിലുണ്ട്. ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യവും സാമൂഹിക ബഹുത്വവും ഉൾക്കൊള്ളുവാൻ ഫെഡറൽ സമ്പ്രദായം ആവശ്യമാണെന്ന് ഭരണഘടനയുടെ ചട്ടക്കൂട് ഉണ്ടാക്കിയവർ വിശ്വസിച്ചു. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുന്നതിലും സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയമായ മാറ്റവും നടപ്പിലാക്കുവാൻ സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ശ്രമം തുടങ്ങിയപ്പോൾ നിരവധി വെല്ലുവിളികൾ ഉണ്ടായി. ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ധി സമയത്ത് പ്രോവിൻസുകളായി വിഭജിച്ചിരുന്നതിനുപരിയായി 500-ൽ പരം നാട്ടുരാജ്യങ്ങളായി കിടന്നിരുന്ന ഇന്ത്യയെ നിലവിലുള്ള സ്വതന്ത്ര സംസ്ഥാനങ്ങളായും അല്ലെങ്കിൽ പുതിയ സംസ്ഥാനങ്ങളായി രൂപപ്പെടുത്തുന്നതിനും കേന്ദ്രത്തിന് കൂടുതൽ അധികാരം ആവശ്യമായിരുന്നു. വാസ്തവത്തിൽ ശക്തമായ ഒരു കേന്ദ്രഗവൺമെന്റ് ഉണ്ടാക്കിയത് ആലോചനാപൂർവ്വമായ നടപടി ആയിരുന്നു. ഇന്ത്യയുടെ അഖണ്ഡതയ്ക്ക് ഉപരിയായി ഭരണഘടനയ്ക്ക് രൂപംകൊടുത്ത മഹൽ വ്യക്തികൾ, സാമൂഹ്യ - സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നതിന് സംസ്ഥാനങ്ങളുടെ സഹകരണ ത്തോടെയുള്ള ഒരു ശക്തമായ കേന്ദ്രം ഉണ്ടാവണമെന്ന് തീരുമാനിച്ചു. ഏകീകൃത പ്ലാനിങ്ങും, ക്രോഡീകരിച്ച പ്രവർത്തനങ്ങളും, ദാരിദ്ര്യവും, നിരക്ഷരതയും, സാമൂഹ്യ അസമത്വങ്ങളും, സാമ്പത്തിക അസമത്വങ്ങളും ഇല്ലാതാക്കുവാൻ ആവശ്യമാണ്. അങ്ങനെ രാഷ്ട്രത്തിന്റെ അഖണ്ഡതയും, വികസനവും ത്വരിതഗതിയിൽ മുമ്പോട്ടു കൊണ്ടുപോകുവാൻ ശക്തമായ കേന്ദ്രഗവൺമെന്റ് ഉണ്ടാക്കുന്നതിന് ഉൾപ്പെടുത്തിയ വകുപ്പുകളെപ്പറ്റി നമുക്ക് വിശകലനം ചെയ്യാം.

1. ഭരണഘടനയുടെ ഒന്നാം അദ്ധ്യായത്തിൽതന്നെ ഇന്ത്യയുടെ ഫെഡറൽ സമ്പ്രദായം വ്യത്യസ്തമാണെന്ന് സൂചന നൽകുന്നു. 'സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ' എന്ന് ഇവിടെ പറയുന്നു. ഭരണഘടനയിൽ ഒരു ഭാഗത്തും ഇന്ത്യ ഒരു ഫെഡറൽ രാഷ്ട്രം എന്ന് പറയുന്നില്ല. ഇന്ത്യയുടെ പ്രദേശങ്ങളിലെല്ലാം കേന്ദ്രഗവൺമെന്റിനായിരിക്കും പരമാധികാരം എന്ന് ഭരണഘടനയിൽ പറയുന്നു. രാഷ്ട്രത്തിന്റെ അസ്തിത്വവും അതിന്റെ അധികാരവ്യാപ്തിയും പാർലമെന്റിന്റെ നിയന്ത്രണത്തിലാണ്. രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ ചേർന്ന് പുതിയ സംസ്ഥാനം രൂപീകരിക്കുവാനോ, അല്ലെങ്കിൽ നിലവിലുള്ള സംസ്ഥാനത്തിൽ നിന്നും പ്രദേശങ്ങൾ വിഭജിച്ച് പുതിയ സംസ്ഥാനം രൂപീകരിക്കുവാനും പാർലമെന്റിന് അധികാരം ഉണ്ട്. സംസ്ഥാനത്തിന്റെ അതിർത്തികൾ മാറ്റുവാനോ, അല്ലെങ്കിൽ സംസ്ഥാന പുനർനാമകരണത്തിനോ പാർലമെന്റിന് അധികാരം ഉണ്ട്. എന്നാൽ ഭരണഘടന ഏതാനും സുരക്ഷാ മാർഗ്ഗങ്ങളും നൽകുന്നുണ്ട്. മേൽപറഞ്ഞ വിധത്തിലുള്ള തീരുമാനങ്ങൾ എടുക്കുന്നതിന് മുൻപായി അതാത് സംസ്ഥാനങ്ങളുടെ അഭിപ്രായം അറിഞ്ഞിരിക്കണം.

### ? നിങ്ങൾക്കറിയാമോ

സ്വാതന്ത്ര്യത്തിനുശേഷം നിരവധി പുതിയ സംസ്ഥാനങ്ങൾ രൂപീകരിച്ചു. 2000-2001-ൽ നിലവിലുള്ള സംസ്ഥാനങ്ങൾ വിഭജിച്ച് 3 പുതിയ സംസ്ഥാനങ്ങൾ രൂപീകരിച്ചു. മദ്ധ്യപ്രദേശ് വിഭജിച്ച് ഛത്തീസ്ഗഢ് രൂപീകരിച്ചു. ബീഹാർ വിഭജിച്ച് ജാർഖണ്ഡും, ഉത്തർപ്രദേശ് വിഭജിച്ച് ഉത്തരാഖണ്ഡും രൂപീകരിച്ചു. നിലവിലുള്ള സംസ്ഥാനങ്ങളുടെ മന്ദീഭവിച്ച വികസനം ഉൾപ്പെടെ നിരവധി കാരണങ്ങൾ പുതിയ സംസ്ഥാനത്തിന്റെ രൂപീകരണത്തിന് കാരണമായി.

2. രണ്ടാമതായി അധികാരവിഭജനം കേന്ദ്രഗവൺമെന്റിന് അനുകൂലമാണ്. ദേശീയ പ്രാധാന്യമുള്ള ഒട്ടേറെ കാര്യങ്ങൾ കേന്ദ്രപട്ടികയിലാണ്. ഇതിനു പുറമേ 'സമവർത്തി' പട്ടികയിൽപ്പെട്ട വിഷയങ്ങളിലും കേന്ദ്രത്തിനാണ് സംസ്ഥാനങ്ങളേക്കാൾ മുൻതൂക്കം ഉള്ളത്. സമവർത്തി പട്ടികയിൽപ്പെട്ട ഏതെങ്കിലും വിഷയത്തെ സംബന്ധിച്ച് നിയമം ഉണ്ടാക്കി കേന്ദ്രവും സംസ്ഥാനവും തമ്മിൽ തർക്കം ഉണ്ടായാൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിനായിരിക്കും മുൻതൂക്കം; അത് നടപ്പിലാകും. സംസ്ഥാനപട്ടികയിൽപ്പെട്ട ഒരു വിഷയത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് ഒരു നിയമം പാസ്സാക്കേണ്ടതായ സാഹചര്യം വന്നാൽ പാർലമെന്റിന് നിയമം പാസ്സാക്കാം. രാജ്യസഭ അത് ശരിവച്ചാൽ ഇപ്രകാരം സംഭവിക്കാം.

3. മൂന്നാമതായി രണ്ടുതരത്തിലുള്ള കോടതികൾ ഫെഡറലിസം ആവിഷ്കരിക്കുന്നു. എന്നാൽ, ഇന്ത്യയിൽ കോടതികൾ ഏകീകരിച്ച് പടിപടിയായുള്ള നീതിന്യായ സംവിധാനമാണ്. ശ്രേണിയിൽ ഏറ്റവും മുകളിൽ സുപ്രീംകോടതി ആണ്.

4. നാലാമതായി, മൂന്ന് തരത്തിലുള്ള അടിയന്തിരാവസ്ഥയിൽ ഏത് പ്രഖ്യാപിച്ചാലും കേന്ദ്രഗവൺമെന്റിന്റെ അധികാരം വർദ്ധിക്കും. നമ്മുടെ ഫെഡറൽ രീതിയിലുള്ള ഭരണ സംവിധാനം ഉന്നതതലത്തിലുള്ള കേന്ദ്രീകൃത രീതിയിലേക്ക് മാറും. സംസ്ഥാനങ്ങളുടെ അധീനതയിലുള്ള വിഷയങ്ങളെ സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുവാൻ ഉള്ള അധികാരം പാർലമെന്റിന് ഉണ്ടാകും. മറ്റു വേറിട്ട സാഹചര്യങ്ങളിൽ സംസ്ഥാനത്ത് ഏതെങ്കിലും ക്രമസമാധാനപ്രശ്നം ഉണ്ടാവുകയോ, അത് സംസ്ഥാനത്ത് ഏത് ഭാഗത്ത് ഉണ്ടായാലും, അങ്ങനെയുള്ള സംസ്ഥാനങ്ങളിലേക്കോ, പ്രശ്നബാധിത സ്ഥലങ്ങളിലേക്കോ, കേന്ദ്ര സേനയെ അയക്കാനുള്ള അധികാരവും കേന്ദ്ര ഗവൺമെന്റിൽ നിക്ഷിപ്തമാണ്.

5. സംസ്ഥാന ഗവർണറെ നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റ്, അതായത് കേന്ദ്ര ഗവൺമെന്റ് ആണെന്ന് 'സംസ്ഥാനതല ഭരണ'ത്തെ സംബന്ധിച്ചുള്ള പാഠത്തിൽ നിങ്ങൾ പഠിച്ചുകഴിഞ്ഞു. സംസ്ഥാനത്ത് ഒരു ഭരണഘടനാ പ്രതിസന്ധി ഉണ്ടായാൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുന്നതിന് ശുപാർശ ചെയ്യുന്നത് സംസ്ഥാന ഗവർണർ ആണ്. ഒരു സംസ്ഥാനത്ത് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിയാൽ ഗവർണർ, പ്രസിഡന്റിന്റെ പ്രതിനിധിയായി സംസ്ഥാന ഭരണം ഏറ്റെടുക്കും. മന്ത്രിസഭ പിരിച്ചുവിടും. സംസ്ഥാന നിയമസഭ പിരിച്ചുവിടുകയോ അല്ലെങ്കിൽ തൂക്ക് നിയമസഭയായി നിർത്തു കയോ ചെയ്യും. സാധാരണ സാഹചര്യങ്ങളിൽ പോലും, നിയമസഭ പാസ്സാക്കുന്ന ഒരു ബില്ല് പ്രസിഡന്റിന്റെ അംഗീകാരത്തിനായി മാറ്റിവയ്ക്കുവാനുള്ള അധികാരം ഗവർണർക്ക് ഉണ്ട്. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ബില്ലു കൾക്ക് അംഗീകാരം നീട്ടിവയ്ക്കുവാനോ പരിശോധിക്കുവാനോ, 'വീറ്റോ' ചെയ്യുവാനോ ഉള്ള അധികാരം കേന്ദ്രഗവൺമെന്റിനാണ്.

6. കേന്ദ്രഗവൺമെന്റിന് വളരെ കാര്യക്ഷമമായിട്ടുള്ള ധനപരമായ അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും ഉണ്ട്. ഒന്നാമതായി നികുതി ലഭിക്കുന്ന വിവിധ ഇനങ്ങൾ കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. കേന്ദ്രഗവൺമെന്റ് സംസ്ഥാനങ്ങൾക്ക് ഗ്രാന്റും, മറ്റ് സാമ്പത്തിക സഹായങ്ങളും നൽകുന്നു. ഇതു കൂടാതെ, സ്വാതന്ത്ര്യലബ്ധിക്കുശേഷം വൻ സാമ്പത്തിക പുരോഗതിക്കും വികസനത്തിനുമായി ഇന്ത്യ ആസൂത്രണം ഒരു പ്രധാന പദ്ധതിയായി സ്വീകരിച്ചു. ഇതും കേന്ദ്രീകൃത തീരുമാനങ്ങൾക്ക് ഗണ്യമായി കാരണമായി.

7. അവസാനമായി, ഭരണഘടനാ വകുപ്പുകൾ പ്രകാരം സംസ്ഥാനങ്ങളുടെ ഭരണ നിർവ്വഹണ അധികാരങ്ങളേക്കാൾ കേന്ദ്രത്തിന്റെ ഭരണനിർവ്വഹണാധികാരങ്ങൾക്ക് മുൻ

കുറിപ്പുകൾ

തൂക്കം ഉണ്ട്. കേന്ദ്രഗവൺമെന്റ്, സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകും. ഇതുകൂടാതെ നമ്മുടേത് സംസ്ഥാനങ്ങളുടെയും കേന്ദ്രത്തിന്റെയും കൂടി സംയോജന സ്വഭാവമാർന്ന ഭരണസംവിധാനം ആണ്. കളക്ടറായി നിയമിക്കുന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനും അല്ലെങ്കിൽ പോലീസ് കമ്മീഷണറായി ജോലി നിർവ്വഹിക്കുന്ന ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനും കേന്ദ്രഗവൺമെന്റിന്റെ നിയന്ത്രണത്തിലാണ്. ഒരു സംസ്ഥാനത്തിന് അവരുടെ മേൽ അച്ചടക്ക നടപടി എടുക്കുവാനോ, ഉദ്യോഗത്തിൽ നിന്നും നീക്കുവാനോ കഴിയുകയില്ല.

മേൽപറഞ്ഞ വസ്തുതകളിൽ നിന്ന് കേന്ദ്രത്തിന് സംസ്ഥാനങ്ങളേക്കാൾ മുൻതൂക്കം ഉണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. കേന്ദ്രവുമായി സഹകരിച്ചാണ് സംസ്ഥാനങ്ങൾ വർത്തിക്കേണ്ടത്. ഇന്ത്യൻ ഭരണഘടന 'ഫെഡറൽ ചട്ടക്കൂടും, ഏകകത്തിലധിഷ്ഠിതമായ ചൈതന്യവുമാണ്' എന്ന ചിന്തയ്ക്ക് ആക്കം കൂട്ടുന്നു. ഭരണഘടനാ വിദഗ്ദർ ഇതിനെ 'സെമി-ഫെഡറൽ' / 'ക്വാസി ഫെഡറൽ' അല്ലെങ്കിൽ 'അർദ്ധ ഫെഡറൽ' എന്ന് വിളിക്കുന്നു.

## പ്രവർത്തനം 15.4

പുസ്തകങ്ങളിൽ നിന്ന് വിവരം ശേഖരിച്ചോ അല്ലെങ്കിൽ ഇൻർനെറ്റിലൂടെയോ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളും അവ രൂപീകരിച്ച വർഷവും അടങ്ങുന്ന ഒരു പട്ടിക തയ്യാറാക്കുക.

### 15.3.3 കൂടുതൽ സ്വയംഭരണാവകാശത്തിനായി സംസ്ഥാനങ്ങളുടെ ആവശ്യം

കേന്ദ്രീകൃതമായ ഫെഡറൽ സംവിധാനമായതിനാൽ കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും തമ്മിലുള്ള ബന്ധം ഇന്ത്യയിൽ എല്ലായ്പ്പോഴും അത്ര സുഗമമല്ലായിരുന്നുവെന്ന് കഴിഞ്ഞ 6 പതിറ്റാണ്ടുകളിലെ പ്രവർത്തന ചരിത്രത്തിൽ നിന്ന് മനസ്സിലാകും. സംസ്ഥാന ഗവൺമെന്റുകൾക്ക് കൂടുതൽ അധികാരങ്ങളും, സംസ്ഥാന ഭരണത്തിലും കേന്ദ്രത്തിലും കൂടുതൽ പങ്ക് ഉണ്ടാകണമെന്നുള്ള ആവശ്യവും സ്വാഭാവികമായും ഉണ്ടാകാവുന്നതാണ്. ഈ കാരണത്താലാണ് സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും പ്രാദേശിക സ്വയംഭരണവും ആവശ്യപ്പെടുന്നത്. പ്രശ്നപരിഹാരത്തിനായി ഭരണ പരിഷ്കാര കമ്മീഷനും (Administrative Reforms Commission), സർക്കാരിയാ കമ്മീഷനും (Sarkariah) ഏറ്റവും ഒടുവിലായി 2010-ലെ കേന്ദ്രസംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച കമ്മീഷനും (Commssion on Centre – State Relations) രൂപീകരിച്ചു.

വിവിധ കമ്മീഷനുകളുടെ പ്രധാനപ്പെട്ട ശുപാർശകൾ പ്രകാരം ഭരണഘടനയുടെ അടിസ്ഥാന ചട്ടക്കൂട് മാറ്റേണ്ടതായ ആവശ്യമില്ലായെന്ന് തീരുമാനിച്ചു. എന്നിരുന്നാലും സ്ഥിരമായ ഒരു അന്തർസംസ്ഥാന കൗൺസിലിന്റെ ആവശ്യം ബോദ്ധ്യമായി. അതുകൂടാതെ പിന്നോക്ക പ്രദേശങ്ങളുടെ വികസനത്തിന് സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്രഗവൺമെന്റിന്റെയും പ്രത്യേക പരിഗണന ആവശ്യമെന്നും ബോദ്ധ്യപ്പെട്ടു. ഈ പിന്നോക്ക പ്രദേശങ്ങളുടെ സാമ്പത്തിക വികസനം ഒരു ആസൂത്രണ പദ്ധതിയായി ഏറ്റെടുത്താൽ വിഘടനവാദങ്ങളെല്ലാം സ്വാഭാവികമായും നിയന്ത്രണത്തിന് വിധേയമാകും. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പരസ്പര കൂടിയാലോചനയിലൂടെ പരിഹരിക്കപ്പെടും. സംസ്ഥാനങ്ങൾക്ക് കൂടുതൽ നികുതി സ്രോതസ്സുകൾ ലഭ്യമാക്കണം എന്നത് പരിഗണിച്ചു. കേന്ദ്ര-സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി സാമ്പത്തിക ഉദാരവൽക്കരണവും ഉചിതമായ ഭരണഘടനാ ഭേദഗതിയും നിർദ്ദേശിച്ചു.

കുറിപ്പുകൾ

## പ്രവർത്തനം 15.5

നിലവിലുള്ള സംസ്ഥാനത്തിൽ നിന്നും ഒരു ഭാഗം വേർപെടുത്തി പുതിയ സംസ്ഥാനം രൂപീകരിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷങ്ങളായി ഒരു തീവ്രസമരം നടക്കുകയാണ്. ഏത് സംസ്ഥാനമാണെന്ന് കണ്ടുപിടിച്ച് ഈ ആവശ്യത്തിലേക്ക് നയിച്ച പ്രധാന കാരണങ്ങൾ എന്തൊക്കെയെന്നും, 2011 മെയ് - സെപ്റ്റംബർ മാസങ്ങളിൽ ആ പ്രദേശത്തുനിന്നുള്ള രാഷ്ട്രീയനേതാക്കാൾ ഏറ്റെടുത്ത മുഖ്യനടപടി എന്തായിരുന്നുവെന്നും എഴുതുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 15.4

1. ഒരു ഫെഡറൽ സമ്പ്രദായത്തിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാം?
2. ഘടനയിൽ ഇന്ത്യ ഒരു ഫെഡറൽ രാഷ്ട്രം, എന്നാൽ ഏകകത്വത്തിൽ അധിഷ്ഠിതമായ ചൈതന്യവുമാണ്. ഇപ്രകാരം പറയുന്നത് എന്തു കൊണ്ടാണ് എന്ന് 2 കാരണങ്ങൾ ചൂണ്ടിക്കാട്ടി വ്യക്തമാക്കുക.
3. ഛത്തീസ്ഗഢും, ജാർഖണ്ഡും, ഉത്തരാഖണ്ഡും 2000-ലും, 2001-ലും രൂപീകരിച്ചു. ഏത് സംസ്ഥാനങ്ങളിൽ നിന്നാണ് അവ വേർതിരിച്ച് സംസ്ഥാനങ്ങൾ ആക്കിയത്? എന്തുകൊണ്ടാണ് വിഭജിച്ചതെന്നും വ്യക്തമാക്കുക.

## 15.4.1 ഇന്ത്യയിലെ പാർലമെന്ററി സമ്പ്രദായ ഗവൺമെന്റ്

സംസ്ഥാനങ്ങളിലും, കേന്ദ്രതലത്തിലും പാർലമെന്ററി സമ്പ്രദായ ഗവൺമെന്റുകൾ ഇന്ത്യയുടെ രാഷ്ട്രീയ സമ്പ്രദായത്തിന്റെ സവിശേഷതയാണ്. സാധാരണയായി, പ്രസിഡൻഷ്യൽ രീതി പാർലമെന്ററി സംവിധാനം എന്നീ രണ്ടു സമ്പ്രദായത്തിലുള്ള ഗവൺമെന്റുകൾ ഉണ്ട്. പ്രസിഡൻഷ്യൽ രീതിയിലുള്ള സമ്പ്രദായത്തിൽ ഗവൺമെന്റിന്റെ മൂന്ന് പ്രധാന ഭരണവിഭാഗങ്ങൾ പ്രത്യേകം പ്രത്യേകം സ്വതന്ത്രങ്ങളാണ്. ഭരണ നിർവ്വഹണ വിഭാഗവും, നിയമ നിർമ്മാണ വിഭാഗവും തമ്മിൽ വേറിട്ട്നിൽക്കുന്നു. അമേരിക്കൻ ഐക്യനാടുകൾക്ക് ഒരു പ്രസിഡൻഷ്യൽ മാതൃകയിലുള്ള ഗവൺമെന്റ് ആണ്. എന്നാൽ ഒരു പാർലമെന്ററി സമ്പ്രദായ ഗവൺമെന്റിലാകട്ടെ, എക്സിക്യുട്ടീവ് അഥവാ ഭരണനിർവ്വഹണ വിഭാഗവും ലെജിസ്ലേറ്റീവ് അസംബ്ലി അല്ലെങ്കിൽ നിയമ നിർമ്മാണസഭയിലെ അംഗങ്ങളും തമ്മിൽ അടുത്ത ബന്ധം പുലർത്തുന്നു. ഇംഗ്ലണ്ടിൽ പാർലമെന്ററി ഗവൺമെന്റ് രീതിയാണ്. 1947-ന് മുമ്പ് ഇന്ത്യയിൽ നിലവിലിരുന്ന ഗവൺമെന്റ് ഒരു വലിയ പരിധിവരെ ബ്രിട്ടീഷ് പാർലമെന്ററി ഗവൺമെന്റുമായി വളരെ സാമ്യമുള്ളതായിരുന്നു. അതുകൊണ്ട് ഭരണഘടനാ രൂപീകരണത്തിലെ പ്രധാന നേതാക്കൾ ബ്രിട്ടീഷ് മാതൃകയാണ് വിഭാവനം ചെയ്തത്. സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും ഇന്ത്യയിൽ പാർലമെന്ററി മാതൃകയിലുള്ള ഗവൺമെന്റുകൾ ആണ്. ഒരു പാർലമെന്ററി ഗവൺമെന്റിന്റെ എല്ലാ സവിശേഷതകളും ഇന്ത്യയിലെ സമ്പ്രദായത്തിനുണ്ട്. (i) നിയമ നിർമ്മാണസഭയും, ഭരണനിർവ്വഹണ വിഭാഗവും തമ്മിലുള്ള അടുത്ത ബന്ധം (ii) ഭരണ നിർവ്വഹണ വിഭാഗത്തിന് നിയമനിർമ്മാണസഭയോടുള്ള വിധേയത്വം (iii) നാമമാത്രമായ രാഷ്ട്രത്തലവനായുള്ള ഒരു ഭരണ നിർവ്വഹണ വിഭാഗം, യഥാർത്ഥ എക്സിക്യുട്ടീവ് ആയി പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള ഒരു മന്ത്രിസഭാ കൗൺസിൽ.



ചിത്രം 15.2 *ഇന്ത്യയുടെ പാർലമെന്റ്*

1. **നിയമനിർമ്മാണസഭയും എക്സിക്യൂട്ടീവും തമ്മിലുള്ള അടുത്ത ബന്ധം:** ഇന്ത്യയിലെ പാർലമെന്റ് സമ്പ്രദായത്തിൽ എക്സിക്യൂട്ടീവ് ആയി പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലും നിയമനിർമ്മാണസഭയായ പാർലമെന്റും തമ്മിൽ അടുത്ത ബന്ധമാണ് ഉള്ളത്. ഭൂരിപക്ഷകക്ഷിയുടെ നേതാവോ അല്ലെങ്കിൽ കൂട്ടുകക്ഷി സഭയുടെ നേതാവോ മാത്രമേ പ്രധാന മന്ത്രിയായി നിയമിക്കപ്പെടുകയുള്ളൂ. മന്ത്രിസഭാ കൗൺസിലിലെ എല്ലാവരും തന്നെ പാർലമെന്റിലെ അംഗങ്ങളുമായിരിക്കണം. മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശത്തോടുകൂടിയല്ലാതെ പ്രസിഡന്റിന് പാർലമെന്റിന്റെ ഇരു സഭകളുടെയും സമ്മേളനം വിളിച്ചുകൂട്ടാനോ, സമ്മേളനം നീട്ടിവയ്ക്കാനോ ലോക്സഭ പിരിച്ചുവിടാനോ അധികാരമില്ല. പാർലമെന്റിലെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ അംഗങ്ങൾക്കും പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിൽ വോട്ടവകാശമുണ്ട്. പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിയാൽ മാത്രമെ പ്രസിഡന്റിനെ ഇംപീച്ച് (വിചാരണ, impeachment) ചെയ്ത് അധികാരത്തിൽ നിന്ന് നീക്കുവാൻ സാധിക്കുകയുള്ളൂ.

2. **എക്സിക്യൂട്ടീവിന് നിയമനിർമ്മാണസഭയോടുള്ള വിധേയത്വം:** മന്ത്രിസഭാ കൗൺസിലിന് ലോക്സഭയോട് കൂട്ടുത്തരവാദിത്വമാണ് ഉള്ളത്. ഇതിന്റെ അർത്ഥം ഓരോ മന്ത്രിയുടെയും ഉത്തരവാദിത്വം മന്ത്രിസഭാ കൗൺസിലിന്റെ കൂട്ടുത്തവാദിത്വം കൂടി ആകുന്നു എന്നാണ്. രാജ്യസഭയോടും ഇതിന് വിധേയത്വം ഉണ്ട്. വാസ്തവത്തിൽ ഇരുസഭകൾക്കും മന്ത്രിസഭാ കൗൺസിലിനെ നിയന്ത്രിക്കാനുള്ള അധികാരം ഉണ്ടെന്നതാണ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും, പ്രോഗ്രാമിനെ സംബന്ധിച്ചും, നയങ്ങളെ സംബന്ധിച്ചും ഇരുസഭകളിൽ നിന്നും ചോദ്യങ്ങളും അനുബന്ധ ചോദ്യങ്ങളും വഴി മന്ത്രിസഭാകൗൺസിലിനെ നിയന്ത്രിക്കുന്നു. ഗവൺമെന്റിന്റെ നിർദ്ദേശങ്ങളെ സംബന്ധിച്ച് വാദപ്രതിവാദങ്ങൾ നടത്താവുന്നതാണ്. കൂടാതെ അവയെ തീവ്രതയോടെ വിമർശിക്കാവുന്നതുമാണ്. സമ്മേളനം നീട്ടിവയ്ക്കുവാനോ, ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുവാനോ സ്വാതന്ത്ര്യം ഉണ്ട്. മന്ത്രിമാർ അവതരിപ്പിക്കുന്ന ഒരു ബില്ല് പോലും പാർലമെന്റ് പാസ്സാക്കാതെ നിയമം

ആവില്ല. വാർഷിക ബഡ്ജറ്റും പാർലമെന്റ് പാസ്സാക്കിയിരിക്കണം. വാസ്തവ ത്തിൽ മന്ത്രിസഭാ കൗൺസിലിന്റെ കാലാവധി ലോക്സഭയെ ആശ്രയിച്ചിരി ക്കുന്നു. ലോക്സഭയുടെ വിശ്വാസം നഷ്ടപ്പെട്ടാൽ മന്ത്രിസഭാ കൗൺസിൽ രാജിവയ്ക്കണം, എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത് ലോക്സഭയിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടു എന്നതാണ്. ലോക്സഭയിൽ അവിശ്വാസ പ്രമേയം വോട്ടിനിട്ട് മന്ത്രിസഭാ കൗൺസിലിനെ പുറത്താക്കുവാൻ സാധിക്കും.

3. **നാമമാത്രമായതും യഥാർത്ഥ എക്സിക്യൂട്ടീവും:** നാമമാത്രമായ എക്സിക്യൂട്ടീവ്, യഥാർത്ഥ എക്സിക്യൂട്ടീവ് എന്നിങ്ങനെ രണ്ടുതരത്തിലുള്ള ഭരണനിർവ്വഹണ വിഭാഗങ്ങൾ ഉണ്ട്. രാഷ്ട്രത്തലവൻ എന്ന നിലയിൽ പ്രസിഡന്റ് ഔപചാരികവും നാമമാത്ര എക്സിക്യൂട്ടീവ് ആണ്. ഭരണഘടനാപരമായി എല്ലാ അധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമാണ്. താത്വികമായി എല്ലാ അധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമാണെങ്കിലും, പ്രായോഗികമായി എല്ലാ അധികാരങ്ങളും ഉപയോഗിക്കുന്നില്ല. ഈ അധികാരങ്ങൾ പ്രധാനമന്ത്രിയും, മന്ത്രിസഭാ കൗൺസിലും ആണ് വിനിയോഗിക്കുന്നത്. പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിൽ ആണ് യഥാർത്ഥ എക്സിക്യൂട്ടീവ് (ഭരണനിർവ്വഹണ സഭ). മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശമില്ലാതെ പ്രസിഡന്റിന് പ്രവർത്തിക്കുവാനാവില്ല.

4. **പ്രധാനമന്ത്രി യഥാർത്ഥ എക്സിക്യൂട്ടീവ്:** പാർലമെന്ററി എക്സിക്യൂട്ടീവിന്റെ അച്ചുതണ്ട് പ്രധാനമന്ത്രിയാണ്. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം പ്രസിഡന്റ് മന്ത്രിസഭാ കൗൺസിലിലെ എല്ലാ അംഗങ്ങളേയും നിയമിക്കുന്നു. മന്ത്രിമാരുടെ വകുപ്പുകൾ തീരുമാനി ക്കുന്നത് പ്രധാനമന്ത്രി ആണ്. എല്ലാ മന്ത്രിസഭായോഗങ്ങളും പ്രധാനമന്ത്രി യുടെ അദ്ധ്യക്ഷതയിൽ ആണ് നടക്കുന്നത്. പ്രസിഡന്റും മന്ത്രിസഭാ കൗൺസിലും തമ്മിലുള്ള ഏക കണ്ണി പ്രധാനമന്ത്രിയാണ്. ഏതു മന്ത്രിയേയും നീക്കുവാനുള്ള അധികാരം പ്രധാനമന്ത്രിക്ക് ഉണ്ട്. പ്രധാനമന്ത്രി രാജി വയ്ക്കുമ്പോൾ മന്ത്രിസഭാ കൗൺസിൽ മുഴുവനും അധികാരത്തിൽ നിന്ന് ഒഴിയും.

ഇന്ത്യയിലെ പാർലമെന്ററി സമ്പ്രദായം വളരെ നല്ലനിലയിൽ ആണ് പ്രവർത്തിക്കുന്നത്. സംസ്ഥാനങ്ങളിലും കേന്ദ്ര പാർലമെന്ററി സംവിധാനം പോലെയാണ് പ്രവർത്തിക്കുന്നത്. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലും, ഗവർണറും അടങ്ങുന്നതാണ് സംസ്ഥാന എക്സിക്യൂട്ടീവ് (ഭരണനിർവ്വഹണ സഭ). ഗവർണർ സംസ്ഥാനത്തിന്റെ തലവനാകുന്നു, മുഖ്യ മന്ത്രിയും, മന്ത്രിസഭാ കൗൺസിലും യഥാർത്ഥ എക്സിക്യൂട്ടീവ് ആണ്. ഏതാനും സംസ്ഥാന നിയമസഭയും ദ്വിമണ്ഡലങ്ങളായിട്ടുണ്ട്. (സ്റ്റേറ്റ് അസംബ്ലിയും ലെജിസ്ലേറ്റീവ് കൗൺസിലും) എന്നാൽ മിക്ക സംസ്ഥാന ങ്ങളിലും ഏകമണ്ഡല സഭ മാത്രമേ ഉള്ളൂ (നിയമനിർമ്മാണസഭ).

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 15.5

1. പാർലമെന്ററി സമ്പ്രദായത്തിൽ ഭരണനിർവ്വഹണ വിഭാഗവും നിയമ നിർമ്മാണ സഭയും തമ്മിലുള്ള ബന്ധം എപ്രകാരമാണ്?
2. ഇന്ത്യൻ പ്രസിഡന്റ് നാമമാത്രമായ എക്സിക്യൂട്ടീവ് എന്ന് പറയുന്നത് എന്തുകൊണ്ട്?
3. കൂട്ടുത്തരവാദിത്വം എന്നതിന്റെ അർത്ഥം എന്താണ്?
4. പാർലമെന്റിന്റെ ഇരുസഭകളുടെയും നിയന്ത്രണം മന്ത്രിസഭാ കൗൺസിലിൽ എപ്രകാരം ആയിരിക്കുന്നു?

## നിങ്ങൾ എന്തു പഠിച്ചു

- രാഷ്ട്രത്തിലെ എക്സിക്യൂട്ടീവ് (ഭരണനിർവ്വഹണസഭ), നിയമനിർമ്മാണ സഭ, നീതിന്യായ വിഭാഗം എന്നീ മുഖ്യസ്ഥാപനങ്ങളെ നിയന്ത്രിക്കുകയും, നിർവ്വചിക്കുകയും ഇവയെ വ്യക്തമാക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്ന ഏതാനും അടിസ്ഥാന തത്വങ്ങളെയും അടിസ്ഥാന നിയമങ്ങളെയും മാതൃകയായി വരുന്ന മുൻ സംഭവങ്ങളെയും ഭരണഘടന എന്ന് പറയുന്നു. സ്ഥാപനങ്ങളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും പ്രത്യേകമായി പറയുന്നു; ജനങ്ങളുടെ മൗലിക അവകാശങ്ങൾ പ്രത്യേകം പ്രസ്താവിക്കുന്നു; വ്യക്തികളും, രാഷ്ട്രവും, ഗവൺമെന്റും തമ്മിലുള്ള ബന്ധം വ്യക്തമാക്കുകയും ചെയ്യുന്നു.

- ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങൾ നിർവ്വചിക്കുന്നു. ഇന്ത്യ ഒരു പരമാധികാര ജനാധിപത്യ, സോഷ്യലിസ്റ്റ്, മതേതര, റിപ്പബ്ലിക്കൻ രാഷ്ട്രമാണെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു. സാമൂഹ്യമാറ്റം വരുത്തുന്നതിനുള്ള വകുപ്പുകളും വ്യക്തികൾ, പൗരന്മാരെന്ന നിലയിൽ പരസ്പരവും, രാഷ്ട്രത്തിനോടുള്ള ബന്ധവും പ്രത്യേകം നിർദ്ദേശിക്കുന്നു.

- ഏതൊരു രാജ്യത്തിന്റെയും ഭരണഘടന നിരവധി ഉദ്ദേശങ്ങൾ നിറവേറ്റുന്നു. പൗരന്മാർ വസിക്കുന്ന രാജ്യത്തിന് ഉണ്ടായിരിക്കണം എന്ന് ആഗ്രഹിക്കുന്ന മൂല്യങ്ങളെപ്പറ്റിയും ഭരണഘടന നിർവ്വചിക്കുന്നു. രാജ്യം ഭരിക്കപ്പെ ടേണ്ടതും, സമൂഹം ചലിക്കേണ്ടതും ആയ മാർക്ഷങ്ങളും ഒരു കൂട്ടം തത്വങ്ങളും, നിയമങ്ങളും, നടപടിക്രമങ്ങളും ഭരണഘടനയിൽ നിർവ്വചിക്കുന്നു. ഗവൺമെന്റ് ഏതുതരത്തിലുള്ളതായിരിക്കണമെന്ന ആഗ്രഹവും രാജ്യം ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളും, ഭരണഘടനയിൽ ഉൾപ്പെട്ടിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയ്ക്ക് അതിന്റെ സത്തയായി ഏതാനും ഭരണ ഘടനാമൂല്യങ്ങളും അതിന്റെ ആത്മാവ് ആയി വിവിധ വകുപ്പുകളിലും, ഉപവകുപ്പുകളിലും മൂല്യങ്ങൾ പ്രസ്താവിക്കുകയും ചെയ്യുന്നു.

- ഭരണഘടനയിലുടനീളം ഭരണഘടനാ മൂല്യങ്ങൾ പ്രതിഫലിക്കുന്നു. എന്നാൽ അതിന്റെ ആമുഖത്തിൽ അടിസ്ഥാനമൂല്യങ്ങളും ഭരണഘടന അടിസ്ഥാനമാക്കിയിരിക്കുന്ന തത്വങ്ങളും പ്രസ്താവിക്കുന്നു. അടിസ്ഥാന മൂല്യങ്ങളും പ്രമാണങ്ങളുമായി പറയുന്നത് ഇവയാണ്. പരമാധികാരം, സോഷ്യലിസം, മതേതരത്വം, ജനാധിപത്യം, റിപ്പബ്ലിക്കൻ സ്വഭാവം, നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മാനുഷികമേന്മ, ഏകതയും രാഷ്ട്രത്തിന്റെ അഖണ്ഡതയും.

- ഇന്ത്യൻ ഭരണഘടനയുടെ സവിശേഷ വസ്തുതകൾ ഭരണഘടനാ മൂല്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അവയാണ്, ലിഖിത ഭരണഘടന, ഭരണഘടനയുടെ ദൃഢതയുടെയും വഴങ്ങലിന്റെയും അദ്വിതീയമായ സംയോജനം, മൗലിക അവകാശങ്ങൾ, നിർദ്ദേശകതത്വങ്ങൾ, മൗലിക കടമകൾ പൂർണ്ണമാക്കുവാൻ പര്യാപ്തമായ ശ്രേണിസ്വഭാവമുള്ള നീതിന്യായ സംവിധാനം, ഏകപൗരത്വം, സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം, ഫെഡറലിസം, പാർലമെന്ററി സമ്പ്രദായ ഗവൺമെന്റ്.

- ഇന്ത്യ ഒരു ഫെഡറൽ രാഷ്ട്രമാണ്; ലിഖിത ഭരണഘടനയുണ്ട്. ഏതാനും സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ദ്വിമണ്ഡല സഭകളുണ്ട്, സ്വതന്ത്രമായ നീതിന്യായകോടതികൾ ഉണ്ട്. എന്നാൽ സുശക്തമായ ഒരു കേന്ദ്ര ഗവൺമെന്റ് ഉള്ള ഫെഡറലിസം ആണ് ഇന്ത്യയിലുള്ളത്. ഭരണഘടനാ പ്രകാരം തന്നെ കേന്ദ്രഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുകളേക്കാൾ സുശക്തമാണ്.

കുറിപ്പുകൾ

- സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും പാർലമെന്റ് സമ്പ്രദായ ഗവൺമെന്റുകൾ ആണ് ഇന്ത്യയുടേത്. പ്രസിഡന്റ് നാമമാത്രമായ രാഷ്ട്രത്തലവൻ ആണ്, പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലാണ് യഥാർത്ഥ എക്സിക്യൂട്ടീവ്. എക്സിക്യൂട്ടീവും, നിയമനിർമ്മാണസഭയും തമ്മിൽ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പാർലമെന്റിനോട് മന്ത്രിസഭാ കൗൺസിലിന് കൂട്ടുത്തരവാദിത്തം ഉണ്ട്.

## പാഠ സമാപ്തി പ്രവർത്തികൾ

1. താഴെ കാണുന്ന ചോദ്യങ്ങൾക്ക് ചുരുക്കത്തിൽ ഉത്തരം എഴുതുക.

   (i) ഭരണഘടനയുടെ ആമുഖം എന്നാൽ എന്ത്? നിർവ്വചിക്കുക.

   (ii) ഭരണഘടന എന്നാൽ എന്ത്?

   (iii) ഭരണഘടന ഉണ്ടാക്കിയത് ആര്?

   (iv) സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം എന്നാൽ എന്ത്?

2. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

   (i) ഭരണഘടനയുടെ പ്രാധാന്യം വിവരിക്കുക.

   (ii) ഭരണഘടനയുടെ ആമുഖത്തിൽ ഉൾപ്പെടുത്തിയിരുന്ന പ്രധാനപ്പെട്ട ഭരണഘടനാമൂല്യങ്ങൾ എന്തൊക്കെ? നമ്മുടെ ദൈനംദിന ജീവിതത്തിൽ ഇവ എങ്ങനെ പ്രാവർത്തികമാകുന്നു?

   (iii) ഇന്ത്യൻ ഭരണഘടനയുടെ പ്രധാനപ്പെട്ട സവിശേഷതകൾ ഏതൊക്കെ യാണ്?

   (iv) ഇന്ത്യൻ ഭരണഘടനയുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ വിശദമാക്കുക.

   (v) ഇന്ത്യൻ ഭരണഘടന ദൃഢതയുള്ളതും അതേസമയം വഴങ്ങുന്നതു മാണെന്ന് നാം പറയുന്നത് എന്തുകൊണ്ട്?

   (vi) ഇന്ത്യൻ ഭരണഘടന 'ഭാവത്തിൽ ഫെഡറലും, പക്ഷേ ആത്മാവിൽ ഏകകവും' ആണെന്ന് പറയുന്നത് എന്തുകൊണ്ട്?

   (vii) ഇന്ത്യയിലെ പാർലമെന്ററി സമ്പ്രദായ ഗവൺമെന്റിന്റെ സ്വഭാവം പരിശോധിക്കുക.

   (viii) നിങ്ങളുടെ പ്രദേശത്ത് / മേഖലയിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷ ങ്ങളിൽ നിങ്ങൾ പങ്കാളി ആവുകയോ / കാഴ്ചക്കാരൻ ആവുകയോ ആയിട്ടുണ്ടോ? എങ്കിൽ ആഘോഷങ്ങളുടെ മുഖ്യചടങ്ങുകൾ ഏതൊക്കെ എന്ന് പറയുക.

   (ix) താഴെ കൊടുത്തിരിക്കുന്നത് ഒരു സൗദി അറേബ്യൻ പൗരനും ഒരു ഇന്ത്യൻ പൗരനും തമ്മിൽ നടന്ന സംഭാഷണം എഴുതി സൂക്ഷിച്ചതാണ്. സൗദി അറേബ്യൻ പൗരൻ ഉന്നയിച്ച പ്രധാന സംഗതികൾ താഴെ കൊടുത്തിരിക്കുന്നു. എന്നാൽ ഇന്ത്യൻ പൗരൻ കൊടുത്ത മറുപടി എഴുതി സൂക്ഷിക്കുവാനായില്ല. അതുകൊണ്ട് സ്ഥലം ശൂന്യമാണ്. ഈ പാഠത്തിൽ നിങ്ങൾ വായിച്ച അറിവുകളുടെയും, നിങ്ങളുടെ പൊതു വിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ ഉചിതമായ മറുപടി സഹിതം പൂർത്തിയാക്കുക. (സൗ.അ.)

സൗദി അറേബ്യൻ പൗരനേയും 'ഐ' ഇന്ത്യൻ പൗരനേയും പ്രതിനിധീകരിക്കുന്നു.

(a) സൗ.അ: 'ഞങ്ങളുടെ രാജ്യം ഒരു പിൻതുടർച്ചാവകാശി രാജാവ് ഭരിക്കുന്നു. ഞങ്ങൾക്ക് അദ്ദേഹത്തെ മാറ്റുവാൻ സാധ്യമല്ല. അതുകൊണ്ട് ഞങ്ങളുടേത് ഒരു ഏകാധിപത്യ ഭരണസമ്പ്രദായം ആണ്.'

ഐ: ..........................................................................................................

(b) സൗ.അ: 'ഞങ്ങൾക്ക് രാഷ്ട്രീയ പാർട്ടികൾ ഇല്ലാത്തതു കാരണം ഇവിടെ സൗദി അറേബ്യയിൽ ഇതുപോലെയുള്ള സമ്പ്രദായങ്ങൾ ഒന്നുമില്ല. ഇലക്ഷൻ ഇല്ല, ഗവൺമെന്റ് രൂപീകരണത്തിൽ ജനങ്ങൾക്ക് ഒന്നും പറയാനില്ല. രാജാവ് ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ഒന്നുംതന്നെ മാദ്ധ്യമ ങ്ങൾക്ക് പ്രസിദ്ധീകരിക്കാനാവില്ല.'

ഐ: ..........................................................................................................

(c) സൗ.അ: 'ഞങ്ങളുടെ രാജ്യത്ത് ഒരൊറ്റ മതം മാത്രമെ ഉള്ളൂ. അതുകൊണ്ട് മതസ്വാതന്ത്ര്യം ഇല്ല. ഓരോ പൗരനും മുസ്ലീം ആയിരിക്കണം.'

ഐ: ..........................................................................................................

(d) സൗ.അ: 'ശരിയാണ്! മുസ്ലീം ഇതര മതവിശ്വാസികൾക്ക് അവരുടെ മതവിശ്വാസം പുലർത്താം. എന്നാൽ അത് സ്വകാര്യമായിരിക്കണം, പൊതുസ്ഥലങ്ങളിൽ ആവരുത്.'

ഐ: ..........................................................................................................

(e) സൗ.അ: 'ഞങ്ങളുടെ രാജ്യത്ത് സ്ത്രീ / പുരുഷ വേർതിരിവ് ഉണ്ട്. സ്ത്രീകൾക്ക് പുരുഷ' ാരോടൊപ്പം തുല്യ അവകാശമില്ല. പൊതുകാര്യ ങ്ങളിൽ പങ്കെടുക്കുന്നതിൽ സ്ത്രീകൾക്ക് ഏതാനും വിലക്കുകൾ ഉണ്ട്. ഒരു പുരുഷൻ നൽകുന്ന സാക്ഷ്യം രണ്ടു സ്ത്രീകൾ നൽകുന്ന സാക്ഷ്യങ്ങൾക്ക് തുല്യമായി കരുതുന്നു.

ഐ: ..........................................................................................................

## ഇന്ത്യൻ പൗരൻ പ്രകടിപ്പിച്ച കാര്യങ്ങൾ?

1. ഇന്ത്യയിൽ സ്വാതന്ത്ര്യാനന്തരം രാജവാഴ്ചയില്ല. ആ സ്ഥാനത്ത് നമുക്ക് ഉള്ളത്, ജനങ്ങൾ പരോക്ഷമായി തെരഞ്ഞെടുത്ത ഒരു പ്രസിഡന്റാണ്. അതുകൊണ്ട് പാർലമെന്ററി സമ്പ്രദായപ്രകാരമുള്ള ഒരു റിപ്പബ്ലിക്കാണ് ഇന്ത്യയിലുള്ളത്. ജനങ്ങളുടെ പ്രതിനിധികളായി രാഷ്ട്രീയപാർട്ടികൾക്ക് മുഖ്യ പങ്ക് ഉണ്ട്.

2. ഈ കാര്യങ്ങളിൽ ഞങ്ങൾ ഭാഗ്യശാലികളാണ്. നമുക്ക് സംഘടനകൾ രൂപീകരിക്കുന്നതിനും, തൊഴിലാളി യൂണിയനുകൾ ഉണ്ടാക്കുന്നതിനും രാഷ്ട്രീയപാർട്ടികൾ രൂപീകരിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ട്. ഓരോ പൗരനും വോട്ടവകാശം ഉണ്ട്.

തെരഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള അവകാശം ഉണ്ട്. ഇന്ത്യ ഒരു ബഹു-സംസ്കാര, ബഹുഭാഷാ, ബഹുമത വിശ്വാസ രാഷ്ട്രമായിട്ടും, ഇന്ത്യയിൽ മാദ്ധ്യമങ്ങൾ സ്വതന്ത്രങ്ങളാണ്. ഏതു കാര്യങ്ങളെ സംബന്ധിച്ചും അഭിപ്രായം പറയുവാനുള്ള സ്വാതന്ത്ര്യം മാദ്ധ്യമങ്ങൾക്ക് ഉണ്ട്.

3. എന്നാൽ നമ്മളുടേത് ഒരു മതേതരത്വ രാഷ്ട്രമാണ്. രാഷ്ട്രത്തിന് അതിന്റേതായ മതവിശ്വാസങ്ങൾ ഇല്ല. ഓരോ പൗരനും മൗലിക അവകാശം ഉണ്ട്. മതവിശ്വാസം മൗലിക അവകാശമായി ഭരണഘടന ഉറപ്പ് നൽകുന്നു. ഹിന്ദുക്കൾ, മുസ്ലീങ്ങൾ, സിക്കുകാർ, ക്രിസ്ത്യാനികൾ അതുപോലെ മറ്റുള്ള എല്ലാവർക്കും അവരുടെ വിശ്വാസം പുലർത്തുന്നതിന് സ്വാതന്ത്ര്യം ഉണ്ട്.

4. അപരിചിതം എന്ന് തോന്നാം! ഏതു മതവിശ്വാസം സ്വീകരിക്കുന്നതിനോ, മതപഠനം നടത്തുന്നതിനോ, പ്രബോധനം നടത്തുന്നതിനോ, പൊതുവായി ശീലിക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യം ഭരണഘടന ഉറപ്പ് നൽകുന്നു.

5. ഇന്ത്യൻ ഭരണഘടന ആൺ / പെൺ വ്യത്യാസമില്ലാതെ തുല്യത പ്രദാനം ചെയ്യുന്നു. എന്നാൽ അത് പൂർണ്ണതയിൽ എത്തുവാൻ നമുക്ക് ബഹുദൂരം പോകേണ്ടിയിരിക്കുന്നു. ഏതു മേഖലയിലും സ്ത്രീകൾക്ക് തുല്യ അവകാശം ഉണ്ട്. വനിതകൾ എല്ലാത്തരം ജോലികളിലും വ്യാപാരങ്ങളിലും ഏർപ്പെടുന്നു. അവർ പ്രത്യേക സംവരണത്തിന്റെ ഗുണഭോക്താക്കളുമാകുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**15.1**

1. ഒരു സംസ്ഥാനത്തെ സംബന്ധിച്ചോ, രാഷ്ട്രത്തെ സംബന്ധിച്ചോ പരാമർശിക്കുമ്പോൾ ഭരണഘടനയെന്നാൽ ഒരു കൂട്ടം ആധികാരിക തത്വങ്ങൾ, അടിസ്ഥാന നിയമങ്ങൾ, മുൻ അനുഭവങ്ങളുടെ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ള പ്രമാണം / ദൃഷ്ടാന്തം എന്നൊക്കെ പറയുന്നു. രാഷ്ട്രത്തിന്റെ വിവിധ മേഖലകളെ തിരിച്ചറിയുന്നതിനും, നിർവ്വചിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, രാഷ്ട്രത്തിന്റെ മുഖ്യ സ്ഥാപനങ്ങളുടെ സ്വഭാവം, ഘടന, അധികാരങ്ങൾ, ചുമതലകൾ എന്നിവയും ഗവൺമെന്റിന്റെ മൂന്ന് ഘടകങ്ങളായ എക്സിക്യൂട്ടീവ് (ഭരണനിർവ്വഹണം) നിയമനിർമ്മാണസഭ, നീതിന്യായ വിഭാഗം എന്നിവയെപ്പറ്റി മനസ്സിലാക്കുന്നതിനും ഭരണഘടന ആവശ്യമാണ്. പൗരൻമാരുടെ അവകാശ ങ്ങളും സ്വാതന്ത്ര്യങ്ങളും ഭരണഘടന ഉറപ്പു നൽകുന്നു. ഓരോ പൗരനും, രാഷ്ട്രവും, ഗവൺമെന്റും തമ്മിലുള്ള ബന്ധവും ഭരണഘടന വ്യക്തമാക്കുകയും ചെയ്യുന്നു.

2. (i) ദൈർഘ്യമേറിയത് (ii) കോൺസ്റ്റിറ്റുവന്റ് അസംബ്ലി (ഭരണഘടന രൂപീകരണ സമിതി) (iii) നാളിതുവരെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്താനായി ഭരണഘടന ഭേദഗതി ചെയ്യേണ്ടിവരുമ്പോൾ (iv) റിപ്പബ്ലിക് ദിനം, 26 ജനുവരി 1950.

**15.2**

1. മനുഷ്യസമൂഹത്തിന്റെ അസ്തിത്വത്തിനും നിലനിൽപിനും വേണ്ടി ഉണ്ടായിരിക്കേണ്ടതും പാലിക്കേണ്ടതുമായ അത്യാവശ്യ ഘടകങ്ങളെ മൂല്യങ്ങൾ എന്ന് പറയാം.

2. ഭരണഘടനയുടെ ലക്ഷ്യങ്ങളായി മൂല്യങ്ങളെ ആമുഖത്തിൽ ചേർത്തി രിക്കുന്നു. അവയാണ്; പരമാധികാരം, സോഷ്യലിസം, മതേതരത്വം, ജനാധിപത്യം, രാഷ്ട്ര ത്തിന്റെ റിപ്പബ്ലിക്കൻ സ്വഭാവം, നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, മനുഷ്യ മേന്മ, ഐക്യം, രാഷ്ട്രത്തിന്റെ അഖണ്ഡത.

3.

| A | B |
|---|---|
| (i) | (g) |
| (ii) | (a) |
| (iii) | (c) |
| (iv) | (b) |
| (v) | (c) |
| (vi) | (h) |
| (vii) | (j) |
| (viii) | (i) |
| (ix) | (d) |

**15.3**

1. (i) ലിഖിത ഭരണഘടന (ii) ദൃഢതയുടെയും വഴങ്ങലിന്റെയും അതുല്യ സംയോജനം (iii) മൗലിക അവകാശങ്ങളും ചുമതലകളും (iv) നിർദ്ദേശകതത്വങ്ങൾ (v) ശ്രേണി ഘടനയുള്ള നീതിന്യായ വകുപ്പ് സമ്പ്രദായം (vi) ഏകപൗരത്വം (vii) സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശം (viii) ഫെഡറൽ സമ്പ്രദായവും പാർലമെന്ററി മാതൃകയിലുമുള്ള ഗവൺമെന്റ്

2. സാമൂഹികവും സാമ്പത്തികവുമായ സമത്വം, സാമൂഹ്യ വിവേചനം അവസാനിപ്പി ക്കൽ, ആഭ്യന്തര സമാധാനം സംരക്ഷിക്കുക.

3. ദേശീയ തലത്തിൽ സുപ്രീംകോടതിയും സംസ്ഥാനതലത്തിൽ ഹൈക്കോടതികളും ജില്ലാതലത്തിലും, ജില്ലയ്ക്ക് താഴെയുമായി മറ്റ് കീഴ്ക്കോടതികളും ഉള്ള ഒരു ഏക ശ്രേണിഘടന. ഏകശ്രേണിഘടനയിൽ സുപ്രീംകോടതിയാണ് പരമോന്നത കോടതി.

4. എവിടെ താമസിക്കുന്ന ആൾ എന്നതിനുപരിയായിട്ട് ഓരോ ഇന്ത്യാക്കാ രനും ഇ ന്ത്യൻ പൗരൻ എന്ന് അർത്ഥമാക്കുന്നു.

**15.4**

1 (i) കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും ഉള്ള ദ്വിതല ഗവൺമെന്റ് (ii) കേന്ദ്ര വും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാര വികേന്ദ്രീകരണം (iii) ലിഖിത ഭരണ ഘടന (iv) നീതിന്യായവകുപ്പിന്റെ പരമോന്നത പദവി

2 (i) ഇന്ത്യയുടെ പ്രദേശങ്ങളിലെല്ലാം കേന്ദ്ര ഗവൺമെന്റിന് അധികാരം ഉണ്ട്. രാഷ് ട്രത്തിന്റെ നിലനിൽപും എല്ലാ പ്രദേശങ്ങളുടെയും പാലനവും, രാഷ്ട്രത്തിന്റെ അ ഖണ്ഡതയും പാർലമെന്റിന്റെ അധികാരപരിധിയിലാണ്. (ii) കേന്ദ്രവും സംസ്ഥാ




നങ്ങളും തമ്മിലുള്ള അധികാര വിഭജനത്തിൽ കേന്ദ്രത്തിന്റെ അധികാരങ്ങൾക്കാണ് മുൻതൂക്കം. കേന്ദ്രഗവൺമെന്റിന്റെ അധികാരത്തിൽ എല്ലാ മുഖ്യ വിഷയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. (iii) സംയോജനരീതിയിൽ പടിപടിയായുള്ള നീതിന്യായ സംവിധാനത്തിൽ സുപ്രീംകോടതിയാണ് പരമോന്നത പദവിയിലുള്ളത്. (iv) മൂന്നുവിധ അടിയന്തിരാവസ്ഥയിൽ ഏത് പ്രഖ്യാപിച്ചാലും കേന്ദ്ര ഗവൺമെന്റിന്റെ അധികാരങ്ങൾ വർദ്ധിക്കും. കേന്ദ്ര ഗവൺമെന്റ് സുശക്തമാകും. (v) മൂന്നുവിധ അടിയന്തിരാവസ്ഥയിൽ ഏത് പ്രഖ്യാപിച്ചാലും കേന്ദ്ര ഗവൺമെന്റ് സുശക്തമാവുകയും ഇന്ത്യ ഒരു ഏകകരാഷ്ട്ര (unitary) മായി മാറുകയും ചെയ്യും. (vi) ഭരണഘടനയുടെ വകുപ്പുകൾ പ്രകാരം കേന്ദ്രത്തിന്റെ ഭരണ നിർവ്വഹണാധികാരം സംസ്ഥാനങ്ങളുടെ ഭരണ നിർവ്വഹണാ ധികാരങ്ങളേക്കാൾ കൂടുതൽ ആയിരിക്കും.

3. ഗ്രന്ഥങ്ങളിൽ നിന്നോ, മാസികകളിൽ നിന്നോ അല്ലെങ്കിൽ ഇന്റർനെറ്റിൽ നിന്നോ ഉചിതമായ അറിവുകൾ ശേഖരിക്കുക.

**15.5**

1. പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലിനാണ് ഭരണ നിർവ്വഹണ (എക്സിക്യുട്ടീവ്) അധികാരം. ഭരണനിർവ്വഹണ വിഭാഗവും, പാർലമെന്റും തമ്മിൽ അടുത്ത ബന്ധമാണ് ഉള്ളത്. മന്ത്രിസഭാ കൗൺസിലിന് പാർലമെന്റിനോട് കൂട്ടുത്തരവാദിത്തമാണ് ഉള്ളത്. മന്ത്രിസഭാ കൗൺസിലിന് എതിരായി ലോക്സഭയിൽ ഒരു അവിശ്വാസ പ്രമേയം പാസ്സായാൽ കൗൺസിൽ രാജിവച്ച് അധികാരത്തിൽ നിന്നും ഒഴിയും.

2. രാഷ്ട്രത്തലവനായ പ്രസിഡന്റ് ഒരു നാമമാത്രമായതും, ഔപചാ രികവുമായ എക്സിക്യുട്ടീവ് ആണ്. ഭരണഘടനയുടെ തത്വങ്ങൾ പ്രകാരം എല്ലാ അധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമാണ്. എന്നാൽ പ്രവർത്തനത്തിൽ ഈ അധികാരങ്ങളൊന്നും പ്രസിഡന്റ് ഉപയോ ഗിക്കാറില്ല. പ്രധാനമന്ത്രിയും മന്ത്രിസഭാ കൗൺസിലുമാണ് ഈ അധികാരങ്ങൾ ഉപയോഗിക്കുന്നത്. പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലാണ് യഥാർത്ഥ എക്സിക്യുട്ടീവ്. മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശപ്രകാരമല്ലാതെ പ്രസിഡന്റിന് പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. പാർലമെന്റിലെ അംഗങ്ങൾ ഉൾപ്പെട്ട ഒരു 'ഇലക്ടറൽ കോളേജ്' ആണ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത്. പാർലമെന്റിൽ പ്രസിഡന്റിനെ വിചാരണ (ഇംപീച്ച്) ചെയ്യുന്നത് പാസ്സായാൽ പ്രസിഡന്റ് അധികാരത്തിൽ നിന്ന് ഒഴിവാകും.

3. ഓരോ മന്ത്രിയുടെയും ഉത്തരവാദിത്തം മന്ത്രിസഭാ കൗൺസിലിന്റെ ഉത്തരവാദിത്തം എന്നാണ് ഇത് അർത്ഥമാക്കുന്നത്. ഒരു മന്ത്രാലയം വിമർശിക്കപ്പെട്ടാൽ മന്ത്രിസഭാ കൗൺസിൽ മുഴുവനും അതിന് ഉത്തരവാദി ആയിരിക്കും.

4. ഗവൺമെന്റിന്റെ നയങ്ങൾ, പ്രോഗ്രാം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് അവർ ചോദ്യങ്ങളും ഉപചോദ്യങ്ങളും ഉന്നയിക്കുന്നു. അനിശ്ചിതകാലത്തേക്ക് മാറ്റിവയ്ക്കാനോ, ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുവാനോ, അവർക്ക് സാധിക്കും. മന്ത്രിസഭാ കൗൺസിൽ അവതരിപ്പിക്കുന്ന ഒരു ബില്ലും പാർലമെന്റ് പാസ്സാക്കിയില്ലെങ്കിൽ നിയമം ആവില്ല. വാർഷിക ബഡ്ജറ്റും പാസ്സാക്കേണ്ടത് പാർലമെന്റ് ആണ്.

# 16

# മൗലിക അവകാശങ്ങളും മൗലിക കടമകളും

'വിദ്യാഭ്യാസ അവകാശം', 'വിവരാവകാശം', 'സമാധാനപരമായി സമരം ചെയ്യാനുള്ള അവകാശം' തുടങ്ങിയ പ്രയോഗങ്ങൾ ഈയിടെയായി തുടർച്ച യായി ഉപയോഗിക്കാറുണ്ട്. നിങ്ങൾക്കും ഏതാനും അവകാശങ്ങളുണ്ടെന്ന് നിരവധി പ്രാവശ്യം നിങ്ങൾ ചിന്തിച്ചിട്ടുണ്ടാവും! അതോടൊപ്പംതന്നെ നിങ്ങൾക്ക് മറ്റു വ്യക്തികളോടും, സമൂഹത്തോടും, രാഷ്ട്രത്തോടും എല്ലാ മനുഷ്യരോടും ഏതാനും കടമകൾ നിർവ്വഹിക്കാനുണ്ടെന്ന് ആരെങ്കിലും, ചിലപ്പോൾ നിങ്ങളുടെ അദ്ധ്യാപകൻ തന്നെ, പറഞ്ഞിട്ടുണ്ടാവും.! ഓരോ വ്യക്തിക്കും ഏതാനും അവകാശങ്ങൾ ഉണ്ടെന്നും, ഓരോരുത്തരും കടമ ചെയ്യുന്നുവെന്നും നിങ്ങൾ ചിന്തിക്കുന്നുവോ? ചിലപ്പോൾ ഇല്ലായിരിക്കും! എന്നാൽ വ്യക്തികൾക്ക് ഏതാനും അവകാശങ്ങൾക്ക് അർഹതയുണ്ടെന്ന് എല്ലാവരും സമ്മതിക്കും. പ്രത്യേകിച്ചും നമ്മുടേതുപോലെയുള്ള ഒരു ജനാധിപത്യരാജ്യത്തിൽ ഓരോ പൗരനും ഉറപ്പാക്കേണ്ട ഏതാനും അവകാശങ്ങളുണ്ട്. അതുപോലെ ജനാധി പത്യത്തിൽ പൗരന്മാർ ചെയ്യേണ്ട ഏതാനും കടമകളും ഉണ്ട്. ഇന്ത്യൻ ഭരണഘടന, ഇന്ത്യയിലെ പൗരന്മാർക്ക് ഏതാനും അവകാശങ്ങൾ നൽകുന്നുണ്ട്. അവയെ മൗലികാവകാശങ്ങൾ എന്ന് പറയുന്നു. ഭരണഘടന ഇതിനുപുറമെ, ഓരോ പൗരനും നിർവ്വഹിക്കേണ്ടതായ ഏതാനും മർമ്മപ്രധാനമായ കടമകളും ഭരണഘടനയിൽ പട്ടിക ചെയ്തിട്ടുണ്ട്. അവ മൗലിക കടമകൾ എന്ന് അറിയപ്പെടുന്നു. ഈ പാഠത്തിൽ മൗലികാവകാശങ്ങളുടെയും മൗലിക കടമകളുടെയും വിശദാംശങ്ങൾ ചർച്ച ചെയ്യാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പൂർത്തിയാക്കുമ്പോൾ നിങ്ങൾക്ക് കഴിയുന്നത്:

- അവകാശങ്ങളുടെയും കടമകളുടെയും അർത്ഥം വിവരിക്കുവാനും നമ്മുടെ ദൈനംദിന ജീവിതത്തിൽ അവയുടെ ആവശ്യവും പ്രാധാന്യവും വിമർശന ബുദ്ധിയോടെ വിലയിരുത്തുവാനും;
- ഭരണഘടനയിൽ നൽകിയിട്ടുള്ള മൗലികാവകാശങ്ങളുടെ പ്രാധാന്യം വിലയിരുത്തുവാനും അവയുടെ നിയന്ത്രണങ്ങളും ഒഴിവാക്കലും അപഗ്രഥിക്കുവാനും;
- സമീപകാലത്ത് അവയോട് ചേർത്തിരിക്കുന്ന വിദ്യാഭ്യാസ അവകാശത്തിന്റെ പരിണിതഫലങ്ങൾ അറിയുവാൻ;

- മൗലികാവകാശങ്ങളും മനുഷ്യാവകാശങ്ങളും താരതമ്യം ചെയ്യുവാൻ;
- മൗലികാവകാശ ലംഘനങ്ങളുണ്ടായാൽ ഭരണഘടനാപരമായ മാർഗ്ഗങ്ങളിലൂടെ നീതി ലഭ്യമാക്കാനുള്ള പ്രക്രിയകൾ മനസ്സിലാക്കുവാൻ;
- ഉത്തമപൗരനെന്ന നിലയിലും നീതിന്യായവ്യവസ്ഥകളനുസരിച്ചുകൊണ്ടും മൗലിക കടമകളുടെ പ്രാധാന്യം മനസ്സിലാക്കി അത് നിർവ്വഹിക്കുവാൻ;

## 16.1 അവകാശങ്ങളും കടമകളും – അർത്ഥവും പ്രാധാന്യവും

അവകാശങ്ങൾ എന്ന് നാം പലപ്പോഴും പറയാറുണ്ട്; അവകാശം എന്ന പദത്തിന്റെ അർത്ഥം എന്തെന്ന് അറിയാമോ? ആളുകളുടെ പരസ്പര പ്രവർത്തനങ്ങളിലെ നിയമങ്ങളാണ് അവകാശം. അവകാശങ്ങൾ, ഒരു സമൂഹത്തിന്റെയോ അല്ലെങ്കിൽ വ്യക്തികളുടെയോ അഥവാ സംസ്ഥാനത്തിന്റെയോ പ്രവർത്തനങ്ങളിള' ൽ ഉള്ള നിയന്ത്രണങ്ങളും കടപ്പാടുകളും ഏർപ്പെടുത്തുന്നു. ഉദാഹരണത്തിന് ഒരാൾക്ക് ജീവിക്കാനുള്ള അവകാശം ഉണ്ടെങ്കിൽ, ഇത് അർത്ഥമാക്കുന്നത് മറ്റുള്ളവർക്ക് അയാളെ / അവളെ വധിക്കുവാനുള്ള സ്വാതന്ത്ര്യം ഇല്ല എന്നതാണ്. ഒരാളുടെ വളർച്ചയ്ക്കോ, പുരോഗതിക്കോ ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളായി സമൂഹമോ, രാഷ്ട്രമോ അംഗീകരിച്ചിട്ടുള്ള ഒരാളുടെ അർഹമായ അധികാ രത്തെ അവകാശമായി നിർവ്വചിക്കാം. അവ നിയമപരമായിട്ടും, സാമൂഹ്യപരമായിട്ടും, ധർമ്മനീതിപരമായിട്ടുമുള്ള സ്വാതന്ത്ര്യത്തിന്റെ തത്വങ്ങളാണ് അഥവാ അവകാശങ്ങളാണ്. ആളുകൾക്ക് അനുവദനീയങ്ങളായതോ, അഥവാ നിയമ സമ്പ്രദായങ്ങളനുസരിച്ചും, സദാചാര സമ്പ്രദായമനുസരിച്ചും, സാമൂഹ്യനടപടി കളനുസരിച്ചും, സദാചാര / ധർമ്മ ശാസ്ത്രമനുസരിച്ചും അർഹതപ്പെട്ട, അടിസ്ഥാനപരമായ സാധാരണ നിയമങ്ങൾ എന്നോ പറയാം. സംസ്ക്കാരത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായും, സാമൂഹ്യവ്യവസ്ഥിതി യുടെയും സംസ്ക്കാരത്തിന്റെയും വ്യവസ്ഥാപിത തൂണുകളായും, അവകാശങ്ങളെ കണക്കാക്കുന്നു.

എന്നാൽ അവകാശങ്ങൾക്ക് അർത്ഥസംപുഷ്ടി കൈവരുന്നത് വ്യക്തികൾ അവരുടെ കടമകൾ നിർവ്വഹിക്കുമ്പോഴാണ്. ഒരാൾ നിർവ്വഹിക്കേണ്ടതോ, നിർവ്വഹിച്ചിരിക്കേണ്ടതോ ആയിട്ടുള്ളതാണ് കടമ. ഉദാഹരണത്തിന് ഒരു ശിശുവിന്റെ കാര്യങ്ങൾ ചെയ്യേണ്ടത് രക്ഷകർത്താക്കളുടെ കടമകളാണ്. നിങ്ങൾക്ക് രക്ഷകർത്താക്കളോട് കടമ നിർവ്വഹിക്കേണ്ടതുണ്ട്. ഒരു അദ്ധ്യാപകന് വിദ്യാർത്ഥികളെ വിദ്യാഭ്യാസം ചെയ്യിക്കേണ്ട കടമകളുണ്ട്. യഥാർത്ഥത്തിൽ, ജീവിതരഥം സുഗമമായി മുമ്പോട്ട് നീങ്ങുന്നതിന് ആവശ്യമായ ഇരുചക്രങ്ങളാണ് അവകാശങ്ങളും കടമകളും. അവകാശങ്ങളും കടമകളും ഒരുമിച്ച് നീങ്ങുമ്പോൾ, രണ്ടും പരസ്പര പൂരകങ്ങളായി മാറുന്നു; ജീവിതവും സുഗമമായി മാറും. മറ്റുള്ളവർ നമുക്കുവേണ്ടി ചെയ്യുവാനാഗ്രഹിക്കുന്നത് അവകാശങ്ങളും അതേസമയം മറ്റുള്ളവർക്കുവേണ്ടി നാം ചെയ്യേണ്ടതായ പ്രവർത്തികൾ ചുമതലകളും/കടമകളും ആകുന്നു. അങ്ങനെ മറ്റുള്ളവരുടെ അവകാശം മാനിക്കപ്പെടാനുള്ള ഒരു കടപ്പാടോടുകൂടിയാണ് നമ്മുടെ ഒരു അവകാശം വരുന്നത്. അവകാശത്തോടൊപ്പം വരുന്ന ചുമതല, മൗലിക കടമകളുടെ രൂപത്തിലാണ്. പൊതുസൗകര്യങ്ങളായ ഗതാഗതവും, ആരോഗ്യപരിപാലന സേവനങ്ങളും അനുഭവിക്കുവാൻ നമുക്ക് അവകാശപ്പെട്ടതാണെങ്കിൽ മറ്റുള്ളവർക്ക് ഇവ അനുഭവിക്കാൻ അനുവദിക്കേണ്ടത് നമ്മുടെ കടമയാണ്. നമുക്ക് സ്വാതന്ത്ര്യത്തിനുള്ള അവകാശം ഉണ്ടെങ്കിൽ ദുര്യോപയോഗപ്പെടുത്തി മറ്റുള്ളവരെ ദ്രോഹിക്കാതിരിക്കേണ്ടത് നമ്മുടെ ചുമതല / കടമയാണ്.

## പ്രവർത്തനം 16.1

നിങ്ങളുടെ അവകാശങ്ങളും നിങ്ങളുടെ കുടുംബത്തിനോടും, സുഹൃത്തുക്കളോടും, പരിസരവാസികളോടും നിർവ്വഹിക്കേണ്ട ചുമതലകളും താഴെ കൊടുത്തിരിക്കുന്ന കോളങ്ങളിൽ എഴുതുക.

**എന്റെ ചുമതലകൾ / കടമകൾ**

| എന്റെ കുടുംബത്തോട് | എന്റെ സുഹൃത്തുക്കളോട് | എന്റെ പരിസരത്തിലുള്ളവരോട് |
|---|---|---|
| 1. | 1. | 1. |
| 2. | 2. | 2. |

**എന്റെ അവകാശങ്ങൾ**

| എന്റെ കുടുംബത്തിൽ | എന്റെ സുഹൃത്തുക്കളുമായി ബന്ധപ്പെട്ടത് | എന്റെ പരിസരത്ത് വസിക്കുന്നവരുമായി |
|---|---|---|
| 1. | 1. | 1. |
| 2. | 2. | 2. |

നിങ്ങളുടെ അവകാശങ്ങളും ചുമതലകളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെ എന്ന് നിങ്ങൾ ചിന്തിച്ചുവോ? അവ പരസ്പരം ബന്ധപ്പെട്ടിരി ക്കുന്നുവെന്ന് ചിന്തിക്കുന്നുവോ? എങ്ങിനെ?

## 16.2 മൗലിക അവകാശങ്ങൾ

നമ്മൾ മനസ്സിലാക്കിയതുപോലെ വ്യക്തികളുടെ നിലനില്പിനും വളർച്ചയ്ക്കും അവകാശങ്ങൾ അർഹതപ്പെട്ടതാണ്. ആ അർത്ഥത്തിൽ, അവകാശങ്ങളുടെ ഒരു നീണ്ട നിര ഉണ്ടായേക്കാം. ഇവയെല്ലാം തന്നെ സമൂഹം അംഗീകരിച്ചിട്ടുള്ളതാണ്. പ്രധാനപ്പെട്ട ഏതാനും അവകാശങ്ങൾ രാഷ്ട്രം അംഗീകരിച്ച് ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയെ മൗലിക അവകാശങ്ങൾ എന്ന് വിളിക്കുന്നു. ഈ അവകാശങ്ങൾ മൗലികമായിരിക്കു ന്നതിന് 2 കാരണങ്ങൾ ഉണ്ട്.

ഒന്ന്, ഈ അവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും, ഉറപ്പു നൽകുന്നതുമാണ്. രണ്ട്, ഇത് വിചാരണ ചെയ്യാവുന്നതാണ്. അതായത് കോടതി വഴി വിചാരണചെയ്യാവുന്നതാണ്. വിചാരണചെയ്യാവുന്നത് എന്നാൽ അർത്ഥമാക്കുന്നത് ഇവ ലംഘിക്കപ്പെട്ടാൽ വ്യക്തികൾക്ക് കോടതി മുഖേന ഇതിന്റെ സംരക്ഷണത്തിന് അവകാശമുണ്ട് എന്നതാണ്. ഇവയിൽ ഏതെങ്കിലും അവകാശം ഒരു ഗവൺമെന്റ് നിയമം മുഖേന നിയന്ത്രിച്ചാൽ കോടതികൾക്ക് ആ നിയമം അസാധുവായി പ്രഖ്യാപിക്കാം. ഇന്ത്യൻ ഭരണഘടനയിലെ ഭാഗം III-ൽ മൗലിക അവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു ഇന്ത്യൻ പൗരന്, ഭരണഘടന ആറ് പ്രധാനപ്പെട്ട അവകാശങ്ങൾ നൽകുന്നുണ്ട്. (i) സമത്വത്തി

നുള്ള അവകാശം (ii) സ്വാതന്ത്ര്യത്തിനുള്ള അവകാശം (iii) ചൂഷണത്തിനെ തിരെയുള്ള അവകാശം (iv) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (v) സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (vi) ഭരണഘടനാ പരമായ പരിഹാരങ്ങൾക്കുള്ള അവകാശം ഈ അവകാശങ്ങൾ സാർവ്വത്രിക മാണെങ്കിലും, ഭരണഘടന ഏതാനും ഒഴിവാക്കലും, നിയന്ത്രണങ്ങളും അനുശാസിക്കുന്നുണ്ട്.

**നിങ്ങൾക്കറിയാമോ**

നമ്മുടെ ഭരണഘടന നിലവിൽവന്ന പ്രഥമഘട്ടത്തിൽ ഏഴ് മൗലിക അവകാശങ്ങൾ ഉൾപ്പെടുത്തിയിരുന്നു. മേൽപറഞ്ഞ ആറ് മൗലിക അവകാശങ്ങൾക്ക് പുറമെ സ്വത്ത് നേടുന്നതിനും അനുഭവിക്കുന്നതിനുമുള്ള അവകാശം കൂടി ഉണ്ടായിരുന്നു. എന്നാൽ ഈ അവകാശം സോഷ്യലിസ്റ്റ് ലക്ഷ്യം കൈവരിക്കുന്നതിനും സ്വത്തിന്റെ തുല്യമായ വിതരണത്തിനും പ്രതിബന്ധങ്ങളായി മാറിയതുകൊണ്ട് 1978-ൽ ഇത് ഭരണഘടനയുടെ 44-ാം ഭേദഗതിയിലൂടെ പട്ടികയിൽ നിന്നും നീക്കംചെയ്തു. എന്നിരുന്നാലും ഇത് പട്ടികയിൽ നിന്നും നീക്കിയതിന്റെ അർത്ഥം നമുക്ക് സ്വത്ത് സമ്പാദിക്കുന്നതിനും, കൈവശം വയ്ക്കുവാനും, കൈമാറ്റം ചെയ്യാനുമുള്ള അവകാശമില്ല എന്നുള്ളതല്ല. പൗരന്മാർക്ക് ഇപ്പോഴും ഈ അവകാശം ഉണ്ട്. എന്നാൽ ഇപ്പോൾ ഇത് ഒരു നിയമപരമായ അവകാശം മാത്രമായി; മറിച്ച് മൗലിക അവകാശം അല്ല.

### 16.2.1 സമത്വത്തിനുള്ള അവകാശം

നമ്മുടേതു പോലെയുള്ള സമൂഹത്തിൽ സമത്വത്തിനുള്ള സ്വാതന്ത്ര്യം വളരെ പ്രധാനപ്പെട്ടതാണ്. ഈ അവകാശത്തിനുള്ള പ്രധാന ഉദ്ദേശം നിയമ വാഴ്ചയാണ്. എല്ലാ പൗരന്മാരും നിയമത്തിനു മുൻപിൽ തുല്യരാണ്. അല്ലെങ്കിൽ ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും നിയമത്തിന്റെ സംരക്ഷണം നൽകുന്നതിനും, ജനനസ്ഥലത്തിന്റെയോ, ആൺ / പെൺ വ്യത്യാസത്തിന്റെയോ, സമുദായത്തിന്റെയോ, വർക്ഷത്തിന്റെയോ, മതവിശ്വാസത്തിന്റെയോ പേരിലുള്ള വിവേചനം ഇല്ലാതാക്കുവാൻ സാധിച്ചു. ഈ അവകാശത്തിന് അഞ്ച് ഉപവകുപ്പുകളും (വകുപ്പ് 14-18) ചേർത്തിട്ടുണ്ട്.

**(i)** **നിയമത്തിനു മുന്നിൽ തുല്യത:** എല്ലാ പൗര' ാരും നിയമത്തിനു മുന്നിൽ തുല്യരാണെന്ന് ഭരണഘടന ഉറപ്പുനൽകുന്നു. രാജ്യത്തെ നിയമം എല്ലാ വർക്കും തുല്യമായി പരിരക്ഷ നൽകുന്നുവെന്നാണ് അർത്ഥമാക്കുന്നത്. ആരും നിയമത്തിന് മുകളിലല്ല. ഇതിന്റെ അർത്ഥം രണ്ട് ആളുകൾ ഒരേ കുറ്റം ചെയ്താൽ, യാതൊരു വിവേചനവും ഇല്ലാതെ രണ്ടുപേർക്കും ഒരേ ശിക്ഷ ലഭിക്കും എന്നതാണ്.

**(ii)** **മതവിശ്വാസത്തിന്റെ പേരിലോ വർഗ്ഗത്തിന്റെ പേരിലോ ജാതിയുടെ പേരിലോ, ആൺ / പെൺ വ്യത്യാസത്തിന്റെ പേരിലോ, ജന്മസ്ഥലത്തിന്റെ പേരിലോ യാതൊരു വിവേചനവും ഇല്ല:** മതവിശ്വാസം, വർഗ്ഗം, ജാതി, ആൺ / പെൺ, ജന്മസ്ഥലം എന്നിവയുടെ പേരിൽ ഒരു പൗരനോടും വിവേചനം രാഷ്ട്രം അനുവദിക്കുന്നില്ല. സാമൂഹ്യസമത്വം നടപ്പിലാകുന്നതിന് ഇത് ആവശ്യമാണ്. യാതൊരു വിവേചനവും ഇല്ലാതെ എല്ലാ പൗരന്മാർക്കും ഏത് വ്യാപാരശാലകളിലോ, ഭക്ഷണശാലകളിലോ, പൊതു വിനോദശാലകളിലോ പ്രവേശിക്കുന്നതിനും അല്ലെങ്കിൽ പൊതുകിണർ ജലസംഭരണികൾ എന്നിവ ഉപയോഗിക്കുന്നതിനോ, ഏതു റോഡിലൂടെയുള്ള സഞ്ചാരത്തിനോ, സ്വാതന്ത്ര്യം ഉണ്ടായിരിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ഇളവുകൾ അനുവദിക്കുന്നതിനും രാഷ്ട്രത്തിന് അധികാരം ഉണ്ട്.

**(iii) പൊതുതൊഴിൽ കാര്യത്തിൽ എല്ലാ പൗരന്മാർക്കും തുല്യ അവസരം:** പൊതു തൊഴിലിന്റെ കാര്യത്തിൽ ഒരാളിനോടും രാഷ്ട്രം വിവേചനനയം സ്വീകരിക്കില്ല. ഏതു പൗരനും ഏത് തൊഴിലിനും അപേക്ഷി ക്കാവുന്നതും, രാഷ്ട്രത്തിലെ ജോ ലിക്കാരും ആകാം. തൊഴിലിന് യോഗ്യതയും അർഹതയും മാത്രം അടിസ്ഥാനമാ യിരിക്കും. എന്നാൽ ഈ അവകാശത്തിന് ഏതാനും നീക്കുപോക്കുകൾ ഉണ്ട്. പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗം (OBC) എന്നീ വിഭാഗങ്ങളിലു ള്ളവർക്ക് തൊഴിൽ സംവരണം ചെയ്യാനുള്ള പ്രത്യേക വകുപ്പുകളുണ്ട്.




**ചിത്രം 16.1** *ആൺ / പെൺ വ്യത്യാസമില്ലാതെ ഓഫീസിൽ ജോലിചെയ്യുന്നത്*

**(iv) തൊട്ടുകൂടായ്മ ഉച്ഛേദനം:** ഏതുതരത്തിലുള്ള തൊട്ടുകൂടായ്മ സമ്പ്രദായവും നി യമപരമായി ശിക്ഷാർഹമാണ്. തൊഴിലിന്റെയും ജാതിയുടെയും പേരിൽ ലക്ഷക്ക ണ ക്കിന് ആളുകളെ സാമൂഹ്യമായി മാറ്റിനിർത്തുന്നത് അവസാനിപ്പിച്ച്, അവരുടെ സാമൂഹ്യവ്യവസ്ഥിതി മെച്ചപ്പെടുത്തുന്നതിനായിട്ടാണ് ഈ വകുപ്പിന്റെ പ്രധാന ഉ ദ്ദേശം. നിർഭാഗ്യമെന്ന് പറയാം, ഭരണഘടനാ വകുപ്പുകൾ ഉണ്ടായിട്ടും ഈ സാമൂ ഹ്യതി' ഇപ്പോഴും തുടരുന്നുണ്ട്. ഒരു നഴ്സ് രോഗിയെ ശുശ്രൂഷിക്കുമ്പോഴൊ, ഒരു മാതാവ് അവരുടെ ശിശുവിനെ ശുചിയാക്കുമ്പോഴൊ, ഒരു വനിത ശൗചാലയം വൃ ത്തിയാക്കുമ്പോഴൊ ഏതെങ്കിലും വ്യത്യാസം നിങ്ങൾക്ക് കാണുവാൻ കഴിയുമോ?

**(v) പദവികളുടെ ഉച്ഛേദനം:** ബ്രിട്ടീഷ് ഭരണകാലത്ത്, അവരോട് കൂറു പുലർത്തിയിരു ന്നവർക്ക് നൽകിയിരുന്ന പദവികളായ സർ (knighthood) അല്ലെങ്കിൽ റായ് ബഹാ ദൂർ മുതലായവ, റദ്ദാക്കി, കാരണം അത് കൃത്രിമമായ വിവേചനങ്ങൾ സൃഷ്ടിച്ചു. എന്നാൽ രാഷ്ട്രത്തിനുവേണ്ടി വിവിധ മണ്ഡലങ്ങളിൽ ശ്രേഷ്ഠമായ സേവനം അനുഷ്ഠിക്കുന്നവർക്ക് അസൈനികവും, സൈനികവുമായ അവാർഡുകൾ ഇന്ത്യ യുടെ പ്രസിഡന്റിന് നൽകാം. അസൈനിക അവാർഡുകളായ ഭാരത് രത്ന, പത്മ വിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ എന്നിവയും സൈനിക അവാർഡുകളായ വീർ ചക്രാ, പരമവീർചക്ര, അശോക്ചക്ര എന്നിവയും നൽകാറുണ്ട്. ഈ അവാർഡു കൾ പദവികളല്ല എന്ന് നിങ്ങൾക്ക് അറിയാമോ? ഒരാളുടെ പേരിനൊപ്പം വിദ്യാഭ്യാ

സ അവാർഡുകളും സൈനിക അവാർഡുകളും ചേർക്കാമോ?



**ചിത്രം 16.2** *അസൈനികവും സൈനികവുമായ അവാർഡുകൾ*

## പ്രവർത്തനം 16.2

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിങ്ങളുടെ സഹപാഠികളുടെയോ, സുഹൃത്തുക്കളുടെയോ അല്ലെങ്കിൽ കുടുംബത്തിലെ മുതിർന്നവരുടെയോ, പരിസരവാസികളുടെയോ ആയ 5 പേരുടെ അഭിപ്രായം ശേഖരിക്കുക.

1. പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്കവിഭാഗങ്ങൾക്കായി തൊഴിൽ സംവരണം ചെയ്യുന്നത് ശരിയായ നടപടിയാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ?

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾ നൽകുന്ന കുടിവെള്ളം ആളുകൾ ഇപ്പോഴും ഒഴിവാക്കുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ?

3. എല്ലാ പൗരന്മാർക്കും എല്ലാ അർത്ഥത്തിലും നിയമത്തിന്റെ മുന്നിൽ തുല്യത ഉണ്ടെന്ന കാര്യത്തിൽ നിങ്ങൾ യോജിക്കുന്നുണ്ടോ?

താഴെ കാണുന്ന പട്ടികയിൽ ഓരോരുത്തരുടെയും അഭിപ്രായം എഴുതി, നിങ്ങൾ അനുമാനത്തിലെത്തുക. മേൽപറഞ്ഞ ചോദ്യങ്ങൾക്ക് നിങ്ങളുടെ അഭിപ്രായം എന്താണ്?

| ചോദ്യങ്ങൾ | ആളുകളുടെ പ്രതികരണം | | | | |
|---|---|---|---|---|---|
| ചോദ്യം 1 | വ്യക്തി 1 | വ്യക്തി 2 | വ്യക്തി 3 | വ്യക്തി 4 | വ്യക്തി 5 |
| ചോദ്യം 2 | | | | | |
| ചോദ്യം 3 | | | | | |
| ചോദ്യം 4 | | | | | |

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 16.1

1. അവകാശങ്ങളും ചുമതലകളും എന്നാൽ നിങ്ങൾ അർത്ഥമാക്കുന്നത് എന്ത്? അവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് എങ്ങിനെ?

2. സമത്വത്തിനുള്ള സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ടിട്ടില്ലാത്തത് ഇവയിൽ ഏതാണ്? എന്തുകൊണ്ട്?

   (i) വിവേചന കാര്യങ്ങളിൽ മാത്രമെ പട്ടികജാതി, പട്ടികവർഷ വിഭാഗങ്ങൾക്കുള്ള സംവരണം നൽകാറുള്ളൂ.

   (ii) അഴിമതി ആരോപണ വിധേയനായ ഒരു മുൻമന്ത്രി കോടതി വിചാരണയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

   (iii) പൊതുസ്ഥലങ്ങളിലെല്ലാം എല്ലാവർക്കും പ്രവേശനം ഉണ്ട്.

   (iv) മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഒരാൾക്ക് തൊഴിലിന് അർഹമായ യോഗ്യത ഉണ്ട്.

   (v) റായ് ബഹാദൂർ സോഹൻ സിംഗ് ലോക്സഭ തെരഞ്ഞെടുപ്പിലെ ഒരു സ്ഥാനാർത്ഥിയാണ്.

3. തൊട്ടുകൂടായ്മയുടെ ഒരു രീതി അല്ലാത്തത് താഴെ പറയുന്നതിൽ ഏതാണ്?

   (i) ഒരു പവിത്രമായ സ്ഥലത്തിലേക്കുള്ള പ്രവേശനത്തിന് ദളിത് വിഭാഗ ങ്ങൾക്കും മറ്റുള്ളവർക്കും പ്രത്യേകം വാതായനങ്ങൾ ഉണ്ട്.

   (ii) ദളിത് വിഭാഗത്തിൽപ്പെട്ട ഒരു ആശ്രിതന് ജിംനേഷ്യത്തിൽ പ്രവേശനം നൽകിയില്ല.

   (iii) മറ്റുള്ളവരോടൊപ്പം ഒരു ഗ്രാമത്തിലെ ഹാന്റ് പമ്പ് ദളിത് വിഭാഗക്കാർ പങ്കിടുന്നു.

   (iv) വിവാഹദിവസം ഒരു ദളിത് നവവധു, വധുവിന്റെ ആഡംബരപൂർവ്വമായ വസ്ത്രം ധരിക്കുന്നത് അനുവദിക്കാതിരിക്കുക.

### 16.2.2 സ്വാതന്ത്ര്യത്തിനുള്ള അവകാശം

ഓരോ ജീവിയും ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്നത് സ്വാതന്ത്ര്യം ആണെന്ന അഭിപ്രായത്തിൽ നിങ്ങൾ യോജിക്കുമല്ലോ? മനുഷ്യവർഷം തീർച്ചയായും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. അവർക്ക് സ്വാതന്ത്ര്യം ആവശ്യ മാണ്. നിങ്ങളും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. ഇന്ത്യൻ ഭരണഘടന എല്ലാവർക്കും സ്വാതന്ത്ര്യം പ്രദാനം ചെയ്യുന്നു. ഭരണഘടനയുടെ 19-22 വരെ വകുപ്പുകളിൽ ഈ അവകാശം പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുള്ള നാല് വിഭാഗം അവകാശങ്ങളെപ്പറ്റി താഴെ വിശദീ കരിക്കുന്നു.

1. **ആറ് സ്വാതന്ത്ര്യങ്ങൾ:** ഭരണഘടനയുടെ 19-ാം വകുപ്പ് ആറ് തരത്തിലുള്ള സ്വാതന്ത്ര്യത്തെപ്പറ്റി പറയുന്നു.

   (a) അഭിപ്രായ സ്വാതന്ത്ര്യം, അഭിപ്രായ പ്രകടന സ്വാതന്ത്ര്യം

   (b) സമാധാനപരമായി ആയുധങ്ങളില്ലാതെ ഒരുമിച്ചുചേരാനുള്ള സ്വാതന്ത്ര്യം.

   (c) സംഘടനകളും, യൂണിയനുകളും രൂപീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം.

(d) ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം.

(e) ഇന്ത്യയിലെവിടെയും താമസിക്കുവാനും, ജീവിക്കുവാനുമുള്ള സ്വാതന്ത്ര്യം

(f) ഏതു തൊഴിൽ ചെയ്യുവാനോ അല്ലെങ്കിൽ ഏത് ജീവനോപായം തെരഞ്ഞെടുക്കുവാനുമുള്ള സ്വാതന്ത്ര്യം.

ജനാധിപത്യം യഥാർത്ഥ ദിശയിലൂടെ വളരുന്നതിനുള്ള ഒരു സാഹചര്യം നിലനിർത്തുന്നതിനും ജനാധിപത്യം കെട്ടിപ്പടുക്കുന്നതിനുമായിട്ടാണ് മേൽ പറഞ്ഞ സ്വാതന്ത്ര്യങ്ങൾ നമുക്ക് ലഭ്യമാക്കിയത്. എന്നിരുന്നാലും, ഈ സ്വാതന്ത്ര്യത്തിൽ ഏതാനും ഉചിതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഭരണഘടന, രാഷ്ട്രത്തിന് അധികാരം നൽകിയിട്ടുണ്ട്.

1. ഇന്ത്യയുടെ പരമാധികാരത്തിനും, അഖണ്ഡതയ്ക്കും, സുരക്ഷിതത്വത്തിനു വേണ്ടിയും, വിദേശരാജ്യങ്ങളുമായി സൗഹാർദ്ദപരമായ സഹവർത്തിത്വ ത്തിനു വേണ്ടിയും പൊതുജീവിതത്തിൽ അടുക്കും ചിട്ടയും കൈവരിക്കു വാനും, അന്തസ്സ് അഥവാ ധാർമ്മികത പാലിക്കുന്നതിനുവേണ്ടിയും അല്ലെങ്കിൽ കോർട്ടലക്ഷ്യസംബന്ധമായ കാര്യങ്ങൾക്കും അല്ലെങ്കിൽ അപകീർത്തിപരമായതോ, തെറ്റ് ചെയ്യുന്നതിനുള്ള പ്രേരണാക്കുറ്റത്തിനോ ഇടയാക്കിയാൽ - ഇത്തരം സന്ദർഭങ്ങളിൽ അഭിപ്രായസ്വാതന്ത്ര്യത്തിനും അഭിപ്രായ പ്രകടന സ്വാതന്ത്ര്യത്തിനും വിലക്കുകൾ ഏർപ്പെടുത്താം.

2. ഇന്ത്യയുടെ പരമാധികാരത്തിനും അഖണ്ഡതയ്ക്കും പൊതുക്രമസമാധാന ത്തിനുമായി സമാധാനപരമായി ആയുധങ്ങളില്ലാതെ ഒരുമിച്ചുചേരാനുള്ള സ്വാതന്ത്ര്യവും നിയന്ത്രിക്കും.

3. അതുപോലെതന്നെ ഇന്ത്യയുടെ പരമാധികാരത്തിനും അഖണ്ഡതയ്ക്കും, പൊതു ക്രമസമാധാനത്തിനും ധാർമ്മികതയ്ക്കും വേണ്ടി സംഘടനകളും യൂണിയനുകളും രൂപീകരിക്കുവാനുള്ള സ്വാതന്ത്ര്യവും നിയന്ത്രണങ്ങൾക്ക് വിധേയമാണ്.

4. പൊതുജനങ്ങളുടെ താല്പര്യസംരക്ഷണത്തിനും അല്ലെങ്കിൽ പട്ടികവർക്ഷ വിഭാഗങ്ങളുടെ സംരക്ഷണത്തിനുമായി, ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കുവാനും, താമസിക്കുവാനുമുള്ള സ്വാതന്ത്ര്യവും നിയന്ത്രിക്കും.

5. പൊതുജനങ്ങളുടെ താല്പര്യസംരക്ഷണത്തിനായി ഏതു തൊഴിൽ ചെയ്യു വാനോ അല്ലെങ്കിൽ ഏതു ജീവനോപാധി തെരഞ്ഞെടുക്കുവാനോ ഏത് വാണിജ്യ-വ്യാപാരം ചെയ്യുന്നതിനോ ഉള്ള സ്വാതന്ത്ര്യവും നിയന്ത്രണ വിധേയമാണ്. എന്നാൽ ഏതു തൊഴിൽ ചെയ്യുന്നതിനും, ഏത് ജീവനോ പാധി തെരഞ്ഞെടുക്കുന്നതിനും, ഏതു വാണിജ്യ-വ്യാപാരം ചെയ്യുന്നതിനും ആവശ്യമായ സാങ്കേതിക വൈദഗ്ദ്യവും തൊഴിൽപരമായ പരിജ്ഞാനവും സംബന്ധിച്ച് രാഷ്ട്രത്തിനു നിബന്ധനകൾ ഏർപ്പെടുത്താം.

**II. ദ്രോഹപരമായ കുറ്റം ചുമത്തി ശിക്ഷ വിധിക്കുന്നതിൽ നിന്നുള്ള സംരക്ഷണം:** ഭരണഘടനയുടെ 20-ാം വകുപ്പ് പ്രകാരം ദ്രോഹപരമായ കുറ്റം ചുമത്തി ശിക്ഷ വിധിക്കുന്നതിൽ നിന്ന് പൗരന്മാർക്ക് സംരക്ഷണം ഉറപ്പാക്കുന്നു. ഏതെങ്കിലും ഒരു പ്രവർത്തി ചെയ്യുമ്പോൾതന്നെ ദ്രോഹപരമല്ലാത്തത് പിന്നീട് കുറ്റം ചുമത്തി ശിക്ഷ വിധിക്കാനാവില്ല. ദ്രോഹപരമായ ഒരു കുറ്റത്തിന് നിയമം അനുശാസിക്കുന്ന ശിക്ഷയിൽ കൂടുതൽ നൽകില്ല. ഒരു കുറ്റത്തിന് ഒരു പ്രാവശ്യത്തിൽ കൂടു

തൽ വിചാരണ ചെയ്ത് ശിക്ഷിക്കാനാവില്ല. അല്ലെങ്കിൽ സാക്ഷികളെ നിർബന്ധ പൂർവ്വം അങ്ങനെയുള്ള കുറ്റവാളികൾക്കെതിരെ തെളിവ് നൽകുവാൻ ആവശ്യപ്പെട്ടുകൂടാ.

III. **ജീവിക്കുവാനും വ്യക്തിപരമായ സ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം:** നിയമപരമായ നിഷേധങ്ങളൊഴികെ ഏതൊരാളിന്റെയും ജീവിക്കുവാനുള്ള സ്വാതന്ത്ര്യവും വ്യക്തിപരമായ സ്വാതന്ത്ര്യവും നിഷേധിക്കുകയില്ലെന്ന് ഭരണഘടനയുടെ 21-ാം വകുപ്പിൽ പറയുന്നു.

IV. **അന്യായങ്ങളുടെ പേരിൽ അറസ്റ്റ്ചെയ്തു തടങ്കലിൽ വയ്ക്കുന്നതിൽ നിന്നുള്ള സംരക്ഷണം:** ഒരു വ്യക്തിയെ കുറ്റംചുമത്തി അറസ്റ്റ് ചെയ്യുന്നത് എത്രയുംവേഗത്തിൽ തന്നെ അവനെയോ / അവളെയോ അറിയിക്കണം. അറസ്റ്റ് ചെയ്യുവാനുള്ള കാരണവും, അറസ്റ്റിന് വിധേയമാകുന്ന വ്യക്തികളുടെ അഭീഷ്ടപ്രകാരമുള്ള നിയമവിദഗ്ധരുമായി കൂടിയാലോചിക്കുന്നതിനും, പ്രതിരോധിക്കുന്നതിനും അനുവദിക്കേണ്ടതാണ്. കൂടാതെ, ദേശീയസുരക്ഷാനിയമ പ്രകാരം അറസ്റ്റ് ചെയ്ത വ്യക്തികൾ ഒഴികെ മറ്റു വ്യക്തികളെ 24 മണിക്കൂറിനകം ഏറ്റവും അടുത്ത മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കിയിരിക്കണം. ദേശീയ സുരക്ഷാ നിയമപ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്ന വ്യക്തികളെ അറസ്റ്റ് ചെയ്ത തീയതിമുതൽ മൂന്നു മാസത്തിനുള്ളിൽ വിശദവിവരങ്ങൾ ഒരു ഉപദേശക സമിതിക്ക് കൈമാറിയിരിക്കണം.

**? നിങ്ങൾക്കറിയാമോ**

1. ഉചിതമായ യുക്തിയുക്തത നിയന്ത്രണങ്ങളുടെ പേരിൽ ഒരു രാഷ്ട്രം അതിന്റെ അധികാരം ദുർവിനിയോഗം ചെയ്താൽ സംഭവിക്കുന്നത് എന്ത്? യുക്തിയുക്തത തീരുമാനിക്കുന്നത് ആരായിരിക്കും? ഭരണഘടനാപ്രകാരം ഈ വിഷയം കോടതി തീർപ്പിന് വിധേയമാണ്. മറിച്ച് ഗവൺമെന്റിനല്ല.
2. വിദേശികൾക്ക് ഏതാനും മൗലിക അവകാശങ്ങൾ മാത്രമേ അനുഭവിക്കുന്നുള്ളൂ. അവർക്ക് എല്ലാ അവകാശങ്ങളുമില്ല. ഉദാഹരണത്തിന് നിയമത്തിന് മുന്നിൽ എല്ലാവരും തുല്യരാണ് എന്നതും, ഏതു മതവിശ്വാസം പുലർത്തുന്നതിനുമുള്ള അവകാശം വിദേശികൾക്കും ബാധകമാണ്. എന്നാൽ മറ്റു മൗലിക അവകാശങ്ങൾ ഇന്ത്യാക്കാർക്കു മാത്രമായിട്ടുള്ളതാണ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 16.2

1. ഇന്ത്യൻ ഭരണഘടനയിൽ നൽകിയിട്ടുള്ളത് ഏതൊക്കെ സ്വാതന്ത്ര്യങ്ങളാണ്?
2. താഴെപറയുന്ന കേസുകളിൽ ഏത് സ്വാതന്ത്ര്യമാണ് ലംഘിച്ചിരിക്കുന്നത്?
   (i) ഒരു രാഷ്ട്രീയപാർട്ടിയുടെ നേതാവ് മതിയായ കാരണം കൂടാതെ രാജ്യത്തിന്റെ അതിർത്തിക്കപ്പുറം കടക്കുന്നതിനോ, വീണ്ടും രാഷ്ട്രത്തിൽ പ്രവേശിക്കുന്നതിനോ രാജ്യം അനുവദിക്കുന്നില്ല.
   (ii) തൊഴിലാളികൾ സംഘടിക്കുന്നതിനോ അവരുടെ ആവശ്യങ്ങൾ ഉയർത്തിക്കാട്ടുന്നതിനോ അനുവദിക്കാതിരിക്കുക.

(iii) ജനങ്ങൾ മാതൃരാജ്യം ഉപേക്ഷിച്ച് എവിടെയെങ്കിലും പോകുവാൻ നിർബ ന്ധിക്കുക.

(iv) ഒരു ചെരുപ്പുകുത്തിയുടെ മകൻ ഗ്രാമത്തിൽ ഒരു മിഠായികട തുടങ്ങുന്നത് അനുവദിക്കാതിരിക്കുക.

(v) ഒരു രാഷ്ട്രീയപാർട്ടിക്ക് പൊതുസമ്മേളനം നടത്തുവാൻ അനുവാദം കൊടുക്കാതിരിക്കുക.

3. അറസ്റ്റിനും കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും എതിരെയുള്ള സംരക്ഷണ വും, ജീവിക്കുന്നതിനും വ്യക്തിപരമായിട്ടുള്ള സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും, അപരാധിയായി കുറ്റംചുമത്തി ജയിൽ ബന്ധനത്തിലാക്കുന്നതിന് എതിരെയുള്ള സംരക്ഷണവും പൗരന്മാർക്ക് ഭരണഘടനയുടെ ഏത് വകുപ്പുകൾ പ്രകാരമാണ്?

## പ്രവർത്തനം 16.3

പൗരന്മാർക്ക്, ഭരണഘടന നൽകിയിട്ടുള്ള സ്വാതന്ത്ര്യവും ഈ സ്വാതന്ത്ര്യം അനുഭവിക്കു ന്നതിൽ രാഷ്ട്രത്തിന് യുക്തിയുക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനും അധികാരം ഉണ്ട്. സ്വാതന്ത്ര്യവും അതിനോട് ചേർന്നുള്ള യുക്തിയുക്തമായ നിയന്ത്രണങ്ങളും തമ്മിൽ ചേരുംപടി ചേർക്കുക. ഈ നിയന്ത്രണങ്ങൾ ഉചിതമാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? നിങ്ങളുടെ അഭിപ്രായത്തിന് കാരണങ്ങൾ പറയുക.

| സ്വാതന്ത്ര്യങ്ങൾ | നിയന്ത്രണങ്ങളുടെ യുക്തിയുക്തത |
|---|---|
| 1. അഭിപ്രായ സ്വാതന്ത്ര്യവും അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും | (a) അക്രമം തടയുന്നതിനായി ഒരു വ്യക്തിയുടെയോ / ഗ്രൂപ്പിന്റെയോ സഞ്ചാരത്തിന് എതിരായ നിയന്ത്രണം |
| 2. സംഘടനകളും യൂണിയനുകളും രൂപീകരിക്കുവാനുള്ള സ്വാതന്ത്ര്യം | (b) ചൂതുകളി, വേശ്യാവൃത്തി, ലഹരി മരുന്നുകളുടെ വില്പന തുടങ്ങിയ വ്യാപാരങ്ങളിൽ വിലക്ക് |
| 3. സമാധാനപരമായി ആയുധങ്ങളില്ലാതെ ഒരുമിച്ചു ചേരുവാനുള്ള സ്വാതന്ത്ര്യം | (c) വിമാനത്താവളത്തിന്റെ വളരെയടുത്ത് താമസിക്കുവാൻ അനുവാദമില്ലാത്തത് |
| 4. ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം | (d) സമുദായ സംഘർഷത്തിന് കാരണമായേക്കാവുന്ന ഭാഷയ്ക്ക് വിലക്ക് |
| 5. ഇന്ത്യയിലെവിടെയും താമസിക്കാനും ജീവിക്കാനുമുള്ള സ്വാതന്ത്ര്യം | (e) തീവ്രവാദപ്രവർത്തനങ്ങളെ സഹായിക്കുന്ന സംഘടനകൾ രൂപീകരിക്കുവാൻ അനുവാദം ഇല്ല |
| 6. ഏതു തൊഴിൽ ചെയ്യുവാനോ അല്ലെങ്കിൽ ഏതു ജീവനോപാധി തെരഞ്ഞെടുക്കുവാനോ, ഏതു വാണിജ്യ-വ്യാപാരം ചെയ്യുവാനോ ഉള്ള സ്വാതന്ത്ര്യം | (f) സമാധാനപരമായിരിക്കുകയും പങ്കെടുക്കുന്നവർ ഏതെങ്കിലും ആയുധങ്ങൾ സൂക്ഷിക്കുവാനും പാടില്ല |




### 16.2.3 ചൂഷണത്തിനെതിരായ അവകാശം

നമ്മുടെ സമൂഹത്തിൽ ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് ചൂഷണം നടക്കുന്നതെന്ന് നിങ്ങൾ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഒരു ചെറിയ കുട്ടി ചായപ്പീടികയിൽ ജോലി ചെയ്യുന്നതും അല്ലെങ്കിൽ ഒരു നിരക്ഷരനും സാധുവുമായ ഒരാൾ ധനികന്റെ ഗൃഹജോലികൾ ചെയ്യുവാൻ നിർബന്ധിത നാകുന്നതും നിങ്ങൾ കണ്ടിട്ടുണ്ടാകും. ഇന്ത്യൻ സമൂഹം പരമ്പരാഗതമായി ശ്രൈണിക സ്വഭാവമായതിനാൽ വിവിധതരം ചൂഷണങ്ങൾക്ക് കാരണമായി. ഈ കാരണത്താലാണ് ഇന്ത്യൻ ഭരണഘടന ചൂഷണങ്ങൾക്ക് എതിരായുള്ള വിവിധ വകുപ്പുകൾ കൂട്ടിച്ചേർത്തത്. ഭരണഘടനയുടെ 23-ഉം, 24-ഉം വകുപ്പുകൾ പൗരന്മാർക്ക് ചൂഷണത്തിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കുന്നു. ആ രണ്ട് വകുപ്പുകൾ ഇവയാണ്.


1. **മനുഷ്യരെ ക്രയവിക്രയം നടത്തുന്നതിനും നിർബന്ധിത തൊഴിൽ ചെയ്യിക്കുന്നതിനും നിയമം മൂലമുള്ള നിരോധനം ഏർപ്പെടുത്തിയത്:** മനുഷ്യരെ ഉല്പന്നങ്ങളായി ക്രയവിക്രയം ചെയ്യുന്നതും 'ബേഗാർ' പോലെ നിർബന്ധിത തൊഴിൽ ചെയ്യിക്കുന്നതും നിരോധിച്ചിട്ടുണ്ട്. ഇതിന്റെ ഏതുതരത്തിലുള്ള ലംഘനവും ശിക്ഷ ലഭിക്കത്തക്ക കുറ്റമായി നിയമം അനുശാസിക്കുന്നു.

**? നിങ്ങൾക്കറിയാമോ**

1. മനുഷ്യരെ ഉല്പന്നങ്ങളായി കണക്കാക്കി വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനെയാണ് മനുഷ്യരുടെ ക്രയവിക്രയം എന്നു പറയുന്നത്. യുവതികളെയും പെൺകുട്ടികളെയും ആൺകുട്ടികളെയും നിയമവിരുദ്ധമായി വ്യാപാരം ചെയ്യുന്നത് ഇപ്പോഴും തുടരുന്നുണ്ടോ എന്നത് പരിശോധിക്കേണ്ടിയിരിക്കുന്നു.

2. ഇന്ത്യയിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതിയിൽ ഭൂവുടമകളും മറ്റ് അധികാര വിഭാഗങ്ങളും സാധുക്കളായ ദരിദ്രവിഭാഗങ്ങളെയും, മറ്റ് മർദ്ദിത വിഭാഗങ്ങളെയും വേതനം നൽകാതെ നിർബന്ധിത തൊഴിൽ ചെയ്യിച്ചിരുന്നു. ഈ രീതിയെ ആണ് 'ബേഗാർ' അഥവാ നിർബന്ധിത തൊഴിൽ എന്ന് അറിയപ്പെട്ടിരുന്നത്.

3. **പ്രായപൂർത്തിയാകാത്ത കുട്ടികളെ തൊഴിൽശാലയിലും മറ്റും ജോലിചെയ്യിക്കുന്നതിലുള്ള നിരോധനം:** പതിന്നാലു വയസ്സിൽ താഴെയുള്ള കുട്ടികളെ ഖനികളിലും ഫാക്ടറികളിലും അല്ലെങ്കിൽ മറ്റ് ആരോഗ്യത്തിന് ഹാനികരമായ തൊഴിലുകളും ചെയ്യിക്കരുതെന്ന് ഭരണഘടനയിൽ നിർദ്ദേശിക്കുന്നു.ഈ നിരോധനം നൂറ്റാണ്ടുകളായി ഇന്ത്യ അഭിമുഖീകരിക്കുന്നു. ഒരു ഗൗരവമായ പ്രശ്നം അതായത് പ്രായപൂർത്തിയാവാത്ത കൂട്ടികളെ തൊഴിൽ ചെയ്യിക്കുന്ന ദുഷിച്ച നടപടി ഇല്ലാതാക്കുന്നതിനാണ്. കുട്ടികൾ സമൂഹത്തിന്റെ മുതൽക്കൂട്ടാണ്. സന്തോഷകരമായ ഒരു ബാല്യകാലജീവിതവും നല്ല വിദ്യാഭ്യാസം ലഭിക്കുന്നതും അവരുടെ അടിസ്ഥാന അവകാശമാണ്. എന്നാൽ ചിത്രത്തിൽ കാണുന്നതുപോലെയും നിങ്ങൾ നിരീക്ഷിച്ചതുപോലെയും, ഭരണഘടനാ വകുപ്പുകൾ ഉണ്ടായിട്ടും പ്രായപൂർത്തിയാകാത്ത കുട്ടികളെ തൊഴിൽ ചെയ്യിക്കുന്നത് തുടരുന്നു. ഈ തിന്മ പൊതുജനബോധവൽക്കരണത്തിലൂടെ മാത്രമെ ഇല്ലാതാക്കുവാൻ സാധിക്കുകയുള്ളൂ.



ചിത്രം 16.3 *ഹാനികരമായ സാഹചര്യങ്ങളിൽ കുട്ടികൾ തൊഴിൽ ചെയ്യുന്നത്*

## പ്രവർത്തനം 16.4

ജാർഖണ്ഡ് സംസ്ഥാനത്തിലെ ഒരു പിന്നോക്ക ഗ്രാമത്തിൽപ്പെട്ടവരാണ് 9 വയസ്സുള്ള ഗോനുവും 11 വയസ്സുള്ള സോനുവും. ഉത്തർപ്രദേശിലെ ഫിറോസാ ബാദിലുള്ള ഒരു കങ്കണ നിർമ്മാതാവിന് 2000/- രൂപ വീതം വിലയ്ക്ക് അവരുടെ പിതാവ് രണ്ടുപേരെയും വിറ്റു. ആരോഗ്യപ്രദമല്ലാത്തതും, ഹാനികരവുമായ സാഹചര്യങ്ങളിൽ ജോലിചെയ്യുന്ന നിരവധി കുട്ടികളോടൊപ്പം തൊഴിൽ ശാലയിൽ 2 പേരും തൊഴിൽ ചെയ്യേണ്ടിവന്നു. മതിയായ ആഹാരം പോലും അവർക്ക് നൽകിയില്ല. അവർക്ക് ഉറങ്ങാൻ പോലും സമയം കിട്ടിയില്ല. പരുക്കേറ്റാലോ, പൊള്ളലേറ്റാലോ തൊഴിലിൽ നിന്ന് മാറ്റിനിർത്തിയില്ല. രോഗിയായാൽ പോലും അവരെ തല്ലി പീഡിപ്പിച്ച് 18-20 മണിക്കൂറിൽ കൂടുതൽ ദിവസവും തൊഴിൽ ചെയ്യിച്ചു. തൊഴിൽശാലയിൽ നിന്നും ഏതാനും കുട്ടികൾ രക്ഷപ്പെട്ട് മറ്റു നഗരങ്ങളിലേക്ക് പോയി, ഭിക്ഷാടനത്തിലും മോഷണങ്ങളിലും അതുപോലെയുള്ള മറ്റ് ഹീന തൊഴിലുകളിലും ഏർപ്പെട്ടു. അവർ രക്ഷകർത്താക്കളെ കാണണമെന്ന് മോഹിച്ചെങ്കിലും അവർക്ക് സാധിച്ചില്ല. മുകളിൽ കൊടുത്തിരിക്കുന്ന കഥാവാർത്ത വായിച്ചശേഷം താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. കഥയിൽ ഏതു മൗലിക അവകാശമാണ് ലംഘിച്ചിരിക്കുന്നത്?
2. കുട്ടികളെ വിൽക്കുകയോ അല്ലെങ്കിൽ ഇതുപോലെയുള്ള സാഹചര്യങ്ങളിൽ തൊഴിൽ ചെയ്യുവാൻ നിർബന്ധിതരാകുകയോ ചെയ്യുന്ന കുട്ടികളുടെ രക്ഷകർത്താക്കൾക്കെതിരെ ഏത് നടപടി എടുക്കുവാൻ സാധിക്കും?
3. ഇതുപോലെ ചൂഷണങ്ങൾക്ക് വിധേയമാവുന്ന കുട്ടികളെ രക്ഷിക്കുവാൻ എന്ത് നടപടികൾ എടുക്കണം?

നിങ്ങൾ ഒരു കങ്കണ തൊഴിൽശാലയിൽ ഗോനുവും സോനുവും പോലെ നീണ്ട മണിക്കൂറുകൾ തൊഴിൽ ചെയ്യുന്നുവെന്ന് കരുതുക. ഈ സാഹചര്യം മാറ്റാനും സഹായം ലഭിക്കുവാനും നിങ്ങൾക്ക് എന്തു ചെയ്യുവാൻ കഴിയും?

### 16.2.4 മതസ്വാതന്ത്ര്യത്തിനുള്ള അവകാശം

നിങ്ങൾക്ക് അറിയാവുന്നതുപോലെ, ഭരണഘടനയുടെ ആമുഖത്തിൽ ഭരണഘടനയുടെ ഉദ്ദേശത്തെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു. 'എല്ലാ പൗരന്മാർക്കും അവരുടെ മതവി

ശ്വാസത്തിനും, ഭക്തിക്കും ആരാധനയ്ക്കും സ്വാതന്ത്ര്യം ഉറപ്പാക്കുന്നു. ഇന്ത്യ നിരവധി മതങ്ങൾ ഉള്ള രാജ്യമാണ്. ഇവിടെ ഹിന്ദുക്കളും മുസ്ലീമുകളും, സിക്കുകാരും ക്രിസ്തുമത വിശ്വാസികളും അതുപോലെ നിരവധി സമുദായങ്ങളും ഒരുമിച്ച് വസിക്കുന്നതിനാൽ ഇന്ത്യ ഒരു 'മതേതര രാഷ്ട്ര'മെന്ന് ഭരണഘടന പ്രഖ്യാപിക്കുന്നു. ഇന്ത്യാ രാഷ്ട്രത്തിന് ഒരു ഔദ്യോഗിക മത വിശ്വാസമില്ല. എന്നാൽ പൗരന്മാർക്ക് ഏതു മതത്തിൽ വിശ്വസിക്കുന്നതിനോ, അവർ ഇഷ്ടപ്പെടുന്നവിധത്തിൽ ആരാധിക്കുന്നതിനോ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കുന്നുണ്ട്. എന്നാൽ ഈ അവകാശം മറ്റ് സഹോദരങ്ങളുടെ മതവിശ്വാസത്തിലും ആരാധനാരീതിയിലും ഇടപെടുന്ന തരത്തിലാവരുത്. ഈ അവകാശം വിദേശികളായവർക്കും ബാധകമാണ്.' മതവിശ്വാസം സംബന്ധിച്ച് ഭരണഘടനയുടെ 25-28 വരെയുള്ള നാല് വകുപ്പുകളിൽ ഇപ്രകാരം പ്രസ്താവിക്കുന്നു.

1. **മതവിശ്വാസം അവരവർക്ക് തെരഞ്ഞെടുക്കുവാനും, അനുഷ്ഠിക്കാനും, അംഗീകരിക്കുവാനും, പ്രചരിപ്പിക്കുവാനും ഉള്ള സ്വാതന്ത്ര്യം:** എല്ലാ വ്യക്തികൾക്കും അവരുടെ മനഃസാക്ഷിക്കനുസൃതമായി തുല്യത അനുഭവിക്കുവാനും, ഏതു മതം തെരഞ്ഞെടുക്കുവാനും അത് വിശ്വാസമായി അംഗീകരിക്കുവാനും അനുഷ്ഠിക്കുവാനും, പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ ഇത് അർത്ഥമാക്കുന്നത് ഒരാൾക്ക് മറ്റൊരാളെ അയാളുടെ വിശ്വാസത്തിലേക്ക് കൊണ്ടുവന്ന് നിർബന്ധിതമായി മതപരിവർത്തനം ചെയ്യിക്കാനോ അല്ലെങ്കിൽ പ്രേരിപ്പിച്ച് മതവിശ്വാസം മാറ്റാനോ അധികാരമില്ല എന്നുള്ളതാണ്. കൂടാതെ ഏതാനും മനുഷ്യത്വരഹിതവും, നിയമവിരുദ്ധവും, അന്ധവിശ്വാസമാർന്ന രീതികളും നിരോധിച്ചു. ദേവന്മാർക്കും ദേവതകൾക്കും അല്ലെങ്കിൽ ഏതാനും അഭൗമിക ശക്തികൾക്കും അർപ്പിക്കുന്ന നരബലി, മൃഗബലി എന്നിവ പാടില്ല. അതുപോലെതന്നെ 'സതി പ്രാതാ'യുടെ പേരിൽ വിധവകളെ അവരുടെ അനുവാദത്തോടെയൊ, നിർബന്ധ പൂർവ്വമോ ജീവനോടെ ഭർത്താവിന്റെ ജഡത്തോടൊപ്പം എരിതീയിൽ എറിഞ്ഞ് ദഹിപ്പിക്കുന്നതും നിരോധിച്ചു. മതവിശ്വാസത്തിന്റെ പേരിൽ വിധവാ പുനർവിവാഹം അനുവദിക്കാത്തതും, അല്ലെങ്കിൽ വിധവകളുടെ ശിരസ്സ് മുണ്ഡനം ചെയ്ത് ശുഭ്രവസ്ത്രധാരികളായിരിക്കണം എന്ന് നിർബന്ധിക്കുന്നതും സാമൂഹ്യതിന്മകളാണ്. ഇവയും നിരോധിച്ചു. മേൽപറഞ്ഞ നിരോധന ങ്ങൾക്ക് പുറമെ മതവിശ്വാസത്തിന്റെ പേരിലുള്ള സാമ്പത്തികവും, ധനപരവും, രാഷ്ട്രീയവും അല്ലെങ്കിൽ മറ്റ് ഏത് മതേതരത്വ പ്രവർത്തനങ്ങളും നിയന്ത്രിക്കുവാൻ രാഷ്ട്രത്തിന് അധികാരം ഉണ്ട്. പൊതു ക്രമ സമാധാന പാലനത്തിന്റെ പേരിലോ, സദാചാരപാലനത്തിന്റെ പേരിലോ, ആരോഗ്യ പരിപാലനത്തിന്റെ പേരിലോ രാഷ്ട്രത്തിന് മേൽപറഞ്ഞ അവകാശങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താവുന്നതാണ്.

2 **മതപരമായ കാര്യങ്ങൾ നടത്തുവാനുള്ള അവകാശം:** പൊതു ക്രമസമാധാനപാലനത്തിന്റെ അടിസ്ഥാനത്തിലും ആരോഗ്യ പരിപാലനത്തിന്റെയും സദാചാരക്രമത്തിന്റെയും മാനദണ്ഡത്തിലും ഓരോ മത വിഭാഗത്തിനും അല്ലെങ്കിൽ അവയുടെ കീഴിലുള്ള ഏതു വിഭാഗത്തിനും (1) മതവിശ്വാസത്തിനായിട്ടും ധർമ്മ പരിപാലനത്തിനായിട്ടും സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പരിപാലിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കും (2) മതവിശ്വാസത്തിന്റെ കാര്യങ്ങളിലുള്ള കാര്യങ്ങൾ നടത്തുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും (3) സ്ഥിരമായ ജംഗമസ്വത്തുക്കൾ ആർജ്ജിക്കുന്നതിനും (4) നിയമപരമായി സ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിനും സ്വാതന്ത്ര്യം ഉണ്ടായിരിക്കും.

3. **പ്രത്യേക മതവിശ്വാസത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി നികുതി അടക്കാനോ / അടക്കാതിരിക്കുവാനോ ഉള്ള സ്വാതന്ത്ര്യം:** ഏതെങ്കിലും പ്രത്യേക മതവിശ്വാസത്തിന്റെയോ മതവിഭാഗത്തിന്റെയോ പ്രോത്സാഹനത്തിനോ, നടത്തിപ്പി

കുറിപ്പുകൾ

നോ ആവശ്യമായ പണച്ചെലവിലേക്ക് ആവശ്യമായ കരുതൽതുകയുടെ വിഹിതം, നികുതിയായോ, മറ്റിനങ്ങളായോ നിർബന്ധപൂർവ്വം ഒരാളിൽ നിന്നും ഈടാക്കുവാനുള്ള സ്വാതന്ത്ര്യമില്ല.

4. **വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മതപരമായ പഠനങ്ങളിലോ, മതചടങ്ങുകളിലോ ഉള്ള സാന്നിദ്ധ്യം:** രാഷ്ട്രത്തിന്റെ ഖജനാവിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതവിശ്വാസസംബന്ധമായ പഠനങ്ങൾ നടത്തുവാൻ പാടില്ല. എന്നാൽ രാഷ്ട്രത്തിന്റെ ഭരണപരിധിയിൽ വരുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയത് ഒരു ട്രസ്റ്റ് ആണെങ്കിലും ആ ട്രസ്റ്റിന് ആ സ്ഥാപനത്തിൽ മതപരമായ നിർദ്ദേശപഠനങ്ങൾ ആവശ്യമെങ്കിൽ ഈ നിബന്ധന ബാധകമല്ല. എന്നാൽ ആ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നതോ / പഠിക്കുന്നതോ ആയ ഒരു വ്യക്തിയെ അത്തരം മതനിർദ്ദേശ പഠനങ്ങളിൽ സംബന്ധിക്കുവാൻ നിർബന്ധിക്കുവാനോ, അല്ലെങ്കിൽ മതാചാരപ്രകാരമുള്ള ആരാധനകളിൽ സംബന്ധിക്കുന്നതിന് നിർബന്ധിക്കുവാനോ പാടില്ല. പ്രായപൂർത്തിയാകാത്ത കുട്ടികളുടെ കാര്യത്തിൽ, സ്ഥാപനത്തിലെ അത്തരം കാര്യങ്ങളിൽ സംബന്ധിക്കുന്നതിന് രക്ഷകർത്താവിന്റെയോ, സംരക്ഷകന്റെയോ സമ്മതം ആവശ്യമാണ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 16.3

1. ചൂഷണത്തിനെതിരായ അവകാശം ഒരു മൗലിക അവകാശം ആക്കിയതിന്റെ മുഖ്യ ഉദ്ദേശം എന്താണ്?

2. താഴെ പറയുന്ന പ്രസ്താവനകൾക്ക് ഓരോന്നിനും ഒറ്റവാക്ക് എഴുതുക.

   (a) വേതനം നൽകാതെ ഒരു വ്യക്തിയെ പണിയെടുക്കുവാൻ നിർബന്ധിച്ചിരുന്ന രീതി

   (b) മനുഷ്യരെ ഉല്പന്നമായി ക്രയവിക്രയം ചെയ്തിരുന്നത്

3. യഥാർത്ഥ ജീവിതത്തിൽ നടക്കുന്ന ചൂഷണത്തിന്റെ നാല് സാഹചര്യങ്ങൾ നിങ്ങളുടെ പരിസരത്ത് ഉണ്ടെങ്കിൽ അവ എഴുതുക.

### 16.2.5 സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ

വ്യത്യസ്ത സംസ്ക്കാരവും, ലിപികളും, ഭാഷകളും, മതങ്ങളും ഉള്ള ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യമാണ് ഇന്ത്യയുടേത്. ഭൂരിപക്ഷ ഭരണമാണ് ജനാധിപത്യത്തിലുള്ളത് എന്ന് നമുക്ക് അറിയാം. ജനാധിപത്യത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് ന്യൂനപക്ഷ വിഭാഗങ്ങളും ഒരുപോലെ പ്രധാനപ്പെട്ടതാണ്. ഭൂരിപക്ഷ ഭരണത്തിന്റെ സ്വാധീനത്തിൽ ന്യൂനപക്ഷങ്ങളുടെ ഭാഷയും സംസ്ക്കാരവും മതവിശ്വാസവും സംരക്ഷിക്കുന്നില്ലായെങ്കിൽ, ന്യൂനപക്ഷങ്ങൾ അവഗണിക്കപ്പെട്ടതായിട്ടോ, വിസ്മരിക്കപ്പെട്ടതായിട്ടോ അനുഭവപ്പെടും. ആളുകൾ അവരുടെ സംസ്ക്കാരത്തിലും ഭാഷയിലും അഭിമാനികളാണ്. അതുകൊണ്ട് ഭരണഘടനയിൽ സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം എന്ന് അറിയപ്പെടുന്ന പ്രത്യേക അവകാശം മൗലിക അവകാശങ്ങളിൽ ഉൾപ്പെടുത്തി. ഭരണഘടനയുടെ 29, 30 എന്നീ രണ്ടു വകുപ്പുകൾ പ്രത്യേകം ചേർത്തു.

1. **ന്യൂനപക്ഷങ്ങളുടെ താല്പര്യ സംരക്ഷണം:** ഒരു പ്രത്യേക ഭാഷയോ, ലിപിയോ അല്ലെങ്കിൽ സംസ്ക്കാരമോ സ്വന്തമായിട്ടുള്ള ഏത് ന്യൂനപക്ഷത്തിനും അവ സംരക്ഷിക്കുവാനുള്ള അവകാശം ഉണ്ട്. രാഷ്ട്രത്തിന്റെ അധികാരത്തിലുള്ളതോ, സാമ്പത്തിക സഹായം ലഭിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനത്തിലും മതവിശ്വാസത്തിന്റെ പേരിലോ, വർക്ഷത്തിന്റെ പേരിലോ, സമുദായത്തിന്റെ പേരിലോ ഭാഷയുടെ പേരിലോ അല്ലെങ്കിൽ അതുപോലെയുള്ള ഏതെങ്കിലും കാരണത്താൽ ഒരാൾക്കുപോലും പ്രവേശനം നിഷേധിച്ചുകൂടാ.

2. **വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുവാനും നടത്തിക്കൊണ്ടുപോകാനും ന്യൂനപക്ഷങ്ങൾക്ക് ഉള്ള അവകാശം:** മതവിശ്വാസത്തിന്റേതോ അല്ലെങ്കിൽ ഭാഷാപരമായിട്ടോ ന്യൂനപക്ഷം ആയാൽ അവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനോ അവർ തീരുമാനിക്കുന്ന പ്രകാരം നടത്തിക്കൊണ്ടുപോകുന്നതിനോ അവകാശം ഉണ്ട്. ന്യൂനപക്ഷം നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വത്തുക്കൾ നിർബന്ധ പൂർവ്വം കണ്ടുകെട്ടുകയാണെങ്കിൽ നഷ്ടപരിഹാരതുക നിയമപ്രകാരം തീർപ്പു കൽപ്പിക്കുമ്പോൾ മേൽപറഞ്ഞ ഭരണഘടനാ അവകാശം നിയന്ത്രി ക്കുവാനോ ഇല്ലാതാക്കുവാനോ ആവില്ല. രാഷ്ട്രം വിദ്യാഭ്യാസ സഹായം നൽകുമ്പോൾ മതവിശ്വാസത്തിന്റെയോ, ഭാഷയുടെയോ അടിസ്ഥാനത്തിൽ ന്യൂനപക്ഷ സ്ഥാപനങ്ങൾ എന്ന പേരിൽ വിവേചനം പാടില്ല.

**? നിങ്ങൾക്കറിയാമോ**

ന്യൂനപക്ഷം എന്നാൽ ദേശീയതലത്തിലെ ന്യൂനപക്ഷമെന്ന അർത്ഥമല്ല. സംസ്ഥാന തലത്തിലും ന്യൂനപക്ഷം ആകാം. ഉദാഹരണത്തിന് പഞ്ചാബിൽ സിക്കുകാർ ഒരു ഭൂരിപക്ഷ സമുദായം ആണ്. എന്നാൽ ഡൽഹി, രാജസ്ഥാൻ, ഹരിയാന മുതലായ പല സംസ്ഥാനങ്ങളിലും സിക്കുകാർ ന്യൂനപക്ഷമാണ്. അതുപോലെ തെലുങ്ക്, കന്നഡ, ബംഗാളി ഭാഷകൾ സംസാരിക്കുന്നവർ യഥാക്രമം അവരുടെ സംസ്ഥാനങ്ങളായ ആന്ധ്രാപ്രദേശ്, കർണ്ണാടക, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലൊഴികെ മിക്ക സംസ്ഥാനങ്ങളിലും ന്യൂനപക്ഷമാണ്.

### 16.2.6 ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം

മൗലിക അവകാശങ്ങൾ കോടതിയിലൂടെ സംരക്ഷിക്കാവുന്നതായതു കൊണ്ട് അവ, ഉറപ്പുകൾ / വാഗ്ദാനങ്ങൾ പോലെയാണ്. അത് ലംഘിക്കപ്പെട്ടാൽ നടപ്പിലാക്കി കിട്ടുവാൻ കോടതിയുടെ സഹായം ഏതു പൗരനും ലഭ്യമാണ്. എന്നാൽ യാഥാർത്ഥ്യം ഇതല്ല. അവകാശത്തിന്മേലുള്ള കടന്നുകയറ്റം അല്ലെങ്കിൽ ദൈനംദിന ജീവിതത്തിൽ മൗലിക അവകാശങ്ങളുടെ ലംഘനം വളരെ ഗൗരവമേറിയതാണ്. ആയതിനാലാണ് നിയനിർമ്മാണ സഭയ്ക്കും ഭരണനിർവ്വഹണ സമിതിക്കും പൗരന്മാരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കാനുള്ള അവകാശം ഭരണഘടന നൽകാത്തത്. മൗലിക അവകാശങ്ങളുടെ നിയമപരമായ സംരക്ഷണത്തിന് ഭരണഘടന ഉറപ്പു നൽകുന്നു. വകുപ്പ് 32-ൽ ചേർത്തിരിക്കുന്ന വകുപ്പുകളെ ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള സ്വാതന്ത്ര്യം എന്ന് വിളിക്കുന്നു. ഏതെങ്കിലും ഒരു അവകാശം ലംഘിച്ചാൽ പൗരന്മാർക്ക് കോടതികളിലൂടെ നീതി ലഭിക്കുന്നതിന് സാധിക്കും. സുപ്രീംകോടതിയെ നമ്മൾ നേരിട്ട് സമീപിച്ചാൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചോ, ഉത്തരവുകൾ മുഖേനയോ അല്ലെങ്കിൽ 'റിട്ടു'കളിലൂടെയോ കോടതി മൗലിക അവകാശങ്ങൾ നടത്തിതരുവാൻ ഗവൺമെന്റിനോട് ആവശ്യപ്പെടും.

കുറിപ്പുകൾ

### 16.2.7 വിദ്യാഭ്യാസത്തിനുള്ള അവകാശം (RTE)

2002-ലെ ഭരണഘടനയുടെ 86-ാം ഭേദഗതി പ്രകാരം, മൗലിക അവകാശങ്ങളുടെ പട്ടികയിൽ പുതിയ 21A വകുപ്പു പ്രകാരം, വിദ്യാഭ്യാസത്തിനുള്ള അവകാശം കൂട്ടിച്ചേർത്തു. ദീർഘകാലത്തെ ആവശ്യപ്രകാരം 6-14 വയസ്സ് വിഭാഗത്തിൽപ്പെട്ട എല്ലാ കുട്ടികൾക്കും (അവരുടെ രക്ഷകർത്താക്കൾക്കും) നിർബന്ധിത സൗജന്യ വിദ്യാഭ്യാസം അവകാശമായി പ്രഖ്യാപിച്ചു. നിരക്ഷരതയിൽ നിന്നും രാജ്യം മോചനം നേടാനുള്ള ഒരു വലിയ നടപടിയാണ് ഇത്. എന്നാൽ ഇന്ത്യൻ പാർലമെന്റ് 2009-ലെ വിദ്യാഭ്യാസ അവകാശ ബില്ല് പാസ്സാക്കുന്നതുവരെ, മേൽപറഞ്ഞ കൂട്ടിച്ചേർക്കൽ അവകാശം അർത്ഥ പൂർണ്ണമായിരുന്നില്ല. രാജ്യത്തെ 6-14 വയസ്സിലുള്ള ഓരോ കുട്ടിയും ഏതെങ്കിലും സ്കൂളിൽ ചേർന്നിട്ടില്ലായെങ്കിൽ, സ്കൂളിൽ ചേർന്ന് യോഗ്യമായ വിദ്യാഭ്യാസം തീർച്ചയായും കുട്ടിക്ക് ഉറപ്പാക്കുന്നതിനായി ഈ ബില്ല് ലക്ഷ്യമിടുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 16.4

1. ഭരണഘടന വാഗ്ദാനം ചെയ്തിരിക്കുന്ന മുഖ്യമായ സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ ഏതെല്ലാം?

2. തമിഴ്, കന്നഡ, തെലുങ്ക് ഭാഷകൾ സംസാരിക്കുന്നവർ ഡൽഹിയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവരാണ്. അവരുടെ തനതായ ഭാഷയും സംസ്ക്കാരവും സംരക്ഷിക്കുന്നതിന് അവർക്ക് എന്തുചെയ്യുവാൻ കഴിയും?

3. സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളിൽപ്പെടാത്തതായ ഒരു സാഹചര്യം താഴെ പറയുന്നതിൽ ഏതാണ്?

   (a) ഒരാളുടെ തനതായ ഭാഷ സംരക്ഷിക്കൽ

   (b) ന്യൂനപക്ഷങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ വിവേചനം ഇല്ല

   (c) സ്വന്ത ഇഷ്ടപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള അവകാശം

   (d) ന്യൂനപക്ഷ വിദ്യാലയം ഭൂരിപക്ഷ സമുദായത്തിലെ കുട്ടികളെ സ്കൂളുകളിൽ ചേർക്കണം.

4. 'ഏറ്റവും പ്രധാനപ്പെട്ട മൗലിക അവകാശം ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശമാണ്' ഈ പ്രസ്താവനയുമായി നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരം ന്യായീകരിക്കുക.

## 16.3 മൗലിക അവകാശങ്ങൾ, മനുഷ്യാവകാശങ്ങൾ

ഒരു പൗരന്റെ ഉത്തമമായ വളർച്ചയ്ക്ക് മൗലിക അവകാശങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണെന്ന് നിങ്ങൾ വായിച്ചുകഴിഞ്ഞു. മെച്ചപ്പെട്ട ചുറ്റുപാടുകൾക്കായും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കായും, മനുഷ്യന്റെ അന്തസ്സ് സംരക്ഷിക്കുന്നതിനും അതുപോലെ അനീതിക്കും ചൂഷണത്തിനും ഉച്ചനീചത്വങ്ങൾക്കെതിരായിട്ടും ആളുകൾ എല്ലായ്പോഴും സമരം ചെയ്തിട്ടു ണ്ടെന്നും നമുക്ക് അറിയാം. ഈവിധ അവകാശങ്ങൾ മനുഷ്യാവകാശങ്ങൾ എന്ന് അംഗീകരിച്ച് എല്ലാ മനുഷ്യർക്കും ലഭ്യമാക്കുന്നതിന് വേണ്ടി അന്താരാഷ്ട്ര തലത്തിൽ ശ്രമങ്ങൾ ആരംഭിച്ചു. ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ 1948-ൽ ത

കുറിപ്പുകൾ

ന്നെ മനുഷ്യാവകാശങ്ങൾ 'സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനങ്ങൾ' എന്ന പേരിൽ (Universal Declaration of Human Rights) അംഗീകരിച്ചു. ഇതേപ്പറ്റി നിങ്ങൾ പിന്നീട് പഠിക്കും. മനുഷ്യാ വകാശങ്ങളിൽപ്പെട്ട ഏതാനും ചിലതാണ്: നിയമത്തിന്റെ മുന്നിൽ സമത്വം, വിവേചനങ്ങളിൽ നിന്ന് സ്വാതന്ത്ര്യം, ജീവിക്കാനും സ്വാതന്ത്ര്യത്തിനുമുള്ള അവകാശം, സ്വസുരക്ഷയ്ക്കുള്ള സ്വാതന്ത്ര്യം, സ്വതന്ത്രമായി സഞ്ചരി ക്കുവാനുള്ള സ്വാതന്ത്ര്യം, വിദ്യാഭ്യാസത്തിനുള്ള സ്വാതന്ത്ര്യം, വിവാഹിതരാകുവാനും കുടുംബമായി ജീവിക്കുവാനുമുള്ള അവകാശം, ചിന്തിക്കാനുള്ള സ്വാതന്ത്ര്യം, സ്വന്ത ഇഷ്ടപ്രകാരമുള്ള മത വിശ്വാസം, സമാധാനപരമായി സംഘടിക്കുവാനും ഒരുമിച്ചുകൂടുവാനുമുള്ള അവകാശം, സാംസ്ക്കാരിക ജീവിതത്തിലും സാമൂഹ്യജീവിതത്തിലും പങ്കാളിയാകുവാനുള്ള അവകാശം എന്നിവ. മേൽപറഞ്ഞ മനുഷ്യാവകാശങ്ങൾ എത്ര പ്രാധാന്യമുള്ളതാണെന്ന് നിങ്ങൾ സൂക്ഷ്മതയോടെ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകും.

മനുഷ്യാവകാശങ്ങളുടെ പ്രാധാന്യം കൊണ്ടാണ് അവ മൗലിക അവകാശങ്ങളായി, പ്രത്യേകം ഒരു അദ്ധ്യായം തന്നെ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. മൗലിക അവകാശങ്ങളിൽ ഉൾപ്പെടാത്ത മനുഷ്യാവകാശങ്ങൾ 'നിർദ്ദേശകതത്വങ്ങൾ' എന്ന അദ്ധ്യായത്തിലൂടെ ഭരണഘടനയിൽ ഉൾപ്പെടുത്തി. കൂടാതെ മനുഷ്യാവകാശങ്ങളുടെ പ്രാധാന്യം നിമിത്തമാണ് ഇന്ത്യാ ഗവൺമെന്റ് 1993-ൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ രൂപീകരിച്ചത്. ഇന്ത്യയിലെ പൗരന്മാർക്ക് മനുഷ്യാവകാശങ്ങൾ ലഭ്യമാക്കാനാണ് പ്രസ്തുത കമ്മീഷന് രൂപം നൽകിയത്.

**? നിങ്ങൾക്കറിയാമോ**

മനുഷ്യാവകാശങ്ങൾ സാർവ്വത്രികമാണ്, അടിസ്ഥാനപരമായിട്ടുള്ളതാണ്, നിരപേക്ഷമാണ്, എല്ലാ മനുഷ്യർക്കും എല്ലായിടത്തും വേണ്ടതിനാൽ സാർവ്വത്രികം, മനുഷ്യരിൽ നിന്ന് വേർതിരിക്കാനാവാത്തതുകൊണ്ട് അടിസ്ഥാനപരം; യഥാർത്ഥ ജീവിതത്തിന് അടിസ്ഥാനമാകയാൽ നിരപേക്ഷം.

## 1. മൗലിക കടമകൾ

മൗലിക അവകാശങ്ങളെ സംബന്ധിച്ച് മനസ്സിലാക്കുമ്പോൾ ഓരോ മൗലിക അവകാശത്തിനും പൗരന്മാരിൽ നിന്നും സമൂഹം ഏതാനും കാര്യങ്ങൾ പ്രതീക്ഷിക്കുന്നു എന്ന് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടാവും! ഈ പ്രതീക്ഷകളെ ഒറ്റ ഗണത്തിൽ 'കടമകൾ' എന്ന് പറയാം. അങ്ങനെയുള്ള ഏതാനും കടമകൾ ഭരണഘടനയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 1950-ൽ നടപ്പിലാക്കിയ ഭരണഘടനയുടെ കരട്പട്ടികയിൽ പൗരന്മാരുടെ ചുമതലകളെപ്പറ്റി പറഞ്ഞിരുന്നില്ല. പൗരന്മാർ സ്വമേധയാ അവ നിർവ്വഹിക്കുമെന്ന് കരുതി. എന്നാൽ പ്രതീക്ഷ പോലെ കാര്യങ്ങൾ സംഭവിച്ചില്ല. അതുകൊണ്ട് 1972-ലെ 42-ാം ഭരണഘടന ഭേദഗതി പ്രകാരം മൗലിക കടമകൾ ഭരണഘടനയുടെ ഭാഗം IV, വകുപ്പ് 51A യിൽ ഉൾപ്പെടുത്തി. എന്നിരുന്നാലും മൗലിക അവകാശങ്ങൾ കോടതിയിലൂടെ സംരക്ഷിക്കാവുന്നതു പോലെ മൗലിക കടമകൾ കോടതിയിലൂടെ വിചാരണ നടത്താവുന്നതല്ല. ഇതിന്റെ അർത്ഥം മൗലിക കടമകളുടെ ലംഘനം അതായത് പൗരന്മാർ കടമകൾ നിർവ്വഹിക്കാതിരിക്കുന്നത് ശിക്ഷാർഹമാണ്. താഴെ പ്രസ്താവിക്കുന്ന 10 കടമകൾ ഭരണഘടനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1. ഭരണഘടന അനുസരിക്കുക, ഭരണഘടനയുടെ ആശയങ്ങളും അതിന്റെ സ്ഥാപനങ്ങളേയും, ദേശീയ പതാകയേയും, ദേശീയഗാനത്തേയും ബഹുമാനിക്കുക

2. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹത്തായ തത്വങ്ങളെ പോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക
3. ഇന്ത്യയുടെ പരമാധികാരവും, ഐക്യതയും, അഖണ്ഡതയും ഉയർത്തി പ്പിടിക്കുക
4. രാജ്യത്തെ കാത്തുസൂക്ഷിക്കുക, ദേശീയസേവനം ആവശ്യപ്പെടുമ്പോൾ സേവനം അനുഷ്ഠിക്കുക
5. ഇന്ത്യയിലെ എല്ലാ ജനങ്ങൾക്കുമിടയിൽ സൗഹാർദ്ദവും പൊതുവായ സാഹോദര്യ മനോഭാവവും ഊർജ്ജിതപ്പെടുത്തുക, സ്ത്രീകളുടെ പദവി താഴ്ത്തുന്ന നടപടികൾ ഉപേക്ഷിക്കുക
6. നമ്മുടെ സമ്മിശ്ര സംസ്ക്കാരത്തിന്റെ ശ്രേഷ്ഠത ഉയർത്തിക്കാട്ടി മഹത്തായ പാരമ്പര്യം സംരക്ഷിക്കുക
7. പ്രകൃതിദത്തമായ പരിസ്ഥിതിയിൽ ഉൾപ്പെട്ട വനം, തടാകങ്ങൾ, നദികൾ, വന്യജീവികൾ എന്നിവയെ സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യുക.
8. ശാസ്ത്രീയ മനോഭാവവും, അന്വേഷണത്തിനുള്ള ആവേശവും പരിഷ്ക്കാര ങ്ങളും പ്രോത്സാഹിപ്പിക്കുക.
9. പൊതുസ്വത്ത് സംരക്ഷിക്കുക, അക്രമമാർക്ഷം വെടിയുക.
10. വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക.

ഇവ കൂടാതെ 2009-ലെ വിദ്യാഭ്യാസത്തിനുള്ള അവകാശ ബില്ല് പാസ്സാക്കിയതിനുശേഷം ഒരു പുതിയ കടമയും കൂട്ടിച്ചേർത്തിട്ടുണ്ട്. 6 വയസ്സിനും 14 വയസ്സിനും മദ്ധ്യേയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുവാനുള്ള അവസരം കുട്ടിയുടെ പിതാവോ / രക്ഷകർത്താവോ സൃഷ്ടിക്കണം.

### 16.3.1 മൗലിക കടമകളുടെ സ്വഭാവം

കോടതി മുഖേന വിചാരണ ചെയ്യുവാൻ സാധിക്കാത്തത് ആയതു കൊണ്ട് മൗലിക കടമകൾക്ക് സ്വാഭാവിക നടപടിക്രമത്തിന്റെ സ്വഭാവമാണ് ഉള്ളത്. നിങ്ങൾക്ക് മനസ്സിലാക്കാവുന്നതുപോലെ ഏതാനും കടമകൾ അവ്യക്ത മാണ്. ഉദാഹരണത്തിന്, 'സമ്മിശ്ര സംസ്ക്കാരം', 'മഹത്തായ പാരമ്പര്യം' 'മനുഷ്യവാദം' അല്ലെങ്കിൽ, വ്യക്തികളുടെയും കൂട്ടങ്ങളുടെയും പ്രവർത്തനങ്ങളിലെല്ലാം ഉൽകൃഷ്ടത എന്നീ പ്രയോഗങ്ങൾ ഒരു സാധാരണ പൗരന് ശരിയായി മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഈ പദപ്രയോഗങ്ങൾ ലളിതമാക്കിയാൽ മാത്രമെ ഈ കടമകളുടെ പ്രാധാന്യം അവർക്ക് മനസ്സിലാവുകയുള്ളൂ. നിലവിലുള്ള പട്ടിക പരിഷ്കരിക്കുവാനും, പദപ്രയോഗങ്ങൾ ലളിതമാക്കുവാനും, അവ കൂടുതൽ വാസ്തവമാക്കുവാനും, അർത്ഥപൂർണ്ണമാക്കുവാനും, പട്ടികയിൽ ഏതാനും അത്യാവശ്യവും യാഥാർത്ഥ്യ സ്വഭാവമുള്ള കടമകൾ കൂട്ടിച്ചേർക്കുവാനുള്ള ആവശ്യങ്ങൾ കാലാകാലങ്ങളിൽ പ്രകടപ്പിച്ചിട്ടുണ്ട്. മാത്രവുമല്ല ആവുന്നത്രയും ഈ കടമകൾ കോടതി വിചാരണയ്ക്ക് വിധേയമാക്കണം.

**? നിങ്ങൾക്കറിയാമോ**

1. 1977-ൽ സോവിയറ്റ് ഭരണഘടനയിൽ കുട്ടികളെ ശരിയായ രീതിയിൽ വളർത്തുവാനും മാതാപിതാക്കളുടെ വാർദ്ധക്യകാലത്ത് അവരെ സംരക്ഷിക്കാനുമുള്ള മൗലിക കടമകൾ ഉൾപ്പെടുത്തി.

കുറിപ്പുകൾ

2. കുട്ടികളുടെ വിദ്യാഭ്യാസവും, പൊതുക്ഷേമപ്രവർത്തനങ്ങളിൽ ഇടപെടാതിരിക്കുവാനും, നികുതികൾ അടയ്ക്കുവാനും, ജോലിചെയ്യാനുള്ള അവകാശവും, ജപ്പാനിലെ ഭരണഘടനയിൽ ഉൾപ്പെടുത്തി.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 16.5

1. മനുഷ്യാവകാശങ്ങൾ സംബന്ധിച്ച് ഐക്യരാഷ്ട്രസഭയുടെ ഏത് പ്രമാണമാണ് ഐക്യരാഷ്ട്രസഭയുടെ പൊതുസഭ തയ്യാറാക്കി പാസ്സാക്കിയത്?
2. മനുഷ്യാവകാശങ്ങൾ കൂടിയായ നാല് മൗലിക അവകാശങ്ങളുടെ പട്ടിക തയ്യാറാക്കുക.
3. താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണങ്ങൾ ശ്രദ്ധാപൂർവ്വം പഠിച്ച് ഏതെന്ന് മനസ്സിലാക്കി ഓരോ ചിത്രീകരണത്തോടും ബന്ധപ്പെട്ടിരിക്കുന്നതോ, ബന്ധപ്പെടുത്താവുന്നതോ ആയ മൗലിക കടമ ഏതെന്ന് എഴുതുക.



ചിത്രീകരണത്തിൽ ഉൾപ്പെടുത്തേണ്ടത്: (a) പത്രികകൾ ഇല്ലാത്ത വൃക്ഷങ്ങൾ, വീണുകിടക്കുന്ന വൃക്ഷങ്ങൾ ചത്ത മൃഗങ്ങൾ മുതലായവ (b) ഏതാനും ജീർണ്ണിച്ച സ്മാരകങ്ങൾ (c) ഇങ്കിലാബ് സിന്ദാബാദ്, ഭാരത് മാതാ കീ ജയ്, ഹിന്ദുസ്ഥാൻ അമർ രഹേ എന്നീ പ്ലക്കാർഡുകൾ ഏന്തി ഒരു സമരജാഥ (d) അതിർത്തി സംരക്ഷിക്കുന്നതോ അല്ലെങ്കിൽ അതിർത്തിയിൽ നിരീക്ഷണം നടത്തുന്നതോ ആയ സൈനികർ (e) വ്യത്യസ്ത മതങ്ങളെ പ്രതിനിധീകരിക്കുന്ന ഏതാനും ആരാധന സ്ഥലങ്ങൾ

4. സ്വാതന്ത്ര്യ ദിനത്തിൽ അനുവർത്തിക്കേണ്ടുന്ന നാല് മൗലിക കടമകൾ. നിങ്ങൾ പ്രതിജ്ഞയെടുക്കുവാൻ ആവശ്യപ്പെട്ടാൽ വളരെ പ്രധാനപ്പെട്ടതെന്ന് നിങ്ങൾക്ക് തോന്നുന്ന 4 കടമകൾ ഏതൊക്കെ? എന്തുകൊണ്ട്?

## നിങ്ങൾ പഠിച്ചത്

‘ അവകാശങ്ങൾ ഒരു വ്യക്തിയുടെ അർഹതകളാണ്. വ്യക്തിയുടെ വളർച്ചയ്ക്കും വികാസത്തിനും അവ ഒഴിച്ചുകൂടാനാവാത്തതായി രാഷ്ട്രവും സമൂഹവും അംഗീക

രിച്ചിട്ടുള്ളതാണ്. ധാർമ്മികവും നിയമപരമായും നിരവധി കാരണങ്ങളാൽ ഒരു വ്യക്തി ചെയ്യേണ്ടതായ ഒന്നാണ് ഒരു കടമ. അവകാശങ്ങളും കടമകളും പരസ്പരം ആശ്രയിച്ചിരിക്കുന്നു.

- സമൂഹം എല്ലാ അവകാശങ്ങളും അംഗീകരിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ രാഷ്ട്രം അംഗീകരിച്ച് ഭരണഘടനയിൽ ഉൾപ്പെടുത്തിയിരി ക്കുന്നു. അപ്രകാരമുള്ള അവകാശങ്ങളെ മൗലിക അവകാശങ്ങൾ എന്ന് വിളിക്കുന്നു.

- താഴെ പറയുന്ന ആറ് മൗലിക അവകാശങ്ങൾ പൗര' ൻമാർക്ക് ഇന്ത്യൻ ഭരണഘടന ഉറപ്പ് നൽകുന്നു. (1) സമത്വത്തിനുള്ള അവകാശം (2) സ്വാതന്ത്ര്യത്തിനുള്ള അവകാശം (3) ചൂഷണത്തിനെതിരായ അവകാശം (4) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (5) സാംസ്കാരികവും വിദ്യാഭ്യാസ പരവുമായ അവകാശം (6) ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം. മൗലിക അവകാശങ്ങൾ സാർവ്വത്രികമാണ്. എന്നാൽ, ഭരണഘടന ഏതാനും നിയന്ത്രണങ്ങളും പരിധികളും ഏർപ്പെടുത്തിയിട്ടുണ്ട്.

- ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ 1948-ൽ നിരവധി രീതിയിലുള്ള മനുഷ്യാവകാശങ്ങൾ അംഗീകരിച്ചു. അവ സാർവ്വത്രിക മനുഷ്യാവകാശ പ്രമാണങ്ങളായി കൂട്ടിച്ചേർത്തു. ഇന്ത്യൻ ഭരണഘടനയിൽ നിരവധി മനുഷ്യാവകാശങ്ങൾ, മൗലിക അവകാശങ്ങളായി ചേർത്തു. അവ നടപ്പി ലാക്കുവാൻ നിയമപരമായി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. മൗലിക അവകാശങ്ങളുടെ പട്ടികയിൽപ്പെടാത്ത മനുഷ്യാവകാശങ്ങൾ നിർദ്ദേശക തത്വങ്ങളായി സംസ്ഥാനങ്ങളുടെ ഉത്തരവാദിത്വങ്ങളായി ഉൾപ്പെടുത്തി.

- ഇന്ത്യൻ ഭരണഘടനയുടെ 42-ാം ഭരണഘടനാ ഭേദഗതി 51അ വകുപ്പു പ്രകാരം 1976-ൽ പത്ത് മൗലിക കടമകൾ ഭരണഘടനയിൽ ചേർത്തു. മൗലിക അവകാശങ്ങൾ ലംഘിച്ചാൽ ഭരണഘടനാപ്രകാരം, കോടതി യിലൂടെ പരിഹാരങ്ങൾക്കുള്ള അവകാശം ഉണ്ടെങ്കിൽ, മൗലിക കടമകൾ കോടതിയിൽ വിചാരണ ചെയ്ത് പരിഹരിക്കുവാൻ സാദ്ധ്യമല്ല. അവയുടെ ലംഘനം ശിക്ഷാർഹവുമല്ല.

## സമാപ്തി അഭ്യാസങ്ങൾ

1. നമ്മുടെ ദൈനംദിന ജീവിതത്തിൽ മൗലിക അവകാശങ്ങളുടെ പ്രാധാന്യം വിവരിക്കുക. നിങ്ങളുടെ ജീവിതത്തിൽ പ്രധാനപ്പെട്ട മൗലിക അവകാശ മായി നിങ്ങൾ കരുതുന്നത് ഏതാണ്? എന്തുകൊണ്ട്?

2. ഭരണഘടന നമുക്ക് അനുവദിച്ചിട്ടുള്ള 6 മൗലിക അവകാശങ്ങൾ സംഗ്രഹിക്കുക.

3. ഇന്ത്യയിൽ നിന്നും നിരക്ഷരത ഇല്ലായ്മ ചെയ്യുവാൻ വിദ്യാഭ്യാസത്തിനുള്ള അവകാശം എപ്രകാരം പ്രാധാന്യമുള്ളതാണ്.

4. സ്വാതന്ത്ര്യത്തിനും മതവിശ്വാസത്തിനുമുള്ള അവകാശത്തിന്റെ പ്രധാനപ്പെട്ട വകുപ്പുകൾ വിവരിക്കുക.

5. സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങൾ ഏതൊക്കെയാണ്? മൂന്ന് നിയന്ത്രണങ്ങൾ?

കുറിപ്പുകൾ

ഈ നിയന്ത്രണങ്ങൾ നിങ്ങളുടെ അഭിപ്രായത്തിൽ ന്യായീകരിക്കാവുന്നതാണോ? നിങ്ങളുടെ ഉത്തരത്തിന് ഉപോൽബലകമായ ന്യായീകരണങ്ങൾ എന്തെല്ലാം?

6. മനുഷ്യാവകാശങ്ങൾ പ്രതിഫലിക്കുന്നത് ഇന്ത്യൻ ഭരണഘടനയിലെ മൗലിക അവകാശങ്ങളിലാണ്. ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?

7. ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന മൗലിക കടമകൾ ഏതെല്ലാം? ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതായി നിങ്ങൾ കരുതുന്നത് ഏതൊക്കെ ആണ്? എന്തുകൊണ്ട്?

8. താഴെ പറയുന്ന പ്രസ്താവനകൾ വായിക്കുക. ഇവയിൽ ശരിയായിട്ടുള്ളത് ഏതൊക്കെ എന്ന് മനസ്സിലാക്കുക. തെറ്റായിട്ടുള്ള പ്രസ്താവനകളിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി എഴുതുക.

   (i) ഗവൺമെന്റിന്റെ അനുവാദമില്ലാതെ ഒരാൾക്ക് മതം മാറുവാൻ സാധിക്കയില്ല

   (ii) എല്ലാ ഗവൺമെന്റ് സ്കൂളുകളിൾ അഥവാ ഗവൺമെന്റ് ധനസഹായം കിട്ടുന്ന സ്കൂളുകളിൽ മതപഠനം നടത്താം.

   (iii) സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ മതപരമായ ആരാധനകളിൽ പങ്കെടുക്കണമെന്ന് നിർബന്ധിക്കുവാൻ പാടില്ല.

   (iv) ഒരു ബഹുമതവിശ്വാസമുള്ള ജനത നിവസിക്കുന്ന രാഷ്ട്രം എന്ന നിലയിൽ ഇന്ത്യ ഏതെങ്കിലും പ്രത്യേക മതവിശ്വാസത്തിന് ആനുകൂല്യങ്ങൾ നൽകാവുന്നതാണ്.

   (v) പ്രധാനപ്പെട്ട മതവിശ്വാസ സ്ഥലങ്ങളുടെ സംരക്ഷണത്തിനായി ഗവൺ മെന്റിന് പ്രത്യേകം നികുതി ഈടാക്കാം.

   (vi) ദേശീയ വികസന പദ്ധതികൾക്ക് തടസ്സം ഉണ്ടായാലും ആരാധനാലയങ്ങൾ എവിടെ വേണമെങ്കിലും നിർമ്മിക്കാം.

9. 'എ' കോളത്തിൽ കൊടുത്തിരിക്കുന്ന അവകാശങ്ങളും 'ബി' കോളത്തിൽ കൊടുത്തിരിക്കുന്ന കടമകളും തമ്മിൽ ചേരുംപടി ചേർക്കുക.

| A | B |
|---|---|
| (a) ഭരണഘടന നമുക്ക് അഭിപ്രായ സ്വാതന്ത്ര്യം നൽകുന്നു | (a) മറ്റുള്ളവർക്ക് അത് നിഷേധിക്കാതിരിക്കുവാൻ കടമയുണ്ട് |
| (b) നമ്മുടെ ഇഷ്ടപ്രകാരമുള്ള മതവിശ്വാസം പുലർത്തുവാൻ നമുക്ക് അവകാശം ഉണ്ടെങ്കിൽ | (b) നിയമങ്ങൾ അനുസരിക്കുവാനും അച്ചടക്കം പാലിക്കുവാനും നമുക്ക് കടമയുണ്ട് |
| (c) ഒരു പൊതു ഉദ്യാനമോ, കിണറോ, ജലാശയമോ ഉപയോഗിക്കുവാൻ നമുക്ക് അവകാശം ഉണ്ടെങ്കിൽ | (c) നമ്മളെ നിഗ്രഹിക്കുവാനോ മുറിവേൽപ്പിക്കുവാനോ മറ്റുള്ളവർക്ക് കടമയുണ്ട് |
| (d) ജീവിക്കുവാനുള്ള അവകാശം നമുക്ക് ഉണ്ടെങ്കിൽ | (d) മറ്റുള്ളവർ അവരുടെ മതവിശ്വാസം പുലർത്തുവാൻ അനുവദിക്കുന്നത് നമ്മുടെ കടമയാണ് |
| (e) പഠിക്കുവാനുള്ള അവകാശം നമുക്ക് ഉണ്ടെങ്കിൽ, | (e) മറ്റുള്ളവരുടെ വികാരങ്ങൾ വ്രണപ്പെടുത്താതിരിക്കുവാൻ നമ്മളെ ഓർമിപ്പിക്കുന്നു. |

കുറിപ്പുകൾ

## പ്രോജക്ട്

പഴയ വസ്തുക്കൾ പെറുക്കിയും അല്ലെങ്കിൽ ഭിക്ഷാടനം ചെയ്തും ജീവിക്കുന്ന 14 വയസ്സിന് താഴെയുള്ള കുട്ടികളുടെ സർവ്വേ നിങ്ങളുടെ പ്രദേശത്ത് നടത്തി, 3-5 കുട്ടികളെ കണ്ടുപിടിക്കുക. ഏത് ഘടകങ്ങളാണ് അവരെ ഈ നിലയിൽ ആകുന്നതിന് കാരണങ്ങളായതെന്ന് അവരിൽ നിന്നും കണ്ടുപിടിക്കുവാൻ ശ്രമിക്കുക. NGO മാരുമായോ അല്ലെങ്കിൽ മുതിർന്നവരുമായി ചർച്ച നടത്തിയോ അഥവാ നിങ്ങളുടെ നിരീക്ഷണങ്ങളിൽ നിന്ന് ലഭിച്ചതായ വസ്തുതകൾ ഉപയോഗിച്ചോ താഴെ കാണുന്ന പട്ടിക പൂരിപ്പിക്കുക.

| ക്രമ നമ്പർ | കുട്ടിയുടെ പേര് | കുട്ടികളെ ഈ സാഹചര്യങ്ങളിലേക്ക് നയിച്ച ഘടകങ്ങൾ | എനിക്ക് അത്തരം കുട്ടികളെ രക്ഷപ്പെടുത്താൻ കഴിയുന്ന മാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |
| 5. | | | |

## പാഠ്യഭാഗത്തെ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

16.1

1. ഒരു വ്യക്തിയുടെ വളർച്ചയ്ക്ക് ഒഴിച്ചുകൂടാനാവാത്തതായി സമൂഹവും, രാഷ്ട്രവും അംഗീകരിച്ചിട്ടുള്ളതും വ്യക്തിക്ക് അർഹതപ്പെട്ടതുമായ അവകാശ ങ്ങൾ. ഒരു കടമയാകട്ടെ, ഒരു വ്യക്തി ചെയ്യേണ്ടതായി പ്രതീക്ഷിക്കുന്ന ഏതാനും കാര്യങ്ങളാണ്. അവകാശങ്ങളും കടമകളും പരസ്പരം ആശ്രയിച്ചിരിക്കുന്നു. കടമകളും ചുമതലകളും ഒരുമിച്ചുപോകുമ്പോഴും ഒന്ന് ഒന്നിന് പരസ്പര പൂരകമാകുമ്പോഴും ജീവിതം അക്ലിഷ്ടമാകുന്നു. മറ്റുള്ളവർ നമുക്കു വേണ്ടി ചെയ്യണമെന്ന് ആഗ്രഹിക്കുന്നത് അവകാശങ്ങളും നമ്മൾ മറ്റുള്ള വർക്കുവേണ്ടി ചെയ്യുന്നത് കടമകളുമാകുന്നു. അങ്ങനെ ഓരോ അവകാശവും നമുക്ക് ലഭ്യമാകുമ്പോൾ മറ്റുള്ളവരുടെ അവകാശം മാനിക്കുവാനുള്ള ഒരു കടപ്പാടും അതോടൊപ്പം ഉണ്ട്. അവകാശങ്ങളോടൊപ്പം വരുന്ന ഓരോ കടപ്പാടും കടമകളുടെ രൂപത്തിലുള്ളതാണ്.

2. (i) സംവരണത്തിനായുള്ള ഓരോ വകുപ്പും വിവേചനപരമായിട്ടുള്ളതല്ല.

   (ii) ഒരു വ്യക്തിയുടെ പദവി ഉൾപ്പെടെയുള്ള ഒരു കാര്യത്തിലും വിവേചനം സാദ്ധ്യമല്ല. എന്തെന്നാൽ നിയമത്തിന്റെ മുന്നിൽ എല്ലാവരും തുല്യരാണ്.

   (iii) എന്തുകൊണ്ടെന്നാൽ തൊഴിൽ ലഭിക്കുന്നതിന് ഏതു സാഹചര്യത്തിലും മതവിശ്വാസം അടിസ്ഥാനമാകരുത്.

   (iv) എന്തുകൊണ്ടെന്നാൽ ഇന്ത്യൻ ഭരണഘടന എല്ലാ പദവിനാമങ്ങളും നിർത്തലാക്കി. മിസ്റ്റർ സോഹൻ സിംഗിന് റാവു ബഹാദൂർ എന്ന പദവി നാമം ഉപയോഗിക്കുവാൻ സാദ്ധ്യമല്ല.

3 ജലശേഖരണത്തിനായി ഗ്രാമത്തിലെ കൈപമ്പുകൾ ദളിത് വിഭാഗത്തിൽ പ്പെട്ടവർ മറ്റുള്ളവരുമായി പങ്കിടുന്നത്

**16.2** 1 (a) അഭിപ്രായ സ്വാതന്ത്ര്യവും അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും (b) ആയുധ ങ്ങളില്ലാതെ സമാധാനപരമായി സമ്മേളിക്കുവാനുള്ള അവകാശം (c) സംഘടിക്കു വാനും യൂണിയനുകൾ രൂപീകരിക്കുവാനുമുള്ള സ്വാതന്ത്ര്യം (d) ഇന്ത്യയിലെവി ടെയും സ്വതന്ത്രമായി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം (e) ഇന്ത്യയിൽ ഏതു ഭാഗ ത്തും വസിക്കുവാനും സ്ഥിരമായി താമസിക്കുവാനുമുള്ള സ്വാതന്ത്ര്യം (f) ഏത് തൊഴിൽ ചെയ്യുന്നതിനോ ഏത് ഉപജീവനമാർഗ്ഗമോ, വ്യാപാരമോ അല്ലെങ്കിൽ വ്യ വഹാരമോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം

2 (i) ഇന്ത്യയിലെല്ലായിടത്തും സ്വതന്ത്രമായി സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യം (ii) സംഘടനയോ സമിതിയോ രൂപീകരിക്കുവാനുള്ള സ്വാതന്ത്ര്യം (iii) ഇന്ത്യയുടെ ഏതു ഭാഗത്തും വസിക്കുന്നതിനും സ്ഥിരമായി താമസിക്കുവാനുമുള്ള സ്വാതന്ത്ര്യം (iv) ഏത് തൊഴിൽ ചെയ്യുന്നതിനോ ഏത് ഉപജീവനമാർഗ്ഗമോ, വ്യാപാരമോ അല്ലെ ങ്കിൽ വ്യവഹാരമോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം (v) സമാധാനപരമായി ആയുധ ങ്ങളില്ലാതെ സംഘടിക്കുവാനുള്ള അവകാശം

3. വകുപ്പ് 20, വകുപ്പ് 21, വകുപ്പ് 22 യഥാക്രമം

**16.3**

1 പരമ്പരാഗതമായി ഇന്ത്യൻ സമൂഹം ശ്രൈണികമാണ്. ഈ അവസ്ഥ പലവിധത്തി ലുള്ള ചൂഷണങ്ങൾക്ക് ഇടയായി. ഈ കാരണത്താലാണ് ഭരണഘടന ചൂഷണ ത്തിനെതിരായ വകുപ്പുകൾ ഉൾപ്പെടുത്തിയത്.

2. (a) 'ബെഗാർ'

(b) മനുഷ്യരുടെ ക്രയവിക്രയം

3. നിങ്ങളുടെ സ്വാനുഭവങ്ങളിലധിഷ്ഠിതമായതും, ജീവിതത്തിലുണ്ടായിട്ടുള്ള തുമാ യ യഥാർത്ഥ സാഹചര്യങ്ങൾ 10 വയസ്സുള്ള ഒരു കുട്ടി ചായപ്പീടിക യിൽ തൊഴിൽ ചെയ്യുന്നതു പോലെ.


**16.4**

1. വകുപ്പുകൾ 29–30 പ്രകാരം രണ്ട് വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ട്. ന്യൂനപക്ഷങ്ങ ളുടെ താല്പര്യ സംരക്ഷണം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും നട ത്തിക്കൊണ്ടുപോകുവാനുമുള്ള ന്യൂനപക്ഷ വിഭാഗ ങ്ങളുടെ അവകാശം

2. വ്യത്യസ്തഭാഷയും ലിപികളും അല്ലെങ്കിൽ സംസ്ക്കാരവും സ്വന്തമായി ട്ടുള്ള ഏ ത് ന്യൂനപക്ഷത്തിനും അത് പരിരക്ഷിക്കുന്നതിനുള്ള അവകാശം ഉണ്ട്.

3 ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കൂളുകളിൽ ഭൂരിപക്ഷ സമുദായത്തിൽ പ്പെട്ടവർക്ക് പ്രവേശനം നൽകിയിരിക്കണം.

4. മൗലിക അവകാശങ്ങളുടെ ലംഘനം അല്ലെങ്കിൽ കടന്നുകയറ്റം നമ്മുടെ ദൈനംദി നജീവിതത്തിൽ ഉണ്ടാകുന്നത് വളരെ ഗൗരവമുള്ളതാണ്. ആയതി നാൽ, നിയമ നിർമ്മാണസഭയും ഭരണനിർവ്വഹണ സമിതികളും മൗലിക അവകാശങ്ങൾ നിയ ന്ത്രിക്കുവാനോ, നിഷേധിക്കുവാനോ ഭരണഘടന അനുവദിക്കുന്നില്ല. നമ്മുടെ മൗലിക അവകാശങ്ങൾക്ക് നിയമപരമായ സംരക്ഷണം ഭരണഘടന നൽകുന്നു. ഭരണഘടനാപരമായ പരിഹാരമാർഗ്ഗങ്ങൾ എന്ന് ഇവയെ വിളിക്കുന്നു.






**16.5**

1. ഐക്യരാഷ്ട്ര സംഘടനയുടെ പൊതുസഭ 1948-ൽ മനുഷ്യാവകാശങ്ങൾ അംഗീകരിക്കുകയും മനുഷ്യാവകാശങ്ങളെ സാർവ്വത്രിക പ്രമാണങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തു.

2. സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, മതവിശ്വാസ ത്തിനും, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾക്കുള്ള സ്വാതന്ത്ര്യം

3 (a) വനപ്രദേശങ്ങളും തടാകങ്ങളും നദികളും വന്യമൃഗങ്ങളും ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷിക്കുവാനും, മെച്ചപ്പെടുത്തുവാനും, എല്ലാ ജീവജാല ങ്ങളോടുമുള്ള ദീനാനുകമ്പയും പുലർത്തുവാൻ

(b) നമ്മുടെ ധന്യമായ സമ്മിശ്ര സംസ്ക്കാരം അറിയുന്നതിനും സംരക്ഷിക്കു ന്നതിനും;

(c) ഭരണഘടന അനുസരിക്കുവാനും, ഭരണഘടനയുടെ ആശയങ്ങളും ഭരണഘടനാസ്ഥാപനങ്ങളെയും ഉൾക്കൊള്ളുവാനും ദേശീയപതാകയേയും ദേശീയഗാനത്തേയും ആദരിക്കുവാനും;

(d) രാജ്യത്തെ പ്രതിരോധിക്കുവാനും ദേശീയസേവനം ആവശ്യപ്പെടുമ്പോൾ അവ നൽകുവാനും

(e) മതവിശ്വാസത്തിനും, ഭാഷയ്ക്കും പ്രാദേശികമോ അല്ലെങ്കിൽ വിഭാഗീയ വൈവിധ്യത്തിനുപരി ഇന്ത്യൻ ജനതയെ ഊർജ്ജിതപ്പെടുത്തുവാനും സ്ത്രീകളുടെ പദവിക്ക് ഹാനികരമാവുന്ന എല്ലാ ആചാരങ്ങളും പരിത്യജിക്കുവാനും.

4 (a) ഭരണഘടന അനുസരിക്കുവാനും, ഭരണഘടനയുടെ ആശയങ്ങളും ഭരണഘടനാ സ്ഥാപനങ്ങളും ഉൾക്കൊള്ളുവാനും ദേശീയപതാകയേയും ദേശീയഗാനത്തേയും ആദരിക്കുവാനും

(b) ഇന്ത്യയുടെ പരമാധികാരത്തെ സംരക്ഷിക്കുവാനും ഏകതയും അഖ ണ്ഡതയും ഉയർത്തിപ്പിടിക്കുവാനും

(c) മതവിശ്വാസത്തിനും, ഭാഷയ്ക്കും പ്രാദേശികമോ അല്ലെങ്കിൽ വിഭാഗീയ വൈവിധ്യത്തിനുപരി സൗഹാർദ്ദവും, പൊതുസാഹോദര്യവും എല്ലാ ഇന്ത്യൻ ജനതയിലും ഊർജ്ജിതപ്പെടുത്തുവാനും, സ്ത്രീകളുടെ പദവിക്ക് ഹാനികരമാവുന്ന എല്ലാ ആചാരങ്ങളും പരിത്യജിക്കുവാനും

(d) വനപ്രദേശങ്ങളും, തടാകങ്ങളും, നദികളും വന്യമൃഗങ്ങളും ഉൾപ്പെട്ട പരിസ്ഥിതി സംരക്ഷിക്കുവാനും മെച്ചപ്പെടുത്തുവാനും, എല്ലാ ജീവജാല ങ്ങളോടുമുള്ള ദീനാനുകമ്പ പുലർത്തുവാനും

ഭരണഘടനയുടെ മുഖ്യ സത്തയായി, കേന്ദ്രബിന്ദുവായി മേൽപറഞ്ഞ കടമകൾ സമാഹരിച്ചിട്ടുണ്ട്. ഈ ലക്ഷ്യങ്ങൾ നേടുവാനായി ഇന്ത്യയുടെ രാഷ്ട്രീയ സംവിധാനം പരിശ്രമിക്കുന്നു.



കുറിപ്പുകൾ

# 17

# ഇന്ത്യ ഒരു ക്ഷേമരാഷ്ട്രം

ചെന്നൈയിൽ നിന്നും പുറപ്പെട്ട രാമകൃഷ്ണനും അദ്ദേഹത്തിന്റെ സുഹൃത്ത് അബ്ദുളും ന്യൂഡൽഹി റെയിൽവേസ്റ്റേഷനിലിറങ്ങി. അവർ ടാക്സി പിടിക്കുന്നതിനായി റോഡ് കുറുകെ കടക്കുന്നതിനിടയിൽ, രാമകൃഷ്ണനെ ഒരു സൈക്കിൾ റിക്ഷ ഇടിച്ചുവീഴ്ത്തി. ഉടനെതന്നെ ചികിത്സയ്ക്കായി അയാളെ ഒരു ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡോ. നിർമ്മലയാണ് അയാളെ ചികിത്സിച്ചത്. ദുഃഖിതനായ അബ്ദുൾ രാമകൃഷ്ണന്റെ അമ്മാവനേയും സ്വന്തംവീട്ടിലേക്കും വിവരമറിയിച്ചു. ഒരു മണിക്കൂറിനു ശേഷം, രാമകൃഷ്ണനു ഗുരുതരമായ മുറിവുകളൊന്നുമില്ലായെന്ന് ഡോ. നിർമ്മല അബ്ദുളിനോട് പറഞ്ഞു. അപ്പോഴേക്കും രാമകൃഷ്ണന്റെ അമ്മാവൻ ആശുപത്രിയിൽ എത്തി. രാമകൃഷ്ണനെ ഡിസ്ചാർജ്ജ് ചെയ്തു. പരിശോധനയ്ക്ക് ഡോക്ടർ പണം വാങ്ങാത്തതും മരുന്നിന് വളരെ ചെറിയ തുക മാത്രം വാങ്ങിയതും അബ്ദുൾ ശ്രദ്ധിച്ചു. അയാൾ രാമകൃഷ്ണന്റെ അമ്മാവനോട് ചോദിച്ചു. എങ്ങനെയാണ് ഇതു സാധ്യമാകുന്നത്? അദ്ധ്യാപകനായ അമ്മാവൻ പറഞ്ഞു, ഇന്ത്യയെപോലുള്ള ഒരു ക്ഷേമരാഷ്ട്രത്തിൽ ഇതെല്ലാം ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അബ്ദുളിന്റെ മനസ്സിലുണ്ടായ ചോദ്യം ഇതായിരുന്നു. ഒരു ക്ഷേമരാഷ്ട്രം എന്നാൽ അർത്ഥമാക്കുന്നത് എന്താണ്?

ടെലിവിഷനിൽ ചർച്ചകൾ കേൾക്കുമ്പോഴും, മാസികകളും പത്രങ്ങളും വായിക്കുമ്പോഴും ഈ വാക്ക് നിങ്ങളും ശ്രദ്ധിച്ചിരിക്കും. എപ്പോഴൊക്കെയാണ് ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമായി വിവരിക്കുന്നത് അവിടെയെല്ലാം സംസ്ഥാന ങ്ങളുടെ നിർദ്ദേശക തത്വങ്ങളെക്കുറിച്ച് പരാമർശിക്കാറുണ്ട്. എന്തുകൊണ്ട്? അബ്ദുളിനെപ്പോലെ നിങ്ങൾക്കും വളരെയധികം ചോദ്യങ്ങൾ ഉണ്ടായിരിക്കും! ഈ പാഠത്തിൽ ഇന്ത്യയെങ്ങനെ ഒരു ക്ഷേമരാഷ്ട്രമായി എന്നതിനെക്കുറിച്ചുള്ള എല്ലാ പ്രധാനപ്പെട്ട കാരണങ്ങളും വിശകലനം ചെയ്യാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്

- ക്ഷേമരാഷ്ട്രം എന്നതിന്റെ അർത്ഥം വ്യാഖ്യാനിക്കുന്നതിനും എങ്ങനെയാണ് ഇന്ത്യ ക്ഷേമരാഷ്ട്രമായത് എന്ന് മനസ്സിലാക്കാനും;
- ഇന്ത്യൻ ഭരണഘടനയിൽ നിർദ്ദേശക തത്വങ്ങൾ ഉൾപ്പെടുത്താൻ കാരണ മായ ഘടകങ്ങൾ തിരിച്ചറിയുവാൻ;
- ഇന്ത്യയെന്ന ക്ഷേമരാഷ്ട്രത്തിന്റെ ലക്ഷ്യങ്ങൾ മനസ്സിലാക്കുന്നതിൽ നിർദ്ദേശക തത്വങ്ങളുടെ പ്രാധാന്യത്തെ ശ്ലാഘിക്കുവാൻ;

- നിർദ്ദേശക തത്വങ്ങളുടെ വിവിധ വകുപ്പുകൾ തിരിച്ചറിയുകയും, തരംതിരിക്കുകയും ചെയ്യുവാൻ;
- മൗലികാവകാശങ്ങളും നിർദ്ദേശക തത്വങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുവാൻ
- ക്ഷേമരാഷ്ട്രം എന്ന ലക്ഷ്യം കൈവരിക്കുവാൻ വേണ്ടി നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ അപഗ്രഥിക്കുവാൻ;

## 17.1 എന്താണ് ക്ഷേമരാഷ്ട്രം?

അബ്ദുളിന് ഉത്തരം ലഭിക്കേണ്ടതായ അടിസ്ഥാന ചോദ്യം, എന്താണ് ക്ഷേമരാഷ്ട്രം എന്നതാണ്. നമ്മൾ മനസ്സിലാക്കിയതുപോലെ ഇന്ത്യ ഒരു ക്ഷേമരാഷ്ട്രമായി വ്യാഖ്യാനിക്കപ്പെടുന്നു. ധാരാളം രാഷ്ട്രങ്ങൾ ലോകത്ത് ക്ഷേമരാഷ്ട്രങ്ങളായി വിവരിക്കപ്പെടുന്നു. എന്തുകൊണ്ടാണ് ചില രാജ്യങ്ങൾ അങ്ങനെ വിളിക്കപ്പെടുന്നതും മറ്റു ചിലത് അങ്ങനെ അറിയപ്പെടാത്തതും? എന്താണ് ക്ഷേമരാഷ്ട്രം എന്ന വാക്കിന്റെ അർത്ഥം? പൗരന്മാരുടെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയിലും സംരക്ഷണത്തിലും രാഷ്ട്രം മുഖ്യ പങ്ക് വഹിക്കുന്നു എന്ന ആശയമാണ്. അവസര സമത്വം, സമ്പത്തിന്റെ തുല്യമായ വിതരണം എന്നീ തത്വങ്ങളാണ് ഒരു ക്ഷേമരാഷ്ട്രത്തിന്റെ അടിസ്ഥാനം. അടിസ്ഥാന ജീവിത സൗകര്യമില്ലാത്തവരെ സംരക്ഷിക്കുകയെന്നത് ക്ഷേമരാഷ്ട്രത്തിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. ഈ വ്യവസ്ഥിതിയിൽ പൗരന്മാരുടെ ക്ഷേമവും ഗവൺമെന്റിന്റെ ഉത്തരവാദിത്വം ആണ്. സ്വാതന്ത്ര്യത്തിനു മുൻപ് ഇന്ത്യ ഒരു ക്ഷേമരാഷ്ട്രമായിരുന്നില്ല. ബ്രിട്ടീഷുകാർ ചെയ്തിരുന്നതെല്ലാം ഇന്ത്യൻ ജനങ്ങളുടെ താൽപര്യ സംരക്ഷണത്തിനല്ല; മറിച്ച് ബ്രിട്ടീഷ് കൊളോണിയൽ ഗവൺമെന്റിന്റെ താൽപര്യ സംരക്ഷണത്തിനായിരുന്നു.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ കാലത്ത് വളരെയധികം പ്രശ്നങ്ങളും വെല്ലുവിളികളും നേരിടേണ്ടതുണ്ടായിരുന്നു. സാമ്പത്തികമായി ഇന്ത്യയുടെ സ്ഥിതി മോശമായിരുന്നു. സാമൂഹികമായും ഇന്ത്യയ്ക്ക് ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ടായിരുന്നു. സാമൂഹ്യ അസമത്വം ഇന്ത്യയിൽ നിലനിന്നിരുന്നു. നമ്മുടെ ഭരണഘടന രൂപീകരണ വിദഗ്ധർ ഈ പ്രശ്നങ്ങളെക്കുറിച്ച് വളരെയധികം ബോധവാൻമാരായിരുന്നു. അതുകൊണ്ടാണ് ഇന്ത്യ ഒരു ക്ഷേമരാഷ്ട്രം ആയിരിക്കണമെന്നവർ തീരുമാനിച്ചത്. നിങ്ങൾ മനസ്സിലാക്കിയതുപോലെ ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ഇന്ത്യ ഒരു 'പരാമധികാര, സോഷ്യലിസ്റ്റ്, മതേതര, ജനാധിത്യ റിപ്പബ്ലിക് എന്ന് പ്രസ്താവിച്ചിട്ടുണ്ട്. ഇന്ത്യയുടെ ഭരണഘടനാപ്രകാരം തന്നെ ഇന്ത്യൻ പൗരന്മാരുടെ സാമൂഹ്യവും, സാമ്പത്തികവുമായ ക്ഷേമം വിഭാവനം ചെയ്യുന്നു. ഇതിൻ പ്രകാരം ഭരണ ഘടനയിൽതന്നെ രണ്ട് പ്രത്യേക വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്; ഒന്ന് പൗരന്മാരുടെ മൗലികാവകാശങ്ങൾ, രണ്ട്, സംസ്ഥാനങ്ങളോടുള്ള നിർദ്ദേശക തത്വങ്ങൾ.

ഇന്ത്യൻ ഭരണഘടനയുടെ ഭാഗം III-ൽ ഉൾപ്പെടുത്തിയിട്ടുള്ള മൗലികാവകാശങ്ങൾ ഇന്ത്യൻ പൗരന്മാർക്ക് മൗലിക അവകാശങ്ങളും ആഭ്യന്തര സ്വാതന്ത്ര്യവും ഉറപ്പാക്കുന്നു. രാഷ്ട്രത്തിലുള്ള ഏതു നിയമത്തേക്കാളും ഉപരി പൗരന്മാരുടെ സ്വാതന്ത്ര്യവും അവകാശങ്ങളും മുൻപന്തിയിലാണ്. സ്വതന്ത്രജനാധിപത്യ രാഷ്ട്രങ്ങളിലെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യക്തിഗത അവകാശങ്ങൾ തന്നെയാണ് ഇവ. പ്രധാനപ്പെട്ട അവകാശങ്ങളിൽ ഉൾപ്പെട്ടതാണ്, നിയമത്തിന് മുൻപിലുള്ള സമത്വം, അഭിപ്രായ സ്വാതന്ത്ര്യവും അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും, സമാധാനപരമായി സംഘടിക്കുവാനുള്ള സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സ്വാതന്ത്ര്യം ലംഘിക്കപ്പെട്ടാൽ ഭരണഘടനാപ്രകാരം അവ സ്ഥാപിച്ചു

കിട്ടുവാനുള്ള അവകാശം എന്നിവ. എന്നാൽ ഇവ മാത്രം മതിയാവില്ല. ഇന്ത്യൻ പൗരന്മാർക്ക് സാമ്പത്തികവും സാമൂഹ്യവുമായ വളർച്ചയ്ക്കുള്ള അവസരങ്ങളും ആവശ്യമാണ്. അതുകൊണ്ടാണ് ഇന്ത്യൻ ഭരണഘടനയിൽ ഭാഗം IV-ൽ സംസ്ഥാനങ്ങൾക്കുള്ള നിർദ്ദേശകതത്വങ്ങൾ ഉൾപ്പെടുത്തിയത്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 17.1

1. ക്ഷേമരാഷ്ട്രം എന്നാൽ എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത്?
2. ഇന്ത്യ ഒരു ക്ഷേമരാഷ്ട്രം ആകണമെന്ന് ഭരണഘടനാനിർമ്മാതാക്കൾ തീരുമാനിച്ചത് എന്തുകൊണ്ട്?
3. നിലവിലുള്ള സാമൂഹ്യ അസമത്വം ഏറ്റവും കൂടുതലായി ബാധിച്ചിട്ടുള്ള ഇന്ത്യയിലെ രണ്ട് സാമൂഹ്യ വിഭാഗങ്ങളുടെ പേരെഴുതുക.

## 17.2 നിർദ്ദേശക തത്വങ്ങൾ

'മൗലിക അവകാശങ്ങളും, മൗലിക കടമകളും' എന്ന പാഠത്തിൽ കണ്ടതുപോലെ ഇന്ത്യൻ ഭരണഘടനയിൽ നൽകിയിരിക്കുന്ന മൗലിക അവകാശങ്ങൾ രാഷ്ട്രീയ അവകാശങ്ങളാണ്. സാമൂഹികവും, സാമ്പത്തിക വുമായ അവകാശങ്ങൾ ലഭിച്ചില്ലെങ്കിൽ ഇന്ത്യൻ ജനാധിപത്യത്തിന്റെ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാകുവാൻ എല്ലാ മൗലിക അവകാശങ്ങളും നടപ്പിലാക്കിയാൽ പോലും സാധിക്കയില്ലായെന്ന് ഭരണഘടനാ നിർമ്മാതാ ക്കൾക്ക് അറിയാമായിരുന്നു, എന്നിരുന്നാലും നൂറ്റാണ്ടുകൾ വിദേശ ഭരണത്തിൻ കീഴിൽ കഴിഞ്ഞിരുന്ന ഇന്ത്യയുടെ പരിമിതികളെക്കുറിച്ചും ഇന്ത്യ സാമൂഹിക- സാമ്പത്തിക മേഖലകളിൽ ഏറ്റവും പിന്നോക്കനിലയിലാണെന്നും അവർക്ക് അറിയമായിരുന്നു. ഈ സാഹചര്യത്തിൽ മൗലികാവകാശങ്ങളുടെ പട്ടികയിൽ സാമ്പത്തികവും സാമൂഹികവുമായ അവകാശങ്ങൾ ഉൾപ്പെടുത്തിയാൽ ഇന്ത്യൻ രാഷ്ട്രത്തിന് അവ നടപ്പിലാക്കുവാൻ പരിമിതികൾ മൂലം അസാദ്ധ്യ മാവുമെന്നും ഭരണഘടനാ നിർമ്മാതാക്കൾക്ക് അറിയാമായിരുന്നു. അതേ സമയം ഈ അവകാശങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകണം എന്നും അവർ മനസ്സിലാക്കി, ഭരണഘടനയിലെ ഭാഗം IV-ൽ സംസ്ഥാനത്തോടുള്ള 'നിർദ്ദേശകതത്വങ്ങൾ' എന്ന് പ്രത്യേകം ഉൾപ്പെടുത്തി.

### 17.2.1 സ്വഭാവ സവിശേഷതകൾ

രാഷ്ട്രനയത്തിന്റെ ഭാഗമായി ഈ തത്വങ്ങൾ കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും നിർദ്ദേശങ്ങളായി വർത്തിക്കുന്നു. നിയമങ്ങളും നയങ്ങളും രൂപീകരിക്കുന്ന അവസരത്തിൽ ഓരോ ഗവൺമെന്റും ഇവ പരിഗണിക്കേണ്ടതാകുന്നു. ഇന്ത്യൻ ഭരണഘടനയിലെ ഈ ഭാഗങ്ങൾ നീതിന്യായവ്യവസ്ഥയുടെ പരിധിയിൽ വരുന്നില്ല. ഇതിന്റെ അർത്ഥം ഈ നിർദ്ദേശക തത്വങ്ങൾ കോടതി മുഖേനയോ നിയമപരമായോ നടപ്പിലാക്കി കിട്ടുവാൻ സാദ്ധ്യമല്ല. പക്ഷെ രാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ ഇവ അടിസ്ഥാന തത്വങ്ങളായി പരിഗണിക്കപ്പെടുന്നു. നമ്മുടെ രാജ്യത്ത് നീതിയുക്തമായ ഒരു സമൂഹം സൃഷ്ടിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ രൂപീകരിക്കുന്നതിന് ഈ തത്വങ്ങൾ ഉപയോഗിക്കേണ്ടത് കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ ചുമതലയാണ്. അയർലണ്ടിന്റെ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദേശക തത്വങ്ങളിൽ നിന്നും ഗാന്ധിയൻ ദർശനങ്ങളിൽ നിന്നും സത്ത ഉൾക്കൊണ്ടാണ് ഈ തത്വങ്ങൾ രൂപീകരിച്ചിരിക്കുന്നത്.

എല്ലാ പൗരന്മാർക്കും നല്ലജീവിതം നയിക്കുന്നതിന് ആവശ്യമായ സാമൂഹിക സാമ്പത്തിക സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നുള്ളതാണ് ഈ തത്വങ്ങളുടെ പ്രധാന ലക്ഷ്യം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ രാജ്യത്ത് സാമൂഹിക, സാമ്പത്തിക ജനാധിപത്യം സൃഷ്ടിക്കുകയെന്നതാണ് ഇത് ലക്ഷ്യമാക്കുന്നത്. ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിൽ ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിന് ജനങ്ങളുടെ കൈവശമുള്ള ഒരു അളവുകോൽ എന്ന രീതിയിലാണ് ഈ തത്വങ്ങളെ പരിഗണിക്കുന്നത്. ഭരണ നിർവ്വഹണ വിഭാഗത്തിലെല്ലാവരെയും നയിക്കുന്നത് ഈനിർദ്ദേശക തത്വങ്ങളായിരിക്കണം. നീതിന്യായ വകുപ്പു പോലും കേസുകൾ വിചാരണ ചെയ്യുമ്പോൾ ഇവയ്ക്കും പ്രാധാന്യം നൽകിയിരിക്കണം.

**നിങ്ങൾക്കറിയാമോ**

- നിർദ്ദേശകതത്വങ്ങൾ ഭരണഘടനയുടെ 36 മുതൽ 51 വരെയുള്ള വകുപ്പുകളിൽ പ്രതിപാദിച്ചിരിക്കുന്നു.
- 42-ാമത്തെ ഭേദഗതിയിലൂടെ ഒരു പുതിയ മാർഗ്ഗനിർദ്ദേശം കൂടി നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു രാജ്യത്തെ പരിസ്ഥിതിയെ സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും വനങ്ങളെയും വന്യജീവികളെയും സംരക്ഷിക്കേണ്ടതും രാഷ്ട്രത്തിന്റെ ഉത്തരവാദിത്വമാണ് എന്ന് ഈ ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 17.2

1. പൂരിപ്പിക്കുക

(a) രാഷ്ട്രനയങ്ങളുടെ ഭാഗമായ നിർദ്ദേശക തത്വങ്ങൾ ലക്ഷ്യമിടുന്നത് ഇന്ത്യയെ ...................................... രാഷ്ട്രമായി മാറ്റാനാണ്.

(b) ഇന്ത്യയുടെ ..................................... നിയമനയരൂപീകരണ സമയത്ത് മാർക്ഷനിർദ്ദേശകളായി ഈ തത്വങ്ങൾ വർത്തിക്കുന്നു.

(c) നിർദ്ദേശകതത്വങ്ങൾ എന്ന ആശയം കടമെടുത്തിരിക്കുന്നത് ....................... ഭരണഘടനയിൽ നിന്നാണ്.

(d) നിർദ്ദേശക തത്വങ്ങൾ .............................. മായി ബന്ധപ്പെട്ടിരിക്കുന്നു.

2. രാഷ്ട്രനയങ്ങളിൽ നിർദ്ദേശകതത്വങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലായെങ്കിൽ ജനാധിപത്യത്തിന്റെ അടിസ്ഥാന മൂല്യങ്ങൾ പ്രതിഫലിപ്പിക്കുന്നതിൽ ഇന്ത്യൻ ഭരണഘടന പരാജയപ്പെടുമായിരുന്നോ എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? കാരണങ്ങൾ എഴുതുക.

### 17.2.2 നിർദ്ദേശകതത്വങ്ങളുടെ വിഭജനം

ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിലൂടെ കണ്ണോടിക്കുമ്പോൾ വിവിധതരത്തിലുള്ള നിർദ്ദേശക തത്വങ്ങൾ നിങ്ങൾക്ക് കാണാൻ സാധിക്കും. ഇവയിൽ ചിലത് സാമൂഹിക സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ടുകൊണ്ടും, മറ്റുചിലത് ഗാന്ധിയൻ ദർശനങ്ങ

ളുമായി ബന്ധമുള്ളതും, ചിലത് വിദേശനയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നവയുമാണ്. ഭരണഘടനയിൽ വിവിധ തലക്കെട്ടുകളിലായി വിഭജിച്ചിട്ടില്ലായെങ്കിലും ശരിയായ അർത്ഥത്തിൽ മനസ്സി ലാകുന്നതിനുവേണ്ടി നമുക്ക് നിർദ്ദേശക തത്വങ്ങളെ പല ഭാഗങ്ങളായി തിരിക്കാം.

- സാമൂഹിക സാമ്പത്തിക സമത്വത്തെ ശാക്തീകരിക്കുന്ന തത്വങ്ങൾ
- ഗാന്ധിയൻ ദർശനവുമായി ബന്ധപ്പെട്ട തത്വങ്ങൾ
- ആഗോള സമാധാനവും സുരക്ഷയുമായി ബന്ധപ്പെട്ട തത്വങ്ങൾ
- മറ്റു പല സ്വഭാവങ്ങളുള്ള തത്വങ്ങൾ

## A. സാമൂഹിക സാമ്പത്തിക സമത്വത്തെ ശാക്തീകരിക്കുന്ന തത്വങ്ങൾ

ഇന്ത്യയിലെ സാമൂഹികവും സാമ്പത്തികവുമായ ജനാധിപത്യത്തിന്റെ ലക്ഷ്യങ്ങൾ മനസ്സിലാക്കുന്നതിന് ചില പ്രധാനപ്പെട്ട നിർദ്ദേശക തത്വങ്ങൾ ഉണ്ട്.  കാലങ്ങളായി ഇന്ത്യയിലെ ഒരു വലിയ വിഭാഗം ജനങ്ങൾ സാമൂഹിക സാമ്പത്തിക അസമത്വം മൂലം കഷ്ടതയനുഭവിക്കുകയാണ്. താഴെ പറയുന്ന തത്വങ്ങൾ സാമൂഹിക സാമ്പത്തിക സമത്വം ശക്തിപ്പെടുത്തുന്നതിനുവേണ്ടി പ്രത്യേകമായി ലക്ഷ്യമിട്ടിട്ടുള്ളതാണ്.



**ചിത്രം 17.1** *സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ*

1. ജീവസന്ധാരണത്തിന് മതിയായ മാർഗ്ഗങ്ങൾ ഉറപ്പ് വരുത്തേണ്ടത് സംസ്ഥാനങ്ങളുടെ ചുമതലയാണ്.
2. രാജ്യത്തിന്റെ ഭൗതിക ഉറവിടങ്ങളുടെ വിതരണം പൊതുനന്മയ്ക്കായി സംസ്ഥാനങ്ങൾ ഉറപ്പുവരുത്തണം.
3. സാമ്പത്തിക വിതരണം സംസ്ഥാനങ്ങൾ നിർവ്വഹിക്കുമ്പോൾ സമ്പത്ത് കുറച്ച് ആളുകളുടെ കയ്യിൽ മാത്രമായി കേന്ദ്രീകരിക്കാത്ത രീതിയിലാ യിരിക്കണം.
4. തുല്യജോലിക്ക് സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തണം.
5. 14 വയസ്സുവരെ കുട്ടികൾക്ക് നിർബന്ധിത, സൗജന്യ വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടികൾ സംസ്ഥാനങ്ങൾ നടപ്പിലാക്കണം.
6. ഫാക്ടറികളുടെ മാനേജ്മെന്റിൽ തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാ ക്കുന്നത് സംസ്ഥാനങ്ങളുടെ ചുമതലയാണ്.
7. ശൈശവവും യുവത്വവും ചൂഷണത്തിൽ നിന്നും സംരക്ഷിക്കപ്പെടണം. സാമ്പത്തിക ആവശ്യങ്ങളുടെ പേരിൽ പുരുഷന്മാരേയും സ്ത്രീകളേയും കുട്ടികളേയും അവരുടെ

പ്രായത്തിനും ആരോഗ്യത്തിനും അനുയോജ്യമല്ലാത്ത തൊഴിലുകളിലോ, ഉദ്യോഗങ്ങളിലോ പ്രവേശിപ്പിച്ചുകൂടാ.

8. തൊഴിൽ ചെയ്യാനുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം, തൊഴിലില്ലായ്മ, വാർദ്ധക്യം, രോഗം, വികലാംഗത്വം തുടങ്ങിയ പ്രശ്നങ്ങളിൽ സഹായം നൽകുന്നത് സംസ്ഥാനങ്ങൾ ഉറപ്പാക്കണം.

9. നീതിയുക്തവും മാനുഷികപരിഗണനകളും തൊഴിലാളികൾക്ക് ഉറപ്പുവരുത്തുകയും സ്ത്രീകൾക്ക് പ്രസവകാല ഇളവ് നൽകുകയും വേണം.

## പ്രവർത്തനം 17.1

താഴെ കൊടുത്തിരിക്കുന്നത് വായിച്ച് പ്രവർത്തനം ചെയ്യുക.

ഒരു ഫാക്ടറിയിൽ സ്ത്രീകളും, പുരുഷന്മാരും ഒരുമിച്ച്, ഒരേസമയം, ഒരേ തൊഴിൽ ചെയ്യുന്നു. തൊഴിൽ ഉടമ കൂടുതൽ വേതനം പുരുഷനും, കുറഞ്ഞ വേതനം സ്ത്രീക്കും നൽകുന്നു. ഈ സംഭവത്തിൽ പാലിക്കാത്ത നിർദ്ദേശക തത്വം ഏതാണ് എന്ന് കണ്ടുപിടിക്കുക.

.......................................................................................................

.......................................................................................................

***ഇത് ഒരു ക്ഷേമരാഷ്ട്രത്തിന്റെ മേൽപറഞ്ഞ തത്വങ്ങൾക്കെതിരാകുന്നു എന്ന് ചൂണ്ടിക്കാട്ടി ദേശീയദിനപത്രത്തിന്റെ പത്രാധിപർക്ക് ഒരു കത്തെഴുതുക.***

പത്രാധിപർക്കുള്ള കത്ത്

.......................................................................................................

.......................................................................................................

.......................................................................................................

.......................................................................................................

### B. ഗാന്ധിയൻ ആദർശവുമായി ബന്ധപ്പെട്ടിട്ടുള്ള തത്വങ്ങൾ

ഗാന്ധിയൻ ചിന്ത അഹിംസാത്മകമായ ഒരു സാമൂഹികരീതിയെ ഉദ്ബോധിപ്പിക്കുന്നു. സ്വരാജ് (സ്വയംഭരണം), സർവ്വോദയ (എല്ലാവർക്കും ക്ഷേമം), സ്വാവലംബം (സ്വയംപര്യാപ്തത) എന്നിവയാണ് ഗാന്ധിയൻ ആദർശത്തിന്റെ അടിസ്ഥാനതത്വങ്ങൾ. സ്വാതന്ത്ര്യസമരത്തിന്റെ മുൻനിരയിൽ മഹാത്മാഗാന്ധി ആയിരുന്നു എന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഗാന്ധിജിയുടെ തത്വചിന്തയും, പ്രവർത്തനങ്ങളും സ്വാതന്ത്ര്യസമര ചരിത്രത്തിൽ മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ രൂപീകരണത്തിലും വഴികാട്ടിയായിട്ടുണ്ട്. താഴെ പ്രസ്താവിക്കുന്ന നിർദ്ദേശകതത്വങ്ങൾ ഗാന്ധിയൻ ആദർശങ്ങളുടെ പ്രതിഫലനമാണ്.

1. രാഷ്ട്രം സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളുടെ, വിദ്യാഭ്യാസ, സാമ്പത്തിക താൽപര്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം, പ്രത്യേകമായും പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗക്കാരുടെ താൽപര്യങ്ങളെ സംരക്ഷിക്കുകയും വേണം.

2. ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതിൽ രാഷ്ട്രം പ്രാധാന്യം കൊടുക്കണം. സ്വയംഭരണ യൂണിറ്റായി പ്രവർത്തിക്കുവാൻ അത്യാവശ്യ മായ അധികാരങ്ങൾ പഞ്ചായത്തുകൾക്ക് ലഭിക്കണം.
3. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം ഒഴിവാക്കുന്നതിന് രാഷ്ട്രം നടപടികളെടുക്കണം.
4. ഗ്രാമങ്ങളിൽ കുടിൽ വ്യവസായങ്ങൾ വളർത്തണം.
5. കാലിസമ്പത്തിന്റെ ഗുണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ രാഷ്ട്രം സ്വീകരിക്കണം. ഗോഹത്യയും, പാലുതരുന്ന മറ്റ് കാലികളുടെയും കശാപ്പ് രാഷ്ട്രം നിരോധിക്കണം.

## പ്രവർത്തനം 17.2

1. ഭരണഘടനാ വകുപ്പുകൾ അനുസരിച്ച് പ്രാദേശിക ഭരണസമിതികളിൽ സ്ത്രീകൾക്ക് 33 ശതമാനം സംവരണമുണ്ട്. ഒരു ഗ്രാമപഞ്ചായത്ത് ഓഫീസോ, അല്ലെങ്കിൽ പ്രാദേശിക മുനിസിപ്പൽ ഓഫീസോ സന്ദർശിച്ച് ഈ സംവരണം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുക. നിങ്ങളുടെ നിരീക്ഷണങ്ങൾ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തുക.

| പഞ്ചായത്ത്, മുനിസിപ്പൽ ഓഫീസിലെ ആകെ പ്രതിനിധികൾ | ആകെ വനിതാ പ്രതിനിധികളുടെ എണ്ണം |
|---|---|
| | |

2. ഏതെങ്കിലും രണ്ട് സ്ത്രീപ്രതിനിധികളുമായി സംസാരിച്ച് താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ വിവരങ്ങൾ രേഖപ്പെടുത്തുക.

| | തിരഞ്ഞെടുത്ത പ്രതിനിധി 1 | തിരഞ്ഞെടുത്ത പ്രതിനിധി 2 |
|---|---|---|
| അവരുടെ പ്രദേശത്ത് അവർ മൂലം ഉണ്ടായിട്ടുള്ള മൂന്ന് അനുകൂലമാറ്റങ്ങൾ | 1.<br>2.<br>3. | 1.<br>2.<br>3. |
| അവരുടെ ജോലിക്കിടയിൽ അവർ നേരിട്ടിട്ടുള്ള മൂന്ന് വെല്ലുവിളികൾ | 1.<br>2.<br>3. | 1.<br>2.<br>3. |

## C. അന്തർദ്ദേശീയ സമാധാനവും, സംരക്ഷണവുമായി ബന്ധപ്പെട്ടിട്ടുള്ള തത്വങ്ങൾ

ഇന്ത്യയുടെ വിദേശനയത്തിനു മാർഗ്ഗനിർദ്ദേശങ്ങളായി ഭരണഘടനാ നിർമ്മാതാക്കൾ ചില തത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അവയാണ് :

1. രാഷ്ട്രം അന്തർദ്ദേശീയ സമാധാനവും സംരക്ഷണവും പ്രോത്സാഹിപ്പിക്കും.
2. മറ്റു രാഷ്ട്രങ്ങളുമായി നീതിയുക്തവും ആദരപൂർവ്വവുമായ ബന്ധങ്ങൾ നിലനിർത്തുവാൻ രാഷ്ട്രം പരിശ്രമിക്കും.
3. അന്തർദ്ദേശീയ നിയമങ്ങളോടും സന്ധികളോടും ആദരവ് പാലിക്കുന്നത് രാഷ്ട്രം പ്രോത്സാഹിപ്പിക്കും.
4. പരസ്പര സമ്മതത്തോടെ അന്തർദ്ദേശീയ തർക്കങ്ങളുടെ പരിഹാരം ഉണ്ടാക്കുന്നത് രാഷ്ട്രം പ്രോത്സാഹിപ്പിക്കും.

## D. മറ്റ് പലവിധ തത്വങ്ങൾ

ഇവയ്ക്ക് പുറമെ നേരത്തെ പറഞ്ഞിട്ടുള്ള ഒരു വിഭാഗത്തിലും ഉൾപ്പെടാത്ത ചില ശ്രദ്ധിക്കപ്പെടേണ്ട നിർദ്ദേശക തത്വങ്ങൾ ഉണ്ട്. അവയാണ്:

1. രാഷ്ട്രത്തിന്റെ വനസമ്പത്ത്, വന്യജീവി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യണം.
2. ദേശീയ പ്രാധാന്യമുള്ള വസ്തുക്കൾ, സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയവയുടെ അറ്റുകുറ്റപ്പണികൾ ചെയ്ത് സംരക്ഷിച്ച് നിലനിർത്തുക.
3. രാജ്യം മുഴുവൻ എല്ലാ പൗരന്മാർക്കും ഒരു ഏകീകൃത നിയമസംഹിത രാഷ്ട്ര ലക്ഷ്യം ആയിരിക്കണം.
4. നീതിനിർവ്വഹണ വിഭാഗത്തെ ഭരണനിർവ്വഹണ വിഭാഗത്തിൽ നിന്നും മാറ്റിനിർത്തുന്നതിനുള്ള നടപടികൾ രാഷ്ട്രം സ്വീകരിക്കണം.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 17.3

1. നിർദ്ദേശകതത്വങ്ങളുടെ പ്രധാന വിഭാഗങ്ങൾ ഏതെല്ലാമെന്ന് പറയുക.
2. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ ഒന്നാമത്തേത് ചെയ്തിരിക്കുന്നതു പോലെ ഓരോ വിഭാഗത്തിനും നേരെ ശരിയായ തത്വങ്ങൾ എടുത്തെഴുതുക.

| ക്രമ നം. | നിർദ്ദേശക തത്വങ്ങൾ | വിഭാഗം |
|---|---|---|
| a. | ജീവസന്ധാരണത്തിന് ആവശ്യമായ സാമ്പത്തിക മാർഗ്ഗങ്ങൾ സംസ്ഥാനങ്ങൾ ജനതയ്ക്ക് ഉറപ്പാക്കും | |
| b. | നീതിനിർവ്വഹണത്തെ, ഭരണനിർവഹണ വിഭാഗത്തിൽ നിന്നു മാറ്റിനിർത്തുവാൻ സംസ്ഥാനങ്ങൾ നടപടി സ്വീകരിക്കും | |
| c. | രാഷ്ട്രങ്ങൾ തമ്മിൽ നീതിയും ആദരപൂർവ്വമായ ബന്ധങ്ങളും നിലനിർത്താൻ സംസ്ഥാനങ്ങൾ ശ്രമിക്കും. | |

| | | |
|---|---|---|
| d. | ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുവാനുള്ള ശ്രമങ്ങൾ നടത്തും. | |
| e. | സ്ത്രീക്കും പുരുഷനും തുല്യ തൊഴിലിന് തുല്യ വേതനം ഉണ്ടായിരിക്കും | |
| f. | ഗ്രാമപ്രദേശങ്ങളിൽ കുടിൽ വ്യവസായങ്ങൾ വളർത്താനുള്ള ശ്രമങ്ങൾ നടത്താൻ സംസ്ഥാനങ്ങൾ ശ്രമിക്കും. | |

## 17.3 നിർദ്ദേശിക തത്വങ്ങളും മൗലിക അവകാശങ്ങളും

നമ്മൾ പഠിച്ചതുപോലെ ഒരു ക്ഷേമരാഷ്ട്രം സ്ഥാപിക്കുകയെന്നതാണ് നിർദ്ദേശക തത്വങ്ങൾ ലക്ഷ്യംവയ്ക്കുന്നത്. മൗലിക അവകാശങ്ങളുടെ ലക്ഷ്യവും ഇതുതന്നെയാണ്. പക്ഷേ ഇവ രണ്ടും തമ്മിൽ ചില അടിസ്ഥാനപരമായ വ്യത്യാസങ്ങളുണ്ട്.


ആദ്യമായി, നിർദ്ദേശകതത്വങ്ങൾ നീതിന്യായവ്യവസ്ഥയുടെ പരിധിയിൽപ്പെടാത്തവയാണ്. ഭരണഘടന വകുപ്പുകളും അഥവാ നിയമങ്ങളും നിർദ്ദേശകതത്വങ്ങൾ നടപ്പിലാക്കാൻ സർക്കാരിനെ നിർബന്ധിക്കുന്നില്ല. എന്നാൽ മൗലിക അവകാശങ്ങൾ നീതിന്യായ വ്യവസ്ഥയുടെ പരിധിയിൽ വരുന്നതും നടപ്പിലാക്കേണ്ടവയുമാണ്. ഒരു പൗരനും മൗലിക അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല. ഹൈക്കോടതിയും, സുപ്രീം കോടതിയുമാണ് ഇവ സംരക്ഷിക്കേണ്ടത്.

രണ്ടാമതായി, രാഷ്ട്രത്തിന് നയങ്ങൾ രൂപീകരിക്കുന്നതിനും, നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും സൂചനകളുമാണ് ഈ തത്വങ്ങൾ നൽകുന്നത്. ഇത്തരം നയങ്ങൾ ക്ഷേമ രാഷ്ട്രത്തിന്റെ ലക്ഷ്യങ്ങൾ എന്താണ് എന്ന് മനസ്സിലാക്കുന്നതിനുള്ള ഒരു പ്രഥമ ചവിട്ടു പടിയാണ്. മൗലിക അവകാശങ്ങൾ ഭരണഘടന ഉറപ്പുനൽകുന്നു. എല്ലാ പൗരന്മാരുടെയും ഈ അവകാശങ്ങൾ സംരക്ഷിക്കാൻ രാഷ്ട്രത്തിന് ബാദ്ധ്യതയുണ്ട്.

മൂന്നാമതായി, ഭരണഘടനയിലെ സ്ഥാനം പരിഗണിക്കുമ്പോൾ പോലും നിർദ്ദേശക തത്വങ്ങൾ മൗലിക അവകാശങ്ങൾക്കു ശേഷം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിർദ്ദേശക തത്വങ്ങളേക്കാൾ കൂടുതൽ പ്രാധാന്യം മൗലിക അവകാശങ്ങൾക്കുണ്ട് എന്നാണ് ഇത് അർത്ഥമാക്കുന്നത്.

മൗലിക അവകാശങ്ങളുടെ ഒപ്പം ഭരണഘടനയിൽ തുല്യമായ സ്ഥാനമില്ലെങ്കിൽ പോലും നിർദ്ദേശക തത്വങ്ങൾ അവഗണിക്കാൻ പാടില്ല എന്നുള്ള കാര്യം അഭിനന്ദനാർഹമാണ്. നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കുന്നത് ഏതൊരു ഗവൺമെന്റിന്റെയും വിശ്വസനീയതയും ജനപ്രീതിയുമാണ് വർദ്ധിപ്പിക്കുന്നത്. അവ ജനാധിപത്യത്തിൽ വീണ്ടും അധികാരത്തിലെത്തുന്നതിനുള്ള അടിസ്ഥാനവുമാണ്. എല്ലാറ്റിനും ഉപരിയായി മൗലിക അവകാശങ്ങളുടെയും നിർദ്ദേശക തത്വങ്ങളുടെയും ലക്ഷ്യം ഒന്നുതന്നെയാണ് എന്ന് ബോദ്ധ്യമാകും. ഇവ പരസ്പരവിരുദ്ധമല്ല, പരസ്പര പൂരകങ്ങളായാണ് പ്രവർത്തിക്കുന്നത്. മൗലിക അവകാശങ്ങൾ രാഷ്ട്രീയ ജനാധിപത്യം ഉറപ്പു നൽകുന്നു. നിർദ്ദേശികതത്വങ്ങളാകട്ടെ സാമൂഹിക, സാമ്പത്തിക ജനാധിപത്യം സ്ഥാപിക്കാൻ സഹായകരവുമാണ്.

ജാഗരൂകരായ പൊതുജനങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന അഭിപ്രായത്തിൽ നിന്നാണ് നിർദ്ദേശക തത്വങ്ങളുടെ യഥാർത്ഥ ശക്തി ഉരുത്തിരിയുന്നത്. പൊതുജന താൽപര്യമുള്ള






ഏതൊരു നയവും വളരെ താൽപര്യത്തോടുകൂടിയാണ് നടപ്പിലാക്കപ്പെടുന്നത്. അതുകൊണ്ട് ഒരു ഗവൺമെന്റിനും പൊതുതാൽപര്യം അവഗണിക്കാൻ കഴിയില്ല. നമ്മൾ ഓരോരുത്തരും പൊതുഅഭിപ്രായ വാഹകരാണ്. നിങ്ങൾക്ക് കൂടുതൽ പ്രധാനപ്പെട്ടതായി തോന്നുന്ന ഒരു നിർദ്ദേശക തത്വത്തിനനുകൂലമായ പൊതുജനാഭിപ്രായം സൃഷ്ടിക്കാൻ നിങ്ങൾ ശ്രമിക്കുന്നതും വളരെ നല്ലതാണ്.

**? നിങ്ങൾക്കറിയാമോ**

രാജസ്ഥാനിലെ ജയ്പൂരിനടുത്തുള്ള ഒരു ഗ്രാമത്തിൽ 'ബാൽ പഞ്ചായത്ത്'എന്ന പേരിൽ അറിയപ്പെടുന്ന ഒരു യുവജന സംഘത്തെ ഷെഹ്സാദ് ഖാനും സീമാ ധനുവും നയിക്കുന്നത് സാമൂഹിക വികസനത്തിൽ ശ്രദ്ധിക്കപ്പെടേണ്ട ഏറ്റവും നല്ല ഉദാഹരണമാണ്. വിവിധ പ്രശ്നങ്ങളാണ് ഈ സംഘടന മുന്നോട്ടു വയ്ക്കുന്നത്. പരിസരശുചീകരണം, വിദ്യാഭ്യാസത്തിനുള്ള അവകാശം, അവരുടെ ഗ്രാമത്തിലെയും അയൽ ഗ്രാമങ്ങളിലെയും പെൺകുട്ടികളുടെ അവകാശം തുടങ്ങിയ വിഷയങ്ങൾക്കുവേണ്ടിയാണ്, അവർ പ്രവർത്തിക്കുന്നത്. ബാലവേല നിരോധിക്കുന്നതിനുവേണ്ടി ഊർജ്ജസ്വലമായി അവർ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ ചെയ്യുന്ന കുട്ടികളെ തിരിച്ച് സ്കൂളിലേക്കയക്കാൻ കുടുംബങ്ങളും, പഞ്ചായത്തും, ബ്ലോക്ക് ഭരണതലങ്ങളും അവരോടൊത്തുചേർന്നു പ്രവർത്തിക്കുന്നു. ഗ്രാമങ്ങളിലെ കുട്ടികളുടെ ജീവിതാ വസ്ഥയെക്കുറിച്ച് ബോധ്യപ്പെടുത്താൻ അടുത്തകാലത്ത് ഷെഹ്സാദ് രാജസ്ഥാൻ മുഖ്യമന്ത്രിയെ പോലും സമീപിച്ചിരുന്നു. നമുക്ക് ഓരോരു ത്തർക്കും ശബ്ദമുയർത്താനും ഗവൺമെന്റിനും സമൂഹത്തിന്റെ പുരോ ഗതിക്കുംവേണ്ടി പ്രവർത്തിക്കുവാനും സാധിക്കും എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണിത്.

## 17.4 നിർദ്ദേശക തത്വങ്ങളുടെ നിർവ്വഹണം

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിർദ്ദേശക തത്വങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ എന്തൊക്കെയാണ് ചെയ്തിട്ടുള്ളത് എന്നറിയാൻ നിങ്ങൾക്ക് താൽപര്യമുണ്ടാകും. കേന്ദ്രഗവൺമെന്റ് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും പ്രാവർത്തികമാക്കിയിട്ടുള്ള സർവ്വശിക്ഷാ അഭിയാൻ എന്ന ബൃഹദ്പദ്ധതിയെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള വിദ്യാഭ്യാസ അവകാശ നിയമ (റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് 2009)ത്തെ കുറിച്ച് നിങ്ങൾ ബോധവാൻമാരായിരിക്കും. നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കാൻ നടത്തിയിട്ടുള്ള പരിശ്രമങ്ങളുടെ അനന്തരഫലങ്ങളാണിതെല്ലാം. ബീഹാർ മദ്ധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ സ്ത്രീകൾക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 50% സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. നീതിന്യായ വ്യവസ്ഥയുടെ പിൻബലമോ, ഗവൺമെന്റിന്റെ മേൽ സമ്മർദ്ദമോ ഇല്ലെങ്കിൽ പോലും ഗവൺമെന്റുകൾ നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കുന്നു എന്നതാണ് മേൽപറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത്. നടപ്പിലാക്കിയ തത്വങ്ങളിൽ ചിലതാണ് താഴെ പ്രസ്താവിക്കുന്നത്.

- എല്ലാ തൊഴിൽ മേഖലയിലും മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.
- വനിതകൾക്കും പുരുഷൻമാർക്കും തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കിയിട്ടുണ്ട്.
- ഗ്രാമീണതൊഴിൽ മേഖല വികസനത്തിനായി പലതരത്തിലുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി ആക്ട് (MGNREGA))വും സ്വരാൻ ജയന്തി ഗ്രാമ സൗരോർജ്ജ യോജനയും ഇതിന് നല്ല ഉദാഹരണങ്ങളാണ്.

- പഞ്ചായത്ത് രാജിന് ഭരണഘടനാപരമായി പദവി നൽകിയിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.
- 86-ാമത്തെ ഭരണഘടനാഭേദഗതി നടപ്പാക്കിയത് കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്താനായിരുന്നു. 2009-ൽ പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമം ഒരു മൗലിക അവകാശമാക്കി മാറ്റുകയും ചെയ്തു.
- കുട്ടികളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുവാൻ ധാരാളം നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്.
- ദരിദ്രർ പിന്നോക്ക വിഭാഗങ്ങളിൽ നിൽക്കുന്നവർ, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവർക്കുവേണ്ടി ഒട്ടനവധി ക്ഷേമപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. വിദാൻ സഭകളിലും, പാർലമെന്റിലും ഇവർക്ക് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.
- സ്ത്രീകളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുവാൻ പലതരത്തിലുള്ള നിയമങ്ങളും ക്ഷേമപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.
- 42-ാമത്തെ ഭരണഘടനാഭേദഗതി ഒരു പുതിയ നിർദ്ദേശക തത്വം കൂടി ചേർത്തിരിക്കുന്നു. പരിസ്ഥിതിയുടെ സംരക്ഷണവും വികസനവും വനം, വന്യജീവി സംരക്ഷണവും ആണ് ഈ നിർദ്ദേശക തത്വം ഉറപ്പു വരുത്തുന്നത്. പുതിയ നിർദ്ദേശക തത്വത്തിന്റെ ഭാഗമായി കടുവാ സംരക്ഷണപദ്ധതി കണ്ടാമൃഗ സംരക്ഷണം, ആന സംരക്ഷണ പദ്ധതി തുടങ്ങിയ പദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ട്. നീതി ന്യായവിഭാഗത്തെ ഭരണനിർവ്വഹണ വിഭാഗത്തിൽ നിന്നും വേർതിരിച്ചിട്ടുണ്ട്.
- കുടിൽ വ്യവസായങ്ങൾ സ്ഥാപിക്കുകയും നികുതിയിളവ് നൽകി അവയെ സംരക്ഷിക്കുകയും ചെയ്യുന്നു.
- നമ്മുടെ വിദേശനയം, അന്തർദ്ദേശീയ സമാധാനം, സംരക്ഷണം, രാജ്യങ്ങൾ തമ്മിലുള്ള നീതിയുക്തവും ആത്മാർത്ഥവുമായ സഹകരണം എന്നിവയെ ആധാരമാക്കിയുള്ളതാണ്.
- ലോക സമാധാനത്തിനുവേണ്ടി ഇന്ത്യാഗവൺമെന്റ് പിന്തുണ നൽകുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

കേന്ദ്ര-സംസ്ഥാന പ്രാദേശിക ഗവൺമെന്റുകൾ നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി പ്രവർത്തിക്കുന്നു എന്നതാണ് മേൽപറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുന്നത്. വളരെയധികം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു വെങ്കിലും ഇപ്പോഴും ദാരിദ്ര്യം, തൊഴിലില്ലായ്മ, അനാരോഗ്യം, നിരക്ഷരത തുടങ്ങിയ പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു. നിർദ്ദേശകതത്വങ്ങളുടെ സത്ത ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുകയെന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഇത് ഒരു തുടർച്ചയായ പ്രക്രിയയാണ്..ഗവൺമെന്റിന്റെ നിരന്തരമായ ശ്രമങ്ങൾക്കും, പ്രവർത്തനങ്ങൾക്കും ഫലമുണ്ട് എന്നതിന് തെളിവാണ് ഇവയെല്ലാം. സമൂഹത്തിലുയർന്നുവരുന്ന വെല്ലുവിളികളെ നേരിടുന്നതിനായി നിർദ്ദേശക തത്വങ്ങളെ അടിസ്ഥാനമാക്കി വ്യാപകമായ പ്രതികരണം ആവശ്യമാണ്.

## പ്രവർത്തനം 17.3

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹകരണത്തോടുകൂടി നിങ്ങളുടെ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയ ഏതെങ്കിലും 4 ക്ഷേമപദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. പ്രാദേശിക ദിനപത്രത്തിൽ നിന്നോ, ഇൻർനെറ്റിൽ നിന്നോ, അല്ലെങ്കിൽ മുതിർന്നവർ, നിങ്ങളുടെ അദ്ധ്യാപകർ ഇവരിൽനിന്നോ വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | നടപ്പിൽ വരുത്തിയ സമയം | കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ സഹകരണം |
|---|---|---|---|
| 1. | | | |
| 2. | | | |
| 3. | | | |
| 4. | | | |

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 17.4

താഴെപ്പറയുന്ന തത്വങ്ങൾ നടപ്പിൽ വരുത്തിയ ഭരണഘടനാഭേദഗതികളുടെ പേര് എഴുതുക.

1. 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തിയത്, പരിസ്ഥിതിയുടെ സംരക്ഷണം, വികസനം, വനം-വനജീവി സംരക്ഷണം എന്നിവ ഉറപ്പുവരുത്തിയ ഭരണഘടനാ ഭേദഗതി.

2. താഴെപ്പറയുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് ഗവൺമെന്റുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന നിർദ്ദേശക തത്വങ്ങൾ ഏതെല്ലാമാണെന്ന് എഴുതുക.

| | സംഭവങ്ങൾ | നിർദ്ദേശക തത്വങ്ങൾ |
|---|---|---|
| (a) | വളരെ കുറഞ്ഞ വേതനത്തിന് ഒരു ഹോട്ടലിൽ 10 വയസ്സായ ഒരു ആൺകുട്ടി പാത്രം കഴുകുന്നു. | |
| (b) | എട്ടു വയസ്സായ ഒരു പെൺകുട്ടിക്ക് സ്കൂളിൽ പ്രവേശനം നിഷേധിച്ചു. | |
| (c) | മദ്യവും ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയും പ്രോത്സാഹിപ്പിക്കുന്നു. | |
| (d) | ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. | |

## നിങ്ങൾ എന്തു പഠിച്ചു?

- പൗരന്മാരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിക്ക് പ്രാധാന്യവും സംരക്ഷണവും നൽകുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്ന രാഷ്ട്രമാണ് ക്ഷേമരാഷ്ട്രം.
- ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിനുവേണ്ടി യാണ് നിർദ്ദേശക തത്വങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

കുറിപ്പുകൾ

- നീതിന്യായ വ്യവസ്ഥിതിയുടെ പരിധിയിൽ നിർദ്ദേശക തത്വങ്ങൾ ഉൾപ്പെ ടുന്നില്ല. അതുകൊണ്ടുതന്നെ കോടതി മൂഖേന ഇവ നടപ്പിൽവരുത്താൻ സാധിക്കുകയില്ല.
- പക്ഷേ രാജ്യത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ ഇവ അടിസ്ഥാന തത്വങ്ങളായി പരിഗണിക്കപ്പെടുന്നു. നിയമങ്ങൾ ഉണ്ടാക്കുന്നതിന് കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ ഇവ അടിസ്ഥാനമാക്കേണ്ടതാണ്. ഈ തത്വങ്ങൾ പ്രാവർത്തികമാക്കി രാജ്യത്ത് ഒരു നീതിയുക്ത സമൂഹം ഉണ്ടാക്കേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ചുമതലയാണ്.
- നിർദ്ദേശക തത്വങ്ങൾ പല വിഭാഗങ്ങളായി തരംതിരിക്കാം. (a) സാമൂഹിക സാമ്പത്തിക സമത്വത്തെ പ്രോത്സാഹിപ്പിക്കുന്ന തത്വങ്ങൾ. (b) ഗാന്ധിയൻ ദർശനവുമായി ബന്ധപ്പെട്ട തത്വങ്ങൾ. (c) അന്തർദ്ദേശീയ സമാധാനവും സുരക്ഷയുമായി ബന്ധപ്പെട്ട തത്വങ്ങൾ. (d) മറ്റു തത്വങ്ങൾ
- നിർദ്ദേശക തത്വങ്ങൾ മൗലിക അവകാശങ്ങളിൽ നിന്നും വ്യത്യസ്തമാണ്. പക്ഷേ അവ പരസ്പരപൂരകങ്ങളാണ്.
- കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഈ നിർദ്ദേശക തത്വങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പക്ഷേ ക്ഷേമരാഷ്ട്രം എന്ന ലക്ഷ്യം കൈ വരിക്കുന്നതിന് ഇനിയും വളരെയധികം പ്രവർത്തിക്കേണ്ടതുണ്ട്.

## പാഠാന്ത്യത്തിലെ ചോദ്യങ്ങൾ

1. ക്ഷേമരാഷ്ട്രം എന്നതുകൊണ്ട് എന്താണ് നിങ്ങൾ അർത്ഥമാക്കുന്നത്? എന്തുകൊണ്ടാണ് ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കി മാറ്റണമെന്ന് ഭരണഘടനാ നിർമ്മാതാക്കൾ തീരുമാനിച്ചത്?
2. നിർദ്ദേശക തത്വങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം?
3. നിർദ്ദേശക തത്വങ്ങൾ മൗലിക അവകാശങ്ങളിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? വിശദമാക്കുക.
4. ഗാന്ധിയൻ ദർശനങ്ങൾ പ്രതിഫലിപ്പിക്കുന്ന നിർദ്ദേശക തത്വങ്ങൾ ഏതെല്ലാം?
5. സാമൂഹിക സാമ്പത്തിക വികസനവും സമത്വവും പ്രോത്സാഹിപ്പിക്കു ന്നതിൽ നിർദ്ദേശക തത്വങ്ങൾ സഹായിക്കുന്നതെങ്ങനെ?
6. രാജ്യങ്ങൾ തമ്മിലുള്ള സമാധാന ചർച്ചകളുടെ ഭാഗമായി ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ സെക്രട്ടറിതലത്തിൽ ആണവകാര്യങ്ങളിലും വ്യവസ്ഥാപിതകാര്യങ്ങളിലും ചർച്ചകൾ നടത്തിയിട്ടുണ്ട്. ഏത് നിർദ്ദേശക തത്വമാണ് ഈ നയവുമായി ബന്ധപ്പെട്ടിരിക്കുന്നത്? എങ്ങനെ?
7. നടപ്പിൽ വരുത്തിയ ഏതെങ്കിലും 3 നിർദ്ദേശക തത്വങ്ങളെ കുറിച്ച് വിവരിക്കുക.

**താഴെപ്പറയുന്ന കഥ വായിക്കുക. ശേഷം നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

10 വയസ്സുള്ള ഒരു ആൺകുട്ടിയാണ് ബോലു. അവൻ ഒരു പട്ടണത്തിൽ എത്തിച്ചേർന്നു. അവനെ സംരക്ഷിക്കുന്നതിന് ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ട് അവൻ പഴയ സാധനങ്ങൾ പെറുക്കിവിറ്റ് ജീവിക്കാനാരംഭിച്ചു. അവൻ ആശുപത്രിക്കു പുറത്തുള്ള നടപ്പാത

യിലാണ് കിടന്നിരുന്നത്. അവൻ സ്കൂളിൽ പോയിരുന്നില്ല. ആരോഗ്യത്തിനു ഹാനികരമായ ആശുപത്രി മാലിന്യങ്ങൾ, വിഷാംശമുള്ള മാലിന്യങ്ങൾ, പ്ലാസ്റ്റിക് പോലുള്ള വസ്തുക്കൾ തുടങ്ങിയവ പെറുക്കിവിറ്റാണ് അവൻ ജീവിച്ചിരുന്നത്. 20 രൂപയോളം അവൻ ഒരു ദിവസം സമ്പാദിച്ചിരുന്നു. മറ്റുവഴികളൊന്നും ഇല്ലാത്തതിനാൽ, മറ്റുള്ളവർ ഉപേക്ഷിച്ചതും, വൃത്തിഹീനവുമായ ഭക്ഷണമാണ് അവൻ കഴിച്ചിരുന്നത്.

(a) ബോലുവിന്റെ ഈ അവസ്ഥയ്ക്ക് കാരണമായ സാഹചര്യങ്ങൾ എന്താണ്? ഏതെങ്കിലും രണ്ടെണ്ണം എഴുതുക.

(b) ബോലുവിനേപ്പോലെയുള്ള കുട്ടികളുടെ സാഹചര്യങ്ങളുമായി ബന്ധപ്പെട്ടി രിക്കുന്ന രണ്ട് നിർദ്ദേശക തത്വങ്ങൾ എഴുതുക.

(c) ബോലുവിന്റെ സാഹചര്യം നിങ്ങളുടെ കുടുംബവും കൂട്ടുകാരുമായി ചർച്ച ചെയ്യുകയും സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള രണ്ടു നിർദ്ദേശങ്ങൾ എഴുതുകയും ചെയ്യുക.

## പാഠ്യപുസ്തകാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**17.1**

1 ക്ഷേമരാഷ്ട്രം എന്നു പറയുന്നത് ഗവൺമെന്റിന്റെ ഒരു ആശയമാണ്. ഇതിൽ പൗരന്മാരുടെ സാമൂഹിക സാമ്പത്തിക ക്ഷേമം സംരക്ഷിക്കു ന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി രാഷ്ട്രം ഒരു പ്രധാന പങ്കു വഹിക്കുന്നു. തുല്യ അവസരങ്ങൾ, സമ്പത്തിന്റെ തുല്യ വിതരണം തുടങ്ങിയവയിൽ അധിഷ്ഠിതമായുള്ളതാണ് ക്ഷേമരാഷ്ട്രം.

2 സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്ക് വളരെയധികം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വന്നു. വളരെയധികം സാമൂഹിക അസമത്വങ്ങൾ നില നിന്നിരുന്നു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾ, ദളിതർ, കുട്ടികൾ തുടങ്ങിയവർ അടിസ്ഥാന ജീവിതസൗകര്യങ്ങൾ പോലു മില്ലാതെ കഷ്ടതയനുഭവിച്ചിരുന്നു. ഭരണഘടനാനിർമ്മാതാക്കൾ ഈ പ്രശ്നങ്ങളെ കുറിച്ച് ബോധവാന്മാരായിരുന്നു. അതിനാൽ ഇന്ത്യ ഒരു ക്ഷേമരാഷ്ട്രമാകണമെന്നവർ തീരുമാനിച്ചു.

3 സ്ത്രീകളും ദളിതരും

**17.2**

1. (a) ക്ഷേമം

(b) കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ

(c) അയർലണ്ട്

(d) സാമൂഹിക സാമ്പത്തിക അവകാശം

2. ശരി. നിർദ്ദേശക തത്വങ്ങളുടെ പ്രധാന ലക്ഷ്യമെന്നു പറയുന്നത് എല്ലാ പൗരന്മാർക്കും അടിസ്ഥാനജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സാ

മൂഹിക സാമ്പത്തിക സാഹചര്യങ്ങൾ സൃഷ്ടിക്കുക യെന്നതാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ രാജ്യത്ത് സാമൂഹികവും സാമ്പത്തികവുമായ ജനാധിപത്യം സ്ഥാപിക്കുന്നതിന് വേണ്ടിയുള്ളതാണ് നിർദ്ദേശക തത്വങ്ങൾ.

**17.3**

1. നിർദ്ദേശക തത്വങ്ങളെ നമുക്ക് താഴെ പറയുന്ന പ്രത്യേക വിഭാഗങ്ങളായി തരംതിരിക്കാം.
   (a) സാമൂഹിക സാമ്പത്തിക സമത്വത്തെ പ്രോത്സാഹിപ്പിക്കുന്ന തത്വങ്ങൾ
   (b) ഗാന്ധിയൻ ദർശനവുമായി ബന്ധപ്പെട്ട തത്വങ്ങൾ
   (c) അന്തർദ്ദേശീയ സമാധാനവും സുരക്ഷയുമായി ബന്ധപ്പെട്ട തത്വങ്ങൾ
   (d) മറ്റു തത്വങ്ങൾ

2. (a) സാമൂഹിക സാമ്പത്തിക സമത്വത്തെ പ്രോത്സാഹിപ്പിക്കുന്ന തത്വങ്ങൾ.
   (b) മറ്റ് പലവിധ തത്വങ്ങൾ
   (c) അന്തർദ്ദേശീയ സമാധാനവും സുരക്ഷിതത്വവും സംബന്ധിച്ചുള്ളവ
   (d) ഗാന്ധിയൻ ദർശനവുമായി ബന്ധപ്പെട്ട തത്വങ്ങൾ
   (e) സാമൂഹ്യവും സാമ്പത്തികവുമായ സമത്വം സംബന്ധിച്ച തത്വങ്ങൾ
   (f) ഗാന്ധിയൻ ആദർശങ്ങളുമായി ബന്ധപ്പെട്ട തത്വങ്ങൾ

**17.4**

1. (a) ഭരണഘടനയുടെ 86-ാമത്തെ ഭേദഗതി
   (b) ഭരണഘടനയുടെ 42-ാമത്തെ ഭേദഗതി

2. (a) കുട്ടികളെയും യുവാക്കളെയും ചൂഷണത്തിൽ നിന്ന് സംരക്ഷിക്കുക
   (b) 14 വയസ്സുവരെയുള്ള കുട്ടികളുടെ നിർബന്ധിത സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന് സംസ്ഥാനങ്ങൾ നടപടി എടുക്കണം.
   (c) മദ്യവും, ലഹരിപദാർത്ഥങ്ങളും ഉപയോഗിക്കുന്നത് തടയുക
   (d) ചരിത്രസ്മാരകങ്ങൾ സംരക്ഷിച്ചു നിലനിർത്തുന്നതിന് സംസ്ഥാനങ്ങൾ നടപടികൾ എടുക്കുക.

# 18

# പ്രാദേശിക ഗവൺമെന്റും മേഖലാ ഭരണവും

ഉപജീവനമാർഗ്ഗത്തിനു വേണ്ടിയാണ് രാംഭാൽ ഗ്രാമമുപേക്ഷിച്ച് പട്ടണത്തിൽ വന്നത്. ജോലി കിട്ടിയപ്പോൾ അവന്റെ കുടുംബത്തേയും പട്ടണത്തിലേക്ക് കൊണ്ടുപോയി. 8 വർഷങ്ങൾക്കു ശേഷം അദ്ദേഹവും, അദ്ദേഹത്തിന്റെ മകൻ വിജയും അവരുടെ സ്വന്തം ഗ്രാമം സന്ദർശിച്ചു. ഗ്രാമത്തിൽ പുതിയതായി നിർമ്മിച്ചിരുന്ന പ്രൈമറിസ്കൂളും, സ്കൂളിനു ചുറ്റുമുള്ള മതിൽ, വോളിബോൾ മൈതാനം, കുഴൽകിണർ, പാർക്ക് തുടങ്ങിയവ കണ്ട് രണ്ടു പേർക്കും അത്ഭുതം തോന്നി, അവർ ഗ്രാമം വിട്ടതിനുശേഷമാണ് ഇതെല്ലാം ഉണ്ടായത്. ഉയർന്ന ജാതിയിലെ കുട്ടികളുടെ കൂടെ തന്റെ ഇളയ മാതുല പുത്രന്മാരും പുത്രിമാരും കളിക്കുന്നതും അവർ കണ്ടു. ഈ കാഴ്ച വിജയിന് വളരെ അധികം സന്തോഷം നൽകുന്ന ഒന്നായിരുന്നു. കാരണം മുൻപ്, അവർ ദരിദ്രരായിരുന്നപ്പോൾ അവരെ തൊട്ടു കൂടാത്തവരായി കണക്കാക്കി. ഉന്നത ജാതിയിൽപ്പെട്ടവരുമായി കളിക്കുന്നത് വിലക്കിയിരുന്നു. എങ്ങനെയിതൊക്കെ സംഭവിച്ചുവെന്നറിയാൻ അവന് ജിജ്ഞാസ ഉണ്ടായി. സ്കൂൾ അദ്ധ്യാപകനെ കണ്ടുമുട്ടുവാൻ അവസരം ലഭിച്ചപ്പോൾ ഗ്രാമത്തിലെ മാറ്റങ്ങളുടെ പുറകിലുള്ള കാരണം എന്താണെന്ന് അവൻ അന്വേഷിച്ചു. പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സാർപാഞ്ചിന്റെയും (Sarpanch) പാഞ്ചുകളുടെയും (Panches) പരിശ്രമമാണെന്ന് അദ്ധ്യാപകൻ അവനോട് പറഞ്ഞു. അവന്റെ ചിറ്റമ്മമാരിൽ ഒരാളെക്കൂടി പഞ്ചായത്തിൽ തെരഞ്ഞെടുത്തു എന്നറിഞ്ഞപ്പോൾ അവന് കൂടുതൽ സന്തോഷം തോന്നി. ഗ്രാമപഞ്ചായത്തു പോലുള്ള പ്രാദേശിക ഭരണസമിതികളെ കുറിച്ചും പ്രാദേശികഭരണത്തെ സംബന്ധിച്ചും അറിയുവാൻ അവൻ ആഗ്രഹിച്ചു. ഈ പാഠത്തിൽ അദ്ധ്യാപിക പറഞ്ഞ വിശദാംശങ്ങളാണ് ചർച്ചചെയ്യുന്നത്.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പൂർത്തിയാക്കിയതിനു ശേഷം നിങ്ങൾക്ക് കഴിയുന്നത്;

- പ്രാദേശിക ഭരണസമിതികൾ ഗ്രാമങ്ങളിലും, പട്ടണങ്ങളിലും ഉണ്ടാകേണ്ടതിന്റെ ആവശ്യം തിരിച്ചറിയുവാൻ;
- പ്രാദേശിക ഭരണസമിതികളിലൂടെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന ആളുകളുടെ പരിശ്രമത്തെ അറിയുവാൻ;
- ഇന്ത്യയുടെ പ്രാദേശിക ഭരണസമിതികളുടെ ഘടനയേയും പ്രവർത്തനങ്ങളേയും കുറിച്ച് അപഗ്രഥിക്കുവാൻ; (ഗ്രാമീണവും അതുപോലെ നാഗരികവും).

- ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ ഉണ്ടാക്കിയ മാറ്റത്തെയും, സ്ത്രീ ശാക്തീകരണത്തിനുവേണ്ടി എടുത്തിട്ടുള്ള നടപടികൾ അറിയുവാൻ;
- പ്രാദേശിക ഭരണസമിതികളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങളിൽ ജനപ്രതിനിധികളെ സഹായിക്കുന്ന വിവിധതലങ്ങളിലുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രാധാന്യവും അവരുടെ ആവശ്യകതയും മനസ്സിലാക്കുവാൻ;
- നമ്മുടെ നിത്യജീവിതത്തിൽ പ്രാദേശിക ഭരണസമിതികളുടെ പങ്കിനെ പ്രോത്സാഹിപ്പിക്കുവാൻ.

## 18.1 പ്രാദേശിക ഗവൺമെന്റ്

ഗ്രാമപഞ്ചായത്തിനെ എന്തുകൊണ്ടാണ് പ്രാദേശിക ഭരണസ്ഥാപനം എന്നു പറയുന്നതെന്ന് വിജയ് അദ്ധ്യാപകനോടു ചോദിച്ചു. രണ്ടു തലങ്ങളിൽ ഭരണം നടക്കുന്ന ഒരു ഫെഡറൽ വ്യവസ്ഥിതിയാണ് ഇന്ത്യയിലുള്ളതെന്നതിനെ കുറിച്ച് നിങ്ങൾക്ക് അറിവ് ഉണ്ടായിരിക്കുകയും ബോധവാൻമാരായിരിക്കകയും വേണം. യൂണിയൻ ഗവൺമെന്റ് കേന്ദ്രത്തിലും, സംസ്ഥാനതലത്തിൽ സംസ്ഥാന ഗവൺമെന്റുകളും പുറമേ ഇന്ത്യൻ ഭരണഘടന ഒരു കൂട്ടം ഗ്രാമീണവും, നാഗരികവുമായ ഭരണസ്ഥാപനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. അവ ത്രിതലഗവൺമെന്റിലെ മൂന്നാമത്തെ വിഭാഗങ്ങൾ അഥവാ പ്രാദേശിക ഗവൺമെന്റുകൾ എന്ന് അറിയപ്പെടുന്നു. വികസനവും സാമൂഹ്യനീതിയും പ്രാദേശിക തലങ്ങളിൽ ലക്ഷ്യമിടുന്നതിനുപരിയായി, അവ അധികാര വികേന്ദ്രീകരണ സ്ഥാപനങ്ങളായും വർത്തിക്കുന്നു. പ്രാദേശികതലങ്ങളിൽ ജനങ്ങളുമായി അടുത്ത് പ്രവർത്തിക്കുന്നതിനാൽ പ്രാദേശിക ഗവൺമെന്റ് ഏറ്റവും നല്ല ഗവൺമെന്റായി പറയപ്പെടുന്നു. പ്രാദേശിക പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനുള്ള ഒരു വേദിയായി പ്രാദേശിക ഗവൺമെന്റ് പ്രവർത്തിക്കുകയും, അവയ്ക്ക് പ്രാദേശിക സാഹചര്യങ്ങളുമായി ഒത്തുചേർന്ന് പോകുന്ന വിധത്തിലുള്ള തക്കതായ പരിഹാരങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

പ്രാദേശിക ഭരണസമിതി യഥാർത്ഥത്തിൽ പ്രാദേശിക ജനതയുടെ പ്രാദേശിക ജനതയ്ക്കുവേണ്ടി, പ്രാദേശിക ജനതയാൽ ഭരിക്കുന്ന ഗവൺമെന്റാണ്. ജനങ്ങളോട് വളരെ അടുത്തുനിൽക്കുന്നതുകൊണ്ട്, പ്രാദേശിക ഭരണസമിതികൾ സമൂഹത്തിന്റെ നിരന്തരമായ നിരീക്ഷണത്തിലായിരിക്കും. ഇത് പ്രാദേശിക ഗവൺമെന്റുകളുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു. വാസ്തവത്തിൽ, പ്രാദേശിക ഗവൺമെന്റുകളുടെ വ്യാപ്തി വിപുലമാണ്. അവരുടെ സേവനങ്ങൾ പ്രാദേശിക ജനതയുടെ ദൈനംദിന ജീവിതത്തോട് വളരെ ചേർന്നുപോകുന്നതിനാൽ, പ്രാദേശിക ഗവൺമെന്റുകളുടെ സേവനം ഗ്രാമീണജനതയ്ക്ക് 'തൊട്ടിൽ മുതൽ ശ്മശാനം' വരെ ലഭിക്കുന്നുവെന്ന് പറയാം.

പുരാതന ഇന്ത്യയിൽ വ്യത്യസ്ത പ്രദേശങ്ങളിൽ ചിലതരത്തിലുള്ള സമുദായാധിഷ്ഠിതമായ സ്ഥാപനങ്ങൾ നിലനിന്നിരുന്നു എന്നത് അറിയാമോയെന്ന് അദ്ധ്യാപകൻ വിജയനോട് ചോദിച്ചു. 'പഞ്ചായത്തുകൾ', 'ബീറാദാരികൾ' അല്ലെങ്കിൽ ഇതുപോലെയുള്ള മറ്റു പേരുകളിൽ അവ അറിയപ്പെട്ടിരുന്നു. ഗ്രാമത്തിലെ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നത്, ഗ്രാമത്തിലെ ഏറ്റവും പ്രായംചെന്ന വ്യക്തിയോ അല്ലെങ്കിൽ എല്ലാവർക്കും സമ്മതനായ വ്യക്തിയോ ആയിരുന്നു. പഞ്ചായത്ത് മറ്റുള്ളവരുടെ പരാതികൾ ശ്രവിക്കുന്നതും, അതിന് പരിഹാരം കാണുന്നതും നിങ്ങൾ ടിവിയിലെ സീരിയലിലും സിനിമകളിലും കണ്ടിട്ടുണ്ടാകും. പ്രേംചന്ദ് എന്ന സാഹിത്യകാരൻ എഴുതിയ 'പാഞ്ച് പരമേശ്വർ' എന്ന കഥയിലും പഞ്ചായത്തിന്റെ പങ്കിനെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഈ പഴയ, പരമ്പരാഗതമായ സംഘടനയായ പഞ്ചായത്ത് ഇന്നും ഗ്രാമങ്ങളിൽ നിലനിൽക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. പരമ്പരാഗതമായ ഈ സംഘടനയുടെ പ്രാധാന്യം, സ്വീകാര്യത, പ്രയോജനം എന്നിവ കാരണം ഇന്ത്യാഗവൺമെന്റ് ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഈ സംവിധാനം തുടർന്നു കൊണ്ടുപോകുകയാണ്.

### 18.1.1 ഗ്രാമഭരണവും നഗരഭരണവും

ഗ്രാമങ്ങളിൽ മാത്രമല്ല നഗരങ്ങളിലും പ്രാദേശികസമിതികൾ നില നിൽക്കുന്നുണ്ട്. അദ്ധ്യാപകൻ വിജയുമായി പങ്കുവെച്ചു. നഗരവാസികളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രാദേശികസമിതികളുണ്ട്. ഗ്രാമത്തിൽ ചെറിയ പ്രദേശവും ജനസംഖ്യയുമാണ് സംരക്ഷിക്കേണ്ടത്. എന്നാൽ നഗരങ്ങളിലാകട്ടെ വലിയ പ്രദേശവും കൂടുതൽ ജനസംഖ്യയും ഉണ്ടാകും. അതുകൊണ്ടുതന്നെ ഇന്ത്യയിൽ രണ്ടു തരത്തിലുള്ള പ്രാദേശിക സമിതികളുണ്ട്. ഒന്ന് ഗ്രാമീണ പ്രദേശങ്ങൾക്കു വേണ്ടിയുള്ളതും, മറ്റൊന്ന് നഗര പ്രദേശങ്ങൾക്കു വേണ്ടിയുള്ളതും. ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന പ്രാദേശികഭരണ സമിതികളെ പഞ്ചായത്ത് രാജ് എന്ന് അറിയപ്പെടുന്നു. നഗരങ്ങളിലെ പ്രാദേശിക ഗവൺമെന്റ് മൂന്നുതരത്തിലുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, നഗരപഞ്ചായത്തുകൾ എന്നിവയാണ്. ഇന്ത്യൻ ഭരണഘടനയുടെ 1972-ലെ 73-ഉം, 74-ഉം ഭേദഗതികൾ പ്രകാരമാണ് ഇന്ത്യയിലെ പഞ്ചായത്തീരാജ് സംവിധാനവും, നഗരഭരണ സമിതികളും പ്രവർത്തിക്കുന്നത്.

## 18.2 പഞ്ചായത്ത് രാജ് സമ്പ്രദായം


മുൻപ് പറഞ്ഞതുപോലെ ആദ്യകാലങ്ങളിൽ പഞ്ചായത്തുകൾ നീതി നിർവ്വഹണത്തിന്റെ ആസ്ഥാനങ്ങളായിരുന്നു. പ്രാദേശിക തർക്കങ്ങൾ, മറ്റു പ്രശ്നങ്ങൾ എന്നിവ പഞ്ചായത്തിൽ പരാമർശിക്കുകയും, പഞ്ചായത്തിന്റെ തീരുമാനങ്ങൾ എല്ലാവരും അംഗീകരിക്കുകയും ചെയ്തിരുന്നു. മഹാത്മാ ഗാന്ധിയെപോലെയുള്ള നമ്മുടെ ദേശീയ നേതാക്കൾക്ക് ഈ സംവിധാനത്തിൽ ഉറച്ചവിശ്വാസമുണ്ടായിരുന്നു. ഭരണഘടനാ നിർമ്മാതാക്കൾ പഞ്ചായത്ത് രാജ് സംവിധാനത്തെ വളരെ പ്രധാനപ്പെട്ടതായി കണക്കാക്കുകയും, ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളോടൊപ്പം സ്ഥാനം കൊടുക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തുകൾ രൂപികരിക്കേണ്ടതും, പ്രാദേശിക ഗവൺമെന്റ് സമിതികളായി പ്രവർത്തിക്കുന്നതിനുവേണ്ടി അവയെ ശാക്തീകരിക്കേണ്ടതും ഒരു രാഷ്ട്രത്തിന്റെ ഉത്തരവാദിത്വമാണ് എന്ന് ഭരണഘടന അനുശാസിക്കുന്നു.




ചിത്രം 18.1

കുറിപ്പുകൾ

ഇതിന്റെ തുടർച്ചയായി ഒന്നാമത്തെ പഞ്ചവത്സര പദ്ധതിയിൽ ആവിഷ്ക്കരിച്ച കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി പഞ്ചായത്തുകൾ പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്ത് സംവിധാനം കുറച്ചുകൂടി ഫലവത്തായി പ്രവർത്തിക്കാൻ ബൽവന്ത് റായ് മേത്ത ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചു. 1957-ൽ ബൽവന്ത് റായ് മേത്ത കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചു. ആ റിപ്പോർട്ടിൽ ത്രിതലപഞ്ചായത്ത് സംവിധാനം ശുപാർശ ചെയ്തു. ഗ്രാമീണതലത്തിൽ ഗ്രാമ പഞ്ചായത്തും, ബ്ലോക്ക് ലെവലിൽ അഥവാ മദ്ധ്യതലത്തിൽ പഞ്ചായത്ത് സമിതിയും (intermediate level), ജില്ലാതലത്തിൽ ജില്ലാ പരിഷത്തുമാണ് കമ്മിറ്റി ശുപാർശ ചെയ്തത്. 1958-ൽ ദേശീയ വികസന കൗൺസിൽ ഇതേ രീതിയിലുള്ള പ്രാദേശിക ഗവൺമെന്റ് സംവിധാനം അതായത് ഗ്രാമം അടിസ്ഥാന യൂണിറ്റായും ജില്ല ഏറ്റവും മുകളിലെ യൂണിറ്റായും നിലവിൽ വരുന്നതിനെകുറിച്ച് ശുപാർശ ചെയ്തിരുന്നു. 1992-ലെ 73-ാമത് ഭരണ ഘടനാഭേദഗതിയനുസരിച്ചാണ് ഇന്നത്തെ രൂപവും ഭാവവും പഞ്ചായത്ത് രാജിന് ലഭിച്ചിരിക്കുന്നത്. ഇന്ന് പഞ്ചായത്ത് രാജ് മൂന്നു തലത്തിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമീണതലത്തിൽ, മദ്ധ്യ (ഇൻർമീഡിയറ്റ്) തലത്തിൽ, ജില്ലാതലത്തിൽ. പക്ഷേ 20 ലക്ഷത്തേക്കാൾ കുറച്ച് ജനസംഖ്യ വരുന്ന പ്രദേശങ്ങളിൽ രണ്ടു തലങ്ങൾ മാത്രമേയുള്ളൂ. ഗ്രാമീണതലവും ജില്ലാതലവും.




**ചിത്രം 18.2** *പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ 3 തലങ്ങൾ*

### 18.2.1 ഭരണഘടനയുടെ 73-ാമത്തെ ഭേദഗതി, 1992

1992-ലെ 73-ാമത് ഭരണഘടനാ ഭേദഗതി രാജ്യത്തിന്റെ ഫെഡറൽ ജനാധിപത്യ വ്യവസ്ഥയിലും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ (ജങ്കെ) ഭരണഘടനാപദവിയിലും ഒരു പുതിയ യുഗം തന്നെ ആരംഭിച്ചു. 1992-ലെ നിയമങ്ങളിലെ സവിശേഷതകൾ;

(i) പഞ്ചായത്തിന്റെ ത്രിതല സംവിധാനം - ഗ്രാമപഞ്ചായത്ത്, പഞ്ചായത്ത് സമിതി മദ്ധ്യതലത്തിൽ, ജില്ലാ പഞ്ചായത്ത് (ജില്ലാ തലത്തിൽ)

(ii) ക്രമമായ തെരഞ്ഞെടുപ്പ് - ഓരോ അഞ്ചുവർഷത്തിലും ക്രമമായ തെരഞ്ഞെടുപ്പ്

(iii) ജനസംഖ്യാനുപാതികമായി പട്ടികജാതി, പട്ടികവർക്ഷക്കാർക്കു സീറ്റ് സംവരണം.

(iv) പഞ്ചായത്ത് രാജിന്റെ 3 തലങ്ങളിലും സ്ത്രീകൾക്ക് മൂന്നിൽ ഒരു ഭാഗം സീറ്റുകൾ സംവരണം ചെയ്യുക.

(v) പഞ്ചായത്തുകളുടെ സാമ്പത്തിക വികസനത്തിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ രൂപീകരിക്കുക.

(vi) പഞ്ചായത്ത് രാജ് തെരഞ്ഞെടുപ്പിന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപിക്കുക.

(vii) ജില്ലകൾക്ക് വികസന പദ്ധതികൾ തയ്യാറാക്കുന്നതിന് ജില്ലാ ആസൂത്രണ കമ്മിറ്റികൾ രൂപീകരിക്കുക.

(viii) സാമ്പത്തിക വികസനവും, സാമൂഹ്യനീതിയും നിലവിൽ വരുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും ഭരണഘടനയുടെ 11-ാമത്തെ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള 29 വിഷയങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടു വരികയും ചെയ്യുക.

(ix) ഗ്രാമസഭ തുടങ്ങുക, ഗ്രാമീണതലത്തിൽ തീരുമാനങ്ങൾ എടുക്കു വാനുള്ള ഒരു സമിതിയാക്കി അതിനെ ശാക്തീകരിക്കുക.

(x) പഞ്ചായത്ത് രാജിൽ വനിതാസംവരണവും, പട്ടികജാതി സംവരണവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ - രണ്ടും മാറി മാറി വാർഡുകളിൽ ഉണ്ടാവണം.

73-ാമത്തെ ഭരണഘടനാഭേദഗതി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് വളരെ ശക്തിയും, അധികാരവും അത്യാവശ്യഘട്ടങ്ങളിൽ പ്രവർത്തിക്കാൻ സജ്ജരാക്കുന്നതിനായി നൽകിയിട്ടുണ്ട്. ഇത് ചില വിഷയങ്ങളുമായി ബന്ധപ്പെടുത്തി അധികാര വികേന്ദ്രീകരണത്തിലൂടെ, ഉത്തരവാദിത്വത്തോടു കൂടി

(a) സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതിക്കും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുക

(b) സാമ്പത്തിക വികസനത്തിനും, സാമൂഹ്യനീതി നടപ്പിലാക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ പഞ്ചായത്തുകളെ ചുമതലപ്പെടുത്തുന്നത് പ്രാവർത്തികമാക്കുക.

### നിങ്ങൾക്കറിയാമോ

ഭരണഘടനയുടെ 73-ാം ഭേദഗതിയെ തുടർന്ന് മിക്ക ഇന്ത്യൻ സംസ്ഥാനങ്ങളും, കേന്ദ്രഭരണപ്രദേശങ്ങളും (ജമ്മു കാശ്മീരും, ദേശീയ തലസ്ഥാനം ഡൽഹി, ഉത്തരാഞ്ചൽ എന്നിവ ഒഴികെ) നിയമനിർമ്മാണം നടത്തി. കൂടാതെ മിക്ക സംസ്ഥാനങ്ങളും, കേന്ദ്രഭരണ പ്രദേശങ്ങളും പ്രാദേശിക തെരഞ്ഞെടുപ്പ് നടത്തി. തൽഫലമായി 232278 ഗ്രാമതല പഞ്ചായത്തുകളും 6022 മദ്ധ്യതല പഞ്ചായത്തുകളും 535 ജില്ലാതല പഞ്ചായത്തുകളും രൂപീകരിച്ചു. ഈ പഞ്ചായത്ത് സമിതികളുടെ ഭരണം നടത്തുന്നത് പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 29.2 ലക്ഷം ജനപ്രതിനിധികളാണ്. ലോകത്തിലെ മറ്റ് ഒരു രാജ്യത്ത് പോലും ഇത്രയും വിപുലമായ പ്രാഥമികതല ഭരണസംവിധാനമില്ല.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 18.1

1. പ്രാദേശിക ഗവൺമെന്റിനെ കുറിച്ച് നിർവ്വചിക്കുക. പ്രാദേശിക ഗവൺമെന്റ് ആവശ്യമാണ് എന്നതിന് രണ്ട് ഉദാഹരണങ്ങൾ പറയുക.
2. പ്രാചീന കാലഘട്ടം മുതലുള്ള പഞ്ചായത്ത് രാജിന്റെ പരിണാമം പരിശോധിക്കുക.

3. നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന വിവിധതലത്തിലുള്ള പ്രാദേശിക ഗവൺമെന്റ് സ്ഥാപനങ്ങളെ തിരിച്ചറിയുകയും സ്ഥാപനങ്ങളുടെ പേരുകൾ എഴുതുകയും ചെയ്യുക.

4. നമ്മുടെ ജീവിതനിലവാരം ഉയർത്താൻ എത്രമാത്രം പിന്തുണയും സൗകര്യങ്ങളുമാണ് പ്രാദേശിക ഗവൺമെന്റ് നൽകുന്നതെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?

5. 1992-ൽ നടപ്പിലാക്കിയ ഭരണഘടനയുടെ 73-ാമത്തെ നിയമം പഞ്ചായത്ത് രാജിനെ എപ്രകാരം സ്വാധീനിച്ചു?

## പ്രവർത്തനം 18.1

നിങ്ങളുടെ സഹപാഠികൾ, അയൽക്കാർ, കുടുംബത്തിലെ മുതിർന്ന വ്യക്തികൾ, അദ്ധ്യാപകർ എന്നിവരുമായി ചർച്ചചെയ്ത് താഴെ പറയുന്നവ കണ്ടുപിടിക്കുക.

1. നിങ്ങൾ താമസിക്കുന്നത് ഗ്രാമപ്രദേശത്തോ, നഗരത്തിലോ / പട്ടണങ്ങളിലോ ആകാം. നിങ്ങൾ താമസിക്കുന്ന സ്ഥലത്തെ പ്രാദേശിക ഗവൺമെന്റുകളുടെ പേരുകൾ എഴുതുക.

2. ഈ പ്രത്യേക സ്ഥാപനത്തിലെ ഓഫീസ് ജീവനക്കാരുടെ പദവിയും, എണ്ണവും എഴുതുക.

### 18.2.2 ഘടന, ചുമതലകൾ, ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടിന്റെ ഉറവിടം

### A. ഘടന:

വില്ലേജ് പഞ്ചായത്ത് അഥവാ ഗ്രാമപഞ്ചായത്ത് എന്നു കൂടി വിളിക്കുന്ന വില്ലേജ് പഞ്ചായത്താണ് പഞ്ചായത്ത് രാജിന്റെ അടിസ്ഥാന സ്ഥാപനം. ഗ്രാമതലത്തിൽ ഗ്രാമസഭ അല്ലെങ്കിൽ വില്ലേജ് അസംബ്ലിയും ഗ്രാമപഞ്ചായത്തുമുണ്ട്. ഗ്രാമപഞ്ചായത്തിന് ഗ്രാമപ്രധാൻ അല്ലെങ്കിൽ സർപാഞ്ച് (മുഖ്യ) എന്ന പേരിൽ അദ്ധ്യക്ഷനും, ഉപ അദ്ധ്യക്ഷനും, ഏതാനും പാഞ്ചുകളുമുണ്ട്. ഓരോ സംസ്ഥാന ഗവൺമെന്റും പാസ്സാക്കുന്ന നിയമങ്ങൾ അനുസരിച്ചാണ് ഗ്രാമപഞ്ചായത്തുകൾ സംഘടിക്കപ്പെടുന്നതും പ്രവർത്തിക്കുന്നതും. അതുകൊണ്ട് വ്യത്യസ്ത സംസ്ഥാനങ്ങളിൽ വ്യത്യസ്ത രീതികൾ നിങ്ങൾ കണ്ടേക്കാം. പക്ഷേ മിക്ക പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും രൂപീകരിച്ചിരിക്കുന്നതും, പ്രവർത്തിക്കുന്നതും താഴെ പറയുന്നതു പോലെയാണ്.

**ഗ്രാമസഭ അല്ലെങ്കിൽ വില്ലേജ് അസംബ്ലി:** ഒരു ഗ്രാമത്തിലെ ഒരു കൂട്ടം ചെറിയ ഗ്രാമങ്ങൾ ചേർന്ന പ്രദേശത്ത് താമസിക്കുന്ന എല്ലാ പ്രായപൂർത്തിയായവരും (18 വയസ്സിനു മുകളിലുള്ള ആളുകൾ) ഗ്രാമസഭയിലെ ആളുകളാണ്. ഇന്ന് ഗ്രാമസഭ ഒരു നിയമാനുസൃതമായ സമിതിയായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ഇത് നിയമനിർമ്മാണസഭ പോലെ പ്രവർത്തിക്കുന്നു. ഒരു വർഷത്തിൽ ചുരുങ്ങിയത് ഗ്രാമസഭയുടെ രണ്ട് സമ്മേളനങ്ങളെങ്കിലും നടത്തിയിരിക്കണം. ആദ്യസമ്മേളനത്തിൽ ഗ്രാമസഭ ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റിനെ കുറിച്ചാണ് പരിഗണിക്കുന്നത്. രണ്ടാമത്തെ മീറ്റിംഗിൽ ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ടുകൾ പരിഗണിക്കുന്നു.



ചിത്രം 18.3 *ഗ്രാമസഭാ സമ്മേളനം*

ഗ്രാമസഭയുടെ പ്രധാന ചുമതലകൾ പഞ്ചായത്തിന്റെ വാർഷിക കണക്ക് പരിശോധിക്കുക, ഭരണ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചർച്ച നടത്തുകയും ചെയ്യുക, നികുതിയിനങ്ങൾ ചർച്ച ചെയ്യുക, സാമൂഹ്യസേവനം, പഞ്ചായത്തിന്റെ മറ്റു പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ്. പഞ്ചായത്തിലെ പ്രായപൂർത്തിയായ അംഗങ്ങളാണ് ഗ്രാമപഞ്ചായത്തിലെ അംഗങ്ങളെ (പാഞ്ചുകൾ) തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്ന് സാർ പാഞ്ചിനെ തെരഞ്ഞെടുക്കുന്നു. ഗ്രാമസഭകളെല്ലാം പ്രവർത്തിക്കുന്നുവെന്നത് സംസ്ഥാനം ഉറപ്പുവരുത്തേണ്ടതാണ്.

**ഗ്രാമപഞ്ചായത്ത്:** ഗ്രാമസഭയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. ഗ്രാമീണ സ്വയംഭരണ സംവിധാനത്തിന്റെ പ്രധാനപ്പെട്ട ഘടകമാണിത്. രഹസ്യ ബാലറ്റിലൂടെ ഗ്രാമസഭയിലെ എല്ലാ അംഗങ്ങളും ചേർന്ന് പഞ്ചായത്ത് അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. മിക്ക സംസ്ഥാനങ്ങളിലും ഗ്രാമപഞ്ചായത്തിൽ 5 മുതൽ 9 വരെ അംഗങ്ങൾ (പാഞ്ചുകൾ) ഉണ്ടായിരിക്കും. എല്ലാ പഞ്ചായത്തിലും മൂന്നിൽ ഒരു ഭാഗം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ളതാണ് എന്നിരുന്നാലും ചില സംസ്ഥാനങ്ങളിൽ സ്ത്രീകൾക്ക് ഇതിലും കൂടുതൽ സീറ്റുകൾ സംവരണം ചെയ്യാറുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ മുഖ്യനെ ഗ്രാമത്തിലെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പാഞ്ചുകൾ (വാർഡ് അംഗങ്ങൾ) നേരിട്ടാണ് തെരഞ്ഞെടുക്കുന്നത്. ചില പഞ്ചായത്തുകളിൽ സർപാഞ്ച് ഇപ്പോൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. സർപാഞ്ച് പഞ്ചായത്ത് മീറ്റിംഗ് വിളിച്ചുകൂട്ടുകയും അതിന്റെ അദ്ധ്യക്ഷത വഹിക്കുകയും ചെയ്യുന്നു. മാസത്തിൽ ഒരു മീറ്റിംഗെങ്കിലും ചുരുങ്ങിയത് പഞ്ചായത്ത് പ്രസിഡന്റ് വിളിക്കേണ്ടതുണ്ട്. പഞ്ചായത്ത് അംഗങ്ങൾക്ക് (പാഞ്ചുകൾക്ക്) പ്രത്യേക സമ്മേളനങ്ങൾ വിളിച്ചുകൂട്ടാൻ പ്രസിഡന്റിനോട് ആവശ്യപ്പെടാം. അപേക്ഷ ലഭിച്ചിട്ട് മൂന്നു ദിവസത്തിനകം സർപാഞ്ച് അത്തരം മീറ്റിംഗുകൾ വിളിച്ചുകൂട്ടണം. സർപാഞ്ച് പഞ്ചായത്ത് മീറ്റിംഗിന്റെ വിശദവിവരങ്ങൾ എഴുതിസൂക്ഷിക്കേണ്ടതുണ്ട്. പ്രത്യേക ചുമതലകളും ഏൽപ്പിക്കാവുന്നതാണ്. പഞ്ചായത്ത് വൈസ്ചെയർമാനെ, പഞ്ചായത്ത് അംഗങ്ങൾ തന്നെയാണ് തെരഞ്ഞെടുക്കുന്നത്. 5 വർഷമാണ് ഗ്രാമപഞ്ചായത്ത് സമിതിയുടെ കാലാവധി.

## B. ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ:

വിജയിന് ഗ്രാമപഞ്ചായത്തിനെ കുറിച്ച് കൂടുതലറിയാൻ താൽപര്യമുണ്ടായിരുന്നു. അവൻ അദ്ധ്യാപകനോട് പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ചും സ്ഥാപനത്തിന്റെ പ്ര




വർത്തനത്തിനുവേണ്ട സാമ്പത്തിക ഉറവിടത്തെ കുറിച്ചും ചോദിച്ചു. അദ്ധ്യാപകൻ വിശദമായിതന്നെ വിവരിച്ചു. പഞ്ചായത്തിന്റെ എല്ലാ വലിയ പദ്ധതികളും ഗ്രാമത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടിയുള്ളതാണ്. ഗ്രാമത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും പല പദ്ധതികളും നടപ്പിലാക്കാറുണ്ട്. ശുദ്ധജല വിതരണം, തെരുവീഥികൾ ഉണ്ടാക്കുക, അഴുക്കുചാൽ പദ്ധതി നടപ്പിലാക്കുക, ഗ്രാമത്തിന്റെ ശുചിത്വം ഉറപ്പുവരുത്തുക, തെരുവു വിളക്കുകൾ സ്ഥാപിക്കുക, ആശുപത്രി പ്രവർത്തനം നടത്തുക തുടങ്ങിയ ഒട്ടനവധി പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കാറുണ്ട്. ഈ ചുമതലകൾ എല്ലാം നിർബന്ധിതമാണ്. മറ്റ് ഏതാനും ചുമതലകൾ പഞ്ചായത്തിന്റെ വിവേചനാധികാരത്തിൽപ്പെടുന്നവയാണ്. അവ പഞ്ചായത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെയും ഫണ്ടിനെയും ആശ്രയിച്ചിരിക്കുന്നു. ഇപ്രകാരമുള്ളവയാണ്, വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക, കന്നുകാലി സംരക്ഷണ സെന്ററുകൾ സ്ഥാപിക്കുക, സ്പോർട്സ് വികസനം ലക്ഷ്യമാക്കി കൊണ്ട് കളിസ്ഥലങ്ങൾ (മൈതാനങ്ങൾ) നിർമ്മിക്കുക, ലൈബ്രറി സ്ഥാപിക്കുക തുടങ്ങിയവ. യൂണിയൻ ഗവൺമെന്റും, സംസ്ഥാന ഗവൺമെന്റും കാലാകാലങ്ങളിൽ പദ്ധതികൾ പഞ്ചായത്തുകളെ ഏൽപ്പിക്കാറുണ്ട്. ഇവയോടൊപ്പം, ഗ്രാമസഭയിലെ ഓരോ വ്യക്തിക്കും, സ്വന്തം ഗ്രാമത്തിന്റെ വളർച്ചയിലും, പുരോഗതിയിലും അവനവന്റെ ഉത്തരവാദിത്വവും, ചുമതലയും വഹിക്കേണ്ടതുണ്ട്. സ്വന്തം വീടിന്റെ ചുറ്റുപാടുകൾ വൃത്തിയായി സൂക്ഷിക്കുക, ശുദ്ധജലം നഷ്ടപ്പെടുത്താതിരിക്കുക, കൂടുതൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ ഓരോ വ്യക്തിക്കും അവനവന്റേതായ പങ്കുവഹിക്കാനുണ്ട്.

## C. ഗ്രാമപഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകൾ

പഞ്ചായത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിന് മതിയായ വരുമാന മാർഗ്ഗങ്ങൾ അത്യാവശ്യമാണ്. ചുമതലകൾ നിർബന്ധിതമോ വികസനപരമായിട്ടുള്ളതോ ആകട്ടെ ആവശ്യത്തിന് ഫണ്ട് ഉണ്ടെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ ഭംഗിയായി പ്രവർത്തിക്കാൻ സാധിക്കും. ഗ്രാന്റുകൾക്കും മറ്റു സഹായങ്ങൾക്കും ഉപരിയായി സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകൾക്ക് നികുതി ചുമത്തുന്നതിനും, ഫണ്ട് സംഭരിക്കുന്നതിനും അധികാരം നൽകിയിട്ടുണ്ട്. അത്തരം വരുമാന ഉറവിടങ്ങളെ കുറിച്ച് താഴെ പറയുന്നു.

1. സ്വത്തിൻമേലുള്ള നികുതി - ഭൂമി, വസ്തുക്കൾ, കന്നുകാലികൾ എന്നിവയ്ക്ക് കൊടുക്കേണ്ട നികുതി.
2. 'ഭാരത് വീട്' അല്ലെങ്കിൽ അതുപോലെയുള്ള പഞ്ചായത്തുകളുടെ സ്ഥാപനങ്ങളിൽ നിന്നുള്ള വാടക
3. നിയമം ലംഘിക്കുന്നവരിൽ നിന്നും ലഭിക്കുന്ന പലതരത്തിലുള്ള പിഴകൾ.
4. സംസ്ഥാന, കേന്ദ്ര സർക്കാരുകളിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ്.
5. സംസ്ഥാന ഗവൺമെന്റ് പിരിച്ചെടുക്കുന്ന ഭൂനികുതിയിൽ നിന്നും പഞ്ചായത്തിനു ലഭിക്കുന്ന തുക.
6. ചില പൊതുകാര്യങ്ങൾക്ക് ഗ്രാമവാസികളിൽ നിന്നും സ്വീകരിക്കുന്ന സംഭാവന

## പ്രവർത്തനം 18.2

നിങ്ങളെപ്പോലെയുള്ള യുവജനങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന സ്വാധീനത്തെ കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

ഒരു യുവതിയുടെ അനുഭവങ്ങൾ താഴെ കൊടുത്തിരിക്കുന്നത് വായിക്കുക.

സുന്ദർഗാവ് ഗ്രാമത്തിന്റെ 43 വയസ്സുള്ള പഞ്ചായത്ത് പ്രസിഡന്റാണ് വിമലാദേവി. അവർ 6-ാം ക്ലാസ്സുവരെയാണ് പഠിച്ചിട്ടുള്ളത്. പഞ്ചായത്ത് പ്രസിഡന്റായതിനു ശേഷം അവൾ പല പുരോഗമന പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്തു. റോഡ് നിർമ്മാണം, അഴുക്കുചാൽ പദ്ധതി, പാർക്ക് നിർമ്മാണം, കൃഷിയെക്കുറിച്ചും, ആരോഗ്യകാര്യങ്ങളെ കുറിച്ചും ബോധ വൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക എന്നിങ്ങനെ വിവിധ പദ്ധതികൾ അവൾ നടപ്പിലാക്കി. മാത്രമല്ല, ഗാർഹികപീഡനം മൂലം ബുദ്ധിമുട്ടുന്ന പലർക്കും പരിഹാരമുണ്ടാക്കിക്കൊടുക്കാനും സാധിച്ചു. പുരുഷാധിപത്യമുള്ള തന്റെ ഗ്രാമത്തിൽ ഒരു വനിതാ പഞ്ചായത്ത് പ്രസിഡന്റായി തനിക്ക് പ്രവർത്തിക്കാൻ കഴിയുമെന്ന് സ്വപ്നത്തിൽ പോലും ചിന്തിക്കാൻ കഴിയുമായിരുന്നില്ല എന്ന് അവൾ പറഞ്ഞു. പക്ഷേ തന്റെ ഗ്രാമത്തിൽ അനുകൂലമായ എന്ത് മാറ്റവും കൊണ്ടുവരാൻ കഴിയും എന്ന് ഇന്ന് അവൾക്ക് ഉറപ്പുണ്ട്.

ഈയൊരു അനുഭവത്തിന്റെ പശ്ചാത്തലത്തിൽ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

- ഏത് ഭരണഘടനാ ഭേദഗതിയാണ് വിമലാദേവിയുടെ പ്രവർത്തനങ്ങൾ സാധ്യമാക്കിയത്?
- ഈ ഭരണഘടനാ ഭേദഗതിക്ക് സ്ത്രീ ശാക്തീകരണത്തിൽ എന്ത് സ്വാധീനമുണ്ടെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?
- നിങ്ങളുടെ സമൂഹത്തെ ബന്ധപ്പെടുത്തി ചുരുങ്ങിയത് രണ്ട് പ്രശ്നങ്ങളെ കുറിച്ച് എഴുതുക.
- നിങ്ങളുടെ സുഹൃത്തുക്കളുമായി ചർച്ചചെയ്ത്, സമൂഹത്തിൽ നേരിട്ട് സ്വാധീനം ചെലുത്താവുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങളുടെ കുറിപ്പ് തയ്യാറാക്കുക.

### 18.2.3 പഞ്ചായത്ത് സമിതിയുടെ ഘടനയും പ്രവർത്തനങ്ങളും

#### A. ഘടന

പഞ്ചായത്ത് രാജിന്റെ മദ്ധ്യതലമാണ് പഞ്ചായത്ത് സമിതി. ഇത് വ്യത്യസ്ത സംസ്ഥാനങ്ങളിൽ വ്യത്യസ്ഥ പേരുകളിലാണ് അറിയപ്പെടുന്നത്. പഞ്ചായത്ത് സമിതിയുടെ രൂപവും പ്രവർത്തനങ്ങളും വ്യത്യസ്തമാകുന്നത് അതാത് സംസ്ഥാനങ്ങൾ നിയമങ്ങൾ നടപ്പിലാക്കുന്നതുകൊണ്ടാണ്. ഇവ ബ്ലോക്ക് തലത്തിൽ എല്ലാ പഞ്ചായത്തുകളുടെയും എല്ലാ പ്രവർത്തനങ്ങളെയും ബന്ധിപ്പിക്കുന്നു. ഒരു പഞ്ചായത്ത് സമിതി താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെട്ടതാണ്.

- ബ്ലോക്കിനകത്തു വരുന്ന എല്ലാ ഗ്രാമപഞ്ചായത്തിലേയും പ്രസിഡന്റുമാർ / സർപാഞ്ചുകൾ / മുഖ്യന്മാർ.
- എം.പിമാർ, എം.എൽമാർ., എ., എം.എൽ.സി എന്നിവർ.
- നേരിട്ട് തെരഞ്ഞെടുത്ത ഏതാനും അംഗങ്ങൾ.
- ബ്ലോക്കിൽ നിന്നും ജില്ലാ പരിഷത്തിലേക്ക് തെരഞ്ഞെടുത്ത അംഗങ്ങൾ.
- ബ്ലോക്കിലെ മറ്റ് ഉദ്യോഗസ്ഥന്മാർ.




**? നിങ്ങൾക്കറിയാമോ**

ബ്ലോക്ക്തലത്തിലാണ് പഞ്ചായത്ത് സമിതി രൂപീകരിക്കുന്നത്. ഓരോ ബ്ലോക്കിലും വിവിധ പഞ്ചായത്തുകൾ ഉൾപ്പെടുന്നുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത പേരുകളിലാണ് ഇവ അറിയപ്പെടുന്നത്. ആന്ധ്രാപ്രദേശിൽ മണ്ഡൽ പ്രജാ പരിഷത്ത്, ആസ്സാമിൽ അൻചാലിക് പഞ്ചായത്ത്, ഗുജറാത്തിൽ താലൂക്ക് പഞ്ചായത്ത്, കർണ്ണാടകയിൽ മണ്ഡൽ പഞ്ചായത്ത്, മദ്ധ്യപ്രദേശിൽ ജനപഥാപഞ്ചായത്ത്, തമിഴ്നാട്ടിൽ പഞ്ചായത്ത് യൂണിയൻ കൗൺസിൽ, ഉത്തർപ്രദേശിൽ ക്ഷേത്രസമിതി എന്നിങ്ങനെ വിവിധ സംസ്ഥാനങ്ങളിൽ വിവിധ പേരുകളിലാണ് ഇവ അറിയപ്പെടുന്നത്. എന്നിരുന്നാലും പഞ്ചായത്ത് സമിതി എന്ന പേരാണ് കൂടുതൽ ജനപ്രീതിയാർജ്ജിച്ചിട്ടുള്ളത്.

എല്ലാ സംസ്ഥാനങ്ങളിലും പഞ്ചായത്ത് സമിതിയുടെ കാലാവധി അഞ്ചു വർഷമാണ്. പഞ്ചായത്ത് സമിതിയുടെ ആദ്യ മീറ്റിംഗിൽ തന്നെ രണ്ട് അംഗങ്ങളെ, അദ്ധ്യക്ഷൻ, ഉപ അദ്ധ്യക്ഷൻ എന്നിവരെ തെരഞ്ഞെടുക്കുന്നു. പഞ്ചായത്ത് സമിതികളിൽ മൂന്നിൽ ഒരു വിഭാഗം പഞ്ചായത്ത് സമിതികളുടെ അദ്ധ്യക്ഷപദവി സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുള്ളതാണ്. ചില പദവികൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സമിതിയുടെ കാലാവധി തന്നെയാണ് പഞ്ചായത്ത് സമിതിയുടെ പ്രസിഡന്റിനുള്ളത്. മൂന്നിൽ രണ്ടു ഭൂരിപക്ഷം ഉണ്ടെങ്കിൽ പഞ്ചായത്ത് സമിതിയിലെ അംഗങ്ങൾക്ക് അദ്ധ്യക്ഷനെ പ്രേമേയം പാസ്സാക്കി മാറ്റി നിർത്താനാകും. ചുരുങ്ങിയത് ഒരു വർഷത്തിൽ 6 തവണയാണ് പഞ്ചായത്ത് സമിതി വിളിച്ചുകൂട്ടുന്നത്. രണ്ടു മീറ്റിംഗുകൾക്കിടയിൽ ഏകദേശം രണ്ടു മാസത്തെ കാലാവധി ഇടവിട്ടാണ് മീറ്റിംഗ് നടത്തുന്നത്. പഞ്ചായത്ത് സമിതിയുടെ സമ്മേളനങ്ങൾ ചിലത് സാധാരണവും മറ്റുചിലത് പ്രത്യേക ആവശ്യത്തിനുവേണ്ടി വിളിച്ചുകൂട്ടുന്നതുമാകാം. എല്ലാ മീറ്റിംഗുകളുടെയും തീയതികൾ തീരുമാനിക്കുന്നത് പഞ്ചായത്ത് അദ്ധ്യക്ഷനായിരിക്കും. അദ്ധ്യക്ഷന്റെ അഭാവത്തിൽ ഉപഅദ്ധ്യക്ഷനും സമ്മേളനങ്ങൾ നടത്താം. ബ്ലോക്കിലെ ഏറ്റവും വലിയ ഉദ്യോഗസ്ഥൻ B.D.O എന്ന് പൊതുവെ അറിയപ്പെടുന്ന ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറാണ്.

## B. പഞ്ചായത്ത് സമിതിയുടെ ചുമതലകൾ

പഞ്ചായത്ത് സമിതി നിരവധി ചുമതലകൾ നിർവ്വഹിക്കുന്നുണ്ട്. കൃഷി, കൃഷിഭൂമിയുടെ പുരോഗതി, ഫാം ഫോറസ്ട്രി സാങ്കേതിക വിദ്യാഭ്യാസം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയവ പഞ്ചായത്ത് സമിതി നടപ്പിലാക്കുന്ന ഏതാനും ചുമതലകളാണ്. ഇതിനു പുറമേ കേന്ദ്രഗവൺമെന്റിന്റെയോ, സംസ്ഥാന ഗവൺമെന്റിന്റെയോ പ്രത്യേക ഫണ്ടുകൾ ഉപയോഗിച്ച് വിവിധ പദ്ധതികളും പ്രോഗ്രാമുകളും പഞ്ചായത്ത് സമിതി നടപ്പിൽ വരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. മറ്റ് ചുമതലകളാണ് (a) ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കുക, (b) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക, (c) മാർക്കറ്റുകളിൽ നിയമങ്ങളും നിർദ്ദേശങ്ങളും നടപ്പിലാക്കുക, (d) നല്ലയിനം വിത്തുകളും, വളവും വിതരണം ചെയ്യുക, (e) കീടനാശിനികൾ, കാർഷിക ആയുധങ്ങൾ, ഉപകരണങ്ങൾ എന്നിവ നൽകുക, (f) ചെറുകിട വ്യവസായങ്ങളായ നെയ്ത്ത്, കൈത്തറി വ്യവസായം, പരമ്പരാഗത കലാരൂപങ്ങൾ, കലാകാരന്മാരുടെ ക്ഷേമം, കരകൗശല വിദഗ്ധരുടെ പ്രോത്സാഹനം, (g) പട്ടികജാതി, പട്ടിക വർഗ്ഗം, മറ്റ് പിന്നോക്ക സമുദായങ്ങളുടെ ക്ഷേമം, ഗ്രാമങ്ങളിൽ സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കൽ തുടങ്ങിയ ഒട്ടനവധി ഉത്തരവാദിത്വങ്ങൾ പഞ്ചായത്ത് സമിതിക്ക് നിർവ്വഹിക്കേണ്ടതുണ്ട്.

## C. വരുമാനത്തിന്റെ ഉറവിടം

സംസ്ഥാന ഗവൺമെന്റ് അനുവദിക്കുന്ന ഗ്രാന്റുകളാണ് പഞ്ചായത്ത് സമിതിയുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാനം. ഇതിനുപുറമെ, നികുതി പിരിവുകൾ, ഭൂനികുതി എന്നിവയും പഞ്ചായത്തിന്റെ വരുമാന മാർക്ഷങ്ങളാണ്.

### 18.2.4 ജില്ലാ പരിഷത്തിന്റെ ഘടനയും ചുമതലകളും

## A. ഘടന

പഞ്ചായത്ത് രാജിന്റെ മൂന്നാം തലമായ ജില്ലാപരിഷത്താണ് ഏറ്റവും ഉയർന്ന തലത്തിലുള്ളത് ജില്ലാതലത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ജില്ലാ പരിഷത്തിനും 5 കൊല്ലമാണ് കാലാവധി. ജില്ലാപരിഷത്തിലെ ചില അംഗങ്ങളെ നേരിട്ട് തെരഞ്ഞെടുക്കുന്നു. പഞ്ചായത്ത് സമിതിയുടെ അദ്ധ്യക്ഷൻ എക്സ്-ഒഫിഷ്യോ അംഗമാണ്. ആ ജില്ലയിൽ താമസിക്കുന്ന എം.പിമാരും, എം.എൽ.എമാരും ജില്ലാപരിഷത്തിലെ അംഗങ്ങളായിരിക്കും. ജില്ലാപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ്. ജില്ലാപരിഷത്ത് അദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നത് മൂന്നിൽ ഒരു ഭാഗം സീറ്റുകൾ വനിതാ അംഗങ്ങൾക്ക് സംവരണം ചെയ്തിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും പ്രത്യേകം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.




ചിത്രം 18.4 *മഹാരാഷ്ട്രയിൽ ലത്തൂരിലെ ജില്ലാ പരിഷത്ത്*

## B. ജില്ലാപരിഷത്തിന്റെ കർത്തവ്യങ്ങൾ

ജില്ലാപരിഷത്തിന്റെ പ്രധാന കർത്തവ്യങ്ങൾ താഴെ പറയുന്നവയാണ്. ഏതാനും സംസ്ഥാനങ്ങളിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടായേക്കാം.

1. അത്യാവശ്യമായ സേവനങ്ങളും, ആനുകൂല്യങ്ങളും ഗ്രാമീണജനതയ്ക്കു നൽകുക, ജില്ലയിലെ വികസനപദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.

കുറിപ്പുകൾ

2. നല്ലയിനം വിത്തുകൾ കർഷകർക്കു നൽകുക, ശാസ്ത്രീയമായ കൃഷിരീതികളെ കുറിച്ച് കർഷകരെ അറിയിക്കുക, ചെറിയ ജലസേചന പദ്ധതികൾ, കുളങ്ങൾ എന്നിവ ഏറ്റെടുത്ത് നടത്തുക, പുൽമൈതാനങ്ങളും, മേച്ചിൽപുറങ്ങളും സംരക്ഷിക്കുക.

3. ഗ്രാമങ്ങളിൽ സ്കൂളുകൾ നടത്തുക, സാക്ഷരതാ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, ലൈബ്രറികൾ സ്ഥാപിക്കുക.

4. പ്രൈമറി ഹെൽത്ത് സെന്ററും, ആശുപത്രികളും തുടങ്ങുക, മൊബൈൽ ഹോസ്പിറ്റൽ അഥവാ സഞ്ചരിക്കുന്ന ആശുപത്രികൾ തുടങ്ങുക, പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവയ്പുകൾ എടുക്കുക, കുടുംബസുരക്ഷാ പദ്ധതികൾ നടപ്പിലാക്കുക.

5. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പുരോഗതിക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കുക, ആദിവാസി കുട്ടികൾക്കുവേണ്ടി ആശ്രമം സ്ഥാപിക്കുക. പട്ടികജാതി കുട്ടികൾക്കായി സൗജന്യ ഹോസ്റ്റൽ താമസ സൗകര്യം ചെയ്തുകൊടുക്കുക.

6. കുടിൽ വ്യവസായം പോലെയുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കുക, കരകൗശല വസ്തുക്കളുടെ നിർമ്മാണം, കാർഷിക ഉൽപന്നങ്ങൾ, മില്ലുകളുടെ പ്രവർത്തനം ഡയറി ഫാം തുടങ്ങിയവ ഉൾപ്പെടുത്തി ഗ്രാമീണ സ്വയംതൊഴിൽ പദ്ധതികൾക്ക് തുടക്കം കുറിക്കുക.

7. റോഡ്, സ്കൂൾ എന്നിവ നിർമ്മിക്കുക, പൊതുമുതൽ സംരക്ഷിക്കുക തുടങ്ങിയവ ജില്ലാപരിഷത്തിന്റെ ചുമതലയിലാണ്.

## C. ജില്ലാ പരിഷത്തിന്റെ വരുമാന മാർഗ്ഗങ്ങൾ

നിങ്ങൾ മനസ്സിലാക്കിയതുപോലെ ജില്ലാപരിഷത്ത് ഒട്ടനവധി ചുമതലകൾ ജില്ലാതലത്തിൽ നിർവ്വഹിക്കുന്നുണ്ട്. ഇത്തരം ചുമതലകൾ നടപ്പിലാക്കാൻ പണം ആവശ്യമുണ്ട്. താഴെ പറയുന്ന വരുമാനമാർഗ്ഗങ്ങളിലൂടെയാണ് ജില്ലാ പരിഷത്ത് പണം സമാഹരിക്കുന്നത്.

1. ജില്ലാ പരിഷത്ത് ചുമത്തുന്ന നികുതിയിൽ നിന്നുമുള്ള വരുമാനം, ലൈസൻസ് ഫീസ്, മാർക്കറ്റ് ഫീസ്
2. ഭൂനികുതിയിൽ നിന്നും കിട്ടുന്ന ഓഹരി
3. ജില്ലാ പരിഷത്തിന്റെ വിവിധ സ്വത്തിൽ നിന്നുമുള്ള വരുമാനം.
4. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളിൽ നിന്നുമുള്ള ഗ്രാന്റ്
5. സംസ്ഥാന ഗവൺമെന്റ് പുരോഗമന പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഫണ്ട്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 18.2

1. വില്ലേജ്പഞ്ചായത്ത് രൂപീകരിക്കുന്നത് എങ്ങനെയാണ്? ഗ്രാമസഭയുടെ പങ്ക് എന്താണ്?

2. ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ എന്തൊക്കെയാണ് എന്ന് ഒരു കുറിപ്പ് തയ്യാറാക്കുക. ഏറ്റവും അത്യാവശ്യമായതും ഒഴിച്ചുകൂടാനാവാത്തതുമായ ചുമതലകൾ ഏതാണ്? പ്രാദേശിക ഗവൺമെന്റ് ഏറ്റെടുക്കേണ്ടതില്ലെന്ന് നിങ്ങൾക്ക് തോന്നിയിട്ടുള്ള ചുമതലകൾ ഏതെല്ലാം? എന്തുകൊണ്ട്?

3. വില്ലേജ് പഞ്ചായത്തിന്റെ വരുമാനത്തിന്റെ വിവിധ ഉറവിടങ്ങൾ ഏതെല്ലാം?

4. വില്ലേജ് പഞ്ചായത്തിന്റേയും ജില്ലാ പരിഷത്തിന്റേയും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളുടെ ഒരു പദ്ധതി തയ്യാറാക്കുക.

5. പഞ്ചായത്ത് രാജിനെ കുറിച്ച് പ്രസിദ്ധീകരിച്ച ലേഖനങ്ങൾ, ഇൻർനെറ്റ്, മുതിർന്നവരിൽ നിന്നും അദ്ധ്യാപകരിൽ നിന്നും കിട്ടുന്ന വിവരങ്ങൾ, സുഹൃത്തുക്കളിൽ നിന്നും സഹപാഠികളിൽ നിന്നും കിട്ടുന്ന അറിവ് - തുടങ്ങിയ ഉറവിടങ്ങളിൽ നിന്നും പഞ്ചായത്തുകളിലെ വനിതാ സംവരണത്തെ കുറിച്ച് വിവരങ്ങൾ ശേഖരിക്കുക. ഏതൊക്കെ സംസ്ഥാനങ്ങളിലാണ് മൂന്നിൽ ഒരു ഭാഗത്തേക്കാൾ കൂടുതൽ സ്ത്രീ സംവരണം ഉള്ളത് എന്നത് കണ്ടെത്തി ഒരു ലിസ്റ്റ് തയ്യാറാക്കുക.

## 18.3 നഗരങ്ങളിലെ പ്രാദേശിക ഗവൺമെന്റ്

പഞ്ചായത്തീരാജിന്റെ വിവിധ പ്രവർത്തനങ്ങൾ താൽപര്യപൂർവ്വം മനസ്സിലാക്കുന്നതിനിടയിൽ അദ്ധ്യാപകൻ വിജയനോട് അവർ താമസിക്കുന്ന നഗരത്തിലെ പ്രാദേശിക ഗവൺമെന്റിനെ സംബന്ധിച്ച് അറിയാമോ എന്ന് ചോദിച്ചു. “നഗരങ്ങളിലും അത്തരം സ്ഥാപനങ്ങൾ നിലനിൽക്കുന്നുണ്ടോ” എന്ന് അറിയാൻ വിജയ് ആഗ്രഹം പ്രകടിപ്പിച്ചു. അദ്ധ്യാപകൻ ഇപ്രകാരം പറഞ്ഞു. “ഗ്രാമങ്ങളിലെപോലെ തന്നെ നഗരങ്ങളിലും അത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.” നഗരങ്ങളിൽ മൂന്ന് തരത്തിലുള്ള സ്ഥാപനങ്ങളാണ് ഉള്ളത്. (a) വലിയ നഗരങ്ങളിൽ - മുനിസിപ്പൽ കോർപ്പറേഷനുകൾ (b) കുറഞ്ഞ ജനസംഖ്യയുള്ള നഗരങ്ങളിൽ മുനിസിപ്പൽ കൗൺസിലുകൾ (c) അർദ്ധനഗര പ്രദേശങ്ങൾക്കായി നഗര പഞ്ചായത്തുകൾ. പക്ഷേ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും (PRIs) നഗരങ്ങളിലെ ഭരണ സംവിധാനങ്ങളും തമ്മിൽ കാതലായ വ്യത്യാസമുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടതാണെങ്കിൽ നഗരങ്ങളിലെ പ്രാദേശിക ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം സ്വതന്ത്രമാണ്. ഒരു സംസ്ഥാനത്തിൽ തന്നെ മൂന്നു തരത്തിലുള്ള നഗര ഗവൺമെന്റ് സമ്പ്രദായമുണ്ട്. വലിയ നഗരങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷൻ, ചെറിയ നഗരങ്ങളിൽ മുനിസിപ്പൽ കൗൺസിൽ, മറ്റ് ചെറിയ പ്രദേശങ്ങളിൽ നഗരപഞ്ചായത്ത്. എന്നാൽ ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നവയല്ല.

1688-ൽ ബ്രിട്ടീഷ് ആധിപത്യ കാലഘട്ടത്തിലാണ് മദ്രാസ് പട്ടണത്തിൽ (ഇപ്പോൾ ചെന്നൈ എന്നു വിളിക്കുന്നു) ആദ്യമായി മുനിസിപ്പൽ കോർപ്പറേഷൻ എന്ന നഗര പ്രാദേശിക ഗവൺമെന്റ് സമിതി നിലവിൽ വരുന്നത്. അതിനുശേഷം ഇതുപോലെയുള്ള സമിതികൾ ഭരണ സൗകര്യത്തിനുവേണ്ടി കൽക്കത്തയിലും (കൊൽക്കത്താ), ബോംബെയിലും (മുംബൈ) സ്ഥാപിച്ചു. അക്കാലത്ത്, പകർച്ചവ്യാധി തടയുന്നതിനും പൊതുജനാരോഗ്യത്തിനുമായിട്ടുള്ള സമിതികളായിട്ടാണ് ഇവ പ്രവർത്തിച്ചിരുന്നത്. ഈ പ്രാദേശിക ഭരണസമിതികൾ ശുദ്ധജലവിതരണം, അഴുക്കുചാൽ പദ്ധതികൾ തുടങ്ങിയ ചുമതലകളും നടപ്പിലാക്കിയിരുന്നു. പക്ഷേ സമിതികൾക്ക് മതിയായ അധികാരം നൽകിയിരുന്നില്ല. അതുപോലെ തന്നെ മതിയായ സാമ്പത്തിക സഹായവും ഇല്ലായിരുന്നു. കൂടുതൽ അംഗങ്ങളും നാമനിർദ്ദേശം ചെയ്യപ്പെട്ട വരായിരുന്നു. നമ്മുടെ ദേശീയ നേതാക്കൾ ഇത്തരം പ്രാദേശിക സമിതികളുടെ ആവശ്യകത മനസ്സിലാക്കി, ഇവയെ രാഷ്ട്രത്തിന്റെ വികസന ആസൂത്രണ പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്നു. പക്ഷേ സാമ്പത്തിക സ്വാതന്ത്ര്യമില്ലാത്ത ഇവയ്ക്ക് പ്രവർത്തിക്കാനായില്ല. അതേസമയം ഈ സംവിധാനം ഭരണരംഗത്ത് ഫലപ്രദമായ ഒരു ഉപകരണമായി പ്രവർത്തിക്കുന്നതിൽ വിജയിച്ചിരുന്നു. ബ്രിട്ടീഷ് ഭരണകാല




ത്ത് ധാരാളം മാറ്റങ്ങൾ നഗര ഭരണസമ്പ്രദായത്തിൽ ഉണ്ടായിരുന്നു. കാലക്രമേണ ഘടനാപരമായ മാറ്റങ്ങൾ സംഭവിക്കുകയും പ്രവർത്തിക്കാനാവശ്യമായ ഫണ്ട് ഈ ഭരണസമിതികൾക്ക് നൽകുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കുശേഷം നാല് തരത്തിലുള്ള ഭരണസമിതികൾ നഗരങ്ങളിൽ ഉണ്ട്. (i) മുനിസിപ്പൽ കോർപ്പറേഷനുകൾ (ii) മുനിസിപ്പാലിറ്റികൾ (iii) നഗരപ്രാദേശിക കമ്മിറ്റികൾ (iv) പ്രത്യേകം നിർദ്ദേശിക്കപ്പെട്ട കമ്മിറ്റികൾ. പക്ഷേ 1992-ലെ 74-ാമത്തെ ഭരണഘടനാഭേദഗതി നഗര ഭരണസമിതികളിൽ കാതലായ മാറ്റം വരുത്തി. ഇപ്പോൾ മൂന്നു തരത്തിലുള്ള പ്രാദേശിക ഭരണസമിതികൾ മാത്രമാണ് പ്രവർത്തിക്കുന്നത്. (a) വലിയ നഗരങ്ങൾക്ക് മുനിസിപ്പൽ കോർപ്പറേഷൻ (b) ചെറിയ നഗരങ്ങൾക്ക് മുനിസിപ്പൽ കൗൺസിൽ (c) നഗര പഞ്ചായത്തുകൾ (ഗ്രാമപ്രദേശങ്ങൾ നഗരങ്ങളായി മാറിക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ.)

### 18.3.1 1992-ലെ 74-ാമത്തെ ഭരണഘടനാഭേദഗതി

മുൻപ് പറഞ്ഞതുപോലെ 74-ാമത്തെ ഭരണഘടനാഭേദഗതി നഗര ഭരണസമിതികളുടെ ഘടനയിലും പ്രവർത്തനങ്ങളിലും പ്രധാനപ്പെട്ട മാറ്റങ്ങൾ വരുത്തി. താഴെ പറയുന്നവ കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടവയാണ്.

- നഗര ഭരണസമിതികളുടെ രൂപീകരണം (മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, നഗരപഞ്ചായത്ത്) എന്നിവ ഓരോ സംസ്ഥാനത്തിലും;
- അടിസ്ഥാന മേഖല മുതലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുവേണ്ടി മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ വാർഡ് കമ്മിറ്റികളുടെ രൂപീകരണം;
- സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെ നേതൃത്വത്തിലുള്ള സ്വതന്ത്രവും നീതിപൂർവ്വവുമായ മുനിസിപ്പൽ തെരഞ്ഞെടുപ്പുകൾ;
- 6 മാസത്തിൽ കൂടുതൽ മുനിസിപ്പൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാതിരിക്കുക;
- ദുർബ്ബല വിഭാഗങ്ങൾക്കും വനിതകൾക്കുമുള്ള മതിയായ പ്രാതിനിധ്യം (പട്ടികജാതി, പട്ടികവർഗ്ഗം, മറ്റു പിന്നോക്ക ജാതികൾ) - സംവരണ സീറ്റുകളിലൂടെ, സംസ്ഥാന നിയമനിർമ്മാണസഭകളിലൂടെ നിയമം പാസ്സാക്കി.
- മുനിസിപ്പാലിറ്റികൾക്കും വാർഡ് കമ്മിറ്റികൾക്കും നിയമപരമായ അധികാരങ്ങളും (സാമ്പത്തികം ഉൾപ്പെടെ) ഉത്തരവാദിത്വവും ഉറപ്പുവരുത്തുക;
- 5 വർഷത്തിലൊരിക്കൽ മുനിസിപ്പാലിറ്റിയുടെ സാമ്പത്തികസ്ഥിതി വിലയിരുത്തുന്നതിനും, സാമ്പത്തികനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള 'സംസ്ഥാന ഫൈനാൻസ് കമ്മീഷന്റെ' രൂപീകരണം;
- വികസന ആസൂത്രണ പദ്ധതികൾ തയ്യാറാക്കാനും ക്രോഡീകരിക്കുവാനുമായി ജില്ലാതലത്തിൽ ജില്ല ആസൂത്രണ കമ്മിറ്റികളും മഹാനഗരങ്ങളിൽ മെട്രോപോളിറ്റൻ പ്ലാനിംഗ് കമ്മിറ്റികളും രൂപീകരിക്കുക.

### 18.3.2 മുനിസിപ്പൽ കോർപ്പറേഷനുകൾ

#### A. ഘടന

സംസ്ഥാന നിയമസഭകൾ പാസ്സാക്കുന്ന നിയമങ്ങളനുസരിച്ചാണ് വലിയ നഗരങ്ങളിൽ മുനിസിപ്പൽ കോർപ്പറേഷനുകൾ രൂപീകരിക്കുന്നത്. 5 വർഷത്തേക്കാണ് മുനിസിപ്പൽ

കോർപ്പറേഷനിലേക്ക് കൗൺസിലർമാരെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട കൗൺസിലർമാർ ഒരാളെ മേയറായി തെരഞ്ഞെടുക്കുന്നു. മേയർ നഗരത്തിലെ പ്രഥമ പൗരനായിട്ടാണ് അറിയപ്പെടുന്നത്. 74-ാമത്തെ ഭരണഘടനാഭേദഗതി പ്രകാരം മൊത്തം സീറ്റിൽ മൂന്നിൽ ഒരു ഭാഗം വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു ദുർബ്ബല / പിന്നോക്കജാതി വിഭാഗങ്ങൾക്കും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ മൂന്നിൽ ഒരു ഭാഗം സംവരണം അതാത് വിഭാഗങ്ങളിൽപ്പെടുന്ന വർക്കാണ്. മുനിസിപ്പൽ കൗൺസിൽ പിരിച്ചുവിട്ടാൽ അടുത്ത ആറ് മാസത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തിയിരിക്കണം. സംസ്ഥാന ഗവൺമെന്റ് നിയമിക്കുന്ന ചീഫ് എക് സിക്യൂട്ടീവ് ഓഫീസർ എന്നറിയപ്പെടുന്ന മുനിസിപ്പൽ കമ്മീഷണർ എന്ന ഔദ്യോഗിക പദവി കൂടി മുനിസിപ്പൽ കോർപ്പറേഷനിലുണ്ട്. ഡൽഹി പോലെയുള്ള കേന്ദ്രഭരണ പ്ര ദേശങ്ങളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്.




**ചിത്രം 18.3** *മുനിസിപ്പൽ കോർപ്പറേഷൻ*

## B. മുനിസിപ്പൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

മുനിസിപ്പൽ കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ താഴെ പറയുന്ന വയാണ്.

1. **ആരോഗ്യവും ശുചിത്വവും:** നഗരത്തിലെ ശുചിത്വപാലനത്തിന്റെ ഉത്തരവാദിത്വം, മാലിന്യ നിർമ്മാർജ്ജനം, ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും സംരക്ഷണം, പ്രതിരോധകുത്തിവയ്പുകൾ നടത്തുക, മായം ചേർക്കൽ തടയുക മുതലായവ;
2. **വൈദ്യുതി, ശുദ്ധജല വിതരണം:** തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ വൈദ്യുതി വിതരണം, ശുദ്ധജല വിതരണം, ശുദ്ധജല വിതരണത്തിനുവേണ്ട ഭൗതിക സൗകര്യങ്ങൾ, ജലസംഭരണികളുടെ അറ്റകുറ്റപണികൾ നടത്തുക മുതലായവ;
3. **വിദ്യാഭ്യാസപരം:** പ്രൈമറിസ്കൂളുകൾ സ്ഥാപിക്കുക, സ്കൂളുകളിൽ ഉച്ചഭക്ഷണം വിതരണം ചെയ്യുക, കുട്ടികൾക്ക് മറ്റു സൗകര്യങ്ങൾ ചെയ്യുക.
4. **പൊതുമരാമത്ത്:** റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്യുക, റോഡുകൾക്ക് നാമകരണം ചെയ്യുക, വീടുകൾ, മാർക്കറ്റ്, ഹോട്ടൽ തുടങ്ങിയവയുടെ നിർമ്മാണത്തിന് നിയമങ്ങൾ ഉണ്ടാക്കുക, അപകടകരങ്ങളായ കെട്ടിടങ്ങൾ നശിപ്പിക്കുകയും അതിർത്തി ലംഘിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾ നീക്കം ചെയ്യുക.

കുറിപ്പുകൾ

5. **മറ്റു പ്രവർത്തനങ്ങൾ:** ജനനമരണ രജിസ്റ്റർ സൂക്ഷിക്കുക, ശ്മശാന സ്ഥലങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യുക, നിശാ അഭയകേന്ദ്രങ്ങൾ സംരക്ഷിക്കുക, പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുക സ്കൂട്ടർ, ടാക്സി സ്റ്റാന്റുകൾ നിർമ്മിക്കുക തുടങ്ങിയവ.

6. **വിവേചനാധിഷ്ഠിത കർത്തവ്യങ്ങൾ**

(a) ***വിനോദ ഉപാധികൾ:*** പാർക്കുകൾക്കും, ഓഡിറ്റോറിയത്തിനുമുള്ള സൗകര്യങ്ങൾ

(b) ***സാംസ്ക്കാരികം:*** സംഗീതം, നാടകം, ചിത്രരചന മറ്റു കലകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ. ലൈബ്രറികളുടെയും മ്യൂസിയത്തിന്റെയും അറ്റകുറ്റ പണികൾ ചെയ്യുക.

(c) ***കായികപ്രവർത്തനങ്ങൾ:*** വിവിധതരം കായികപ്രവർത്തനത്തിനുവേണ്ട മൈതാനം നിർമ്മിക്കുക, കായികമത്സരങ്ങളും ടൂർണ്ണമെന്റും സംഘടിപ്പിക്കുക.

(d) ***ക്ഷേമകാര്യങ്ങൾ:*** കമ്മ്യൂണിറ്റിഹാളുകൾ നിർമ്മിക്കുക, പൊതുവിതരണ സംവിധാനങ്ങൾ നടപ്പിലാക്കുക, കുടുംബക്ഷേമ പദ്ധതികൾ നടപ്പിലാക്കുക, പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നോക്കജാതികൾക്ക് ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

## C. മേയറിന്റെ പ്രധാന ചുമതലകൾ

മുനിസിപ്പൽ കോർപ്പറേഷന്റെ തെരഞ്ഞെടുക്കപ്പെട്ട തലവനാണ് മേയർ. മേയറുടെ പ്രധാന ചുമതലകളാണ് താഴെ കൊടുക്കുന്നത്.

- കോർപ്പറേഷനിലെ എല്ലാ സമ്മേളനങ്ങളിലും അദ്ധ്യക്ഷം വഹിക്കുന്നു. മീറ്റിംഗുകളുടെ അച്ചടക്കം ഉറപ്പാക്കുക.
- സംസ്ഥാന ഗവൺമെന്റും അംഗങ്ങളുമായുള്ള ബന്ധം സുദൃഢമാക്കുന്നു.
- പട്ടണം സന്ദർശിക്കുന്ന വിദേശ വ്യക്തികളെ സ്വീകരിക്കുന്നു.

## D. മുനിസിപ്പൽ കോർപ്പറേഷന്റെ വരുമാനമാർഗ്ഗങ്ങൾ

പഞ്ചായത്ത് രാജിനെ പോലെ മുനിസിപ്പൽ കോർപ്പറേഷനും ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ ഫണ്ട് അത്യാവശ്യമാണ്. ആവശ്യമുള്ള ഫണ്ട് സൃഷ്ടിക്കുന്നതിനുള്ള വകുപ്പ് മുനിസിപ്പൽ ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചില വരുമാനമാർഗ്ഗങ്ങൾ താഴെ കൊടുക്കുന്നു.

- *നികുതിയിൽ നിന്നുള്ള വരുമാനം:* വീട് നികുതി, വിനോദനികുതി, പരസ്യങ്ങൾക്കുള്ള നികുതി, രജിസ്ട്രേഷൻ ഫീസ്, കെട്ടിട പ്ലാൻ നിർമ്മിക്കുന്നതിനുള്ള നികുതി എന്നിങ്ങനെ വിവിധ തരത്തിലുള്ള നികുതികൾ മുനിസിപ്പൽ കോർപ്പറേഷൻ പിരിച്ചെടുക്കുന്നുണ്ട്.
- *മറ്റു ഫീസുകൾ:* ശുദ്ധജലവിതരണം, വൈദ്യുതി, കടകളിൽ നിന്നും കിട്ടുന്ന ലൈസൻസ് ഫീസ്, ടോൾ നികുതി തുടങ്ങിയ ഫീസുകൾ.
- *ഗ്രാന്റ്:* വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന/ യൂണിയൻ ഗവൺമെന്റുകൾ വിവിധ പദ്ധതികൾക്കായി ഗ്രാന്റ് കൊടുക്കാറുണ്ട്.

- ***വാടകയിൽ നിന്നും കിട്ടുന്ന വരുമാനം:*** കോർപ്പറേഷൻ സ്വത്തിൽ നിന്നുമുള്ള വാടക, കടകൾ, കമ്മ്യൂണിറ്റി സെന്റർ, ഭാരത് ഗർ, കല്ല്യാണം, എക്സിബിഷൻ തുടങ്ങിയവയ്ക്കുവേണ്ടിയുള്ള സ്ഥല/മണ്ഡപങ്ങളിൽ നിന്നും കിട്ടുന്ന വാടക.

### 18.3.3. മുനിസിപ്പൽ കൗൺസിലുകൾ

### A. ഘടന

വലിയ ജനസംഖ്യയില്ലാത്ത നഗരങ്ങൾക്കാണ് മുനിസിപ്പാലിറ്റിയുള്ളത്. മുനിസിപ്പാലിറ്റി കൗൺസിൽ എന്നാണ് ഇവ അറിയപ്പെടുന്നത്. നഗരത്തിലുള്ള പ്രാദേശിക പ്രശ്നങ്ങൾ, വികസനപ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് മുനിസിപ്പൽ കൗൺസിൽ പ്രാധാന്യം നൽകുന്നത്. 74-ാമത് ഭരണഘടനാ ഭേദഗതിക്കു ശേഷം നഗരങ്ങളിലെല്ലാം മുനിസിപ്പാലിറ്റികൾ നിയമപ്രകാരമുള്ള ആവശ്യം തന്നെയാണ്. നഗരത്തിലെ സമ്മതിദായകരാണ് കൗൺസിലർമാരെ 5 കൊല്ലത്തേക്ക് തിരഞ്ഞെടുക്കുന്നത്. ഇലക്ഷൻ കമ്മീഷൻ മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവർക്കു മാത്രമേ കൗൺസിലർ സ്ഥാനത്തേയ്ക്ക് മത്സരിക്കാനാകൂ. എന്തെങ്കിലും കാരണവശാൽ ഏതെങ്കിലും ഒരു കൗൺസിലർ 5 വർഷം തികയ്ക്കാതെ പിരിഞ്ഞുപോയാൽ അടുത്ത 6 മാസത്തിനകം മുനിസിപ്പൽ കൗൺസിലിന് പുതിയ തിരഞ്ഞെടുപ്പ് നടത്തണം. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളാണ് ചെയർമാനെ (അദ്ധ്യക്ഷൻ) തിരഞ്ഞെടുക്കുന്നത്. ഭൂരിപക്ഷത്തിന്റെ പിന്തുണ കിട്ടുന്നതുവരെ ചെയർമാൻ ഓഫീസ് നിയന്ത്രിക്കുന്നു. സംസ്ഥാന ഗവൺമെന്റ് നിയമിച്ചിട്ടുള്ള ഒരു എക്സിക്യൂട്ടീവ് ഓഫീസർ എല്ലാ മുനിസിപ്പൽ കൗൺസിലിനുമുണ്ട്. ഹെൽത്ത് ഓഫീസർ, ടാക്സ് സൂപ്രണ്ട്, സിവിൽ എഞ്ചിനീയർ തുടങ്ങിയവരാണ് മറ്റ് പ്രധാന ഉദ്യോഗസ്ഥർ.

### B. മുനിസിപ്പൽ കൗൺസിലിന്റെ കർത്തവ്യങ്ങൾ

മുനിസിപ്പൽ കൗൺസിലിന്റെ പ്രവർത്തനങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

1. *ആരോഗ്യം, ശുചിത്വം:* നഗരത്തിന്റെ ശുചിത്വപാലനം, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യത്തിന് ഹാനികരവും മായംചേർത്തതുമായ ഭക്ഷ്യവസ്തുക്കളുടെ വിൽപന തടയൽ, ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്ററുകളുടെ അറ്റകുറ്റപണികൾ;
2. *വൈദ്യുതി, ശുദ്ധജലവിതരണം:* വൈദ്യുതി, ശുദ്ധജലം എന്നിവയുടെ വിതരണം ഉറപ്പുവരുത്തുക - ജലസംഭരണികളുടെ അറ്റകുറ്റപണികളും സംരക്ഷണവും;
3. *വിദ്യാഭ്യാസം:* പ്രൈമറി സ്കൂളുകൾ, സാക്ഷരത സെന്ററുകൾ എന്നിവകളുടെ നടത്തിപ്പ്.
4. ജനനമരണ കണക്കുകളുടെ വിവരങ്ങൾ എഴുതിസൂക്ഷിക്കുക, ആവശ്യക്കാർക്ക് ഇവകളുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുക;
5. *പൊതുമരാമത്ത്:* തെരുവുകൾ, മുനിസിപ്പൽ റോഡുകളുടെ നിർമ്മാണവും അറ്റകുറ്റപണികളും ചെയ്യുക. ഭാരത് ഗർ വീടുകൾ നിർമ്മിക്കുക. കമ്മ്യൂണിറ്റി ഹാൾ പണിയുക, വിപണികൾ മറ്റ് പൊതു ആവശ്യങ്ങൾ മുതലായവ.

### C. വരുമാന മാർഗ്ഗങ്ങൾ

പണമില്ലാതെ ഒരു പദ്ധതിയും നടപ്പിലാക്കാൻ കഴിയില്ല - മുനിസിപ്പാലിറ്റികളുടെ വരുമാന മാർഗ്ഗങ്ങൾ ഇവയാണ്.

- *നികുതികൾ:* സ്വത്തിൻമേലുള്ള നികുതി, വാഹനങ്ങൾ, ആസ്വാദനം, പരസ്യം മുതലായവ.
- *വാടകയും ഫീസും:* ജലവിതരണത്തിനുള്ള ഫീസ്, ലൈസൻസ് ഫീസ്, കമ്മ്യൂണിറ്റി ഹാളിൽ നിന്നും കിട്ടുന്ന വാടക, ഭാരത്ഗർ, മലിനജല നിർമ്മാർജ്ജന നികുതികൾ മുതലായവ.
- *സംസ്ഥാന ഗവൺമെന്റ് നൽകുന്ന ഗ്രാന്റ്*
- *പിഴ ചുമത്തുന്നത്:* നികുതി അടയ്ക്കാൻ വൈകുന്നവർ, നിയമങ്ങൾ ലംഘിക്കുന്നവർ, അതിർത്തി കയ്യേറി കെട്ടിടം നിർമ്മിക്കുന്നവരിൽ നിന്നുള്ള പിഴ ഫീസ്, തുടങ്ങിയവ.

### 18.3.4 നഗരപഞ്ചായത്തുകൾ

30,000-ൽ കൂടുതലും 1,00,000-ൽ കുറവുമല്ലാത്ത ഒരു ജനസംഖ്യയുള്ള പ്രദേശങ്ങളിലാണ് നഗരപഞ്ചായത്തുകൾ. എന്നാൽ ചില സ്ഥലങ്ങളിൽ വ്യത്യാസമുണ്ട്. മുൻകാലങ്ങളിൽ നഗരപ്രദേശങ്ങൾ എന്ന് നിർദ്ദേശിക്കപ്പെട്ടി രുന്നതും 5,000-നും 20,000-നും മദ്ധ്യേ ജനസംഖ്യയുള്ളതുമായ മുൻ നഗരപ്രദേശങ്ങളിലാണ് നഗരപഞ്ചായത്ത് സംവിധാനമുള്ളത്. അദ്ധ്യക്ഷൻ, വാർഡ് മെമ്പർ എന്നിവർ ചേർന്നതാണ് നഗര പഞ്ചായത്ത്. ഏറ്റവും കുറഞ്ഞത് പത്ത് തിരഞ്ഞെടുത്ത വാർഡ് അംഗങ്ങളും മൂന്ന് നോമിനേറ്റ് ചെയ്ത അംഗങ്ങളുമാണ് നഗരപഞ്ചായത്തിലുള്ളത്. മറ്റ് മുനിസിപ്പൽ സമിതികൾ പോലെ തന്നെ നഗരപഞ്ചായത്തിന് പല ചുമതലകളും ഉണ്ട്. (a) ശുചിത്വസംരക്ഷണം, മാലിന്യനിർമ്മാർജ്ജനം, (b) ശുദ്ധജലവിതരണം, (c) പൊതുജന സൗകര്യത്തിനായി തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുക, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ചെയ്യുക, മറ്റ് പൊതുജന പ്രാധാന്യമുള്ള കാര്യങ്ങളുടെ നിർവ്വഹണം (d) അഗ്നിശമന സൗകര്യങ്ങൾ (e) ജനന മരണ റെക്കോർഡ് സൂക്ഷിക്കുക മുതലായവ.

നഗരപഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ ഇവയാണ്: വീട് നികുതി, വെള്ളം നികുതി, ടോൾ നികുതി, ലൈസൻസ് ഫീസ്, ഭവനനിർമ്മാണ പ്ലാൻ അംഗീകരിക്കുന്നതിനുള്ള ഫീസ്, ഭാരത് ഗർ തുടങ്ങി മറ്റ് നഗര പഞ്ചായത്തിന്റെ വസ്തുവകകൾക്ക് കിട്ടുന്ന വാടക, സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും കിട്ടുന്ന ഗ്രാന്റ് മുതലായവ.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 18.3

1. 1992-ലെ 74-ാമത് ഭരണഘടന ഭേദഗതിക്കു മുൻപ് എത്ര തരത്തിലുള്ള നാഗരിക ഭരണസമിതികളാണ് പ്രവർത്തിച്ചിരുന്നത്? എന്ത് മാറ്റങ്ങളാണ് ഭേദഗതി കൊണ്ടുവന്നത്?
2. മുനിസിപ്പൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം? ഈ പ്രവർത്തനങ്ങൾ പ്രധാനപ്പെട്ടവയായത് എന്തുകൊണ്ട്?
3. മുനിസിപ്പൽ കോർപ്പറേഷന്റെ വരുമാന മാർഗ്ഗങ്ങൾ ഏവ?
4. നഗര ഭരണസമിതികൾ അതാത് പ്രദേശങ്ങളിൽ സേവനം നൽകാൻ ഉത്തരവാദിത്വമുള്ളവരാണ്. ഓരോ പൗരനും ഉത്തരവാദിത്വം ഉണ്ടെന്നും നിങ്ങൾക്കറിയാമോ? എന്താണ് അവ?

## പ്രവർത്തനം 18.3

മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, നഗര പഞ്ചായത്ത് തുടങ്ങിയവയിലുള്ള വിവിധ ഉദ്യോഗസ്ഥരെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുക. നിങ്ങൾ എന്നെങ്കിലും അവരെ കണ്ടുമുട്ടിയിട്ടുണ്ടെങ്കിൽ ഓഫീസ് ജീവനക്കാരുടെ പേര് എഴുതി തമ്മിൽ കണ്ടതിന്റെ ഉദ്ദേശ്യമെന്താണെന്ന് എഴുതുക.

## 18.4 ജില്ലാ ഭരണം

പട്ടണത്തിലെ സ്കൂളിൽ വിജയ് 9-ാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ, ജില്ലാഭരണകൂടത്തിന്റെ പങ്കിനെക്കുറിച്ച് വിവരിക്കാൻ അദ്ധ്യാപകൻ ശ്രമിച്ചു. അദ്ധ്യാപകൻ അങ്ങനെ ചെയ്തതിന്റെ കാരണം, മുകളിൽ പറഞ്ഞിരിക്കുന്ന ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും സ്വയംഭരണ സ്ഥാപനങ്ങളെ പോലെ ഓരോ ജില്ലയിലും ഭരണസംവിധാനങ്ങളുണ്ട്. ഓരോ ജില്ലയിലും സബ് ഡിവിഷനും, ബ്ലോക്ക് അല്ലെങ്കിൽ താലൂക്കുകളുമുണ്ട്. ഇവിടെയുള്ള ഉദ്യോഗസ്ഥർ ജില്ലാ ഭരണത്തെ സഹായിക്കുന്നു. ജില്ലാതലത്തിലുള്ള പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെക്കുറിച്ച് അറിയാമോ എന്ന അദ്ധ്യാപകന്റെ ചോദ്യത്തിന് വിജയ് പരുങ്ങുന്നത് കണ്ടപ്പോൾ അദ്ധ്യാപകൻ ഇപ്രകാരം വിശദീകരിച്ചു. ജില്ലാതലത്തിലുള്ള പ്രധാന ഉദ്യോഗസ്ഥരാണ്: ജില്ലാ മജിസ്ട്രേട്ട്, പോലീസ് സൂപ്രണ്ട്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ കൃഷി ഓഫീസർ, ജില്ലാ ഫോറസ്റ്റ് ഓഫീസർ മുതലായവർ - എല്ലാ ഓഫീസർമാരും ജില്ലയിലെ വിവിധ വകുപ്പുകളുടെ തലവൻമാരാണ്.

### 18.4.1 ജില്ലാ മജിസ്ട്രേട്ട്

ജില്ലാ ഭരണം നടത്തുന്ന ഉദ്യോഗസ്ഥനാണ് ജില്ലാ മജിസ്ട്രേട്ട്. ഡെപ്യൂട്ടി കമ്മീഷണർ എന്നും ഇദ്ദേഹം അറിയപ്പെടുന്നു. ജില്ലാ കളക്ടർ, ഉപയുക്ത എന്നിവയാണ് മറ്റ് പേരുകൾ. ജില്ലാ കളക്ടർ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ (IAS) ഉൾപ്പെടുന്നു. കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും നയങ്ങളും പദ്ധതികളും നടപ്പിലാക്കുന്ന ഉത്തരവാദിത്വം ആണ് ജില്ലാ ഭരണകൂടത്തിനുള്ളത്. സ്വാതന്ത്ര്യാനന്തരം, ജില്ലാ ഭരണകൂടം നികുതി പിരിക്കുന്നതിലും, ക്രമസമാധാനം നടപ്പാക്കുന്നതിലും ഉള്ള ഉത്തരവാദിത്വം പോലെ തന്നെ ജില്ലയുടെ വിവിധതരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളിലും, സാമൂഹിക സാമ്പത്തിക പുരോഗതിയിലും വ്യാപൃതരായിരുന്നു.

ഏറെക്കാലമായി ഭരണവ്യവസ്ഥിതിയുടെ ഒരു അടിസ്ഥാന ഘടകമാണ് ജില്ല. ബ്രിട്ടീഷ് ഭരണകാലത്ത് ഇത് പ്രധാനമായും നിയമസമാധാനം നടപ്പിലാക്കുക, നികുതി പിരിക്കുക എന്നിവയിലാണ് ശ്രദ്ധയൂന്നിയിരുന്നത്. എന്നാൽ ഇന്ന് സംസ്ഥാന ഭരണം വികേന്ദ്രീകരിക്കപ്പെടുകയും, ജില്ലാഭരണകൂടം ബഹുമുഖമായ പങ്ക് വഹിക്കുകയും ചെയ്യുന്നു. അതുകൊണ്ട് സംസ്ഥാന ഭരണകൂടത്തിന്റെ കീഴിൽ ജില്ലാ മജിസ്ട്രേട്ടിന് പ്രത്യേക അധികാരങ്ങളും ഉണ്ട്. മജിസ്ട്രേട്ടിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നവയാണ്.

1. ക്രമസമാധാനം നടപ്പിലാക്കുക, ജില്ലയിൽ സമാധാനം നിലനിർത്തുക
2. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ നയങ്ങളും, പദ്ധതികളും നടപ്പിലാക്കുക.
3. ജില്ലാതല സ്ഥാപനങ്ങളും ആഫീസുകളും സംസ്ഥാന സർക്കാരും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക.

4. വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമം, ഭൂമി വ്യവസ്ഥാപനം, പോലീസ്, ജയിൽ, സംസ്ക്കാരം തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.
5. അടിയന്തിര ഘട്ടങ്ങളിലും, പ്രകൃതി ദുരന്തങ്ങളിലും വേണ്ട, ശരിയായ നടപടികളെടുക്കുകയും ആശ്വാസ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
6. ലോക്‌സഭ, വിധാൻസഭ, ബ്ലോക്ക് സമിതി, ജില്ലാ പരിഷത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയ വിവിധ സമിതികളിൽ സ്വതന്ത്രവും നീതിപൂർവ്വവുമായ നല്ലരീതിയിലുള്ള തിരഞ്ഞെടുപ്പ് ഉറപ്പ് വരുത്തുക.
7. റവന്യൂവും മറ്റു നികുതികളുടെയും പിരിവ് നടത്തുക.
8. നീതിന്യായപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും, തർക്കങ്ങൾക്ക് പരിഹാരം കാണുകയും, ശിക്ഷയും പിഴയും ചുമത്തുക.
9. ജനങ്ങളുടെ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും കേൾക്കുകയും പരിഹാരം കാണുകയും ചെയ്യുക.

### 18.4.2 സബ് ഡിവിഷണൽ ഓഫീസർ / ഉപജില്ലാ ഉദ്യോഗസ്ഥർ

ഭരണ സൗകര്യത്തിനായി ഓരോ ജില്ലയും ചെറിയ ചെറിയ യൂണിറ്റുകളായി തരം തിരിച്ചിട്ടുണ്ട്. അവയാണ് സബ് ഡിവിഷൻ എന്ന് അറിയപ്പെടുന്നത്. സബ്ഡിവിഷൻ, ജില്ലാ മജിസ്ട്രേട്ടിന്റെ കീഴിലാണെങ്കിലും, സബ് ഡിവിഷണൽ ഓഫീസർ (SDO) എന്ന ഒരു പ്രത്യേക ഓഫീസറുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഭരണകാര്യങ്ങളിൽ സബ് ഡിവിഷൻ ഓഫീസർ ജില്ലാ മജിസ്ട്രേട്ടിനെ സഹായിക്കുകുയും ജില്ലാ മജിസ്ട്രേട്ടിന്റെ പ്രതിനിധിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. സംസ്ഥാന സിവിൽ സർവ്വീസിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ് ഉപജില്ലാ ഉദ്യോഗസ്ഥൻ. മജിസ്ട്രേട്ടിന്റെ പ്രതിനിധിയായി അദ്ദേഹം ഭൂമിയുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുകയും നികുതി പിരിക്കുകയും ചെയ്യുന്നു. തോക്ക്, പിസ്റ്റൾ പോലെയുള്ള ആയുധങ്ങൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം അദ്ദേഹത്തിനുണ്ട്. ഡ്രൈവിംഗ് ലൈസൻസ്, പട്ടികജാതി, പട്ടികവർക്ഷ, മറ്റു പിന്നോക്കജാതികളിൽപ്പെട്ടവർക്കുള്ള പ്രദേശവാസി സർട്ടിഫിക്കറ്റ് കൊടുക്കു വാനുള്ള അധികാരവും അദ്ദേഹത്തിൽ നിക്ഷിപ്തമാണ്.

### 18.4.3 ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ

ജില്ലയുടെ താഴെതലത്തിലുള്ള ഭരണ യൂണിറ്റാണ് ബ്ലോക്ക്. ബ്ലോക്കിന്റെ അധികാരമുള്ള ഉദ്യോഗസ്ഥനാണ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ. സംസ്ഥാന സിവിൽ സർവ്വീസിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ (BDO). BDO മദ്ധ്യതല പഞ്ചായത്ത് രാജ് സംവിധാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. പഞ്ചായത്ത് സമിതികളുടെ എക്സ്-ഓഫീഷ്യോ സെക്രട്ടറിയാണ്. പലതരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക, ബഡ്ജറ്റ് തയ്യാറാക്കുക, സമ്മേളനങ്ങളുടെ രേഖ സൂക്ഷിക്കുക എന്നിവയാണ് BDO യുടെ പ്രധാന പ്രവർത്തനങ്ങൾ.

### പ്രവർത്തനം 18.4

താഴെ കാണുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നത് ജില്ലാ മജിസ്ട്രേട്ട് നിങ്ങളുടെ ജില്ലയിൽ നടപ്പാക്കാൻ പോകുന്ന പദ്ധതികളടങ്ങുന്ന പട്ടികയാണ്. ഏതാണ് കൂടുതൽ പ്രാധാന്യമുള്ളത് എന്നും ഏതാണ് കുറഞ്ഞ പ്രാധാന്യമുള്ളത് എന്നും കണ്ടെത്തുക.

| ക്രമ നം. | പ്രവർത്തനം | മുൻഗണന 1 മുതൽ 10 വരെ |
|---|---|---|
| 1. | ജില്ലയിൽ പുതിയ സിനിമാശാല പണിയുക | |
| 2. | റോഡുകൾ നന്നാക്കുക | |
| 3. | ആരോഗ്യ സർവ്വീസ് മെച്ചപ്പെടുത്തുക | |
| 4. | പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നോക്ക വിഭാഗക്കാർക്കും പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുക | |
| 5. | മുനിസിപ്പൽ ഓഫീസ് പുതുക്കി പണിയുക | |
| 6. | പ്രാദേശിക മുനിസിപ്പൽ ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുക | |
| 7. | വോട്ടർ പട്ടിക പുതുക്കുക | |
| 8. | അഴുക്കുചാൽ പദ്ധതി നടപ്പിലാക്കുക | |
| 9. | മുനിസിപ്പൽ സ്കൂളിൽ പുതിയ അദ്ധ്യാപകരെ നിയമിക്കുക. | |
| 10. | തീപിടുത്തം, വരൾച്ച തുടങ്ങിയ കെടുതികൾക്കെതിരെ പദ്ധതികൾ തയ്യാറാക്കാൻ വിദഗ്ധന്മാരെ കൊണ്ടുവരിക. | |

കുറിപ്പ്: മുൻഗണന കൊടുക്കുന്നതോടൊപ്പം എന്തുകൊണ്ടാണ് എന്നതിനുള്ള കാരണം കൂടി എഴുതുക.

## 18.5 അവസരങ്ങളും വെല്ലുവിളികളും

മുകളിൽ പറഞ്ഞവയിൽ നിന്നും ഗ്രാമ നാഗരിക സമിതികളുടെ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയയിൽ ഓരോ പൗരനും അവസരങ്ങളുണ്ട് എന്ന് നിങ്ങൾ സമ്മതിക്കുന്നുണ്ടോ? രാഷ്ട്രീയ അവബോധം ജനങ്ങളിലെത്തിക്കുവാനും നേതൃത്വഗുണങ്ങൾ അവരിലുണ്ടാക്കാനും ഇതാണ് ഏറ്റവും നല്ല സ്ഥാപനങ്ങൾ. പൗരന്മാർ ഇത്തരം സമിതികളിൽ പങ്കെടുക്കുന്നതോടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുന്നു. പ്രാദേശിക ഭരണസമിതികൾ സമീപത്തുള്ളതിനാൽ, പൗരൻമാർക്ക് നേരിട്ടിട പഴകാനും പ്രശ്നപരിഹാരം കണ്ടെത്താനും സാധിക്കുന്നു. സ്ത്രീകൾക്ക് പ്രത്യേകിച്ചും വലിയ അവസരങ്ങളുണ്ട്. വനിതാസംവരണം ലഭിച്ചതോടുകൂടി വളരെയധികം സ്ത്രീകൾ ഇത്തരം സമിതികളിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് സ്ത്രീ ശാക്തീകരണത്തിനുള്ള ഏറ്റവും നല്ല വഴിയും, അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരങ്ങളുമാണ്.

മറുവശത്ത്, ഒരുപാട് വെല്ലുവിളികൾ ഈ സമിതിക്കുണ്ട്. ജനങ്ങളോട് വളരെ അടുത്തിടപഴകുന്ന ഒന്നായതുകൊണ്ട് പല പരിമിതികളാൽ പലപ്പോഴും പ്രതീക്ഷയ്ക്കൊത്ത് ഉയരാനും സാധിച്ചെന്ന് വരില്ല. അതേസമയം ഈ സ്ഥാപനങ്ങളുടെ ദൗത്യം വെല്ലുവിളികൾ നിറഞ്ഞതാണ്. വരുമാന സ്രോതസ്സുകൾ പരിമിതവുമാണ്. ഇത് പലപ്പോഴും വഴക്കുകളിലേക്ക് നയിക്കുന്നു. പലപ്പോഴും പ്രവർത്തനങ്ങൾ, ദാരിദ്ര്യം, സാക്ഷരത, സാമൂഹ്യ ഉച്ചനീചത്വങ്ങൾ, രാഷ്ട്രീയത്തിലെ ക്രിമിനലിസം തുടങ്ങിയവയിൽപ്പെട്ട് നിഷപ്രഭമാകുകയും ചെയ്യുന്നു. ജാതി, സമുദായ പ്രശ്നങ്ങളും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അഴിമതി, സ്വജനപക്ഷപാതം എന്നിവയും പ്രാദേശിക ഗവൺമെന്റുകളുടെ പ്രവർത്തനങ്ങൾക്ക് വെല്ലുവിളിയുണ്ടാക്കുന്നു.

കുറിപ്പുകൾ

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 18.4

1. ഭരണകാര്യങ്ങളിൽ ജില്ലാ മജിസ്ട്രേട്ടിന്റെ പ്രാധാന്യം പരിശോധിക്കുക.
2. ജില്ലാ മജിസ്ട്രേട്ടിന്റെ പ്രധാന ചുമതലകൾ ഏവ?
3. പ്രാദേശിക സമിതികൾ പൗരൻമാർക്ക് നൽകിയിരിക്കുന്ന അവസരങ്ങൾ ഏതൊക്കെ?

## നിങ്ങൾ എന്തു പഠിച്ചു?

- പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ മൂന്നാം തലത്തിലാണ് ഉൾപ്പെടുന്നത്; രണ്ടാമത്തേതും, ഒന്നാമത്തേതും, കേന്ദ്രസംസ്ഥാന സർക്കാരുകളാണ്. രണ്ടു തരത്തിലുള്ള പ്രാദേശിക ഭരണസമിതികളുണ്ട്. ഒന്ന് ഗ്രാമീണപ്രദേശങ്ങൾക്കും, രണ്ട് നഗരപ്രദേശങ്ങൾക്കും. ഗ്രാമ പ്രദേശങ്ങൾക്കുംവേണ്ടി പഞ്ചായത്ത് രാജ് സംവിധാനവും മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പൽ കൗൺസിൽ, നഗരപഞ്ചായത്ത് എന്നിവ പട്ടണ പ്രദേശങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്നു.

- നിർദ്ദേശകതത്വങ്ങൾ അനുസരിച്ചാണ് വില്ലേജ് പഞ്ചായത്തുകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നതെങ്കിലും, പ്രാദേശിക ഭരണസമിതികൾ 1992-ലെ പാർലമെന്റ് പാസ്സാക്കിയ 73-ഉം, 74-ഉം ഭരണഘടനാഭേദഗതി നിയമങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പ്രവർത്തിക്കുന്നത്.

- ഈ ഭേദഗതികൾ വരുത്തിയത് സംസ്ഥാന സർക്കാരിനു പ്രാദേശിക സമിതികളുടെ തുടർച്ചയായും ഫലപ്രദവുമായ പ്രവർത്തനം ഉറപ്പു വരുത്താൻ സഹായിക്കുന്നു. ഇതിനുപരിയായി പട്ടികജാതി-പട്ടികവർക്ഷ സീറ്റ് സംവരണം, മറ്റ് ദുർബ്ബല വിഭാഗങ്ങൾക്ക് പ്രത്യേക പ്രവർത്തനങ്ങൾ എന്നിവയും ഉറപ്പാക്കുന്നു

- പഞ്ചായത്ത് രാജിന് മൂന്നു തലങ്ങളുണ്ട്. വില്ലേജ്തലത്തിൽ ഗ്രാമ പഞ്ചായത്തും, ബ്ലോക്ക്തലത്തിൽ പഞ്ചായത്ത് സമിതിയും. ജില്ലാതലത്തിൽ ജില്ലാപരിഷത്തും. ഈ സ്ഥാപനങ്ങൾ ജനങ്ങളുടെ ക്ഷേമത്തിനും, സാമൂഹിക സാമ്പത്തിക വികസനത്തിനും വേണ്ടി പ്രവർത്തിക്കുന്നു. ശുദ്ധജല വിതരണം, ശുചിത്വം, ആശുപത്രികൾ, റോഡ് നിർമ്മാണം, പ്രൈമറിസ്കൂൾ, വയോജനമന്ദിരം മറ്റ് പ്രാദേശിക ആവശ്യങ്ങൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടി ഇവ പ്രവർത്തിക്കുന്നു.

- 1992-ലെ 74-ാം ഭേദഗതിയലൂടെ നഗര സമിതികൾ മഹാനഗരങ്ങളിലെ മുനിസിപ്പൽ കോർപ്പറേഷൻ, ചെറിയ പട്ടണങ്ങളിലെ മുനിസിപ്പൽ കൗൺസിൽ, നഗര പഞ്ചായത്ത് എന്നിവയെ ശക്തമാക്കി. പഞ്ചായത്ത് രാജ് സമിതികൾ പോലെ ഇവയിലും പട്ടികജാതി, പട്ടികവർഗ്ഗങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾക്കും സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

- പ്രാദേശിക സമിതികൾ അവിടുത്തെജനങ്ങളുടെ ആവശ്യങ്ങൾ നടപ്പിലാക്കുകയും, വികസന പദ്ധതികൾ കൊണ്ടുവരികയും, ജനങ്ങളുടെ ക്ഷേമത്തിന് പ്രാധാന്യം നൽകുകയും ചെയ്യുന്നു.

- ഗ്രാമ-നഗര സമിതികൾ ജനങ്ങൾക്കടുത്ത് പ്രവർത്തിക്കുന്നതും അടിസ്ഥാന പരമായി ജനാധിപത്യ സ്ഥാപനങ്ങളുമാണ്. തീരുമാനം എടുക്കുന്ന പ്രക്രിയയിൽ ഇവ ജനങ്ങൾക്ക് അവസരം നൽകുന്നു. ജാതിവ്യവസ്ഥ, അഴിമതി, ഫണ്ടിന്റെ അഭാവം, ജനങ്ങളുടെ ഇടയിലുള്ള വ്യത്യസ്ഥ അഭിപ്രായങ്ങൾ ഇതെല്ലാം വലിയ വെല്ലുവിളികളാണ്.

- ജില്ലാ മജിസ്ട്രേട്ടിന്റെ കീഴിലുള്ള ജില്ലാഭരണകൂടം ക്രമസമാധാനം നടപ്പിലാക്കുന്നു. നികുതി സമാഹരിക്കുക തുടങ്ങിയ പ്രവൃത്തികളിൽ അവർ വ്യാപൃതരാകുന്നു. വികസന പദ്ധതികളിലും ഭാഗഭാക്കാകുന്നു.

## സമാപ്തി പ്രവർത്തനം

1. എന്തുകൊണ്ടാണ് പ്രാദേശിക സമിതികൾ പ്രാധാന്യമർഹിക്കുന്നത്? നിങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുക.

2. പഞ്ചായത്ത് രാജിന്റെ പ്രവർത്തനങ്ങൾ വിവരിക്കുക.

3. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്ക് പരിശോധിക്കുക. നഗര സമിതികളുടെ ഘടനയും, പ്രവർത്തനവും ചുരുക്കി വിവരിക്കുക.

4. പഞ്ചായത്ത് രാജിന്റെയും നഗര സമിതികളുടെയും ഘടനയിലും, പങ്കിലും 1992-ലെ 73-ഉം, 74-ഉം ഭേദഗതികൾ കൊണ്ടുവന്ന ഏറ്റവും വലിയ മാറ്റങ്ങൾ എന്തെല്ലാം?

5. 1992-ലെ 73, 74 ഭേദഗതി നിയമങ്ങൾ സ്ത്രീകളെ യഥാർത്ഥത്തിൽ ശാക്തീകരിച്ചിട്ടുണ്ട് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

6. ഒരു ഗ്രാമത്തിൽ, രണ്ട് മക്കളുള്ള ഒരു വിധവ വീട്ടുജോലിക്ക് പോകുന്നു. കുട്ടികളെ പഠിപ്പിക്കാൻ അവൾക്കാഗ്രഹമുണ്ട്. പക്ഷേ സാധിക്കുന്നില്ല. മറ്റു കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതുപോലെ ഈ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ പഞ്ചായത്ത് പ്രസിഡന്റിന് കഴിയുമോ? അതിനുവേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

## പാഠ്യാന്ത്യ ചോദ്യങ്ങളുടെ ഉത്തരം

18.1

1. പ്രാദേശിക ജനത, അവർക്കുവേണ്ടി, അവരാൽ രൂപീകരിക്കുന്ന ഒന്നാണ് പ്രാദേശിക ഗവൺമെന്റ്. പ്രാദേശിക സമിതികൾ സാധാരണ ജനങ്ങൾക്ക് പങ്കെടുക്കുവാനും, വികസനപദ്ധതികൾ നടപ്പിലാക്കുവാനും, സാമൂഹ്യനീതി നടപ്പിലാക്കുന്നതിനുമുള്ള വേദികകൾ നൽകുന്നു. പ്രാദേശിക പ്രശ്നങ്ങളെ കുറിച്ച് പഠിക്കുന്നതിനും, പരിഹാരം കാണുന്നതിനും സഹായിക്കുന്നു. അടിസ്ഥാന ഭരണസമിതിയാണ് പ്രാദേശിക സമിതികൾ.

2. വളരെ പുരാതനകാലം മുതൽ പഞ്ചായത്ത് നമ്മുടെ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട്. അവ, പഞ്ചായത്ത്, 'ബിരാദാരികൾ' എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്നു. ഗ്രാമത്തിലെ മുതിർന്നവരായിരുന്നു പൊതുവെ ഗ്രാമത്തിനെ നയിച്ചി

രുന്നത്. 73-ാമത്തെ ഭരണഘടനാ ഭേദഗതി പഞ്ചായത്ത് രാജിന് ഭരണഘടനാ പദവി നൽകുകയും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ അവയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

3. നിങ്ങളുടെ പ്രദേശത്തുള്ള പ്രാദേശിക സ്ഥാപനങ്ങൾ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

4. പ്രാദേശിക സർക്കാർ, ശുദ്ധജലപദ്ധതി, അഴുക്കുചാൽപദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നു. ഇത് ജനജീവിതത്തിന്റെ നിലവാരം ഉയർത്തുന്നു.

5. (a) ത്രിതല പഞ്ചായത്ത് രാജ് സംവിധാനം സ്ഥാപിച്ചു.

   (b) ജില്ലകൾക്ക് വികസന പ്ലാൻ തയ്യാറാക്കാൻ ജില്ലാ ആസുത്രണ കമ്മിറ്റി കൾ രൂപീകരിച്ചു.

   (c) ഗ്രാമതലത്തിൽ ഗ്രാമസഭകൾ രൂപവൽക്കരിക്കുകയും അവയെ തീരുമാനങ്ങൾ എടുക്കാൻ കഴിയുന്ന സമിതികളായി വളർത്തുകയും ചെയ്തു.

   (d) പട്ടികജാതി, പട്ടികവർഗ്ഗ, വിഭാഗക്കാർക്കും, സ്ത്രീകൾക്കും സംവരണം നടപ്പിലാക്കി തീരുമാനം എടുക്കുന്ന പ്രക്രിയയിൽ അവരെ പങ്കാളികളാക്കു കയും ചെയ്തു.

   (e) സംസ്ഥാന ഫൈനാൻസ് കമ്മീഷൻ, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ മുതലായവ തുടങ്ങി.

**18.2**

1. പഞ്ചായത്ത് രാജിന്റെ അടിസ്ഥാന ഘടകമാണ് ഗ്രാമപഞ്ചായത്ത്. മൂന്നിൽ ഒരു ഭാഗം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുള്ളതാണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റിനെ നേരിട്ടല്ല ഗ്രാമവാസികൾ തിരഞ്ഞെടുക്കുന്നത്. പഞ്ചായത്ത് അംഗങ്ങൾ തിരഞ്ഞെടുക്കുന്ന ഉപാദ്ധ്യക്ഷനും, അംഗങ്ങളും പഞ്ചായത്തിനുണ്ട്.

2. ഗ്രാമപഞ്ചായത്തിന്റെ മൂന്ന് ചുമതലകൾ:

   i. ശുദ്ധജലവിതരണം

   ii. തെരുവീഥികൾ സംരക്ഷിക്കുക

   iii. അഴുക്കുചാൽ സംവിധാനം ഉണ്ടാക്കുക

   പഞ്ചായത്തിന് ഫണ്ട് ഉണ്ടെങ്കിൽ മാത്രം നടപ്പാക്കുന്ന പദ്ധതികളാണ് - വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ, കന്നുകാലികൾക്ക് ഇൻസെമിനേഷൻ സെന്റർ സ്ഥാപിക്കുക, കളിസ്ഥലങ്ങൾ സ്ഥാപിക്കുകയും അറ്റകുറ്റപണി നടത്തുകയും ചെയ്യുക, ലൈബ്രറി സ്ഥാപിക്കുക.

3. പഞ്ചായത്തിന്റെ ഫണ്ടിന്റെ ഉറവിടങ്ങൾ താഴെ കൊടുക്കുന്നു.

   i. സ്വത്ത്, ഭൂമി, സാധനങ്ങൾ, കന്നുകാലികൾ തുടങ്ങിയ കാര്യങ്ങൾക്കു ചുമത്തുന്ന നികുതി.

   ii. ഭാരത് വീടുകൾ, മറ്റ് സ്വത്ത് ഇവയിൽ നിന്നും ഈടാക്കുന്ന വാടക.






iii. നിയമലംഘനം നടത്തുന്നവരിൽ നിന്നും പിരിച്ചെടുക്കുന്ന വിവിധതരത്തിലുള്ള പിഴ ഇനങ്ങൾ.

iv. സംസ്ഥാന ഗവൺമെന്റിന്റെ ഭൂനികുതിയിൽ നിന്നും കിട്ടുന്ന ഓഹരി.

v. ചില പൊതുകാര്യങ്ങൾക്ക് ജനങ്ങളിൽ നിന്നും കിട്ടുന്ന പണം.

vi. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളിൽ നിന്നും കിട്ടുന്ന ഗ്രാന്റ്.

4. ഉത്തരം എഴുതാൻ വിവിധ സ്രോതസ്സുകളിൽ നിന്നും അറിവ് ശേഖരിക്കാൻ ശ്രമിക്കുക.

5. ചോദ്യങ്ങളിൽ തന്നെ നിർദ്ദേശിച്ചിട്ടുള്ള ഉറവിടങ്ങളിൽ നിന്നും അറിവ് സമാഹരിക്കുക.

**18.3**

1. സ്വാതന്ത്ര്യത്തിനുശേഷം 4 തരത്തിലുള്ള നഗര സമിതികൾ പ്രവർത്തിക്കുന്നുണ്ട്. 1. മുനിസിപ്പൽ കോർപ്പറേഷൻ, 2. മുനിസിപ്പാലിറ്റികൾ 3. ടൗൺ ഏരിയ കമ്മിറ്റികൾ 4 നോട്ടിഫൈഡ് ഏരിയാ കമ്മിറ്റികൾ. 1992-ലെ 74-ാമത്തെ ഭരണഘടനാ ഭേദഗതി വലിയ മാറ്റങ്ങൾ നഗര ഭരണതലത്തിൽ കൊണ്ടുവന്നു. ഇന്ന് മൂന്നു തരത്തിലുള്ള സമിതികളാണ് പ്രവർത്തിക്കുന്നത്: (a) വലിയ പട്ടണങ്ങൾക്കുള്ള മുനിസിപ്പൽ കോർപ്പറേഷൻ, (b) ചെറിയ പട്ടണങ്ങൾക്കുള്ള മുനിസിപ്പൽ കൗൺസിൽ (c) നഗരങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഗ്രാമങ്ങൾക്ക് നഗരപഞ്ചായത്ത്.

2. പൗരന്മാരുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ ഇവയ്ക്ക് വലിയ സ്ഥാനമുണ്ട്. ആരോഗ്യം, ജലവിതരണം, വൈദ്യുതി ഇവയെല്ലാം ഓരോ വ്യക്തിയുടെ ജീവിതത്തിലും അത്യാവശ്യമുള്ളവയാണ്. ശുചിത്വമുള്ള പട്ടണം, ശുദ്ധജലവിതരണം, ആശുപത്രി സംവിധാനം എന്നിവ നടപ്പിലാക്കുന്ന തിലൂടെ മുനിസിപ്പൽ കോർപ്പറേഷൻ പൗരന്മാരുടെ ജീവിതഗുണനിലവാരം ഉറപ്പുവരുത്തുന്നു.

3. (i) നികുതിയിൽ നിന്നുമുള്ള വരുമാനം വീട് നികുതി, വിനോദ നികുതി

(ii) സംസ്ഥാന യൂണിയൻ ഗവൺമെന്റുകളുടെ ഗ്രാന്റ്

(iii) വാടകയിൽ നിന്നുമുള്ള വരുമാനം, കടകൾ, കമ്മ്യൂണിറ്റിഹാൾ തുടങ്ങി യവയിൽ നിന്നു കിട്ടുന്ന വാടക.

(iv) ടോൾ നികുതി, ജല, വൈദ്യുതി ഫീസ് തുടങ്ങിയവയിൽ നിന്നും കിട്ടുന്ന വരുമാനം.

4. നഗര ഭരണസമിതികളുടെ ചുമതലകളെ സംബന്ധിച്ച് നിങ്ങൾ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലും പ്രാദേശിക ഭരണസമിതികളെ പിന്താങ്ങുന്നതിൽ പൗരന്മാർക്ക് ഉള്ള ഉത്തരവാദിത്തത്തിന്റെ അടിസ്ഥാനത്തിലും ഉത്തരം എഴുതുക.

**18.4**

1. ജില്ലാ ഭരണകൂടം, ജില്ലാ മജിസ്ട്രേട്ട്, പോലീസ് സൂപ്രണ്ട്, ജില്ല വിദ്യാഭ്യാസ ഓഫീസർ, ജില്ല കൃഷി ഓഫീസർ (SDO) എന്നിവർ ഉൾപ്പെട്ടതാണ്.

### സബ് ഡിവിഷണൽ ഓഫീസർ

ഭരണകാര്യങ്ങളിൽ SDO ജില്ലാ മജിസ്ട്രേട്ടിനെ സഹായിക്കുകയും, പ്രതിനിധിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഭൂമി സംബന്ധമായ റെക്കോർഡുകൾ സൂക്ഷി

ക്കുകയും നികുതി പിരിക്കുകയും ചെയ്യുന്നു. പട്ടികജാതി, പട്ടികവർക്ഷ മറ്റ് പിന്നോക്ക വിഭാഗക്കാർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരമുണ്ട്.

### ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ

പഞ്ചായത്ത് രാജിന്റെ മദ്ധ്യതലവുമായാണ് BDO ബന്ധപ്പെട്ടിരിക്കുന്നത്. പഞ്ചായത്ത് സമിതിയുടെ 'എക്സ്-ഓഫീഷ്യോ' സെക്രട്ടറിയാണ്. റെക്കോർഡുകൾ സൂക്ഷിക്കുകയും ബഡ്ജററ് തയ്യാറാക്കുകയും പല തരത്തിലുള്ള വികസനപദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നു.

2. ജില്ലാ മജിസ്ട്രേട്ടിന്റെ പ്രധാന ചുമതലകൾ താഴെ പറയുന്നു.

   (i) നിയമപാലനവും ക്രമസമാധാനവും നടപ്പിലാക്കുകയും ജില്ലയിൽ സമാധാനം ഉറപ്പുവരുത്തുകയും ചെയ്യുക.

   (ii) വിവിധ നയങ്ങളും, പദ്ധതികളും കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്കു വേണ്ടി നടപ്പിലാക്കുക.

   (iii) സംസ്ഥാന, ജില്ലാ, സ്ഥാപനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുക.

   (iv) വിദ്യാഭ്യാസം, ആരോഗ്യം, ക്ഷേമം, ഭൂവിനിയോഗം, പോലീസ്, ജയിൽ സാംസ്ക്കാരികം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.

   (v) ലോക്സഭ, വിദാൻസഭ, ബ്ലോക്ക് സമിതി, ജില്ലാ പരിഷത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയവയ്ക്ക് സൗജന്യവും മികച്ചതുമായ തിരഞ്ഞെടുപ്പ് ഉറപ്പുവരുത്തുക.

3. പൗരൻമാരിൽ രാഷ്ട്രീയ അവബോധം ഉണ്ടാകുന്നതിനും, അവരിൽ നേതൃത്വ ഗുണങ്ങൾ ഉണ്ടാകുന്നതിനും, ഗ്രാമ-നഗര ഭരണസമിതികൾ ഏറ്റവും പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു. പ്രാദേശിക ഭരണസമിതികളിൽ പൗരന്മാർ പങ്കാളികൾ ആകുമ്പോൾ അവരുടേയും മറ്റുള്ളവരുടേയും പ്രശ്നങ്ങൾ അപഗ്രഥിക്കുവാനും, പഠിക്കുവാനും അവർക്ക് അവസരം ലഭിക്കുന്നു. പ്രാദേശിക ഭരണസമിതികൾ പൗരൻമാരുടെ സമീപത്ത് ആകുമ്പോൾ അവർക്ക് ഇതിൽ നേരിട്ട് ഇടപെടാനും പ്രശ്നങ്ങൾക്ക് നേരിട്ട് പരിഹാരം കണ്ടെത്തുവാനും സാധിക്കുന്നു. വനിതകൾക്ക് പ്രാദേശിക ഭരണസമിതികളിൽ അംഗങ്ങളായി പങ്കെടുക്കുന്നതിനുള്ള അവസരങ്ങളും ലഭിക്കുന്നു. പ്രാദേശിക ഭരണസമിതികളുടെ ശരിയായ വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് നേരിടുന്ന വെല്ലുവിളികളാണ്;

   പ്രാദേശിക ഭരണസമിതികൾ ജനങ്ങളുമായി നേരിട്ട് ബന്ധമുള്ളതിനാൽ ഈ സമിതികൾ ജനാധിപത്യത്തിന്റെ ലക്ഷ്യങ്ങളും പ്രതീക്ഷയും പുലർത്തുന്നു. എന്നാൽ, നിരവധി പരിമിതികൾ കാരണം ഇവയ്ക്ക് അപ്രകാരം ഫലവത്തായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. പരിമിതികളിൽ ഉൾപ്പെട്ട ഏതാനും വസ്തുതകളാണ്, ദാരിദ്ര്യം, നിരക്ഷരത, സാമൂഹ്യ അസമത്വം, ജാതിചിന്ത, വർദ്ധിച്ചുവരുന്ന അഴിമതി, സ്വജനപക്ഷപാതം മുതലായവ. ഈ ഘടകങ്ങളുടെ വെല്ലുവിളികൾ നിമിത്തം പ്രാദേശിക ഭരണസമിതികൾക്ക് ഫലവത്തായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല.

# 19

# സംസ്ഥാനതല ഭരണം

ഇന്ത്യ ഒരു ഫെഡറേഷൻ (കേന്ദ്ര-സംസ്ഥാന സംയുക്ത രാഷ്ട്രം) ആണ് എന്ന് നിങ്ങൾ വായിച്ചു. രണ്ട് തലത്തിലുള്ള സംയുക്ത ഭരണ സംവിധാനം സംസ്ഥാന തലത്തിലും, കേന്ദ്ര തലത്തിലും - ഇന്ത്യയിലുണ്ട്. രണ്ട് തലത്തിലുള്ള ഗവൺമെന്റിന്റെ ഭരണസംവിധാനവുമായി ഓരോ പൗരനും ബന്ധപ്പെട്ടിരിക്കുന്നു. നാം എല്ലാവരും, സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും നിയമനിർമ്മാണ സഭകൾ പാസ്സാക്കുന്ന നിയമങ്ങൾക്ക് വിധേയപ്പെട്ടും, ഇരു ഗവൺമെന്റിന്റെ ഭരണത്തിലും, സംസ്ഥാന തലത്തിലും കേന്ദ്ര തലത്തിലുമുള്ള കോടതികളിൽ നിന്നും നിതി ലഭിച്ചും കഴിയുന്നു. കേന്ദ്ര തലത്തിലും, സംസ്ഥാന തലത്തിലും ഭരണം നടത്തുന്ന ഗവൺമെന്റുകളുടെ നിയമനിർമ്മാണ സഭകളും, നിയമപരിപാലന അധികാരികളും, നീതിന്യായ പരിപാലകരും പ്രവർത്തിക്കുന്നു. ഭരണസംവിധാനത്തെ സംബന്ധിച്ച് ഒരു പൊതുവായ ധാരണ ഉണ്ടാകുന്നതിനായി ഈ പാഠത്തിൽ, സംസ്ഥാന തലത്തിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ചും ഗവൺമെന്റ് നടപടിക്രമങ്ങളെ സംബന്ധിച്ചും ചർച്ചചെയ്യാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ഗവർണ്ണറുടെ നിയമനരീതിയെപ്പറ്റിയും അധികാരം സംബന്ധിച്ചും, ഔദ്യോഗിക സ്ഥാനത്തെ സംബന്ധിച്ചും വിശദീകരിക്കുവാൻ സാധിക്കും;
- ഗവർണ്ണറും സംസ്ഥാന മുഖ്യമന്ത്രിയും തമ്മിലുള്ള ഔദ്യോഗികബന്ധം സംബന്ധിച്ചും, സംസ്ഥാന ഗവൺമെന്റിന്റെ മുഖ്യസ്ഥാനിയായി അദ്ദേഹത്തിന്റെ / അവരുടെ അധികാരങ്ങളെയും പങ്കിനെയും സംബന്ധിച്ച് വിലയിരുത്തുവാൻ;
- സംസ്ഥാന മന്ത്രിമാരുടെ അധികാരങ്ങളെ കുറിച്ചും, മന്ത്രിസഭയുടെ രൂപീകരണം സംബന്ധിച്ചും വിശദീകരിക്കുവാൻ;
- സംസ്ഥാന നിയമനിർമ്മാണസഭയുടെ രൂപീകരണവും അധികാരവും അപഗ്രഥിക്കുവാൻ;
- കീഴ്ക്കോടതികളുടെയും ഹൈക്കോടതികളുടെയും അധികാരപരിധികളും പ്രവർത്തനരീതികളും അവയുടെ ഘടനയും അറിയുവാൻ;
- സംസ്ഥാനതലത്തിൽ ഗവൺമെന്റിന്റെ ആവശ്യകതയും അവിടുത്തെ പൗരൻമാരുടെ ദൈനംദിനജീവിതത്തിൽ, ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും വിശദീകരിക്കുവാൻ;

## 19.1 ഗവർണ്ണർ

'ഭരണഘടനാമൂല്യങ്ങളും ഇന്ത്യയുടെ രാഷ്ട്രീയരീതികളും' എന്ന അദ്ധ്യായത്തിൽ ഇന്ത്യയിൽ ഒരു പാർലമെന്ററി രീതിയുള്ള ഗവൺമെന്റ് ഉണ്ട് എന്ന് നിങ്ങൾ പഠിച്ചുകഴിഞ്ഞു. ലോകത്തിലെ ഏതു പാർലമെന്ററി ജനാധിപത്യ ഗവൺമെന്റിലേത് എന്ന പോലെ ഇന്ത്യയിൽ, സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും ജനാധിപത്യസ്ഥാപനങ്ങൾ ഉണ്ട്. ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ അധികാരങ്ങളും സംസ്ഥാനതലത്തിൽ ഒരു ഗവർണ്ണറിൽ നിക്ഷിപ്തമാണ്. എന്നാൽ ഗവർണ്ണർക്ക് ഒരു നാമധേയ മുഖ്യസ്ഥാനമേയുള്ളൂ. യഥാർത്ഥ അധികാരങ്ങൾ നിക്ഷിപ്തമായിരിക്കുന്നത് സംസ്ഥാന മന്ത്രിസഭയിലെ അംഗങ്ങളിലും, മന്ത്രിസഭയുടെ തലവനായിരിക്കുന്ന മുഖ്യമന്ത്രിയിലുമാണ്.




**ചിത്രം 19.1** *രാജ്ഭവൻ, അഹമ്മദാബാദ്*

### 19.1.1. നിയമനം

ഒരു സംസ്ഥാന ഗവർണ്ണറെ നിയമിക്കുന്നത് ഇന്ത്യയുടെ പ്രസിഡന്റ് ആണ്. ഗവർണ്ണറായി നിയമിക്കുന്ന ആളിന് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ, അദ്ദേഹം / അവർ

(a) ഒരു ഇന്ത്യൻ പൗരനായിരിക്കണം
(b) 35 വയസ്സ് പൂർത്തിയായിരിക്കണം
(c) ഗവർണ്ണറായി നിയമിക്കപ്പെടുന്ന കാലയളവിൽ വേതനം പറ്റുന്ന മറ്റെന്തെങ്കിലും സ്ഥാനം അലങ്കരിക്കരുത്.

ഇന്ത്യൻ പാർലമെന്റിലെ ഒരംഗമോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലെ ഒരംഗമോ ആയിരിക്കുമ്പോൾ ഗവർണ്ണറായി നിയമിക്കപ്പെടുകയാണെങ്കിൽ അദ്ദേഹം / അവർ പ്രസ്തുത സഭയിലെ അംഗത്വം രാജിവച്ചിരിക്കണം. ഗവർണ്ണർ നിയമനം അഞ്ചുവർഷത്തേക്ക് ആണെങ്കിലും സാധാരണയായി പ്രസിഡന്റിന്റെ 'മതിപ്പു' കാലഘട്ടത്തിൽ ഗവർണ്ണറായി തുടരാം. പ്രസിഡന്റിന്റെ 'മതിപ്പുകാലഘട്ടം' എന്നാൽ അർത്ഥമാക്കുന്നത്, ഗവർണ്ണറുടെ പ്രവർത്തനങ്ങളുടെ സ്വീകാര്യതയാണ്. അല്ലാത്തപക്ഷം കാലാവധി മുഴുവൻ പൂർത്തിയാക്കുന്നതിന് മുൻപ് പിരിച്ചുവിടുവാൻ പ്രസിഡന്റിന് അധികാരമുണ്ട് എന്നതാണ്. ഗവർണ്ണർക്ക് കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് രാജിവെച്ച് ഒഴിയുവാനും സ്വാതന്ത്ര്യം ഉണ്ട്. എന്നിരുന്നാലും, യഥാർത്ഥത്തിൽ ഒരു ഗവർണ്ണറെ നിയമിക്കുമ്പോഴും പദവിയിൽ നിന്നു നീക്കം ചെയ്യുമ്പോഴും പ്രസിഡന്റ്, പ്രധാനമന്ത്രിയുടെ ഉപദേശം സ്വീകരിക്കാറുണ്ട്.

## പ്രവർത്തനം 19.1

ഓരോ സംസ്ഥാനത്തിനും ഓരോ ഗവർണ്ണർ ഉണ്ടെങ്കിലും, ചില പ്രത്യേക സാഹചര്യങ്ങളിൽ രണ്ട് സംസ്ഥാനങ്ങൾക്കോ, അതിൽ അധികം സംസ്ഥാനങ്ങൾക്കോ പൊതുവിൽ ഒരു ഗവർണ്ണർ ഉണ്ടാകാം. ഒരു സംസ്ഥാനത്തെ ഗവർണ്ണർ രാജി വയ്ക്കുകയാണെങ്കിൽ, അടുത്ത സംസ്ഥാന ഗവർണ്ണർക്ക് രണ്ടു സംസ്ഥാനങ്ങളുടെ ഭരണചുമതല ഉണ്ടായിരിക്കും. അങ്ങിനെയുള്ള സാഹചര്യങ്ങളും ഉണ്ടാകാം. നിങ്ങളുടെ അദ്ധ്യാപകരിൽ നിന്നോ, സുഹൃത്തുക്കൾ വഴിയോ, പത്രങ്ങളിലൂടെയോ, ഇന്റർനെറ്റിലൂടെയോ അങ്ങിനെയുള്ള ഒരു സംവിധാനം നിലവിലുണ്ടോ എന്ന് കണ്ടുപിടിക്കുക.

### 19.1.2 ഗവർണ്ണറുടെ അധികാരങ്ങൾ

ഓരോ സ്ഥാനത്തിനും അല്ലെങ്കിൽ പദവിക്കും അധികാരങ്ങൾ ഉണ്ടാവും. സംസ്ഥാന ഭരണത്തലവൻ എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ ഗവർണ്ണർക്ക് ഇന്ത്യൻ ഭരണഘടന നിരവധി അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഗവർണ്ണറുടെ അധികാരങ്ങൾ ഇപ്രകാരം വിഭജിക്കാം. (i) ഭരണനിർവ്വാഹക അധികാരങ്ങൾ (ii) നിയമനിർവ്വാഹക അധികാരങ്ങൾ (iii) പൊതുധനവിനിമയ അധികാരങ്ങൾ (iv) നീതിന്യായ അധികാരങ്ങൾ (v) വിവേചനാധികാരങ്ങൾ

**(a)** **ഭരണനിർവ്വാഹക അധികാരങ്ങൾ:** ഇന്ത്യൻ ഭരണഘടനാപ്രകാരം ഒരു സംസ്ഥാനത്തിന്റെ ഭരണനിർവ്വാഹക അധികാരങ്ങൾ ഗവർണ്ണറിൽ നിക്ഷിപ്തമായിരിക്കുന്നു. സംസ്ഥാന മന്ത്രിസഭയുടെയും മന്ത്രിസഭാതലവനായ മുഖ്യമന്ത്രിയുടെയും ഉപദേശപ്രകാരം ഗവർണ്ണർ ഈ അധികാരങ്ങൾ വിനിയോഗിക്കുന്നു. മുഖ്യമന്ത്രിയേയും മന്ത്രിസഭാംഗങ്ങളേയും നിയമിക്കുന്നത് ഗവർണ്ണറാണ്. ഹൈക്കോടതി ഒഴികെയുള്ള മറ്റു കോടതികളിലെ ന്യായാധിപന്മാരെയും അഡ്വക്കേറ്റ് ജനറലിനേയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ അംഗങ്ങളേയും, സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളേയും സംസ്ഥാന ധനകാര്യ കമ്മീഷൻ അംഗങ്ങളെയും വിവിധ ചെയർമാൻമാരെയും നിയമിക്കുന്നത് സംസ്ഥാന ഗവർണ്ണർ ആണ്. ഹൈക്കോടതിയിലെ ന്യായാധിപന്മാരെ പ്രസിഡന്റ് നിയമിക്കുമ്പോൾ ഗവർണ്ണറുമായി കൂടി ആലോചിക്കാറുണ്ട്. എന്നാൽ പ്രവർത്തനത്തിൽ ഗവർണ്ണറുടെ അധികാരങ്ങൾ ആചാരപരമായിട്ടുള്ളതാണ്. നിയമനിർമ്മാണസഭയുടെ ഭൂരിപക്ഷ നേതാവിനെ മാത്രം മുഖ്യമന്ത്രിയായി നിയമിക്കുന്നു. മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം മാത്രം മന്ത്രിസഭയിലെ അംഗങ്ങളെ നിയമിക്കുന്നു. മറ്റെല്ലാ നിയമനങ്ങളും ഭരണ നിർവ്വഹണാധികാരങ്ങളും മന്ത്രിസഭയുടെ ഉപദേശപ്രകാരം നിർവ്വഹിക്കുന്നു.

**(b)** **നിയമനിർവ്വാഹക അധികാരങ്ങൾ:** സംസ്ഥാന നിയമനിർമ്മാണസഭയുടെ അവിഭാജ്യഘടകമെന്ന നിലയിൽ ഗവർണ്ണർക്ക് ഏതാനും നിയമ നിർവ്വാഹകാധികാരങ്ങളും നൽകിയിട്ടുണ്ട്. സംസ്ഥാന നിയമനിർമ്മാണസഭ വിളിച്ചുകൂട്ടാനും, നിയമസഭാ സമ്മേളനം തല്ക്കാലം നിർത്തിവയ്ക്കാനോ, നീട്ടിവയ്ക്കാനോ, പിരിച്ചുവിടാനോ ഉള്ള അധികാരം ഗവർണർക്ക് ഉണ്ട്. സംസ്ഥാന നിയമനിർമ്മാണസഭയുടെയോ, ഇരുസഭകളുടെയോ സംയുക്ത സമ്മേളനത്തെ ഗവർണ്ണർ അഭിസംബോധന ചെയ്യുന്നു. ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം നിയമ സഭയിൽ ഇല്ലെങ്കിൽ ആ വിഭാഗത്തിൽപ്പെട്ട ഒരാളെ നാമനിർദ്ദേശം ചെയ്യാനുള്ള അധികാരം ഗവർണ്ണർക്ക് ഉണ്ട്. സംസ്ഥാന നിയമസഭയ്ക്ക് ഇരുസഭകളുണ്ടെങ്കിൽ 'ലെജിസ്ലേറ്റീവ് കൗൺസിലി'ലെ അംഗങ്ങളെ ഗവർണ്ണർക്ക് നാമ നിർദ്ദേശം ചെയ്യാം. വീണ്ടും

ശ്രദ്ധിക്കുക. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭയുടെ ഉപദേശപ്രകാരം മാത്രമേ ഈ അധികാരങ്ങൾ ഗവർണ്ണർ പ്രയോഗിക്കുന്നുള്ളു. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ഒരു ബില്ല് ഗവർണ്ണർ അംഗീകരിക്കുമ്പോൾ മാത്രമെ നിയമം ആവുകയുള്ളൂ.

**(c) പൊതുധനവിനിമയ അധികാരങ്ങൾ:** ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റ്, നിയമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നുവെന്ന് നിങ്ങൾ പത്രത്തിൽ വായിച്ചിട്ടുണ്ടാവും. ബഡ്ജറ്റ് (പ്രതിവർഷ വരവുചെലവ് കണക്ക്) അഥവാ സംസ്ഥാനത്തിന്റെ വാർഷിക ധനവ്യയ കണക്ക്, സംസ്ഥാന ഗവർണ്ണർക്കുവേണ്ടി ധനകാര്യ വകുപ്പ് മന്ത്രി തയ്യാറാക്കി നിയമസഭയിൽ അവതരിപ്പിക്കുന്നു. കൂടാതെ പണം സംബന്ധിച്ച ഒരു ബില്ലുപോലും ഗവർണ്ണറുടെ ശുപാർശയില്ലാതെ നിയമസഭയിൽ അവതരിപ്പിക്കുവാൻ അനുവാദമില്ല. അതുപോലെ, സംസ്ഥാന കണ്ടിൻജൻസി ഫണ്ടിന്റെ നിയന്ത്രണം ഗവർണ്ണറിൽ നിക്ഷിപ്തമായിരിക്കുന്നു.

**(d) വിവേചനാധികാരങ്ങൾ:** നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ഗവർണ്ണർ, സംസ്ഥാന മന്ത്രിസഭയുടെ ഉപദേശപ്രകാരം പ്രവർത്തിക്കുന്നു. യഥാർത്ഥത്തിൽ, ഗവർണ്ണർക്ക് അധികാരം ഇല്ല എന്ന് തോന്നാം. എന്നാൽ ഭരണഘടനാപ്രകാരം ചില അസാധാരണ സാഹചര്യങ്ങളിൽ ഗവർണ്ണർക്ക് സംസ്ഥാന മന്ത്രിസഭയുടെ ഉപദേശമില്ലാതെ പ്രവർത്തിക്കാം. ഗവർണ്ണർ സ്വന്ത തീരുമാനപ്രകാരം അത്തരം സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന അധികാരങ്ങളെ വിവേചനാധികാരങ്ങൾ എന്നു വിളിക്കുന്നു. ഒന്നാമതായി, നിയമനിർമ്മാണസഭയിൽ ഒരു രാഷ്ട്രീയ പാർട്ടിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാതെ വന്നാൽ ഗവർണ്ണർ വിവേചനാധികാരം ഉപയോഗിച്ച് നിയമസഭയിലെ വലിയകക്ഷിയുടെ നേതാവിനെ മന്ത്രിസഭാ രൂപീകരണത്തിനായി ക്ഷണിക്കാം. രണ്ടാമതായി, സംസ്ഥാന ഗവർണ്ണർ, സംസ്ഥാനത്തിന്റെയും, കേന്ദ്രത്തിന്റെയും ചങ്ങലകണ്ണിയായി പ്രവർത്തിക്കുന്നു. സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ഏതു ബില്ലും പ്രസിഡന്റിന്റെ പരിഗണനയ്ക്കായി മാറ്റിവയ്ക്കാനുള്ള അധികാരം ഉണ്ട്. മൂന്നാമതായി, സംസ്ഥാന ഗവൺമെന്റ് ഭരണഘടനാനുസൃതമായി പ്രവർത്തിക്കുന്നില്ല എന്ന് ബോദ്ധ്യമാകുമ്പോൾ, ഗവർണ്ണർക്ക് ഈ വസ്തുത പ്രസിഡന്റിനെ അറിയിക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ ഭരണഘടനയുടെ 356-ാം വകുപ്പു പ്രകാരം സംസ്ഥാനത്ത് പ്രസിഡന്റു ഭരണം ഏർപ്പെടുത്തുവാനും മന്ത്രിസഭയെ പുറത്താക്കുവാനും സംസ്ഥാന നിയമസഭ പിരിച്ചു വിടാനും അല്ലെങ്കിൽ അനിശ്ചിതാവസ്ഥയിൽ നിർത്താനും ഉള്ള അധികാരങ്ങൾ ഉണ്ട്. അങ്ങനെയുള്ള അടിയന്തിര അവസരങ്ങളിൽ പ്രസിഡന്റിനുവേണ്ടി സംസ്ഥാന ഭരണചുമതല ഗവർണ്ണർക്ക് ഏറ്റെടുക്കാം.

### 19.1.3 ഗവർണ്ണറും മന്ത്രിസഭാ കൗൺസിലുമായുള്ള ബന്ധം

മുകളിൽ നാം വായിച്ചതുപോലെ സംസ്ഥാനത്തിന്റെ ഭരണനിർവ്വാഹക പരമാധികാരം ഗവർണ്ണറിലും, മുഖ്യമന്ത്രിയിലും, മന്ത്രിസഭാ കൗൺസിലിലും നിക്ഷിപ്തമായിരിക്കുന്നു. സാധാരണയായി, മന്ത്രിസഭയുടെ ഉപദേശപ്രകാരമാണ് ഗവർണ്ണർ പ്രവർത്തിക്കുന്നത്. മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ നടത്തുന്നത് ഗവർണ്ണറുടെ ഔപചാരികമായ ചുമതലയാണ്. സംസ്ഥാന നിയമസഭ യിലെ ഭൂരിപക്ഷ പാർട്ടിയുടെ നേതാവിനെ മുഖ്യമന്ത്രിയാക്കുവാൻ ക്ഷണിക്കും. മന്ത്രിസഭാ അംഗങ്ങളെ നിയമിക്കുന്നതും ഗവർണ്ണറാണ്. നിയമസഭയിലെ ഭൂരിപക്ഷം ഒരേ പാർട്ടിയിലെ തന്നെ അംഗങ്ങളോ, അല്ലെങ്കിൽ ഒന്നിലധികം പാർട്ടികളിലെ അംഗങ്ങളോ, അല്ലെങ്കിൽ സ്വതന്ത്രരോ ചേർന്ന് ആകാം. എന്നാൽ, നിയമ

സഭയിൽ ഒരു കക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാതെ ഒരാളെ നേതാവായി തെരഞ്ഞെടുക്കാത്ത സാഹചര്യം ഉണ്ടായാൽ ഗവർണ്ണർക്ക് വിവേചനാധികാരം ഉപയോഗിച്ച് പ്രവർത്തിക്കാം. അതുപോലെ, താത്വികമായി മുഖ്യമന്ത്രിയും മന്ത്രിസഭാ കൗൺസിലും അധികാരത്തിൽ തുടരുന്നത് ഗവർണ്ണറുമായുള്ള 'സന്തോഷവേളകളിൽ' ആയിരിക്കുമെങ്കിലും, നിയമസഭയിൽ ഭൂരിപക്ഷമുള്ളിടത്തോളം മുഖ്യമന്ത്രിയും മന്ത്രിസഭയും അധികാരത്തിൽ തുടരും. ഗവർണ്ണർക്ക് അവരെ പിരിച്ചുവിടുവാൻ അധികാരം ഉള്ളത് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുമ്പോൾ മാത്രമാണ്.

മന്ത്രിസഭാ കൗൺസിലിന്റെ എല്ലാ തീരുമാനങ്ങളും മുഖ്യമന്ത്രി അതാത് അവസരങ്ങളിൽ ഗവർണ്ണറെ അറിയിക്കണം. സംസ്ഥാനഭരണം സംബന്ധിച്ച് കൂടുതൽ വിവരം ഗവർണ്ണർക്ക് ആവശ്യപ്പെടാം. ഒരു മന്ത്രി എടുക്കുന്ന തീരുമാനങ്ങൾ മന്ത്രിസഭാകൗൺസിലിന്റെ പൊതുതീരുമാനത്തിന് വിടുവാൻ ഗവർണ്ണർക്ക് ആവശ്യപ്പെടാം. ഗവർണ്ണർ ഒരു പേരിനു മാത്രമായ സംസ്ഥാന ഭരണത്തലവൻ ആണ് എന്ന് പറഞ്ഞുവല്ലോ. യഥാർത്ഥ അധികാരം മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ, ഗവർണ്ണർ ഭരണഘടനാപരമായിട്ടുള്ള വെറുമൊരു ഭരണത്തലവൻ എന്നോ, പദവി വെറും അലങ്കാരമെന്നോ പറയുന്നത് തെറ്റാണ്. അസാധാരണ വേളകളിൽ പ്രത്യേകിച്ചും സംസ്ഥാനത്ത് രാഷ്ട്രീയ അസ്ഥിരത സംജാതമായാൽ ഗവർണ്ണർക്ക് അധികാരങ്ങൾ വളരെ കാര്യക്ഷമമായി ഏറ്റെടുത്ത് നടത്തുവാൻ സാധിക്കും. കേന്ദ്രവും സംസ്ഥാനവുമായുള്ള ചങ്ങലക്കണ്ണി ഗവർണ്ണർ ആയിരിക്കുന്നതിനാൽ, കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം ഗവർണ്ണർക്ക് വളരെ അധികാരത്തോടുകൂടി പ്രവർത്തിക്കുവാൻ സാധിക്കും. ഗവർണ്ണറുടെ വിവേചനാധികാരങ്ങൾ സംസ്ഥാനത്തിന്റെ യഥാർത്ഥ ഭരണ നിർവ്വഹണത്തലവൻ എന്ന നിലയിലേക്ക് അദ്ദേഹത്തെ ഉയർത്തുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 19.1

1. താഴെ കൊടുത്തിരിക്കുന്ന ഓരോ വാചകത്തിനും നൽകിയിരിക്കുന്ന 4 ഉത്തരങ്ങളിൽ ഒരെണ്ണം ശരിയായിട്ടുള്ളതാണ്. ശരി ഉത്തരത്തിന് ശരി അടയാളം (✓) കൊടുക്കുക.

   (i) ഗവർണ്ണർ (a) തെരഞ്ഞെടുത്തത് (b) നിയമിച്ചത് (c) നാമനിർദ്ദേശം ചെയ്തത് (d) വിശിഷ്ടാധികാര പ്രകാരം തെരഞ്ഞെടുത്തത് ആകുന്നു.

   (ii) ഗവർണ്ണർ സ്ഥാനത്തേക്ക് പരിഗണിക്കുന്ന വ്യക്തിയുടെ വയസ്സ് (a) 18 വയസ്സ് (b) 23 വയസ്സ് (c) 30 വയസ്സ് (d) 35 വയസ്സ്

   (iii) ഗവർണ്ണറുടെ ഔദ്യോഗിക കാലാവധി (a) 2 വർഷം (b) 5 വർഷം (c) 6 വർഷം (d) ആയുഷ്ക്കാലം

2. താഴെ കൊടുത്തിരിക്കുന്നത് ഏതാനും പ്രസ്താവനകൾ ആകുന്നു. ഏതു പ്രസ്താവനയാണ് ശരി എന്നും ഏത് പ്രസ്താവനയാണ് തെറ്റ് എന്നും വ്യക്തമാക്കുക.

   (i) ഏതു വ്യക്തിയേയും മുഖ്യമന്ത്രിയാക്കുവാനും ഏതു വ്യക്തിയേയും മന്ത്രിസഭാ കൗൺസിലിലേക്ക് നിയമിക്കുവാനും ഗവർണ്ണർക്ക് അധികാരമുണ്ട്.

   ശരി / തെറ്റ്

(ii) മന്ത്രിസഭാകൗൺസിലിന്റെ ശുപാർശപ്രകാരം ഗവർണ്ണർക്ക് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാനെ നിയമിക്കാം. ശരി/തെറ്റ്

(iii) സംസ്ഥാന നിയമസഭയുടെ ഒരു അവിഭാജ്യഘടകമാണ് ഗവർണ്ണർ ശരി/തെറ്റ്

(iv) സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ബില്ലിന് ഗവർണ്ണറുടെ അനുമതി നേടേണ്ട ആവശ്യമില്ല. ശരി/തെറ്റ്

(v) നിയമസഭയിൽ പണ സംബന്ധമായ ഒരു ബില്ലും ഗവർണ്ണറുടെ ശുപാർശയില്ലാതെ അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല. ശരി/തെറ്റ്

3. ഒരു സംസ്ഥാനത്തിലെ മുഖ്യമന്ത്രിക്കും ഏതാനും മന്ത്രിമാർക്കും എതിരെ ലോകായുക്ത അഴിമതികുറ്റം ചുമത്തി. മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന ആവശ്യം ഉയർന്നു. ഈ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്ത് ഭരണ ഘടനാനുസൃതമായിട്ടല്ല ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്നും പ്രസിഡന്റ് ഭരണം ഏർപ്പെടുത്തണമെന്നും ഗവർണ്ണർ പ്രസിഡന്റിന് റിപ്പോർട്ട് അയക്കുന്നു. ഗവർണ്ണറുടെ ഏത് അധികാരപ്രകാരമാണ് ഇപ്രകാരം ചെയ്തത്? ഗവർണ്ണർക്ക് ഈ അധികാരം നൽകിയിരിക്കുന്നത് എന്തിനാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുവോ?

## 19.2 മുഖ്യമന്ത്രിയും മന്ത്രിസഭാ കൗൺസിലും

### 19.2.1 നിയമനം

മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലാണ് യഥാർത്ഥത്തിൽ, പരമാധികാര നിർവ്വഹണാധികാരികൾ എന്ന് നാം പഠിച്ചു കഴിഞ്ഞു. മുഖ്യമന്ത്രിയേയും മന്ത്രിസഭാ കൗൺസിലിലെ മന്ത്രിമാരെയും നിയമിക്കുന്നത് ഗവർണ്ണർ ആണ് എന്നും നിങ്ങൾക്കറിയാം. അവരുടെ ഔദ്യോഗിക കാലാവധി അഞ്ചു വർഷമാണ്. നിയമസഭയിൽ ഭൂരിപക്ഷം ഉള്ളിടത്തോളം അവർക്ക് അധികാരത്തിൽ തുടരാം. നിയമസഭയിൽ അംഗമല്ലാത്ത ഒരു വ്യക്തിയെ മുഖ്യമന്ത്രിയായിട്ടോ, അല്ലെങ്കിൽ മന്ത്രിയായിട്ടോ നിയമിച്ചാൽ, ആ വ്യക്തി അടുത്ത ആറു മാസത്തിനുള്ളിൽ നിയമസഭയുടെ ഇരുസഭകളിൽ ഏതെങ്കിലും ഒന്നിൽ അംഗമായി തെരഞ്ഞെടുക്കപ്പെടണം. മുഖ്യമന്ത്രിയുടെ ശുപാർശ പ്രകാരം ഗവർണ്ണർ, മന്ത്രിമാരുടെ വകുപ്പ് വിഭജിച്ചുകൊടുക്കുന്നു.

### 19.2.2 മുഖ്യമന്ത്രിയുടേയും മന്ത്രിസഭ കൗൺസിലിന്റെയും അധികാരങ്ങൾ

സംസ്ഥാനത്ത് സംഭവിക്കുന്ന ഏതുകാര്യത്തിന്റെയും ഉത്തരവാദിത്വം മുഖ്യമന്ത്രിക്ക് ആണ് എന്ന വസ്തുത നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? നല്ല കാര്യങ്ങൾ സംഭവിച്ചാൽ മുഖ്യമന്ത്രിയെ പുകഴ്ത്തും. നല്ലത് അല്ലാത്ത കാര്യങ്ങൾ സംഭവിച്ചാൽ മുഖ്യമന്ത്രിയെ ഇകഴ്ത്തും, വിമർശിക്കും. എന്തുകൊണ്ട് ഇങ്ങനെ? വാസ്തവത്തിൽ, സംസ്ഥാന ഭരണത്തലവൻ മുഖ്യമന്ത്രിയാണ്. സംസ്ഥാന ഭരണത്തിന്റെ പ്രധാനപ്പെട്ട ചുമതല അദ്ദേഹത്തിലാണ്.

- മന്ത്രിസഭാ കൗൺസിലിലെ അംഗങ്ങളുടെ നിയമനത്തിന് ഗവർണ്ണറെ സഹായിക്കുന്നു. മന്ത്രിമാരുടെ വകുപ്പുകൾ നൽകുന്നു.
- മന്ത്രിസഭാ കൗൺസിലിന്റെ മീറ്റിംഗുകളിൽ അദ്ധ്യക്ഷത വഹിക്കുന്നു. അതുപോലെ വിവിധ മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.
- മന്ത്രിമാർ നിയമസഭയിൽ അവതരിപ്പിക്കുന്ന ബില്ലുകൾക്ക് അംഗീകാരം നൽകുന്നു. സംസ്ഥാനത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്കും നയങ്ങൾക്കും നിർദ്ദേശങ്ങൾ നൽകി രൂപരേഖ നൽകുന്നു.

- മന്ത്രിസഭാ കൗൺസിലും ഗവർണ്ണറുമായുള്ള പ്രധാന കണ്ണി മുഖ്യമന്ത്രിയാണ്. മന്ത്രിസഭാ കൗൺസിലിന്റെ ഭരണപരമായ തീരുമാനങ്ങൾ ഗവർണ്ണറെ ധരിപ്പിക്കുന്നു. അതുപോലെ നിയമനിർമ്മാണ സംബന്ധമായ നിർദ്ദേശങ്ങൾ നൽകുന്നു.
- ഗവർണ്ണർ ആവശ്യപ്പെടുകയോ, നിർദ്ദേശിക്കുകയോ ചെയ്യുമ്പോൾ മന്ത്രിമാർ എടുക്കുന്ന തീരുമാനങ്ങൾ മന്ത്രിസഭാ കൗൺസിലിന്റെ പരിഗണനയ്ക്ക് വിടുന്നു.

### 19.2.3 മുഖ്യമന്ത്രിയുടെ പദവി

സംസ്ഥാന ഭരണത്തിന്റെ, യഥാർത്ഥത്തിലുള്ള തലവൻ മുഖ്യമന്ത്രിയാണ്. നയങ്ങൾ രൂപീകരിക്കുന്നതും അത് നടപ്പിലാക്കുവാൻ മന്ത്രിസഭാ കൗൺസിലിനോട് നിർദ്ദേശിക്കുന്നതും മുഖ്യമന്ത്രിയാണ്. ഏകരാഷ്ട്രീയ പാർട്ടിയുടെ ഭൂരിപക്ഷമുള്ള നിയമസഭയിലെ കരുത്തനായ ഭരണാധികാരിയാണ് മുഖ്യമന്ത്രി. എന്നാൽ ഒരു കൂട്ടുകക്ഷിഭരണമാണ് നടത്തുന്നതെങ്കിൽ, കൂട്ടു കക്ഷി മന്ത്രിസഭയിലെ വിവിധ രാഷ്ട്രീയപാർട്ടികളുടെ സമ്മർദ്ദവും പിറകോട്ട് പിടിക്കുന്നതും മൂലം മുഖ്യമന്ത്രിയുടെ അധികാരങ്ങൾ പരിമിതപ്പെടുന്നു. നേരിയ ഭൂരിപക്ഷമുള്ള ഭരണമാണെങ്കിൽ നിയമസഭയിലെ ഏതാനും സ്വതന്ത്ര അംഗങ്ങളുടെ സമ്മർദ്ദങ്ങൾക്കും മുഖ്യമന്ത്രി വിധേയനാകുന്നു.

## പ്രവർത്തനം 19.2

നിയമസഭാ തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയകക്ഷിക്കും വ്യക്തമായ ഭൂരിപക്ഷം ലഭിക്കാതെവന്നാൽ, ഒന്നിലധികം രാഷ്ട്രീയകക്ഷികളും അല്ലെങ്കിൽ ഏതാനും സ്വതന്ത്രരും ഒന്നിച്ച് സഭയിൽ ഭൂരിപക്ഷം ഉണ്ടാക്കാം. അങ്ങനെ അധികാരത്തിൽ വരുന്ന ഗവൺമെന്റിനെ കൂട്ടുകക്ഷി ഭരണ ഗവൺമെന്റ് എന്ന് അറിയപ്പെടുന്നു. ചില അവസരങ്ങളിൽ, തെരഞ്ഞെടുപ്പിന് മുൻപുതന്നെ രാഷ്ട്രീയപാർട്ടികൾ ഒരു സഖ്യം ഉണ്ടാക്കി തെരഞ്ഞെടുപ്പിൽ ഒരുമിച്ച് മത്സരിക്കും. അവർക്ക് ഭൂരിപക്ഷം ലഭ്യമായാൽ, ഗവൺമെന്റ് രൂപീകരിക്കും. ഈ ഗവൺമെന്റിനേയും 'കൂട്ടുകക്ഷി ഭരണ ഗവൺമെന്റ്' എന്ന് അറിയപ്പെടുന്നു.

മേൽപറഞ്ഞ വസ്തുതകളെ മനസ്സിലാക്കി നിങ്ങൾ ചെയ്യേണ്ടത്:

1. ഇപ്പോൾ കൂട്ടുകക്ഷി ഭരണം നടത്തുന്ന രണ്ട് സംസ്ഥാനങ്ങളുടെ പേരും, ഏതൊക്കെ രാഷ്ട്രീയ കക്ഷികളാണ് ഈ കൂട്ടുകക്ഷി ഗവൺമെന്റിൽ ഉള്ളത് എന്നും വിശദമാക്കുക.
2. തെരഞ്ഞെടുപ്പിന് മുൻപുതന്നെ സഖ്യം ഉണ്ടാക്കി മത്സരിക്കുകയും, തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കുകയും ചെയ്ത സംസ്ഥാനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 19.2

1. താഴെ പറയുന്ന പ്രസ്താവനകൾ ഏതൊക്കെ ശരി എന്നും, ഏതൊക്കെ തെറ്റ് എന്നും കണ്ടുപിടിക്കുക.

   (i) മന്ത്രിസഭാ കൗൺസിലിന്റെ മീറ്റിംഗുകളിൽ അദ്ധ്യക്ഷത വഹിക്കുന്നത് ഗവർണ്ണർ ആണ് ശരി / തെറ്റ്

   (ii) ഗവർണ്ണറും, മന്ത്രിസഭാ കൗൺസിലും തമ്മിലുള്ള ഏക കണ്ണി മുഖ്യമന്ത്രിയാണ്. ശരി / തെറ്റ്

(iii) ഏതു സംഗതിയും, മന്ത്രിസഭാ കൗൺസിലിന്റെ പരിഗണനയ്ക്ക് വിടാനായി, ഗവർണ്ണർക്ക് മുഖ്യമന്ത്രിയോട് ആവശ്യപ്പെടാം. ശരി / തെറ്റ്

(iv) സംസ്ഥാന ഗവൺമെന്റിന്റെ യഥാർത്ഥ തലവൻ ഗവർണ്ണർ ആണ്. ശരി / തെറ്റ്

(v) ഒരു മന്ത്രി എടുത്ത തീരുമാനം, മന്ത്രിസഭാകൗൺസിലിന്റെ പരിഗണനയ്ക്ക് വിടാനായി ഗവർണ്ണർക്ക് മുഖ്യമന്ത്രിയോട് ആവശ്യപ്പെടാം. ശരി / തെറ്റ്

2. താഴെപറയുന്ന വസ്തുത ശ്രദ്ധിക്കുക.

ഒരു സംസ്ഥാന മുഖ്യമന്ത്രിയുടെ പേരിൽ ഏതാനും ഗൗരവമേറിയ അഴിമതികാര്യങ്ങൾ ചുമത്തിയിട്ടുണ്ട്. മാദ്ധ്യമങ്ങളും മുഖ്യമന്ത്രിയുടെ പേരിലുള്ള അഴിമതിക്ക് വ്യക്തമായ തെളിവുകളും ഹാജരാക്കിയിട്ടുണ്ട്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉചിതമായ ഉത്തരം നൽകുക.

(i) സംസ്ഥാനത്ത് പ്രസിഡന്റ് ഭരണം ശുപാർശചെയ്തുകൊണ്ട് ഗവർണ്ണർ പ്രസിഡന്റിന് റിപ്പോർട്ട് അയയ്ക്കാമോ?

(ii) അഴിമതിക്കാരായ ജന പ്രതിനിധികളെ തിരികെ വിളിക്കുവാനുള്ള അധികാരം ജനങ്ങൾക്ക് നൽകി ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യണമോ?

(iii) സംസ്ഥാനം ഭരിക്കുന്നതിനുള്ള അധികാരത്തോടുകൂടി, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവരായതു കൊണ്ട്, ജനാധിപത്യത്തിന്റെ പേരിൽ, ഗവൺമെന്റിന് തുടരാമോ?

## 19.3 സംസ്ഥാന നിയമനിർമ്മാണസഭ

ഓരോ സംസ്ഥാനത്തിനും നിയമനിർമ്മാണസഭയുണ്ട്. താഴെ കൊടുത്തിരിക്കുന്നത് കർണ്ണാടകയിലെ നിയമനിർമ്മാണ സഭയാണ്. സംസ്ഥാന നിയമനിർമ്മാണ സഭ എങ്ങനെയാണ് ഉണ്ടാകുന്നതെന്ന് നമുക്ക് മനസ്സിലാക്കാം. ചില സംസ്ഥാനങ്ങളിൽ നിയമനിർമ്മാണസഭയ്ക്ക് ദ്വിമണ്ഡലങ്ങൾ (bicameral) ഉണ്ട്.

ഇന്ത്യയിലെ ഭൂരിപക്ഷ സംസ്ഥാനങ്ങളിലും നിയമനിർമ്മാണസഭയ്ക്ക് ഒറ്റ മണ്ഡലമേ ഉള്ളൂ. അഥവാ ഏകമണ്ഡല സഭ (Unicameral). ഗവർണ്ണർ നിയമസഭയുടെ ഒരു അവിഭാജ്യഘടകമാണ്. ഏകമണ്ഡലസഭയിൽ നിയമ നിർമ്മാണസഭയും ദ്വിമണ്ഡലസഭകളുള്ള സംസ്ഥാനങ്ങളിൽ, അധോമണ്ഡലം (Lower House) നിയമനിർമ്മാണസഭയും, ഉപരിമണ്ഡലം (Upper House) നിയമനിർമ്മാണ കൗൺസിലുമാകുന്നു. ബീഹാർ, ജമ്മു & കാശ്മീർ, കർണ്ണാടക, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിലവിൽ ദ്വിഭരണ നിയമസഭകളും, ബാക്കി 23 സംസ്ഥാനങ്ങളിലും ഏകമണ്ഡല നിയമസഭയും ആണ്.



**ചിത്രം 19.2** *നിയമനിർമാണസഭ, ബാംഗ്ളൂർ*

കുറിപ്പുകൾ

### 19.3.1 നിയമനിർമ്മാണസഭയുടെ ഘടന

ദ്വിമണ്ഡലങ്ങൾ ഉള്ള സംസ്ഥാനങ്ങളിലും വിധാൻസഭ, അതായത് നിയമനിർമ്മാണ സഭയാണ് യഥാർത്ഥ സഭ. ഇന്ത്യൻ ഭരണഘടനാ പ്രകാരം ഒരു സംസ്ഥാന നിയമനിർമ്മാണ സഭയ്ക്ക് 500 അംഗങ്ങളിൽ കൂടാനോ, 60 അംഗങ്ങളിൽ കുറയാനോ പാടില്ല. എന്നാൽ ചെറിയ സംസ്ഥാനങ്ങളായ, ഗോവ, സിക്കിം, മിസ്സോറാം എന്നിവയ്ക്ക് 60-ൽ കുറവ് അംഗങ്ങളെ അനുവദിച്ചിട്ടുണ്ട്. നിയമനിർമ്മാണസഭയിൽ പട്ടികജാതി പട്ടികവകുപ്പ് വിഭാഗങ്ങൾക്ക് പ്രത്യേകം സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽപ്പെട്ടവരുടെ പ്രാതിനിധ്യം കുറവായി എന്ന് ഗവർണ്ണർക്ക് ബോദ്ധ്യപ്പെട്ടാൽ ആ വിഭാഗത്തിൽപ്പെട്ട ഒരാളെ നിയമസഭയിലേക്ക് നാമനിർദ്ദേശം ചെയ്യുവാൻ ഗവർണ്ണർക്ക് അധികാരം ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ടവരുടെ സമിതിയാണ് നിയമനിർമ്മാണസഭ. ഇതിലെ അംഗങ്ങളെ (എം.എൽ.എമാർ) പ്രായപൂർത്തി വോട്ടവകാശം (Universal adult franchise) മുഖേന തെരഞ്ഞെടുക്കുന്നു. ഒരു എം.എൽ.എ ആയി തെരഞ്ഞെടുക്കപ്പെടുന്നതിന് ഭരണഘടനാ പ്രകാരം നിർദ്ദിഷ്ടയോഗ്യതകൾ ഉണ്ട്. അപ്രകാരമുള്ള വ്യക്തികൾ:

- ഒരു ഇന്ത്യൻ പൗരനായിരിക്കണം.
- 25 വയസ്സ് പൂർത്തിയായിരിക്കണം.
- വോട്ടർ പട്ടികയിൽ അവൻ / അവളുടെ പേര് ഉണ്ടായിരിക്കണം.
- മറ്റെന്തെങ്കിലും പ്രതിഫലം വാങ്ങുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കരുത്.
- ഒരു ഗവൺമെന്റ് ജീവനക്കാരൻ ആകരുത്.

**? നിങ്ങൾക്കറിയാമോ**

**സാർവ്വദേശീയ വോട്ടവകാശം (Universal Adult Franchise) എന്താണ്?:**
ജാതിയോ, വർഗ്ഗമോ, മതമോ, ജനനസ്ഥലമോ, ആൺ / പെൺ വ്യത്യാസമോ ഇല്ലാതെ 18 വയസ്സോ, അതിൽ കൂടുതലോ ഉള്ള എല്ലാ ഇന്ത്യാക്കാർക്കും വോട്ടവകാശം രേഖപ്പെടുത്തി, തെരഞ്ഞെടുപ്പ് കാര്യങ്ങളിൽ പങ്കാളികളാകുവാനുള്ള അവകാശത്തെ സാർവ്വദേശീയ വോട്ടവകാശം എന്ന് പറയുന്നു.

വിധാൻ സഭയുടെ കാലാവധി 5 വർഷമാണ്. എന്നിരുന്നാലും മുഖ്യമന്ത്രിയുടെ ഉപദേശ പ്രകാരം കാലാവധി തീരുന്നതിന് മുൻപായി നിയമ നിർമ്മാണസഭ പിരിച്ചുവിടാനുള്ള സ്വാതന്ത്ര്യം ഗവർണ്ണർക്ക് ഉണ്ട്. അതുപോലെ സംസ്ഥാനത്ത് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുമ്പോൾ നിയമസഭ സസ്പെൻഡു ചെയ്യുകയോ പിരിച്ചുവിടുകയോ ചെയ്യാം. ദേശീയ തലത്തിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചാൽ സഭയുടെ കാലാവധി ഓരോ പ്രാവശ്യവും ഒരു വർഷക്കാലത്തേക്ക് നീട്ടുവാൻ ഇന്ത്യൻ പാർലമെന്റിന് അധികാരമുണ്ട്.

### 19.3.2 നിയമ നിർമ്മാണ കൗൺസിലിന്റെ (Legislative Council) ഘടന

സംസ്ഥാന നിയമ നിർമ്മാണസഭയുടെ ഉപരിസഭയാണ് നിയമ നിർമ്മാണ കൗൺസിൽ. ഇതിൽ നിയമനിർമ്മാണസഭയുടെ ആകെയുള്ള അംഗങ്ങളുടെ 1/3 അംഗസഖ്യയിൽ കൂടുവാനോ 40 അംഗങ്ങളിൽ കുറയുവാനോ പാടില്ല. എന്നാൽ, ജമ്മു&കാശ്മീർ സംസ്ഥാന നിയമനിർമ്മാണ കൗൺസിലിൽ 36 അംഗങ്ങൾ മാത്രമേയുള്ളൂ. നിയമനിർമ്മാണ കൗൺസിലിൽ അംഗങ്ങളെ ഭാഗികമായിട്ട് നേരിട്ട് തെരഞ്ഞെടുക്കുകയും ഭാഗികമായിട്ട് നാമനിർദ്ദേശം ചെയ്യുകയും ആണ്.

നിയമനിർമ്മാണസഭയുടെ ഘടന താഴെ പറയും പകാരമാണ്.

- 1/3 അംഗങ്ങളെ പ്രാദേശിക ഗവൺമെന്റ് സമിതികളിൽ നിന്ന്, അതായത് മുനിസിപ്പാലിറ്റികൾ, ജില്ലാ ബോർഡുകൾ, അതുപോലെ മറ്റുള്ളവയിൽ നിന്നും.
- മറ്റൊരു 1/3 വിഭാഗത്തിനെ നിയമനിർമ്മാണ സഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്നു.
- 1/12 അംഗങ്ങളെ സംസ്ഥാനത്ത് മൂന്നുവർഷമായി രജിസ്റ്റർ ചെയ്തിട്ടുള്ള ബിരുദധാരികളിൽ നിന്ന് തെരഞ്ഞെടുക്കുന്നു.
- മറ്റൊരു 1/12 അംഗങ്ങളെ മൂന്ന് വർഷമെങ്കിലും അദ്ധ്യാപക പരിചയമുള്ള സെക്കന്ററി സ്കൂളിന് മുകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകരിൽ നിന്ന് തെരഞ്ഞെടുക്കുന്നു.
- ബാക്കിയുള്ള 1/6 അംഗങ്ങളെ ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്നു.

വിധാൻ പരിഷത്ത് ഒരു സ്ഥിരസഭയാണ്. അതുകൊണ്ട് ഇത് പിരിച്ചു വിടാറില്ല. അംഗങ്ങളെ 6 വർഷക്കാലത്തേക്ക് തെരഞ്ഞെടുക്കുകയോ / നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്നു. പിരിയുന്ന അംഗങ്ങളെ വീണ്ടും തെരഞ്ഞെടുക്കുകയോ/നാമനിർദ്ദേശം ചെയ്യുകയോ ആവാം. നിയമനിർമ്മാണ സഭയിലെ അംഗങ്ങളുടെ അതേ യോഗ്യതകൾ തന്നെയാണ് നിയമസഭാ കൗൺസിലിലെ അംഗങ്ങൾക്കും ബാധകമായിട്ടുള്ളത് എങ്കിലും, നിയമനിർമ്മാണ കൗൺസിലിലെ അംഗമാകുന്നതിന് ഏറ്റവും കുറഞ്ഞ വയസ്സ് 30 വർഷമാണ്.


സംസ്ഥാന നിയമ നിർമ്മാണസഭ ഒരു വർഷം രണ്ടു പ്രാവശ്യം സമ്മേളനം ചേരും, രണ്ടു സമ്മേളനം തമ്മിൽ 6 മാസത്തെ ഇടവേളയിൽ കൂടുതൽ ആകരുത്. വിധാൻ സഭയും വിധാൻ പരിഷത്തും അതാത് സമിതികളിലേക്ക് പ്രിസൈഡിംഗ് ഓഫീസറെയും, സ്പീക്കറെയും, ഡെപ്യൂട്ടി സ്പീക്കറെയും, ചെയർമാനെയും, ഡെപ്യൂട്ടി ചെയർമാനെയും തെരഞ്ഞെടുക്കും.

ഇരുസഭകളിലെയും പ്രിസൈഡിംഗ് ഓഫീസർമാർ സഭകളിലെ അച്ചടക്കവും സമാധാനാന്തരീക്ഷവും ഉറപ്പുവരുത്തും.

### 19.3.3. സംസ്ഥാന നിയമ നിർമ്മാണസഭയുടെ ചുമതലകൾ

സംസ്ഥാന നിയമനിർമ്മാണസഭയ്ക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ട്.

(a) **നിയമനിർമ്മാണ ചുമതലകൾ:** നിയമസഭയ്ക്കു മാത്രമെ നിയമനിർമ്മാണാവകാശം ഉള്ളൂ. എല്ലാ നിയമങ്ങളും നിയമസഭയിൽ പാസ്സാക്കിയിരിക്കണം. ദ്വിമണ്ഡല നിയമസഭകൾ ഉള്ള സംസ്ഥാനങ്ങളിൽ സാധാരണ ബില്ലുകൾ ഏതു സഭയിൽ വേണമെങ്കിലും അവതരിപ്പിക്കാം. ലെജിസ്ലേറ്റീവ് അസംബ്ലി (നിയമനിർമ്മാണ സഭ) പാസ്സാക്കുന്ന ബില്ല് ലെജിസ്ലേറ്റീവ് കൗൺസിലി(നിയമനിർമ്മാണ കൗൺസിൽ)ന്റെ അംഗീകരത്തിനായി അയക്കും. ഇത് പാസ്സാക്കുകയോ അഥവാ നിർദ്ദേശങ്ങൾ സഹിതം മടക്കി അയക്കുകയോ ചെയ്യാം. നിയമനിർമ്മാണസഭ ഒരിക്കൽകൂടി ബില്ല് ഉപരിസഭയുടെ നിർദ്ദേശങ്ങൾ സഹിതമോ, അല്ലാതെയോ പാസ്സാക്കും. പിന്നീട് ഇവ രണ്ടു സഭകളും പാസ്സാക്കിയതായി കണക്കാക്കും. ധനസംബന്ധമായ ബില്ലുകൾ നിയമനിർമ്മാണസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നു. തുടർന്ന് ഇത് ലെജിസ്ലേറ്റീവ് കൗൺസിലിന്റെ അംഗീകാരത്തിനായി അയക്കും. ബില്ല് ലഭിച്ച് 14 ദിവസത്തിനകം ഇത് കൗൺസിൽ പാസ്സാക്കുകയോ, നിർദ്ദേശങ്ങൾ സഹിതം മടക്കി അയക്കുകയോ ചെയ്യാം. നിയമനിർമ്മാണസഭ നിർദ്ദേശങ്ങൾ ഒഴിവാക്കി ബില്ല് പാസ്സാ



കുറിപ്പുകൾ

ക്കിയാൽ, ഇരുസഭകളും ബില്ല് പാസ്സാക്കി യതായി കണക്കാക്കും. നിയമനിർമ്മാണസഭ പാസ്സാക്കുന്ന ബില്ല്, ഗവർണ്ണറുടെ അംഗീകാരത്തിനായി അയക്കും. ധന സംബന്ധമായ ബില്ലുകൾക്ക് ഗവർണ്ണറുടെ അംഗീകാരം നൽകാതിരിക്കുവാൻ പാടില്ല. എന്നാൽ സാധാരണ ബില്ലുകൾ പ്രസിഡന്റിന്റെ പരിഗണനയ്ക്ക് അയക്കുവാൻ ഗവർണ്ണർക്ക് വിവേചനാധികാരം ഉണ്ട്.

(b) **ഭരണ നിർവ്വാഹക സമിതി / വ്യക്തിയുടെ മേൽ ഉള്ള നിയന്ത്രണം:** സംസ്ഥാന നിയമനിർമ്മാണ സഭ അഥവാ ഭരണ നിർവ്വാഹക സമിതി / വ്യക്തികളുടെ മേൽ നിയന്ത്രണം പുലർത്തുന്നു. മന്ത്രിസഭാ കൗൺസിലിന് വിധാൻസഭയോട് കൂട്ടുത്തരവാദിത്തം ഉണ്ട്. നിയമസഭയുടെ വിശ്വാസം ഉള്ളിടത്തോളം മന്ത്രിസഭാ കൗൺസിൽ പ്രവർത്തിക്കുന്നു. വിധാൻസഭയുടെ ഒരു വിശ്വാസ പ്രമേയത്തിലൂടെ മന്ത്രിസഭാ കൗൺസിലിനെ നീക്കുവാൻ സാധിക്കും. ഇതു കൂടാതെ, സംസ്ഥാന നിയമനിർമ്മാണസഭയ്ക്ക് ഗവൺമെന്റിന്റെ മേൽ ഉള്ള നിയന്ത്രണം ചോദ്യങ്ങളും, ഉപചോദ്യങ്ങളും വഴിയും, സമ്മേളനം നീട്ടിവയ്ക്കാനുള്ള പ്രമേയം വഴിയും, ശ്രദ്ധ ക്ഷണിക്കൽ നോട്ടീസ് വഴിയും, തുടർന്നുകൊണ്ടിരിക്കും.

(c) **ഇലക്ടറൽ ചുമതലകൾ / സമ്മതിദാനാവകാശങ്ങൾ:** ഇന്ത്യൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കാനുള്ള 'ഇലക്ടറൽ കോളേജി'ൽ നിയമസഭയിലെ എല്ലാവരും അംഗങ്ങളാണ്. വിധാൻസഭയിലെ അംഗങ്ങൾ അതാത് സംസ്ഥാനത്തു നിന്നുള്ള രാജ്യസഭാ അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. ഇതിന് ഉപരിയായി, സംസ്ഥാനത്തെ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് 1/3 അംഗങ്ങളെ, സംസ്ഥാന നിയമസഭയ്ക്ക് തെരഞ്ഞെടുക്കാം.

(d) **ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട ചുമതലകൾ:** ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ചുമതലകൾ ഒരു സംസ്ഥാന നിയമസഭയ്ക്ക് ഉണ്ട്. പാർലമെന്റിന്റെ ഇരുസഭകളിൽ ഓരോന്നിന്റെയും പ്രത്യേക ഭൂരിപക്ഷവും, അതുപോലെ വിവിധ സംസ്ഥാന നിയമസഭകളിൽ ഏറ്റവും കുറഞ്ഞത് പകുതിയിലധികം സഭകൾ ഭേദഗതിയെ പിന്തുണച്ചാൽ മാത്രമേ ഭരണഘടനാ ഭേദഗതി പാസ്സാകുകയുള്ളൂ.

## 19.4 പൗരന്മാരിലും അവരുടെ ദൈനംദിന ജീവിതത്തിലും സംസ്ഥാന ഗവൺമെന്റിന്റെ സ്വാധീനം

സംസ്ഥാന ഗവൺമെന്റിന്റെ നയങ്ങളും പ്രോഗ്രാമുകളും മിക്കപ്പോഴും നിയമസഭകളിൽ ചർച്ചയ്ക്കും, വാദപ്രതിവാദങ്ങൾക്കും വിധേയമാവുമ്പോൾ, അവ നമ്മുടെ ദൈനംദിന ജീവിതത്തിൽ സ്വാധീനിക്കുന്നുവെന്ന് എപ്പോഴെങ്കിലും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നേരിട്ടും, അല്ലാതെയും സംസ്ഥാന ഗവൺമെന്റിന്റെ പല പദ്ധതികളും പ്ലാനുകളും നമ്മുടെ ജീവിതത്തിലും സ്വാധീനിക്കുന്നു. വിവിധ സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ഏതാനും ക്ഷേമപദ്ധതികൾ വളരെ നിർണ്ണായകമാണ്. യൂണിയൻ / കേന്ദ്ര ഗവൺമെന്റിന്റെ പല ക്ഷേമപരിപാടികളും പല സന്ദർഭങ്ങളിലും നിരവധി സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്നുണ്ട്.

ഉദാഹരണത്തിന്, സ്കൂൾ വിദ്യാഭ്യാസം മുടങ്ങിയ വിദ്യാർത്ഥികൾ ആന്ധ്രാപ്രദേശത്തും, രാജസ്ഥാനിലും ഏതാനും ബ്രിഡ്ജ് കോഴ്സുകളിലൂടെ പരിഹാരം തേടുന്നു. ഇത് ബാധകമാകുന്നത്, മാനസികരോഗികൾ, ശ്രവണ / ദൃശ്യവൈകല്യമുള്ളവർ, ശാരീരികവൈകല്യമുള്ള കുട്ടികൾ എന്നിവർക്കാണ്. ഉത്തർപ്രദേശിലെ ഏതാണ്ട് 95,000 ഗവൺമെന്റ് /

സ്വകാര്യ സ്കൂളുകളിൽ പഠിക്കുന്നവർക്ക് കേന്ദ്രഗവൺമെന്റിന്റെ ഉച്ചഭക്ഷണ പദ്ധതി പ്രകാരം പാചകം ചെയ്ത ചൂട് ഭക്ഷണം നൽകിവരുന്നു. സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് പ്രധാൻമാർക്കാണ്. സംസ്ഥാന ഗവൺമെന്റ് ഇതിലേക്കായി ഗോതമ്പ്, അരി, പച്ചക്കറികൾ, സോയായും പയറുവർഗ്ഗങ്ങളും ചേർന്ന ഭക്ഷണ പട്ടിക നൽകുന്നു.

മഹാരാഷ്ട്രായിലെ സ്കൂൾ കുട്ടികളുടെ നേതൃത്വത്തിൽ പൊതുജനാരോഗ്യവും ശുചിത്വപാലന സംബന്ധവുമായ വിദ്യാഭ്യാസപരിപാടി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങി. 'സ്വഛതാ ദൂത്സ്' (Swachhata doots) എന്ന് അറിയുന്ന സംഘത്തിലെ വിദ്യാർത്ഥികൾ സ്കൂളിലും, വീടുകളിലും, സമൂഹത്തിലും പൊതുജനാരോഗ്യവും ശുചിത്വപാലനവും സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നു. കേന്ദ്രഗവൺമെന്റിന്റെ സമ്പൂർണ്ണ ശുചിത്വശ്രമങ്ങളുടെ ഭാഗമായിട്ടാണ് മഹാരാഷ്ട്രാ ഗവൺമെന്റ് ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, വിദ്യുഛക്തി തുടങ്ങിയ സാമൂഹിക മേഖലകളിലെ പ്രവർത്തനങ്ങൾക്കും അതുപോലെ ഗവൺമെന്റ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും ജനപങ്കാളിത്തവും, ഉറപ്പ് വരുത്തുന്നതിനുമായി നാഗാലാന്റ് ഗവൺമെന്റ് ഈ വിധ പ്രവർത്തനങ്ങളിൽ മുൻപന്തിയിലുണ്ട്.

## ? നിങ്ങൾക്കറിയാമോ

നാഗാലാന്റ് കമ്മ്യൂണിറ്റൈസേഷൻ ഓഫ് പബ്ലിക് ഇൻസ്റ്റിറ്റ്യൂഷൻ ആന്റ് സർവ്വീസസ് നിയമങ്ങൾ (ആക്ട് നമ്പർ 2 2002), നാഗാലാന്റ് കമ്മ്യൂണിറ്റൈസേഷൻ ഓഫ് എലമെന്ററി എഡ്യൂക്കേഷൻ ആൻഡ് സർവ്വീസസ് (റൂൾ 2002) ഏപ്രിൽ 5, 2002 എന്നീ നിയമങ്ങൾ പാസ്സാക്കിയതോടുകൂടി പ്രാഥമിക വിദ്യാഭ്യാസം പൊതുജനവൽക്കരിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് പ്രവർത്തനം തുടങ്ങി.

നാഗാലാന്റ് സംസ്ഥാന ചീഫ് സെക്രട്ടറി 2001-ൽ ഉപയോഗിച്ച പദമാണ് കമ്മ്യൂണിറ്റൈസേഷൻ (Communitisation). ഗവൺമെന്റ് സ്ഥാപനങ്ങളുടെ നടത്തിപ്പിലും മേൽനോട്ടത്തിലും പൊതുജന പങ്കാളിത്തം എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

നാഗാ സമുദായത്തിന്റെ പാരമ്പര്യവും ആത്മസത്തയും പ്രാഥമിക വിദ്യാഭ്യാസ മണ്ഡലത്തിൽ കാത്തുസൂക്ഷിക്കുന്നതിന് പലവിധത്തിലും സാധിച്ചു. നാഗാ സമുദായത്തിന് വിദ്യാഭ്യാസം എപ്പോഴും പ്രാധാന്യമുള്ള മേഖലയായിരുന്നു. സമൂഹത്തിലെ എല്ലാവരും അവരുടെ പരമ്പരാഗതമായ മോറോംഗ് അഥവാ ഗ്രാമത്തിലെ ഹാളുകളിൽ സന്നിഹിതരായിരുന്നതു തന്നെ വിദ്യാഭ്യാസത്തിന് സാഹചര്യം ഒരുക്കി. സമുദായം ഒന്നായിതന്നെ ഇതിൽ താല്പര്യമെടുത്തിരുന്നു.

2002-ൽ എല്ലാ പ്രാഥമിക വിദ്യാലയങ്ങളിലും സംസ്ഥാന ഗവൺമെന്റ് പൊതുജന പങ്കാളിത്തം തുടങ്ങി.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 19.3

താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

(i) ദ്വിമണ്ഡല നിയമസഭകൾ ഉള്ള 3 സംസ്ഥാനങ്ങൾ ഏതൊക്കെ?

(ii) നിയമസഭ പാസ്സാക്കിയ ധനപരമായ ബില്ലുകൾ 14 ദിവസത്തിനകം നിയമസഭാ കൗൺസിൽ മടക്കിയില്ലായെങ്കിൽ എന്തു സംഭവിക്കും?

(iii) ഒരു സാധാരണ ബില്ല് പാസ്സാക്കുന്നതിന് വിധാൻ പരിഷത്തിന് എത്ര സമയം നൽകും?

(iv) നിയമനിർമ്മാണ സഭയ്ക്ക് മന്ത്രിസഭാ കൗൺസിലിന്റെ മേൽ നിയന്ത്രണം നിലനിർത്തുന്ന രണ്ട് മാർഗ്ഗങ്ങൾ ഏതൊക്കെ?

(v) സംസ്ഥാന നിയമനിർമ്മാണ സഭയുടെ രണ്ട് സമ്മതിദായകവശങ്ങൾ ഏതൊക്കെ?

## 19.5 ഹൈക്കോടതിയും കീഴ്ക്കോടതികളും

നിങ്ങളുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈക്കോടതിയെ സംബന്ധിച്ച് നിങ്ങൾ കേട്ടിരിക്കും. ഭരണഘടനാപ്രകാരം ഓരോ സംസ്ഥാനത്തും ഓരോ ഹൈക്കോടതി ഉണ്ടായിരിക്കണം. ഒരു ഹൈക്കോടതിയുടെ പരിധിയിൽ ഒന്നിലധികം സംസ്ഥാനങ്ങൾ ഉണ്ടാവാം. ഉദാഹരണത്തിന് ആസ്സാം സംസ്ഥാനത്തിലെ ഹൈക്കോടതിയുടെ പരിധിയിൽ ആസ്സാം, മേഘാലയ, അരുണാചൽ പ്രദേശ്, നാഗാലാന്റ്, മിസ്സോറാം, മണിപ്പൂർ, ത്രിപുര എന്നീ സംസ്ഥാനങ്ങളുണ്ട്. മിക്കവാറും കേന്ദ്രഭരണ പ്രദേശങ്ങൾ (Union Territories) തൊട്ടടുത്തുള്ള സംസ്ഥാനത്തിലെ ഹൈക്കോടതിയുടെ പരിധിയിലായിരിക്കും.



ചിത്രം 19.3 *ഗോഹത്തിയിലെ ഹൈക്കോടതി*

### 19.5.1 ഹൈക്കോടതിയുടെ ഘടന

ഒരു മുഖ്യ ന്യായാധിപനും, ഏതാനും ജഡ്ജിമാരും ഓരോ ഹൈക്കോടതിയിലുമുണ്ട്. അതാത് അവസരങ്ങളിൽ ഹൈക്കോടതിയിൽ എത്ര ജഡ്ജിമാർ ഉണ്ടാവണമെന്ന് പ്രസിഡന്റ് തീരുമാനിക്കും. മുഖ്യ ന്യായാധിപന്റെയും ജഡ്ജിമാരുടെയും നിയമനം നടത്തുന്നത് പ്രസിഡന്റാണ്. ഹൈക്കോടതിയിലെ മുഖ്യ ന്യായാധിപനെ നിയമിക്കുമ്പോൾ പ്രസിഡന്റ്, സുപ്രീംകോടതി മുഖ്യ ന്യായാധിപന്റെ അഭിപ്രായവും ആരായും. അതുപോലെ ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുമ്പോൾ അതാത് ഹൈക്കോടതി ചീഫ് ജസ്റ്റീസിന്റെ അഭിപ്രായവും ആരായും. കൂടാതെ ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുമ്പോൾ സംസ്ഥാന ഗവർണ്ണറുമായി പ്രസിഡന്റ് ആലോചിക്കും. ഇന്ത്യയിലെ മുഖ്യ ന്യായാധിപന്റെ ഉപദേശം സ്വീകരിച്ച് ഹൈക്കോടതി ജഡ്ജിമാരെ വിവിധ ഹൈക്കോടതികളിലേക്ക് സ്ഥലംമാറ്റുന്നതും പ്രസിഡന്റാണ്.

ഹൈക്കോടതി ജഡ്ജിയായി നിയമിക്കുന്ന വ്യക്തികൾക്ക് താഴെപറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

- ഇന്ത്യൻ പൗരനായിരിക്കണം.
- 10 വർഷത്തിൽ കൂടുതൽ ഇന്ത്യയിലെ ഏതെങ്കിലുമൊരു കോടതിയിൽ പ്രവർത്തിച്ച് പരിചയം ഉണ്ടായിരിക്കണം.
- തുടർച്ചയായി 10 വർഷത്തിൽ കുറയാതെ ഏതെങ്കിലും ഒരു ഹൈക്കോടതിയിലോ ഒന്നിലധികം കോടതികളിലോ അഭിഭാഷകനായി സേവനം അനുഷ്ഠിച്ചിരിക്കണം.

ഹൈക്കോടതിയിലെ ന്യായാധിപന്മാർക്ക് 65 വയസ്സ് പൂർത്തിയാക്കുന്നതുവരെ ഓഫീസിൽ തുടരാം. എന്നിരുന്നാലും ഒരു പ്രധാന ന്യായാധിപനോ, ന്യായാധിപന്മാർക്കോ രാജിവെച്ച് ഒഴിയുവാൻ സ്വാതന്ത്ര്യം ഉണ്ട്. കഴിവില്ലായ്മ കൊണ്ടോ, സ്വഭാവദോഷംകൊണ്ടോ ഒരു ന്യായാധിപനെ പാർലമെന്റിൽ വിചാരണ നടത്തി പുറത്താക്കുവാൻ സാധിക്കും. പാർലമെന്റ് തീരുമാനങ്ങൾക്ക് വിധേയമായ വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും മുഖ്യന്യായാധിപനും, മറ്റ് ന്യായാധിപന്മാരും അർഹരാണ്. പെൻഷൻ വാങ്ങി പിരിഞ്ഞു പോകുന്ന ന്യായാധിപൻമാർക്ക്, സുപ്രീംകോടതിയിലോ, അവരവർ ന്യായാധിപന്മാരായിരുന്ന ഹൈക്കോടതി ഒഴികെയുള്ള മറ്റ് ഹൈക്കോടതികളിലോ വക്കീലായി വേണമെങ്കിൽ പ്രവർത്തിക്കാം.

### 19.5.2 ഹൈക്കോടതിയുടെ അധികാര പരിധി

അതാത് സംസ്ഥാനത്തിന്റെയോ സംസ്ഥാനങ്ങളുടെയോ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശങ്ങളുടെയോ ഭൂമിശാസ്ത്രപരമായ പ്രദേശങ്ങൾ മുഴുവൻ ഒരു ഹൈക്കോടതിയുടെ അധികാര പരിധിയിൽ ഉൾപ്പെട്ടതാണ്. ഹൈക്കോടതിക്ക് ആദ്യ വിചാരണാധികാരവും അപ്പീൽ കോടതി എന്ന അധികാരവും ഉണ്ട്. ആദ്യ വിചാരണ കോടതി എന്ന നിലയിൽ ഹൈക്കോടതിയിലേക്ക് ഏതാനും പരാതികൾ നേരിട്ട് സമർപ്പിക്കാം. മൗലികാവകാശങ്ങൾ സംബന്ധിച്ച് അത് നടപ്പിലാക്കുന്നതിന് ഹൈക്കോടതികൾക്ക് ആദ്യവിചാരണാധികാരമുണ്ട്. ഈ നിലയിൽ നടപടി നടത്തുവാൻ പ്രേരകമായ കോടതി ഉത്തരവ് പുറപ്പെടുവിക്കാം. നിയമനിർമ്മാണ സഭയോ, നീതിന്യായ വ്യവഹരണ വ്യക്തിയോ / സഭയോ, അല്ലായെങ്കിൽ മറ്റേതെങ്കിലും അധികാരികളോ വ്യക്തികളുടെ മൗലികാവകാശങ്ങളിൽ കടന്നുകയറ്റം നടത്തിയാൽ മേൽപറഞ്ഞ തരത്തിലുള്ള കോടതി ഉത്തരവുകളിലൂടെ മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു. തെരഞ്ഞെടുപ്പ് സംബന്ധിച്ച പരാതികളുടെ ആദ്യവിചാരണാധികാരവും ഹൈക്കോടതിക്ക് ഉണ്ട്.

**? നിങ്ങൾക്കറിയാമോ**

മൗലികാവകാശങ്ങൾ നടപ്പിലാക്കുവാനോ സംരക്ഷിക്കുവാനോ അപേക്ഷിച്ചുകൊണ്ട് സമർപ്പിക്കുന്ന പരാതികളിൽ സുപ്രീംകോടതിയോ, ഹൈക്കോടതിയോ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കോ, നിർദ്ദേശങ്ങൾക്കോ റിട്ട് (writ) എന്നു പറയുന്നു.


അപ്പീൽ കോടതികൾ എന്ന നിലയിൽ ജില്ലയിലെ കീഴ്കോടതികളിൽ നിന്നുള്ള വിധികൾക്കെതിരെ ഹൈക്കോടതികൾക്ക് പരാതികൾ കേൾക്കാവുന്നതാണ്. സിവിൽ കേസുകളിൽ ജില്ലാ തലങ്ങളിലുള്ള കോടതിയിൽ നിന്നുള്ള വിധികൾക്കെതിരെ ഹൈക്കോടതിയിൽ പരാതി നൽകാം. കുറ്റകൃത്യ സ്വഭാവമുള്ള കേസുകളിൽ സെഷൻസ് കോടതി

യിൽ നിന്ന് ഏഴു വർഷത്തിനുള്ളിൽ കൂടുതൽ ജയിൽശിക്ഷ നൽകുന്ന വിധികൾക്കെതിരെ അപ്പീൽ നൽകാവുന്നതാണ്. കീഴ്കോടതികളിൽ നിന്നും വധശിക്ഷ നൽകുന്ന വിധികൾ ഹൈക്കോടതിയും ശരിവയ്ക്കേണ്ടതുണ്ട്. ഹൈക്കോടതിയുടെ പരിധിയിൽ വരുന്ന എല്ലാ കീഴ്ക്കോടതികളുടെയും മേൽ നിയന്ത്രണവും മേൽനോട്ടവും ഹൈക്കോടതിക്കാണ്.

ഹൈക്കോടതി ഒരു പുരാരേഖ കോടതി കൂടിയാണ്. ഹൈക്കോടതി വിധികളുടെ മാതൃക കീഴ്ക്കോടതികളും അനുവർത്തിക്കുന്നു. കോടതി അലക്ഷ്യത്തിനും കോടതി നിന്ദാ കേസുകളിലും ഹൈക്കോടതിയാണ് ശിക്ഷകൾ നൽകുന്നത്.

### 19.5.3 കീഴ്ക്കോടതികൾ

ജില്ലാതലത്തിലും ഉപജില്ലാതലത്തിലും കീഴ്ക്കോടതികൾ ഉണ്ട്. ഓരോ ജില്ലയിലും ഒരു ജില്ലാ സെഷൻസ് ജഡ്ജി ഉണ്ട്. അദ്ദേഹത്തിന്റെ കീഴിൽ നിയമജ്ഞന്മാരുടെ ഒരു ശ്രേണികഗണം ഉണ്ട്. ഇന്ത്യയിൽ എല്ലായിടത്തും കീഴ്ക്കോടതികളുടെ ഘടനയും പ്രവർത്തനവും താഴെ പറയുന്നതുപോലെ മിക്കവാറും ഒരുപോലെയാണ്.




മുകളിൽ കാണിച്ചിരിക്കുന്ന വിധത്തിൽ യഥാക്രമം കീഴ്ക്കോടതികൾ സിവിൽകേസുകളും, ക്രിമിനൽ കേസുകളും റവന്യൂ (നികുതി സംബന്ധമായ) കേസുകളും കേൾക്കുന്നു.

***സിവിൽ കേസുകൾ:*** സിവിൽ കേസുകൾ എന്നാൽ രണ്ടോ അതിൽ കൂടുതലോ ആളുകൾ തമ്മിൽ വസ്തുസംബന്ധമായ തർക്കങ്ങളോ, കരാർ അല്ലെങ്കിൽ ഉടമ്പടി ലംഘനമോ, വിവാഹമോചനക്കേസുകളോ, അല്ലെങ്കിൽ ഭൂവുടമകളും കൃഷിക്കാരും തമ്മിൽ തർക്കങ്ങൾ ഉണ്ടാവുന്നതോ ആണ്. ഈ വിധമായ കേസുകൾ എല്ലാം തന്നെ സിവിൽ കോടതികളിൽ തീർപ്പ് കല്പിക്കുന്നു. നിയമലംഘനങ്ങളില്ലാത്തതിനാൽ കോടതി ശിക്ഷ നൽകാറില്ല.

***ക്രിമിനൽ കേസുകൾ:*** മോഷണക്കേസ്സുകൾ, കൊള്ളയടി, ലൈംഗിക പീഢനം, പോക്കറ്റടി, ശാരീരിക പീഢനം, വധം മുതലായ ക്രിമിനൽ കോടതികളിൽ, സംസ്ഥാനത്തിനു വേണ്ടി പോലീസ്, കുറ്റവാളികൾക്കെതിരെ കേസ് സമർപ്പിക്കുന്നു. കുറ്റവാളികൾ തെറ്റുകാരാണെങ്കിൽ ക്രിമിനൽ കോടതി ശിക്ഷ വിധിക്കും.

***റവന്യൂ കോടതികൾ:*** സംസ്ഥാനതലത്തിൽ റവന്യൂ (നികുതി) ബോർഡ് ഉണ്ട്. പ്രസ്തുത റവന്യൂ ബോർഡിൽ കമ്മീഷണർ, കളക്ടർ, തഹസിൽദാർ, അസിസ്റ്റന്റ് തഹസിൽദാർ എന്നിവർ ഉണ്ട്. റവന്യൂ കീഴ്ക്കോടതികളിൽ നിന്നുള്ള അപ്പീലുകളിൽ റവന്യൂ ബോർഡ് തീർപ്പ് കല്പിക്കുന്നു. എല്ലാ സംസ്ഥാനങ്ങളിലും റവന്യൂ ബോർഡ് ഇല്ല. ആന്ധ്രാപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ റവന്യൂ ട്രിബ്യൂണലുകളാണ്. ഹരിയാന, പഞ്ചാബ്, ഹിമാചൽപ്രദേശ്, ജമ്മു & കാശ്മീർ സംസ്ഥാനങ്ങളിൽ റവന്യൂ ബോർഡിന് പകരം ഫിനാൻഷ്യൽ കമ്മീഷണർമാരാണ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 19.4

1. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

   (a) വടക്കുകിഴക്കൻ ഇന്ത്യയിലെ .................................................. സംസ്ഥാനങ്ങൾ കൂടി ഗോഹത്തിയിലുള്ള ഹൈക്കോടതിയുടെ അധികാര പരിധിയിൽപ്പെടുന്നു.

   (b) ........................................ മായി ആലോചിച്ച് ........................................ ഹൈക്കോടതി മുഖ്യ ന്യായാധിപനെ നിയമിക്കുന്നു.

   (c) ഹൈക്കോടതിക്ക് ...................................... അധികാര പരിധിയും ................................. അധികാര പരിധിയും ഉണ്ട്.

   (d) മൂന്നുവിധ കീഴ്ക്കോടതികൾ (i) ...................................... (ii) ...................................... (iii) ........................................ ആണ്.

2. നിങ്ങളുടെ സംസ്ഥാനത്തിലെയോ, ഏതെങ്കിലും സംസ്ഥാനത്തിലെയോ ഹൈക്കോടതി ജഡ്ജിമാരുടെയും ചീഫ് ജസ്റ്റീസിന്റെയും പേരും മറ്റു വിവരങ്ങളും ശേഖരിക്കുക. ശേഖരിച്ച പട്ടികയിൽ വനിതാ ജഡ്ജിമാർ എത്ര പേർ ഉണ്ട്? വളരെ കുറവോ അല്ലെങ്കിൽ ആരുമില്ല. ഈ സാഹചര്യത്തിന്റെ കാരണങ്ങൾ എഴുതുക.

## നിങ്ങൾ എന്തെല്ലാം പഠിച്ചു?

- ഇന്ത്യയിൽ ഒരു ഫെഡറൽ ഭരണ സംവിധാനം ആണ്. അതുകൊണ്ടാണ് കേന്ദ്ര തലത്തിലും സംസ്ഥാന തലത്തിലും ഗവൺമെന്റുകൾ ഉള്ളത്. രണ്ടു തലങ്ങളിലും പാർലമെന്ററി ജനാധിപത്യ രീതിയിൽ ഗവൺമെന്റ് രൂപീകരിക്കുന്നു.

- സംസ്ഥാനതലവൻ ഗവർണ്ണർ ആണ്. ഗവർണ്ണറെ നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റ് ആണ്. ഇന്ത്യൻ ഭരണഘടനാപ്രകാരം ഗവർണ്ണർക്ക് വിപുലമായ ഭരണനിർവ്വഹണാധികാരവും, നിയമനിർമ്മാണവും, ധനപരവും, മറ്റ് വിവേചനാധികാരങ്ങളും ഉണ്ട്. എന്നാൽ പ്രയോഗത്തിൽ, വിവേചനാ ധികാരം ഒഴികെയുള്ള അധികാരങ്ങൾ മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശം അനുസരിച്ചുമാത്രമേ ഗവർണർ പ്രവർത്തിക്കുന്നുള്ളൂ.

- യഥാർത്ഥത്തിൽ സംസ്ഥാനത്തിന്റെ മുഖ്യഭരണം നിക്ഷിപ്തമായിരിക്കുന്നത് മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലിലാണ്. മറ്റൊരുവിധ ത്തിൽ പറഞ്ഞാൽ സംസ്ഥാന ഭരണത്തിന്റെ മുഖ്യനായകൻ, മുഖ്യമന്ത്രിയാണ്.

- ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ഏകമണ്ഡല നിയമനിർമ്മാണ സഭയാണ്. എന്നാൽ ഏതാനും സംസ്ഥാനങ്ങളിൽ ദ്വിമണ്ഡല നിയമ സഭകൾ നിലവിലുണ്ട്. നിയമസഭയുടെ ദ്വിമണ്ഡലങ്ങൾ, നിയമനിർമ്മാണ സഭയും (ലെജിസ്ലേറ്റീവ് അസംബ്ലി) നിയമസഭാ കൗൺസിലും (ലെജിസ്ലേറ്റീവ് കൗൺസിൽ) ആണ്. ഏകമണ്ഡല നിയമസഭ മാത്രം നിലവിലുള്ള സംസ്ഥാനങ്ങളിലെ നിയമസഭ, നിയമനിർമ്മാണ സഭ (ലെജിസ്ലേറ്റീവ് അസംബ്ലി) എന്നറിയപ്പെടുന്നു. നിയമസഭയുടെ പ്രഥമ ചുമ

തല നിയമങ്ങൾ ഉണ്ടാക്കുന്നതാണ്. ഇവ കൂടാതെ, സംസ്ഥാന നിയമസഭയ്ക്ക് മന്ത്രിസഭാ കൗൺസിലിൻമേൽ നിയന്ത്രണവും ഉണ്ട്.

- സംസ്ഥാന നീതിന്യായ സംവിധാനത്തിൽ ഹൈക്കോടതിയാണ് ഏറ്റവും ഉയർന്ന കോടതി. ഹൈക്കോടതികൾക്ക് ആദ്യവിചാരണാധികാരവും അപ്പീൽ കോടതി എന്ന അധികാരവും ഉണ്ട്. ഇവ കൂടാതെ സിവിൽ, ക്രിമിനൽ, റവന്യൂ കേസുകൾ തീർപ്പുകല്പിക്കുന്ന കീഴ്ക്കോടതികളും ഉണ്ട്.

## പാഠ സമാപ്തി പ്രവർത്തനം

1. ഗവർണ്ണറെ നിയമിക്കുന്നത് എപ്രകാരം ആണ്? ഗവർണ്ണറുടെ അധികാരങ്ങളും ചുമതലയും ഏതൊക്കെ?
2. മന്ത്രിസഭാ കൗൺസിൽ രൂപീകരിക്കുന്നത് എങ്ങനെയാണ്? മുഖ്യമന്ത്രിയുടെ അധികാരങ്ങളും ചുമതലകളും വിവരിക്കുക.
3. സംസ്ഥാന നിയമസഭയുടെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ പരിശോധിക്കുക.
4. ഹൈക്കോടതിയുടെ അധികാര പരിധി വിശദമാക്കുക.
5. കീഴ്ക്കോടതികളിൽ ഏതുവിധത്തിലുള്ള കേസുകളാണ് തീർപ്പ് കൽപ്പിക്കുന്നത്?

## പാഠ്യപുസ്തകാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**19.1**

1. (i) (b)
   (ii) (d)
   (iii) (b)
2. (i) തെറ്റ്
   (ii) ശരി
   (iii) ശരി
   (iv) തെറ്റ്
   (v) ശരി
3. നിങ്ങൾക്ക് മനസ്സിലായവയുടെ അടിസ്ഥാനത്തിൽ ഉത്തരം എഴുതുക. സെക്ഷൻ 19.1.2 (d) കാണുക

**19.2**

1. (i) തെറ്റ്

   (ii) ശരി

   (iii) തെറ്റ്

   (iv) തെറ്റ്

   (v) ശരി

2. ഇന്ത്യൻ ജനാധിപത്യത്തിൽ ഗവർണ്ണറുടെ പങ്ക് നിങ്ങൾക്ക് മനസ്സിലായത് അടിസ്ഥാനമാക്കി എഴുതുക. നിങ്ങളുടെ കുടുംബത്തിലെ മുതിർന്നവരിൽ നിന്നോ, നിങ്ങളുടെ അദ്ധ്യാപകരിൽ നിന്നോ കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.

**19.3**

1. (i) ബീഹാർ, ജമ്മു & കാശ്മീർ, കർണ്ണാടക

   (ii) പാർലമെന്റിലെ ഇരുസഭകളും, ബില്ല് പാസ്സായതാക്കി കണക്കാക്കും.

   (iii) ഒരു മാസക്കാലം

   (iv) ചോദ്യങ്ങളും ഉപചോദ്യങ്ങളും മുഖേനയും സമ്മേളനം നീട്ടിവയ്ക്കാനുള്ള (adjournment) അധികാരം വഴിയും ശ്രദ്ധ ക്ഷണിക്കൽ നോട്ടീസ്, അവിശ്വാസപ്രമേയം പാസ്സാക്കുക തുടർന്ന് മന്ത്രിസഭാ കൗൺസിൽ രാജിവയ്ക്കുക, ആദിയായവ.

   (v) പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിനായി സംസ്ഥാനങ്ങളിൽ തെരഞ്ഞെടുത്ത അംഗങ്ങൾ ഉൾപ്പെട്ട ഇലക്ടറൽ കോളേജ് രൂപീകരിക്കുന്നു. അതാത് സംസ്ഥാനത്തിൽ നിന്നുള്ള രാജ്യസഭ പ്രതിനിധികളെ വിധാൻസഭയിലെ അംഗങ്ങൾ തെരഞ്ഞെടുക്കുന്നു.

**19.4**

1. (a) ഏഴ്

   (b) ഇന്ത്യൻ പ്രസിഡന്റ്, സുപ്രീംകോടതി ചീഫ് ജസ്റ്റീസ്

   (c) ആദ്യവിചാരണാധികാരം, അപ്പീൽ അധികാരം

   (d) (i) സിവിൽ കോടതികൾ (ii) ക്രിമിനൽ കോടതികൾ (iii) റവന്യു കോടതികൾ

2. ആവശ്യമുള്ള വിവരങ്ങൾ ശേഖരിച്ച് ഉത്തരം എഴുതുക.

# 20

# കേന്ദ്ര തലത്തിലുള്ള ഭരണം

ഇന്ത്യയിലെ പ്രസിഡന്റ്, പ്രധാനമന്ത്രി, മറ്റ് മന്ത്രിമാർ, ഉദ്യോഗസ്ഥർ, രാഷ്ട്രീയക്കാർ, മറ്റുള്ളവർ എന്നിവരെപ്പറ്റി നാം പലപ്പോഴും ചർച്ച ചെയ്യാറുണ്ട്. ഇത്തരത്തിലുള്ള പരസ്പര വിശകലനങ്ങൾ നടത്താറുള്ളത് നമ്മുടെ ഭവനങ്ങളിലോ, ഓഫീസുകളിലോ, ചായപ്പീടികകളിലോ, കന്റീനുകളിലോ, ചിലപ്പോൾ തെരുവ് കോണുകളിലോ ആയിരിക്കാം. അവരെപ്പറ്റി പലപ്പോഴും നമ്മൾ ചർച്ചചെയ്യുന്നത് എന്തുകൊണ്ടാണ് എന്ന് നിങ്ങൾ ആശ്ചര്യപ്പെട്ടിട്ടുണ്ടോ? അവർ, ഗവൺമെന്റിന്റെ സുപ്രധാനമായ കൃത്യനിർവ്വഹണക്കാരും ചുമതല വഹിക്കുന്നവരും ആണ്. അവരുടെ അഭിപ്രായങ്ങളും പ്രവർത്തനങ്ങളും ഒരുവിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ നമ്മളെ ബാധിക്കുന്നതുകൊണ്ടാണ് ഇപ്രകാരം നമ്മൾ വിശകലനം ചെയ്യുന്നത്. ഒരു രാഷ്ട്രത്തിലെ ജനതയുടെ ജീവിതഗുണനിലവാരത്തെയും പുരോഗമനത്തെയും കരുപ്പിടിക്കുന്നതിൽ ഗവൺമെന്റ് ഒരു നിർണ്ണായക പങ്ക് വഹിക്കുന്നു. അതുകൊണ്ടാണ് നമ്മൾ അവരെപ്പറ്റി കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നത്. നമ്മുടേത് ഒരു ഫെഡറൽ രാഷ്ട്രം ആകയാൽ നമുക്ക് ഭരണസംവിധാനങ്ങൾ ഏറ്റവും താഴ്ന്ന ഗ്രാമം, നഗരം, മഹാനഗരങ്ങൾ മുതൽ സംസ്ഥാനങ്ങൾ, കേന്ദ്രം എന്നീ തലങ്ങൾ വരെയുണ്ട്. പാർലമെന്ററി ഗവൺമെന്റിന്റെ തത്വങ്ങൾ അനുസരിച്ച് കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും ഗവൺമെന്റുകൾ രൂപീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതിൻ പ്രകാരം ഇന്ത്യൻ ഭരണഘടനയിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചും ഘടന സംബന്ധിച്ചും വിപുലമായ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റിന്റെ അധികാരങ്ങൾ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു, ഭരണനിർവ്വഹണം, നിയമനിർമ്മാണം, നീതിന്യായവകുപ്പ് എന്നിങ്ങനെയാണ്. പ്രധാനമന്ത്രി അദ്ധ്യക്ഷനായ മന്ത്രിസഭാ കൗൺസിലും പ്രസിഡന്റും ഉൾപ്പെട്ടതാണ് ഭരണ നിർവ്വഹണ വിഭാഗം. പാർലമെന്റ് നിയമനിർമ്മാണവകുപ്പും, സുപ്രീംകോടതി, നീതിന്യായവകുപ്പുമാണ്. ഈ അദ്ധ്യായത്തിൽ നമ്മൾ ഗവൺമെന്റിന്റെ എല്ലാ വിഭാഗങ്ങളെക്കുറിച്ചും ചർച്ചചെയ്യാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:


- പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പ്, അധികാരത്തിൽ തുടരാവുന്ന കാലം, അധികാരങ്ങളും ചുമതലകളും ആദിയായവ വിവരിക്കുവാൻ;
- പ്രധാനമന്ത്രിയുടെ നിയമനം, മന്ത്രിസഭാ കൗൺസിലിന്റെ ഘടന, അധികാരങ്ങൾ, ചുമതലകൾ എന്നിവ അപഗ്രഥിക്കുവാൻ;
- പ്രധാനമന്ത്രിയുടെ അധികാരങ്ങൾ, സ്ഥാനം, പ്രധാനമന്ത്രിയും മന്ത്രിസഭാ കൗൺസിലുമായുള്ള ബന്ധങ്ങൾ എന്നിവ പരിശോധിക്കുവാൻ;

- പാർലമെന്റിന്റെ ഘടന, അധികാരങ്ങൾ, ചുമതലകൾ, ലോക്സഭയുടെ സ്ഥാനം, ചുമതലകൾ മുതലായവ താരതമ്യം ചെയ്യുവാനും, വിശദമാക്കുവാനും.

- ഇന്ത്യയിലെ സുപ്രീംകോടതിയുടെ പങ്ക് വിശദമായി മനസ്സിലാക്കുവാനും, സുപ്രീം കോടതിയുടെ ഘടന, അധികാരപരിധി, സുപ്രീംകോടതിയുടെ അധികാരത്തിൽ പ്പെട്ട ജുഡീഷ്യൽ റിവ്യൂ അഥവാ നീതിന്യായ അവലോകനം, പൊതുജനതാല്പ ര്യ ഹർജ്ജികളുടെയും, നീതിന്യായ വിഭാഗത്തിന്റെയും പ്രവർത്തനം, നമ്മുടെ ദൈ നംദിനജീവിതത്തിലെ ഇവയുടെ സ്വാധീനം എന്നിവയെപ്പറ്റി അഭിമാനംകൊള്ളുവാൻ;

## 20.1 പ്രസിഡന്റ്

താഴെ കൊടുത്തിരിക്കുന്ന ചിത്രം ഡൽഹിയിൽ നടന്ന റിപ്പബ്ലിക്ദിന പരേഡിന്റെതാണ്. എല്ലാവർഷവും ജനുവരി 26, നമ്മുടെ റിപ്പബ്ലിക്ദിനമായി നാം ആഘോഷിക്കുന്നു. എന്തു കൊണ്ടാണ് എന്ന് നിങ്ങൾക്ക് അറിയാമോ? അതിന്റെ കാരണം നമ്മുടെ രാഷ്ട്രത്തല വൻ, അതായത് പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്നതുകൊണ്ടാണ്. ഇംഗ്ലണ്ടിൽ ഇത് വ്യത്യാസമുണ്ട്. അവിടുത്തെ രാഷ്ട്രത്തലവൻ രാജാവോ അല്ലെങ്കിൽ രാജ്ഞിയോ ആണ്. മാത്രവുമല്ല ഈ പദവികൾ പാരമ്പര്യമായിട്ടുള്ള അവകാശവുമാണ്.





ചിത്രം 20.1 *റിപ്പബ്ലിക്ദിന പരേഡ്*

### 20.1.1 പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന പ്രക്രിയ

ഇന്ത്യൻ പ്രസിഡന്റിനെ നേരിട്ട് തെരഞ്ഞെടുക്കുകയല്ല, മറിച്ച് പരോക്ഷമായിട്ടാണ്. പ്ര സിഡന്റിനെ തെരഞ്ഞെടുക്കുന്നത് ഒരു 'ഇലക്ടറൽ കോളേജ്' ആണ്. പാർലമെന്റിന്റെ ഇരു സഭകളിലേയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും സംസ്ഥാന നിയമസഭകളിലെ എല്ലാ അംഗങ്ങളും ഉൾപ്പെട്ടതാണ് ഈ 'ഇലക്ടറൽ കോളേജ്'. കൂടാതെ കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിയിലേയും, പുതുശ്ശേരി (മുൻപ് പോണ്ടിച്ചേരി എന്ന് വിളിച്ചിരു

ന്നു) യിലേയും നിയമനിർമ്മാണസഭയിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും ഇലക്ട റൽ കോളേജിൽ ഉൾപ്പെട്ടിരിക്കുന്നു. രഹസ്യബാലറ്റ് സംവിധാനത്തിലൂടെയാണ് തെര ഞ്ഞെടുപ്പ്. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി, ആനുപാതിക പ്രാതിനിധ്യത്തിലൂടെ (Proportional representation) – ഒരാൾക്ക് ഒരു വോട്ട് സമ്പ്രദായത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്നു.




**ചിത്രീകരണം 20.2** *ഇന്ത്യൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്ന പ്രക്രിയ*

### പ്രസിഡന്റിന്റെ പദവിയിലേക്ക് തെരഞ്ഞെടുക്കുന്ന വ്യക്തിക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ:

(i) ഇന്ത്യൻ പൗരനായിരിക്കണം

(ii) 35 വയസ്സ് പൂർത്തിയായിരിക്കണം

(iii) ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാനുള്ള യോഗ്യത ഉണ്ടായിരിക്കണം

(iv) പ്രാദേശിക ഗവൺമെന്റിലോ സംസ്ഥാന ഗവൺമെന്റിലോ കേന്ദ്ര ഗവൺമെന്റിലോ അല്ലെങ്കിൽ മേൽപറഞ്ഞ ഗവൺമെന്റുകളുടെ ഏതെങ്കിലും വിഭാഗത്തിലൊ വേതനം സ്വീകരിച്ച് ജോലി നിർവ്വഹിക്കുന്ന വ്യക്തി ആയിരിക്കരുത്.

### പ്രസിഡന്റിന്റെ കാലാവധി

ഇന്ത്യൻ പ്രസിഡന്റിനെ 5 വർഷത്തേക്കാണ് തെരഞ്ഞെടുക്കുന്നത്. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമി അധികാരത്തിൽ വരുന്നതുവരെ, കാലാവധി കഴിഞ്ഞാലും പ്രസിഡന്റിന് തുടരാവുന്നതാണ്. കാലാവധി കഴിഞ്ഞ് പ്രസിഡന്റിനെ വീണ്ടും തെരഞ്ഞെടുക്കാനോ അല്ലെങ്കിൽ ഒരിക്കൽ പ്രസിഡന്റായിരുന്ന അദ്ദേഹത്തെ തന്നെ വീണ്ടും തെരഞ്ഞെടുക്കാനോ അർഹതയുണ്ട്. പ്രസിഡന്റിന്റെ പദവി ഇല്ലാതാകുന്നതിന് താഴെ പറയുന്ന കാരണങ്ങൾ ആകാവുന്നതാണ്.

(i) പ്രസിഡന്റിന്റെ മരണം

(ii) അദ്ദേഹം / അവർ രാജിവയ്ക്കുകയാണെങ്കിൽ

(iii) ഇംപീച്ച്മെന്റ് (കുറ്റവിചാരണ നടത്തുക) നടത്തി രാഷ്ട്രപതിയെ തൽസ്ഥാനത്തു നിന്ന് നീക്കാവുന്നതാണ്. ഭരണഘടനാ ലംഘനത്തിനോ, ഭരണഘടനയ്ക്ക് വിപരീതമായി പ്രവർത്തിക്കുമ്പോഴോ പ്രസിഡന്റിനെ പദവിയിൽ നിന്നും മാറ്റാവുന്ന

കുറിപ്പുകൾ

താണ്. കുറ്റവിചാരണ ഒരു പ്രമേയമായി പാർലമെന്റിന്റെ ഇരുസഭകളിലും അവതരിപ്പിച്ച് ഇരുസഭകളിലേയും പ്രത്യേകം, പ്രത്യേകം ഭൂരിപക്ഷ പ്രകാരം പ്രമേയം പാസ്സായിരിക്കണം.

പ്രസിഡന്റിന്റെ പദവിയിൽ ഒഴിവ് വന്നാൽ, ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന പ്രകാരം, പുതിയ ഒരു പ്രസിഡന്റ് അധികാരം ഏറ്റെടുക്കുന്നതുവരെ, വൈസ്പ്രസിഡന്റ്, പ്രസിഡന്റായി ചുമതല ഏറ്റെടുക്കും. എന്നാൽ വൈസ് പ്രസിഡന്റിന് ആറുമാസത്തിൽ കൂടുതൽ ആ പദവിയിൽ തുടരാനാവില്ല.

പാർലമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ പ്രകാരം വേതനത്തിന് പ്രസിഡന്റിന് അർഹതയുണ്ട്. മുൻപ്, ഭരണഘടനാ പ്രകാരം പ്രതിമാസം 10,000/- രൂപയായിരുന്നു പ്രസിഡന്റിന്റെ പ്രതിമാസ വേതനം. 1998-ൽ ഇത് 50,000 രൂപയായി ഉയർത്തി. വീണ്ടും 2008-ൽ ഇത് 1,50,000 രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ മറ്റ് അനുവദനീയമായ അലവൻസുകളും പ്രസിഡന്റിന് ലഭിക്കും. രാഷ്ട്രപതിയുടെ ഔദ്യോഗിക വസതിയായ ഡൽഹിയിലെ രാഷ്ട്രപതിഭവനിൽ ആണ് രാഷ്ട്രപതി വസിക്കുന്നത്.



ചിത്രം 20.3 *രാഷ്ട്രപതി ഭവൻ*

## ? നിങ്ങൾക്കറിയാമോ

(i) ഇന്ത്യയിലെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ഡോ. രാജേന്ദ്രപ്രസാദ് ആണ്. തുടർച്ചയായി രണ്ട് കാലാവധിയിൽ അദ്ദേഹം ഇന്ത്യയുടെ പ്രസിഡന്റായിരുന്നു.

(ii) ഇന്ത്യയിലെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രസിഡന്റ് ശ്രീമതി പ്രതിഭാദേവി സിംഗ് പാട്ടീൽ ആയിരുന്നു. അവർ ഇന്ത്യയുടെ 12-ാമത്തെ പ്രസിഡന്റായിരുന്നു.

(iii) അധികാരത്തിൽ തുടരുമ്പോൾ നിര്യാതരായ പ്രസിഡന്റുമാരായിരുന്നു ഡോ. സാക്കീർ ഹുസൈനും, ശ്രീ. ഫാക്രുദ്ദീൻ അലി അഹമ്മദും. പ്രസിഡന്റിന്റെ ചുമതല വഹിക്കുമ്പോൾ നിര്യാതരായവരാണ് ശ്രീ. വി.വി.ഗിരിയും, ശ്രീ ബി.ഡി.ജെട്ടിയും.

## 20.1.2 പ്രസിഡന്റിന്റെ അധികാരങ്ങൾ

മുൻപ് പ്രസ്താവിച്ചതുപോലെ നമ്മുടെ രാഷ്ട്രത്തലവൻ പ്രസിഡന്റാണ്. ഇന്ത്യയിലെ ഏറ്റവും ഉയർന്ന പദവിയാണ് പ്രസിഡന്റിനുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ കാര്യനിർവ്വഹണചുമതലകളും നിർവ്വഹിക്കുന്നത് പ്രസിഡന്റിന്റെ പേരിലാണ്. പ്രസിഡന്റിന് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ട്.

**(a)** **കാര്യനിർവ്വഹണ അധികാരം (Executive Powers):** ഇന്ത്യൻ ഭരണഘടനാ പ്രകാ രം കേന്ദ്രത്തിലെ എല്ലാ അധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കുന്നു. ലോക്സഭയിലെ ഭൂരിപക്ഷ പാർട്ടിയുടെ നേതാവിനെ പ്രധാനമന്ത്രിയായും, പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം മന്ത്രിസഭാ കൗൺസിലിലെ അംഗങ്ങളെയും നിയമിക്കുന്നത് പ്രസിഡന്റാണ്. ഭരണ നിർവ്വഹണ ചുമതലയുടെ ഔദ്യോഗിക തലവൻ പ്രസിഡന്റ് ആയതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ അധികാരങ്ങളും പ്രസിഡന്റിന്റെ പേരിലാണ് നിർവ്വഹിക്കുന്നത്. സംസ്ഥാന ഗവർണ്ണർമാർ, ഇന്ത്യയുടെ അറ്റോർണി ജനറൽ, ഇന്ത്യയുടെ കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ, അംബാസിഡർമാർ, ഹൈക്കമ്മീഷണർ മാർ, കേന്ദ്രഭരണ പ്രദേശങ്ങളിലെ ഭരണത്തലവൻമാർ എന്നിവരേയും പ്രസിഡന്റിന്റെ കാര്യനിർവ്വഹണാധികാര പ്രകാരം നിയമിക്കുന്നു. കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചെയർമാൻ, മറ്റ് അംഗങ്ങൾ, ഇന്ത്യയുടെ ചീഫ് ജസ്റ്റീസ്, സുപ്രീംകോടതിയിലെ ജഡ്ജിമാർ, ഹൈക്കോടതിയിലെ ജഡ്ജിമാർ എന്നിവരേയും നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റാണ്. കൂടാതെ ഇന്ത്യയുടെ സർവ്വ സൈന്യാധിപൻ എന്നനിലയിൽ സൈന്യത്തിന്റെ മൂന്ന് വിഭാഗങ്ങളായ, കരസേന (Army), കടൽസേന (Navy), വായുസേന (Air Force) എന്നീ വിഭാഗങ്ങളുടെ തലവൻമാരെ നിയമിക്കുന്നത് പ്രസിഡന്റാണ്.

പ്രസിഡന്റിന് അധികാരത്തിൽ നിന്നും നീക്കംചെയ്യാവുന്നവർ ആണ് (i) മന്ത്രിസഭാംഗങ്ങൾ (ii) ഇന്ത്യയുടെ അറ്റോർണി ജനറൽ (iii) സംസ്ഥാന ഗവർണർമാർ (iv) കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, പബ്ലിക് സർവ്വീസ് കമ്മീഷണിലെ മറ്റ് അംഗങ്ങൾ (സുപ്രീംകോടതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ) (v) പാർലമെന്റിന്റെ ഉപദേശപ്രകാരം മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, മറ്റ് കമ്മീഷണർമാർ എന്നിവർ. എല്ലാ നയതന്ത്രജോലികളും അന്താരാഷ്ട്ര ഉടമ്പടികളും, കരാറുകളും നിർവ്വഹിക്കുന്നതും ഏർപ്പെടുന്നതും ഇന്ത്യൻ പ്രസിഡന്റിന്റെ പേരിലാണ്.

**(b)** **നിയമനിർമ്മാണ അധികാരം (Legislative Powers):** ഇന്ത്യൻ പാർലമെന്റിന്റെ ഒരു അവിഭാജ്യഘടകമെന്ന പേരിൽ പ്രസിഡന്റിന് നിരവധി നിയമനിർമ്മാണപരമായ അധികാരങ്ങൾ ഉണ്ട്. ലോക്സഭാ തെരഞ്ഞെടുപ്പിന് ശേഷം ആദ്യമായി സഭ സമ്മേളിക്കുമ്പോഴും തുടർന്ന് പാർലമെന്റിന്റെ സമ്മേളനം തുടങ്ങുന്നതിന് മുൻപും പ്രസിഡന്റ് പാർലമെന്റിനെ അഭിസംബോധന ചെയ്യും. പാർലമെന്റ് സമ്മേളനം വിളിച്ചുകൂട്ടുവാനും, നീട്ടിവയ്ക്കാനും, നിർത്തിവയ്ക്കാനും, മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശപ്രകാരം പിരിച്ചുവിടാനും പ്രസിഡന്റിന് അധികാരം ഉണ്ട്. പാർലമെന്റ് പാസ്സാക്കുന്ന ബില്ല് നിയമമാകുന്നത് പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചശേഷം മാത്രമേ ഉള്ളൂ. പാർലമെന്റിന്റെ ഇരുസഭകളുടെയും ഭിന്നത മൂലം ഒരു ബില്ല് പാസ്സാകാതിരുന്നാൽ ഇരുസഭകളുടെയും സംയുക്ത സമ്മേളനം പ്രസിഡന്റിന് വിളിച്ചുകൂട്ടാവുന്നതാണ്. പാർലമെന്റ് സമ്മേളനം ഇല്ലാത്ത അവസരങ്ങളിൽ, പ്രധാനമന്ത്രിയുടെ അപേക്ഷ പ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള അധികാരം പ്രസിഡന്റിനുണ്ട്; ഇത് പിന്നീട് നിയമമായി മാറും.

**(c)** **ധനപരമായ അധികാരങ്ങൾ (Financial Powers):** മേൽപറഞ്ഞ കാര്യനിർവ്വഹണാധികാരവും, നിയമനിർമ്മാണ അധികാരവും കൂടാതെ പ്രസിഡന്റിന് ഏതാനും

ധനപരമായ അധികാരങ്ങളും ഉണ്ട്. പ്രസിഡന്റിന്റെ മുൻകൂട്ടിയുള്ള ശുപാർശയില്ലാതെ ധനപരമായ ഒരു ബില്ലും പാർലമെന്റിൽ അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ധനപരമായ എല്ലാ ബില്ലുകളും പ്രസിഡന്റിന്റെ അംഗീകാരത്തോടു കൂടി മാത്രമേ പാർലമെന്റിൽ അവതരിപ്പിക്കാവൂ. നിങ്ങൾ ബഡ്ജറ്റിനെ കുറിച്ച് കേട്ടിട്ടുണ്ടാവും! ഇന്ത്യാ ഗവൺമെന്റിന്റെ വരവും ചെലവും വിശദമായി കാണിക്കുന്ന ഒരു പ്രമാണ രേഖയാണിത്. ഓരോ സാമ്പത്തിക വർഷത്തി ന്റെയും തുടക്കത്തിൽ ബഡ്ജറ്റ് അവതരിപ്പിക്കുവാൻ പ്രസിഡന്റാണ് അധികാരം നൽകുന്നത്.

### ? നിങ്ങൾക്കറിയാമോ

നിയമനിർമ്മാണ അധികാരങ്ങൾ ചർച്ച ചെയ്യുമ്പോൾ ഉപയോഗിക്കുന്ന പദങ്ങളായ 'വിളിച്ചുകൂട്ടൽ' (summon) സഭാസമ്മേളനം 'മരവിപ്പിക്കൽ' / 'നീട്ടിവയ്ക്കൽ' (prorogue), 'പിരിച്ചുവിടൽ' (dissolve), അടിയന്തിര നിയമം (ordinance) പുറപ്പടുവിക്കൽ മുതലായവ നിങ്ങൾ കേട്ടിട്ടുണ്ടാവും! ഈ പദങ്ങളുടെ അർത്ഥം എന്താണ്?

**പാർലമെന്റ് സമൻസ് ചെയ്യുക (Summons of the Parliament):** പാർലമെന്റിലെ ഇരുസഭകളായ ലോക്സഭയും, രാജ്യസഭയും ഒരു പ്രത്യേക തീയ്യതിയിൽ കൂടുമെന്നും, ഒരു പ്രത്യേക തീയ്യതി വരെ സമ്മേളനം നീണ്ടുപോകുമെന്നുള്ള ഒരു ഔദ്യോഗിക അറിയിപ്പ് ആണ് ഇത്.

**മരവിപ്പിക്കൽ (Prorogue the Parliament):** പാർലമെന്റ് സമ്മേളനം ഒരു നിശ്ചിത തീയ്യതിയിൽ നിർത്തിവയ്ക്കുമെന്ന് രാജ്യസഭയിലേയും ലോക്സഭ യിലെയും അംഗങ്ങളെ പ്രസിഡന്റ് ഔദ്യോഗികമായി വിജ്ഞാപനത്തിലൂടെ അറിയിക്കുന്നു. ഇതിനെ Prorogue അല്ലെങ്കിൽ മരവിപ്പിക്കൽ എന്നു പറയുന്നു.

**ലോക്സഭ പിരിച്ചുവിടൽ (Dissolve the Parliament):** പ്രസിഡന്റ് ലോക്സഭ പിരിച്ചുവിട്ടാൽ അതിന്റെ അർത്ഥം അടുത്ത തെരഞ്ഞെടുപ്പ് വരെ ലോക്സഭ പ്രവർത്തിക്കുന്നില്ല എന്നാണ്.

**അടിയന്തിര നിയമം (Ordinance):** പാർലമെന്റ് സമ്മേളനം നടക്കാതിരിക്കുന്ന വേളകളിൽ, ഒരു നിയമത്തിന്റെ അടിയന്തിര ആവശ്യം നേരിട്ടാൽ പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശപ്രകാരം, പ്രസിഡന്റിന് ഓർഡിനൻസ് പുറപ്പെടുവിക്കാവുന്നതാണ്. ഇപ്രകാരമുള്ള ഓർഡിനൻസ് നിയമമായി മാറും. പാർലമെന്റ് സമ്മേളിച്ചാൽ ഉടൻതന്നെ എല്ലാ ഓർഡിനൻസും നിയമങ്ങളായി മാറും. ആറുമാസത്തിനുള്ളിൽ പാർലമെന്റ് ഓർഡിനൻസ് അംഗീകരിച്ചില്ലെങ്കിൽ അത് റദ്ദാകും.

(d) **നീതിന്യായ അധികാരങ്ങൾ:** രാഷ്ട്രത്തലവൻ എന്ന പേരിൽ പ്രസിഡന്റിന് ഏതാനും വിശേഷാധികാരങ്ങൾ ഉണ്ട്. കുറ്റവാളികളുടെ ശിക്ഷകൾ ഇളവ് ചെയ്യുവാനും ഒഴിവാക്കുവാനും അദ്ദേഹത്തിന് അധികാരം ഉണ്ട്. ഉദാഹരണമായി ഏതെങ്കിലും സൈനിക കോടതിയോ, സിവിൾ കോടതിയോ കുറ്റം വിധിക്കുന്ന ഒരാൾക്ക് ശിക്ഷ നടപ്പിലാക്കുന്നതിൽ നിന്നും മോചനം കൊടുക്കുന്നതിനോ, നിർത്തിവയ്ക്കാനോ ഉള്ള അധികാരം പ്രസിഡന്റിന് ഉണ്ട്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 20.1

1. ഇന്ത്യൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്?

2. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക

   (i) പ്രസിഡന്റ് ................................ ന്റെ തലവനായിരിക്കുന്നു

   (ii) പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിയുടെ യോഗ്യതകൾ

   (a) .................................. (b) ................................ (c) ................................

   (iii) പ്രസിഡന്റ് സ്ഥാനത്ത് ഒഴിവ് വന്നാൽ .......................... ഇന്ത്യൻ പ്രസിഡന്റായി ചുമതല നിർവ്വഹിക്കും.

   (iv) പ്രസിഡന്റിന്റെ 4 പ്രധാനപ്പെട്ട അധികാര വിഭാഗങ്ങളാണ്

   (a) ........................... (b) ........................... (c) ......................... (d) .........................

3. പാർലമെന്റിന്റെ സമ്മേളനം ഒരു വർഷത്തിൽ എത്ര പ്രാവശ്യം പ്രസിഡന്റ് വിളിച്ചുകൂട്ടുന്നു? ഓരോ സമ്മേളനത്തിന്റെയും പേര് എന്താണ്? (വിവരങ്ങൾ ഇന്ത്യയുടെ ഭരണഘടനയിൽ നിന്നോ, ഇന്റർനെറ്റിൽ നിന്നോ, അല്ലെങ്കിൽ നിങ്ങളുടെ അദ്ധ്യാപകരോട് ചോദിച്ചോ, സഹപാഠികളോടു ചോദിച്ചോ ശേഖരിക്കുക)

### 20.1.3 പ്രസിഡന്റും അടിയന്തിരാവസ്ഥയുടെ വകുപ്പുകളും

സാധാരണവേളകളിലുള്ള പ്രസിഡന്റിന്റെ അധികാരങ്ങളെ സംബന്ധിച്ചാണ് ഇതുവരെ ചർച്ച ചെയ്തത്. ഈ അധികാരങ്ങൾ കൂടാതെ അസാധാരണ വേളകളിൽ പ്രസിഡന്റിന് സുപ്രധാനങ്ങളായ വേറെ അധികാരങ്ങൾ ഉണ്ട്. ഇവ അറിയപ്പെടുന്നത് അടിയന്തിരാവശ്യ അധികാരങ്ങൾ എന്നാണ്. രാജ്യത്ത് സംജാതമാകുന്ന അടിയന്തിര സാഹചര്യങ്ങളിലോ, അസാധാരണവേളകളിലോ അത്യാവശ്യമെന്നു തോന്നുന്ന അവസരങ്ങളിലും രാജ്യത്ത് അടിയന്തിര നിയമങ്ങൾ പ്രഖ്യാപിക്കുവാനുള്ള പ്രസിഡന്റിന്റെ അധികാരം ഭരണഘടനയിൽ പ്രത്യേകം പ്രസ്താവിക്കുന്നു. അടിയന്തിര സാഹചര്യങ്ങൾ സംജാതമാകുന്നത്: (a) യുദ്ധം, വിദേശ ആക്രമണം, അല്ലെങ്കിൽ സായുധസമരം (b) ഏതെങ്കിലും സംസ്ഥാനത്ത് ഭരണഘടനാപരമായ പ്രതിസന്ധി (c) ധനപരമായി ഗൗരവമേറിയ പ്രതിസന്ധി

**(i) യുദ്ധം, വിദേശ ആക്രമണം, അല്ലെങ്കിൽ സായുധസമരം:** രാഷ്ട്രത്തിന്റെ സുരക്ഷയെ ബാധിക്കുന്ന യുദ്ധപ്രഖ്യാപനം മൂലമോ വിദേശാക്രമണമോ അല്ലെങ്കിൽ സായുധസമരമോ മൂലം രാഷ്ട്രം ഭീഷണിയെ നേരിടുമ്പോൾ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള അധികാരം പ്രസിഡന്റിനാണ്. എന്നാൽ പ്രസിഡന്റ് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ (പ്രധാനമന്ത്രിയോ, ക്യാബിനറ്റ് പദവിയുള്ള മന്ത്രിമാരോ അടങ്ങുന്ന കൗൺസിലിന്റെ) തീരുമാനം പ്രസിഡന്റിനെ രേഖാമൂലമോ അല്ലാതെയോ അറിയിച്ചിരിക്കണം. പ്രസിഡന്റ് പ്രഖ്യാപിക്കുന്ന അടിയന്തിരാവസ്ഥ പാർലമെന്റിൽ അവതരിപ്പിക്കേണ്ടതും ഒരു മാസത്തിനുള്ളിൽ പാർലമെന്റിന്റെ ഇരുസഭകളും അംഗീകരിക്കുകയും വേണം. അല്ലാത്തപക്ഷം പ്രഖ്യാപനത്തിന് പ്രാബല്യം ഉണ്ടാവില്ല. അടിയന്തിരാവസ്ഥ പ്രഖ്യാപനത്തെ

തുടർന്ന്, കേന്ദ്രമന്ത്രിസഭയ്ക്ക് സംസ്ഥാനങ്ങളുടെ ഭരണനിർവ്വഹണ കാര്യത്തിൽ നിർദ്ദേശങ്ങൾ കൊടുക്കാവുന്നതും, സംസ്ഥാന നിയമസഭകളുടെ അധികാരം പാർലമെന്റിന് ഏറ്റെടുക്കാവുന്നതുമാണ്. അടിയന്തിരാവസ്ഥയിൽ പൗരന്റെ മൗലികാവകാശങ്ങൾ നിർത്തിവയ്ക്കുവാൻ പ്രസിഡന്റിന് അധികാരം ഉണ്ട്.

## പ്രവർത്തനം 20.1

ശ്രീമതി ഇന്ദിരാഗാന്ധി ഇന്ത്യയിലെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ 1975-ൽ പ്രസിഡന്റ് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരുന്നു. കാരണം ആഭ്യന്തര സുരക്ഷിതത്വത്തിനുള്ള ഭീഷണിയായിരുന്നു. ഈ നടപടി ഇപ്പോഴും വിവാദപരമായി തുടരുന്നു. 'ഇന്ത്യൻ ജനാധിപത്യത്തിലെ ഇരുണ്ടനാളുകൾ' എന്ന് നിരവധി ആളുകൾ ഈ നടപടിയെ വിശേഷിപ്പിക്കാറുണ്ട്. ഈ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിന് കാരണമായ ഘടകങ്ങൾ പുസ്തകങ്ങളിൽ നിന്നോ, ഇന്റർനെറ്റിൽ നിന്നോ, നിങ്ങളുടെ അദ്ധ്യാപകരിൽ നിന്നോ അല്ലെങ്കിൽ മറ്റ് മുതിർന്നവരിൽ നിന്നോ ശേഖരിക്കുക.

(a) ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അടിയന്തിരാവസ്ഥയെ ന്യായീകരിക്കാമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ?

(b) അടിയന്തിരാവസ്ഥ കാലഘട്ടത്തിലൂടെ ജീവിക്കുന്ന മുതിർന്നവരുമായുള്ള സംഭാഷണത്തിലൂടെ, സാധാരണക്കാരുടെ ജീവിതത്തിൽ ഉളവാക്കിയ 2 ഫലങ്ങൾ വ്യക്തമാക്കുക.

(ii) അടിയന്തിരാവസ്ഥയുടെ മറ്റൊരു സാഹചര്യം സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭരണഘടനാപരമായി ഏതെങ്കിലും സംസ്ഥാനത്ത് ഭരണ പ്രതിസന്ധി ഉണ്ടാവുമ്പോൾ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നു. സംസ്ഥാന ഗവർണ്ണറുടെ റിപ്പോർട്ട് പ്രസിഡന്റിന് തൃപ്തികരമായി അനുഭവപ്പെടുമ്പോഴോ, അല്ലെങ്കിൽ ഒരു സംസ്ഥാന ഭരണം ഭരണഘടനാനുസൃതമായി പ്രവർത്തിക്കുന്നില്ലെങ്കിലോ, പ്രസിഡന്റിന് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാവുന്നതാണ്. ഇതിനെ പ്രസിഡന്റ് ഭരണമെന്ന് അറിയപ്പെടുന്നു. പ്രസിഡന്റിന്റെ അത്തരത്തിലുള്ള പ്രഖ്യാപനം പാർലമെന്റിന്റെ ഇരുസഭകളും 2 മാസങ്ങൾക്കുള്ളിൽ അംഗീകരിച്ചിരിക്കണം. പാർലമെന്റിന്റെ അംഗീകാരം ഈ കാലയളവിൽ ലഭിച്ചിട്ടില്ലെങ്കിൽ അടിയന്തിരാവസ്ഥ പ്രഖ്യാപനം റദ്ദായതായി കണക്കാക്കും. എന്നാൽ പാർലമെന്റിന്റെ ഇരുസഭകളിലും അംഗീകാരം ലഭിച്ചാൽ അതിന്റെ പ്രാബല്യം ഒരു പ്രാവശ്യം 6 മാസത്തിൽ കൂടുതലും, പരമാവധി 3 വർഷത്തിൽ കൂടുതലും ഉണ്ടായിരിക്കില്ല. ഈ കാലയളവിൽ സംസ്ഥാന നിയമസഭ ഒന്നുകിൽ പിരിച്ചുവിടുകയോ അല്ലാത്തപക്ഷം പ്രവർത്തനരഹിതമായി നിലനിർത്തുകയോ ചെയ്യും. പ്രസ്തുത സംസ്ഥാനത്തിന്റെ ഭരണം ഇന്ത്യൻ പ്രസിഡന്റിനുവേണ്ടി ഗവർണർ നിർവ്വഹിക്കും. ഈ പ്രത്യേക സംസ്ഥാനത്തിനുവേണ്ടി കേന്ദ്ര പാർലമെന്റിന് നിയമങ്ങൾ പാസ്സാക്കാം.

## പ്രവർത്തനം 20.2

നിങ്ങളുടെ സംസ്ഥാനത്ത് എന്നെങ്കിലും പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക. നിങ്ങളുടെ സംസ്ഥാനത്ത് ഒരിക്കലും പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ, മറ്റ് ഏതെങ്കിലും സംസ്ഥാനത്തിന്റെ വിവര

ങ്ങൾ ശേഖരിക്കുക. വിവരങ്ങൾ ലഭിക്കുന്നതിന് ഒന്നുകിൽ പുസ്തകങ്ങൾ നോക്കുക, അല്ലെങ്കിൽ നിങ്ങളുടെ അദ്ധ്യാപകരിൽ നിന്നോ, ട്യൂട്ടർമാരിൽ നിന്നോ, ഇന്റർനെറ്റിൽ നിന്നോ വിവരങ്ങൾ ശേഖരിക്കുക. **പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുന്നതിന് ഇടയാക്കിയ 2 -3 കാരണങ്ങൾ എഴുതുക. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ പിരിച്ചുവിട്ട ഗവൺമെന്റ് തന്നെ അധികാരത്തിൽ വന്നുവോ?**

(iii) മൂന്നാമത്തെ അടിയന്തിരാവസ്ഥയെ 'സാമ്പത്തിക അടിയന്തിരാവസ്ഥ' എന്ന് വിളിക്കുന്നു: ഈ സാഹചര്യം ഉണ്ടാവുന്നത് ഇന്ത്യയിൽ സാമ്പത്തിക അസ്ഥിരതയോ അല്ലെങ്കിൽ ഇന്ത്യയുടെ വായ്പതുകയിൽ പ്രതിസന്ധിയോ അല്ലെങ്കിൽ രാഷ്ട്രത്തിന്റെ ഏതെങ്കിലും ഭാഗത്ത് സാമ്പത്തിക ഭീഷണി ഉണ്ടാവുമ്പോഴോ ആകുന്നു. മറ്റു വിധത്തിലുള്ള അടിയന്തിരാവസ്ഥ പ്രഖ്യാപനം പോലെ, സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപനവും പാർലമെന്റ് 2 മാസത്തിനുള്ളിൽ അംഗീകരിച്ചിരിക്കണം. ഒരിക്കൽ അംഗീകരിച്ചുകഴിഞ്ഞാൽ അതിന്റെ സാധുത പ്രഖ്യാപനം പിൻവലിക്കുന്നതുവരെ ഉണ്ടാകും. ഈ സാഹചര്യത്തിൽ രാജ്യത്തെ എല്ലാ ഗവൺമെന്റ് ഉദ്യോഗസ്ഥരുടെയും സുപ്രീംകോടതി ജഡ്ജിമാരുടെയും ഹൈക്കോടതി ജഡ്ജിമാരുടെയും വേതനത്തിൽ കുറവുചെയ്യുവാൻ പ്രസിഡന്റിന് അധികാരമുണ്ട്. ഇന്ത്യയിൽ ഇതുവരെയും സാമ്പത്തിക അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിട്ടില്ല.

## ? നിങ്ങൾക്കറിയാമോ

(i) 1962-ൽ ഇന്ത്യാ-ചൈനയുദ്ധം ഉണ്ടായപ്പോൾ ഒന്നാമതു പറഞ്ഞ വിഭാഗത്തിൽപ്പെട്ട അടിയന്തിരാവസ്ഥ ഇന്ത്യയിൽ ആദ്യമായി പ്രഖ്യാപിച്ചു; 1965-ൽ ഇന്ത്യ-പാകിസ്ഥാൻ യുദ്ധം ഉണ്ടായപ്പോൾ 2-ാം പ്രാവശ്യം അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. മൂന്നാമത്തെ പ്രാവശ്യം അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത് 1971-ലാണ്. ഈ സാഹചര്യം ഉണ്ടായത് കിഴക്കൻ പാകിസ്ഥാൻ ബംഗ്ലാദേശ് എന്നപേരിൽ ഒരു സ്വതന്ത്രരാജ്യമാകുന്നതിന് 1971-ൽ ഇന്ത്യ പിന്തുണ നൽകിയപ്പോഴാണ്. 1975-ൽ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കേന്ദ്രമന്ത്രിസഭ, 'ആഭ്യന്തര പ്രതിസന്ധി'യുടെ പശ്ചാത്തലത്തിൽ പ്രസിഡന്റിനോട് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുവാൻ ശുപാർശ ചെയ്തപ്പോഴാണ് നാലാമത്തെ പ്രാവശ്യം ഇന്ത്യയിൽ അടിയന്തിരാവസ്ഥ ഉണ്ടായത്.

(ii) 2-ാം വിഭാഗത്തിൽപ്പെടുന്ന അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ, കേന്ദ്രമന്ത്രിസഭയ്ക്ക് അസാധാരണമായ അധികാരം നൽകും. ഈവിധത്തിലുള്ള അടിയന്തിരാവസ്ഥ ആദ്യമായി പ്രഖ്യാപിക്കുന്നത് 1951-ൽ പഞ്ചാബിലാണ്. തുടർന്ന് 1959-ൽ കേരളത്തിലും ഉണ്ടായി. പിൽക്കാലത്ത് ഈ അധികാരം തുടരെ തുടരെ ഉപയോഗിച്ചിട്ടുണ്ട്. കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയപാർട്ടിയുടെ താൽപര്യപ്രകാരം സംസ്ഥാനങ്ങൾ ഭരിക്കുന്ന മറ്റ് രാഷ്ട്രീയപാർട്ടികളുടെ ഗവൺമെന്റിനെ ദുർബ്ബലപ്പെടുത്തുവാൻ പ്രസിഡന്റ് ഈ അധികാരം ദുർവിനിയോഗം ചെയ്യുന്നു എന്ന ആരോപണങ്ങളും ഉയർന്നിട്ടുണ്ട്. ഭരണഘടനയുടെ 356-ാം വകുപ്പ് ഈവിധത്തിലുള്ള അടിയന്തിരാവസ്ഥയെ സംബന്ധിച്ച് പറയുന്നുണ്ട്. ഇതിൽ ഉൾപ്പെട്ട അധികാരത്തിലൂടെയാണ് സംസ്ഥാനങ്ങളിൽ പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുന്നത്. ഏതെങ്കിലും സംസ്ഥാനത്ത് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തിയാൽ, തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന ഗവൺമെന്റിനെ നിർജ്ജീവമാക്കി നിലനിർത്തും. അവിടുത്തെ ഭരണം സംസ്ഥാന ഗവർണ്ണർ ഏറ്റെടുക്കും. സംസ്ഥാനങ്ങളുടെ മേൽ

കേന്ദ്രത്തിന് കൂടുതൽ അധികാരം നൽകുന്ന ഭരണഘടനയുടെ 356-ാം വകുപ്പ് ജനാധിപത്യപരമല്ല എന്ന് നിരവധി ആളുകൾ ചിന്തിക്കുന്നതിനാൽ ഈ വകുപ്പ് വിവാദമായി തുടരുന്നു. വിഖ്യാതമായ എസ്സ്.ആർ.ബൊമ്മൈ v. കേന്ദ്രഗവണ്മെന്റ് കേസിൽ ഭരണഘടനയുടെ 356-ാം വകുപ്പിൽ അധികാരം ദുർവിനിയോഗം ചെയ്യുന്നത് സുപ്രീംകോടതി തടയുകയും ഏതെങ്കിലും സംസ്ഥാനത്ത് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തുന്നതിന് കർശനനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

### 20.1.4 പ്രസിഡന്റിന്റെ പദവി

കേന്ദ്ര ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പാർലമെന്റിലോ, പത്രങ്ങളിലോ, അല്ലെങ്കിൽ ടെലിവിഷനിലോ പരാമർശിക്കുമ്പോൾ പ്രധാന മന്ത്രിയേയും മന്ത്രിസഭാ കൗൺസിലിനേയും പലപ്പോഴും കൂടുതൽ പരാമർശിക്കുന്നത് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടാവും? എന്നാൽ ഇന്ത്യൻ ഭരണ ഘടനാപ്രകാരം എല്ലാ കാര്യനിർവ്വഹണാധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമാണ്. പ്രസിഡന്റിന്റെ അടിയന്തിരാവശ്യ അധികാരങ്ങൾ വിപുലമാണ്. ഇതിന്റെ അർത്ഥം പ്രസിഡന്റും അധികാരങ്ങളിൽ കരുത്തനാണെന്നാണോ? എന്നാൽ ഭരണഘടനാപരമായി വാസ്തവത്തിൽ പ്രസിഡന്റ്, നാമമാത്രമായ ഒരു രാഷ്ട്രത്തലവൻ മാത്രം ആണ്. രാഷ്ട്രഭരണം പ്രസിഡന്റിന്റെ പേരിലാണെങ്കിലും ഇന്ത്യൻ ഭരണഘടനാ പ്രകാരം, പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശ പ്രകാരവും സഹായത്തോടും കൂടിയാണ് പ്രസിഡന്റ് ഭരണം നടത്തേണ്ടത്. അത് ഒരു വെറും ഉപദേശമല്ല, എന്നാൽ ബാധ്യസ്ഥനാക്കുന്ന ഉപദേശമാണ്. ഇത് വെളിവാക്കുന്നത് ഗവൺമെന്റിലെ യഥാർത്ഥ ഭരണാധികാരികൾ പ്രധാനമന്ത്രിയും മന്ത്രിസഭാ കൗൺസിലും ആകുന്നു എന്നതാണ്. എല്ലാ തീരുമാനങ്ങളും എടുക്കുന്നത് പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലാണ്. തീരുമാനങ്ങൾ പ്രസിഡന്റിനെ അറിയിക്കേണ്ടതുണ്ട്. അതുപോലെ അടിയന്തിര അധികാരങ്ങളും പ്രസിഡന്റിന് യഥാർത്ഥ അധികാരം നൽകുന്നില്ല.

"ബ്രിട്ടീഷ് രാജാവിനും രാജ്ഞിക്കും ബ്രിട്ടീഷ് ഭരണഘടനാ പ്രകാരം എന്ത് പദവിയാണോ നൽകിയിരിക്കുന്നത് അതേ പദവി തന്നെ ഇന്ത്യൻ ഭരണഘടനാപ്രകാരം ഇന്ത്യയിലെ പ്രസിഡന്റിനും നൽകിയിരിക്കുന്നു. പ്രസിഡന്റ് രാഷ്ട്രത്തലവനാണ്. എന്നാൽ ഭരണനിർവ്വാഹകൻ അല്ല. രാഷ്ട്രത്തെ പ്രതിനിധാനം ചെയ്യുന്നു, എന്നാൽ രാഷ്ട്രം ഭരിക്കുന്ന ആളല്ല. ഭരണനിർവ്വഹണത്തിൽ അദ്ദേഹം നാമമാത്ര തലവനാണ്. രാഷ്ട്രത്തിന്റെ തീരുമാനങ്ങൾ അദ്ദേഹത്തിൽക്കൂടിയാണ്."

**– ഡോ. ബി.ആർ. അംബേദ്കർ**

(ഭരണഘടനാഅസംബ്ലിയിൽ പ്രസ്താവിച്ചത്)



മേൽ പറഞ്ഞ പ്രസ്താവനയുടെ വെളിച്ചത്തിൽ ഏതാനും ഭരണഘടനാ വിദഗ്ധർ ഇന്ത്യൻ പ്രസിഡന്റിനെ ഒരു 'റബ്ബർ സ്റ്റാമ്പ്' ആയി താരതമ്യം ചെയ്യുന്നു. എന്നാൽ ഈ നിഗമനവും വാസ്തവമല്ല. ഇന്ത്യൻ ഭരണഘടന സജീവമാക്കി നിലനിർത്തുന്നതും, സംരക്ഷിക്കുന്നതും, പ്രതിരോധിക്കുന്നതും പ്രസിഡന്റിന്റെ ചുമതലയാണ്. ഭരണഘടനയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇന്ത്യയിലെ ജനാധിപത്യ പ്രക്രിയകളുടെ സൂക്ഷിപ്പുകാരൻ

പ്രസിഡന്റാണ്. അനിശ്ചിതമായ രാഷ്ട്രീയ സാഹചര്യങ്ങളിൽ ഗവൺമെന്റ് രൂപീകരണത്തിൽ പ്രസിഡന്റിന് ഒരു നിർണ്ണായക പങ്കുണ്ട്. പ്രസിഡന്റിന്റെ അധികാരങ്ങളും പദവിയും ഉറപ്പായി പറഞ്ഞിട്ടുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും, യഥാർത്ഥത്തിൽ പ്രസിഡന്റ്, നാമപരമായി, ഭരണഘടനാ പ്രകാരമുള്ള ഒരു തലവൻ മാത്രമാണ്. നമ്മുടെ ഭരണഘടനാ സംവിധാനത്തിൽ പ്രസിഡന്റ് ഉയർന്ന പദവികളും അന്തസ്സും, പ്രശസ്തിയും അലങ്കരിക്കുന്നു, എന്നാൽ യഥാർത്ഥ അധികാരിയുമല്ല.

## നിങ്ങൾക്കറിയാമോ

### വൈസ്പ്രസിഡന്റിനെ സംബന്ധിച്ച ഏതാനും വസ്തുതകൾ:

നമ്മൾ മുൻപ് ചർച്ച ചെയ്തതുപോലെ പ്രസിഡന്റിന്റെ മരണംമൂലമോ രാജിമൂലമോ അല്ലെങ്കിൽ നീക്കപ്പെടുകയോ ചെയ്യുമ്പോൾ പ്രസിഡന്റ് സ്ഥാനം ഒഴിവായാൽ ഇന്ത്യൻ വൈസ്പ്രസിഡന്റ് പ്രസിഡന്റായി ചുമതല നിർവ്വഹിക്കും. ഭരണഘടനാ പ്രകാരം രാജ്യസഭയുടെ 'എക്സ്-ഒഫീഷ്യോ ചെയർമാൻ' അഥവാ പദവികൊണ്ട് ചെയർമാനാണ്. വൈസ്പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് പാർലമെന്റിലെ ഇരുസഭകളിലെയും അംഗങ്ങൾ അടങ്ങിയ 'ഇലക്ടറൽ കോളേജ്' ആണ്. ആനുപാതിക പ്രാതിനിധ്യ വോട്ടിംഗ് സമ്പ്രദായത്തിലൂടെ, ഒരു വ്യക്തിക്ക് ഏകവോട്ട് രീതിയിൽ രഹസ്യബാലറ്റിലൂടെയാണ് വൈസ്പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത്. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടാനുള്ള അതേ യോഗ്യതകൾ തന്നെയാണ് വൈസ്പ്രസിഡന്റിനും ഉണ്ടായിരിക്കേണ്ടത്. ലോക്സഭയിലെ സ്പീക്കർ നിർവ്വഹിക്കുന്ന ചുമതല പോലെ, വൈസ്പ്രസിഡന്റിന്റെ പ്രധാന ചുമതലയും രാജ്യസഭയുടെ സമ്മേളനങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നതാണ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 20.2

(i) രണ്ടാം വിഭാഗത്തിലുള്ള അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നത് എങ്ങനെയാണ്? സംസ്ഥാനത്ത് അതിന്റെ അനന്തരഫലം എന്താണ്?

(ii) പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭാ കൗൺസിലിന് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിൽ ഉള്ള പങ്ക് എന്താണ്?

(iii) കൂട്ടുകക്ഷി ഭരണത്തിന്റെ കാലഘട്ടത്തിൽ പ്രസിഡന്റിന്റെ പദവി കൂടുതൽ ഫലപ്രദമാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? കാരണങ്ങൾ വ്യക്തമാക്കുക.

(iv) താഴെ പറയുന്ന പ്രസ്താവനകളിൽ ഏതൊക്കെ ശരിയും ഏതൊക്കെ തെറ്റും ആണ്?

(a) ഗവൺമെന്റിന്റെ യഥാർത്ഥ തലവൻ പ്രസിഡന്റാണ്.

(b) പ്രസിഡന്റ് ഒരു റബ്ബർ സ്റ്റാമ്പ് മാത്രം ആണ്.

(c) പ്രസിഡന്റ് ഭരിക്കുകയോ ഭരണമേധാവിയോ അല്ല.

(d) ഇന്ത്യൻ ഭരണഘടനയെ സജീവമാക്കി നിലനിർത്തുന്നതും, സംരക്ഷിക്കുന്നതും പ്രതിരോധിക്കുന്നതും പ്രസിഡന്റാണ്.

കുറിപ്പുകൾ

## 20.2 പ്രധാനമന്ത്രി

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ആരായിരുന്നു എന്ന് നിങ്ങൾക്ക് അറിയാമോ? അതെ! ചാച്ചാ നെഹ്റു ആയിരുന്നു. അതായത് ജവഹർലാൽ നെഹ്റു. ഈ സുപ്രധാന പദവി ഏറ്റെടുക്കുമ്പോൾ അദ്ദേഹം ചിന്തിച്ചത് എന്തായിരുന്നുവെന്ന് നിങ്ങൾ ആലോചിക്കുന്നുണ്ടോ? ഇന്ത്യയ്ക്ക് അന്ന് ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചതേയുള്ളൂ എന്ന് ഓർക്കുക. അദ്ദേഹം നേരിട്ട വെല്ലുവിളികൾ എന്തൊക്കെ ആയിരുന്നു? അദ്ദേഹത്തിന്റെ തന്നെ വാക്കുകൾ ഇതാ! (അദ്ദേഹത്തിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിൽ നിന്ന്) 'ഇന്ത്യ ഒരു ദരിദ്ര രാഷ്ട്രമല്ല, രാഷ്ട്രം ധന്യ സമൃദ്ധിയായി, ധന്യമായിരിക്കുവാനുള്ളതെല്ലാം ഇന്ത്യയ്ക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ആളുകൾ വളരെ ദരിദ്രരാണ്... ഇന്ത്യയ്ക്ക് വിഭവങ്ങളും ബുദ്ധിയുമുണ്ട്. വേഗത്തിൽ മുന്നേറാനുള്ള സാങ്കേതിക മികവും കഴിവും ഉണ്ട്.' അദ്ദേഹം ഇപ്രകാരം കൂട്ടിച്ചേർത്തു. നാം സമത്വം ലക്ഷ്യമിടണം. തുല്യ അവസരം എല്ലാവർക്കും നൽകണമെന്നു മാത്രമല്ല, പിന്നോക്ക വിഭാഗങ്ങൾക്ക് അവരുടെ മുൻപിൽ പായുന്നവരുടെ ഒപ്പമെത്താനുള്ള വിദ്യാഭ്യാസപരവും, സാമ്പത്തികവും സാംസ്ക്കാരിക വളർച്ചയ്ക്ക് സഹായകരവുമായ പ്രത്യേക അവസരങ്ങളും നൽകണം. ഇന്ത്യയിലെ എല്ലാവർക്കും തുല്യ അവസരങ്ങളുടെ വാതായനങ്ങൾ തുറന്നുകൊടുക്കുന്ന ഏതു ശ്രമവും, രാഷ്ട്രത്തിന്റെ ആശ്ചര്യകരമായ വേഗത്തിലുള്ള പരിവർത്തനത്തിന് സഹായകരമായിത്തീരുകയും ധാരാളം ഊർജ്ജത്തെ പ്രദാനം ചെയ്യുകയും ചെയ്യും.' രാഷ്ട്രത്തെ മുമ്പോട്ടു നയിക്കാനുള്ള ഒരു വലിയ ചുമതല. പ്രധാനമന്ത്രി എന്ന നിലയിൽ നെഹ്റു ഏറ്റെടുത്തു.

നിങ്ങൾ ടെലിവിഷൻ വാർത്തയോ, റേഡിയോ വാർത്തയോ ശ്രദ്ധിക്കു മ്പോൾ കേന്ദ്രഗവൺമെന്റിലുള്ള മറ്റ് ഏത് ഓഫീസിനേക്കാൾ, ഇപ്പോഴും കൂടുതൽ കേൾക്കുന്നത് പ്രധാനമന്ത്രിയെ കുറിച്ചാണ്. വാസ്തവത്തിൽ, കേന്ദ്രഗവൺമെന്റിലെ ഏറ്റവും പ്രധാനപ്പെട്ട ഭരണചുമതല നിർവ്വഹിക്കുന്നത് പ്രധാനമന്ത്രിയാണ്. ഇന്ത്യൻ ഭരണഘടന പരിശോധിച്ചാൽ എല്ലാ അധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കുന്ന ഒരു വ്യത്യസ്ത ചിത്രമാണ് ലഭിക്കുന്നത്. എന്നാൽ, ഒരു വകുപ്പ് സാഹചര്യങ്ങളെ വ്യത്യസ്തമാക്കുന്നു. ഭരണഘടന പ്രകാരം, പ്രസിഡന്റിന് ഉപദേശം നൽകുവാനും, പ്രസിഡന്റ് അതുപ്രകാരം പ്രവർത്തിക്കുന്നതിനുമായി, പ്രധാനമന്ത്രി തലവനായിട്ടുള്ള ഒരു മന്ത്രിസഭാ കൗൺസിൽ ഉണ്ടായിരിക്കണം. വാസ്തവത്തിൽ പ്രധാനമന്ത്രി നേതൃത്വം കൊടുക്കുന്ന ഒരു മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശങ്ങൾ സ്വീകരിക്കുവാൻ പ്രസിഡന്റ് ബാദ്ധ്യസ്ഥനാണ്. കേന്ദ്ര ഭരണകാര്യ നിർവ്വഹണ നടത്തിപ്പിന്റെ യഥാർത്ഥ തലവൻ പ്രധാനമന്ത്രിയാണ്.

പ്രധാനമന്ത്രിയെ നിയമിക്കുന്നത് പ്രസിഡന്റാണ്. എന്നാൽ ലോക്സഭ യിലെ ഭൂരിപക്ഷ പാർട്ടിയുടെ നേതാവിനെ മാത്രമേ പ്രധാനമന്ത്രിയാകുവാൻ ക്ഷണിക്കുകയുള്ളൂ. മുൻപ് ലോക്സഭയിൽ കേവല ഭൂരിപക്ഷമുള്ള രാഷ്ട്രീയ പാർട്ടിയുടെ നേതാവിനെ പ്രധാനമന്ത്രിയായി നിയമിച്ചിരുന്നു. എന്നാൽ കൂട്ടുകക്ഷി ഭരണം നിലവിൽ വന്നതോടെ ലോക്സഭയിലെ ഭൂരിപക്ഷമുള്ള കൂട്ടുകക്ഷിയുടെ നേതാവിനെ പ്രധാനമന്ത്രിയാകുവാൻ ക്ഷണിക്കുന്ന രീതി നിലവിൽവന്നു. അപ്രകാരം ക്ഷണിക്കപ്പെടുന്ന വ്യക്തി ലോക്സഭയിലെ ഒരംഗം ആയിരിക്കണം. എന്നാൽ പ്രധാനമന്ത്രിയായി നിയമിക്കപ്പെടുമ്പോൾ ലോക്സഭാംഗം അല്ലെങ്കിൽ നിയമിക്കപ്പെടുന്ന സമയം മുതൽ 6 മാസത്തിനുള്ളിൽ ലോക്സഭയിലെ അംഗമായിത്തീരണം.

**? നിങ്ങൾക്കറിയാമോ**

നിയമനിർമ്മാണസഭയിലെ അംഗങ്ങൾ ഉൾപ്പെട്ട ഗവൺമെന്റിൽ ഒന്നിലധികം രാഷ്ട്രീയപാർട്ടികൾ ഉണ്ടെങ്കിൽ കൂട്ടുകക്ഷി ഗവൺമെന്റ് എന്ന് പറയുന്നു. 1967-ലെ പൊതു

തെരഞ്ഞെടുപ്പിന് ശേഷം ഏതാനും സംസ്ഥാനങ്ങളിൽ കൂട്ടുകക്ഷിഭരണം നിലവിൽ വന്നു. മുഖ്യമായും കോൺഗ്രസ്സിതര മന്ത്രിസഭകളാണ് അധികാരത്തിൽ വന്നത്. കേന്ദ്ര ത്തിലാകട്ടെ 1977-ലെ തെര ഞ്ഞെടുപ്പിനെ തുടർന്ന് ജനതാപാർട്ടി ഗവൺമെന്റിന്റെ കൂട്ടുകക്ഷി ഭരണം നിലവിൽവന്നു. താഴെ പറയുന്ന കൂട്ടുകക്ഷി ഗവൺമെന്റുകൾ (തിരിച്ചറിയുവാൻ പ്രധാനമന്ത്രിയുടെ പേര് നൽകിയിരിക്കുന്നു) രൂപീകരിച്ചു.

| | | |
|---|---|---|
| ഒന്നാമത്തേത് | : മൊറാർജി ദേശായി | 1977 - 1979 |
| രണ്ടാമത്തേത് | : ചൗധരി ചരൺസിംഗ് | 1979 - 1980 |
| മൂന്നാമത്തേത് | : വി.പി.സിംഗ് | 1989 - 1990 |
| നാലാമത്തേത് | : ചന്ദ്രശേഖർ | 1990 - 1991 |
| അഞ്ചാമത്തേത് | : എ.ബി.വാജ്പേയി | 1991 - 1996 |
| ആറാമത്തേത് | : എച്ച്.ഡി.ദേവഗൗഡ | 1996 - 1997 |
| ഏഴാമത്തേത് | : ഐ.കെ.ഗുജ്റാൾ | 1997 - 1998 |
| എട്ടാമത്തേത് | : എ.ബി.വാജ്പേയി | 1998 - 1999 |
| ഒമ്പതാമത്തേത് | : എ.ബി.വാജ്പേയി | 1999 - 2004 |
| പത്താമത്തേത് | : മൻമോഹൻസിംഗ് | 2004 - 2009 |
| പതിനൊന്നാമത്തേത് | : മൻമോഹൻസിംഗ് | 2009 - |

(എൻ.ഡി.എ) (N.D.A), (യു.പി.എ) (U.P.A) ഇവ രണ്ടും ആയിരുന്നു പ്രധാന കൂട്ടുകക്ഷി മന്ത്രിസഭയ്ക്ക് നേതൃത്വം കൊടുത്തിരുന്നത്.

പ്രത്യേക പരാമർശം ഇല്ല എങ്കിലും, പ്രധാനമന്ത്രി കേന്ദ്രഭരണത്തിലെ തലവൻ തന്നെയാണ്. ഭരണഘടനയിലെ ഏക വകുപ്പ് ഇപ്രകാരം പറയുന്നു. പ്രധാനമന്ത്രി തലവനായുള്ള മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശത്താലും സഹായത്താലും പ്രസിഡന്റ് അധികാരങ്ങൾ ഉപയോഗിക്കണം. ഈ ഉപദേശ പ്രകാരം പ്രസിഡന്റ് അധികാരങ്ങൾ നടത്തുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ, യഥാർത്ഥത്തിൽ മന്ത്രിസഭാ കൗൺസിൽ രൂപീകരിക്കുന്നതും മന്ത്രിമാരെ ഒഴിവാക്കുന്നതും പ്രധാനമന്ത്രിയാണ്. പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം മാത്രമേ പ്രസിഡന്റ് മന്ത്രിമാരെ നിയമിക്കുകയുള്ളൂ. മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിക്കുന്നത് പ്രധാനമന്ത്രിയാണ്. മന്ത്രിസഭാ കൗൺസിലിൽ അദ്ധ്യക്ഷത വഹിക്കുന്നതും, തീരുമാനങ്ങൾ പ്രസിഡന്റിനെ അറിയിക്കുന്നതും പ്രധാന മന്ത്രിയാണ്. ഇപ്രകാരം പ്രധാനമന്ത്രി, മന്ത്രിസഭാ കൗൺസിലിന്റെയും പ്രസിഡന്റിന്റെയും പ്രധാന കണ്ണി / ശൃംഗലയായി പ്രവർത്തിക്കുന്നു. ഏതെങ്കിലും കാരണത്താൽ പ്രധാനമന്ത്രി രാജി വച്ച് ഒഴിഞ്ഞാൽ, മന്ത്രിസഭാ കൗൺസിൽ പിരിച്ചുവിട്ടതായി കണക്കാക്കപ്പെടുന്നു. മന്ത്രിസഭാ കൗൺസിൽ പിരിച്ചുവിടുന്നതിനും പുതിയ തെരഞ്ഞെടുപ്പ് നടത്തുവാനും പ്രസിഡന്റിനോട് ശുപാർശചെയ്യുന്നതും പ്രധാനമന്ത്രിയാണ്. വാസ്തവത്തിൽ പ്രധാനമന്ത്രി ഭൂരിപക്ഷകക്ഷിയുടെ നേതാവ് മാത്രമല്ല അല്ലെങ്കിൽ പാർലമെന്റിന്റെ നേതാവു മാത്രമല്ല രാജ്യത്തിന്റെ നേതാവ് കൂടിയാണ്. പ്രധാനമന്ത്രിയുടേത് അധികാരങ്ങൾ ഉള്ള ഓഫീസ് ആണ്. പ്രസിഡന്റിന്റെയാകട്ടെ പദവിയുടേതും, ആദരവിന്റേതും അഭിമാനത്തിന്റേതുമാണ്. പ്രധാനമന്ത്രിയെന്ന നിലയിൽ ആസൂത്രണ കമ്മീഷന്റെ എക്സ-ഓഫീഷ്യോ ചെയർമാൻ, പദവികൊണ്ട് അദ്ദേഹം / അവർ ആയിരിക്കും. അതുപോലെ ദേശീയ വികസന കൗൺസിലിന്റെ ചെയർമാനും പ്രധാനമന്ത്രിയാണ്. അന്താരാഷ്ട്ര കോൺഫറൻസുകളിൽ ഗവൺമെന്റിന്റെ തലവനായി പ്രധാനമന്ത്രിയാണ് പ്രതിനിധാനം ചെയ്യുന്നത്.






**ചിത്രം 20.4** *മന്ത്രിസഭാ കൗൺസിലിലെ അംഗങ്ങൾ സത്യപ്രതിജ്ഞ എടുക്കുന്നു (2009)*

### 20.2.2 കേന്ദ്രമന്ത്രിസഭാ കൗൺസിൽ

നിങ്ങൾ, മുൻപ് വായിച്ചതുപോലെ നമ്മുടെ ഭരണഘടന ഇപ്രകാരം പ്രസ്താവിക്കുന്നു. 'പ്രസിഡന്റിനെ ഉപദേശിക്കുവാനും, സഹായിക്കുവാനുമായി, പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള ഒരു മന്ത്രിസഭാ കൗൺസിൽ ഉണ്ടായിരിക്കും. പ്രസിഡന്റ് അധികാരങ്ങൾ നടപ്പിലാക്കുന്നത്, മന്ത്രിസഭാ കൗൺ സിലിന്റെ ഉപദേശപ്രകാരം ആയിരിക്കും. എന്നാൽ മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശങ്ങൾ പൊതുവായി പുനഃപരിശോധിക്കുവാൻ പ്രസിഡന്റിന് ആവശ്യപ്പെടാം. അപ്രകാരം പുനഃപരിശോധിച്ച ഉപദേശങ്ങൾ പ്രസിഡന്റ് സ്വീകരിച്ച് ചുമതലകൾ നിർവ്വഹിക്കുന്നു.'

മന്ത്രിസഭാ കൗൺസിലിലെ അംഗങ്ങളെ നിയമിക്കുന്നത് പ്രസിഡന്റ് ആണ്. ഇത് പ്രധാനമന്ത്രിയുടെ ഉപദേശപ്രകാരം ആണ്. മന്ത്രിസഭാ കൗൺസിൽ മൂന്ന് വിഭാഗത്തിൽപ്പെട്ടവരാണ് - ക്യാബിനറ്റ് മന്ത്രിമാർ, സ്റ്റേറ്റ് മന്ത്രിമാർ, ഡപ്യൂട്ടി മന്ത്രിമാർ - ഇവർ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഒരു ഗണം ആയി പ്രവർത്തിക്കുന്നു. പ്രസിഡന്റിന്റെ സൗഹാർദ്ദത്തിൽ മന്ത്രിമാർ പ്രവർത്തിക്കുന്നു. ലോക്സഭയിലെ ഭൂരിപക്ഷം ഉള്ളിടത്തോളം മന്ത്രിമാരെ നീക്കംചെയ്യുവാൻ പറ്റില്ല. വാസ്തവത്തിൽ, ഭരണഘടനാ പ്രകാരം മന്ത്രിമാർ ലോക്സഭയോട് കൂട്ടുത്തരവാദിത്തത്തിൽ പ്രവർത്തിക്കുന്നു. ലോക്സഭയിൽ ഒരു അവിശ്വാസ പ്രമേയം മന്ത്രിസഭയ്ക്ക് എതിരെ പാസ്സായാൽ പ്രധാനമന്ത്രി ഉൾപ്പെടെ മന്ത്രിസഭാ കൗൺസിൽ രാജിവയ്ക്കണം. മന്ത്രിസഭാ കൗൺസിലിന് എതിരായി ഉപക്ഷേപം ലോക്സഭയിലെ അംഗങ്ങൾ ലോക്സഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കുന്നതിനെ അവിശ്വാസപ്രമേയം (no confidence motion) എന്നു പറയുന്നു. അതുകൊണ്ടാണ് 'മന്ത്രിസഭ ഒന്നിച്ചാണ് മുങ്ങുന്നതും നീന്തുന്നതും' എന്നു പറയുന്നത്.

മന്ത്രിസഭാ കൗൺസിലിന്റെ ചുമതലകൾ, ഏറെക്കുറെ പ്രധാനമന്ത്രിയുടെ ചുമതലകൾക്ക് സമാനമാണ്. ക്യാബിനറ്റിന്റെ അഥവാ മന്ത്രിസഭാ കൗൺസിലിന്റെ നടപടിക്രമങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നു. മന്ത്രിസഭാ കൗൺസിൽ ഒരു വലിയ സമിതിയാണ്. ഏറ്റവും ഉയർന്ന വിഭാഗത്തിൽപ്പെടുന്ന ക്യാബിനറ്റ് പദവിയിലുള്ളവർ അടുത്തകാലത്ത് 20-25 മന്ത്രിമാർ വരെ ഉണ്ട്. അടുത്ത വിഭാഗത്തിൽപ്പെടുന്നവർ സ്റ്റേറ്റ് മന്ത്രിമാരാണ്. ഇതിൽ ഏതാനും മന്ത്രിമാർക്ക് സ്വതന്ത്രചുമതലയും ബാക്കിയുള്ളവർ ക്യാബിനറ്റ് പദവിയിലുള്ള മന്ത്രി മാരുമായി ചേർന്ന് ചുമതലകൾ നിർവ്വഹിക്കുന്നു. അടുത്ത വിഭാഗത്തിൽ പ്പെടുന്ന ഡെപ്യൂട്ടി (ഉപ) മന്ത്രിമാർ ക്യാബിനറ്റ് പദവിയിലുള്ള മന്ത്രിമാരുമായോ സ്റ്റേറ്റ് മന്ത്രിമാരുമായോ ബന്ധപ്പെട്ടിരിക്കും. ക്യാബിനറ്റ് മീറ്റിംഗിൽ ക്യാബിനറ്റ് പദവിയിലുള്ളവർ മുഖ്യമായും പങ്കെടുക്കുന്നു. ആവശ്യമെങ്കിൽ സ്റ്റേറ്റ് മന്ത്രിമാരേയും മീറ്റിംഗിലേക്ക് ക്ഷണിക്കും.

### 20.2.3 പ്രധാനമന്ത്രിയുടെ പദവി

മേൽപറഞ്ഞിരിക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ, കേന്ദ്രമന്ത്രിസഭയിൽ പ്രധാനമന്ത്രിക്ക് മർമ്മപ്രധാനമായ ഒരു പദവി ഉണ്ടെന്ന് വ്യക്തമാകും. പാർലമെന്റിൽ ഗവൺമെന്റിന്റെ നയങ്ങളെ പ്രതിരോധിക്കുന്നതും ഗവൺമെന്റിന്റെ വക്താവുമായും പ്രധാനമന്ത്രി പ്രവർത്തിക്കുന്നു. അദ്ദേഹത്തിനൊപ്പം മന്ത്രിസഭാ കൗൺസിൽ ഒരു കൂട്ടമായി പ്രവർത്തിക്കുന്നു. ആവശ്യമായ വേളകളിലുള്ള പ്രവർത്തനങ്ങൾക്കും, ആവശ്യങ്ങളായ നയപരിപാടികൾക്കും രാഷ്ട്രം ഉറ്റുനോക്കുന്നത് പ്രധാനമന്ത്രിയെ ആണ്. എല്ലാ അന്താരാഷ്ട്ര തീരുമാനങ്ങളും ഉടമ്പടികളും ഉണ്ടാക്കുന്നത് പ്രധാനമന്ത്രിയുടെ സമ്മതപ്രകാരമാണ്. പാർലമെന്റിലും ഗവൺമെന്റിലും പ്രധാനമന്ത്രിക്ക് ഒരു പ്രത്യേക പദവി ഉണ്ട്. വളരെ ശ്രദ്ധാപൂർവ്വം പ്രധാനമന്ത്രി മന്ത്രിസഭാ കൗൺസിലിലെ മന്ത്രിമാരെ തീരുമാനിക്കുകയും അവരിൽനിന്നും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ ഒരു കൂട്ടുകക്ഷി ഭരണസമ്പ്രദായത്തിൽ പ്രധാനമന്ത്രി സമാനരായ രാഷ്ട്രീയപാർട്ടികളിൽ നിന്നും സഹായം അഭ്യർത്ഥിക്കുന്നത് വാസ്തവമാണ്. കഴിഞ്ഞ 10-12 വർഷങ്ങളിലെ അനുഭവത്തിൽ നിന്നും മനസ്സിലാകുന്നത് ഇപ്രകാരമുള്ള സാഹചര്യങ്ങളിൽ പ്രധാനമന്ത്രി ജാഗ്രത പുലർത്തേണ്ടതും നയപ്രയോഗജ്ഞനുമായിരിക്കണം എന്നതാണ്. രാഷ്ട്രത്തിന്റെ പ്രതിരോധവും സുരക്ഷയും സംബന്ധിച്ച് പ്രധാനമന്ത്രിക്ക് മുഖ്യതീരുമാനങ്ങൾ സ്വീകരിക്കേണ്ടിവരും. ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾക്കായി നയങ്ങൾ രൂപപ്പെടുത്തേണ്ടതും, സമാധാനം സംരക്ഷിക്കേണ്ടതും, അയൽരാജ്യങ്ങളുമായി സൗഹാർദ്ദപരമായ ബന്ധങ്ങൾ പുലർത്തേണ്ടതും പ്രധാനമന്ത്രിയുടെ ചുമതലകളിൽപ്പെട്ടതാണ്. മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിയെ 'ക്യാബിനറ്റ് സൗധത്തിന്റെ ആണിക്കല്ല്' എന്ന് വിളിക്കുന്നു.

## പ്രവർത്തനം 20.3

കഴിഞ്ഞ ഒരാഴ്ചയിലെയോ അല്ലെങ്കിൽ 2 ആഴ്ചകളിലെയോ വർത്തമാനപത്രങ്ങളിൽ കൊടുത്തിരിക്കുന്ന വാർത്തകളോ അല്ലെങ്കിൽ ടെലിവിഷനിൽ സംപ്രേഷണം ചെയ്ത രാജ്യത്തിലെ രാഷ്ട്രീയവും, സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതിവിശേഷങ്ങളെ സംബന്ധിച്ച് നടത്തിയ ചർച്ചയോ ഓർമ്മിക്കുക. അവയുടെ വെളിച്ചത്തിൽ താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

(i) പത്രങ്ങളിൽ വന്ന വാർത്തകളിലെയോ, ടെലിവിഷനിലെ ചർച്ചയിലോ പരാമർശിക്കപ്പെട്ട രണ്ട് മുഖ്യ പ്രശ്നങ്ങൾ ഏതൊക്കെ?

(ii) ആ പ്രശ്നങ്ങളുമായി, മന്ത്രിയോ, പ്രധാനമന്ത്രിയോ അല്ലെങ്കിൽ ഗവൺമെന്റ് വക്താവോ നൽകിയ മറുപടിയുടെ കാര്യത്തിൽ നിങ്ങൾ സംതൃപ്തനാണോ? കാരണം വ്യക്തമാക്കുക.

(iii) പ്രശ്നപരിഹാരത്തിനായി പ്രധാനമന്ത്രി എന്തുചെയ്യണമെന്നാണ് നിങ്ങളുടെ നിർദ്ദേശം?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 20.3

1. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

(a) പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലാണ് ........................

(b) പ്രധാനമന്ത്രിയാകുവാൻ പ്രസിഡന്റ് ക്ഷണിക്കേണ്ട വ്യക്തി .............. ലെ തെരഞ്ഞെടുക്കപ്പെട്ട ................................... ആയിരിക്കണം.

(c) പ്രധാനമന്ത്രിയാണ് ................................... ന്റെ ................................... തലവൻ.

(d) മന്ത്രിസഭാംഗങ്ങളായി പ്രസിഡന്റ് നിയമിക്കേണ്ടവരെ ................... ശുപാർശ ചെയ്തവരായിരിക്കണം.

2. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

(a) കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് പ്രധാനമന്ത്രിയേയും മന്ത്രിസഭാ കൗൺസിൽ അംഗങ്ങളേയും അധികാരസ്ഥാനങ്ങളിൽ നിന്നും നീക്കുന്നത് ഏതൊക്കെ വിധത്തിലാണ്.

(b) മന്ത്രിസഭാ കൗൺസിലും പ്രസിഡന്റും തമ്മിലുള്ള ചങ്ങലക്കണ്ണിയായി പ്രവർത്തിക്കുന്നത് ആരാണ്?

(c) മന്ത്രിസഭാ കൗൺസിലിലെ മന്ത്രിമാരുടെ മൂന്ന് വിഭാഗങ്ങൾ ഏതൊക്കെ?

(d) ക്യാബിനറ്റ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുന്നത് ആരാണ്?

## പ്രവർത്തനം 20.4

ഒരു രാഷ്ട്രത്തിലെ പ്രധാനമന്ത്രിയ്ക്ക് നിരവധി നേതൃത്വഗുണങ്ങൾ ഉണ്ടായിരിക്കണം. ഒരു നല്ല നേതാവിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ നിങ്ങളുടെ അഭിപ്രായത്തിൽ ഏതൊക്കെ? ഇന്ത്യയുടെ ഇപ്പോഴത്തെ പ്രധാന മന്ത്രിക്ക് ഈവിധ നേതൃത്വഗുണങ്ങൾ ഉണ്ടോ എന്ന് പരിശോധിക്കുക. കൂടാതെ നിങ്ങൾക്കുള്ള നേതൃത്വഗുണങ്ങൾ ഏതൊക്കെ എന്ന് പരിശോധിക്കുക.

| ഒരു നല്ല നേതാവിന്റെ ഗുണങ്ങൾ | ഇപ്പോഴത്തെ പ്രധാനമന്ത്രിയുടെ നേതൃത്വഗുണങ്ങൾക്ക് നേരെ ടിക് (✓) മാർക്ക് കൊടുക്കുക | നിങ്ങളുടെ നേതൃത്വഗുണങ്ങൾക്ക് നേരെ ടിക് (✓) മാർക്ക് കൊടുക്കുക |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

## 20.3 കേന്ദ്ര പാർലമെന്റ്

താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണത്തിലെ സ്ഥാപനം നിങ്ങൾക്ക് മനസ്സിലായോ? അതെ! അത് ഇന്ത്യയുടെ പാർലമെന്റ് മന്ദിരമാണ്. കേന്ദ്ര ഗവൺമെന്റിന്റെ നിയമനിർമ്മാണസഭയെ പാർലമെന്റ് എന്നു വിളിക്കുന്നു. പാർലമെന്റ് എന്നാൽ പ്രസിഡന്റും പാർലമെന്റിന്റെ ഇരുസഭകളായ, ജനങ്ങളുടെ ജനപ്രതിനിധിസഭ (ലോക്സഭ) യും കൗൺ

സിൽ ഓഫ് സ്റ്റേറ്റ്സ് (രാജ്യസഭയും) ഉൾപ്പെട്ടതാണ്. പാർലമെന്ററി ഗവൺമെന്റ് സംവിധാനത്തിന്റെ തത്വങ്ങൾക്ക് അധിഷ്ഠിതമായിട്ടാണ് പ്രസിഡന്റിനെ പാർലമെന്റിന്റെ ഭാഗമാക്കിയത്. പാർലമെന്റിന്റെ ഇരുസഭകളുടെ ഘടന, അധികാരങ്ങൾ, ചുമതലകൾ എന്നിവ ഇപ്പോൾ നമുക്ക് ചർച്ച ചെയ്യാം.



**ചിത്രം 20.5** *ഇന്ത്യയുടെ പാർലമെന്റ് മന്ദിരം*

### 20.3.1 ലോക്സഭ

ലോക്സഭ അല്ലെങ്കിൽ 'ജനപ്രതിനിധികളുടെ സഭ' പാർലമെന്റിന്റെ അധോമണ്ഡലമാണ്. ഇതിലെ അംഗങ്ങളെ ഇന്ത്യൻ ജനത നേരിട്ട് തെരഞ്ഞെടുക്കുന്നു. പാർലമെന്റിന്റെ അംഗസംഖ്യ 550 പ്രതിനിധികളിൽ കൂടാൻ പാടില്ല. ഇതിൽ 530 അംഗങ്ങളെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, അവശേഷിക്കുന്ന 20 അംഗങ്ങളെ കേന്ദ്രഭരണപ്രദേശങ്ങളിൽ നിന്നും ആണ് തെരഞ്ഞെടുക്കുന്നത്. 18 വയസ്സോ അതിൽ കൂടുതലോ ഉള്ള എല്ലാ ഇന്ത്യൻ പൗരൻമാർക്കും വോട്ടവകാശം ഉണ്ട്. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിൽപ്പെട്ടവർക്ക് മതിയായ പ്രാതിനിധ്യമില്ലായെങ്കിൽ ഇന്ത്യൻ ഭരണഘടനാപ്രകാരം, പ്രസിഡന്റിന് ഈ സമുദായത്തിൽപ്പെട്ട 2 പേരെ പാർലമെന്റിലേക്ക് നാമനിർദ്ദേശം നടത്താം. തെരഞ്ഞെടുപ്പ് കാര്യങ്ങൾക്കായി സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ജനസംഖ്യാടിസ്ഥാനത്തിൽ പാർലമെന്റ് നിയോജക മണ്ഡലങ്ങളായി വിഭജിച്ചിട്ടുണ്ട്. ഓരോ പാർലമെന്റ് നിയോജക മണ്ഡലവും ഒരാളെ വീതം തെരഞ്ഞെടുക്കുന്നു.

ലോക്സഭയുടെ കാലാവധി 5 വർഷമാണ്. കാലാവധി പൂർത്തിയാകുന്നതിന് മുൻപു തന്നെ വേണമെങ്കിൽ പ്രസിഡന്റിന് ലോക്സഭ പിരിച്ചുവിടാവുന്നതാണ്. അടിയന്തിരാവസ്ഥ കാലയളവിൽ ഇതിന്റെ കാലാവധി ഒരു വർഷം വീതം നീട്ടാവുന്നതാണ്. ലോക്സഭാംഗമായി തെരഞ്ഞെടുക്കുന്ന വ്യക്തി (i) ഒരു ഇന്ത്യൻ പൗരനായിരിക്കണം (ii) 25 വയസ്സ് പൂർത്തിയായിരിക്കണം (iii) കേന്ദ്ര, സംസ്ഥാന അല്ലെങ്കിൽ പ്രാദേശിക ഗവൺമെന്റുകളിൽ വേതനം സ്വീകരിച്ച് തൊഴിൽ ചെയ്യുന്ന വ്യക്തി ആയിരിക്കരുത്. കൂടാതെ പാർലമെന്റ് കാലാകാലങ്ങളിൽ പാസ്സാക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

### 20.3.2 രാജ്യസഭ

രാജ്യസഭ (കൗൺസിൽ ഓഫ് സ്റ്റേറ്റ്) പാർലമെന്റിന്റെ ഉപരിമണ്ഡലമാണ്. രാജ്യസഭയിൽ ആകെ 250 അംഗങ്ങളിൽ കൂടുതൽ പാടില്ല. ഇതിൽ 238 അംഗങ്ങൾ വിവിധ സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളിലെയും പ്രതിനിധികൾ ആണ്. 12 അംഗങ്ങളെ പ്രസിഡന്റ് നാമനിർദ്ദേശം ചെയ്യുന്നു. നാമനിർദ്ദേശം ചെയ്യുന്ന വ്യക്തികൾ, സാഹിത്യം, ശാസ്ത്രം, സാമൂഹ്യ സേവനം എന്നീ മണ്ഡലങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കപ്പെട്ടിട്ടുള്ളവരായിരിക്കണം. രാജ്യസഭാംഗങ്ങളെ വിവിധ സംസ്ഥാന നിയമസഭയിലെ അംഗങ്ങ

കുറിപ്പുകൾ

ളാണ് തെരഞ്ഞെടുക്കുന്നത്. ജനസംഖ്യാനുപാതികമായിട്ട് ഒരു നിയമ സഭാംഗത്തിന് മൂല്യം മാറ്റാവുന്ന ഏക വോട്ട് (വോട്ടിന്റെ മൂല്യം ജനസംഖ്യാനുപാതികത്തിൽ) സമ്പ്രദായത്തിലൂടെയാണ്.

പിരിച്ചുവിടാനൊക്കാത്തതും സ്ഥിരമായിരിക്കുന്നതുമായ സഭയാണ് രാജ്യസഭ. രാജ്യസഭാംഗങ്ങളെ ആറുവർഷത്തേക്കാണ് തെരഞ്ഞെടുക്കുന്നത്. എന്നാൽ നിലവിലുള്ള സമ്പ്രദായ പ്രകാരം രാജ്യസഭയിലെ അംഗങ്ങളിൽ 1/3 അംഗങ്ങൾ ഓരോ 2 വർഷം കഴിയുമ്പോഴും പിരിഞ്ഞുപോകുന്നതും തൽസ്ഥാനത്തേയ്ക്ക് പുതിയ അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. വിരമിക്കുന്ന അംഗങ്ങളെ വീണ്ടും തെരഞ്ഞെടുക്കാവുന്നതാണ്. രാജ്യസഭയിലെ ഒരംഗം ആകുന്നതിനുവേണ്ട യോഗ്യതകൾ (a) ആൾ ഒരു ഇന്ത്യൻ പൗരനായിരിക്കണം; (b)30 വയസ്സ് പൂർത്തിയായിരിക്കണം. മറ്റ് യോഗ്യതകൾ, ലോക്സഭയിലെ ഒരംഗം ആകുന്ന വ്യക്തിയ്ക്ക് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ, രാജ്യസഭാംഗമായിരിക്കേണ്ട വ്യക്തിക്ക് ഉണ്ടായിരിക്കണം. പാർലമെന്റ് സമ്മേളനം വിളിച്ചുകൂട്ടുന്നത് പ്രസിഡന്റാണ്. പാർലമെന്റിന്റെ രണ്ട് സമ്മേളനങ്ങളും തമ്മിലുള്ള കാലയളവ് 6 മാസത്തിൽ കവിയരുത്. സമ്മേളനം നീട്ടിവയ്ക്കാനുള്ള അധികാരം പ്രസിഡന്റിനാണ്. ലോക്സഭ പിരിച്ചു വിടാനുള്ള അവകാശം പ്രസിഡന്റിന് ഉണ്ട്. എന്നാൽ രാജ്യസഭ പിരിച്ചുവിടാൻ പ്രസിഡന്റിന് അധികാരം ഇല്ല.

### 20.3.3 പാർലമെന്റിലെ പ്രിസൈഡിംഗ് ഓഫീസർമാർ / അദ്ധ്യക്ഷത വഹിക്കുന്നവർ

ലോക്സഭയുടെ അദ്ധ്യക്ഷൻ സ്പീക്കർ ആണ്. സ്പീക്കറുടെ അഭാവത്തിൽ ഡപ്യൂട്ടി സ്പീക്കർ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും. ലോക്സഭാംഗങ്ങളിൽ നിന്നുതന്നെയാണ് സ്പീക്കറേയും, ഡപ്യൂട്ടി സ്പീക്കറേയും തെരഞ്ഞെടുക്കുന്നത്. പാർലമെന്റിന്റെ അധോമണ്ഡലമായ ലോക്സഭയുടെ സമ്മേളനങ്ങളിൽ സ്പീക്കർ ക്രമവും അച്ചടക്ക



ചിത്രം 20.6 *ലോക്സഭയുടെ സമ്മേളനം*






വും ഉറപ്പാക്കുന്നു. അതോടൊപ്പം ലോക്സഭാ നടപടികൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. സമ്മേളനത്തിൽ ആരൊക്കെ, എത്ര സമയം പ്രസംഗിക്കണമെന്ന് തീരുമാനിക്കുന്നത് സ്പീക്കറാണ്. ബില്ല് പാസ്സാക്കുന്നതിന് വോട്ടെടുപ്പ് നടത്തുമ്പോൾ സ്പീക്കർ സാധാരണയായി വോട്ട് രേഖപ്പെടുത്താറില്ല. എന്നാൽ തുല്യവോട്ട് വന്നാൽ വോട്ട് ചെയ്യാവുന്നതാണ്. അവതരിപ്പിക്കുന്ന ബില്ല് സാധാരണ ബില്ലാണോ അതോ ധനപരമായ ബില്ലാണോ എന്ന് തീരുമാനിക്കുന്നത് സ്പീക്കറാണ്. സ്പീക്കറുടെ തീരുമാനം അന്തിമമായിരിക്കും. ലോക്സഭയിലെ അംഗങ്ങളുടെ അവകാശങ്ങളും പ്രത്യേക പരിരക്ഷയും ഉറപ്പാക്കേണ്ട ചുമതല സ്പീക്കറുടേതാണ്. ലോക്സഭയുടെയും രാജ്യസഭയുടെയും ഒരു സംയുക്ത സമ്മേളനം ഉണ്ടായാൽ അങ്ങനെയുള്ള സമ്മേളനങ്ങളിൽ ലോക്സഭയുടെ സ്പീക്കറാണ് അദ്ധ്യക്ഷത വഹിക്കുന്നത്.

രാജ്യസഭയുടെ അദ്ധ്യക്ഷൻ ഇന്ത്യയുടെ വൈസ്പ്രസിഡന്റാണ്. രാജ്യ സഭയുടെ എക്സ്-ഓഫിഷ്യോ പദവികൊണ്ട് ചെയർമാൻ വൈസ് പ്രസിഡന്റാണ്. വൈസ് പ്രസിഡന്റിന്റെ അഭാവത്തിൽ ഡപ്യൂട്ടി ചെയർമാൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കും. ലോക്സഭാസ്പീക്കർ പോലെ സാധാരണയായി ബില്ലുകൾ പാസ്സാക്കുന്നതിന് രാജ്യസഭാ അദ്ധ്യക്ഷനും (വൈസ് പ്രസിഡന്റ്) വോട്ട് ചെയ്യാറില്ല. എന്നാൽ തുല്യവോട്ട് വന്നാൽ വൈസ്പ്രസിഡന്റിന് കാസ്റ്റിംഗ് വോട്ട് രേഖപ്പെടുത്താം.

### 20.3.4 പാർലമെന്റിന്റെ ചുമതലകൾ

പാർലമെന്റ് നിയമനിർമ്മാണം നടത്തുന്ന പരമാധികാരസഭയാണ്. താഴെ പറയുന്ന വിഭാഗങ്ങളിലുള്ള ചുമതലകൾ പാർലമെന്റ് നിർവ്വഹിക്കുന്നു.

(i) **നിയമനിർമ്മാണ ചുമതലകൾ:** പാർലമെന്റ് ഒരു നിയമനിർമ്മാണ സഭയാണ്. കേന്ദ്ര ലിസ്റ്റിൽപ്പെട്ടതും, സമവർത്തി (concurrent list) ലിസ്റ്റിൽപ്പെട്ടതുമായ എല്ലാ വിഷയങ്ങളെ സംബന്ധിച്ചും പാർലമെന്റിന് നിയമങ്ങളുണ്ടാക്കാം. സമവർത്തി ലിസ്റ്റിൽപ്പെട്ട ഏതെങ്കിലും നിയമത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിൽ തർക്കം ഉണ്ടായാൽ കേന്ദ്രഗവൺമെന്റ് പാസ്സാക്കുന്ന നിയമങ്ങൾ ബാധകമാണ്. കൂടാതെ, 'അവശിഷ്ടാധികാരങ്ങളിൽ'പ്പെട്ട ഏതെങ്കിലും ഒരു വിഷയം സംസ്ഥാന പട്ടികയിലോ, കേന്ദ്ര പട്ടികയിലോ പെട്ടിട്ടില്ലെങ്കിൽ, അതും പാർലമെന്റിന്റെ അധികാരത്തിൽ വരും. ഒരു സാധാരണ ബില്ല് പാർലമെന്റിന്റെ ഇരുസഭകളിൽ ഏതിലെങ്കിലും അവതരിപ്പിക്കാം. ഒരു ബില്ല് ലോക്സഭ പാസ്സാക്കിയാൽ അത് രാജ്യസഭയുടെ അംഗീകാരത്തിനായി അയക്കുന്നു. രാജ്യസഭ അത് പാസ്സാക്കുകയോ അല്ലെങ്കിൽ ബില്ലിൽ ഭേദഗതികൾ നിർദ്ദേശിക്കുകയോ ചെയ്യും. ബില്ലുകളുടെ കാര്യത്തിൽ ഇരുസഭകളും സമവായത്തിൽ എത്തിയില്ലായെങ്കിൽ, അത് ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിൽ പരിഹരിക്കപ്പെടണം. സംയുക്ത സമ്മേളനത്തിൽ 550 അംഗങ്ങളുള്ള ലോക്സഭയ്ക്ക് മേൽക്കൈ ഉണ്ടാകും, കാരണം രാജ്യസഭയിൽ വെറും 250 അംഗങ്ങൾ മാത്രമേ ഉള്ളൂ. നാളിതുവരെ മൂന്ന് പ്രാവശ്യം മാത്രമേ സംയുക്ത സമ്മേളനം നടന്നിട്ടുള്ളൂ. ഇരുസഭകളും ഒരിക്കൽ ബില്ല് പാസ്സാക്കിയാൽ അത് പ്രസിഡന്റിന്റെ അംഗീകാരത്തിനായി അയക്കുന്നു. പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചാൽ അത് നിയമമായി മാറുന്നു.

(ii) **കാര്യനിർവ്വഹണാധികാരം:** പാർലമെന്ററി ജനാധിപത്യത്തിൽ നിയമനിർമ്മാണ സഭയും, കാര്യ നിർവ്വഹണ വിഭാഗവും തമ്മിൽ വളരെ അടുത്ത ബന്ധമുണ്ട്. മുൻപ് പ്രസ്താ വിച്ചതുപോലെ യഥാർത്ഥ കാര്യനിർവ്വഹണ നടത്തിപ്പ് നിർവ്വഹിക്കുന്നത് മന്ത്രിസഭാ കൗൺസിലാണ്. കൗൺസിൽ ലോക്സഭയോട് കടപ്പെട്ടിരിക്കുന്നു. എന്നാൽ

അവിശ്വാസപ്രമേയം പാസ്സായാൽ മന്ത്രിസഭാ കൗൺസിൽ രാജിവച്ച് അധികാരത്തിൽ നിന്ന് ഒഴിയും. 1999-ൽ അടൽ ബിഹാരി വാജ്പേയിയുടെ ഗവൺമെന്റ് പാർലമെന്റിന്റെ വിശ്വാസം നഷ്ടപ്പെട്ട് അധികാരത്തിൽ നിന്നും പുറത്തായി. എന്നിരുന്നാലും മന്ത്രിസഭാ കൗൺസിലിന് മേൽ മറ്റ് പലവിധത്തിൽ പാർലമെന്റിന്റെ ഇരുസഭകൾക്കും നിയന്ത്രണം ഉണ്ട്. അവയാണ് താഴെകൊടുത്തിരിക്കുന്നത്

(a) *ചോദ്യങ്ങളും ഉപചോദ്യങ്ങളും ചോദിക്കുക:* പാർലമെന്റ് സമ്മേളനങ്ങളിൽ ആദ്യത്തെ ഒരു മണിക്കൂർ ചോദ്യോത്തര വേളയാണ്. ഈ സമയത്ത് അംഗങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടത് മന്ത്രിമാരാണ്.

(b) *ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങൾ, സഭാ നടപടികൾ തൽക്കാലത്തേക്ക് നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം മുതലായവ:* മേൽപറഞ്ഞ നടപടികളിലൂടെ ഗവൺമെന്റിന്റെ നയങ്ങളെയും, നടപടിക്രമങ്ങളെയും സംബന്ധിച്ച് വാദപ്രതിവാദങ്ങൾ നടത്തുന്നതിനും വിമർശിക്കുന്നതിനും പാർലമെന്റിന് അധികാരങ്ങൾ ഉണ്ട്.

(c) *ഗവൺമെന്റിൽ അവിശ്വാസം പ്രകടിപ്പിച്ച് :* കാര്യനിർവ്വഹണ നടത്തിപ്പിൽ ലോക്സഭയ്ക്ക് അവിശ്വാസം പ്രകടിപ്പിക്കുവാനുള്ള അധികാരമുണ്ട്. ഇത് ബഡ്ജറ്റ് നിരാകരിച്ചുകൊണ്ടോ, അല്ലെങ്കിൽ ധനപരമായ ബില്ലുകളോ, സാധാരണ ബില്ലുകളോ നിരാകരിച്ചുകൊണ്ട് ആവാം.

**(iii) ധനപരമായ ചുമതലകൾ:** ഇന്ത്യയുടെ പാർലമെന്റിന് സുപ്രധാനങ്ങളായിട്ടുള്ള ധനപരമായ സാമ്പത്തിക ചുമതലകൾ ഉണ്ട്. പൊതുജനാവിന്റെ സൂക്ഷിപ്പുകാരൻ പാർലമെന്റാണ്. കേന്ദ്രഗവൺമെന്റിന്റെ ധനപരമായ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നത് പാർലമെന്റാണ്. ഭരണം കാര്യക്ഷമമായും വിജയകരമായും നിർവ്വഹിക്കുന്നതിന് കാലാകാലങ്ങളിൽ പണം അനുവദിക്കുന്നത് പാർലമെന്റാണ്. ഗവൺമെന്റ് സമർപ്പിക്കുന്ന ധനപരമായ എല്ലാ ആവശ്യങ്ങളും പാസ്സാക്കുന്നതിനോ, കുറവ് ചെയ്യുന്നതിനോ തള്ളിക്കളയുന്നതിനോ പാർലമെന്റിന് അധികാരം ഉണ്ട്. പാർലമെന്റിന്റെ അനുമതിയില്ലാതെ നികുതി പിരിക്കുന്നതിനോ, ചെലവുകൾ നടത്തുന്നതിനോ സാദ്ധ്യമല്ല. എന്നാൽ ഈ കാര്യത്തിൽ രാജ്യസഭയ്ക്ക് ഏതാനും പരിമിതികൾ ഉണ്ട്. ഇവയാണ് പരിമിതികൾ: (a) ധനപരമായ ബില്ലുകൾ രാജ്യസഭയിൽ അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല. (b) ധനപരമായ ബില്ലുകൾ തള്ളുവാനോ അല്ലെങ്കിൽ ഭേദഗതി ചെയ്യുവാനോ അധികാരമില്ല. എന്നാൽ, അത്തരം ബില്ലുകൾ സംബന്ധിച്ച് ശുപാർശ ചെയ്യുവാൻ അവകാശമുണ്ട്. ശുപാർശകളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അവ സഹിതം, ധനപരമായ ബില്ലുകൾ 14 ദിവസത്തിനകം ലോക്സഭയിലേക്ക് തിരിച്ചയക്കണം. അപ്രകാരം അയച്ചില്ല എങ്കിൽ, ബില്ലുകൾ ഇരുസഭകളും പാസ്സാക്കിയതായി കണക്കാക്കും. (a) വാർഷിക ബഡ്ജറ്റുകളാകട്ടെ ലോക്സഭയിൽ അവതരിപ്പിക്കുന്നു; അവ രാജ്യസഭയിൽ ചർച്ച ചെയ്യുവാനുള്ള അധികാരം മാത്രമേ ഉള്ളൂ. അവ പാസ്സാകുന്നതിൽനിന്ന് തടയുവാൻ രാജ്യസഭയ്ക്ക് അധികാരമില്ല.

**(iv) നീതിന്യായ ചുമതലകൾ:** നിയമങ്ങൾ മുഖേന, സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ അംഗസംഖ്യ നിജപ്പെടുത്തുവാനുള്ള അധികാരം ലോക്സഭയ്ക്കാണ്. രണ്ട് സംസ്ഥാനങ്ങൾക്കു കൂടി ഒരു പൊതുവായ ഹൈക്കോടതിയോ, അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശത്തിന് പുതിയതായി ഒരു ഹൈക്കോടതിയോ സ്ഥാപിക്കാനുള്ള അധികാരം ലോക്സഭയ്ക്കാണ്. പാർലമെന്റിലെ ഇരുസഭകളിലും ഇംപീച്ച്മെന്റ് (കുറ്റവിചാരണ നടത്തുക) നടത്തി ഒരു ചീഫ് ജസ്റ്റീസിനെയോ, അല്ലെങ്കിൽ സുപ്രീം

കോടതി ജഡ്ജിയേയോ നീക്കംചെയ്യുവാൻ പ്രസിഡന്റിനോട് ശുപാർശ ചെയ്യുവാനുള്ള അധികാരം പാർലമെന്റിനാണ്.

(v) **പലവിധമായ ചുമതലകൾ:** പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷ പ്രകാരം പ്രസിഡന്റിനേയോ, വൈസ്പ്രസിഡന്റിനേയോ നീക്കംചെയ്യുവാനുള്ള അധികാരം പാർലമെന്റിൽ നിക്ഷിപ്തമാണ്. ഈ നടപടിക്രമത്തെയാണ് ഇംപീച്ച്മെന്റ് എന്നു പറയുന്നത്. ഭരണഘടനാ ഭേദഗതി ചെയ്യുവാനുള്ള അധികാരം പാർലമെന്റിനാണ്. ഭരണഘടനയുടെ ചില വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് പാർലമെന്റിന്റെ കേവല ഭൂരിപക്ഷവും, മറ്റ് ഏതാനും ഭേദഗതികൾക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷവും ആവശ്യമാണ്. ഭരണഘടനയുടെ മറ്റ് ഏതാനും വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷവും ഇന്ത്യയിലെ ആകെയുള്ള സംസ്ഥാന നിയമസഭകളിൽ പകുതിയുടെയെങ്കിലും, അംഗീകാരവും ഉണ്ടായിരിക്കണം.

### 20.3.5 പാർലമെന്റിന്റെ ഇരുസഭകളുടെയും പദവികളുടെ താരതമ്യം

പാർലമെന്ററി ജനാധിപത്യത്തിൽ പാർലമെന്റിന്റെ അധോമണ്ഡലത്തിനാണ് കൂടുതൽ പ്രാധാന്യം. ഇന്ത്യയിലും, അപ്രകാരം ലോക്സഭയ്ക്കാണ് കൂടുതൽ അധികാരവും, കാര്യക്ഷമതയും. ഇരുസഭകളുടെയും താരതമ്യ പദവികൾ മനസ്സിലാക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പ്രധാനപ്പെട്ടതാണ്.

(i) ഇന്ത്യയിലെ ജനങ്ങളുടെ ശരിയായ പ്രതിനിധിസഭ ലോക്സഭയാണ്. ഇതിലെ പ്രതിനിധികളെ ഇന്ത്യയിലെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. രാജ്യസഭയിലെ അംഗങ്ങളെ പരോക്ഷമായിട്ടാണ് തെരഞ്ഞെടുക്കുന്നത്. കൂടാതെ രാജ്യസഭ ഒരു സ്ഥിരമായ സമിതിയാണെങ്കിൽ, ലോക്സഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നത് 5 വർഷത്തേക്കു മാത്രമാണ്. കാലാവധി നീട്ടുകയോ, അല്ലെങ്കിൽ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് പിരിച്ചുവിടുകയോ ചെയ്യാം.

(ii) ഒരു സാധാരണ ബില്ലിന്റെ കാര്യത്തിൽ ഇരുസഭകൾക്കും തുല്യമായ അധികാരങ്ങൾ ആണ്. എന്നാൽ ഇരുസഭകളിലും അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ, സംയുക്ത സമ്മേളനം നടത്തുകയും, അവിടെ ലോക്സഭയ്ക്ക് അംഗസംഖ്യ കൂടുതൽ ഉള്ളതിനാൽ അധികാരത്തിൽ മുൻതൂക്കം ലഭിക്കുകയും ചെയ്യുന്നു.

(iii) മന്ത്രിസഭാ കൗൺസിലിന് മേൽ ഉള്ള അധികാരത്തിൽ, വീണ്ടും, ലോക്സഭയ്ക്കാണ് കൂടുതൽ അധികാരം. ഗവൺമെന്റിന്റെ നയങ്ങളും, പ്രോഗ്രാമുകളും സംബന്ധിച്ച് വാദപ്രതിവാദം നടത്തുന്നതിനോ, വിമർശിക്കുന്നതിനോ മാത്രമേ രാജ്യസഭയ്ക്ക് അധികാരം ഉള്ളൂ. ഇപ്രകാരം മന്ത്രിസഭാ കൗൺസിലിന്റെ മേൽ രാജ്യസഭയ്ക്ക് നിയന്ത്രണം ഉണ്ട്. ഗവൺമെന്റിന് / മന്ത്രിസഭാ കൗൺസിലിന് എതിരായി അവിശ്വാസപ്രമേയം പാസ്സാക്കുന്നത് ലോക്സഭയിലാണ്. അത് പാസ്സായാൽ മന്ത്രിസഭാ കൗൺസിൽ രാജിവച്ച് പുറത്തുപോകും.

(iv) ഭരണഘടനാ ഭേദഗതി വരുത്തുന്നത് സംബന്ധിച്ചും, പ്രസിഡന്റിന്റെയും, വൈസ് പ്രസിഡന്റിന്റെയും തെരഞ്ഞെടുപ്പ് സംബന്ധിച്ചും, പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, ചീഫ് ജസ്റ്റീസ്, സുപ്രീംകോടതിയിലേയും ഹൈക്കോടതിയിലേയും ജഡ്ജിമാർ എന്നിവരെ ഇംപീച്ച് ചെയ്ത് പുറത്താക്കുന്നതു സംബന്ധിച്ചും, ഇരുസഭകൾക്ക് ഏതാണ്ടൊക്കെ തുല്യ അധികാരങ്ങൾ ആണ്.

(v) എന്നാൽ ധനപരമായ കാര്യങ്ങളിൽ ലോകസഭയ്ക്ക് അധികാരങ്ങളിൽ മുൻതൂക്കം ഉണ്ട്. പുതിയ ആൾ ഇന്ത്യാ സർവ്വീസുകൾ രൂപീകരിക്കുന്നതും സംസ്ഥാനലിസ്റ്റിലെ ഏതെങ്കിലും ഇനത്തിന് ദേശീയ പ്രാധാന്യം പ്രഖ്യാപിക്കുന്നതും രാജ്യസഭയാണ്.

മേൽ പറഞ്ഞ താരതമ്യ വിശകലനങ്ങളുടെ വെളിച്ചത്തിൽ രാജ്യസഭ യേക്കാൾ മുൻതൂക്കം ലോക്സഭയ്ക്കാണ് എന്ന് പറയാം. ഇതിന്റെ അർത്ഥം രാജ്യസഭ ഒരു 'സെക്കന്റ് ചേംബർ' അഥവാ 'രണ്ടാംതര സഭ' എന്ന് പറയുന്നത് ശരിയല്ല. രാജ്യസഭ കാര്യക്ഷമമായി പ്രവർത്തിക്കുന്ന അവസരങ്ങൾ പലപ്പോഴും നാം കണ്ടുകഴിഞ്ഞു. ഏതാനും ചുമതലകൾ രാജ്യസഭ മാത്രം നിർവ്വഹിക്കുന്നതായിട്ടുണ്ട്.

### 20.3.6 പൗരൻമാരുടെമേലും അവരുടെ ദൈനംദിന ജീവിതത്തിലും യൂണിയൻ ഗവൺമെന്റിന്റെ സ്വാധീനം

ദേശീയതലത്തിൽ, കേന്ദ്രഗവൺമെന്റ് രൂപംകൊടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന നയങ്ങൾക്കും പദ്ധതികൾക്കും നമ്മുടെ ജീവിതനിലവാരത്തിൽ ഒരുപാട് സ്വാധീനം ഉണ്ട്. വിവിധ പ്രോഗ്രാമുകളിൽ ഉൾപ്പെട്ടതാണ്, കുട്ടികളുടെ വിദ്യാഭ്യാസവും, സമഗ്ര ശിശു പോഷണ പദ്ധതികളും (Integrated Child Development Schemes (ICDS) അംഗൻവാടിയും കുട്ടികളുടെ പോഷകാഹാര പദ്ധതികളും, സാർവ്വലൗകിക സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി യായ 'രാഷ്ട്രീയ മാദ്ധ്യമിക് ശിക്ഷാ അഭിയാൻ' (RMSA) മുതലായവ ശിശുക്കളുടെ പരിരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ മറ്റ് പ്രോഗ്രാമുകളാണ് 'നാഷണൽ റൂറൽ ഹെൽത്ത് മിഷ്യൻ' (National Rural Health Mission) 'ടോട്ടൽ സാനിറ്റേഷൻ ക്യാമ്പെയിൻ' 'മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരണ്ടി ആക്ട്'; (MNREGA) 'ഇന്ദിരാ ആവാസ് യോജന' മുതലായവ.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 20.4

1. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.
   - (i) ലോക്സഭയുടെ പരമാവധി അംഗസംഖ്യ എത്ര?
   - (ii) രാജ്യസഭാംഗങ്ങളുടെ കാലാവധി എത്ര വർഷമാണ്?
   - (iii) പാർലമെന്റിന്റെ ഏതു സഭയാണ് സ്ഥിരമായിട്ടുള്ളത്?
   - (iv) രാജ്യസഭയുടെ ചെയർമാൻ ആരാണ്?
   - (v) ലോക്സഭാ സ്പീക്കറുടെ ചുമതലകൾ എന്തെല്ലാം?
   - (vi) ലോക്സഭാംഗം ആകുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാം?

2. വിട്ടുപോയഭാഗം പൂരിപ്പിക്കുക.
   - (i) ഒരു സാധാരണ ബില്ല് അവതരിപ്പിക്കാവുന്നത് . . . . . . .
   - (ii) പാർലമെന്റിൽ ഇരുസഭകളുടെയും അഭിപ്രായവ്യത്യാസം തുടരുകയാണെങ്കിൽ പ്രസിഡന്റ് ഇരുസഭകളുടെയും ......................... വിളിച്ചു കൂട്ടുന്നതാണ്.
   - (iii) ധനപരമായ ബില്ലുകൾ പാർലമെന്റിന്റെ ............................ സഭയിൽ മാത്രമേ അവതരിപ്പിക്കുകയുള്ളൂ.
   - (iv) മന്ത്രിസഭാ കൗൺസിലിനുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ഇരുസഭകളും ഏർപ്പെടുത്തുന്നത്

     (i) ............................ (ii) ............................ അവതരിപ്പിച്ചാണ്

3. താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയും തെറ്റും ഏതൊക്കെ?

(i) രാജ്യസഭയിൽ സാധാരണ ബില്ലുകൾ അവതരിപ്പിക്കുവാൻ സാദ്ധ്യമല്ല.

(ii) ധനപരമായ ബില്ലുകൾ ലോക്സഭയിൽ മാത്രമേ അവതരിപ്പിക്കുവാൻ സാധിക്കയുള്ളൂ.

(iii) പ്രസിഡന്റ് ഒപ്പുവയ്ക്കാത്ത ഒരു ബില്ലും നിയമം ആവില്ല.

(iv) ഒരു ബില്ലിന്മേലുള്ള അഭിപ്രായവ്യത്യാസ പരിഹാരത്തിനായി ഇരുസഭ കളുടെയും സംയുക്ത സമ്മേളനത്തിൽ രാജ്യസഭയേക്കാൾ ലോക്സഭയ്ക്ക് കൂടുതൽ അധികാരമുണ്ട്.

4. പാർലമെന്റിന്റെ ഇരുസഭകളുടെയും പ്രക്രിയകളിൽ അംഗങ്ങളും / മന്ത്രിമാരും പങ്കെടുക്കുമ്പോൾ അവരിൽ ദൃശ്യമാകുന്ന യോഗ്യതകൾ നിങ്ങളുടെ അഭിപ്രായത്തിൽ ഏതൊക്കെയാണ്?

## പ്രവർത്തനം 20.5

പത്രങ്ങളും മാസികകളും വായിക്കുക. ലോക്സഭയിലും രാജ്യസഭയിലും നടക്കുന്ന ചർച്ചകളും വാദപ്രതിവാദങ്ങളും ന്യൂസ് ചാനലുകളിലും മറ്റ് ചാനലിലൂടെയും സംപ്രേഷണം ചെയ്തത് ശ്രദ്ധിച്ച് അതിന്റെ വെളിച്ചത്തിൽ താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

(i) പാർലമെന്റ് അംഗങ്ങളിൽ ഒരാളുടെ നടപടിക്രമങ്ങളിലുള്ള പങ്കാളിത്തം നിരീക്ഷിച്ച് നിങ്ങൾക്ക് ഇഷ്ടപ്പെട്ട വ്യക്തിയെ തിരിച്ചറിയുക. കാരണങ്ങളും വ്യക്തമാക്കുക.

(ii) പാർലമെന്റ് അംഗങ്ങളിൽ ഒരാളുടെ നിയമാനുസൃതമല്ലാത്ത പെരുമാറ്റം നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ? അങ്ങനെയുള്ള 2 പെരുമാറ്റങ്ങൾ ശ്രദ്ധിക്കുക. പാർലമെന്റിന്റെ പ്രവർത്തനത്തെ ഇത് എങ്ങനെ ബാധിക്കുന്നു?

## 20.4 സുപ്രീംകോടതി

ഇന്ത്യയിലെ സുപ്രീംകോടതി കേന്ദ്ര നീതിന്യായവകുപ്പിനെ പ്രതിനിധീകരിക്കുന്നുവെന്ന് ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ പരാമർശിച്ചിട്ടുണ്ട്. നീതിന്യായവകുപ്പിന്റെ പ്രവർത്തനങ്ങൾ, എന്നാൽ കാര്യനിർവ്വഹണ വിഭാഗത്തിന്റെയും നിയമനിർമ്മാണ വിഭാഗത്തിന്റെയും പ്രവർത്തനങ്ങളേക്കാൾ വ്യത്യാസം ഉണ്ട്. കീഴ്കോടതിയിൽ തുടങ്ങിയ ഒരു കേസ്, ജില്ലാതലത്തിലും തുടർന്ന് ഹൈക്കോടതി തലത്തിലും, അന്തിമമായിട്ട് സുപ്രീം കോടതിയിലും വിചാരണയ്ക്ക് വന്നിട്ടുള്ളതായി നിങ്ങൾ കേട്ടിരിക്കും. ഇന്ത്യയ്ക്ക് ഒരു ഏകീകൃത നീതിന്യായവകുപ്പ് ഉണ്ടായതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത്. അതിന്റെ അർത്ഥം, ഉയർന്നതലത്തിൽ സുപ്രീംകോടതിയും, അതിന് താഴെ സംസ്ഥാനതലത്തിൽ ഹൈക്കോടതിയും, കീഴ്ക്കോടതികളായി ജില്ലാ കോടതികളും, ഏറ്റവും താഴെയായി ഉപകോടതികളും ഉള്ള ഒരു നീതിന്യായ ശൃംഖലയാണ് ഇന്ത്യയിലുള്ളത്.

ഇന്ത്യൻ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഇന്ത്യയിലെ സുപ്രീം കോടതിയിൽ ഒരു ചീഫ് ജസ്റ്റീസും (മുഖ്യ ന്യായാധിപൻ) മറ്റ് ജഡ്ജിമാരും ഉണ്ട്. കാലാകാലങ്ങളിൽ പാർലമെന്റ് പാസ്സാക്കുന്ന നിയമാവലികൾക്കനുസൃതമായിട്ടുള്ള ജഡ്ജിമാരുടെ എണ്ണം ഉണ്ട്. 1950-ൽ ഒരു ചീഫ് ജസ്റ്റീസും 7 ജഡ്ജിമാരും ആയിരുന്നു. തുടർന്ന് ആവശ്യത്തിനനുസരിച്ച് ജഡ്ജിമാരുടെ അംഗസംഖ്യ വർദ്ധിപ്പിച്ചു. സുപ്രീംകോടതിയിൽ ഇപ്പോൾ ചീഫ് ജസ്റ്റീസും 30 ജഡ്ജിമാരും ഉണ്ട്.



ചിത്രം 20.7 *ഇന്ത്യയിലെ സുപ്രീംകോടതി*

ഇന്ത്യയുടെ ചീഫ്ജസ്റ്റീസിനെയും മറ്റ് ജഡ്ജിമാരെയും നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റാണ്.

ചീഫ് ജസ്റ്റീസ് ആയി നിയമിക്കപ്പെടുന്നതിന് സുപ്രീംകോടതിയിലെ ജഡ്ജിമാരുടെയും ഹൈക്കോടതിയിലെ ജഡ്ജിമാരുടെയും അഭിപ്രായം ചിലപ്പോൾ ആരായാറുണ്ട്. സാധാരണയായി ഏറ്റവും സീനിയർ ആയിട്ടുള്ള ജഡ്ജിമാരെ ചീഫ് ജസ്റ്റീസായി നിയമിക്കുകയാണ് പതിവ്. സുപ്രീംകോടതിയിലെ ജഡ്ജിമാരായി നിയമിക്കുന്നതിന് ചീഫ് ജസ്റ്റീസിന്റെ അഭിപ്രായം അറിഞ്ഞിരിക്കണം. സാധാരണയായി ചീഫ് ജസ്റ്റീസുതന്നെ സീനിയറായിട്ടുള്ള നാല് ജഡ്ജിമാരുടെ ഒരു 'കൊളേഷിയം' ഉണ്ടാക്കി അവർ എല്ലാവരും തന്നെ പുതിയ ജഡ്ജിയായി നിയമിക്കുന്ന വ്യക്തിയെ പിന്തുണയ്ക്കണം എങ്കിൽ മാത്രമേ പുതിയ ജഡ്ജിയെ ശുപാർശ ചെയ്യുകയുള്ളൂ.

ജഡ്ജിയായി നിയമിക്കുന്ന വ്യക്തി;

(i) ഒരു ഇന്ത്യൻ പൗരനായിരിക്കണം

(ii) കുറഞ്ഞത് അഞ്ചുവർഷമെങ്കിലും ഒരു ഹൈക്കോടതിയിലോ അല്ലെങ്കിൽ രണ്ടോ അതിലധികം ഹൈക്കോടതികളിലോ തുടർച്ചയായി ജഡ്ജിയായി സേവനം അനുഷ്ഠിച്ചിരിക്കണം.

(iii) കുറഞ്ഞത് 10 വർഷമെങ്കിലും ഒരു ഹൈക്കോടതിയിലെയോ അല്ലെങ്കിൽ രണ്ടോ അതിലധികമോ ഹൈക്കോടതികളിലോ തുടർച്ചയായി അഭിഭാഷകനായി സേവനമനുഷ്ഠിച്ചിരിക്കണം.

(iv) പ്രസിഡന്റിന്റെ അഭിപ്രായത്തിൽ ശ്രേഷ്ഠനായ നിയമജ്ഞൻ ആയിരിക്കണം.

65 വയസ്സ് പൂർത്തിയാകുന്നതുവരെ സുപ്രീംകോടതിയിലെ ജഡ്ജിമാർക്ക് സേവനത്തിൽ തുടരാം. എന്നാൽ വെളിവാക്കപ്പെട്ട പെരുമാറ്റ ദൂഷ്യം, അല്ലെങ്കിൽ കഴിവില്ലായ്മ എന്നീ കാരണങ്ങളാൽ പാർലമെന്റിന്റെ ഇരുസഭകളുടെയും പ്രത്യേക ഭൂരിപക്ഷ പ്രകാരം ജഡ്ജിമാരെ സർവ്വീസിൽനിന്നും പുറത്താക്കുവാൻ പ്രസിഡന്റിന് അധികാരമുണ്ട്. ഇത് അറിയപ്പെടുന്നത് ഇംപീച്ച്മെന്റ് (കുറ്റവിചാരണ) എന്നാണ്. ഇന്ത്യയിലെ ഒരു ചീഫ് ജസ്റ്റീസിനെയോ ജഡ്ജിയേയോ ഇതുവരെ കുറ്റവിചാരണ നടത്തിയിട്ടില്ല. സുപ്രീംകോടതിയിൽ ജഡ്ജിമാരായി സേവനമനുഷ്ഠിച്ചിട്ടുള്ളവർ അവരുടെ സേവനകാലം പൂർത്തിയാക്കി

റിട്ടയർ ചെയ്തുകഴിഞ്ഞാൽ ഇന്ത്യയിലെ ഒരു കോടതിയിലും പിന്നീട് അഭിഭാഷകനായി സേവനം അനുഷ്ഠിക്കുവാൻ പാടില്ല.

### 20.4.1 സുപ്രീംകോടതിയുടെ അധികാര പരിധി

സുപ്രീംകോടതിക്ക് മൂന്ന് ഇനത്തിലുള്ള അധികാരപരിധി ഉണ്ട്. ആദ്യവിചാരണാധികാരം, പുനർവിചാരണാധികാരം, ഉപദേശകാധികാരം

**(i) ആദ്യ വിചാരണാധികാരം (Original Jurisdiction):** ഏതാനും കേസുകളുടെ വിചാരണ സുപ്രീംകോടതിയിൽ മാത്രം നേരിട്ട് നിർവ്വഹിക്കുന്നതാണ്. അവ താഴെ പറയുന്നവയാണ്.

(a) കേന്ദ്രഗവൺമെന്റും ഒരു സംസ്ഥാനവും തമ്മിലോ അല്ലെങ്കിൽ ഒന്നിലധികം സംസ്ഥാനങ്ങൾ തമ്മിലോ ഉള്ള തർക്കങ്ങൾ;

(b) രണ്ടു സംസ്ഥാനങ്ങൾ തമ്മിലോ, രണ്ടിലധികം സംസ്ഥാനങ്ങൾ തമ്മിലോ ഉള്ള തർക്കങ്ങൾ;

(c) കേന്ദ്രഗവൺമെന്റും ഒന്നോ, ഒന്നിലധികം സംസ്ഥാനങ്ങളും ഒരുപക്ഷത്തും ഒന്നോ, ഒന്നിലധികം സംസ്ഥാനങ്ങൾ മറുപക്ഷത്തും ആയിട്ടുള്ള തർക്കങ്ങൾ.

**(ii) പുനർവിചാരണാധികാരം അഥവാ അപ്പീലുകൾ സമർപ്പിക്കുവാനുള്ള കോടതി (Appellate Jurisdiction):** കീഴ്കോടതി തീർപ്പുകൾക്കെതിരെ മേൽ കോടതികളിൽ അപ്പീലുകൾ സമർപ്പിക്കുന്നതിനെയാണ് പുനർവിചാരണാധികാരം എന്ന് പറയുന്നത്. ഭരണഘടനാപരമായിട്ടുള്ളതും, സിവിൾ, ക്രിമിനൽ കേസുകളും സംബന്ധിച്ചുള്ളതുമായ, അപ്പീലുകൾ കേൾക്കുന്ന ഇന്ത്യയിലെ പരമോന്നത കോടതി, സുപ്രീം കോടതിയാണ്. ഹൈക്കോടതി വിധികൾക്കെതിരായി സുപ്രീംകോടതിയിൽ അപ്പീലുകൾ സമർപ്പിക്കാവുന്നതാണ്. സുപ്രീംകോടതിവിധി തന്നെ പുനഃപരിശോധിക്കാനുള്ള അധികാരവും ഉണ്ട്. ഇന്ത്യയിലെ ഏതു കോടതിയിലോ ട്രിബ്യൂണുകളിലോ നിന്നുള്ള വിധികൾക്കോ കല്പനകൾക്കോ എതിരായി സുപ്രീംകോടതിയുടെ കാര്യകാരണ വിവേചനാധികാരം ഉപയോഗിച്ച് പ്രത്യേക അവകാശ അപ്പീലുകൾ കേൾക്കുന്നതിന് അധികാരമുണ്ട്.

ഇവ കൂടാതെ, ഏതെങ്കിലും ക്രിമിനൽ കേസിൽ, ഹൈക്കോടതിയുടെ വിധിയിൽ പ്രസ്തുത വിധി സുപ്രീംകോടതിയുടെ അപ്പീലിനു വിധേയമാണ് എന്ന് തീർപ്പു കല്പിച്ചാൽ അവയും സുപ്രീംകോടതിയുടെ പുനർവിചാരണാധികാരത്തിൽ വരുന്നതാണ്. ഇവയൊക്കെ കൂടാതെ, തൊഴിൽപരമായിട്ടുള്ളതോ, വ്യവസായിക ട്രിബ്യൂണലിന്റെയോ, തെരഞ്ഞെടുപ്പ് സംബന്ധിയായോ, വിധികളുടെ പുനർവിചാരണാധികാരവും സുപ്രീംകോടതിയ്ക്കുണ്ട്.

**(iii) ഉപദേശകാധികാരം (Advisory Jurisdicion):** ഇന്ത്യൻ പ്രസിഡന്റ് പ്രത്യേകമായി പരാമർശിക്കപ്പെടുന്ന ഏതാനും കാര്യങ്ങളിൽ സുപ്രീംകോടതിയുടെ ഒരു പ്രത്യേക ഉപദേശകാധികാര പ്രകാരം, മതിയായ ഉപദേശങ്ങൾ നൽകാറുണ്ട്. നിയമപരമായിട്ടുള്ളതോ, അല്ലെങ്കിൽ ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതായതോ ആയ കാര്യങ്ങളിൽ, അവ പൊതുജന പ്രാധാന്യം ഉള്ളതായിട്ട് പ്രസിഡന്റിന് ചിന്ത ഉണ്ടായാൽ സുപ്രീംകോടതിയുടെ അഭിപ്രായം ആരായും, അല്ലെങ്കിൽ അഭിപ്രായത്തിനായി പരാമർശിക്കും. സുപ്രീംകോടതിയാകട്ടെ അവയുടെ മേൽ വിചാരണ ആവശ്യമെന്ന്, അഭിപ്രായപ്പെട്ടാൽ പ്രസിഡന്റിനെ അവ അറിയിക്കും. പ്രസിഡന്റ് ആ അഭിപ്രായം

അപ്രകാരം തന്നെ സ്വീകരിക്കണമെന്നില്ല. അതുപോലെ സുപ്രീംകോടതി, അഭിപ്രായം അറിയിക്കണമെന്നുമില്ല.

സുപ്രീംകോടതി ഒരു രേഖാ കോടതി കൂടിയാണ്. നിയമങ്ങളുടെ വ്യാഖ്യാനം അല്ലെങ്കിൽ ഭരണഘടനയുടെ വ്യാഖ്യാനം മുതലായവ കീഴ്കോടതി കളുടെ പരാമർശത്തിൽ വന്നാൽ സുപ്രീംകോടതിയുടെ വ്യാഖ്യാനങ്ങൾ അംഗീകരിക്കേണ്ടിയിരിക്കുന്നു. മേൽപറഞ്ഞ ചുമതലകൾ കൂടാതെ മറ്റ് ഏതാനും അധികാരങ്ങൾ കൂടി സുപ്രീംകോടതിയ്ക്കുണ്ട്. അവയാണ്:

**(i)** **ഭരണഘടനയുടെ സൂക്ഷിപ്പുകാരൻ:** ഇന്ത്യൻ ഭരണഘടനയുടെ വ്യാഖ്യാനങ്ങൾ നൽകുന്ന കോടതി എന്നനിലയിൽ ഭരണഘടനയുടെ കാവൽക്കാരനും സംരക്ഷകനുമായി സുപ്രീം കോടതി അറിയപ്പെടുന്നു. ഭരണനിർവ്വാഹക വിഭാഗത്തിന്റെ ഏതെങ്കിലും നിയമമോ, കൽപനയോ ഭരണഘടനയ്ക്ക് എതിരാണെങ്കിൽ, അവ, ഭരണഘടനാനുസൃതമല്ല എന്നും അവ അസാധുവായി പ്രഖ്യാപിക്കുവാനും സുപ്രീംകോടതിയ്ക്ക് അധികാരമുണ്ട്. അതുപോലെ തന്നെ ജനങ്ങളുടെ മൗലികാവകാശങ്ങളുടെ കാവൽക്കാരനും, സംരക്ഷകനും സുപ്രീംകോടതിയാണ്. മൗലികാവകാശ ലംഘനം ഉണ്ടായതായി ഏതെങ്കിലും പൗരന് അനുഭവപ്പെട്ടാൽ പൗരന് നേരിട്ട് സുപ്രീംകോടതിയിൽ മൗലികാവകാശ സംരക്ഷണത്തിനായി സമീപിക്കാവുന്നതാണ്. ഭരണഘടനാനുസൃതമായ പരിഹാര നിർവ്വഹണാധികാരം സുപ്രീംകോടതിയ്ക്കുള്ളതിനാൽ ഇന്ത്യൻ ഭരണഘടനയുടെ കാവൽക്കാരൻ / സംരക്ഷകൻ ആയി സുപ്രീംകോടതി പ്രവർത്തിക്കുന്നു.

**(ii)** **നീതിന്യായ പുനരവലോകനം:** എക്സിക്യൂട്ടീവ് ആജ്ഞകളും, വിജ്ഞാപനങ്ങളും കൂടാതെ എല്ലാത്തരം നിയമങ്ങളുടെയും പുനരവലോകനാധികാരം സുപ്രീംകോടതിയിൽ നിക്ഷിപ്ത മാണ്. അതുപോലെ നിയമങ്ങളുടെ സാധ്യതയേയും പുനരവലോകനം ചെയ്യാനുള്ള അധികാരം ഉണ്ട്. ഭരണഘടനയുടെ വ്യാഖ്യാനം നടത്തുവാനുള്ള അധികാരമുള്ളതിനാൽ, ഈ അവകാശത്തിലൂടെ നീതിന്യായ പുനരവലോകനത്തിന്റെ അധികാരവും സുപ്രീംകോടതിയ്ക്ക് ലഭിച്ചു.

**? നിങ്ങൾക്കറിയാമോ**

**ജുഡീഷ്യൽ റിവ്യൂ / നീതിന്യായ പുനരവലോകനം:** നിയമനിർമ്മാണ സഭയുടെ വിജ്ഞാപനമോ, നിയമമോ ഭരണഘടനാനുസൃതമാണോ എന്ന് നീതിന്യായ വിഭാഗം പരിശോധിക്കുന്നതിനെ ജുഡീഷ്യൽ റിവ്യൂ അഥവാ നീതിന്യായ പുനരവലോകനം എന്ന് പറയുന്നു. പുനഃപരിശോധനയിൽ, ഏതെങ്കിലും നിയമം, ഭരണഘടനയുടെ ലംഘനമായി കണ്ടാൽ നീതിന്യായ വകുപ്പ് അവ ഭരണഘടനാനുസൃതമല്ല, ആയതിനാൽ നിയമപ്രകാരം അസാധു എന്ന് പ്രഖ്യാപിക്കുന്നു.

### 20.4.2 പ്രായോഗിക നീതിന്യായാദർശപരം

ഭരണഘടനയുടെ നൂതന ന്യായാദർശവ്യാഖ്യാനത്തെ പ്രായോഗിക നീതിന്യായാദർശം അഥവാ ജുഡീഷ്യൽ ആക്ടിവിസം എന്ന് പറയുന്നു. നീതിന്യായസഭയുടെ അധികാരങ്ങളിലുള്ള കടന്നുകയറ്റമാണ് ഇത് എന്ന ഒരു വിമർശനവും നിലവിലുണ്ട്. എന്നാൽ ഇന്ത്യയിലാകട്ടെ ഇതിന് പൊതുജന പിന്തുണ ആർജ്ജിച്ചിട്ടുണ്ട്, കാരണം നീതിനിഷേധ വിഭാഗത്തിന് നീതിയുടെ പാതകൾ തുറന്നതായി പുകഴ്ത്തുന്നുണ്ട്. പൊതുജനതാൽപര്യഹർജ്ജി (Public Interest Litigation (PIL) എന്ന് ഈ ആയുധത്തെ വിളിക്കുന്നു. ഏത് പ്രശ്നത്തെ സംബന്ധിച്ചും ഏത് പൗരനും നേരിട്ട് ആ പ്രശ്നത്തിന്റെ ഫലം ഉണ്ടാകുന്നി

ല്ലെങ്കിൽ കോടതിയിൽ പൊതുതാൽപര്യ ഹർജ്ജി ഫയൽ ചെയ്യാവുന്നതാണ്. സാധാരണക്കാരുടേയും, ദരിദ്രവിഭാഗത്തിന്റെയും വിഷമാവസ്ഥയിലുള്ളവരുടെയും പേരിലോ അതല്ലായെങ്കിൽ കോടതിയിൽ കേസു നൽകാൻ സാമ്പത്തികശേഷി ഇല്ലാത്തവരുടെയും പേരിൽ പൊതു താല്പര്യഹർജി സമർപ്പിക്കാവുന്നതാണ്. പ്രായോഗികനീതിന്യായാദർശപരമായിട്ടും പി.ഐ.എൽ (PIL) മുഖേനയും കോടതികൾ, മലിനീകരണം, പൊതുവായ സിവിൾ നിയമങ്ങൾ, നിയമപരമല്ലാത്ത സൗധങ്ങളിൽ നിന്നുള്ള കുടിയൊഴിപ്പിക്കൽ, പ്രായപൂർത്തിയാകാത്ത കുട്ടികളുടെ തൊഴിൽനിരോധനം, കുട്ടികളെ അപകടകരമായ തൊഴിൽശാലകളിൽ ജോലിചെയ്യിക്കുന്നത്, അതുപോലെ നിരവധി വിഷയങ്ങളിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 20.5

1. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.
   (i) ഇന്ത്യയിലെ നീതിന്യായവകുപ്പ് .................................. ആണ്.
   (ii) ഇന്ത്യയിലെ ചീഫ് ജസ്റ്റീസിനെയും സുപ്രീംകോടതി ജഡ്ജിമാരെയും നിയമിക്കുന്നത് ................................ ആണ്.
   (iii) സുപ്രീംകോടതി ജഡ്ജിയെ തൽസ്ഥാനത്തുനിന്ന് ................................ നടപടിയിലൂടെ നീക്കം ചെയ്യാവുന്നതാണ്.
   (iv) ഇന്ത്യൻ ഭരണഘടനാ വ്യാഖ്യാനത്തിന്റെ അന്തിമ അധികാരം നിക്ഷിപ്തമായിരിക്കുന്നത് ................................ ലാണ്.
2. താഴെ പറയുന്നവയിൽ തെറ്റും ശരിയും ഏതൊക്കെ?
   (i) സുപ്രീംകോടതി ജഡ്ജിമാരെ നിയമിക്കുന്നത് ഇന്ത്യയിലെ ചീഫ് ജസ്റ്റീസ് ആണ്.
   (ii) സുപ്രീംകോടതിയിൽ ഒരു ചീഫ്ജസ്റ്റീസും 30 ജഡ്ജിമാരും ഉണ്ട്.
   (iii) സുപ്രീംകോടതി ജഡ്ജിമാർ 65 വയസ്സ് പൂർത്തിയാകുന്നതുവരെ സർവ്വീസിൽ തുടരുന്നു.
   (iv) 'ജുഡീഷ്യൽ ആക്ടിവിസം' അഥവാ 'പ്രായോഗിക നീതിന്യായാദർശം' സാധാരണക്കാർക്ക് നീതി ഉറപ്പാക്കുന്നു.
   (v) സുപ്രീംകോടതിയുടെ ഉപദേശം തേടുന്ന ഇന്ത്യൻ പ്രസിഡന്റ് സുപ്രീംകോടതി നൽകുന്ന ഉപദേശം സ്വീകരിക്കുവാൻ ബാദ്ധ്യസ്ഥനാണ്.

## നിങ്ങൾ പഠിച്ചത്

- കേന്ദ്രഗവൺമെന്റിന്റെ ഘടനയും പ്രവർത്തനങ്ങളും പാർലമെന്ററി ജനാധിപത്യ ഗവൺമെന്റിന്റെ തത്വങ്ങൾക്കും, നടപടി ക്രമങ്ങൾക്കും അനുസൃതമായിട്ടുള്ളതാണ്. പ്രസിഡന്റും, പ്രധാനമന്ത്രി അദ്ധ്യക്ഷനുമായുള്ള മന്ത്രിസഭാ കൗൺസിൽ, കാര്യനിർവ്വഹണ വിഭാഗവും (Executive) പാർലമെന്റിന്റെ ഇരുസഭകൾ, നിയമനിർമ്മാണസഭയും (Legislative) സുപ്രീംകോടതി പരമോന്നത നീതിന്യായവിഭാഗ (Judiciary)വുമാകുന്നു.

- കാര്യനിർവ്വഹണ ചുമതല (Executive) ഇന്ത്യൻ ഭരണഘടനാപ്രകാരം, ഇന്ത്യൻ പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കുന്നു. പാർലമെന്റിന്റെ ഇരുസഭകളും സംസ്ഥാന നിയമസഭകളും (State Assemblies) ചേർന്ന ഒരു ഇലക്ടറൽ കോളേജ് ആണ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത്. സാധാരണയായി പ്രസിഡന്റിന്റെ ഔദ്യോഗിക കാലാവധി അഞ്ച് വർഷമാണ്. എന്നാൽ കാലാവധി പൂർത്തിയാകുന്നതിന് മുൻപ് ഇംപീച്ച്മെന്റ് (കുറ്റവിചാരണ) നടത്തി തൽസ്ഥാനത്തുനിന്ന് നീക്കാവുന്നതാണ്. കാര്യനിർവ്വഹണം (എക്സിക്യൂട്ടീവ്), നിയമനിർമ്മാണം (ലെജിസ്ലേറ്റീവ്), ധനപരം (ഫിനാൻഷ്യൽ), നീതിന്യായപാലനം (ജുഡീഷ്യറി), അടിയന്തിര സാഹചര്യാധികാരം (എമർജൻസി) എന്നീ അധികാരങ്ങൾ പ്രസിഡന്റിന് ഉണ്ട്.
- കേന്ദ്രഗവൺമെന്റിന്റെ യഥാർത്ഥ തലവൻ പ്രധാനമന്ത്രിയാണ്. ഇന്ത്യൻ പ്രസിഡന്റാണ് അദ്ദേഹത്തെ നിയമിക്കുന്നത്. പ്രധാനമന്ത്രിയുടെ ഉപദേശ പ്രകാരം, മന്ത്രിസഭാ കൗൺസിലിലെ മറ്റ് മന്ത്രിമാരെ നിയമിക്കുന്നതും പ്രസിഡന്റാണ്. പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലിന്റെ ഉപദേശങ്ങൾ സ്വീകരിച്ച് അവരുടെ സഹായത്തോടെ പ്രസിഡന്റ് ചുമതലകൾ നിർവ്വഹിക്കുന്നു. മന്ത്രിസഭാ കൗൺസിലിന്റെ കൂട്ടുത്തരവാദിത്തം ലോക്സഭയോടാണ്. അതിന്റെ അർത്ഥം ലോക്സഭയിൽ മന്ത്രിസഭാ കൗൺസിലിന്റെ വിശ്വാസം നഷ്ടപ്പെട്ടാൽ പ്രധാനമന്ത്രിയും മന്ത്രിസഭാ കൗൺസിലും അധികാരത്തിൽ നിന്ന് ഒഴിയും എന്നതാണ്.
- ലോക്സഭയും രാജ്യസഭയും ഉൾപ്പെട്ട ഇന്ത്യയിലെ പാർലമെന്റാണ് നിയമനിർമ്മാണസഭ. ലോക്സഭാംഗങ്ങളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു; എന്നാൽ, രാജ്യസഭയിലെ അംഗങ്ങളെയാവട്ടെ പരോക്ഷമായിട്ടാണ് തെരഞ്ഞെടുക്കുന്നത്. ലോക്സഭയുടെ കാലാവധി 5 വർഷമാണ്. രാജ്യസഭ യാകട്ടെ ഒരു സ്ഥിരസഭയാണ്. ഒരിക്കലും പിരിച്ചുവിടാറില്ല. നിയമ നിർമ്മാണവും വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതും, കൂടാതെ ഗവൺമെന്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും പാർലമെന്റാണ്. പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിൽ പങ്കാളികളാകുന്നു, കൂടാതെ വൈസ്പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് പാർലമെന്റാണ്.
- ഏകീകൃത നീതിന്യായ വിഭാഗത്തിലെ പരമോന്നതകോടതി സുപ്രീംകോടതിയാണ്. ഇന്ത്യയിലെ ചീഫ് ജസ്റ്റീസിനെയും, മറ്റ് ജഡ്ജിമാരെയും നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റാണ്. സുപ്രീംകോടതിക്ക് ആദ്യ വിചാരണാധികാരം (Original Jurisdiction), പുനർവിചാരണാധികാരം (Appellate Jurisdiction) ഉപദേശകാധികാരം (Advisory Jurisdiction) എന്നീ മൂന്ന് അധികാരങ്ങൾ ഉണ്ട്. ഇത് ഒരു രേഖാകോടതി കൂടിയാണ്. സുപ്രീംകോടതി ഭരണഘടനയുടെ കാവൽക്കാരൻ /സംരക്ഷകനായി പ്രവർത്തിക്കുന്നു. സുപ്രീംകോടതിയുടെ 'ജുഡീഷ്യൽ ആക്ടിവിസം' അഥവാ പ്രായോഗിക നീതിന്യായാദർശം, പൊതുതാൽപര്യ ഹർജി (Public Interest Litigation (PIL)) മുതലായ അധികാരത്തിലൂടെ സാധാരണക്കാർക്കും, സാധുക്കൾക്കും, നീതിനിഷേധക വിഭാഗങ്ങൾക്കും നീതി ലഭ്യമാക്കുന്നു.

## സമാപ്തി പ്രവർത്തനങ്ങൾ

(i) ഇന്ത്യൻ പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത് എങ്ങനെ? പ്രസിഡന്റിനെ അധികാരത്തിൽ നിന്നും നീക്കുന്നത് എങ്ങനെ?

(ii) ഇന്ത്യൻ പ്രസിഡന്റിന്റെ അധികാരങ്ങളും ചുമതലകളും എന്തൊക്കെ? ഭരണഘടനാപരമായി വളരെയധികം അധികാരങ്ങൾ നൽകിയിട്ടും പ്രസിഡന്റ് ഭരിക്കുന്നില്ല,

മറിച്ച് രാഷ്ട്രത്തെ പ്രതിനിധീകരിക്കുന്നതേയുള്ളൂ എന്നു പറയുന്നത് എന്തുകൊണ്ട്?

(iii) ഇന്ത്യയിലെ പ്രധാനമന്ത്രിയുടെ, ഭരണത്തിലുള്ള പങ്ക് പരിശോധിക്കുകയും വില യിരുത്തുകയും ചെയ്യുക.

(iv) 'രാജ്യസഭ ഒരു സെക്കന്റ് ചേംബർ മാത്രമല്ല, ഒരു സെക്കന്റ് ചേംബർ കൂടിയാണ്' എന്ന് പറയുന്നത് യോജിച്ചതാണോ?

(v) സുപ്രീംകോടതിയുടെ ഘടന എപ്രകാരം ആണ്? സുപ്രീംകോടതിയുടെ അധികാ രപരിധി എന്ത്?

(vi) ജുഡീഷ്യൽ ആക്ടിവിസം ഇന്ത്യൻ ജനാധിപത്യത്തിന് അനുഗ്രഹമാണോ അതോ അനർത്ഥമാണോ? 3 കാരണങ്ങൾ ചൂണ്ടിക്കാട്ടി നിങ്ങളുടെ ഉത്തരം സമർത്ഥിക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**20.1**

1. ഇന്ത്യൻ പ്രസിഡന്റിനെ ജനത നേരിട്ടല്ല തെരഞ്ഞെടുക്കുന്നത്. സംസ്ഥാന നിയമ സഭകളും പാർലമെന്റിന്റെ ഇരുസഭകളും ഉൾപ്പെട്ട ഒരു 'ഇലക്ടറൽ കോളേജ്' ആണ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നത്. ഇതുകൂടാതെ കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിയിലെയും, പുതുശ്ശേരിയിലെയും (മുൻപ് പോണ്ടിച്ചേരി എന്ന് അറിയപ്പെട്ടിരുന്നു) നിയമനിർമ്മാണസഭയിലെ അംഗങ്ങളും പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നു. രഹസ്യവോട്ടിംഗ് സമ്പ്രദായത്തിലൂടെയാണ് തെരഞ്ഞെടുപ്പ്. ജനസംഖ്യാ അനുപാതത്തിലുള്ള പ്രാതിനിധ്യ സമ്പ്രദായപ്രകാരം ഒരു അംഗത്തിന് ഒരു വോട്ട് എന്ന രീതിയാണ്.

2. (i) സംസ്ഥാനത്തിന്റെ

   (ii) (a) ഒരു ഇന്ത്യൻ പൗരനായിരിക്കണം (b) 35 വയസ്സെങ്കിലും പൂർത്തിയായിരിക്കണം (c) ലോക്സഭാംഗമായി തെരഞ്ഞെടുക്കുവാനുള്ള യോഗ്യത ഉണ്ടായിരിക്കണം (d) വേതനം സ്വീകരിച്ച് ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കരുത്.

   (iii) ഇന്ത്യയുടെ വൈസ് പ്രസിഡന്റ്

   (iv) (a) ഭരണനിർവ്വഹണാധികാരം (b) നിയമനിർമ്മാണാധികാരം (c) ധനപരമായ അധികാരം (d) നീതിന്യായപാലനാധികാരം

3. ഇന്ത്യൻ ഭരണഘടനയെ സംബന്ധിച്ചുള്ള പുസ്തകങ്ങളിൽ നിന്നോ, അല്ലെങ്കിൽ ഇന്റർനെറ്റിൽ നിന്നോ, അല്ലെങ്കിൽ നിങ്ങളുടെ അദ്ധ്യാപകരുമായി കൂടി ആലോചിച്ചോ, സഹപാഠികളുമായിട്ടോ, സതീർത്ഥ്യരുമായോ ആലോചിച്ച് വിവരങ്ങൾ ശേഖരിക്കുക.

**20.2**

1. ഒരു സംസ്ഥാനത്തിന്റെ ഭരണം ഭരണഘടനാപ്രകാരം നിർവ്വഹിക്കുന്നില്ല എന്ന്, സംസ്ഥാന ഗവർണ്ണറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും

വിധത്തിലോ, പ്രസിഡന്റിന് ബോദ്ധ്യമാവുകയോ അല്ലെങ്കിൽ ഒരു സംസ്ഥാനത്ത് ഭരണയന്ത്രം പരാജയപ്പെടുകയോ ചെയ്യുമ്പോൾ രണ്ടാം വിഭാഗത്തിലുള്ള അടിയന്തിരാവസ്ഥ പ്രസിഡന്റിന് പ്രഖ്യാപിക്കാവുന്നതാണ്. ഈ കാലയളവിൽ സംസ്ഥാന നിയമസഭ ഒന്നുകിൽ പിരിച്ചുവിടും അല്ലെങ്കിൽ സസ്പെന്റ് ചെയ്ത് നിർത്തും. സംസ്ഥാന ഗവർണർ പ്രസിഡന്റിനുവേണ്ടി എല്ലാ ഭരണഘടനാ ചുമതലകളും നിർവ്വഹിക്കും.

2. പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭ, അടിയന്തിരാവസ്ഥാപ്രഖ്യാപനത്തിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്നു. പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള മന്ത്രിസഭാ കൗൺസിലിന്റെ തീരുമാനം രേഖാമൂലം പ്രസിഡന്റിനെ അറിയിക്കുമ്പോൾ മാത്രമേ പ്രസഡിന്റിന് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുവാൻ അധികാരമുള്ളൂ.

3. നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ ഉത്തരം എഴുതുക.

4. (a) തെറ്റ് (b) ശരി (c) ശരി (d) ശരി

**20.3**

1. (a) യഥാർത്ഥ എക്സിക്യൂട്ടീവ്
   (b) നേതാവ്, ഭൂരിപക്ഷം
   (c) യാഥാർത്ഥ്യമായിട്ടുള്ളത്, ഗവൺമെന്റ്
   (d) പ്രധാനമന്ത്രി

2. (a) മന്ത്രിസഭാ കൗൺസിലിന് എതിരായി ലോക്സഭയിൽ അവിശ്വാസ പ്രമേയം പാസ്സായാൽ
   (b) പ്രധാനമന്ത്രി
   (c) ക്യാബിനറ്റ് മന്ത്രി, സ്റ്റേറ്റ് മന്ത്രി, ഡപ്യൂട്ടി മന്ത്രി
   (d) പ്രധാനമന്ത്രി

**20.4**

1. (i) 550
   (ii) 6 വർഷം
   (iii) രാജ്യസഭ
   (iv) ഇന്ത്യയിലെ വൈസ്പ്രസിഡന്റ്
   (v) സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുവാൻ, ക്രമസമാധാനവും അച്ചടക്കവും പാലിക്കുവാൻ, അംഗങ്ങളെ പ്രസംഗിക്കുവാൻ അനുവദിക്കാൻ, ഒരു ബില്ല് ധനപരമായിട്ടുള്ളതാണോ എന്ന് തീരുമാനിക്കുവാൻ, പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുവാൻ
   (vi) (i) ഇന്ത്യൻപൗരനായിരിക്കണം (ii) 25 വയസ്സെങ്കിലും പൂർത്തിയായിരിക്കണം (iii) വേതനം സ്വീകരിച്ചുള്ള തൊഴിലിൽ ഏർപ്പെട്ട ആൾ ആവരുത്.

2. (a) പാർലമെന്റിന്റെ ഇരുസഭകളിൽ ഏതെങ്കിലും

(b) സംയുക്തമായി

(c) ലോക്സഭ

(d) (i) ചോദ്യങ്ങൾ ചോദിക്കുവാനും ഉപചോദ്യങ്ങൾ ഉന്നയിക്കുവാനും;

(ii) നീട്ടിവയ്ക്കൽ പ്രമേയവും ശ്രദ്ധക്ഷണിക്കലും.

3. (a) തെറ്റ് (b) ശരി (c) ശരി (d) ശരി

4. നല്ല യോഗ്യതകൾ ഏതൊക്കെയെന്ന് നിങ്ങൾ മനസ്സിലാക്കിയിരിക്കുന്ന തിന്റെ അടിസ്ഥാനത്തിൽ ഉത്തരം നൽകുക.

**20.5**

1. (i) ഏകീകൃതമായിട്ടുള്ളത്

(ii) ഇന്ത്യയിലെ പ്രസിഡന്റ്

(iii) ഇംപീച്ച്മെന്റ് (കുറ്റവിചാരണ)

(iv) സുപ്രീംകോടതി

2. (i) തെറ്റ്

(ii) ശരി

(iii) ശരി

(iv) ശരി

(v) ശരി

# 21

# രാഷ്ട്രീയകക്ഷികളും സമ്മർദ്ദ വിഭാഗങ്ങളും

ജനാധിപത്യം എന്നാൽ 'ജനങ്ങളുടെ ജനങ്ങൾക്കുവേണ്ടി ജനങ്ങളാലുള്ള ഭരണം" എന്ന് നിങ്ങൾ നേരത്തേ ധരിച്ചിട്ടുണ്ട്. ജനങ്ങൾ തന്നെ നടത്തുന്ന ജനങ്ങളുടെ ഗവൺമെന്റാണ് ജനാധിപത്യ ഗവൺമെന്റ് എന്നാണ് കണക്കാക്കുന്നത്. ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് കൂടുതൽ ജനാധിപത്യ ഗവൺമെന്റുകളും പ്രായോഗിക തലത്തിൽ നടത്തപ്പെടുന്നത്. ജനങ്ങൾ എങ്ങനെയാണ് ഗവൺമെന്റിനെ പ്രതിനിധീകരിക്കപ്പെടുന്ന തെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടാകാം. തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ജനങ്ങൾ അവ രുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. സാധാരണ രാഷ്ട്രീയ പാർട്ടികളാണ് തെര ഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. എന്നാൽ ചിലർ സ്വതന്ത്ര രായും മൽസരിക്കാറുണ്ട്. എന്നിരുന്നാലും ജനപങ്കാളിത്തം തെരഞ്ഞെടുപ്പോടെ തുടങ്ങു കയും അവസാനിക്കുകയും ചെയ്യുന്നില്ല. സമ്മർദ്ദ ഗ്രൂപ്പ് അല്ലെങ്കിൽ തത്പര ഗ്രൂപ്പ് എന്നു വിളിക്കുന്ന വിഭാഗങ്ങളിലൂടെ ആളുകൾ ഭരണപ്രക്രിയയിലും പങ്കാളികളാകുന്നു. നമ്മുടെ രാജ്യത്തിന്റെ സാഹചര്യത്തിൽ രാഷ്ട്രീയ പാർട്ടികളെക്കുറിച്ചും സമ്മർദ്ദ വിഭാഗങ്ങളെ ക്കുറിച്ചും ഈ അധ്യായത്തിൽ പഠിക്കാം. രാഷ്ട്രീയ കക്ഷികളേയും സമ്മർദ്ദ ഗ്രൂപ്പുക ളേയും കുറിച്ച് കൂടുതൽ അറിയുന്നത് നിങ്ങൾക്ക് ഇഷ്ടമാകും.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിക്കുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- രാഷ്ട്രീയകക്ഷി എന്നതിന്റെ അർത്ഥം
- രാഷ്ട്രീയകക്ഷികളുടെ പ്രധാനപ്പെട്ട സവിശേഷതകൾ വിശദമാക്കുവാൻ;
- ഇന്ത്യയിലെ രാഷ്ട്രീയകക്ഷികളുടെ വിഭാഗങ്ങൾ അറിയുവാൻ;
- ഇന്ത്യപോലുള്ള ജനാധിപത്യ ഗവൺമെന്റിൽ രാഷ്ട്രീയകക്ഷികളുടെ പങ്കും ചുമ തലകളും ചർച്ച ചെയ്യുന്നതിന്;
- ഇന്ത്യയിലെ വിവിധ ദേശീയപാർട്ടികളും പ്രാദേശിക പാർട്ടികളും തമ്മിലുള്ള വ്യത്യാ സങ്ങൾ അറിയുവാൻ;
- ഇന്ത്യയിലെ ദേശീയപാർട്ടികളുടെ മുഖ്യനയങ്ങൾ ചുരുക്കമായി വെളിപ്പെടുത്തുവാൻ;
- രാഷ്ട്രീയകക്ഷികളും, സമ്മർദ്ദ വിഭാഗങ്ങളും / തല്പര വിഭാഗങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുവാൻ;
- സമ്മർദ്ദ വിഭാഗങ്ങൾ / തല്പര വിഭാഗങ്ങളുടെ പങ്ക് വിലയിരുത്തുവാൻ;
- നമ്മുടെ ദൈനംദിന ജീവിതത്തിൽ രാഷ്ട്രീയകക്ഷികളുടെ സ്വാധീനം അപഗ്രഥിക്കുവാൻ

## 21.1 രാഷ്ട്രീയകക്ഷികൾ : അർത്ഥവും സവിശേഷതകളും

### 21.1.1 രാഷ്ട്രീയകക്ഷികൾ നമുക്ക് എന്തുകൊണ്ട് വേണം?

വർത്തമാനകാലത്തെ ജനാധിപത്യ രാജ്യങ്ങളിൽ സർക്കാരുകൾ രൂപീകരിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും രാഷ്ട്രീയ കക്ഷികളെ അവിഭാജ്യ ഘടകമായി കരുതുന്നു. എന്നാൽ നിശ്ചയമായും ലിബിയ, ഒമാൻ, ഖത്തർ, യുണൈറ്റഡ് ആരബ് എമറൈറ്റ്സ് തുടങ്ങിയ രാജ്യങ്ങളിൽ രാഷ്ട്രീയപാർട്ടികളെ നിരോധിച്ചിരിക്കുകയാണ്. ഇവിടെയെല്ലാം ഗവൺമെന്റ് ഉണ്ട്. ഇവിടങ്ങളിലുള്ളത് ജനാധിപത്യ ഗവൺമെന്റ് അല്ല. മത്സരസ്വഭാവമുള്ള രാഷ്ട്രീയകക്ഷികൾ നിലവിലുള്ള രാജ്യങ്ങളിൽ മാത്രമേ ജനാധിപത്യം പ്രവർത്തിക്കുന്നുള്ളൂ എന്ന നിഗമനത്തിൽ നമുക്ക് എത്താം! രാജ്യത്തെ സ്ഥാപനങ്ങളും ഗവൺമെന്റ് പ്രവർത്തനങ്ങളും യഥാർത്ഥത്തിൽ ജനാധിപത്യപരമാക്കുന്നതിൽ രാഷ്ട്രീയ പാർട്ടികൾക്ക് ഏറെ പങ്കുണ്ട്. ജനങ്ങൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാനും, ഭരണപരമായ കാര്യങ്ങളിൽ സഹകരിക്കുവാനും, രാഷ്ട്രീയ അവബോധം ഉണ്ടാകുന്നതിനും, നിയമപരമായ കാര്യങ്ങളുടെ രൂപീകരണത്തിനും രാഷ്ട്രീയ പാർട്ടികൾ സഹായിക്കുന്നു. പ്രാതിനിധ്യ സ്വഭാവമുള്ള ഗവൺമെന്റ് സാദ്ധ്യമാകുന്നതിന് രാഷ്ട്രീയകക്ഷികൾ ആവശ്യമാണെങ്കിൽ നിങ്ങൾ ചോദിക്കും രാഷ്ട്രീയപാർട്ടികൾ എന്നതിന്റെ വിശാല അർത്ഥം എന്ത് എന്ന്? അവയുടെ സവിശേഷതകൾ എന്തെല്ലാം? ഒരു ജനാധിപത്യ ഗവൺമെന്റിൽ അവയ്ക്കുള്ള പങ്ക് എന്ത്?

### 21.1.2 രാഷ്ട്രീയപാർട്ടികളുടെ അർത്ഥം

രാഷ്ട്രീയ സമ്പ്രദായം നിലനിൽക്കണമെന്ന ഉദ്ദേശത്തോടെ പൊതുവായ ലക്ഷ്യങ്ങൾ പ്രതീക്ഷിക്കുകയും പൊതുവായ തത്വങ്ങളിൽ പങ്കുചേരുകയും ചെയ്യുന്ന സംഘടിതരായ ഒരു വിഭാഗം ആളുകളെ രാഷ്ട്രീയപാർട്ടി എന്നു വിളിക്കാം. നയങ്ങൾ പ്രയോഗത്തിലാക്കുവാൻ രാഷ്ട്രീയ അധികാരം ഭരണഘടനാ മാർഗ്ഗങ്ങളിലൂടെ നേടുന്നതിനായി രാഷ്ട്രീയപാർട്ടികൾ പ്രവർത്തിക്കുന്നു. പൊതുപ്രാധാന്യമുള്ള കാര്യങ്ങളിൽ ഒരേ അഭിപ്രായവും, സമാന മനഃസ്ഥിതിയും ഉള്ള ഒരു വിഭാഗം ആളുകളെയും രാഷ്ട്രീയപാർട്ടി എന്നു വിളിക്കാം. “ഒരേ രാഷ്ട്രീയ അഭിപ്രായമുള്ളവർ ഒരു രാഷ്ട്രീയ യൂണിറ്റായി പ്രവർത്തിച്ച്, ഗവൺമെന്റിന്റെ നിയന്ത്രണം ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്ന, സംഘടിതമായ ഒരു വിഭാഗം പൗരൻമാരെ” രാഷ്ട്രീയപാർട്ടി എന്നു വിളിക്കാമെന്ന് ഗിൽ ക്രിസ്റ്റ് രാഷ്ട്രീയ പാർട്ടിയെ നിർവചിക്കുന്നു. ഗെറ്റൽ (Gettell) തരുന്ന മറ്റൊരു നിർവ്വചനം അനുസരിച്ച് “ഒരു വിഭാഗം ആളുകൾ ഏറെക്കുറെ സംഘടിതമായി, ഒരു രാഷ്ട്രീയ യൂണിറ്റായി പ്രവർത്തിച്ച്, അവരുടെ വോട്ടവകാശം ഉപയോഗിച്ച്, ഗവൺമെന്റിന്റെ നിയന്ത്രണം ഏറ്റെടുത്ത് പൊതുവായ നയങ്ങൾ നടപ്പിലാക്കുവാൻ ശ്രമിക്കുന്ന സംഘത്തെ രാഷ്ട്രീയപാർട്ടി” എന്നു വിളിക്കാം. രാഷ്ട്രീയ പാർട്ടികൾ സംഘടിതമായ ഒരു സംഘമാണെന്നും അവ പ്രാഥമികമായും അധികാരം കരസ്ഥമാക്കുന്നതിനും അത് നിലനിർത്തുന്നതിനുമാണ് ശ്രദ്ധിക്കുന്നതെന്നും ഈ നിർവചനങ്ങളിൽ നിന്ന് മനസിലാക്കാം.

### 21.1.3 സവിശേഷതകൾ

മേൽ പറഞ്ഞിരിക്കുന്ന നിർവ്വചനങ്ങളെ ആസ്പദമാക്കി ഒരു രാഷ്ട്രീയ പാർട്ടിയുടെ സവിശേഷതകൾ ഇപ്രകാരം പറയാം.

- സംഘടിതമായ ഒരു വിഭാഗം ആളുകൾ ചേരുന്നതാണ് രാഷ്ട്രീയകക്ഷി;
- സംഘടിതമായ ഒരു വിഭാഗം ആൾക്കാർ പൊതുതത്വങ്ങളിലും പൊതുവായ ലക്ഷ്യങ്ങളിലും വിശ്വസിക്കുന്നു;

- അംഗങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയ അധികാരം പിടിച്ചെടുക്കുക എന്നതാണ് ഇത് ലക്ഷ്യമാക്കുന്നത്;
- ഗവൺമെന്റിന്റെ മേലുള്ള നിയന്ത്രണത്തിന് ഭരണഘടനാപരവും സമാധാനപരവുമായ രീതികൾ സ്വീകരിക്കുന്നു;
- ലക്ഷ്യമിടുന്ന മാർഗ്ഗങ്ങൾ അധികാരത്തിലിരിക്കുമ്പോൾ നയങ്ങളായി മാറുന്നു;

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 21.1

1. കൊടുത്തിരിക്കുന്ന 4 ഉത്തരങ്ങളിൽ ശരിയായിട്ടുള്ളത് തെരഞ്ഞെടുത്ത് ഓരോ ചോദ്യത്തിനും ഉത്തരം എഴുതുക.

(a) ഒരു രാഷ്ട്രീയ കക്ഷിയുടെ സവിശേഷത ഇവയിൽ ഏതാണ്?

(i) തങ്ങളുടെ പ്രദേശത്തിന്റെ ഉന്നതിക്കുവേണ്ടി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു കൂട്ടം ആളുകൾ

(ii) ഒരേ മതവിശ്വാസം പുലർത്തുന്ന ഒരുകൂട്ടം ആളുകൾ

(iii) പൊതു വിഷയങ്ങളിൽ പൊതുവായ തത്വങ്ങളും വീക്ഷണങ്ങളുമുള്ള ഒരു കൂട്ടം ആളുകൾ

(iv) തെരഞ്ഞെടുപ്പ് മീറ്റിംഗിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകൾ

(b) ജനാധിപത്യത്തിൽ രാഷ്ട്രീയകക്ഷികളുടെ ആവശ്യം എന്തിന്?

(i) നിയമസഭയുടെ നിയമനിർമ്മാണത്തിൽ സഹായിക്കുവാൻ

(ii) രാജ്യത്തിലെ ഭരണപാലന വിഭാഗത്തെ സഹായിക്കുവാൻ

(iii) നീതിന്യായ വിഭാഗത്തിന് വിധികൾ പ്രഖ്യാപിക്കുവാൻ

(iv) തങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് സഹായിക്കാൻ

(c) താഴെ പറയുന്നവയിൽ എവിടെയാണ് ജനാധിപത്യം ഇല്ലാത്തത്?

(i) ലിബിയ (ii) ഇന്തോനേഷ്യ (iii) ഇന്ത്യ (iv) ശ്രീലങ്ക

## 21.2 രാഷ്ട്രീയ പാർട്ടികൾ : ചുമതലകളും പങ്കും

പ്രാതിനിധ്യ ജനാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനത്തിന് രാഷ്ട്രീയ കക്ഷികൾ ഒഴിച്ചുകൂടാൻ വയ്യാത്തതാണെന്ന് നിങ്ങൾ പഠിച്ചിട്ടുണ്ട്. ഓരോ രാഷ്ട്രീയ സംവിധാനത്തിലും മർമപ്രധാനമായ പങ്ക് അവ വഹിക്കുന്നുണ്ട്. രാജ്യത്തെ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ വോട്ടർമാരുടെ മുമ്പിൽ സ്ഥാനാർത്ഥികളെ നിർത്തുന്നത് ആരാണെന്ന് അറിയുന്നത് പ്രധാനപ്പെട്ട കാര്യമാണ്. തെരഞ്ഞെടുപ്പിൽ ആരാണ് പ്രചരണം നടത്തുന്നതെന്ന് നിങ്ങൾക്കറിയാമോ? ഒരു ഗവൺമെന്റ് രൂപീകരിക്കുന്നത് എങ്ങനെയാണെന്നും മുഖ്യമന്ത്രിയെ അല്ലെങ്കിൽ പ്രധാനമന്ത്രിയെ ആരാണ് നിർദ്ദേശിക്കുന്നതെന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇവയെല്ലാം രാഷ്ട്രീയ പാർട്ടികളുടെ ചുമതലകളേയും ജനാധിപത്യ

ഭരണത്തിൽ അവരുടെ പങ്കിനെയും ബന്ധപ്പെട്ടുള്ളതാണ്. രാഷ്ട്രീയ പാർട്ടികളുടെ ചുമതലകൾ പ്രത്യേകിച്ചും ഇന്ത്യയുടെ സാഹചര്യത്തിൽ താഴെ കൊടുക്കുന്നു.

- തെരഞ്ഞെടുപ്പു വേളകളിൽ രാഷ്ട്രീയകക്ഷികൾ സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നു.
- തെരഞ്ഞെടുപ്പിൽ അവരുടെ സ്ഥാനാർത്ഥിക്ക് പിന്തുണ ലഭിക്കുന്നതിന് അവർ പ്രചാരണം നടത്തുന്നു.
- രാഷ്ട്രീയ കക്ഷികൾ അവരുടെ മാനിഫെസ്റ്റോകളിൽ കൂടി തങ്ങളുടെ ലക്ഷ്യങ്ങളും പരിപാടികളും വോട്ടർമാരുടെ മുന്നിൽ അവതരിപ്പിക്കുന്നു.
- തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ലഭിക്കുന്നവർ ഗവൺമെന്റ് രൂപീകരിക്കുകയും അവരുടെ നയങ്ങൾ നടപ്പിലാക്കുകയും ചെയ്യും;
- അധികാരത്തിൽ ഇല്ലാത്ത കക്ഷികൾ പ്രതിപക്ഷമായി പ്രവർത്തിച്ച് സർക്കാരിന്റെ പ്രവർത്തനങ്ങളെ സസൂക്ഷ്മം പരിശോധിച്ച് തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നു;
- നിയമസഭയിൽ ന്യൂനപക്ഷമാകുന്ന കക്ഷി പ്രതിപക്ഷ കക്ഷിയാകുന്നു. ഭരണകക്ഷിയുടെ സദ്ഭരണത്തിനായി അവർ ഗവൺമെന്റിൽ എല്ലായ്പ്പോഴും സമ്മർദ്ദം ചെലുത്തുന്നു;
- ജനങ്ങളിൽ അവബോധം വളർത്തുന്നതിനും പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും അവർ സഹായിക്കുന്നു;
- അവർ ജനങ്ങളുടെ ആവശ്യങ്ങൾ സംയോജിപ്പിച്ച് ഗവൺമെന്റിനെ അറിയിക്കുന്നു;
- അവർ ജനങ്ങളേയും ഗവൺമെന്റ് സ്ഥാപനങ്ങളേയും ബന്ധിപ്പിക്കാൻ സഹായിക്കുന്നു;

ഇന്ത്യയിൽ സ്വാതന്ത്ര്യത്തിനു ശേഷം രാഷ്ട്രീയ പാർട്ടികൾ മേൽപറഞ്ഞ എല്ലാ ചുമതലകളും വളരെ ഫലപ്രദമായി നിർവ്വഹിക്കുന്നു. ആറ് പതിറ്റാണ്ടുകളിൽ കൂടുതലായി ഇന്ത്യയിൽ പ്രാതിനിധ്യ ജനാധിപത്യം സാദ്ധ്യമാക്കാനും വിജയിപ്പിക്കുവാനും അവർക്ക് കഴിഞ്ഞു. പൗരന്മാരും ഗവൺമെന്റും തമ്മിൽ ഫലപ്രദമായ കണ്ണികളായി രാഷ്ട്രീയ കക്ഷികൾ പ്രവർത്തിക്കുന്നതോടൊപ്പം തന്നെ വോട്ടർമാരും അവരുടെ പ്രതിനിധികളും തമ്മിലും നല്ല ബന്ധം പുലർത്തുന്നു. പൊതുകാര്യങ്ങളെ കുറിച്ചുള്ള ആളുകളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനും രാഷ്ട്രീയ പങ്കാളിത്തത്തിനുവേണ്ടി ആളുകളെ സമാഹരിക്കുന്നതിനും രാഷ്ട്രീയ കക്ഷികൾ ശ്രമിക്കുന്നു. രാഷ്ട്രീയ കക്ഷികൾ ഇല്ലാതെ തെരഞ്ഞെടുപ്പുകൾ അസാദ്ധ്യമാണ്. പൗരന്മാരെ പ്രതിനിധാനം ചെയ്യാൻ കഴിവുള്ളതും പൊതുനന്മയ്ക്കായി പ്രവർത്തിക്കുവാൻ കഴിയുന്ന തരത്തിൽ ഭരിക്കാവുന്നതുമായ ശക്തവും സഹായകവുമായ രാഷ്ട്രീയ കക്ഷികൾ ജനാധിപത്യത്തിന് ആവശ്യമാണ്.

കഴിഞ്ഞ ആറ് ദശാബ്ദ കാലങ്ങളിലെ ഇന്ത്യയിലെ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തനങ്ങൾ പൊതു അഭിപ്രായം രൂപവൽക്കരിക്കുന്നതിനും രാഷ്ട്രീയ അവ

ബോധം സൃഷ്ടിക്കുന്നതിനും രാഷ്ട്രീയ വിദ്യാഭ്യാസം ജനങ്ങൾക്ക് നൽകുന്നതിനും പൊതുവേ സഹായകരമായി തീർന്നിട്ടുണ്ട്. രാഷ്ട്രീയ കക്ഷികൾ ജനങ്ങളുടെ സമ്മതി ലഭിക്കുന്ന സന്ദർഭങ്ങളിലെല്ലാം ഗവൺമെന്റുകൾ വിജയകരമായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും രൂപീകരിക്കുകയും തങ്ങളുടെ നയങ്ങളും പരിപാടികളും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും തികച്ചും ജനാധിപത്യപരമായി നടപ്പിലാക്കുന്നതിന് അവർ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് മൽസരാധിഷ്ഠിതവും ബഹുകക്ഷി സമ്പ്രദായത്തിലുള്ളതുമായ ഇന്ത്യയിലെ ജനാധിപത്യം ശക്തിപ്പെടുവാൻ രാഷ്ട്രീയ പാർട്ടികൾ സഹായിച്ചിട്ടുണ്ടെന്ന് നമുക്ക് പറയാൻ കഴിയും.

## പ്രവർത്തനം 21.1

നിങ്ങളുടെ സംസ്ഥാനത്തിലെ താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുക.

- നിലവിലുള്ള ഗവൺമെന്റ് രൂപീകരിച്ചിരിക്കുന്നത് ഏത് രാഷ്ട്രീയപാർട്ടി / ഏതെല്ലാം രാഷ്ട്രീയപാർട്ടികൾ ചേർന്നാണ്?
- നിയമസഭയിലെ പ്രതിപക്ഷനേതാവ് ഏത് രാഷ്ട്രീയപാർട്ടിയിൽ പെട്ടയാളാണ്?
- കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നിർത്തിയ 5 രാഷ്ട്രീയപാർട്ടികളുടെ പേര് എഴുതുക.

പത്രങ്ങൾ, മാതാപിതാക്കൾ അല്ലെങ്കിൽ സുഹൃത്തുക്കൾ എന്നിവരിൽ നിന്ന് നിങ്ങൾക്ക് ഈ വിവരങ്ങൾ ലഭിക്കും.

## 21.3 ഇന്ത്യയിലെ രാഷ്ട്രീയപാർട്ടികൾ: രാഷ്ട്രീയ പാർട്ടികളുടെ പരിണാമം

1885-ലെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രൂപീകരണത്തോടെ ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികളുടെ തുടക്കമായതായി കരുതപ്പെടുന്നു. അങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടേയും താൽപര്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു വിശാലവേദി എന്ന നിലയിൽ ഇന്ത്യയിൽ ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികൾക്ക് തുടക്കം കുറിച്ചു. ദാദാഭായ് നവറോജി, സുരേന്ദ്രനാഥ ബാനർജി, ഗോപാലകൃഷ്ണ ഗോഖലെ എന്നിവരെപ്പോലെയുള്ള മിതവാദികളും ലാൽ-ബാൽ-പാൽ എന്നീ ചുരുക്കപ്പേരിലറിയപ്പെടുന്ന ലാലാ ലജ്പത്റായ്, ബാലഗംഗാധര തിലകൻ, ബിപിൻ ചന്ദ്രപാൽ തുടങ്ങിയ തീവ്രവാദികളുമാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രാരംഭഘട്ടത്തിൽ അതിന്റെ തലപ്പത്ത് ഉണ്ടായിരുന്നത്. ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ശ്രമം ആരംഭിച്ചു. മുസ്ലീം ലീഗ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ, ഹിന്ദു മഹാസഭ തുടങ്ങിയ മറ്റ് രാഷ്ട്രീയ പാർട്ടികളും ഈ കാലഘട്ടത്തിൽ ഉദ്ഭവിച്ചു.

1947-ൽ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം തെരഞ്ഞെടുപ്പുകളിൽ മൽസരിക്കുകയും സർക്കാരുകൾ ഉണ്ടാക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രീയ പാർട്ടിയായി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് മാറി. 1952, 57, 62, 67 എന്നീ വർഷങ്ങളിൽ തുടർച്ചയായി തെരഞ്ഞെടുപ്പുകളിൽ വിജയിച്ച് കേന്ദ്രത്തിലും മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും ഇന്ത്യൻ നാഷണൽ

കോൺഗ്രസ്സ് ഇന്ത്യയിലെ പ്രബല കക്ഷിയായി മാറി. കോൺഗ്രസ്സ് ഭൂരിപക്ഷം സീറ്റുകളിലും വിജയിക്കുകയും മറ്റു കക്ഷികൾ തെരഞ്ഞെടുപ്പിൽ മൽസരിക്കുമെങ്കിലും നിസാര സീറ്റുകൾ നേടുകയും ചെയ്തിരുന്നതിനാൽ ഈ കാലഘട്ടം 'ഏക കക്ഷി ആധിപത്യ സമ്പ്രദായം' എന്ന പേരിലറിയപ്പെടുന്നു.

1967-നു ശേഷം ഇന്ത്യയിലെ പാർട്ടി സമ്പ്രദായത്തിൽ സ്ഥിരമായ വ്യതിയാനങ്ങൾ സംഭവിച്ചു. 1971-ൽ കോൺഗ്രസ് ലോക്സഭയിൽ ഭൂരിപക്ഷം നേടിയെങ്കിലും ധാരാളം സംസ്ഥാനങ്ങളിലും മറ്റ് കക്ഷികൾ സർക്കാരുകൾ രൂപീകരിച്ചു; അതിൽ കൂടുതലും സംയുക്ത കക്ഷികളുടേതായിരുന്നു താനും. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, ജനതാ പാർട്ടി എന്നീ രണ്ട് രാഷ്ട്രീയ പാർട്ടികൾ ഉള്ള ദ്വികക്ഷി സംവിധാനം നിലവിൽ വന്നു. എന്നാലിത് അൽപ്പകാലം മാത്രമേ നിലനിന്നുള്ളൂ. യഥാർത്ഥത്തിൽ ജനതാപാർട്ടി, സംഘടനാ കോൺഗ്രസ്, ജനസംഘം, സോഷ്യലിസ്റ്റ് പാർട്ടി, ഭാരതീയ ലോക് ദൾ, കോൺഗ്രസ്സ് ഫോർ സോഷ്യലിസ്റ്റ് ഡമോക്രസി തുടങ്ങിയ കക്ഷികൾ ചേർന്ന് ഒറ്റക്കക്ഷിയായി മാറിയതായിരുന്നു. ജനതാപാർട്ടി വീണ്ടും പിളർന്നു. അതിന്റെ കൂടെ ഫലമായി 1980 ൽ വീണ്ടും കോൺഗ്രസ് അധികാരത്തിൽ വരികയും 1989 വരെ നിലനിൽക്കുകയും ചെയ്തു. എന്നാലും 1989 നു ശേഷം ഒറ്റക്കക്ഷിയായി കോൺഗ്രസ്സിന് അധികാരത്തിലെത്താൻ കഴിഞ്ഞിട്ടില്ല. 1989 മുതൽ ഇന്ത്യ ഐക്യകക്ഷി ഭരണത്തിലേക്ക് മാറി. 1999 നു ശേഷം വിശാലമായ രണ്ട് സഖ്യകക്ഷി സമ്പ്രദായം നിലവിൽ വന്നു. ഭാരതീയ ജനതാപാർട്ടി നേതൃത്വം നൽകുന്ന നാഷണൽ ഡമോക്രാറ്റിക് അലയൻസ് (NDA), ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം നൽകുന്ന യുണൈറ്റഡ് പ്രോഗ്രസ്സീവ് അലയൻസ് (UPA) എന്നും അറിയപ്പെടുന്ന രണ്ട് സഖ്യങ്ങളാണ് അവ. വാസ്തവത്തിൽ ഇന്ത്യയിലിപ്പോൾ ധാരാളം കക്ഷികൾ രാഷ്ട്രീയ പ്രക്രിയകളിൽ പങ്കെടുക്കുന്ന ബഹുകക്ഷി സമ്പ്രദായമാണ് നിലവിലിരിക്കുന്നത്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 21.2

കൊടുത്തിരിക്കുന്ന 4 ഉത്തരങ്ങളിൽ ശരിയായിട്ടുള്ളത് തെരഞ്ഞെടുത്ത് ഓരോ ചോദ്യത്തിനും ഉത്തരമെഴുതുക.

(a) താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ് ശരിയായ പ്രസ്താവന?

(i) ഇന്ത്യയിൽ ഏകകക്ഷി സമ്പ്രദായമാണ്

(ii) സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികൾ നിലവിൽ വന്നു.

(iii) സ്വാതന്ത്ര്യത്തിനു ശേഷം മാത്രമാണ് ഇന്ത്യയിൽ രാഷ്ട്രീയ പാർട്ടികൾ ഉടലെടുത്തത്

(iv) 1989 നുശേഷം കോൺഗ്രസ്സിന് ലോക്സഭയിൽ ഒറ്റയ്ക്ക് ഭൂരിപക്ഷം ലഭിച്ചിട്ടുണ്ട്

(b) ജനാധിപത്യ സമ്പ്രദായത്തിൽ താഴെ പറയുന്നവയിൽ ഒന്ന് രാഷ്ട്രീയകക്ഷികളുടെ കാര്യനിർവ്വഹണത്തിൽ പെട്ടതല്ല

(i) രാഷ്ട്രീയകക്ഷികൾ, രഹസ്യമായി ഇപ്പോൾ നിലനിൽക്കുന്ന സമ്പ്രദായം മാറ്റാൻ ശ്രമിക്കുന്നു;

(ii) അവർ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നു

(iii) രാഷ്ട്രീയാധികാരം കരസ്ഥമാക്കാൻ ശ്രമിക്കുന്നു

(iv) നിയമസഭകളിൽ ഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ അവർ പ്രതിപക്ഷമായി മാറുന്നു

(c) ഏത് വർഷത്തിനു ശേഷമാണ് ദേശീയതലത്തിൽ കൂട്ടുകക്ഷി ഭരണം നിലവിൽ വന്നത്?

(i) 1952 (ii) 1989 (iii) 1977 (iv) 1967

## 21.4 ഇന്ത്യയിലെ രാഷ്ട്രീയപാർട്ടി സമ്പ്രദായം: സ്വഭാവം, മാതൃകകൾ, നയങ്ങൾ:

പാർട്ടി സമ്പ്രദായത്തിൽ സ്വാതന്ത്ര്യത്തിനു മുൻപ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ആയിരുന്നു പ്രബല കക്ഷി എന്ന് നിങ്ങൾ പഠിച്ചിട്ടുണ്ട്. എന്നാൽ ആ നില പിന്നീട് തുടർന്നില്ല. സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും കോൺഗ്രസ്സിതര ഗവൺമെന്റുകൾ ചില സമയങ്ങളിലെല്ലാം അധികാരത്തിൽ വന്നിട്ടുണ്ട്. പൊതുവേ ഇന്ത്യയിലെ കക്ഷിസമ്പ്രദായം ഏകകക്ഷിയെന്നോ, അല്ലെങ്കിൽ ശ്രേഷ്ഠമായ ഏക കക്ഷി സമ്പ്രദായം എന്നോ, അല്ലെങ്കിൽ വ്യക്തമായ ദ്വിപാർട്ടി സമ്പ്രദായമെന്നോ, അല്ലെങ്കിൽ ബഹുമുഖപാർട്ടി സമ്പ്രദായം എന്നോ പറയുവാൻ സാധിക്കില്ല. എന്നാൽ മേൽ പറഞ്ഞ പാർട്ടി സമ്പ്രദായത്തിൽപ്പെട്ട ഏതെങ്കിലുമൊക്കെ സവിശേഷതകൾ ഇന്ത്യയുടെ പാർട്ടി സമ്പ്രദായത്തിൽ കാണുവാൻ കഴിയും. ഇവിടുത്തെ രാഷ്ട്രീയ സമ്പ്രദായം അനേക വർഷങ്ങളായി ഏകകക്ഷി സമ്പ്രദായമല്ല. 1967-ന് മുമ്പ് കോൺഗ്രസ്സിന് ഉണ്ടായിരുന്നതുപോലെയുള്ള മുഖ്യസ്ഥാനം ഇപ്പോൾ ഇല്ല; ഇപ്പോൾ ഏകകക്ഷി ഭരണവും അല്ല. ഇന്ത്യയിൽ 1977 മുതൽ 1980 വരെ നിലവിലിരുന്ന ദ്വിപാർട്ടി സമ്പ്രദായവുമല്ല ഇപ്പോൾ. ദേശീയ രാഷ്ട്രീയ പാർട്ടികൾ, കേന്ദ്രത്തിൽ അധികാരത്തിൽ തുടരുവാൻ പ്രാദേശിക കക്ഷികളെ ആശ്രയിക്കുന്നതിനാൽ ഇന്ത്യയിലേത് ഒരു ബഹു പാർട്ടി സമ്പ്രദായവുമല്ല. ഒറ്റക്കക്ഷിക്ക് ഭൂരിപക്ഷം ലഭിക്കാൻ പ്രയാസമായതിനാൽ വിവിധ രാഷ്ട്രീയ കക്ഷികൾ ചേർന്നുള്ള കൂട്ടുകക്ഷി സർക്കാരുകളാണ് ഇപ്പോൾ രൂപം കൊള്ളുന്നത്.

### 21.4.1 ഇന്ത്യയിലെ രാഷ്ട്രീയപാർട്ടി സമ്പ്രദായത്തിലെ മുഖ്യമായ സവിശേഷതകൾ

മേൽപറഞ്ഞ ഘടകങ്ങളുടെ പശ്ചാത്തലത്തിൽ, ഇന്ത്യയിലെ പാർട്ടി സമ്പ്രദായത്തിൽ താഴെ പറയുന്ന സവിശേഷതകളുണ്ട്.

- കേന്ദ്രത്തിലും സംസ്ഥാനത്തിലും അധികാരത്തിലെത്തുവാൻ മത്സരിക്കുന്ന അനവധി രാഷ്ട്രീയപാർട്ടികൾ ഉള്ള ഒരു ബഹുകക്ഷി സമ്പ്രദായമാണ് ഇന്ത്യയിലുള്ളത്.
- ഇന്ത്യയിലെ സമകാലിക പാർട്ടി സമ്പ്രദായം ദേശീയ തലത്തിലും സംസ്ഥാന/ പ്രാദേശിക തലങ്ങളിലും രണ്ട് ബിന്ദുക്കളെ കേന്ദ്രീകരിച്ചുകൊണ്ട് രൂപം പ്രാപിച്ചിരിക്കുകയാണ്. അതായത് കോൺഗ്രസ്സ്, ബിജെപി എന്നീ രാഷ്ട്രീയ പാർട്ടികൾ നയിക്കുന്ന കക്ഷികൾ രണ്ട് ധ്രുവങ്ങളിലായി കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നു.
- രാഷ്ട്രീയപാർട്ടികളിൽ നായകത്വ സ്വഭാവമില്ല, മറിച്ച് മത്സര സ്വഭാവമുള്ളവയാണ്. ഒരു ദേശീയ കക്ഷിയുടെ നേതൃത്വത്തിലുള്ള സഖ്യത്തിൽ നിന്ന് മറ്റൊരു ദേശീയ കക്ഷിയുമായി ബന്ധത്തിലേർപ്പെടുവാനായി പൊതുതെരഞ്ഞെടുപ്പിന് മുൻപ് കക്ഷി മാറുന്ന രീതികൾ നിരവധി പ്രാവശ്യം ഉണ്ടായിട്ടുള്ളതായി നമുക്ക് കാണുവാൻ കഴിയും.
- കേന്ദ്രത്തിലെ ഗവൺമെന്റ് രൂപീകരണത്തിൽ പ്രാദേശികകക്ഷികൾക്ക് സുപ്രധാന പങ്ക് വഹിക്കേണ്ടതായി വന്നിരിക്കുകയാണ്. കേന്ദ്രത്തിൽ ഏതെങ്കിലും ഒരു ദേശീയ കക്ഷിയെ ഈ പ്രാദേശിക കക്ഷികൾ പിന്തുണയ്ക്കും. പകരം മന്ത്രിസ്ഥാനവും തങ്ങളുടെ സംസ്ഥാനത്തിന് സാമ്പത്തിക സഹായം തുടങ്ങിയവയും സ്വീകരിക്കുന്നു.

- കക്ഷികൾ തമ്മിലല്ല ഇപ്പോൾ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്. മറിച്ച്, കൂട്ടുകക്ഷികൾ തമ്മിലാണ്. മൽസരത്തിന്റെ സ്വഭാവം, സഖ്യങ്ങൾ, അതിലെ പങ്കാളികൾ ഇതെല്ലാം സംസ്ഥാനം തോറും വ്യത്യസ്തമായിരിക്കും.
- നമ്മുടെ പാർട്ടി സമ്പ്രദായത്തിന്റെ ഒരു പ്രത്യേകതയാണ് കൂട്ടുകക്ഷി രാഷ്ട്രീയം. ഏതാനും സംസ്ഥാനങ്ങളിൽ മാത്രം ഏകകക്ഷിഭരണം നില നിൽക്കുന്നതൊഴിച്ചാൽ മറ്റെല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഏകകക്ഷിഭരണം ഇല്ലാതായിരിക്കുന്ന ഒരു സാഹചര്യത്തിലാണ് നാം ഇപ്പോൾ. നമുക്കു ചുറ്റും കാണുന്നതുപോലെ സ്ഥിരമായി ഭരണകക്ഷിയോ അല്ലെങ്കിൽ സ്ഥിരമായ പ്രതിപക്ഷ പാർട്ടിയോ എന്നത് ഇല്ലാതായിരിക്കുന്നു.
- കൂട്ടുകക്ഷി രാഷ്ട്രീയത്തിന്റെ ഫലമായി രാഷ്ട്രീയപാർട്ടികളുടെ സിദ്ധാന്തങ്ങൾ പിൻസീറ്റിലേക്ക് തള്ളപ്പെട്ടു. പ്രായോഗികത എന്നത് ഭരണമന്ത്രം ആയിത്തീർന്നു. ഭരണം നടത്തുന്നത് ഒരു പൊതുമിനിമം പ്രോഗ്രാമിന്റെ അടിസ്ഥാനത്തിലാണ്. ഭരണത്തിൽ പങ്കാളികൾ ആകാതെതന്നെ, 2004-ൽ കമ്മ്യൂണിസ്റ്റ്പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), യുണൈറ്റഡ് പ്രോഗ്രസ്സീവ് സഖ്യ (UPA) ഗവൺമെന്റിനെ പിന്താങ്ങുന്ന രാഷ്ട്രീയസാഹചര്യവും നമ്മൾ കണ്ടു.
- വോട്ട് നേടുന്നതിനുവേണ്ടി ഏതെങ്കിലും ഒരു വൈകാരിക പ്രശ്നത്തിലാണ് രാഷ്ട്രീയ കക്ഷികൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 1970 കളിലെ 'ഗരീബി ഹട്ടാവോ' (Garibi Hatao), 1980 കളിലെ ഇന്ദിരയാണ് ഇന്ത്യ (Indira is India), 1980 കളിൽ രാജീവ്ഗാന്ധിയുടെ നേതൃത്വത്തിൽ 21-ാം നൂറ്റാണ്ടിലേക്ക്, 1999-ൽ ബിജെപിയുടെ 'ഇന്ത്യ തിളങ്ങുന്നു' (India Shining), കോൺഗ്രസ്സിന്റെ 2004 ലെ 'ഫീൽ ഗുഡ്' (Feel Good), 2009-ലെ ആം ആദ്മി (Aam Aadmi) ഇതെല്ലാം നേരത്തേ നടന്ന തെരഞ്ഞെടുപ്പുകളിലെ വൈകാരിക വിഷയങ്ങളായിരുന്നു.
- എന്നും നിലനിൽക്കുന്ന സാമൂഹിക കൂട്ടുകെട്ടുകളേക്കാൾ അൽപ്പകാലം മാത്രം നീണ്ടുനിൽക്കുന്ന തിരഞ്ഞെടുപ്പ് നേട്ടങ്ങൾക്കുവേണ്ടിയാണ് രാഷ്ട്രീയ കക്ഷികൾ ഇപ്പോൾ ശ്രമിക്കുന്നത്.

### പ്രവർത്തനം 21.2

ചർച്ചകളിലൂടെയോ പത്രങ്ങൾ വായിച്ചോ താഴെ പറയുന്നവ കണ്ടുപിടിക്കുക.

1. നിങ്ങളുടെ പ്രദേശത്തെ ഏത് രാഷ്ട്രീയ കക്ഷിയാണ് കേന്ദ്രത്തിൽ ഒരു ഗവൺമെന്റ് രൂപവൽക്കരിക്കുന്നതിന് പ്രധാന പങ്ക് വഹിച്ചത്? അത് എന്നായിരുന്നു?
2. ഏത് ദേശീയ രാഷ്ട്രീയ പാർട്ടി/ കൂട്ടുകക്ഷി കേന്ദ്രത്തിലെ ഭരണകക്ഷിയായി മാറി? എന്ന്?
3. നിങ്ങളുടെ സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക കക്ഷികൾ ഏതൊക്കെയാണ്? ഈ കക്ഷികൾ എന്നാണ് നിങ്ങളുടെ സംസ്ഥാനത്ത് ഭരണകക്ഷിയായി മാറിയിട്ടുള്ളത്?

## 21.5 ഇന്ത്യയിലെ രാഷ്ട്രീയപാർട്ടികൾ: വിഭാഗങ്ങൾ

ചിഹ്നങ്ങൾ നൽകിക്കൊണ്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളെ തരം തിരിച്ചിട്ടുണ്ട്. കമ്മീഷൻ മൂന്നു വിഭാഗങ്ങളായി: ദേശീയ പാർട്ടികൾ, സംസ്ഥാന പാർട്ടികൾ, അംഗീകാരമില്ലാത്തതും എന്നാൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ പാർട്ടികൾ – എന്നിങ്ങനെയായി രാഷ്ട്രീയ പാർട്ടികളെ തരം തിരിച്ചിട്ടുണ്ട്.

താഴെ പറയുന്ന മൂന്നു കാര്യങ്ങളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ ദേശീയ കക്ഷികളുടെ പദവി നൽകുന്നത്.

1. നാലോ, അതിൽ കൂടുതലോ സംസ്ഥാനങ്ങളിൽ അംഗീകാരമുള്ള പാർട്ടിയായിരിക്കണം.
2. ലോക്സഭ തിരഞ്ഞെടുപ്പുകളിൽ നാല് ശതമാനം സീറ്റുകളെങ്കിലും കിട്ടിയിരിക്കണം അല്ലെങ്കിൽ സംസ്ഥാന നിയമസഭകളിലെ തിരഞ്ഞെടുപ്പിൽ 3.33 ശതമാനം സീറ്റെങ്കിലും കിട്ടിയിരിക്കണം.
3. പാർട്ടി നിർത്തിയ എല്ലാ സ്ഥാനാർത്ഥികൾക്കും തെരഞ്ഞെടുപ്പിൽ മൊത്തം കിട്ടിയ സാധുവായ വോട്ടിന്റെ ആറു ശതമാനം ലഭിച്ചിരിക്കണം.

**A.** **ദേശീയ രാഷ്ട്രീയപാർട്ടികൾ**ക്ക് രാജ്യവ്യാപകമായി സ്വാധീനമേഖലകൾ ഉണ്ട്. 2009 ലെ തെരഞ്ഞെടുപ്പിനു ശേഷം അംഗീകാരമുള്ള ദേശീയ രാഷ്ട്രീയ പാർട്ടികൾ – ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (INC), ദ് നാഷണലിസ്റ്റ് കോൺഗ്രസ്സ് പാർട്ടി (NCP), ഭാരതീയ ജനതാപാർട്ടി (BJP), കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (CPI), കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ - മാർക്സിസ്റ്റ് (CPI-M), ബഹുജൻ സമാജ്പാർട്ടി (BSP), രാഷ്ട്രീയ ജനതാദൾ (RJD) എന്നിവയാണ്.

**B.** **പ്രാദേശിക അംഗീകൃത പാർട്ടികൾ:** നിശ്ചിത ശതമാനം വോട്ടുകളോ സീറ്റുകളോ സംസ്ഥാനങ്ങളിൽ ലഭിക്കുന്ന പാർട്ടികളെയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രാദേശിക പാർട്ടികളായി അംഗീകരിക്കുന്നത്. തെരഞ്ഞെടുപ്പ് കമ്മീഷൻ രാഷ്ട്രീയ പാർട്ടികൾക്കും തെരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികൾക്കും ചിഹ്നങ്ങൾ നൽകുന്നു. നമ്മുടെ രാജ്യത്തെ പ്രാദേശിക പാർട്ടികളുടെ എണ്ണം കൂടുതലാണ്. തൃണമൂൽ കോൺഗ്രസ് (പശ്ചിമ ബംഗാൾ), ആസാം ഗണ പരിഷത്ത് (ആസാം), ആൾ ഇന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റ കഴകം (തമിഴ്നാട്, പോണ്ടിച്ചേരി), ദ്രാവിഡ മുന്നേറ്റ കഴകം (തമിഴ്നാട്, പോണ്ടിച്ചേരി), നാഷണൽ കോൺഫറൻസ് (ജമ്മു & കാശ്മീർ), സമാജ് വാദി പാർട്ടി (ഉത്തർ പ്രദേശ്, ഉത്തരാഖണ്ഡ്), ശിരോമണി അകാലിദൾ (പഞ്ചാബ്), ശിവസേന (മഹാരാഷ്ട്രാ), തെലുങ്ക്ദേശം (ആന്ധ്രാപ്രദേശ്) എന്നിവയാണ് ഏതാനും മുഖ്യ പ്രാദേശിക കക്ഷികൾ. നിങ്ങളുടെ സംസ്ഥാനത്തുള്ള ഒരു പ്രാദേശിക കക്ഷിയുടെ പേര് പറയാമോ?

### പ്രവർത്തനം 21.3

2008-ൽ താഴെ പറയുന്ന സംസ്ഥാനങ്ങളിൽ ഗവൺമെന്റുകൾ ഉണ്ടാക്കിയ രാഷ്ട്രീയ കക്ഷികൾ ഏതൊക്കെയാണെന്ന് കണ്ടെത്തുക.

- *ഡൽഹി*
- *മധ്യപ്രദേശ്*
- *രാജസ്ഥാൻ*
- *ഛത്തീസ്ഗഢ്*

## 21.5 ഇന്ത്യയിലെ രാഷ്ട്രീയപാർട്ടികളും അവരുടെ നയങ്ങളും

ദേശീയതലത്തിലും, പ്രാദേശികതലത്തിലും നിരവധി രാഷ്ട്രീയപാർട്ടികൾ ഉണ്ട് എന്ന് നിങ്ങൾക്ക് അറിയാം. സമ്മതിദായകരുമായുള്ള കടപ്പാടിൽ ഓരോ രാഷ്ട്രീയ പാർട്ടിയും അവരുടെ നയങ്ങളും, പ്രോഗ്രാമുകളും പ്രഖ്യാപിക്കുന്നു. അതെല്ലാം ഉൾപ്പെടുത്തിയിരിക്കുന്ന പ്രമാണം 'മാനിഫെസ്റ്റോ' എന്നറിയപ്പെടുന്നു. നിങ്ങൾക്ക് അറിയാവുന്നതുപോ

കുറിപ്പുകൾ

ലെ തെരഞ്ഞെടുപ്പ് വേളകളിൽ രാഷ്ട്രീയ പാർട്ടികൾ 'മാനിഫെസ്റ്റോ' പ്രസിദ്ധപ്പെടുത്തുന്നു. താഴെ പറഞ്ഞിരിക്കുന്ന രാഷ്ട്രീയപാർട്ടികളുടെ മുഖ്യനയങ്ങൾ നമുക്ക് പരിശോധിക്കാം.

1. 1. **ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്:** 1885-ൽ സ്ഥാപിതമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (ഇപ്പോൾ കോൺഗ്രസ്സ്) ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ മുഖ്യപങ്കു വഹിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഒരു മുഖ്യ രാഷ്ട്രീയപാർട്ടിയായി കേന്ദ്രത്തിലും ഒട്ടുമിക്ക സംസ്ഥാനങ്ങളിലും 1967 വരെ ഭരിച്ചു. ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിലെ ആദ്യത്തെ രണ്ട് ദശകം കോൺഗ്രസ്സിന്റെ മേധാവിത്വത്തിലായിരുന്നു. ഈ കാലഘട്ടത്തെ 'കോൺഗ്രസ് സിസ്റ്റം' (Congress System) എന്നു പറയപ്പെടുന്നു. ക്രമേണ കോൺഗ്രസ്സിന്റെ സ്വാധീനം കുറഞ്ഞു. ഇപ്പോൾ അത് കേന്ദ്രത്തിൽ അധികാരത്തിലെത്താൻ കൂട്ടുകക്ഷികളെ ആശ്രയിക്കുന്നു. കോൺഗ്രസ്സ് ജനാധിപത്യം, മതേതരത്വം, സോഷ്യലിസം എന്നീ ആദർശങ്ങളിൽ പ്രതിജ്ഞാബദ്ധമാണ്. ഒരു കണക്കിന് കോൺഗ്രസ്സ് ഒരു കേന്ദ്ര സ്ഥിതാവസ്ഥയിലാണ്. ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം (LPG) എന്നീ നയങ്ങളെ മുറുകെ പിടിക്കുന്നതോടൊപ്പം തന്നെ സമൂഹത്തിലെ ദുർബ്ബല വിഭാഗത്തിന്റെ ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിക്കുന്നു. കാർഷികാടിസ്ഥാനത്തിലുള്ള സമ്പദ് വ്യവസ്ഥയ്ക്കും വ്യവസായവൽക്കരണത്തിനും വേണ്ടി അത് വാദിക്കുന്നു. താഴെ തട്ടിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും അന്തർദേശീയ സ്ഥാപനങ്ങളിലും പ്രത്യേകിച്ച് ഐക്യരാഷ്ട്ര സംഘടനയിലും പ്രധാന പങ്ക് വഹിക്കാനും കോൺഗ്രസ് ശ്രമിക്കുന്നു.

2. **ഭാരതീയ ജനതാപാർട്ടി:** ജനതാപാർട്ടിയിൽ നിന്നും മാറി, 1980-ലാണ് ഭാരതീയ ജനതാ പാർട്ടി (ബിജെപി) രൂപം കൊള്ളുന്നത്. പഴയ ഭാരതീയ ജനസംഘമാണ് ഈ പുതിയ പേരിലേക്ക് മാറിയത്. കേന്ദ്രത്തിലും ചില സംസ്ഥാനങ്ങളിലും ബിജെപി ഒരു പ്രധാന രാഷ്ട്രീയ കക്ഷിയാണ്. ബിജെപി (a) ദേശീയതയും ദേശീയോദ്ഗ്രഥനവും, (b) ജനാധിപത്യം, (c) വാസ്തവികമായ മതേതരത്വം, (d) ഗാന്ധിയൻ സോഷ്യലിസം (e) മൂല്യാധിഷ്ഠിത രാഷ്ട്രീയം എന്നിവയിൽ പ്രതിജ്ഞാബദ്ധമാണ്. പ്രാരംഭ ഘട്ടത്തിൽ വലതുപക്ഷ ചായ്വ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ കോൺഗ്രസ്സിനെപ്പോലെ കേന്ദ്ര സ്ഥിതാവസ്ഥയിലാണ്. ബീഹാർ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ഗുജറാത്ത്, കർണ്ണാടക, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലെപ്പോലെ പല സംസ്ഥാനങ്ങളിലും ഈ രാഷ്ട്രീയ പാർട്ടി ഗവൺമെന്റുകൾ രൂപീകരിച്ചിട്ടുണ്ട്. ദക്ഷിണ, ഉത്തര, പൂർവ്വേന്ത്യ എന്നിവിടങ്ങളിൽ പാർട്ടിയുടെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ ശ്രമിച്ചുവരുന്നു.

3. **കമ്മ്യൂണിസ്റ്റ് പാർട്ടികൾ:** ഇന്ത്യയിലെ മുഖ്യ കമ്മ്യൂണിസ്റ്റ് പാർട്ടികൾ 1925-ൽ തുടങ്ങിയ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (CPI), 1964-ലെ വിഭജനത്തെ തുടർന്നുണ്ടായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ് (CPIM) എന്നിവയാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) മറ്റേ പാർട്ടിയേക്കാൾ കൂടുതൽ ശക്തമായിത്തീർന്നിട്ടുണ്ട്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്)-ഉം, സി.പി.ഐയും കേരളത്തിലും, പശ്ചിമബംഗാളിലും അധികാരത്തിലിരുന്നിട്ടുണ്ട്. ത്രിപുരയിൽ ഇപ്പോൾ അധികാരത്തിലുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടികൾ കർഷകരുടെയും തൊഴിലാളികളുടെയും പാർട്ടിയാണ്. മാർക്സിസത്തിലും ലെനിനിസത്തിലും അധിഷ്ഠിതമായി കമ്മ്യൂണിസ്റ്റ് പാർട്ടികൾ, സോഷ്യലിസം, വ്യവസായങ്ങൾ സോഷ്യലിസ്റ്റ് ഉടമസ്ഥതയിൽ, കാർഷിക പരിഷ്കാരങ്ങൾ, പിന്നോക്ക പ്രദേശങ്ങളുടെ ഉയർച്ച, സ്വയംപര്യാപ്തമായ സമ്പദ് വ്യവസ്ഥ തുടങ്ങിയവ

യ്ക്കുവേണ്ടി നിലകൊള്ളുന്നു. മുതലാളിത്ത വ്യവസ്ഥിതി, സാമ്രാജ്യത്വ അധിനിവേശം, ആഗോളവൽക്കരണം എന്നിവയെ എതിർക്കുന്നു.

4. **ബഹുജൻ സമാജ് പാർട്ടി:** ബഹുജൻ സമാജ് പാർട്ടി 1984-ൽ കാൻഷിറാമാണ് രൂപീകരിച്ചത്. ഇന്ത്യയിലെ ജനസംഖ്യയിലെ ഭൂരിപക്ഷമുള്ള അവഗണിക്കപ്പെട്ട വിഭാഗത്തിലെ പാവപ്പെട്ടവർ, തൊഴിൽരഹിതർ, ഭൂരഹിതർ, ദളിത് വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളുടെ പാർട്ടിയാണെന്ന് അവകാശപ്പെടുന്നു. സാഹു മഹാരാജ്, ജ്യോതിഭാ ഫൂലെ, രാംസ്വാമിനായ്ക്കർ, ഡോ. ബി.ആർ.അംബേദ്ക്കർ എന്നിവരുടെ പ്രധാന തത്വചിന്തകളിലും ഉപദേശങ്ങളിലും അവർ ആവേശം കൊള്ളുന്നു. ഇപ്പോൾ പാർട്ടിയെ നയിക്കുന്നത് ശ്രീമതി മായാവതി ആണ്. ബി.എസ്സ്.പിയുടെ പ്രധാന തത്വം 'സർവ്വജൻ ഹിതയ, സർവ്വജൻ സുഖേ' അഥവാ 'എല്ലാവരുടെയും ക്ഷേമം, എല്ലാവർക്കും സുഖം' എന്നതാണ്. ഒരിക്കൽ ബിജെപിയുടെ സഖ്യ കക്ഷിയായിരുന്നു. പിന്നീട് ഉത്തർപ്രദേശിൽ ഒറ്റയ്ക്ക് ഭരണകക്ഷിയായിട്ടുണ്ട്.

5. **നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി:** ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ നിന്ന് വിഘടിച്ചുവന്ന ഒന്നാണ് നാഷണലിസ്റ്റ് കോൺഗ്രസ്സ് പാർട്ടി. ശരദ് പവാർ, പി.എ. സാംഗ്മ, താരിക് അൻവർ എന്നിവർ ചേർന്നാണ് 1999 ൽ ഈ പാർട്ടി രൂപീകരിച്ചത്. പാർട്ടിയുടെ നയങ്ങൾ ഏറെക്കുറെ കോൺഗ്രസ്സിന്റേതു തന്നെയാണ്. മഹാരാഷ്ട്രയിൽ ഈ പാർട്ടിക്ക് വലിയ സ്വാധീനമുണ്ട്. 2004 മുതൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള യുപിഎ യിലെ ഒരു പങ്കാളിയാണ്.

6. **രാഷ്ട്രീയ ജനതാദൾ:** 1998 ൽ ജനതാദൾ വിഭജിക്കപ്പെട്ടപ്പോൾ നിലവിൽ വന്ന മറ്റൊരു പാർട്ടിയാണ് രാഷ്ട്രീയ ജനതാദൾ (RJD). ലല്ലു പ്രസാദ് യാദവാണ് അതിന്റെ മുഖ്യ നേതാവ്. സോഷ്യലിസ്റ്റ് പരിപാടികൾക്കും പിന്നോക്ക ജാതിക്കാരുടെയും ന്യൂനപക്ഷങ്ങളുടെയും സാമൂഹിക നീതിക്കുവേണ്ടിയാണ് ഈ പാർട്ടി നിലകൊള്ളുന്നത്. ഏതാണ്ട് ഒരു ദശാബ്ദക്കാലം ബീഹാറിൽ ഈ കക്ഷി അധികാരത്തിലിരുന്നു. 2004 ൽ കോൺഗ്രസ്സ് നയിച്ച യുപിഎയിലെ ഒരു പങ്കാളിയായിരുന്നു ആർജെഡി.

II. **പ്രാദേശിക രാഷ്ട്രീയ പാർട്ടികൾ:** പ്രാദേശിക താൽപര്യങ്ങളുടെ സംരക്ഷകരായിട്ടാണ് പ്രാദേശിക കക്ഷികൾ ഉണ്ടായത്. അതാതു സംസ്ഥാനങ്ങളിൽ ഏതാനും പാർട്ടികൾ പ്രശസ്തമായി വളർന്ന് സംസ്ഥാന രാഷ്ട്രീയത്തിൽ മറ്റു പാർട്ടികളേക്കാൾ മുന്നിട്ടുനിൽക്കുന്നു; ഭരണത്തിലുമെത്തുന്നു. പ്രാദേശിക പാർട്ടികളുടെ മുന്നിട്ടു നിൽക്കുന്ന അവസ്ഥ ദേശീയ രാഷ്ട്രീയത്തിലും അവരുടെ സ്വാധീനം വർദ്ധിപ്പിക്കുന്നു. കേന്ദ്രത്തിൽ കൂട്ടുകക്ഷി ഗവൺമെന്റ് ഉണ്ടാക്കുന്നതിന് സഹായിക്കുന്നു. നമ്മുടെ പാർട്ടി സംവിധാനം, പ്രാദേശിക പാർട്ടികളുടെ മുന്നേറ്റം കൊണ്ട് 'ഫെഡറൽ അഥവാ സംയുക്തമായി മാറി. പ്രാദേശിക കക്ഷികളുടെ പങ്കിനെ കേന്ദ്രഗവൺമെന്റ് വിലമതിക്കുന്നു. അവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് അവരുടെ പ്രതീക്ഷകൾ സഫലീകരിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും തുടങ്ങി. രാഷ്ട്രീയ പാർട്ടി സമ്പ്രദായത്തിൽ സംജാതമായ സവിശേഷതകൾ നമ്മുടെ ഫെഡറൽ സംവിധാനത്തിലെ സഹായകരമായ സഹകരണത്തെ ശക്തിപ്പെടുത്തുന്നു.

III. **രജിസ്റ്റർ ചെയ്തിട്ടുള്ള അംഗീകാരമില്ലാത്ത പാർട്ടികൾ:** ദേശീയ തലത്തിലോ സംസ്ഥാന തലത്തിലോ അംഗീകാരമില്ലാത്ത ധാരാളം രാഷ്ട്രീയ കക്ഷികൾ തെരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2009 ൽ അത്തരത്തിൽ 363 പാർട്ടികൾ തെരഞ്ഞെടുപ്പിൽ മൽസരിച്ചു എന്നറിയുമ്പോൾ നിങ്ങൾ അതിശയിച്ചേക്കും. ഇതുകൂടാതെ കുറെ സ്വതന്ത്രരും ആ തെരഞ്ഞെടുപ്പിലുണ്ടായിരുന്നു. 2009 ലെ കണക്കനുസരിച്ച് താഴെ പറയുന്ന രീതിയിൽ രാഷ്ട്രീയ പാർട്ടികളെ തരം തിരിച്ചിട്ടുണ്ട്.

കുറിപ്പുകൾ

- ദേശീയ പാർട്ടികൾ - 7 (കോൺഗ്രസ്, ബിജെപി, സിപിഎം, സിപിഐ, ബിഎസ്പി, എൻസിപി, ആർജെഡി)
- സംസ്ഥാന പാർട്ടികൾ - 34
- രജിസ്റ്റർ ചെയ്തിട്ടുള്ള പാർട്ടികൾ (അംഗീകാരമില്ലാത്തത്)- 322

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 21.3

1. ഇന്ത്യയുടെ പാർട്ടി സംവിധാനത്തിലെ 2 സവിശേഷതകൾ വ്യക്തമാക്കുക.
2. താഴെ കൊടുത്തിരിക്കുന്ന രാഷ്ട്രീയപാർട്ടികളിൽ ഏതെങ്കിലും രണ്ട് പാർട്ടികളുടെ മൂന്ന് സവിശേഷതകൾ വീതം എഴുതുക.
   (i) ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്
   (ii) ഭാരതീയ ജനതാ പാർട്ടി
   (iii) കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)
   (iv) ബഹുജൻ സമാജ് പാർട്ടി
3. ജമ്മു & കാശ്മീർ സംസ്ഥാനത്തിലെ പ്രാദേശിക പാർട്ടി ഇവയിൽ ഏതാണ്?
   (i) ഇന്ത്യൻ നാഷണൽ ലോക്ദൾ (ii) നാഷണൽ കോൺഫറൻസ്
   (iii) ഫോർവേഡ് ബ്ലോക്ക് (iv) രാഷ്ട്രീയ ജനതാദൾ
4. ശിവസേന ഏത് സംസ്ഥാനത്തെ ഒരു പ്രമുഖ രാഷ്ട്രീയപാർട്ടിയാണ്.
   (i) മഹാരാഷ്ട്ര (ii) തമിഴ്നാട്
   (iii) ബീഹാർ (iv) ഉത്തരാഖണ്ഡ്

## പ്രവർത്തനം 21.4

നിങ്ങളുടെ സംസ്ഥാനത്തിലെ / കേന്ദ്രഭരണപ്രദേശത്തിലെ പ്രധാനപ്പെട്ട രാഷ്ട്രീയ പാർട്ടികൾ ഏതൊക്കെ എന്ന് കണ്ടുപിടിക്കുക. പ്രധാനപ്പെട്ട മൂന്നു നയങ്ങൾ ഏതൊക്കെ? വ്യത്യസ്ത പാർട്ടിക്ക് വോട്ട് ചെയ്യുവാൻ ആളുകളെ പ്രേരിപ്പിക്കുന്നത് എന്തൊക്കെ ആയിരിക്കാം?

| രാഷ്ട്രീയ പാർട്ടിയുടെ പേര് | നയങ്ങൾ | വോട്ടിന് പ്രേരകമായത് |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

## 21.6 രാഷ്ട്രീയപാർട്ടികളും സമ്മർദ്ദ / തല്പര വിഭാഗങ്ങളും

വിദ്യാർത്ഥികൾ, കർഷകർ, തൊഴിലാളികൾ തുടങ്ങിയവർ നിങ്ങളുടെ പ്രദേശത്തോ നഗരത്തിലോ സംസ്ഥാനത്തോ പ്രകടനങ്ങൾ, ധർണകൾ അല്ലെങ്കിൽ അത്തരം പ്രവർത്തനങ്ങൾ നടത്തുന്നത് നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കണം. ഇതിൽ ചിലതെല്ലാം നടത്തുന്നത് സംഘടിത വിഭാഗങ്ങളായ വിദ്യാർത്ഥി യൂണിയൻ, കർഷകസംഘടന, ട്രേഡ് യൂണിയൻ, ബിസിനസ് അസോസിയേഷൻ, അധ്യാപക സംഘടന തുടങ്ങിയവയായിരിക്കും എന്ന് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടാകും. തങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ച് നയങ്ങൾ രൂപീകരിക്കാനോ അല്ലെങ്കിൽ നിയമങ്ങൾ സൃഷ്ടിക്കാനോ ആണ് പൊതുവേ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നാൽ ഈ സംഘടനകൾ തെരഞ്ഞെടുപ്പുകളിൽ മൽസരിക്കുന്നില്ല. അതിനാൽ അവർ രാഷ്ട്രീയ കക്ഷികളല്ല എന്നതിനോട് നിങ്ങൾ യോജിക്കും.

പിന്നെ എന്താണിവയെല്ലാം? ഏതൊരു രാജ്യത്തും പ്രത്യേകിച്ച് ഒരു ജനാധിപത്യ രാജ്യത്ത് രാഷ്ട്രീയത്തേയും ഗവൺമെന്റിനേയും പ്രത്യക്ഷമായോ പരീക്ഷമായോ സ്വാധീനിക്കുന്ന ധാരാളം സംഘടിത ഗ്രൂപ്പുകൾ ഉണ്ടാകും. അവർ മുന്നോട്ടുവയ്ക്കുന്ന പ്രത്യേക താൽപര്യങ്ങളെ സംബന്ധിച്ചിടത്തോളം ആ സംഘടിത ഗ്രൂപ്പിലെ എല്ലാവരും ഒറ്റക്കെട്ടായിരിക്കും. ഉദാഹരണമായി ഒരു ഫാക്ടറിയിലെ തൊഴിലാളികൾ ട്രേഡ് യൂണിയൻ എന്ന നിലയിൽ അവരുടെ താൽപര്യങ്ങൾക്കുവേണ്ടി സംഘടിതരാണ്. അതുപോലെ മറ്റ് ധാരാളം സംഘടിത ഗ്രൂപ്പുകളുണ്ട്. ഇവയെ ആണ് സമ്മർദ്ദ വിഭാഗം അല്ലെങ്കിൽ തൽപര വിഭാഗം എന്നു പറയുന്നത്. ഏതൊക്കെയാണ് സമ്മർദ്ദ/ തൽപര വിഭാഗം? അവ പരസ്പരം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു? നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയ സമ്പ്രദായത്തിൽ അവ വഹിക്കുന്ന പങ്കെന്ത്? നമുക്ക് അവയെല്ലാം ചർച്ച ചെയ്യാം.

### 21.6.1 സമ്മർദ്ദ വിഭാഗങ്ങളും തൽപര വിഭാഗങ്ങളും

ഇന്ത്യൻ നാഷണൽ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് (ഐഎൻടിയുസി) നയിക്കുന്ന ഒരു ജാഥയുടെ ചിത്രം താഴെ കൊടുത്തിരിക്കുന്നു. ഐഎൻടിയുസി ഒരു സംഘടനയാണ്. അതിനെ സമ്മർദ്ദ വിഭാഗമെന്നോ തൽപര വിഭാഗമെന്നോ വിളിക്കാം. പൊതുവേ സമ്മർദ്ദ




ചിത്രം 21.1 *ഐഎൻടിയുസി നയിക്കുന്ന റാലി*

വിഭാഗം, തൽപര വിഭാഗം എന്നിവ പര്യായ പദങ്ങളായി കരുതുന്നു. എന്നാൽ യഥാർത്ഥത്തിൽ അവ അങ്ങനെയല്ല. തങ്ങളുടെ താൽപര്യങ്ങളുടെ സംരക്ഷണത്തിനായി സംഘടിതമായി നിൽക്കുന്ന വിഭാഗങ്ങളെ തൽപര വിഭാഗങ്ങൾ എന്നു പറയാം. അവരുടെ സവിശേഷതകൾ a) അവർ സുസംഘടിതരാണ് b) അവർക്ക് ഏതാനും പൊതു താൽപര്യങ്ങളുണ്ട്. c) അവരെ ഒന്നിച്ചുനിർത്തുന്ന താൽപര്യങ്ങൾ വ്യക്തവും പ്രത്യേകതയുള്ളതുമാണ്. d) അംഗങ്ങളെ ഒരുമിച്ച് നിർത്തിയിട്ട് താൽപര്യങ്ങൾ ലഭ്യമാക്കുവാനും സംരക്ഷിക്കുവാനും ഊർജിതപ്പെടുത്താനും ശ്രമിക്കുന്നു. നേരെ മറിച്ച്, സമ്മർദ്ദ വിഭാഗങ്ങളെ അവരുടെ താൽപര്യലബ്ധിക്കായി തീരുമാനങ്ങൾ എടുക്കുന്നവരിലോ, ഗവൺമെന്റിലോ സമ്മർദ്ദം ചെലുത്തുന്നു.

തൽപര വിഭാഗങ്ങളും സമ്മർദ്ദ വിഭാഗങ്ങളും തമ്മിലുള്ള ഒരു തരംതിരിവ് പ്രധാനപ്പെട്ടതാണ്. ഗവൺമെന്റിലോ തീരുമാനമെടുക്കുന്നവരിലോ യാതൊരു സമ്മർദ്ദവും ചെലുത്താതെ തൽപര വിഭാഗങ്ങൾക്ക് നിലനിൽക്കാം. തങ്ങളുടെ ഉദ്ദിഷ്ട കാര്യം നേടുന്നതിന് അധികാരികളിൽ സ്വാധീനമോ സമ്മർദ്ദമോ ചെലുത്തുന്നില്ലെങ്കിൽ ആ ഗ്രൂപ്പിനെ സമ്മർദ്ദ വിഭാഗം എന്നു വിളിക്കാൻ കഴിയില്ല. എല്ലാ സമ്മർദ്ദ വിഭാഗങ്ങളും തൽപര വിഭാഗങ്ങളാണ്. എന്നാൽ എല്ലാ തൽപര വിഭാഗങ്ങളും സമ്മർദ്ദ വിഭാഗങ്ങളല്ല. ഇരുവിഭാഗങ്ങളും തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസങ്ങൾ താഴെ കൊടുക്കുന്നു.

| തല്പര വിഭാഗം | സമ്മർദ്ദ വിഭാഗം |
|---|---|
| വ്യവഹാരാനുരൂപമായി സംഘടിച്ചത് | ഘടനാപരമായിട്ട് നിശ്ചയിക്കപ്പെട്ടത് |
| താല്പര്യാനുരൂപമായിട്ടുള്ളത് | സമ്മർദ്ദത്തിലൂന്നിയത് |
| ഗവൺമെന്റ് നയങ്ങളെ സ്വാധീനിക്കയോ സ്വാധീനിക്കാതിരിക്കുകയോ ആകാം | ഗവൺമെന്റ് നയങ്ങളെ സ്വാധീനിച്ചുകൊണ്ട് |
| മൃദുല കാഴ്ചപ്പാട് | കർശന നിലപാട് |
| ഏറെക്കുറെ സുരക്ഷിതമായിട്ടുള്ളത് | സംരക്ഷിതവും താല്പര്യങ്ങൾ ഊർജ്ജിതവും |

### 21.6.2 സമ്മർദ്ദ വിഭാഗങ്ങൾ - പങ്കും മാർഗ്ഗങ്ങളും

ജനാധിപത്യ ഭരണ സംവിധാനത്തിന്റെ പ്രവർത്തനത്തിൽ സമ്മർദ്ദ വിഭാഗം ഒരു പ്രധാന പങ്ക് വഹിക്കുന്നു. പ്രധാനപ്പെട്ട പൊതുപ്രശ്നങ്ങൾ ഉന്നയിക്കുക, ചർച്ച നടത്തുക, വാദപ്രതിവാദം നടത്തുക, പൊതു അഭിപ്രായം രൂപപ്പെടുത്തുക തുടങ്ങിയവയെല്ലാം സമ്മർദ്ദ വിഭാഗം ചെയ്യുന്നു. ഈ പ്രക്രിയയിൽ അവർ ആളുകളെ ബോധവാന്മാരാക്കുന്നു. അവരുടെ കാഴ്ചപ്പാട് വിസ്തൃതമാക്കുകയും ജനാധിപത്യപരമായ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും വിവിധ വിഷയങ്ങൾ ഉയർത്തുകയും വ്യക്തമാക്കുകയും ചെയ്യുന്നു. പൊതു നയങ്ങളിൽ മാറ്റം കൊണ്ടുവരാൻ ഈ വിഭാഗങ്ങൾ പരിശ്രമിക്കുന്നു.

ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും നേടുന്നതിന് വ്യത്യസ്ത മാർഗ്ഗങ്ങളും രീതികളും പ്രയോഗിക്കുന്നു. അഭ്യർത്ഥന, പരാതി സമർപ്പിക്കൽ, പ്രകടനങ്ങൾ, പിക്കറ്റിംഗ്, സ്വാധീനിക്കൽ, ജാതി തുടങ്ങിയവയെല്ലാം രൂപപ്പെടുന്നു. പത്രമാധ്യമങ്ങളിൽ എഴുതുക, ലഘുലേഖ വിതരണം ചെയ്യുക, പത്രക്കുറിപ്പുകൾ പുറപ്പെടുവിക്കുക, ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുക, പോസ്റ്ററുകൾ പതിക്കുക, മുദ്രാവാക്യങ്ങൾ മുഴക്കുക എന്നിവയും സമ്മർദ്ദ വിഭാഗം ചെയ്യുന്നു. അഹിംസാത്മകമായ പ്രതിഷേധമുയർത്തി അവർ സത്യഗ്രഹം നടത്തുന്നു. നിയമസഭാ സാമാജികർ, ഭരണനിർവഹണ ഉദ്യോഗസ്ഥർ, തീരുമാനങ്ങളെടുക്കുന്നവർ എന്നിവരെ സമ്മർദ്ദത്തിലാക്കാൻ ചില സന്ദർഭങ്ങളിൽ അവർ പണിമുടക്കു

കൾ നടത്തുന്നു. ചിലപ്പോൾ ബഹിഷ്കരണവും നടത്തുന്നു. അഭിഭാഷകർ കോടതി ബഹിഷ്കരിക്കുന്നതും അദ്ധ്യാപകർ ക്ലാസ്സുകൾ ബഹിഷ്കരിക്കുന്നതും നിങ്ങൾ കണ്ടിട്ടില്ലേ? സമ്മർദ്ദ വിഭാഗങ്ങൾ ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നത് ഗവൺമെന്റിന്റെ നയങ്ങളിൽ സ്വാധീനം ചെലുത്തുന്നതിനു വേണ്ടിയാണ്.

**? നിങ്ങൾക്കറിയാമോ**

**എന്താണ് ലോബിയിംഗ്?**

പൊതുനയങ്ങൾ രൂപീകരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനുമായി ലോബികളിൽ കയറിയിറങ്ങി കാര്യങ്ങൾ സാധിക്കുന്നതിനെയാണ് ലോബിയിംഗ് അഥവാ സേവ പിടിക്കൽ എന്നു പറയുന്നത്.

### 21.6.3 രാഷ്ട്രീയ പാർട്ടികളും സമ്മർദ്ദ വിഭാഗങ്ങളും

സമ്മർദ്ദ വിഭാഗങ്ങളും രാഷ്ട്രീയപർട്ടികളും ഒന്നല്ല എന്ന് നിങ്ങൾ നേരത്തെ പഠിച്ചിട്ടുണ്ട്. എന്നിരുന്നാലും ജനാധിപത്യത്തിൽ രണ്ടും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നു. അതുകൊണ്ട് ഇരുവിഭാഗങ്ങളും തമ്മിലുള്ള ബന്ധം വളരെ അടുത്തതും വ്യക്തമായിട്ടുള്ളതുമാണ്. തെരഞ്ഞെടുപ്പു കാലയളവിൽ രാഷ്ട്രീയപാർട്ടികൾക്ക് അതാത് വിഭാഗത്തിലുള്ള തൊഴിലാളി സംഘടനകൾ ആളുകളെ നൽകുന്നു. മറുവശത്ത്, തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി രാഷ്ട്രീയപാർട്ടികൾ നിയമനിർമ്മാണങ്ങൾ ആവശ്യപ്പെടുന്നു. 'നാഷണൽ സ്റ്റുഡൻസ് യൂണിയൻ ഓഫ് ഇന്ത്യാ (NSUI) കോൺഗ്രസ്സിന് ഭാവിനേതാക്കളെ നൽകുമ്പോൾ, അഖില ഭാരതീയ വിദ്യാർത്ഥി പരിഷത് (ABVP) ഭാവിനേതാക്കളെ ഭാരതീയ ജനതാപാർട്ടിക്ക് നൽകുന്നുവെന്ന് നിങ്ങൾക്കറിയാമോ? ഏതാനും സമ്മർദ്ദവിഭാഗങ്ങൾ പ്രത്യേക രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടിരിക്കുമ്പോൾ രാഷ്ട്രീയപാർട്ടികളുമായി ബന്ധമില്ലാത്ത നിരവധി സമ്മർദ്ദവിഭാഗങ്ങളും ഉണ്ട്. ഈ സമ്മർദ്ദ വിഭാഗങ്ങൾ രാഷ്ട്രീയപാർട്ടികളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കുന്നത് പ്രാധാന്യമുള്ളതാണ്. ഇരുവിഭാഗങ്ങളും തമ്മിലുള്ള വ്യത്യാസം താഴെപറയുന്ന പ്രകാരമാണ്.

- സമ്മർദ്ദ വിഭാഗങ്ങൾക്കടിസ്ഥാനപരമായി രാഷ്ട്രീയ സ്വഭാവം ഇല്ല. ഉദാഹരണത്തിന്, രാഷ്ട്രീയ സ്വയംസേവക് സംഘം, ഭാരതീയ ജനതാ പാർട്ടിയെ പിന്താങ്ങുന്നുവെങ്കിലും, ഇത് പൊതുവെ ഒരു സാംസ്കാരിക സംഘടനയാണ്. രാഷ്ട്രീയകക്ഷികൾ അടിസ്ഥാനപരമായി രാഷ്ട്രീയ സ്വഭാവമുള്ളതാണ്.
- സമ്മർദ്ദവിഭാഗങ്ങൾ നേരിട്ട് അധികാരത്തിലെത്തുവാൻ ശ്രമിക്കുന്നില്ല. ഇവർക്ക് അനുകൂലമായി തീരുമാനങ്ങളെടുക്കുവാൻ അധികാരത്തിലിരി ക്കുന്നവരെ സ്വാധീനിക്കുകയാണ്. രാഷ്ട്രീയപാർട്ടികൾ അധികാരത്തിലെ ത്തുവാൻ ശ്രമിക്കുന്നു.
- സമ്മർദ്ദവിഭാഗങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നില്ല. അവർ സ്വീകാര്യ മായ രാഷ്ട്രീയപാർട്ടിയെ പിന്താങ്ങുക മാത്രം ചെയ്യുന്നു. രാഷ്ട്രീയപാർട്ടികൾ സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്യുന്നു. അവർ തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പങ്കെടുക്കുന്നു.
- സമ്മർദ്ദ വിഭാഗങ്ങൾക്ക് രാഷ്ട്രീയ ആശയങ്ങൾ വേണമെന്നില്ല. രാഷ്ട്രീയ പാർട്ടികൾ എപ്പോഴും പാർട്ടിയുടെ സിദ്ധാന്തസംഹിതയുമായി ബന്ധിച്ചിരിക്കുന്നു. ഉദാഹരണത്തിന് കോൺഗ്രസ്സ് പാർട്ടി അവയുടെ സിദ്ധാന്തങ്ങളായ സോഷ്യലിസം, മതേതരത്വം, ജനാധിപത്യം എന്നിവകളുമായി കെട്ടപ്പെട്ടിരിക്കുന്നു, കമ്മ്യൂണിസ്റ്റ്പാർ

ട്ടി തൊഴിലാളികളുടെ താല്പര്യം, കർഷകരുടെയും മറ്റ് ദുർബ്ബലവിഭാഗങ്ങളുടെയും ക്ഷേമത്തിനായി നില കൊള്ളുന്നു.

- സമ്മർദ്ദവിഭാഗത്തിന്റെ താല്പര്യങ്ങൾ പ്രത്യേകം നിർദ്ദേശിക്കപ്പെടുന്നതും സ്വകാര്യമായതുമാണ്. എന്നാൽ രാഷ്ട്രീയപാർട്ടികളുടേത് ദേശീയവും അന്തർദ്ദേശീയവുമാണ്.

### 21.6.4 ഇന്ത്യയിലെ സമ്മർദ്ദ വിഭാഗങ്ങൾ

മറ്റു രാജ്യങ്ങളിലേതുപോലെ ഇന്ത്യയിലും നിരവധി സമ്മർദ്ദ വിഭാഗങ്ങളും / തല്പരവിഭാഗങ്ങളും ഉണ്ട്. ഇവ വ്യത്യസ്ത തരത്തിലാണ്. പരമ്പരാഗതമായ സമൂഹ ഘടനയിലെ ഏതാനും സമ്മർദ്ദ വിഭാഗങ്ങളും ഉണ്ട്. ആര്യപ്രതിനിധി സഭ, സനാതന ധർമ്മസഭ, പാർസി അൻജുമാൻ, ആംഗ്ലോ ഇന്ത്യൻ ക്രിസ്ത്യൻ അസ്സോസിയേഷൻ എന്നിവ സമ്മർദ്ദ വിഭാഗങ്ങളാണ്. സാമുദായിക സംഘടനകളായ ബ്രാഹ്മിൺസഭ, നായർ സൊസൈറ്റി, ഭാഷാ വിഭാഗങ്ങളായ (തമിൾസംഘം, 'അൻജുമാനി - റ്റിരാകി-ഈ-ഉറുദു') മുതലായവ ഈ കൂട്ടത്തിൽപ്പെടുന്നു. ഫെഡറേഷൻ ഓഫ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി (FICCI) അല്ലെങ്കിൽ തൊഴിലാളികളും കൃഷിക്കാരും ബന്ധപ്പെട്ട ഓൾ ഇന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്സ്, ഭാരതീയ മസ്ദൂർ സംഘം, കിസ്സാൻ സഭ ആദിയായ മറ്റു സമ്മർദ്ദ വിഭാഗങ്ങളെയും നിങ്ങൾക്ക് കാണാം. സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട, സിവിൽ സർവ്വീസസ് അസ്സോസിയേഷൻ അല്ലെങ്കിൽ നോൺ-ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ മുതലായവയും ഉണ്ട്. ചില അവസരങ്ങളിൽ 'ഓൾ ആസ്സാം സ്റ്റുഡൻസ് യൂണിയൻ' പോലുള്ള വിഭാഗങ്ങൾ പിന്നോക്കപ്രദേശങ്ങളിൽ കലാലയം വേണമെന്ന ആവശ്യവുമായി സമ്മർദ്ദവിഭാഗങ്ങളായി മാറുന്നു.

### 21.6.5 സിവിൽ സൊസൈറ്റി സംഘടനകൾ - ഇന്ത്യയിലെ കൂട്ടായ സമ്മർദ്ദത്തിന്റെ ഒരു പുതിയ രൂപം

രാജ്യത്തിലെ ഏതാനും പൗരന്മാർ ചില താൽപര്യങ്ങൾ നേടിയെടുക്കാൻ സ്ഥാപിച്ചിട്ടുള്ള ധാരാളം സിവിൽ സൊസൈറ്റി സംഘടനകൾ (സിഎസ്ഒ) ഇന്ത്യാ രാജ്യത്ത് ഉണ്ട്. ഗവൺമെന്റിന്റെ മേൽ സമ്മർദ്ദ വിഭാഗമായാണ് ഈ സംഘടനകളിൽ കൂടുതലും പ്രവർത്തിക്കുന്നത്. അവർക്ക് താൽപര്യമുള്ള മേഖലകളിലെ നയങ്ങൾ നടപ്പിലാക്കിക്കിട്ടുന്നതിനു വേണ്ടിയാണിത്. ചില പ്രശ്നങ്ങളോട് പ്രതിബദ്ധതയുള്ള സാധാരണ വ്യക്തികളാണ് ഈ സംഘടനകൾ നടത്തുന്നത്. ഔപചാരികമായോ അനൗപചാരികമായോ നിരവധി സാധാരണക്കാരായ ആളുകൾ ഒരുമിച്ചുകൂടി വ്യത്യസ്ത കാര്യങ്ങൾ അവർ പങ്കിടുകയും സാമൂഹിക നീതിക്കായി പ്രവർത്തിക്കുകയും ചെയ്യുന്നു.

പൊതുപ്രശ്നങ്ങളായ പരിസ്ഥിതി സംരക്ഷണം, വിലക്കയറ്റം, അഴിമതി തടയൽ തുടങ്ങിയ വിഷയങ്ങളിൽ സ്ത്രീകളും പുരുഷന്മാരും ചേർന്ന കൂട്ടായ്മകൾ, സംഘടനകൾ, സ്വമേധയാ ഉള്ള ഏജൻസികൾ എന്നിവയുടെ സജീവമായ പങ്കാളിത്തവും പ്രവർത്തനവുമാണ് വിശാലമായി സിവിൽ സൊസൈറ്റി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സിവിൽ സൊസൈറ്റി സംഘടനകളിലൂടെ ജനങ്ങളുടെ സജീവ പങ്കാളിത്തമുള്ള ധാരാളം പ്രതിഷേധ പ്രസ്ഥാനങ്ങൾക്ക് 21-ാം നൂറ്റാണ്ട് സാക്ഷ്യം വഹിച്ചു. ജനങ്ങൾ ഒറ്റയ്ക്കും കൂട്ടായും ഉള്ള പ്രവർത്തനങ്ങളിലൂടെ ലിംഗ വിവേചനം, ബാലവേല, തെരുവോര കുട്ടികൾ തുടങ്ങിയ പ്രശ്നങ്ങൾ ഏറ്റെടുത്തു. സമൂഹത്തിലെ നിരവധി പേരെ ബാധിക്കുന്ന പ്രശ്നങ്ങളായതിനാൽ ഇത് ഏറ്റെടുത്ത സംഘടനകൾക്ക് ജനങ്ങളുടെ അഭിപ്രായങ്ങൾ ഒരുമിപ്പിക്കാൻ കഴിഞ്ഞു. മസ്ദൂർ കിസാൻ ശക്തി സംഘടൻ (എംകെഎസ്എസ് - രാജസ്ഥാൻ), പീപ്പിൾസ് യൂണിയൻ സിവിൽ ലിബർട്ടീസ് (പിയുസിഎൽ), നാഷണൽ അലയൻസ് ഓഫ് പീപ്പിൾസ് മൂവ്മെന്റ്സ് (എൻഎപിഎം), നാഷണൽ അലയൻസ് ഓഫ് വിമൻസ് ഓർഗനൈസേഷൻസ് (എൻഎഡബ്ല്യുഒ), മെഡിക്കോ ഫ്രണ്ട്സ് സർക്കിൾ (എംഎഫ്സി) തുടങ്ങിയ നിരവധി സംഘടനകൾ സിവിൽ

സൊസൈറ്റി സംഘടനകളിൽ പെടുന്നു. വളരെ പ്രധാനപ്പെട്ട വിഷയങ്ങളായ അഴിമതി, മനുഷ്യാവകാശങ്ങൾ, വിവിധ വിഭാഗം ജനങ്ങളുടെ ജീവസന്ധാരണം, പരിസ്ഥിതി സംരക്ഷണം, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ-ആരോഗ്യ പ്രശ്നങ്ങൾ എന്നീ വിഷയങ്ങളിൽ ഗവൺമെന്റിന്റെ നയങ്ങൾ മാറ്റാൻ ഈ സംഘടനകൾ സമ്മർദ്ദം ചെലുത്തുന്നു.

സിവിൽ സൊസൈറ്റികൾ ജനങ്ങളുടെ സഹായത്തിന് എത്തുന്നു. അവർ ജനങ്ങളുടെ അവശതകൾ പ്രകടിപ്പിക്കാനുള്ള വഴി ഒരുക്കുകയും ക്രിയാത്മകമായി അതിന് പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. രാഷ്ട്രത്തോടുള്ള വാഗ്ദാനങ്ങൾ ഗവൺമെന്റ് സഫലീകരിക്കാതെ വരുമ്പോൾ അവർ അത് ചൂണ്ടിക്കാണിക്കുന്നു. ആദർശവാദികളും അർപ്പണമനോഭാവവുമുള്ള യുവാക്കളെ സമ്മർദ്ദ വിഭാഗങ്ങൾ ആകർഷിക്കുന്നു. അവർക്ക് ഉത്തമമായ ഒരു പൗരത്വത്തെ കുറിച്ച് അവബോധം ഉണ്ടാക്കുവാനോ മനസ്സിലാക്കുവാനോ ഇത് അവസരം നൽകുന്നു. ഉത്തമ പൗരന്മാർ എപ്പോഴും ജാഗരൂകരും ജാഗ്രതയുള്ളവരുമായിരിക്കും. അത്തരം ജാഗരൂകരായ പൗരന്മാരാണ് സിവിൽ സൊസൈറ്റി സംഘടനകൾ രൂപീകരിക്കുന്നത്. സമൂഹത്തിലെ ഏറ്റവും കൂടുതൽ ആളുകളുടെ ക്ഷേമത്തിനായി അവർ ആത്മസുഖങ്ങളും സമയവും ഊർജ്ജവും ത്യജിച്ച് പോരാടുന്നു. ഈ അടുത്ത കാലത്ത് ഇപ്രകാരം പ്രവർത്തിക്കുന്നവരിൽ പ്രധാനികളാണ് അരുണ റോയ് (മസ്ദൂർ കിസാൻ ശക്തി സംഘട്ടൻ), ഏലാ ഭട്ട് (സെൽഫ് എംപ്ലോയ്ഡ് വിമൻസ് അസോസിയേഷൻ), മേധാ പട്കർ (നർമ്മദ ബച്ചാവോ ആന്ദോളൻ), അണ്ണ ഹസാരെ (ഇന്ത്യ എഗൻസ്റ്റ് കറപ്ഷൻ) തുടങ്ങിയവ. രാഷ്ട്ര നയങ്ങളിൽ മാറ്റത്തിനായി പോരാടുന്ന നിരവധി ആളുകൾ ഈ സമ്മർദ്ദ വിഭാഗങ്ങളിലുണ്ട്. ധാരാളം സമ്മർദ്ദ വിഭാഗങ്ങൾ അഹിംസാ മാർഗ്ഗങ്ങളിൽ വിശ്വസിക്കുന്നു.

### 21.6.6 സമ്മർദ്ദ തന്ത്രങ്ങൾ

സമ്മർദ്ദ വിഭാഗങ്ങൾ ഗവൺമെന്റിൽ സ്വാധീനം ചെലുത്തുന്നതിനുവേണ്ടി വ്യത്യസ്തങ്ങളായ തന്ത്രങ്ങൾ പ്രയോഗിക്കുന്നു. ഇവയെല്ലാം പ്രാഥമികമായി ഭരണഘടനാപരവും സമാധാനപരവുമാണ്. ഇന്ത്യയിൽ സാധാരണയായി ഉപയോഗിക്കുന്ന ഒരു തന്ത്രം 'സത്യഗ്രഹ'മാണ്. അത് അഹിംസാത്കമായ ഒരു പ്രതിഷേധമാണ്. നിങ്ങൾക്കറിയാവുന്നതുപോലെ ഗാന്ധിജിയാണ് സത്യഗ്രഹമെന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്. അത് ലോകമെമ്പാടും അറിയപ്പെടുന്നു. വിദേശ ഭരണത്തിനെതിരായിട്ടാണ് അദ്ദേഹം ഈ രീതികൾ അവലംബിച്ചിരുന്നതെങ്കിലും ഇന്നും അവയെല്ലാം പ്രസക്തമാണ്. ഈ രീതികൾ വളരെ വിജയപ്രദമായി ഇന്നും ഉപയോഗിച്ചുവരുന്നുണ്ട്. ഉദാഹരണത്തിന് വനിതാ തൊഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് നയങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സെൽഫ് എംപ്ലോയ്ഡ് വിമൻസ് അസോസിയേഷന് ഈ രീതികളിൽ കൂടി സർക്കാരിൽ സ്വാധീനം ചെലുത്താൻ കഴിഞ്ഞു. മസ്ദൂർ കിസാൻ ശക്തി സംഘട്ടിന്റെ നേതൃത്വത്തിലുള്ള ജനകീയ മുന്നേറ്റ ഫലമായി ഗവൺമെന്റ് പാസാക്കിയ ഒരു നിയമമാണ് വിവരാവകാശ നിയമം (Right to Information Act). വടക്കുകിഴക്കൻ സംസ്ഥാനമായ മണിപ്പൂരിലെ വിഭാഗങ്ങളായ 'ജസ്റ്റ് പീസ് അപുൻബാലുപ് (വിദ്യാർത്ഥി സംഘടന), 'മീര പൈബിസ്' (വനിതാ സംഘങ്ങൾ) എന്നിവയുടെ സ്വാധീനത്താൽ ആളുകളുടെ യഥാർത്ഥ പ്രശ്നങ്ങൾ ഗവൺമെന്റ് ശ്രദ്ധിക്കുന്നതിന് കാരണമായി. നിരാഹാര സമരത്തിലായിരുന്ന മനുഷ്യാവകാശ പ്രവർത്തകയായ ഐറം ഷർമ്മിള (Irom Sharmila) യുമായി സഹകരിച്ചാണ് ഈ വിഭാഗങ്ങളെല്ലാം പ്രവർത്തിച്ചത്. മണിപ്പൂരിലെ ഉരുക്കു വനിത (The Iron Lady of Manipur) എന്നറിയപ്പെടുന്ന ഐറം ഷർമ്മിള 2000 നവംബറിനു ശേഷം ഒരു നിരാഹാര സമരത്തിലാണ്. മണിപ്പൂരിലും വടക്കുകിഴക്കൻ ഇന്ത്യയുടെ മറ്റു പല ഭാഗങ്ങളിലും കലാപത്തിന് കാരണമായ ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട് (AFSPA) അസാധുവാക്കണമെന്നും ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ മാനിക്കണമെന്നും അവർ ആവശ്യപ്പെടുന്നു. രാജ്യത്തിന്റെ എല്ലാ ഭാഗത്തു

മുള്ള ആളുകൾ അവരുടെ ത്യാഗത്തെ അനുകമ്പാപൂർവ്വം വീക്ഷിക്കുന്നു (ഐറം ഷർമ്മിള 11 വർഷക്കാലമായി ഭക്ഷണം കഴിക്കുന്നില്ല. ജീവൻ നിലനിർത്തുന്നതിനായി നിർബന്ധ പൂർവ്വം നാസാരന്ധ്രത്തിലൂടെ കടത്തിയ ട്യൂബ് വഴി അൽപാൽപം ആഹാരം മാത്രമേ ഉപയോഗിക്കുന്നുള്ളൂ).



**ചിത്രം 21.2** *മിരാ പാബിസ് (Meira Paibis) വനിതാ പ്രവർത്തകർ മണിപ്പൂരിൽ പ്രതിഷേധജാഥ നയിക്കുന്നു.*



**ചിത്രം 21.3** *മണിപ്പൂരിൽ മെരാ പാബിസും, ഐറം, ഷർമ്മിളയും ഉയർത്തിയ ആവശ്യങ്ങൾക്ക് പിന്തുണനൽകി കേരളത്തിലെ വനിതകൾ പ്രധാനമന്ത്രിക്കും ഇന്ത്യൻ പ്രസിഡന്റിനും പോസ്റ്റ്കാർഡുകൾ അയക്കുന്നു.*




**ചിത്രം 21.4**

കുറിപ്പുകൾ

പ്രകടനങ്ങൾ, ധർണ, പണിമുടക്കുകൾ, പൊതുസമ്മേളനങ്ങൾ സംഘടിപ്പിക്കൽ, നിയമ സഭാ കമ്മിറ്റികൾക്ക് മെമ്മോറാണ്ടങ്ങൾ സമർപ്പിക്കൽ, ആവശ്യങ്ങൾ ഉന്നയിക്കുക, പൊതു അഭിപ്രായം സൃഷ്ടിക്കാൻ മാധ്യമങ്ങളെ ഉപയോഗിക്കുക എന്നിവയെല്ലാം സമ്മർദ്ദ വിഭാഗം ഉപയോഗിക്കുന്ന തന്ത്രങ്ങളാണ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 21.4

1. സമ്മർദ്ദ വിഭാഗങ്ങൾ എന്നാൽ എന്ത്? തല്പര വിഭാഗങ്ങളുമായി അവർ എപ്രകാരം വ്യത്യസ്തരായിരിക്കുന്നു?
2. സമ്മർദ്ദവിഭാഗങ്ങളും, രാഷ്ട്രീയപാർട്ടികളും തമ്മിലുള്ള 2 വ്യത്യാസങ്ങൾ എഴുതുക.
3. ഗവൺമെന്റ് നയങ്ങളെ സമ്മർദ്ദ വിഭാഗങ്ങൾ സ്വാധീനിക്കുന്ന മൂന്ന് പ്രധാന മാർഗ്ഗങ്ങൾ ചർച്ച ചെയ്യുക. അനുയോജ്യമായ ഉദാഹരണങ്ങൾ നൽകുക.

## പ്രവർത്തനം 21.5

1. തൽപര വിഭാഗങ്ങൾ, സമ്മർദ്ദ വിഭാഗങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവയുടെ ചില സവിശേഷതകൾ ക്രമം തെറ്റി താഴെ കൊടുത്തിരിക്കുന്നു. ശ്രദ്ധാപൂർവ്വം വായിച്ചിട്ട് അവ ഓരോന്നും മറ്റുള്ളതിൽ നിന്നും വിവേചിച്ച് തന്നിട്ടുള്ള പട്ടികയിൽ ഉചിതമായ രീതിയിൽ പെടുത്തുക.

- ഘടനാപരമായി നിശ്ചയിക്കപ്പെട്ടത്
- തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നു
- മൃദുല കാഴ്ചപ്പാട്
- ഏറെക്കുറെ സുരക്ഷിതമായിട്ടുള്ളത്
- സുരക്ഷിതവും പ്രോത്സാഹിപ്പിക്കുന്നതും
- ഗവൺമെന്റിൽ നിന്നും അധികാരം തേടുന്നു
- നിയമങ്ങൾ സൃഷ്ടിക്കാൻ സഹായിക്കുന്നു
- താൽപര്യോന്മുഖമായിട്ടുള്ളത്
- സ്വഭാവത്തിൽ രാഷ്ട്രീയപരം
- ഔപചാരികമായി സംഘടിപ്പിക്കപ്പെട്ടത്
- അധികാര മാറ്റ പ്രക്രിയയെ മൃദുവാക്കുന്നു
- സമ്മർദ്ദത്തിലൂന്നിയത്
- കർശന കാഴ്ചപ്പാട്
- ഗവൺമെന്റ് നയങ്ങളെ സ്വാധീനിക്കുകയോ സ്വാധീനിക്കാതിരിക്കുകയോ ചെയ്യുന്നു
- ഗവൺമെന്റ് നയങ്ങളെ സ്വാധീനിക്കുന്നു

| തൽപര വിഭാഗങ്ങൾ | സമ്മർദ്ദ വിഭാഗങ്ങൾ | രാഷ്ട്രീയ കക്ഷികൾ |
|---|---|---|
| | | |

## നിങ്ങൾ പഠിച്ചത്

- ഏതു ജനാധിപത്യ സമ്പ്രദായത്തിലും രാഷ്ട്രീയപാർട്ടികൾക്ക് സുപ്രധാന പങ്കുണ്ട്. ജനാധിപത്യം യാഥാർത്ഥ്യമാക്കുന്നതും, തെരഞ്ഞെടുപ്പുകൾ യാഥാർത്ഥ്യമാക്കുന്നതും അധികാരം കൈമാറുന്നതിനും, ജനങ്ങളെ ഉൽബുദ്ധരാക്കുന്നതും പ്രതികർമ്മമായി ഗവൺമെന്റ് പ്രവർത്തിക്കുന്നതും രാഷ്ട്രീയ പാർട്ടികൾ നിമിത്തമാണ്.
- രണ്ട് തരത്തിലുള്ള രാഷ്ട്രീയപാർട്ടികൾ ഇന്ത്യയിലുണ്ട്. രാജ്യവ്യാപകമായി സ്വാധീനമുള്ള ദേശീയപാർട്ടികളും സംസ്ഥാനത്ത് /സംസ്ഥാനങ്ങളിൽ മാത്രം സ്വാധീന പരിധിയുള്ള പ്രാദേശിക കക്ഷികളും.
- ദേശീയപാർട്ടികളായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, ഭാരതീയ ജനതാപാർട്ടി, നാഷണലിസ്റ്റ് കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടികൾ, ബഹുജൻ സമാജ് പാർട്ടി, രാഷ്ട്രീയ ജനതാദൾ എന്നിവയുണ്ട്. പ്രാദേശിക പാർട്ടികളിൽപ്പെട്ടതാണ് അകാലിദൾ (പഞ്ചാബ്), ഡി.എം.കെ., അണ്ണാ ഡി.എം.കെ. (തമിഴ്നാട്), തെലുങ്കുദേശം (ആന്ധ്രാപ്രദേശ്), നാഷണൽ കോൺഫറൻസ് (ജമ്മു & കാശ്മീർ), ശിവസേന (മഹാരാഷ്ട്ര), തൃണമൂൽ കോൺഗ്രസ് (പശ്ചിമ ബംഗാൾ) മുതലായവ.
- പ്രാദേശിക കക്ഷികൾ 1989 നു ശേഷം കൂട്ടുകക്ഷി രാഷ്ട്രീയത്തിൽ നിർണായകമായ പങ്ക് വഹിക്കുന്നു.
- കൂട്ടുകക്ഷി ഗവൺമെന്റ് രാജ്യത്ത് നിലവിൽവന്നു.
- സമ്മർദ്ദവിഭാഗങ്ങൾ ചില പ്രത്യേക താല്പര്യങ്ങളുടെ സംരക്ഷണത്തിനായി തീരുമാനമെടുക്കുന്നവരേയും ഗവൺമെന്റിനെയും സ്വാധീനിച്ച് പ്രവർത്തിക്കുന്നു. അവർ രാഷ്ട്രീയപാർട്ടികളിൽ നിന്നും വ്യത്യസ്തരാണ്. അവരുടെ പങ്ക് ആധുനിക ജനാധിപത്യത്തിൽ വളരെ പ്രാധാന്യമുള്ളതാണ്.

## പാഠ സമാപ്തി പ്രവർത്തനം

1. രാഷ്ട്രീയപാർട്ടികൾ നമുക്ക് ആവശ്യമാകുന്നത് എന്തുകൊണ്ട്?
2. രാഷ്ട്രീയപാർട്ടികൾ എന്ത് എന്ന് നിങ്ങൾ അർത്ഥമാക്കുന്നു?
3. രാഷ്ട്രീയപാർട്ടികളുടെ ഏതെങ്കിലും നാല് സവിശേഷതകൾ പറയുക.

കുറിപ്പുകൾ

4. രാഷ്ട്രീയപാർട്ടികളുടെ ഏതെങ്കിലും നാല് പ്രവർത്തനങ്ങൾ വിവരിക്കുക.
5. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നയങ്ങൾ ചുരുക്കത്തിൽ എഴുതുക.
6. ഇന്ത്യയിലെ രാഷ്ട്രീയപാർട്ടികളുടെ ഏതെങ്കിലും 3 സ്വഭാവ സവിശേഷതകൾ വിവരിക്കുക.
7. സമ്മർദ്ദ വിഭാഗം എന്നാൽ എന്ത്?
8. രാഷ്ട്രീയപാർട്ടികളും സമ്മർദ്ദ വിഭാഗങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളിൽ മുഖ്യമായ രണ്ടെണ്ണം ചൂണ്ടിക്കാട്ടുക.
9. ഇന്ത്യയിലെ സമ്മർദ്ദ വിഭാഗങ്ങളെപ്പറ്റി ചുരുക്കത്തിൽ എഴുതുക.
10. സിവിൽ സൊസൈറ്റി ഓർഗനൈസേഷൻസ് എന്നാൽ എന്ത്? ഇന്ത്യയിലെ രണ്ട് സമകാലിക സിവിൽ സൊസൈറ്റി ഓർഗനൈസേഷന്റെ പേരെഴുതുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**21.1**

1. (a) (iii)
   (b) (iv)
   (c) (i)

**21.2**

(a) (ii)
(b) (i)
(c) (iii)

**21.3**

1. മത്സരാധിഷ്ഠിതം; കൂട്ടുകക്ഷിപ്രദമായത്
2. (1) ദി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്
   (a) ജനാധിപത്യം
   (b) മതേതരത്വം
   (2) ഭാരതീയ ജനതാപാർട്ടി: (a) ദേശീയതയും ദേശീയ ഉൽഗ്രഥനവും
   (b) ഗാന്ധിയൻ സോഷ്യലിസം
3. (ii)
4. (i)

**21.4**

1. ഗവൺമെന്റിലോ, തീരുമാനം എടുക്കുന്നവരിലോ സ്വാധീനം ചെലുത്തി താല്പര്യങ്ങൾ സംരക്ഷിക്കുന്ന വിഭാഗങ്ങളാണ് 'സമ്മർദ്ദ വിഭാഗങ്ങൾ'. തല്പരവിഭാഗങ്ങളും സമ്മർദ്ദവിഭാഗങ്ങളും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു; തല്പരവിഭാഗങ്ങൾ

തീരുമാനങ്ങൾ എടുക്കുന്നവരിലോ, ഗവൺമെന്റിലോ, സ്വാധീനം ചെലുത്താതെ പ്രവർത്തിക്കുന്നു. അധികാരികളിൽ സമ്മർദ്ദം ചെലുത്താതെയോ അല്ലെങ്കിൽ സ്വാധീനിക്കുകയോ ചെയ്യുമ്പോൾ ഈ വിഭാഗം സമ്മർദ്ദ വിഭാഗം ആയി മാറുന്നില്ല.

2. (a) സമ്മർദ്ദ വിഭാഗങ്ങൾ അടിസ്ഥാനപരമായി രാഷ്ട്രീയ സ്വഭാവമുള്ളവയല്ല. ഉദാഹരണത്തിന് രാഷ്ട്രീയ സ്വയം സേവ സംഘം, ഭാരതീയ ജനതാ പാർട്ടിയെ പിന്താങ്ങുന്നു, എന്നാൽ ഇത് പൊതുവെ ഒരു സാംസ്ക്കാരിക സംഘടനയാണ്. രാഷ്ട്രീയപാർട്ടികൾ അടിസ്ഥാനപരമായിത്തന്നെ രാഷ്ട്രീയക്കാർ ആണ്.

   (b) സമ്മർദ്ദ വിഭാഗങ്ങൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നില്ല. അവർക്ക് താല്പര്യമുള്ള രാഷ്ട്രീയപാർട്ടിയെ പിന്താങ്ങുക മാത്രം ചെയ്യുന്നു. രാഷ്ട്രീയപാർട്ടികൾ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നു, മത്സരിക്കുന്നു, തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പങ്കെടുക്കുന്നു.

3. സമ്മർദ്ദ വിഭാഗങ്ങൾ ജനാധിപത്യ പ്രവർത്തനങ്ങളിൽ സുപ്രധാന പങ്ക് വഹിക്കുന്നു. പൊതുപ്രാധാന്യമുള്ള മുഖ്യപ്രശ്നങ്ങളിൽ അവർ അഭിപ്രായ സമന്വയം നടത്തുന്നു. പ്രശ്നങ്ങൾ ചർച്ചയ്ക്കും, വാദങ്ങൾക്കും, പ്രതിവാദങ്ങൾക്കും വിധേയമാക്കുന്നു. താല്പര്യപൂർവ്വം കാര്യങ്ങളുടെ നടത്തിപ്പിനായി പ്രവർത്തിക്കുന്നു. അഭ്യർത്ഥന, പരാതി സമർപ്പണം, പ്രചാരണങ്ങൾ ഈ മൂന്ന് മാർഗ്ഗങ്ങൾ സമ്മർദ്ദവിഭാഗങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണത്തിന് വനിതാ തൊഴിലാളികളുടെ അവകാശങ്ങളുടെ കാര്യത്തിൽ ഗവൺമെന്റിനെ സ്വാധീനിച്ച്, അവസ്ഥ മെച്ചപ്പെടുത്തുവാൻ സെൽഫ് എംപ്ലോയ്ഡ് വിമൻസ് അസ്സോസിയേഷന് സാധിച്ചു. മസ്ദൂർ കിസ്സാൻ ശക്തി സംഘട്ടൻ നയിച്ച ജനമുന്നേറ്റ പ്രസ്ഥാനത്തിന്റെ ഫലമായി വിവരാവകാശ നിയമം പാർലമെന്റിൽ പാസ്സാക്കുവാൻ (Right to Information) ഗവൺമെന്റിൽ വലിയ സ്വാധീനം ചെലുത്തി.

# 22

# ജനാധിപത്യ പ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം

പത്രത്തിലെ മുഖപ്രസംഗം വായിച്ചുകൊണ്ടിരുന്ന വിജയാ പെട്ടെന്ന് വിളിച്ചുപറഞ്ഞു. 'വിജയകരമായി ജനാധിപത്യം നിലനിൽക്കുന്ന ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് വസിക്കുന്നത് ആനന്ദദായകമാണ്. 'വിജയായുടെ പിതാവായ രാംപാൽ മറുപടിയായി ഇപ്രകാരം പറഞ്ഞു. 'ഞാൻ അത്രയും വിദ്യാസമ്പന്നനല്ല; നമ്മുടേത് വിജയകരമായ ഒരു ജനാധിപത്യമാണോ എന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. തെരുവുകളിൽ ധാരാളം ആളുകൾ ഭിക്ഷാടനം ചെയ്യുന്നതും അല്ലെങ്കിൽ അവിടെ പോഷകാഹാരക്കുറവുള്ള ആളുകളെയോ ഞാൻ കാണുന്നു.' മറുപടിയായി വിജയാ പറഞ്ഞു. 'അത് ശരിയായിരിക്കാം, മറ്റൊരു ഗവൺമെന്റിനെ അധികാരത്തിലേറ്റുവാൻ കുറഞ്ഞ പക്ഷം നമുക്ക് വോട്ടവകാശം രേഖപ്പെടുത്താമല്ലോ. തുടർച്ചയായി ജനകീയ ഗവൺമെന്റുകൾ രൂപീകരിക്കുന്നതിനായി പല രാജ്യങ്ങളും ഇപ്പോഴും സമരങ്ങളിൽ ഏർപ്പെടുമ്പോൾ ഇന്ത്യയിലെ ജനാധിപത്യം ആഴത്തിൽ വേര് ഉറപ്പിച്ചുകഴിഞ്ഞു.'

കഴിഞ്ഞ ആറ് പതിറ്റാണ്ടുകളായി ഇന്ത്യൻ ജനത തുടർച്ചയായി ഇലക്ഷനിൽ പങ്കാളികളാവുന്നു. ദേശീയതലത്തിലും, സംസ്ഥാനതലത്തിലും, പ്രാദേശികതലത്തിലും ജനങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്തുന്നത് തികച്ചും ഔപചാരികവും രാഷ്ട്രീയ പങ്കാളിത്തത്തിലെ ഏറ്റവും ലളിതമായ പ്രക്രിയയുമാണ്. പൊതുജനാഭിപ്രായത്തെ മാനിക്കുമ്പോൾ മാത്രമെ ജനങ്ങളുടെ പങ്കാളിത്തം കാര്യക്ഷമമാകുകയുള്ളൂ. രാജ്യത്തിനകത്തുതന്നെ വ്യത്യസ്ത അഭിപ്രായമുള്ള ജനങ്ങളും വിഭാഗങ്ങളും കാണാം; ഗവൺമെന്റിന്റെ ചില നയങ്ങളോടൊ അല്ലെങ്കിൽ പ്രോഗ്രാമുകളോടൊ ഭിന്നാഭിപ്രായം ഉള്ളവർ ഉണ്ടാകാം. ആരോഗ്യ പ്രദമായ ഒരു ജനാധിപത്യ വ്യവസ്ഥിതിക്ക് ചർച്ചകളും പ്രതിവാദങ്ങളും പരമപ്രധാനമാണ്. അത് ഗവൺമെന്റിനെ വിമർശിക്കുന്ന തായികൊള്ളട്ടെ. ഒരാളുടെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമാണ് ജനാധിപത്യത്തിന്റെ കാതൽ. വ്യത്യസ്ത ശബ്ദങ്ങളും സൃഷ്ടിപരമായ അഭിപ്രായങ്ങളും ഗവൺമെന്റ് നയങ്ങളെ സ്വാധീനിക്കുമ്പോൾ ജനാധിപത്യം കൂടുതൽ ശക്തിപ്രാപിക്കുന്നു. തെരഞ്ഞെടുപ്പുകളിൽ ജനങ്ങൾ പ്രകടിപ്പിക്കുന്ന പൊതുജനാഭിപ്രായത്തിലൂടെ നിലനിൽക്കുന്ന ഒരു ഗവൺമെന്റ് ആണ് ജനാധിപത്യ ഗവൺമെന്റ്. തെരഞ്ഞെടുപ്പുകൾ, തെരഞ്ഞെടുപ്പ് സമ്പ്രദായം, തെരഞ്ഞെടുപ്പ് പ്രക്രിയ, പ്രായപൂർത്തി വോട്ടവകാശം, ഇവ കൂടാതെ ജനാധിപത്യത്തിൽ പൊതുജനാഭിപ്രായത്തിന്റെ പ്രാധാന്യം എന്നീ കാര്യങ്ങൾ ഈ പാഠത്തിൽ നിങ്ങൾ പഠിക്കും.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പൂർത്തിയാക്കുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ജനാധിപത്യപ്രക്രിയയിൽ ജനങ്ങളുടെ പങ്കാളിത്തം മനസ്സിലാക്കുവാൻ;
- പൊതുജനാഭിപ്രായത്തിന്റെ അർത്ഥവും പ്രാധാന്യവും വിശദമാക്കുവാൻ;
- പൊതുജനാഭിപ്രായ രൂപീകരണത്തിൽ വിവിധ ഏജൻസികളുടെ പട്ടിക തയ്യാറാക്കുവാൻ;
- ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായം വിവരിക്കുവാൻ;
- വിവിധ രീതിയിലുള്ള തെരഞ്ഞെടുപ്പു രീതികളും അർത്ഥവും ചർച്ച ചെയ്യുവാൻ;
- തെരഞ്ഞെടുപ്പുകളിലെ അഴിമതികളും അവ പരിശോധിക്കാനുള്ള മാർഗ്ഗങ്ങളും വിലയിരുത്തുവാൻ;
- തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ തിരിച്ചറിയുവാൻ;
- പ്രായപൂർത്തി വോട്ടവകാശത്തിന്റെ അർത്ഥവും അതിന്റെ പ്രാധാന്യവും മനസ്സിലാക്കുവാൻ;

## 22.1 ജനങ്ങളുടെ പങ്കാളിത്തം

ആളുകൾ തെരഞ്ഞെടുപ്പുകളിൽ വോട്ടു ചെയ്യുന്നത് നിങ്ങൾ നിരീക്ഷിച്ചിരിക്കും! നിങ്ങൾ ഏതെങ്കിലും തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി യിട്ടുണ്ടോ? ഗവൺമെന്റ് രൂപീകരിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമായി നമ്മുടെ പ്രതിനിധികളെ നമ്മൾ വോട്ട് ചെയ്ത് വിജയിപ്പിക്കുന്നു. ഗവൺമെന്റിന്റെ നയങ്ങളും കാര്യപരിപാടികളും ഈ പ്രതിനിധികൾ നടപ്പിലാക്കുന്നു. ജനാധിപത്യത്തിൽ നമ്മുടെ പ്രാതിനിധ്യവും, പങ്കാളിത്തവും ഉണ്ടാകുന്നത് തെരഞ്ഞെടുപ്പുകളിൽ നമ്മുടെ പങ്കാളിത്തം ഉണ്ടാവുമ്പോഴാണ്. എന്നാൽ തെരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്തുന്നതുകൊണ്ടു മാത്രം ജനങ്ങളുടെ പങ്കാളി




ചിത്രം 22.1 *ഒരു തെരഞ്ഞെടുപ്പ് റാലിയിൽ ജനപങ്കാളിത്തം*

ത്തത്തിന്റെ അർത്ഥം തുടങ്ങുകയും അവസാനിക്കുകയും ചെയ്യുന്നില്ല. പൊതുചർച്ചകളിലും വാദപ്രതിവാദങ്ങളിലും, പത്രങ്ങളിലെ മുഖപ്രസംഗങ്ങളിലും, പ്രതിഷേധ പ്രകടനങ്ങളിലും ഗവൺമെന്റിന്റെ കാര്യപരിപാടികളിലുള്ള സജീവപങ്കാളിത്തത്തിലും ജനങ്ങളുടെ പങ്കാളിത്തം പ്രകടിപ്പിക്കുന്നു. തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിലുള്ള പങ്കാളിത്തം, രാഷ്ട്രീയചർച്ചകൾ, രാഷ്ട്രീയപാർട്ടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, സ്ഥാനാർത്ഥിയായി മത്സരിക്കുന്നത് തുടങ്ങിയ തെരഞ്ഞെടുപ്പ് പ്രക്രിയകളിലുള്ള പങ്കാളിത്തവും ജനങ്ങളുടെ പങ്കാളിത്തം പ്രകടിപ്പിക്കുന്ന അവസരങ്ങളാണ്.

'പെരുമാറ്റങ്ങളിലൂടെയാണ് ആളുകൾ അവരുടെ രാഷ്ട്രീയ അഭിപ്രായം നേരിട്ട് പ്രകടിപ്പിക്കുന്നത്' എന്ന് ജനപങ്കാളിത്തത്തെ നിർവ്വചിക്കാം. തെരഞ്ഞെടുപ്പുകളിലും, അല്ലാതെയുമുള്ള രാഷ്ട്രീയ പങ്കാളിത്തത്തിന്റെ അർത്ഥവ്യാപ്തിക്ക് മേൽപറഞ്ഞ കേവല സാങ്കല്പികത മതിയാകും. വാസ്തവത്തിൽ, പൗരന്മാരുടെ പങ്കാളിത്തം എല്ലാ പ്രവർത്തനങ്ങളിലും ഗവൺമെന്റിനെ സ്വാധീനിക്കുന്നതും, പിന്തുണയ്ക്കുന്നതും അല്ലെങ്കിൽ ഗവൺമെന്റ് നയങ്ങളെ വിമർശിക്കുന്നതും ആകുന്നു. ആളുകൾ ഇപ്രകാരം ചെയ്യുന്നത് അവരുടെ പ്രതിനിധികൾ ആവശ്യങ്ങൾക്കും പ്രതീക്ഷകൾക്കും അനുസൃതമായി പ്രതികരിക്കുന്നത് ഉറപ്പാക്കാനാണ്.

### പ്രവർത്തനം 22.1

18 വയസ്സോ അതിലധികമോ പ്രായമായ മൂന്നു വ്യക്തികളോട് താഴെ പറഞ്ഞിരിക്കുന്ന മൂന്ന് ചോദ്യങ്ങൾ ചോദിച്ച് അവരുടെ മറുപടി താഴെ കാണുന്ന പട്ടികയിൽ ചേർക്കുക

| | വ്യക്തി 1 | വ്യക്തി 2 | വ്യക്തി 3 |
|---|---|---|---|
| കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾ വോട്ട് ചെയ്തുവോ? എന്തുകൊണ്ട് ചെയ്തു? എന്തുകൊണ്ട് ചെയ്തില്ല? | | | |
| തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഒരു പാർട്ടിക്കുവേണ്ടിയോ അല്ലെങ്കിൽ സ്ഥാനാർത്ഥിക്കുവേണ്ടിയോ നിങ്ങൾ പ്രചാരണത്തിൽ പങ്കെടുത്തുവോ? | | | |
| തെരഞ്ഞെടുത്ത വ്യക്തി നൽകിയ വാഗ്ദാനം പാലിച്ചില്ല എങ്കിൽ നിങ്ങൾ പൊതുമാദ്ധ്യമങ്ങളിലൂടെ അതായത് പത്രത്തിലൂടെയോ അല്ലെങ്കിൽ പ്രതിഷേധറാലിയിൽ പങ്കെടുത്തോ പ്രതികരിക്കും. | | | |

## 22.2 പൊതുജന അഭിപ്രായം: അർത്ഥവും, പ്രാധാന്യവും അതിന്റെ ഏജൻസികളും

'ജനാധിപത്യപ്രക്രിയകളിൽ ജനങ്ങളുടെ പങ്കാളിത്തത്തെ' കുറിച്ചുള്ള ചർച്ചകളിൽ നിന്നും വ്യക്തമാകുന്നത് നിരവധി മാർഗ്ഗങ്ങളിലൂടെ പൗരന്മാർ ജനാധിപത്യപ്രക്രിയകളിൽ പങ്കെടുക്കുന്നുണ്ട് എന്നുള്ളതാണ്. കൂടുതൽ ഫലപ്രദമായ രീതികളിൽ ഒന്നാണ് പൊതുജനാഭിപ്രായം. ആളുകൾ മിക്കപ്പോഴും രാഷ്ട്രീയപാർട്ടികളെ സംബന്ധിച്ചും, നേതാക്കന്മാരെ

സംബന്ധിച്ചും, സ്ഥാനാർത്ഥികളെ സംബന്ധിച്ചും മറ്റ് നിരവധി വിഷയങ്ങളെ സംബന്ധിച്ചും ചർച്ചകളിൽ പങ്കെടുത്ത് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും! ട്രെയിൻയാത്രകളിലോ അല്ലെങ്കിൽ ബസ്സ് യാത്രകളിലോ അല്ലെങ്കിൽ മറ്റ് പൊതുസ്ഥലങ്ങളിലോ ആളുകൾ ഇപ്രകാരം ചെയ്യാറുണ്ട്. ഗവൺമെന്റ് ഏറ്റെടുക്കുന്ന നയപരമായ തീരുമാനങ്ങളെക്കുറിച്ചും ചർച്ചചെയ്യാറുണ്ട്. വിവിധകാര്യങ്ങളെ കുറിച്ച് ഉള്ള അഭിപ്രായങ്ങൾ നമ്മളിൽ പലരും പത്രത്തിന്റെ പ്രസാധകർക്ക് എഴുതാറുണ്ട്. അല്ലെങ്കിൽ പ്രതിഷേധ റാലിയിൽ പങ്കെടുക്കും. അല്ലെങ്കിൽ റേഡിയോയി ലൂടെയും ടെലിവിഷനിലൂടെയും ചർച്ചചെയ്യും. ഇതെല്ലാംതന്നെ പൊതുജനാഭിപ്രായത്തിന്റെ വിവിധ രൂപങ്ങളാണ്. ഇവയെല്ലാംതന്നെ ജനാധിപത്യ പ്രക്രിയയുടെ വിവിധ ഘട്ടങ്ങളായ വോട്ട് രേഖപ്പെടുത്തൽ, ഗവൺമെന്റിന്റെ പ്രവർത്തനം, ഭരണരീതി എന്നിവയെ സ്വാധീനിക്കും.

### 22.2.1 പൊതുജനാഭിപ്രായം: അർത്ഥം

'ജനങ്ങളുടെ ശബ്ദം', 'പൊതുജനാഭിപ്രായം' തുടങ്ങിയ പദപ്രയോഗങ്ങൾ അർത്ഥമാക്കുന്നത് ഒന്നുതന്നെയാണോ? ഈ പ്രയോഗങ്ങളെക്കുറിച്ച് വീണ്ടും നിങ്ങൾ പഠിക്കുമ്പോൾ ഇവ രണ്ടും ഒരർത്ഥമല്ല ഉദ്ദേശിക്കുന്നത് എന്ന് നിങ്ങൾക്ക് ബോദ്ധ്യമാകും. വാസ്തവത്തിൽ പൊതുജനാഭിപ്രായം എന്ന കേവല സങ്കല്പത്തിന് പല വ്യത്യസ്ത നിർവ്വചനങ്ങൾ നൽകി സങ്കീർണ്ണമാക്കിയിട്ടുണ്ട്. ഈ ഘട്ടത്തിൽ പൊതുജനാഭിപ്രായം എന്നതിന്റെ വളരെ ലളിതമായ അർത്ഥമെന്താണ് എന്ന് നമുക്ക് പരിശോധിക്കാം. ജനങ്ങളുടെ ഏകകണ്ഠമായ അഭിപ്രായമോ, അഥവാ ഭൂരിപക്ഷത്തിന്റെ അഭിപ്രായമോ അല്ല പൊതുജനാഭിപ്രായം. പൊതുജന പ്രാധാന്യമുള്ള ഏതു കാര്യത്തിലും ജന ങ്ങളുടെ സംഘടിതമായ അഭിപ്രായത്തെ പൊതുജനാഭിപ്രായം എന്ന് പറയാം. വ്യത്യസ്ത ആളുകൾക്കുള്ള അഭിപ്രായങ്ങളുടെ ഒരു സമന്വയത്തിനും പൊതുജനാഭിപ്രായം എന്ന് പറയാം. പൊതുജനാഭിപ്രായത്തെ സംബന്ധിച്ചുള്ള വ്യത്യസ്ത നിർവ്വചനങ്ങളിൽ താഴെ പറയുന്ന സവിശേഷതകൾ ഉണ്ട്.

(a) സംയുക്ത വീക്ഷണം ആണ് പൊതുജനാഭിപ്രായം;

(b) അഭിപ്രായങ്ങൾ കാരണങ്ങളിലധിഷ്ഠിതമാണ്;

(c) സമൂഹത്തിന്റെ ആകമാനമായ ക്ഷേമം ഉറപ്പാക്കാനാണ് അഭിപ്രായങ്ങൾ;

(d) ഗവൺമെന്റിന്റെ തീരുമാനങ്ങളെയും, രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനങ്ങളെയും, ഗവൺമെന്റിന്റെ ഭരണനിർവ്വഹണത്തെയും പൊതുജനാഭിപ്രായം സ്വാധീനിക്കുന്നു.

**നിങ്ങൾക്കറിയാമോ**

18-ാം നൂറ്റാണ്ടിലാണ് പൊതുജനാഭിപ്രായം ഒരു ആശയമായി ജനിച്ചത്. നഗരവൽക്കരണത്തിന്റെയും മറ്റ് രാഷ്ട്രീയ, സാമൂഹ്യ സമ്മർദ്ദങ്ങളുടെയും പ്രക്രിയകളായിട്ടാണ് പൊതുജനാഭിപ്രായം ഒരു ആശയമായി മാറിയത്. പൊതുജനാഭിപ്രായത്തിന്റെ തത്വങ്ങൾ ആദ്യമായി വികസിപ്പിച്ചത് ഇംഗ്ലീഷ് തത്വചിന്തകനായിരുന്ന ജെറമി ബൻതാം ആയിരുന്നു. 'സംഖ്യാതീതമായ ആളുകളുടെ അത്യന്തമായ സന്തോഷം' ഉറപ്പാക്കുന്നതിനായി ഭരണ കർത്താക്കളെ നിർബന്ധിതരാക്കുവാൻ പൊതുജനാഭിപ്രായത്തിന് സാധിക്കും എന്ന് അദ്ദേഹം പ്രസ്താവിച്ചു.

### 22.2.2 പൊതുജനാഭിപ്രായം - ജനാധിപത്യത്തിൽ: ഇതിന്റെ പ്രാധാന്യം


ജനാധിപത്യത്തിൽ പൊതുജനാഭിപ്രായത്തിന്റെ പങ്ക് ആർക്കും അവഗണിക്കുവാൻ സാധ്യമല്ല. ജനാധിപത്യ സമ്പ്രദായത്തിൽ ഗവൺമെന്റിന്റെ അധികാരങ്ങൾ ജനങ്ങളിൽ നിക്ഷിപ്തമാണ്. ഭരിക്കപ്പെടുന്നവരിൽനിന്നുള്ള സമ്മതം ആണ് ഗവൺമെന്റിന്റെ ന്യായത.

ജനപിന്തുണയില്ലാതെ ഒരു ഗവൺമെന്റിനും പ്രവർത്തിക്കുവാൻ ആവില്ല. പൊതുജനാഭിപ്രായ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുപ്രാധാന്യമുള്ള വിഷയങ്ങളിൽ ജനങ്ങളുടെ അഭിപ്രായം ആരായുന്നതിനും, അവബോധം സൃഷ്ടിക്കുന്നതിനും, ചിന്താസരണിയെ പ്രോത്സാഹിപ്പിക്കുന്നതിനും, സാഹചര്യം സൃഷ്ടിക്കുന്നു. പൊതു ജനാഭിപ്രായംകൊണ്ട് ജനാധിപത്യ ഗവൺമെന്റ് എപ്രകാരം രൂപീകരിക്കുന്നുവെന്നും നിലനിൽക്കുന്നുവെന്നും, നിയന്ത്രിക്കപ്പെടുന്നതെന്നും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? പൊതുജനാഭിപ്രായത്തിന്റെ പങ്കിൽ താഴെ പ്രസ്താവിക്കുന്നവ ഏതാനും പ്രധാനപ്പെട്ടതാണ്.

1. സ്വതന്ത്രവും, ജാഗ്രതയോടുകൂടിയതുമായ പൊതുജനാഭിപ്രായത്തിലൂടെ സ്വേച്ഛാധിപത്യ ഗവൺമെന്റിനെ നിയന്ത്രിക്കുവാൻ സാധിക്കും;
2. ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിൽ ഓരോന്നിലും മറ്റൊന്നിന്റെ മേൽക്കോയ്മ ഒഴിവാക്കും;
3. ജനഹിതത്തിനും ജനാഭിലാഷത്തിനും അനുസൃതമായി പ്രതികരിക്കുവാനുള്ള സാഹചര്യം സൃഷ്ടിക്കും;
4. ജനങ്ങളുടെ താല്പര്യമനുസരിച്ച് നിയമങ്ങൾ ഉണ്ടാക്കുവാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കും;
5. ജനാധിപത്യമൂല്യങ്ങളെയും തത്വങ്ങളെയും ഇത് ശക്തിപ്പെടുത്തും;
6. മൗലികാവകാശങ്ങളും, സ്വാതന്ത്ര്യവും, മറ്റ് അവകാശങ്ങളും അനുഭവിക്കുവാനുള്ള അവകാശം പൊതുജനാഭിപ്രായം സംരക്ഷിക്കും. നിതാന്തജാഗ്രതയാണ് സ്വാതന്ത്ര്യത്തിന്റെ വില. അതായത് ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കുവാൻ ഓരോ പൗരനും സദാ ജാഗരൂകരായിരിക്കണം.

### 22.2.3 പൊതുജനാഭിപ്രായം: രൂപീകരണത്തിന് സഹായിക്കുന്ന ഘടകങ്ങൾ

പൊതുജനാഭിപ്രായം എന്നാൽ ഏതാനും വ്യക്തികളുടെയോ, കൂട്ടത്തിന്റെയോ, അഭിപ്രായ സമാഹരണം അല്ല എന്ന് നാം കണ്ടു. വാസ്തവത്തിൽ, പൊതു ജനാഭിപ്രായം ഉണ്ടാകുന്നത് വ്യക്തികളുടെയോ കൂട്ടങ്ങളുടെയോ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ്. എന്നാൽ മുകളിൽ കൊടുത്തിരിക്കുന്ന ചിത്രീകരണങ്ങളിൽ നിന്നും നിങ്ങൾക്ക് മനസ്സിലാക്കാവുന്നത്. പൊതുജനാഭിപ്രായ രൂപീകരണത്തിൽ നിരവധി ഏജൻസികളുണ്ട്. പൊതുജനാഭിപ്രായ രൂപീകരണത്തിലെ പ്രധാന ഏജൻസികളാണ്:



**ചിത്രം 22.2** *പൊതുജനാഭിപ്രായ രൂപീകരണത്തിലെ പ്രധാന സ്രോതസ്സുകൾ*

കുറിപ്പുകൾ

1. **അച്ചടിമാദ്ധ്യമം:** വളരെക്കാലമായി, പൊതുജനാഭിപ്രായ രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതാണ് വർത്തമാനപ്പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, മാസികകൾ, മറ്റ് അച്ചടി പ്രസിദ്ധീകരണങ്ങൾ. വാർത്തകൾ, ലേഖനങ്ങൾ, വാർത്തകൾക്ക് പിന്നിലുള്ള കഥകൾ, എഡിറ്റർക്കുള്ള കത്തുകൾ അതുപോലെയുള്ള നിരവധി ഘടകങ്ങൾ വ്യക്തികളുടെ അഭിപ്രായ രൂപീകരണത്തിൽ സഹായിക്കുന്നതും, അത് ഏറ്റവും ആധുനികവുമാക്കുന്നതിന് സഹായിക്കുന്നതുമാണ് എന്ന് നിങ്ങൾക്കറിയാവുന്നതാണല്ലോ! ഇവയെല്ലാംതന്നെ കൂടിച്ചേർന്ന് ചിന്തൈക്യത്തിലൂടെ പൊതുജനാഭിപ്രായത്തിന് കാരണമാകുന്നു. ഈ മാദ്ധ്യമങ്ങൾ എല്ലാംതന്നെ ഏതുവിഷയത്തെ സംബന്ധിച്ചും അഭിപ്രായ രൂപീകരണം ഉണ്ടാവുന്നതിന് സഹായിക്കുന്നതുമാണ്.

2. **ഇലക്ട്രോണിക് മാദ്ധ്യമം:** പൊതുജനാഭിപ്രായത്തിന് സഹായകമായ ഏജൻസികളാണ് ഏറ്റവും ഒടുവിൽ ഉണ്ടായിട്ടുള്ള മൊബൈൽഫോൺ ഉൾപ്പെടെ, സിനിമ, റേഡിയോ, ടി.വി. ചാനലുകൾ എന്നിവ. രാജ്യത്തിന്റെ ഏത് വിദൂരസ്ഥലങ്ങളിൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ മേൽപറഞ്ഞ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ദൃശ്യ-ശ്രവണ മാർഗ്ഗത്തിലൂടെ പൊതുജനാഭിപ്രായ രൂപീകരണത്തിന് വളരെ സഹായകരമാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെ ഏറെ ആളുകളുടെ അഭിപ്രായം പ്രകടിപ്പിക്കുവാനും അവ പ്രാതിനിധ്യ സ്വഭാവത്തോടുകൂടി മാറ്റുന്നതിനും ബന്ധപ്പെട്ട എല്ലാവരെയും അറിയിക്കുന്നതിനും സൗകര്യം ലഭ്യമാണ്.

3. **രാഷ്ട്രീയപാർട്ടികൾ:** അഭിപ്രായ രൂപീകരണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്ന ഏജൻസികളാണ് രാഷ്ട്രീയപാർട്ടികൾ. രാഷ്ട്രീയപാർട്ടികൾ മിക്ക ദിവസങ്ങളിലും പ്രധാനപ്പെട്ട നേതാക്കൾ മുഖേന വസ്തുതകളും ആശയങ്ങളും ജനങ്ങളിൽ എത്തിക്കുന്നത് നിങ്ങൾക്കും അനുഭവമുണ്ടായിട്ടുണ്ടാവും! രാഷ്ട്രീയപാർട്ടിയുടെ നേതാക്കൾ, പദയാത്രകൾ, രഥയാത്രകൾ മുതലായവ നടത്തിയും, അവരുടെ നയങ്ങളും ആശയങ്ങളും സംബന്ധിച്ച് മറ്റ് പ്രത്യേക ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും നമ്മൾ കാണാറുള്ളതും കേട്ടിട്ടുള്ളതുമാണ്. പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും ഇവ വലിയ പങ്ക് വഹിക്കുന്നു.

4. **നിയമനിർമ്മാണസഭകൾ:** നമ്മുടെ രാജ്യത്തിലെ പാർലമെന്റും, സംസ്ഥാന നിയമനിർമ്മാണസഭകളും പൊതുജനാഭിപ്രായ രൂപീകരണത്തിൽ കാതലായ പങ്ക് വഹിക്കുന്ന ഏജൻസികളാണ്. നിയമനിർമ്മാണസഭയിൽ നടക്കുന്ന ചർച്ചകളും വാദങ്ങളും അപ്പോഴപ്പോൾ തന്നെ ദൂരദർശനിലൂടെ സംപ്രേഷണം ചെയ്തു തുടങ്ങിയതോടുകൂടി മേൽപറഞ്ഞ ഏജൻസികളുടെ പ്രാധാന്യം അനേകമടങ്ങുകളായി വർദ്ധിച്ചു. പൊതുപ്രാധാന്യമുള്ള വിഷയ ങ്ങളെ സംബന്ധിച്ചുള്ള വാദപ്രതിവാദങ്ങളും ചർച്ചകളും പൊതുജന ക്ഷേമപ്രവർത്തനങ്ങളും നടത്തുന്നത് ഈ സഭകളിലാണ്. ജനസംഖ്യയിലെ ഭൂരിപക്ഷത്തിനും അതൊക്കെ നേരിട്ട് കാണുവാനും കേൾക്കുവാനും സൗകര്യമുണ്ട്. പൊതുജനാഭിപ്രായങ്ങൾ കാര്യക്ഷമമായി രൂപീകൃതമാക്കുന്നതിന് ആധികാരികമായ വസ്തുതകളും, ആശയങ്ങളും ലഭിക്കുവാൻ നിയമനിർമ്മാണസഭകൾ വേദി ഒരുക്കുന്നു.

5. **വിദ്യാഭ്യാസ സ്ഥാപനങ്ങൾ:** പൊതുജനാഭിപ്രായ രൂപീകരണത്തിന് വിവിധ വിദ്യാഭ്യാസ സ്ഥാപന ങ്ങളും സഹായിക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വകലാശാല കളും മറ്റ് പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും, നമ്മുടെ മനസ്സിൽ സ്ഥായിയായ സ്വാധീനം ഉണ്ടാക്കുന്ന സ്ഥാപനങ്ങളാണ്. ഇപ്രകാരമുള്ള അംഗീകൃതസ്ഥാപനങ്ങൾ, പൊതുജനാഭിപ്രായ രൂപീകരണത്തിനും, രാഷ്ട്രീയ അവബോധം ഉണ്ടാക്കുന്ന വിധത്തിലുള്ള വിദ്യാഭ്യാസം ലഭിക്കുന്നതിനും സഹായകരമാണ്.

## പ്രവർത്തനം 22.2

'രംഗ് ദിബാസൻതി' എന്ന ചലച്ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടാവും! ഒരു വിമാനാപകടത്തിൽ ഉറ്റമിത്രത്തെ നഷ്ടപ്പെട്ട അഞ്ച് യുവാക്കളുടെ കഥയാണ് ഈ ഫിലിമിലെ പ്രധാന പ്രമേയം. ഈ സംഭവത്തിന്റെ പ്രധാന കാരണം ഗവൺമെന്റിന്റെ അഴിമതിയാണ്. അശ്രദ്ധരായ അഞ്ച് യുവാക്കളെ ചിത്തക്ഷോഭരാക്കി തങ്ങളുടെ പ്രിയമിത്രത്തിന്റെ മരണത്തിന് അക്രമമാർക്ഷങ്ങളിലൂടെ പ്രതികാരം ചെയ്യുവാൻ അവർ തീരുമാനിക്കുന്നു.

'ലഗേ രഹോ മുന്നാഭായ്' എന്ന മറ്റൊരു ചലച്ചിത്രത്തിൽ ഒരു മുംബൈ അധോലോക പ്രമാണി മഹാത്മാഗാന്ധിയുടെ ആശയങ്ങളിൽ ആകൃഷ്ടനാകുന്നു. ഗാന്ധിജിയുടെ ചിത്രങ്ങളുമായുള്ള 'ആശയസമ്പർക്കത്തിലൂടെ' 'ഗാന്ധിഗിരി' എന്ന് അദ്ദേഹം വിശേഷിപ്പിച്ച സത്യഗ്രഹം, അഹിംസാ, സത്യസന്ധത എന്നീ ഗാന്ധിമാർഗ്ഗങ്ങളിലൂടെ സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുന്നു. ഈ രണ്ട് ചലച്ചിത്രങ്ങളിലും പ്രധാന കലാകാരന്മാർ പ്രധാന പ്രമേയത്തിന് വ്യത്യസ്ത മാർഗ്ഗങ്ങൾ സ്വീകരിച്ച് പ്രവർത്തിക്കുന്നു. ഈ രണ്ട് മാർഗ്ഗങ്ങളിൽ നിങ്ങൾ ഇഷ്ടപ്പെടുന്ന മാർഗ്ഗം ഏതാണ്? കാരണം വ്യക്തമാക്കുക.

കുറിപ്പ്: വിദ്യാർത്ഥികൾ ഈ ചലച്ചിത്രങ്ങൾ കണ്ടിട്ടില്ലെങ്കിലും ഉത്തരം നൽകണം.


## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 22.1

1. ജനാധിപത്യ പ്രക്രിയകളിൽ ജനപങ്കാളിത്തം എന്നതുകൊണ്ട് നിങ്ങൾ അർത്ഥമാക്കുന്നത് എന്താണ്?
2. പൊതുജനാഭിപ്രായം, പൊതുജനശബ്ദം ഇവ രണ്ടും പര്യായങ്ങളാണോ? നിങ്ങളുടെ ഉത്തരത്തിന് കാരണം വ്യക്തമാക്കുക.
3. ജനാധിപത്യത്തിൽ പൊതുജനാഭിപ്രായത്തിന്റെ പ്രാധാന്യം എന്ത് എന്ന് വിവരിക്കുക.
4. പൊതുജനാഭിപ്രായ രൂപീകരണത്തിന് സഹായകരമായ, രണ്ട് ഏജൻസികൾ ഏതൊക്കെ? പൊതുജനാഭിപ്രായ രൂപീകരണത്തിന് ശക്തമായ സ്വാധീനം ചെലുത്തുന്നത് നിങ്ങളുടെ അഭിപ്രായത്തിൽ ഇതിൽ ഏത് ഏജൻസി ആണ്?

## 22.3 ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ

താഴെ കൊടുത്തിരിക്കുന്ന ചിത്രീകരണത്തിൽ ഒരു തെരഞ്ഞെടുപ്പ് ബൂത്തിൽ ആളുകൾ നിരനിരയായി സമ്മതിദാനാവകാശം നിർവ്വഹിക്കുന്നതിനായി നിൽക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടാവും. നമ്മുടെ രാജ്യത്തിലെ പാർലമെന്റിലേക്ക് അല്ലെങ്കിൽ നിയമസഭകളിലേക്ക് അല്ലെങ്കിൽ ഗ്രാമ പഞ്ചായത്ത് പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് അല്ലെങ്കിൽ മുനിസിപ്പൽ സഭകളിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് തെരഞ്ഞെടുപ്പുകൾ നടത്താറുണ്ട്. ഇത്തരം തെരഞ്ഞെടുപ്പുകളിൽ നിങ്ങൾ സംബന്ധിച്ചിട്ടുണ്ടാവും! തെരഞ്ഞെടുപ്പുകൾ എന്നാൽ എന്ത് എന്ന് നിങ്ങൾക്ക് നിർവ്വചിക്കുവാൻ കഴിയുമോ? പൊതുസ്ഥാനങ്ങൾ ലഭ്യമാക്കുന്നതിനായി, നിയമനിർമ്മാണസഭ അല്ലെങ്കിൽ ഒരു ജനപ്രതിനിധി സഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുവാൻ വ്യക്തികൾ പരസ്പരം മത്സരത്തിൽ ഏർപ്പെടുന്നതിനെ തെരഞ്ഞെടുപ്പ് എന്ന് പറയാം. നിയമനിർമ്മാണ സഭകളിലേക്കും പ്രാ

ദേശിക സമിതികളിലേക്കും ഒരു പ്രത്യേക കാലാവധിയ്ക്കുള്ളിൽത്തന്നെ തെരഞ്ഞെടുപ്പുകൾ നടത്തുന്നുണ്ട്. രാജ്യം മുഴുവനായും അല്ലെങ്കിൽ സംസ്ഥാനം പൂർണ്ണമായും അല്ലെങ്കിൽ പ്രാദേശിക ഭാഗം മുഴുവനും പല മണ്ഡലങ്ങളായി വിഭജിക്കും. ഒരു മണ്ഡലത്തിലെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ആളുകളിൽ നിന്ന് ഒരു വ്യക്തി ആ മണ്ഡലത്തിലെ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെടും. എല്ലാ സ്ഥാനാർത്ഥികളിലും നിന്ന് ഏറ്റവും കൂടുതൽ വോട്ട് ലഭിക്കുന്ന വ്യക്തി തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കും.




**ചിത്രം 22.3** *ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി ആളുകൾ ക്യൂവിൽ നിൽക്കുന്നു*

**നിങ്ങൾക്കറിയാമോ**

**ഒരു മണ്ഡലം** എന്നാൽ അർത്ഥമാക്കുന്നത് പാർലമെന്റിലേക്കോ, സംസ്ഥാന നിയമ നിർമ്മാണസഭയിലേക്കോ, അല്ലെങ്കിൽ പ്രാദേശിക ഗവൺമെന്റിലേക്കോ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി പ്രത്യേകം തിരിച്ചിട്ടുള്ള ഒരു ഭൂപ്രദേശം എന്നാണ്.

**ഒരു സ്ഥാനാർത്ഥി** എന്നാൽ അർത്ഥമാക്കുന്നത് തെരഞ്ഞെടുപ്പിൽ മത്സരിച്ച് തെരഞ്ഞെടുക്കപ്പെടുവാൻ ശ്രമിക്കുന്ന ഒരു വ്യക്തി എന്നാണ്. ഒന്നുകിൽ വീണ്ടും തെരഞ്ഞെടുക്കപ്പെടുവാൻ ആഗ്രഹിക്കുന്ന വ്യക്തി, അല്ലെങ്കിൽ നിലവിലുള്ള പ്രതിനിധിയെ എതിർത്ത് തോൽപിക്കുവാൻ ശ്രമിക്കുന്ന വ്യക്തി അല്ലെങ്കിൽ മത്സരമോഹമുള്ള മറ്റൊരു വ്യക്തി എന്നൊക്കെ അർത്ഥമാണ്.

**പ്രകടനപത്രിക:** രാഷ്ട്രീയപാർട്ടികളുടെ നിർദ്ദേശങ്ങളും പ്രോഗ്രാമുകളും ഒക്കെ ഉൾപ്പെടുത്തി തെരഞ്ഞെടുപ്പിലും അതിനുശേഷമുള്ള ഗവൺമെന്റിന്റെ നയങ്ങളും വികസന അജണ്ടകളും അടങ്ങിയ പ്രമാണത്തെ 'പ്രകടനപത്രിക' എന്ന് വിളിക്കുന്നു.

### 22.3.1 തെരഞ്ഞെടുപ്പുകളുടെ പ്രാധാന്യം

ജനാധിപത്യ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ സജീവ ജനപങ്കാളിത്തത്തിനുള്ള അവസരം തെരഞ്ഞെടുപ്പുകളാണെന്ന് നിങ്ങൾക്കും ബോദ്ധ്യമായിട്ടുണ്ടാവും. തെരഞ്ഞെടുപ്പുകൾ പൊതുജനാഭിപ്രായത്തിന്റെ വളരെ പ്രധാനപ്പെട്ട പ്രകടിപ്പിക്കലുകൾ ആണ്. കാരണം, ആളുകൾക്ക് അവരുടെ അഭിപ്രായം പ്രകടിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു. പൊതുപ്രാധാന്യമുള്ള വിഷയങ്ങൾ ജനങ്ങൾക്ക് പരിചയമാകുന്നതിനും കൂടുതൽ രാഷ്ട്രീയ അവബോധം ഉണ്ടാകുവാനും തെരഞ്ഞെടുപ്പുകളിൽ സാധിക്കുന്നുണ്ട്. ഗവൺമെന്റി

ന്റെ പ്രവർത്തനങ്ങളിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിന് അംഗീകാരം തെരഞ്ഞെടുപ്പുകളിലൂടെ ലഭിക്കുന്നതിനോടൊപ്പം ശാന്തമായ ഒരു ഭരണമാറ്റം, അതായത് ഒരു രാഷ്ട്രീയകക്ഷിയിൽ നിന്ന് മറ്റൊരു രാഷ്ട്രീയ കക്ഷിയിലേക്കോ, രാഷ്ട്രീയപാർട്ടികളുടെ ഒരു ഗ്രൂപ്പിൽ നിന്ന് മറ്റൊരു ഗ്രൂപ്പിലേക്കോ, ഭരണമാറ്റം ഉണ്ടാകുന്നത് തെരഞ്ഞെടുപ്പുകളിലൂടെയാണ്.

## പ്രവർത്തനം 22.3

പ്രതാപ്പൂരിൽ നിന്നും 2 പ്രാവശ്യം എം.എൽ.എ. ആയ ഒരു രാഷ്ട്രീയ പ്രവർത്തകനാണ് മുകുന്ദ ദാസ്. ഉത്തർപ്രദേശിലെ ഒരു പ്രബല പ്രാദേശിക കക്ഷിയിൽപ്പെട്ട വ്യക്തിയാണ് അദ്ദേഹം. നിയമനിർമ്മാണസഭയിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം 100 ശതമാനമാണ്. എങ്കിലും, നിയമസഭയിൽ അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യം അറിയിക്കുന്ന പൊതുചർച്ചകളിലോ, അല്ലെങ്കിൽ എപ്പോഴെങ്കിലും, ഏതെങ്കിലും ചോദ്യങ്ങൾ ഉന്നയിക്കുകയോ ചെയ്തിട്ടില്ല. എം.എൽ.എ. വികസന ഫണ്ടിൽ ലഭിച്ച ആകെയുള്ള 6 കോടി രൂപയിൽ ഒരു ചെറിയ തുക മാത്രം റോഡുകളുടെ വികസനത്തിനും വെള്ളക്കെട്ട് നിവാരണത്തിനും ആയി ചെലവഴിച്ചുള്ളൂ.

ദേവികാസെൻ വെസ്റ്റ് ബംഗാളിലെ ദുർഗ്പ്പൂരിൽ നിന്നുള്ള എം.എൽ.എ. ആണ്. ഒരു രാഷ്ട്രീയകക്ഷിയിലും പെടാത്ത ഒരു സ്വതന്ത്ര എം.എൽ.എ. ആണ് ദേവികാ സെൻ. ആ പ്രദേശത്തുള്ള ഒരു തുണിമില്ല് അവരുടെ കുടുംബസ്വത്ത് ആണ്. തൊഴിലാളി പ്രസ്ഥാനത്തെ സംബന്ധിച്ചും വനിതകളുടെ അവകാശങ്ങളെ സംബന്ധിച്ചും നിരവധി ചോദ്യങ്ങൾ അവർ നിയമസഭയിൽ ചോദിച്ചിട്ടുണ്ട്. എം.എൽ.എ. വികസനഫണ്ടിൽ നിന്ന് ലഭിച്ച ആറ് കോടി രൂപയിൽ നാല് കോടി രൂപ ആ പ്രദേശത്തെ സ്കൂളുകളുടെ വികസനത്തിനായി ചെലവഴിച്ചു. ബാക്കി 2 കോടി രൂപ തുണിമില്ലുകളുടെ ചുറ്റുമുള്ള റോഡുകൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ മുതലായവയ്ക്കും ചെലവഴിച്ചു.

മുകളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇവരിൽ ആർക്ക് നിങ്ങൾ വോട്ട് ചെയ്യുമെന്ന് തന്നിരിക്കുന്ന പട്ടികയിൽ എഴുതുക.

| സ്ഥാനാർത്ഥി | എന്റെ വോട്ട് കാരണങ്ങൾ | മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|
| മുകുന്ദ ദാസ് | | 1.<br>2. |
| ദേവികാ സെൻ | | 1.<br>2. |
| രണ്ടുപേർക്കും അല്ല | | |

### 22.3.2 തെരഞ്ഞെടുപ്പ് വിധങ്ങൾ

നമ്മുടെ രാജ്യത്ത് സാധാരണയായി തെരഞ്ഞെടുപ്പുകൾ നടക്കുന്നത് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടാവും! എന്നാൽ എല്ലാ തെരഞ്ഞെടുപ്പുകളും ഒരുപോലെയല്ല. ഇന്ത്യയിൽ നടക്കുന്ന തെരഞ്ഞെടുപ്പുകൾ രണ്ടുവിധത്തിലുണ്ട്. ഒന്നാമതായി, നമുക്ക് നേരിട്ടുള്ളതും അല്ലാത്തതുമായ തെരഞ്ഞെടുപ്പുകൾ ഉണ്ട്. നേരിട്ടുള്ള തെരഞ്ഞെടുപ്പുകളിൽ, ജനങ്ങൾ

ബാലറ്റുപേപ്പർ മുഖേന, തങ്ങളുടെ പ്രതിനിധികളെ നിയമനിർമ്മാണസഭകളിലേക്കും (ലോക്സഭയും, സംസ്ഥാന നിയമസഭകളും) പ്രാദേശിക ഭരണസമിതികളിലേക്കും തെരഞ്ഞെടുക്കുന്നു. ചില പ്രധാന സ്ഥാനങ്ങളിലേക്കുള്ള നമ്മുടെ പ്രതിനിധികളെ നേരിട്ടല്ലാതെയുള്ള തെരഞ്ഞെടുപ്പുകളിലൂടെ നാം തെരഞ്ഞെടുക്കുന്നു. ഇന്ത്യയിലെ പ്രസിഡന്റും, വൈസ്പ്രസിഡന്റും നേരിട്ടല്ലാതെ തെരഞ്ഞെടുക്കുന്നവരാണ്. അതുപോലെ രാജ്യസഭയിലെ അംഗങ്ങളും നേരിട്ടല്ലാതെ തെരഞ്ഞെടുക്കുന്നവരാണ്. കൂടാതെ, ലെജിസ്ലേറ്റീവ് കൗൺസിലിലെ ഏതാനും അംഗങ്ങളെ, അതാത് സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ സഭകൾ (ചില സംസ്ഥാനങ്ങളിൽ മാത്രം) നേരിട്ടല്ലാതെ തെരഞ്ഞെടുക്കുന്നു.

മറ്റൊരു വ്യത്യസ്തമായ വിധത്തിൽ നിരീക്ഷിച്ചാൽ മൂന്നുവിധത്തിലുള്ള തെരഞ്ഞെടുപ്പുകൾ ഉണ്ടെന്ന് കാണാം. (a) പൊതുതെരഞ്ഞെടുപ്പുകൾ (b) ഇടക്കാല തെരഞ്ഞെടുപ്പുകൾ (c) ഉപതെരഞ്ഞെടുപ്പുകൾ. പൊതുതെരഞ്ഞെടുപ്പുകൾ രാജ്യത്ത് എല്ലാ സ്ഥലങ്ങളിലും നടത്തുന്നതാണ്. ലോക്സഭയിലേക്കോ, സംസ്ഥാനങ്ങളിലെ നിയമസഭകളിലേക്കോ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. നിയമനിർമ്മാണസഭകളുടെ കാലാവധി പൂർത്തിയാകുമ്പോൾ ഈ തെരഞ്ഞെടുപ്പുകൾ നടത്തുന്നു. 2009-ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പ് ഇപ്രകാരം നടന്ന പൊതുതെരഞ്ഞെടുപ്പ് ആണ്. കാലാവധി പൂർത്തിയാക്കാതെ നിയമനിർമ്മാണസഭകൾ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനെ ഇടക്കാല തെരഞ്ഞെടുപ്പുകൾ എന്നു പറയുന്നു. ഉദാഹരണത്തിന് 1991-ൽ നടന്നത് ഇടക്കാല തെരഞ്ഞെടുപ്പ് ആണ്. ഒരു അംഗത്തിന്റെ രാജിമൂലമോ, മരണം സംഭവിച്ചാലോ, അല്ലെങ്കിൽ നീതിന്യായ കോടതികൾ തെരഞ്ഞെടുപ്പ് റദ്ദ് ചെയ്യുകയോ ആണെങ്കിൽ ആ പ്രത്യേക മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പുകൾ നടത്തും. അപ്രകാരമുള്ള തെരഞ്ഞെടുപ്പുകളിൽ നിയമനിർമ്മാണസഭയുടെ ബാക്കി കാലാവധിയിലേക്ക് മാത്രം പ്രതിനിധിയെ തെരഞ്ഞെടുക്കുന്നു. 1991-ൽ പി.വി.നരസിംഹ റാവു ആന്ധ്രാപ്രദേശത്തിലെ ഒരു ലോക്സഭാമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത് ഉപതെരഞ്ഞെടുപ്പിലൂടെ ആണ്.

### നിങ്ങൾക്കറിയാമോ

1. ഇന്ത്യയിൽ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് നടന്നത് 1952-ൽ ആണ്. അതിനുശേഷം 2009-ൽ നടന്ന ലോക്സഭ തെരഞ്ഞെടുപ്പ് ഉൾപ്പെടെ ആകെ 15 ലോക്സഭാ തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ട്.
2. 1980, 1991, 1998 എന്നീ വർഷങ്ങളിൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പുകൾ കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് നടന്ന ഇടക്കാല ലോക്സഭാ തെരഞ്ഞെടുപ്പുകൾ ആയിരുന്നു.
3. ഇന്ത്യയിൽ നടന്ന തെരഞ്ഞെടുപ്പുകളുടെ ചരിത്രത്തിൽ 1977-ൽ നടന്ന തെരഞ്ഞെടുപ്പ് മാത്രമേ 2 വർഷത്തേക്ക് മാറ്റിവച്ചിട്ടുള്ളൂ. അത് ദേശീയതലത്തിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതു കാരണമായിരുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 22.2

1. ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളുടെ പ്രാധാന്യം പരിശോധിക്കുക.
2. നേരിട്ടുള്ള തെരഞ്ഞെടുപ്പ്, അല്ലാതെയുള്ള തെരഞ്ഞെടുപ്പ് എന്നാൽ എന്താണ് എന്ന് നിങ്ങൾ മനസ്സിലാക്കുന്നു?

3. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

    1. നിയമനിർമ്മാണ സഭകളുടെ കാലാവധി പൂർത്തിയായി കഴിയുമ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പുകളെ ....................................... എന്നറിയപ്പെടുന്നു.
    2. കാലാവധി പൂർത്തിയാക്കുന്നതിന് മുൻപ് നിയമനിർമ്മാണ സഭകൾ പിരിച്ചുവിട്ട് തെരഞ്ഞെടുപ്പ് നടത്തുന്നതിനെ ................................ എന്ന് വിളിക്കുന്നു.
    3. ഒരു പ്രത്യേക മണ്ഡലത്തിലെ തെരഞ്ഞെടുത്ത അംഗത്തിന് നീതിന്യായ കോടതികളിൽ നിന്ന് അയോഗ്യത കൽപിക്കുമ്പോഴോ, അംഗത്വം റദ്ദു ചെയ്യുകയോ, അല്ലെങ്കിൽ രാജിവയ്ക്കുമ്പോഴോ അല്ലെങ്കിൽ മരണം സംഭവിക്കുകയോ ചെയ്യുമ്പോൾ നടത്തുന്ന തെരഞ്ഞെടുപ്പുകൾ .......................... എന്നറിയപ്പെടുന്നു.

## 22.4 ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായം

നിരവധി തെരഞ്ഞെടുപ്പുകൾ വളരെ വിജയകരമായി നടത്തുന്നു എന്ന അംഗീകാരം ഇന്ത്യയ്ക്ക് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് എങ്ങനെ നടത്തുന്നു? ഇന്ത്യയെപ്പോലെ വിസ്തീർണ്ണത്തിൽ വലുതായ ഒരു രാഷ്ട്രത്തിൽ തെരഞ്ഞെടുപ്പുകൾ നടത്തുന്നത് എപ്രകാരമാണ് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? തെരഞ്ഞെടുപ്പ് പ്രക്രിയകൾക്ക് മേൽനോട്ടം വഹിക്കുന്നത് ആരാണ്? മണ്ഡലത്തിന്റെ അതിർത്തികൾ തീരുമാനിക്കുന്നത് ആരാണ്? നാമനിർദ്ദേശ സമയം മുതൽ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതു വരെയുള്ള തെരഞ്ഞെടുപ്പ് കാലാവധി വിവരപ്പട്ടിക തീരുമാനിക്കുന്നത് ആരാണ്? തെരഞ്ഞെടുപ്പ് വരണാധികാരി, പ്രിസൈഡിംഗ് ഉദ്യോഗസ്ഥൻ, പോളിംഗ് ഉദ്യോഗസ്ഥൻ എന്നിങ്ങനെ അറിയപ്പെടുന്നവർ ആരൊക്കെയാണ്? വാസ്തവത്തിൽ, ഇന്ത്യയിൽ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനായി ഒരു വിപുലമായ തെരഞ്ഞെടുപ്പ് സമ്പ്രദായം ഉണ്ട്. അവ വിശദമായി നമുക്ക് ചർച്ച ചെയ്യാം.

### 22.4.1 ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷൻ

തികച്ചും നിഷ്പക്ഷമായും, നീതിയുക്തവുമായ തെരഞ്ഞെടുപ്പ് നടത്തുന്നതിനായി ഭരണഘടനാപരമായി പ്രവർത്തിക്കുന്ന ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ത്യയിൽ ഉണ്ട്. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷൻ നിയമപരമായിട്ടുള്ളതല്ല എന്നാൽ ഭരണഘടനാ



ചിത്രം 22.4 *ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ആസ്ഥാനം*

പരമായിട്ടുള്ളതാണ്. നിയമപരമായിട്ടുള്ള സമിതി / സ്ഥാപനങ്ങൾ പാർലമെന്റിന്റെയോ, സംസ്ഥാന നിയമനിർമ്മാണ സഭയുടെയോ നിയമം പാസ്സാക്കി ഉണ്ടാക്കുന്നവയാണ്. എന്നാൽ ഭരണഘടനാ സ്ഥാപനങ്ങൾ ഭരണഘടനയിൽ തന്നെ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇന്ത്യയിലെ ഭരണഘടനാ പ്രകാരംതന്നെ ഉണ്ടാക്കിയതാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ. മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറും നിയമാനുസൃതം ഇന്ത്യൻ പ്രസിഡന്റ് നിയമിക്കുന്ന ഏതാനും തെരഞ്ഞെടുപ്പ് കമ്മീഷണർമാരും ഉൾപ്പെട്ടതാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ. തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഇപ്പോൾ ഒരു മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറും രണ്ട് തെരഞ്ഞെടുപ്പ് കമ്മീഷണർമാരും ഉണ്ട്.

മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറേയും തെരഞ്ഞെടുപ്പ് കമ്മീഷണർമാരെയും നിയമിക്കുന്നത് ഇന്ത്യൻ പ്രസിഡന്റാണ്. അവർക്ക് 6 വർഷത്തെ കാലാവധിയോ അല്ലെങ്കിൽ 65 വയസ്സോ വരെ തുടരാം. ഇന്ത്യയിലെ സുപ്രീംകോടതി ജഡ്ജിമാരുടെ അതേ പദവിയും സേവനവ്യവസ്ഥകളും അവർക്കും ബാധകമാണ്. സുപ്രീംകോടതി ജഡ്ജിമാരെ നീക്കം ചെയ്യുന്നതു പോലെ പാർലമെന്റിൽ കുറ്റവിചാരണ നടത്തി (ഇംപീച്ച്മെന്റ്) മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറെ നീക്കം ചെയ്യാവുന്നതാണ്. മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറുടെ ശുപാർശപ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷണർമാരെ ഇന്ത്യൻ പ്രസിഡന്റിന് നീക്കം ചെയ്യാവുന്നതാണ്.

ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുഖ്യചുമതലകൾ താഴെ പറയുന്നതാണ്.

1. രാജ്യത്ത് സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് ഉറപ്പുവരുത്തുക.
2. വോട്ടർപട്ടിക തയ്യാറാക്കുന്നത് ഉൾപ്പെടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും മേൽനോട്ടം നടത്തി തെരഞ്ഞെടുപ്പ് കാര്യങ്ങൾ നിയന്ത്രിച്ച് നടത്തുക;
3. രാഷ്ട്രീയപാർട്ടികളുടെ അംഗീകാരം നൽകി ദേശീയപാർട്ടികൾ, സംസ്ഥാന പാർട്ടികൾ എന്നിങ്ങനെ രജിസ്ട്രേഷൻ നൽകുക;
4. രാഷ്ട്രീയപാർട്ടികൾക്ക് ചിഹ്നം അനുവദിക്കുക, തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് ചിഹ്നം അനുവദിക്കുക തുടങ്ങിയ ചുമതലകൾ;
5. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും, സ്ഥാനാർത്ഥികൾക്കും, രാഷ്ട്രീയപാർട്ടികൾക്കും പെരുമാറ്റ ചട്ടങ്ങൾ ഏർപ്പെടുത്തുക, മറ്റ് നിർദ്ദേശങ്ങൾ പുറപ്പെടു വിക്കുക.
6. വോട്ടർമാരിൽ നിന്നും, സ്ഥാനാർത്ഥികളിൽ നിന്നും രാഷ്ട്രീയപാർട്ടികളിൽ നിന്നും ഉണ്ടാവുന്ന പരാതികൾ കേട്ട് പരിഹാരം നിർദ്ദേശിക്കുക;
7. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുക;
8. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രസിഡന്റിനെ അറിയിച്ച്, ഉപദേശം തേടുക.

ഒരു വലിയ വിഭാഗം ഉദ്യോഗസ്ഥരുടെ സഹായ സഹകരണത്തോടെ തെരഞ്ഞെടുപ്പ് നടപടികൾ പാലിച്ച്, തെരഞ്ഞെടുപ്പ് കമ്മീഷൻ അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നു.

### 1. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ

തെരഞ്ഞെടുപ്പ് കമ്മീഷൻ ഒരു വിഭാഗം ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ, ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ നടത്തുന്നു. സംസ്ഥാനങ്ങളിലെ മുഖ്യ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണവും, നിയന്ത്രണങ്ങളോടും കൂടി അതാത് സംസ്ഥാനത്തെ തെരഞ്ഞെടുപ്പുകൾ നടത്തുന്നു. അതാത് സംസ്ഥാനത്തെ ഉയർന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരിൽ നിന്നും സംസ്ഥാന ഗവൺമെന്റിന്റെ നിർ

ദ്ദേശ പ്രകാരം തെരഞ്ഞെടുപ്പ് കമ്മീഷൻ മുഖ്യ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ നിയമിക്കുന്നു. സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ പൂർണ്ണസമയ ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തെ സഹായിക്കുവാനായി ഒരു വിഭാഗം ഉദ്യോഗസ്ഥരും ഉണ്ടാവും. സംസ്ഥാന ഗവൺമെന്റിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ജില്ലാതല തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരേയും, വോട്ടർപട്ടിക തയ്യാറാക്കുവാനും രജിസ്ട്രേഷൻ ജോലികൾ നിർവ്വഹിക്കുവാനുമായി ഉദ്യോഗസ്ഥരേയും വരണാധികാരികളെയും, അസിസ്റ്റന്റ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥരേയും, അസിസ്റ്റന്റ് വരണാധികാരികളെയും നിയമിക്കുന്നു. അവരവരുടെ മറ്റു ചുമതലകൾക്കൊപ്പം ഈ ഉദ്യോഗസ്ഥന്മാരും തെരഞ്ഞെടുപ്പ് സംബന്ധമായ ചുമതലകൾ നിർവ്വഹിക്കുന്നു. തെരഞ്ഞെടുപ്പ് വേളകളിൽ ഇവരുടെ മുഴുവൻസമയ സേവനം തെരഞ്ഞെടുപ്പ് കമ്മീഷന് ലഭിക്കുന്നു. ഇവരിൽ മൂന്ന് ഉദ്യോഗസ്ഥർ നീതിപൂർവ്വവും സ്വതന്ത്രവുമായ തെരഞ്ഞെടുപ്പ് നടത്തുന്നതിന് മുഖ്യ പങ്ക് വഹിക്കുന്നു. വരണാധികാരി (Returning Officer) പ്രിസൈഡിംഗ് ഓഫീസർ, പോളിംഗ് ഉദ്യോഗസ്ഥർ ഈ മൂന്നു പേരാണ് മണ്ഡല തലങ്ങളിൽ വളരെ പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നത്.

**റിട്ടേണിംഗ് ഓഫീസർ (വരണാധികാരി):** സംസ്ഥാന തലങ്ങളിലുള്ള തെരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുമായി കൂടി ആലോചിച്ച് ഓരോ മണ്ഡലത്തിലേക്കും വരണാധികാരി (Returning Officer) എന്ന് അറിയപ്പെടുന്ന ഓരോ ഉദ്യോഗസ്ഥനേയും നിയമിക്കുന്നു. ഒരു ഉദ്യോഗസ്ഥനെ തന്നെ ഒന്നിലധികം മണ്ഡലങ്ങളിലേക്ക് വരണാധികാരിയായി നിയമിക്കാവുന്നതാണ്. (a) മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശപത്രിക സ്വീകരിക്കുന്നതും സൂക്ഷ്മപരിശോധന നടത്തുന്നതും വരണാധികാരിയാണ്. കൂടാതെ (b) തെരഞ്ഞെടുപ്പ് കമ്മീഷനുവേണ്ടി മത്സരിക്കുന്ന സ്ഥാനാർത്ഥിക്ക് ചിഹ്നം അനുവദിക്കുന്നു. (c) മണ്ഡലത്തിൽ / മണ്ഡലങ്ങളിൽ സുഗമമായി തെരഞ്ഞെടുപ്പ് നടത്തുന്നു. (d) സുഗമമായ വോട്ടെണ്ണൽ ഉറപ്പാക്കുന്നു. (e) തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കുന്നു.

**പ്രിസൈഡിംഗ് ഓഫീസർ:** ഓരോ മണ്ഡലത്തിലും നിരവധി പോളിംഗ്ബൂത്തുകൾ ഉണ്ടായിരിക്കും. 800-1000 വോട്ടർമാരുള്ള ഒരു ബൂത്തിന്റെ ചുമതല വഹിക്കുന്നത് പ്രിസൈഡിംഗ് ഓഫീസർ എന്നുവിളിക്കുന്ന ഒരു ഉദ്യോഗസ്ഥനാണ്. പ്രിസൈഡിംഗ് ഓഫീസർ പോളിംഗ്ബൂത്തിലെ എല്ലാ കാര്യങ്ങൾക്കും മേൽനോട്ടം വഹിക്കുന്നു. ഓരോ വോട്ടർക്കും അവസരം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. കൂടാതെ ആൾമാറാട്ടം ഇല്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. സമ്മതിദാനാവകാശം പൂർത്തിയാകുമ്പോൾ ബാലറ്റ്പെട്ടികൾ ഭദ്രമായി സീൽചെയ്ത് മുദ്രകുത്തി തിരികെ വരണാധികാരികളെ ഏൽപ്പിക്കും.

**പോളിംഗ് ഉദ്യോഗസ്ഥൻ:** ഓരോ പ്രിസൈഡിംഗ് ഓഫീസറെയും സഹായിക്കുവാൻ മൂന്നോ നാലോ പോളിംഗ് ഉദ്യോഗസ്ഥർ ഉണ്ടായിരിക്കും. പോളിംഗ്ബൂത്തിലെ വോട്ടിംഗ് സുഗമമായി നടക്കുന്നത് ഇവരുടെ കൂടി ചുമതലയിലാണ്. സമ്മതിദാനാവകാശമുള്ളവരുടെ പട്ടിക പരിശോധിക്കുക, വോട്ടറന്മാരുടെ വിരലുകളിൽ മഷി അടയാളം ഇടുക, ബാലറ്റ്പേപ്പറുകളുടെ വിതരണം, ഓരോ വോട്ടർമാരും വോട്ടു രേഖപ്പെടുത്തുന്നതിന്റെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കുക തുടങ്ങിയ മുഖ്യചുമതലകൾ അവർ നിർവ്വഹിക്കുന്നു.

### ? നിങ്ങൾക്കറിയാമോ

1. **ആൾമാറാട്ടം (Impersonation) :** ഇത് കപട സമ്മതിദാനാവകാശ രേഖപ്പെടുത്തലാണ്. തെറ്റായ വിവരങ്ങളടങ്ങിയ തിരിച്ചറിയലുകൾ നൽകി വോട്ടവകാശമുള്ള

അസ്സൽ വ്യക്തിക്കു പകരം തെരഞ്ഞെടുപ്പ് വേളകളിൽ നിയമപരമല്ലാത്ത മാർഗ്ഗങ്ങളി ലൂടെ സമ്മതിദാനം നിർവ്വഹിക്കുന്നതിനെ ആൾമാറാട്ടം എന്നു പറയുന്നു. വോട്ടർമാർക്ക് നൽകുന്ന കാർഡുകളുടെ നിർബന്ധമായ ഉപയോഗത്തിലൂടെ ആൾമാറാട്ടരീതി കുറെയൊക്കെ നിയന്ത്രിക്കാവുന്നതാണ്.

2. **മായാത്ത മഷി (Indelible Ink) :** വിരലുകളിൽ അടയാളപ്പെടുത്തുന്ന മഷി സാധാരണരീതിയിലൂടെ മാറ്റുവാൻ സാധിക്കാത്തവയാണ്. വലതുകരത്തിന്റെ ചൂണ്ടുവിരലുകളിൽ മായാത്ത മഷി പുരട്ടിയാൽ രണ്ടാംപ്രാവശ്യം സമ്മതിദാനാവകാശത്തിന് ആർക്കും സാദ്ധ്യമല്ല. ആൾമാറാട്ടം ഒഴിവാക്കാനാണ് ഈ സമ്പ്രദായം ഉപയോഗിക്കുന്നത്.

വിവിധ ഘട്ടങ്ങൾ ഉള്ള ഒരു നീണ്ട നടപടിക്രമമാണ് തെരഞ്ഞെടുപ്പ് പ്രക്രിയ. തെരഞ്ഞെടുപ്പ് പ്രക്രിയയിലെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നത് വളരെ പ്രാധാന്യമുള്ളതാണ്. അവ താഴെ പ്രസ്താവിക്കുന്ന വിധത്തിലാണ്.

1. അതിർത്തി നിർണ്ണയ കമ്മീഷന്റെ ചുമതലയിൽ ഓരോ മണ്ഡലത്തിന്റെയും അതിർത്തികൾ പുനർനിശ്ചയം ചെയ്യുന്നത് ഒന്നാമത്തെ ഘട്ടമാണ്.

2. അടുത്ത ഘട്ടമാണ് വോട്ടർ പട്ടികയുടെ തയ്യാറാക്കലും, നാളിതുവരെയുള്ള ലിസ്റ്റ് പുതുതാക്കുന്നതും. ഇത് ഒരു നിശ്ചിത കാലയളവിൽ ചെയ്യുന്ന ജോലികളാണ്.

3. പ്രസിഡന്റിന്റെയും അതാത് സംസ്ഥാനങ്ങളിലെ ഗവർണർമാരുടെയും ഔദ്യോഗിക അറിയിപ്പ് ലഭിച്ചാലുടൻ തെരഞ്ഞെടുപ്പ് കമ്മീഷൻ, രാജ്യത്ത് തെരഞ്ഞെടുപ്പ് നടത്താനുള്ള ചുമതല ഏറ്റെടുക്കുന്നു.

4. തുടർന്ന് തെരഞ്ഞെടുപ്പിന്റെ വിശദവിവരപ്പട്ടിക പ്രസിദ്ധീകരിക്കുന്നു. അതിൽ സ്ഥാനാർത്ഥികൾ നോമിനേഷൻ സമർപ്പിക്കേണ്ട തീയതി, സൂക്ഷ്മ പരിശോധന, പിൻവലിക്കൽ, തെരഞ്ഞെടുപ്പ് തീയതി വോട്ടെണ്ണൽ, ഫലപ്രസിദ്ധീകരണം എന്നീ വിവരങ്ങൾ ഉണ്ടായിരിക്കും.

5. രാഷ്ട്രീയപാർട്ടികൾക്കും സ്വതന്ത്ര സ്ഥാനാർത്ഥികൾക്കും ചിഹ്നങ്ങൾ അനുവദിക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്.

6. തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി രാഷ്ട്രീയകക്ഷികൾക്കും സ്ഥാനാർത്ഥി കൾക്കും ദിവസങ്ങളും / സമയവും അനുവദിക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്.

7. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമെ മണ്ഡലത്തിൽ പൂർണ്ണമായോ, മണ്ഡലത്തിന്റെ ഭാഗങ്ങളിലോ വീണ്ടും വോട്ട് (repoll) നടത്തുവാൻ പാടുള്ളൂ.

8. വോട്ടിംഗ് നടക്കുന്ന ദിവസമോ, അതിന് മുൻപോ അല്ലെങ്കിൽ നോമിനേഷൻ പിൻവലിക്കുവാനുള്ള അവസാനദിവസത്തിനു ശേഷമോ ഏതെങ്കിലും അംഗീകൃത രാഷ്ട്രീയകക്ഷിയുടെ സ്ഥാനാർത്ഥിയോ, സ്വതന്ത്ര സ്ഥാനാർത്ഥിയോ മരിച്ചാൽ വോട്ടിംഗ് മാറ്റിവയ്ക്കും. ഇപ്രകാരം വോട്ടിംഗ് മാറ്റിവയ്ക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവ് മൂലം ആയിരിക്കും.

9. സ്ഥാനാർത്ഥികളുടെ നോമിനേഷൻ പത്രിക മതിയായ കാരണങ്ങളില്ലാതെ തള്ളുകയോ, അല്ലെങ്കിൽ തെരഞ്ഞെടുപ്പ് വേളകളിൽ നീതിപൂർവ്വമല്ലാത്ത മാർക്ഷങ്ങൾ സ്വീകരിക്കുകയോ, അഴിമതി, കൈക്കൂലി, വോട്ടർമാരെ സ്വാധീനിക്കുവാൻ ഉപയോഗിക്കുന്ന മറ്റ് ഏതെങ്കിലും മാർഗ്ഗങ്ങളോ, അല്ലെങ്കിൽ ഔദ്യോഗികപദവികളുടെ ദു


രുപയോഗമോ, അപ്രകാരമുള്ള പരാതികൾ / തർക്കങ്ങൾ നീതിന്യായകോടതികൾക്ക് അന്വേഷിക്കുവാനും, ഹൈക്കോടതിയിൽ വിചാരണ നടത്തുവാനും സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുവാനും സാധിക്കും.

### 22.4.2 സമ്മതിദാനം രേഖപ്പെടുത്തലും അതിനുശേഷവും

വോട്ടിംഗ് ദിവസം എല്ലാ പോളിംഗ്സ്റ്റേഷനുകളും പ്രവർത്തനക്ഷമമായിരിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാവും! വോട്ടിംഗ് ദിവസം, വോട്ടർമാർ അവരവരുടെ പോളിംഗ്സ്റ്റേഷനിൽ എത്തി ക്യൂവിൽ സ്ഥാനം പിടിക്കുന്നു. പോളിംഗ്റൂമിൽ പ്രവേശിച്ചാലുടൻ വോട്ടർ അവരുടെ തിരിച്ചറിയൽരേഖ ഒന്നാം പോളിംഗ് ഉദ്യോഗസ്ഥന് സമർപ്പിക്കുന്നു. തുടർന്ന് രണ്ടാം പോളിംഗ് ഓഫീസറെ സമീപിക്കുന്നു. അതിനുശേഷം മറ്റൊരു പോളിംഗ് ഉദ്യോഗസ്ഥൻ വിരലിൽ മഷിഅടയാളം രേഖപ്പെടുത്തുന്നു. പുരുഷ വോട്ടർ ആണെങ്കിൽ ഇടതുകൈയ്യിലെ ചൂണ്ടുവിരലിലും സ്ത്രീ വോട്ടർ ആണെങ്കിൽ വലതു കൈയ്യിലെ ചൂണ്ടുവിരലിലും മഷിഅടയാളം രേഖപ്പെടുത്തുന്നു. ആൾമാറാട്ടവും കള്ളവോട്ടും തടയുന്നതിനാണ് ഇപ്രകാരം ചെയ്യുന്നത്. ആൾമാറാട്ടം നിയമപരമായി ശിക്ഷാർഹമാണ്. വോട്ടറുടെ തിരിച്ചറിയൽ ബോദ്ധ്യപ്പെടുത്തിയതിനുശേഷം, പോളിംഗ് ഉദ്യോഗസ്ഥർ ബാലറ്റ് പേപ്പർ നൽകും. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (EVM) ആണ് പോളിംഗ് സ്റ്റേഷനിൽ ഉപയോഗിക്കുന്നതെങ്കിൽ മെഷിനിൽ പേരുകളും ചിഹ്നങ്ങളും രേഖപ്പെടുത്തിയിരിക്കും. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ (EVM) ചിത്രത്തിൽ കാണുന്നതുമായി സാമ്യമില്ലേ?



**ചിത്രം 22.5** *ഒരു പോളിംഗ്സ്റ്റേഷനിലെ വോട്ട് രേഖപ്പെടുത്തൽ*



**ചിത്രം 22.6** *ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ*

ഒരു വോട്ടർക്ക് ബാലറ്റ് പേപ്പർ നൽകിയാൽ വോട്ടർ ബാലറ്റ് പേപ്പറിൽ സമ്മതിദാനാവകാശം ഒരു റബർസീൽ ഉപയോഗിച്ച് സ്ഥാനാർത്ഥിയുടെ ചിഹ്നത്തിൽ രേഖപ്പെടുത്തുന്നു. രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കാനായി പ്രത്യേകം സജ്ജമാക്കിയ ക്യാബിനുകളിൽ വച്ചാണ് സമ്മതിദാനാവകാശം രേഖപ്പെടുത്തുന്നത്. തുടർന്ന് ബാലറ്റുപേപ്പർ മട

ക്കി പ്രസൈഡിംഗ് ഓഫീസറുടെയും സ്ഥാനാർത്ഥികളുടെ ഏജന്റുമാരുടെയും ദൃശ്യപരിധിയിൽ സൂക്ഷിച്ചിട്ടുള്ള പെട്ടിയിൽ നിക്ഷേപിക്കുന്നു.

എന്നാൽ ഇലക്ട്രോണിക് മെഷിൻ ആണ് ഉപയോഗിക്കുന്നതെങ്കിൽ, വോട്ടർമാർ അവരുടെ സ്ഥാനാർത്ഥിയുടെ പേരും ചിഹ്നവും നോക്കി സമ്മതിദാനാവകാശം നിർവ്വഹിക്കുന്നു. വോട്ട് രേഖപ്പെടുത്തിയ ചിഹ്നവും സ്ഥാനാർത്ഥിയുടെയും രഹസ്യസ്വഭാവവും കാത്തുസൂക്ഷിക്കുന്നു. പോളിംഗ് പൂർത്തിയായാൽ ഉടൻ മെഷിൻ സീൽ ചെയ്ത് വോട്ടെണ്ണൽ കേന്ദ്രത്തിൽ ഏൽപ്പിക്കുന്നു. വോട്ടുകൾ എണ്ണി ഏറ്റവും കൂടുതൽ വോട്ട് നേടിയ സ്ഥാനാർത്ഥിയെ വിജയി ആയി പ്രഖ്യാപിക്കുന്നു. ആകെ പോൾ ചെയ്തതിന്റെ 1/6 ഭാഗം വോട്ട് എങ്കിലും നേടാത്ത പരാജിത സ്ഥാനാർത്ഥിക്ക് സെക്യൂരിറ്റിയായി നൽകിയ തുക നഷ്ടപ്പെടും. ഏതെങ്കിലും സ്ഥാനാർത്ഥി നിയമപരമല്ലാത്ത മാർക്ഷങ്ങൾ സ്വീകരിച്ചതായി സംശയമുണ്ടായാൽ പരാതിക്കാരന് ഹൈക്കോടതിയിൽ ഇലക്ഷൻ പരാതി സമർപ്പിക്കാവുന്നതാണ്. നിയമപരമല്ലാത്ത ഏതെങ്കിലും മാർഗ്ഗം സ്വീകരിച്ചതായി കോടതിക്ക് ബോദ്ധ്യമായാൽ തെരഞ്ഞെടുപ്പ് റദ്ദു ചെയ്യാവുന്നതാണ്. ഹൈക്കോടതിവിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുവാനും സ്ഥാനാർത്ഥിക്കും പരാതിക്കാരനും അവകാശമുണ്ട്.

### നിങ്ങൾക്കറിയാമോ

**ബാലറ്റ് പേപ്പർ:** സ്ഥാനാർത്ഥികളുടെ പേരും ചിഹ്നങ്ങളും കാണിക്കുന്ന ഒരു പേപ്പറാണ് ബാലറ്റ് പേപ്പർ. വോട്ടർമാർ അവരുടെ സ്ഥാനാർത്ഥിക്ക് വോട്ട് രേഖപ്പെടുത്തുന്നത് ബാലറ്റ് പേപ്പറിലൂടെയാണ്.

**സീക്രട്ട് ബാലറ്റ് അഥവാ രഹസ്യ വോട്ടിംഗ് സമ്പ്രദായം:** രഹസ്യ വോട്ടിംഗ് സമ്പ്രദായം എന്നാൽ രഹസ്യസ്വഭാവത്തോടുകൂടിയുള്ള വോട്ടിംഗ് സമ്പ്രദായം എന്ന് അർത്ഥമാക്കുന്നു. തെരഞ്ഞെടുപ്പിൽ വോട്ടർമാർ വോട്ട് രേഖപ്പെടുത്തുന്നതോ അല്ലെങ്കിൽ ഹിതപരിശോധന രഹസ്യമായി ചെയ്യുന്നതിനെയോ രഹസ്യവോട്ടിംഗ് എന്ന് പറയുന്നു. രഹസ്യ സ്വഭാവം എന്ന ലക്ഷ്യത്തിനായിട്ടാണ് ഇപ്രകാരം ചെയ്യുന്നത്.

**ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം (EVM):** പരമ്പരാഗതരീതിയിലുള്ള ബാലറ്റ് പേപ്പറും ബാലറ്റ്പെട്ടികളും ഉപയോഗിക്കുന്നതിനുപകരം ലളിതമായ ഇലക്ട്രോണിക് സംവിധാനമുള്ള യന്ത്രം വോട്ട് രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നു. 1982-ൽ കേരളത്തിലെ വടക്കൻ പറവൂർ നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിൽ 50 പോളിംഗ് സ്റ്റേഷനുകളിലാണ് ആദ്യമായി ഇന്ത്യയിൽ വോട്ടിംഗ് യന്ത്രം ഉപയോഗിച്ചത്. 2004-ലെ പൊതുതെരഞ്ഞെടുപ്പിൽ ഏതാണ്ട് 10.75 ലക്ഷം വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായി.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 22.3

1. തെരഞ്ഞെടുപ്പ് കമ്മീഷന്റെ രൂപവൽക്കരണം എപ്രകാരം ആണ്?
2. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് നിർണ്ണായക ചുമതലകൾ ഏതൊക്കെ?
3. സംസ്ഥാനതലം തൊട്ട് പോളിംഗ് സ്റ്റേഷൻ വരെയുള്ള തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ആരൊക്കെ?

4. വരണാധികാരി (Returning Officer) യായി പ്രവർത്തിക്കുന്നതിനുള്ള ഒരു ചുമതല നിങ്ങളെ ഏൽപ്പിച്ചാൽ ഏതൊക്കെ പ്രധാന ചുമതലകൾ നിങ്ങൾ നിർവ്വഹിക്കും? മണ്ഡലത്തിൽ സ്വതന്ത്രവും നീതിപൂർവ്വവും സമാധാന പരവുമായ സമ്മതിദാനാവകാശം നിങ്ങൾ എങ്ങിനെ ഉറപ്പാക്കും?

5. ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളിൽ മുഖ്യമായ അഞ്ച് ഘട്ടങ്ങൾ ഏതൊക്കെ?

## 22.5 തെരഞ്ഞെടുപ്പുകളിൽ ജനപങ്കാളിത്തവും തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളും

ജനാധിപത്യ പ്രക്രിയകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ തെരഞ്ഞെടുപ്പുകളുടെ പങ്കും, പ്രാധാന്യത്തെ സംബന്ധിച്ചുള്ള വിവരങ്ങളും നമുക്ക് ഏതാണ്ട് ബോദ്ധ്യമായി. കഴിഞ്ഞ കാലങ്ങളിലൊക്കെയും നടന്ന തെരഞ്ഞെടുപ്പ് രീതികളിൽ നിന്ന് ജനപങ്കാളിത്തമുള്ള ഒരു യഥാർത്ഥ ജനാധിപത്യമായി ഇന്ത്യ മാറണമെങ്കിൽ ഇനിയും കൂടുതൽ തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ ആവശ്യമാണ് എന്ന വസ്തുത അനുഭവപ്പെട്ടിട്ടുണ്ട്. തെരഞ്ഞെടുപ്പുകളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വസ്തുതയെപ്പറ്റി നമുക്ക് ചർച്ചചെയ്യാം. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിലെ വസ്തുതകളും തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും കൂടി ചർച്ചയിൽ ഉൾപ്പെടുത്താം.

### 22.5.1 സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം

സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കിയതോടുകൂടി തെരഞ്ഞെടുപ്പിന്റെ പ്രാധാന്യം വർദ്ധിച്ചു. ബ്രിട്ടണിൽ പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കിയത് 1928-ലാണ്. അതായത് ബ്രിട്ടണിൽ ജനാധിപത്യവൽക്കരണം തുടങ്ങി 300 വർഷങ്ങൾക്കുശേഷമാണ് പ്രായപൂർത്തി വോട്ടവകാശം നടപ്പിലായത്. 'ജനാധിപത്യത്തിന്റെ ഭവനം' എന്ന് വിശേഷിപ്പിക്കുന്ന സ്വിറ്റ്സർലന്റിൽ പ്രായപൂർത്തി വോട്ടവകാശം അനുവദിച്ചത് 1972-ൽ മാത്രമാണ്. സ്വാതന്ത്ര്യലബ്ധിയോടുകൂടി തന്നെ ഇന്ത്യ ഒരു ജനാധിപത്യരാജ്യമായി മാറി. അന്നു മുതൽതന്നെ പ്രായപൂർത്തി വോട്ടവകാശം നമ്മുടെ തെരഞ്ഞെടുപ്പുകളുടെ ഭാഗമായി മാറി. സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം എന്നാൽ എന്ത് അർത്ഥമാക്കുന്നു?

ഈ സന്ദർഭത്തിൽ, സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം എന്നതിന്റെ ഭാഷാപരമായ അർത്ഥത്തോടുകൂടി നമുക്ക് തുടങ്ങാം. സാർവ്വലൗകികം എന്നാൽ യാതൊരു വിവേചനവും ഇല്ലാതെ എല്ലാ പൗരന്മാർക്കും എന്നാണ്. പ്രായപൂർത്തി എന്നാൽ പ്രായമായ ഒരാൾ എന്നാണ്. വോട്ടവകാശം എന്നാൽ വോട്ട് രേഖപ്പെടുത്താനുള്ള വ്യക്തികളുടെ അവകാശം എന്നാണ്. സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം എന്നാൽ തെരഞ്ഞെടുപ്പുകളിൽ യാതൊരുവിധ വിവേചനവും ഇല്ലാതെ എല്ലാ സ്ത്രീ / പുരുഷൻ മാർക്കും തെരഞ്ഞെടുപ്പിൽ തുല്യ വോട്ടവകാശം ഉണ്ട് എന്നതാണ്. എന്നാൽ നിയമപരമായി നിരോധനം ഉള്ളവർ എല്ലാ പ്രായപൂർത്തിയായ വ്യക്തികളിൽ, ഉൾപ്പെടുകയില്ല.

**? നിങ്ങൾക്കറിയാമോ**

1. സാർവ്വലൗകിക വോട്ടവകാശം നടപ്പിലാക്കിയ ആദ്യ രാജ്യം ന്യൂസിലാൻഡ് (1893) ആണ്. യൂറോപ്യൻരാജ്യങ്ങളിൽ ആദ്യമായി ഇത് നടപ്പിലാക്കിയത് ഫിൻലാൻഡ് (1906) ആണ്.

2. 1919-ൽ ജർമ്മനിയിൽ പ്രായപൂർത്തി വോട്ടവകാശം നടപ്പിലാക്കി. സ്വീഡൻ 1920-ലും ഫ്രാൻസ് 1945-ലും ഇത് നടപ്പിലാക്കി.

രാഷ്ട്രീയ സമത്വം എന്ന തത്വത്തിൽ അധിഷ്ഠിതമാണ് സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം, ഒരു വ്യക്തിക്ക് ഒരു വോട്ട്, ആർക്കും ഒരു വോട്ടിൽ കൂടുതൽ അവകാശം ഇല്ല. ജനങ്ങളുടെ സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്നു. അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്ന ഉറപ്പ് ലഭിക്കുന്നു. കൂടുതൽ അവബോധം സൃഷ്ടിച്ച് ഇത് ജനപങ്കാളിത്തത്തിന്റെ സാദ്ധ്യത വർദ്ധിപ്പിക്കുന്നു.


ഒരു വ്യക്തി പ്രായപൂർത്തിയാകുന്നതിനോടു ബന്ധിപ്പിച്ചാണ് വോട്ട് അവകാശം. മിക്ക രാജ്യങ്ങളിലും വോട്ട് അവകാശം ലഭിക്കുന്നതിനുള്ള പ്രായം 18 വയസ്സാണ്. ഇന്ത്യ, ചൈന, അമേരിക്ക, ബ്രിട്ടൻ, റഷ്യ എന്നീ രാജ്യങ്ങളിലെല്ലാം ഇത് 18 വയസ്സാണ്. എന്നാൽ ഇറാനിൽ ഇത് 15 വയസ്സാണ്. ബ്രസീൽ, ക്യൂബ, നിക്കാരഗ്വാ എന്നീ സ്ഥലങ്ങളിൽ ഇത് 16 വയസ്സാണ്. ഇന്തോനേഷ്യ, വടക്കൻ കൊറിയ, സുഡാൻ എന്നിവിടങ്ങളിൽ 17 വയസ്സാണ്. ജപ്പാൻ, ട്യൂണിഷ്യ എന്നീ രാജ്യങ്ങളിൽ 20 വയസ്സാണ്. തെക്കൻ കൊറിയയിൽ 19 വയസ്സ് പൂർത്തിയായിരിക്കണം. കുവൈറ്റ്, ലെബനോൻ, മാലിദ്വീപ്, സിങ്കപ്പൂർ എന്നീ രാജ്യങ്ങളിൽ 21 വയസ്സാണ്. ഉസ്ബക്കിസ്ഥാനിൽ ഒരു വ്യക്തിക്ക് വോട്ടവകാശം ലഭിക്കണമെങ്കിൽ 25 വയസ്സ് പൂർത്തിയായിരിക്കണം.

### 22.5.2 തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ

നാം മുൻപ് വായിച്ചതുപോലെ, ഇന്ത്യയിലേത് സാർവലൗകിക പ്രായപൂർത്തി വോട്ടവകാശം ആണ്. ഈ അവകാശത്തിലൂടെ ഇന്ത്യയിലെ വോട്ടർ മാർ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുക മാത്രമല്ല, സമാധാന പരമായും സുഗമമായുള്ള ഗവൺമെന്റിന്റെ മാറ്റത്തിനും, ഒരു രാഷ്ട്രീയ പാർട്ടിക്കു പകരം മറ്റൊരു രാഷ്ട്രീയകക്ഷിയോ അല്ലെങ്കിൽ ഒരു വിഭാഗം രാഷ്ട്രീയ കക്ഷികളെയോ അധികാരത്തിൽ കൊണ്ടുവരുന്നു.

നമ്മുടെ തെരഞ്ഞെടുപ്പുകൾ എല്ലാംതന്നെ സ്വതന്ത്രവും നീതിപൂർവ്വവും ആയിരുന്നു എന്നും നമ്മൾ നിരീക്ഷിച്ചു. തെരഞ്ഞെടുപ്പ് പ്രക്രിയകളിൽ സജീവമായ ജനപങ്കാളിത്തം ഉണ്ട്. തെരഞ്ഞെടുപ്പുകൾ ഇപ്രകാരം നമ്മുടെ ജനാധിപത്യ ജീവിതത്തിലെ ഒരു പ്രധാന സംഗതിയായി മാറിയിട്ടുണ്ട്. എന്നിരുന്നാലും ഏതാനും രൂക്ഷമായ പ്രശ്നങ്ങൾ നമ്മുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ ഗുണനിലവാരത്തിനും, ജനാധിപത്യ പ്രവർത്തനരീതികൾക്കും ദോഷമായി സംഭവിക്കുന്നുണ്ട്. ഈ പ്രശ്നങ്ങൾ തീർച്ചയായും തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളുടെ അനിവാര്യതയ്ക്ക് ഹേതുവായി ഭവിക്കുന്നു.

വാസ്തവത്തിൽ തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളുടെ ആവശ്യം വളരെക്കാലമായി പാർലമെന്റിന്റെയും, ഗവൺമെന്റിന്റെയും, തെരഞ്ഞെടുപ്പ് കമ്മീഷന്റെയും, മാദ്ധ്യമങ്ങളുടെയും, ജനങ്ങളുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമങ്ങളിലുള്ള പഴുതുകൾ അടയ്ക്കുവാൻ ഏതാനും നടപടികൾ നടപ്പിലാക്കിയിട്ടുണ്ട്. അടുത്തകാലത്തുണ്ടായ ചില അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ പെട്ടെന്നുതന്നെ നിയമങ്ങളിലുള്ള ഏതാനും വകുപ്പുകൾ ഭേദഗതി ചെയ്യേണ്ടതായ ആവശ്യം ബോദ്ധ്യമായി. (a) പോളിംഗ് പെട്ടികളും ബാലറ്റ്പേപ്പറുകളും പിടിച്ചെടുക്കുക, കള്ളവോട്ടും ആൾമാറാട്ടവും നടത്തുക (b) തെരഞ്ഞെടുപ്പ് വേളകളിലുള്ള അക്രമം (c) പണത്തിന്റെയും ഉരുക്കുമുഷ്ടി യുടെയും ദോഷങ്ങൾ (d) ദുർബ്ബലവിഭാഗത്തിൽപ്പെട്ട വോട്ടർമാരെ ഭീഷണി പ്പെടുത്തുന്നത് (e) ഭരിക്കുന്ന ഗവൺമെന്റ് ഭരണസംവിധാനം ദുർവിനിയോഗം ചെയ്യുക (f) ബൂത്തുകൾ പിടിച്ചെടുക്കുക, തെരഞ്ഞെടുപ്പുകളിലും, രാഷ്ട്രീയ ത്തിലും നിരവധി കുറ്റകൃത്യങ്ങൾ ചെയ്യുക ഇവയൊക്കെ പെട്ടെന്നുതന്നെ ശ്രദ്ധചെലുത്തേണ്ട പ്രശ്നങ്ങളിൽ ചിലതു മാത്രമാണ്.




ചിത്രം 22.7 *സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ്*




ഇപ്രകാരമുള്ള നിഷേധപരമായ പ്രവർത്തനങ്ങൾ പല തലത്തിലും ചർച്ച ചെയ്തിട്ടുണ്ട്. തൽഫലമായി തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്. വാസ്തവത്തിൽ, നിരവധി തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഒരു തെരഞ്ഞെടുപ്പ് സമ്പ്രദായവും ഒരിക്കലും പൂർണ്ണമാവില്ല. തെരഞ്ഞെടുപ്പ് രീതികളിൽ പഴുതുകളും പരിമിതികളും ഉണ്ടാവാം. നമ്മുടെ തെരഞ്ഞെടുപ്പു കൾ സ്വതന്ത്രവും, നീതിപൂർവ്വവും, നിഷ്പക്ഷവുമായിരിക്കേണ്ടതിന് നമ്മൾ ശരിയായ സംവിധാനങ്ങൾ അന്വേഷിച്ചുകൊണ്ടേയിരിക്കണം. പണ്ഡിതന്മാരിൽ നിന്നും, രാഷ്ട്രീയപാർട്ടികളിൽ നിന്നും, ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുള്ള കമ്മിറ്റികളിൽ നിന്നും, മറ്റ് നിരവധി സ്വതന്ത്ര ഏജൻസികളിൽ നിന്നും നിരവധി നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളുടെ ഒരു ഏകദേശ രൂപമാണ് താഴെ കൊടുത്തിരിക്കുന്നത്.

1. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ വരുത്തിയാൽ മാത്രമേ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ ജനാധിപത്യവൽക്കരണം ആവുകയുള്ളൂ.
2. വോട്ടുകളുടെ എണ്ണവും സീറ്റുകളുടെ എണ്ണവും തമ്മിലുള്ള അസന്തുലിതാവസ്ഥ ഇല്ലാതാക്കണമെങ്കിൽ ചെയ്യേണ്ടത് നിലവിലുള്ള 'പ്ലൂരാലിറ്റി' (plurality) അഥവാ ഏറ്റവും കൂടുതൽ വോട്ട് നേടി ജയിക്കണമെന്ന രീതിക്കു പകരം എല്ലാവിഭാഗത്തിനും ആനുപാതികമായ പ്രാതിനിധ്യം എന്ന രീതിയിലേക്ക് മാറണം.
3. രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനരീതികൾ കൂടുതൽ സുതാര്യവും ജനാധിപത്യപരവും ആയി മാറ്റുവാൻ ആവശ്യമായ ഏതാനും നിയന്ത്രണ ങ്ങൾ ഏർപ്പെടുത്തുക. തെരഞ്ഞെടുപ്പ് വേളകളിൽ അവർ ചെലവാക്കുന്ന പണത്തിന്, 'ഓഡിറ്റിംഗ്' അഥവാ കണക്ക് ഒത്തുനോക്കൽ ഏർപ്പെടു ത്തണം.
4. തെരഞ്ഞെടുപ്പ് നിയമങ്ങൾ കൂടുതൽ കർശനമാക്കുകയും ശിക്ഷകൾ കൂടുതൽ കർശനമാക്കുകയും ചെയ്യുന്നതിനുള്ള വകുപ്പുകൾ ഉണ്ടാക്കുക.
5. തെരഞ്ഞെടുപ്പ് ചെലവുകൾ കുറയ്ക്കുന്നതിനായി സംസ്ഥാനങ്ങൾ തെരഞ്ഞെടുപ്പ് ചിലവുകൾ നടത്തുക.
6. സംസ്ഥാന നിയമസഭകളിലും പാർലമെന്റിലും 1/3 ഭാഗം പ്രാതിനിധ്യം വനിതകൾക്ക് സംവരണം ചെയ്യുന്നതിനുള്ള വകുപ്പുകൾ ഏർപ്പെടുത്തുക.






7. തെരഞ്ഞെടുപ്പുകളിൽ പണത്തിന്റെയും മസ്സിലിന്റെയും അഥവാ മുഷ്ടി യുടെയും സ്വാധീനം ഉണ്ടാവരുത്.

8. തെരഞ്ഞെടുപ്പ് വേളകളിൽ സാധാരണ ഉണ്ടാകാറുള്ള രാഷ്ട്രീയ കുറ്റവാസനകൾ അവസാനിപ്പിക്കുക

9. ക്രിമിനൽ പശ്ചാത്തലമുള്ള സ്ഥാനാർത്ഥികളെ തെരഞ്ഞെടുപ്പിൽ മത്സരി പ്പിക്കുന്നത് ഒഴിവാക്കുക.

10. ജാതിയുടെയും മതത്തിന്റെയും പേരിൽ, തെരഞ്ഞെടുപ്പ് വേളകളിൽ വോട്ട് അഭ്യർത്ഥിക്കുന്നതും തെരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്നതും പൂർണ്ണമായും നിരോധിക്കുക.

### നിങ്ങൾക്കറിയാമോ

1. **പ്ലൂറാലിറ്റി സമ്പ്രദായം (Plurality System)** അഥവാ വിജയിക്കുവാൻ പരമാവധി വോട്ട് നേടണമെന്ന രീതിയാണ് ഇത്. അനേക മണ്ഡലങ്ങൾ ഉള്ള സഭയിലേക്കും ഏകമണ്ഡലസഭയിലേക്കും തെരഞ്ഞെടുപ്പ് നടത്തുന്ന രീതിയാണ് ഇപ്പോഴുള്ളത്.

2. **പ്രൊപ്പോഷനൽ പ്രാതിനിധ്യം (Proportional Representation)** വോട്ടർമാരുടെ സംഖ്യയ്ക്ക് ആനുപാതികമായി എല്ലാ വിഭാഗം ആളുകളിൽ നിന്നും പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന തെരഞ്ഞെടുപ്പ് സമ്പ്രദായം ആണ്. ഈ സമ്പ്രദായത്തിൽ രാഷ്ട്രീയപാർട്ടികളാകട്ടെ, തല്പര വിഭാഗങ്ങളാകട്ടെ, അവരുടെ വിഭാഗത്തിലെ വോട്ടിംഗ് സംഖ്യയ്ക്ക് ആനുപാതികമായി പ്രാതിനിധ്യം ലഭിക്കും എന്നതാണ്.

ഈ അടുത്തകാലത്ത് തെരഞ്ഞെടുപ്പ് കമ്മീഷൻ ഏതാനും നടപടികൾ എടുത്തിട്ടുണ്ട്. അവയിൽ ചിലതിന്റെയൊക്കെ ഒരു പരാമർശം മുകളിൽ കൊടുത്തിട്ടുണ്ട്. അവയിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ് ഇവ.

(i) സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലൂടെ പ്രക്ഷേപണത്തിനും / വിക്ഷേപണത്തിനും ഉള്ള ഒരു പദ്ധതി (ii) അഭിപ്രായ വോട്ടിനും, എക്സിറ്റ് വോട്ടിനും ഉള്ള നിയന്ത്രണങ്ങൾ - കാരണം ഇവ വോട്ടർമാരെ സ്വാധീനിക്കും (iii) രാഷ്ട്രീയത്തിലെ കുറ്റവാസനകളുടെ നിയന്ത്രണം ഇല്ലാതാക്കൽ (iv) തെരഞ്ഞെടുപ്പ് പട്ടിക കമ്പ്യൂട്ടറിൽ ആക്കുന്നത് (v) സമ്മതിദായകർക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്നത് (vi) തെരഞ്ഞെടുപ്പ് ചെലവുകളുടെ ലളിതവൽക്കരണവും വരവു ചെലവ് കണക്കുകൾ സ്ഥാനാർത്ഥികൾ ഹാജരാക്കണമെന്ന വ്യവസ്ഥയും (vii) മാതൃകാ പെരുമാറ്റ ചട്ടങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന ഏതാനും നടപടികൾ തെരഞ്ഞെടുപ്പുവേളകളിൽ പ്രഖ്യാപിക്കുന്നത്. ഏതാനും പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും നമ്മുടെ തെരഞ്ഞെടുപ്പ് സമ്പ്രദായം വളരെ ഭംഗിയായ രീതിയിൽ തുടർന്നുപോകുന്നത് നമ്മുടെ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥിതിയുടെ പക്വതയും ദീർഘനാൾ ഈ വ്യവസ്ഥിതി നിലനിൽക്കുമെന്നതിന്റെയും തെളിവുകളാണ്. ജനാധിപത്യ മൂല്യങ്ങളോട് നമ്മുടെ ആളു കളുടെ അർപ്പണബോധത്തിന്റെ ഉദാഹരണമാണ്. ജനങ്ങളുടെ പ്രതീക്ഷയ്ക്ക് അനുസരണമായി ഗവൺമെന്റ് ഉയരുമെന്നതിന്റെ സാദ്ധ്യതകളുമാണ് ഇവ അറിയിക്കുന്നത്.

## പ്രവർത്തനം 22.4

വോട്ടിംഗ് രീതിയെ സംബന്ധിച്ച് നിങ്ങളുടെ കുടുംബത്തിലുള്ള മുതിർന്നവരുമായോ, അല്ലെങ്കിൽ അയൽവാസികളിൽ ഏതാനും പേരുമായി അഭിമുഖം നടത്തിയോ വോട്ടിംഗ് സമ്പ്രദായത്തെ സംബന്ധിച്ച് അവർ എന്തു ചിന്തിക്കുന്നു എന്ന് രേഖപ്പെടുത്തുക. അഭിമുഖത്തിൽ ഉപയോഗിക്കാനുള്ള മാതൃകാഫോറം താഴെ കൊടുത്തിരിക്കുന്നു.

1. പേര് : വയസ്സ് :
2. ആദ്യമായി വോട്ട് രേഖപ്പെടുത്തിയത് എന്നാണ്?
3. ആർക്ക് വോട്ട് ചെയ്യണമെന്ന് നിങ്ങൾ എങ്ങനെ തീരുമാനിച്ചു?
4. ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രകടന പത്രിക നിങ്ങൾ കണ്ടിട്ടുണ്ടോ? നിങ്ങളുടെ തീരുമാനം എടുക്കുവാൻ പ്രകടന പത്രിക സഹായമായോ?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 22.4

1. ഓരോ പൗരന്റെയും വോട്ടവകാശം വിലയേറിയതാണെന്ന് സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം ഉറപ്പു നൽകുന്നു. ഇത് ജാതി, മതം, സ്ത്രീ / പുരുഷ വിഭാഗങ്ങളുടെ മാനദണ്ഡത്തിൽ 'കൽപ്പിക്കുന്ന' അസന്തുലിതാ വസ്ഥ ഇല്ലാതാക്കുമെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം ന്യായീകരിക്കുക.
2. നമ്മുടെ തെരഞ്ഞെടുപ്പ് സമ്പ്രദായം അഭിമുഖീകരിക്കുന്ന ഏതെങ്കിലും മൂന്ന് പ്രശ്നങ്ങൾ എഴുതുക.
3. നമ്മുടെ തെരഞ്ഞെടുപ്പ് രീതി പരിഷ്കരിക്കുവാൻ നിങ്ങളുടെ രണ്ട് നിർദ്ദേശങ്ങൾ എഴുതുക.

## നിങ്ങൾ എന്ത് പഠിച്ചു?

- നമ്മുടേത് പോലെയുള്ള ഒരു വലിയ രാജ്യത്ത് പ്രാതിനിധ്യ ജനാധിപത്യം ഒരു വലിയ നിർണ്ണായക ഘടകമാണ്. പ്രാതിനിധ്യ ഗവൺമെന്റ് പ്രവർത്തിക്കുന്നത് പ്രാതിനിധ്യത്തിലൂടെയാണ്; പ്രാതിനിധ്യം ലഭിക്കുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. അതുകൊണ്ട്, തെരഞ്ഞെടുപ്പുകൾ ജനാധിപത്യത്തിന്റെ അടിസ്ഥാനം ആണ്.
- സമ്മതിദായകരും തെരഞ്ഞെടുപ്പ് സമ്പ്രദായങ്ങളും തെരഞ്ഞെടുപ്പിൽ ആവശ്യമാണ്. സമ്മതിദായകർ എന്നാൽ വോട്ടവകാശം രേഖപ്പെടുത്തുന്നവർ എന്ന് അർത്ഥമാക്കുന്നു. ആധുനിക ജനാധിപത്യത്തിൽ സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം (യാതൊരു വിവേചനവും ഇല്ലാതെ പ്രായപൂർത്തിയായവർക്കെല്ലാം വോട്ടവകാശം) ഒഴിച്ചുകൂടാനാവത്തതാണ്.
- ഓരോ മണ്ഡലത്തിൽ നിന്നും ഏകവ്യക്തിയെ തെരഞ്ഞെടുക്കുന്നു എന്നത് ബഹു വ്യക്തി-മണ്ഡലങ്ങളെക്കാൾ ഇന്ന് സാധാരണമാണ്. സമ്മതിദാനം രഹസ്യ ബാലറ്റിലൂടെയാണ്.

- ഇന്ത്യൻ പ്രസിഡന്റ്, വൈസ്പ്രസിഡന്റ് മുതലായ പദവികളിലേക്കുള്ളത് നേരിട്ടല്ലാതെയുള്ള തെരഞ്ഞെടുപ്പിലൂടെ ആണെങ്കിലും, സാധാരണയായി ജനകീയ നിയമനിർമ്മാണ സഭകളിലേക്കുള്ളത് ഇന്ത്യയിൽ നേരിട്ടുള്ള തെരഞ്ഞെടുപ്പിലൂടെയാണ്.
- തെരഞ്ഞെടുപ്പ് പ്രക്രിയകൾ പല ഘട്ടങ്ങളായിട്ടാണ് നടക്കുന്നത്; സ്ഥാനാർത്ഥികൾ നാമനിർദ്ദേശപത്രികകൾ പൂരിപ്പിക്കുന്നു, നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന, പത്രിക പിൻവലിക്കൽ, തെരഞ്ഞെടുപ്പ് പ്രചാരണം, ഫലപ്രഖ്യാപനം മുതലായവ ഇതിൽ ഉൾപ്പെടുന്നു.
- സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു തെരഞ്ഞെടുപ്പ് കമ്മീഷനാണ് ഇന്ത്യയിലെ തെരഞ്ഞെടുപ്പുകൾ നടത്തുന്നതും മേൽനോട്ടം വഹിക്കുന്നതും.
- തെരഞ്ഞെടുപ്പുകളുടെ വിവിധ ഘട്ടങ്ങളിലുള്ള നിയമങ്ങളിലെ 'വിള്ളൽ' മൂലം തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങളുടെ ആവശ്യം ഏറെയാണ്.

## പാഠ്യസമാപ്തി ചോദ്യങ്ങൾ

1. ജനാധിപത്യ പ്രക്രിയകളിൽ ജനപങ്കാളിത്തം എന്നാൽ എന്ത് എന്ന് നിങ്ങൾ മനസ്സിലാക്കുന്നു? ജനപങ്കാളിത്തത്തിന്റെ ആദിയും അന്ത്യവും തെരഞ്ഞെടുപ്പുകളിൽ വോട്ട് രേഖപ്പെടുത്തുന്നതിൽ മാത്രമാണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? കാരണം വിശദമാക്കുക.
2. പൊതുജനാഭിപ്രായം എന്നാൽ എന്ത് എന്ന് നിർവ്വചിക്കുക. ജനാധിപത്യത്തിൽ ഇതിന്റെ പ്രാധാന്യം ചർച്ച ചെയ്യുക.
3. പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് സഹായിക്കുന്ന 4 ഏജൻസി കളുടെ പേര് എഴുതുക. പൊതുജനാഭിപ്രായരൂപീകരണത്തിൽ ഏത് ഏജൻസിയാണ് ഏറ്റവും പ്രധാനപ്പെട്ടത്?
4. ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥിതിയിൽ തെരഞ്ഞെടുപ്പുകളുടെ പങ്ക് പരിശോധിക്കുക. രാജ്യത്ത് നടത്തുന്ന തെരഞ്ഞെടുപ്പ് രീതികൾ ചർച്ച ചെയ്യുക.
5. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുഖ്യമായ ചുമതലകൾ ഏതൊക്കെ? തെരഞ്ഞെടുപ്പ് പ്രക്രിയകളിലെ പ്രധാനഘട്ടങ്ങൾ ഏതൊക്കെ?
6. സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം എന്നാൽ എന്ത്? ഇതിന്റെ പ്രാധാന്യം വിശദമാക്കുക.
7. വർഗ്ഗം, ജാതി, മതം, സ്ത്രീ / പുരുഷ അസമത്വം നിലനിൽക്കുന്ന ഇന്ത്യയിൽ ഇതിനെതിരെ സാർവ്വലൗകിക സമത്വം എന്നത് എത്രമാത്രം വിജയപ്രദമാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നു?
8. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ അഭിമുഖീകരിക്കുന്ന നാല് മുഖ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുക.
9. ഇന്ത്യയിൽ തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ ഉടൻ നടപ്പിലാക്കേണ്ടതായ സാഹചര്യം ഉണ്ടെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിൽ മുഖ്യമായ ശുപാർശകൾ ഏതൊക്കെ? തെരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ നടപ്പിലാക്കേണ്ട 10 പരിഷ്കാരങ്ങളെ സംബന്ധിച്ച് തെരഞ്ഞെടുപ്പ് കമ്മീ

ഷനുവേണ്ടി ഒരു ആക്ഷൻ പ്ലാൻ (Action Plan) അഥവ പ്രവർത്തനപദ്ധതി ഉണ്ടാക്കുക. പൊതുജനങ്ങളിൽ അറിവുകൾ ശരിയായരീതിയിൽ എത്തുന്ന രാഷ്ട്രീയ പാർട്ടികളെ സംബന്ധിച്ചും, സ്ഥാനാർത്ഥികളെ സംബന്ധിച്ചും പൊതുജനങ്ങളിൽ ശരിയായ അറിവുകൾ ലഭിക്കുന്നതിന് സഹായകരമായ രീതിയിലുള്ളതായിരിക്കണം ഉണ്ടാക്കുന്ന 'ആക്ഷൻ പ്ലാൻ'.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**22.1**

1. തെരഞ്ഞെടുപ്പുകളിലെ സമ്മതിദാനാവകാശത്തിൽ ഉൾപ്പെട്ടതാണ് ജനപങ്കാളിത്തം. ജനപങ്കാളിത്തത്തിൽ ഉൾപ്പെട്ട കാര്യങ്ങളാണ്, പൊതു പ്രാധാന്യമുള്ള വിഷയങ്ങളിൽ നടക്കുന്ന ചർച്ചകളിലെ പങ്കാളിത്തം, പത്രങ്ങളിലുള്ള എഡിറ്റോറിയൽ എഴുതുന്നത്, പ്രതിഷേധ പ്രകടനങ്ങൾ, ഗവൺമെന്റിന്റെ നയപരിപാടികളുടെ പ്രവർത്തനങ്ങളിലെ സജീവ ഇടപെടലുകൾ എന്നിവ. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലാകട്ടെ പ്രചാരണങ്ങളിലുള്ള പങ്കാളിത്തം, രാഷ്ട്രീയ ചർച്ചകൾ, രാഷ്ട്രീയ പാർട്ടികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, സ്ഥാനാർത്ഥിയായി മത്സരിക്കുന്നത് എന്നിവ.

2. 'ജനങ്ങളുടെ ശബ്ദ'വും, 'പൊതുജനാഭിപ്രായ'വും അർത്ഥമാക്കുന്നത് ഒരേ കാര്യമല്ല. പൊതുജനാഭിപ്രായം എന്നാൽ ജനങ്ങളുടെ ആകമാനമുള്ള ഐക്യ അഭിപ്രായം അല്ല. അഥവാ ഭൂരിപക്ഷാഭിപ്രായമല്ല. പൊതുപ്രാധാന്യമുള്ള വിഷയങ്ങളിലോ / പ്രശ്നങ്ങളിലോ ജനങ്ങൾക്ക് ഉള്ള സംഘടിതമായതോ, ജനങ്ങൾ പ്രകടിപ്പിക്കുന്നതോ ആയ അഭിപ്രായമാണ്. പൊതുജനാഭിപ്രായം എന്നാൽ അർത്ഥമാക്കുന്നത്. പൊതുജനാഭിപ്രായത്തെ മറ്റൊരു വിധത്തിൽ ഇപ്രകാരം നിർവ്വചിക്കാം. 'വ്യത്യസ്തരായ ആളുകളുടെ വിഭിന്നങ്ങളായ മാനസികഭാവങ്ങളുടെ മിശ്രിത അഭിപ്രായം, അല്ലെങ്കിൽ അവരുടെ എല്ലാവരുടേതുമായ ആകമാന അഭിപ്രായം.'

3. ജനാധിപത്യത്തിൽ പൊതുജനാഭിപ്രായത്തിന് വളരെ പ്രധാനപ്പെട്ട സ്ഥാനമാണ് ഉള്ളത്. ഒരു ജനാധിപത്യ ഗവൺമെന്റിന്റെ അധികാരം ജന ങ്ങളിൽ നിക്ഷിപ്തമാണ്; ഭരിക്കപ്പെടുന്നവരിൽ നിന്നുള്ള സമ്മതങ്ങളിൽ ആണ് ഭരിക്കുവാനുള്ള അവകാശം. ജനങ്ങളുടെ സമ്മതമില്ലാതെ ഒരു ഗവൺമെന്റിനും പ്രവർത്തിക്കുവാൻ സാധ്യമല്ല. പൊതുജനാഭിപ്രായ രൂപീകരണഘട്ടങ്ങളിൽ ജനങ്ങളുടെ ചിന്താസരണി പ്രവർത്തനക്ഷമമാകുന്നു; കൂടുതൽ അവബോധം ഉണ്ടാകുന്നു; പൊതുപ്രാധാന്യമുള്ള വിഷയങ്ങളിൽ ജനങ്ങളുടെ അഭിപ്രായം ശ്രദ്ധിക്കപ്പെടുന്നു. ജാഗ്രതയോടുകൂടിയതും, സ്വതന്ത്രവുമായ പൊതുജനാഭിപ്രായം, സ്വേച്ഛാധികാരത്തിനുള്ള ഒരു താക്കീതും തടസ്സവുമാണ്, ജനങ്ങളുടെ അഭിലാഷങ്ങളോടും ആവശ്യങ്ങളോടും പ്രതികരിക്കുവാൻ പൊതുജനാഭിപ്രായം സഹായകരമാണ്. ജനങ്ങളുടെ താല്പര്യ സംരക്ഷണത്തിനായി നിയമങ്ങൾ ഉണ്ടാക്കുവാൻ ഇത് ഗവൺമെന്റിനെ പ്രേരിപ്പിക്കുന്നു.

4. പൊതുജനാഭിപ്രായം രൂപപ്പെടുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന രണ്ട് പ്രധാന ഏജൻസികളാണ് അച്ചടി മാദ്ധ്യമവും, ഇലക്ട്രോണിക് മാദ്ധ്യമങ്ങളും.

   നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നതിന്റെയും, അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ രണ്ടാം ഭാഗത്തിന് ഉത്തരം എഴുതുക.

**22.2**

1. ജനാധിപത്യ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലെ സജീവപങ്കാളിത്തത്തിന് തെരഞ്ഞെടുപ്പുകൾ അവസരം നൽകുന്നു. ജനങ്ങളുടെ അഭിപ്രായ പ്രകടനത്തിന് ഏറ്റവും പ്രധാനപ്പെട്ട വേദി ഇതാണ്; കാരണം ഇത് ജനഹിതം പ്രകടിപ്പിക്കുന്നതിന് അവസരം നൽകുന്നു. പൊതു പ്രാധാന്യമുള്ള വിഷയങ്ങളെ പരിചയപ്പെടുത്തുന്നതിനും, അറിവ് ലഭിക്കുന്നതിനും രാഷ്ട്രീയ ഉണർവ്വ് ഉണ്ടാകുന്നതിനും തെരഞ്ഞെടുപ്പുകൾ അവസരം നൽകുന്നു. തെരഞ്ഞെടുപ്പ് ഒരു രാഷ്ട്രീയകക്ഷിയിൽ നിന്ന് മറ്റൊരു കക്ഷിയിലേക്ക് സമാധാനപരമായി അധികാരകൈമാറ്റം സുഗമമാക്കുന്നു. ജനങ്ങളുടെ പ്രതിനിധികൾ നയിക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ഇത് ന്യായീകരിക്കുന്നു.

2. ലോക്സഭ, സംസ്ഥാന നിയമസഭകൾ, പ്രാദേശിക ഗവൺമെന്റുകൾ എന്നിങ്ങനെയുള്ള വിവിധ സഭകളിലേക്കും / സമിതികളിലേക്കും ആളുകൾ ബാലറ്റ്പേപ്പറുകൾ മുഖേന അവരുടെ പ്രതിനിധികളെ നേരിട്ട് തെരഞ്ഞെടുക്കുന്നു. നേരിട്ടുള്ള തെരഞ്ഞെടുപ്പുകളിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ജനങ്ങളുടെ പ്രതിനിധികൾ വീണ്ടും ഏതാനും പദവികളിലേക്കുള്ള സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നു. ഇന്ത്യയിലെ പ്രസിഡന്റും വൈസ്പ്രസിഡന്റും നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നവർ അല്ല. അതുപോലെ രാജ്യസഭാംഗങ്ങളും നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്നവരല്ല.

3, (a) പൊതുതെരഞ്ഞെടുപ്പുകൾ (b) ഇടക്കാല തെരഞ്ഞെടുപ്പുകൾ (c) ഉപതെരഞ്ഞെടുപ്പുകൾ

**22.3**

1. കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷനിൽ ഒരു മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറും നിയമാനുസൃതമായിട്ടുള്ള അത്രയും എണ്ണം തെരഞ്ഞെടുപ്പ് കമ്മീഷണർമാരെയും പ്രസിഡന്റ് നിയമിക്കുന്നു. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഇപ്പോൾ ഒരു മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറും രണ്ട് തെരഞ്ഞെടുപ്പ് കമ്മീഷണർമാരും ഉണ്ട്.

2. തെരഞ്ഞെടുപ്പ് കമ്മീഷന്റെ രണ്ട് പ്രധാനപ്പെട്ട ചുമതലകൾ

   (i) സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പ് രാജ്യത്ത് ഉറപ്പാക്കുക.

   (ii) തെരഞ്ഞെടുപ്പ് പ്രക്രിയയുടെ മുഴുവൻ മേൽനോട്ടവും, നിർദ്ദേശവും, നിയന്ത്രണവും.

3. തെരഞ്ഞെടുപ്പ് നടത്തുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഉള്ള മറ്റ് ഉദ്യോഗസ്ഥരും സഹായിക്കുന്നു. പ്രധാന തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽ സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥർ, റിട്ടേണിംഗ് ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഉദ്യോഗസ്ഥർ, പോളിംഗ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നു.

4. റിട്ടേണിംഗ് ഉദ്യോഗസ്ഥന്റെ പ്രധാന ചുമതലകളിൽപ്പെടുന്നതാണ്.

   (a) തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ നാമനിർദ്ദേശപത്രിക സ്വീകരിക്കലും അത് സൂക്ഷ്മപരിശോധന നടത്തുന്നതും (b) തെരഞ്ഞെടുപ്പ് കമ്മീഷനു വേണ്ടി തെരഞ്ഞെടുപ്പ് ചിഹ്നങ്ങൾ അനുവദിക്കുന്നത് (c) മണ്ഡലങ്ങളിൽ സുഗമമായി തെരഞ്ഞെടുപ്പുകൾ നടത്തുന്നത് (d) വോട്ടെണ്ണൽ നടത്തുന്നത് (e) തെരഞ്ഞെടുപ്പ് ഫലങ്ങൾ പ്രഖ്യാപിക്കുന്നത്




5. തെരഞ്ഞെടുപ്പിലെ അഞ്ച് പ്രധാന ഘട്ടങ്ങളാണ്

(i) മണ്ഡല അതിർത്തികളുടെ പുനർനിർണ്ണയം ആണ് ഒന്നാമത്തെ ഘട്ടം. ഇത് നടത്തുന്നത് മണ്ഡല പുനർനിർണ്ണയ കമ്മീഷനാണ്.

(ii) വോട്ടർപട്ടിക തയ്യാറാക്കുന്നതും, ഇലക്ടറൽ റോൾ, പുതുക്കുന്നതും അടുത്ത ഘട്ടമാണ്. ഇത് തെരഞ്ഞെടുപ്പ് കമ്മീഷൻ തന്നെ ഓരോ നിശ്ചിത കാലയളവിലും നിർവ്വഹിക്കുന്നുണ്ട്.

(iii) പ്രസിഡന്റിന്റെയും, ഗവർണർമാരുടെയും ഔദ്യോഗിക പ്രഖ്യാപനത്തെ തുടർന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പ് നടത്താനുള്ള ഒരുക്കങ്ങൾ തുടങ്ങുന്നു.

(iv) തെരഞ്ഞെടുപ്പിന്റെ വിശദ വിവരങ്ങൾ അടങ്ങിയ പട്ടിക പ്രസിദ്ധീകരിക്കുന്നു. അതിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട തീയതി, അവയുടെ സൂക്ഷ്മ പരിശോധന, പിൻമാറ്റം ഉണ്ടെങ്കിൽ അതിനുള്ള തീയതി, പോളിംഗ്, വോട്ട് എണ്ണൽ, ഫലപ്രഖ്യാപനം നടത്തുന്ന തീയതി എന്നിവ ഉണ്ടായിരിക്കും.

(v) സ്ഥാനാർത്ഥികൾക്കും രാഷ്ട്രീയകക്ഷികൾക്കും ചിഹ്നങ്ങൾ അനുവദിക്കുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്.

**22.4**

1. സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം എന്നാൽ അർത്ഥമാക്കുന്നത്, യാതൊരു വിവേചനവും ഇല്ലാതെ, പ്രായപൂർത്തിയായ എല്ലാ പുരുഷന്മാർക്കും / സ്ത്രീകൾക്കും തെരഞ്ഞെടുപ്പിൽ സമ്മതിദാനാവകാശം ഉണ്ട് എന്നതാണ്. പലവിധത്തിൽ, സാർവ്വലൗകിക പ്രായപൂർത്തി വോട്ടവകാശം അസമത്വം ഇല്ലാതാക്കുന്നു. വർഗ്ഗം, ജാതി, ലിംഗവ്യത്യാസം, മതവിശ്വാസം എന്നിവയുടെ പേരിൽ യാതൊരു വിവേചനവും ഇല്ലാതെ എല്ലാവർക്കും വോട്ടവകാശം ഉണ്ട് എന്നതാണ് ഇതിന്റെ അർത്ഥം. എല്ലാവർക്കും തുല്യ അവസരം നൽകി ഇത് നമ്മുടെ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നു. എല്ലാ സമുദായത്തിലും, വർക്ഷത്തിലുംപെട്ടവർക്ക് വോട്ടവകാശം ഉണ്ട്. എന്നിരുന്നാലും, നമ്മുടെ സമൂഹത്തിൽ നിന്ന് അസമത്വം പൂർണ്ണമായും ഇല്ലാതായി എന്ന് നമുക്ക് പറയാനാവില്ല. വിവിധ സമുദായങ്ങളിൽപ്പെട്ട ആളുകൾ ഇപ്പോഴും വർഗ്ഗ, മത, ആൺ / പെൺ എന്നിങ്ങനെ വേർതിരിവുകൾ അനുഭവിക്കുന്നുണ്ട്. സാധാരണ പൗരന്മാരുടെ പെരുമാറ്റത്തിലും, മനോഭാവത്തിലും മാറ്റം വന്നാൽ മാത്രമേ യഥാർത്ഥ സമത്വം കൈവരിക്കുവാൻ സാധിക്കയുള്ളൂ. കൂടാതെ അവർ സാമൂഹ്യതലങ്ങളിലും, വ്യക്തിതലങ്ങളിലും ജീവിതരീതികളിലും വിവേചനം അവസാനിപ്പിക്കുകയും വേണം.

2. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ നേരിടുന്ന മൂന്ന് പ്രധാന പ്രശ്നങ്ങളാണ് (a) തെരഞ്ഞെടുപ്പുകളിലുള്ള അനീതികൾ - ബൂത്ത് പിടിച്ചെടുക്കൽ, കള്ളവോട്ട്, ആൾമാറാട്ടം മുതലായവ (b) തെരഞ്ഞെടുപ്പ് അക്രമങ്ങൾ (c) പണത്തിന്റെയും ഉരുക്കുമുഷ്ടിയുടെയും വിപരീത ഫലങ്ങൾ മുതലായവ.

3 (i) രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും, ജനാധിപത്യപരവും ആയിരിക്കണമെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ. തെരഞ്ഞെടുപ്പിൽ ചെലവാകുന്ന പണത്തിന് ഓഡിറ്റിംഗ് നടത്തണമെന്ന ആവശ്യം.

(ii) തെരഞ്ഞെടുപ്പ് നിയമങ്ങൾ കൂടുതൽ കർശനമാക്കുകയും ശിക്ഷകൾ കൂടുതൽ കഠിനമുള്ളതാക്കുകയും ചെയ്യുക.

# 23

# ഇന്ത്യൻ ജനാധിപത്യത്തിന്റെ വെല്ലുവിളികൾ

ലോക രാഷ്ട്രങ്ങളിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ എന്നതിൽ നമുക്ക് അഭിമാനിക്കാം. കഴിഞ്ഞ അറുപതിൽപരം വർഷങ്ങളായി തെരഞ്ഞെടുപ്പുകൾ വിജയകരമായി നടത്തി, കേന്ദ്രതലത്തിലും, സംസ്ഥാന തലങ്ങളിലും സമാധാനപരമായി ഭരണ മാറ്റങ്ങൾ ഉണ്ടായതിനും, ജനങ്ങൾക്ക് അവരുടെ അഭിപ്രായങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനും, മതപരമായ സ്വാതന്ത്ര്യവും, പരിഷ്കാര പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നതിനും നാം സാക്ഷ്യം വഹിച്ചു. സാമൂഹ്യപരവും, സാമ്പത്തികവുമായ മാറ്റങ്ങളിലേക്ക് നയിക്കുന്ന വികസന കാര്യങ്ങളിലും ഇന്ത്യ മുന്നേറിക്കൊണ്ടിരിക്കുന്നു. അതേസമയംതന്നെ, സമൂഹത്തിലെ ഏതാനും വിഭാഗങ്ങളിൽ നിന്ന്, അവരുടെ പ്രതീക്ഷകൾ നിറവേറ്റപ്പെടുന്നില്ല എന്നും, അനീതി നില നിൽക്കുന്നു എന്നും ഉള്ള പരാതികളും നാം മിക്കപ്പോഴും കേൾക്കുന്നു. ജനാധിപത്യ പ്രക്രിയകളിൽ ഈ വിഭാഗങ്ങൾക്ക് പങ്കാളിത്തം ഉള്ളതായി അവർക്ക് അനുഭവപ്പെടുന്നില്ല. ഇത് എന്തുകൊണ്ട് എന്ന് നിങ്ങൾ ചോദിച്ചേക്കാം. ജനാധിപത്യം എന്നാൽ ഒരു തെരഞ്ഞെടുപ്പ് രീതി മാത്രമല്ല, മറിച്ച്, ജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ പ്രതീക്ഷകളുടെ നിറവേറ്റൽ എന്നും അർത്ഥമാക്കുന്നു. ജനാധിപത്യത്തിന്റെ ഇപ്രകാരമുള്ള ഘടകങ്ങളെപ്പറ്റിയും, അതിന്റെ വിജയങ്ങളെ സംബന്ധിച്ചും, നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികളെ സംബന്ധിച്ചും ഉള്ള വാദപ്രതിവാദങ്ങൾ ഇൻഡ്യയിൽ നടക്കുന്നുണ്ട്. കൂടുതൽ മനസ്സിലാക്കുന്നതിനായി ഈ അദ്ധ്യായത്തിൽ ഇവ നമുക്ക് ചർച്ച ചെയ്യാം.


## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചുകഴിയുമ്പോൾ നിങ്ങൾക്ക് സാധിക്കുന്നത്:

- ജനാധിപത്യത്തിന്റെ അർത്ഥം വിവിധതലങ്ങളിൽ മനസ്സിലാക്കുവാൻ;
- ഇന്ത്യയിൽ ജനാധിപത്യത്തിന്റെ ആരംഭവും വളർച്ചയും വിലമതിക്കുവാൻ;
- ഇന്ത്യൻ ജനാധിപത്യം നേരിടുന്ന മുഖ്യപ്രശ്നങ്ങളും വെല്ലുവിളികളും തിരിച്ചറിയുവാൻ;
- ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥിതിയെ മെച്ചപ്പെടുത്തുന്നതിനും, ഇതിലേക്കുള്ള ശരിയായ മാർഗ്ഗങ്ങൾ തിരിച്ചറിയുവാൻ;
- കാര്യക്ഷമവും വിജയപ്രദവുമായ ജനാധിപത്യ ഭരണസംവിധാനം ഉണ്ടാവുന്നതിന് ഓരോ പൗരന്റെയും പങ്ക് വിശദമാക്കുവാൻ.

## 23.1 ജനാധിപത്യത്തെ മനസ്സിലാക്കൽ

ജനാധിപത്യത്തിന്റെ അർത്ഥമെന്താണെന്ന് മനസ്സിലാക്കി നമുക്ക് ആരംഭിക്കാം. ജനാധിപത്യത്തിന്റെ വിജയത്തിനാവശ്യമായ സാഹചര്യങ്ങളെ കുറിച്ചും മനസ്സിലാക്കാം. ഇന്ത്യൻ ജനാധിപത്യ പ്രതിബന്ധങ്ങളെ ശരിയായ വിധത്തിൽ മനസ്സിലാക്കുന്നതിന് അവകൾ സഹായിക്കും. ഇത് ഇന്ത്യയിലെ ജനാധിപത്യ വ്യവസ്ഥിതിക്ക് നേരിടുന്ന വെല്ലുവിളികളെ ശരിയായ രീതിയിൽ ഗ്രഹിക്കുന്നതിനും സഹായിക്കും.




**ചിത്രം 23.1** *ശരിക്കുള്ള ജനാധിപത്യം എന്താണ്?*

### 23.1.1 ജനാധിപത്യത്തിന്റെ അർത്ഥം

“ജനങ്ങളുടെ, ജനങ്ങൾക്കുവേണ്ടിയുള്ള, ജനങ്ങളാൽ ഭരിക്കുന്ന ഒരു ഗവൺമെന്റ്” എന്ന് ജനാധിപത്യത്തെ വളരെക്കാലം മുൻപ്, അമേരിക്കൻ ഐക്യനാടുകളിലെ മുൻ പ്രസിഡന്റ് എബ്രഹാം ലിങ്കൺ നിർവചിച്ചിട്ടുണ്ട്. ജനങ്ങളുടെ ഭരണം എന്ന് അർത്ഥമാക്കുന്ന ‘ജനാധിപത്യം’ എന്ന വാക്ക് ഗ്രീക്കുകാരുടെ ‘demokratia’ എന്ന പദത്തിൽനിന്നാണ് ഉൽഭവിച്ചത്. ഇതിന്റെ അർത്ഥം ‘ജനങ്ങളുടെ ഭരണമെന്നാണ്.’ ഇത് രണ്ടു വാക്കുകളിൽ നിന്നും ഉരുവായതാണ്. ‘demos’ എന്ന വാക്കിന് ’ജനങ്ങൾ’ എന്നും ‘kratos’ എന്നതിന് ‘അധികാരം’ എന്നും അർത്ഥം. അതായത് ഒരു ജനാധിപത്യത്തിൽ, അധികാരം ജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇത് ഗ്രീക്ക് നഗര രാഷ്ട്രങ്ങളിൽ നിലനിന്നിരുന്ന ഗവൺമെന്റുകളുടെ, പ്രത്യേകിച്ചും ആതൻസിലെ ഭരണരീതിയുടെ അടിസ്ഥാനത്തിലാണ്. ജനാധിപത്യത്തെ ഇന്നും നിർവ്വചിക്കുന്നത് ഇപ്രകാരമാണ്. ‘പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമായതും, കാലാകാലങ്ങളിൽ നടത്തുന്ന തെരഞ്ഞെടുപ്പുകളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളിൽകൂടി, നേരിട്ടോ, അല്ലെങ്കിൽ പരോക്ഷമായിട്ടോ പരമാധികാരം ജനങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു. മുകളിൽ വിവരിച്ച പ്രകാരം ജനാധിപത്യത്തെ നിർവ്വചിക്കുമ്പോൾ ജനാധിപത്യം തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ ഒരു ഭരണസംവിധാനമാണ് എന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

ജനാധിപത്യത്തെ, രാഷ്ട്രീയ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മേൽപറഞ്ഞവ നിർവചിക്കുന്നുള്ളൂ. എന്നാൽ, ജനാധിപത്യത്തെ രാഷ്ട്രീയ സാഹചര്യങ്ങളിൽ മാത്രം നിർവ്വചിച്ചാൽ മതിയോ? രാഷ്ട്രീയ ഭരണക്രമം എന്നതിനോട് തുല്യമായതോ, അതിൽ കൂടുതലായോ അർത്ഥം, സാമൂഹ സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയോ, നമ്മുടെ ദൈനംദിന ജീവിതത്തെ അടിസ്ഥാനമാക്കിയോ, ജനാധിപത്യത്തിന് ഇല്ലേ?

## പ്രവർത്തനം 23.1

ജനാധിപത്യത്തെ വിവിധരീതിയിൽ നിർവ്വചിച്ചിരിക്കുന്നു. ബ്രയിസിന്റെ അഭിപ്രായത്തിൽ, 'ജനാധിപത്യം എന്നാൽ യഥാർത്ഥത്തിൽ മുഴുവൻ ആളുകളുടെയും ഭരണം, വോട്ടുകൾ മുഖേന അവർ വ്യക്തമാക്കുന്ന അവരുടെ പരമമായ അധികാരം, ഇതിൽ ഒട്ടും കൂടുതലും അല്ല; ഒട്ടും കുറവും അല്ല.'

മാക് ഐവറിന്റെ അഭിപ്രായത്തിൽ "ഭൂരിപക്ഷപ്രകാരമോ, അല്ലെങ്കിൽ മറ്റുവിധത്തിലോ, ജനാധിപത്യം ഒരു ഭരണക്രമമല്ല. എന്നാൽ ഇത് ആര്, ഏത് ലക്ഷ്യങ്ങൾ വരെ ഭരിക്കണമെന്ന് തീരുമാനിക്കപ്പെടുന്ന ഒരു മാർഗ്ഗമാണ്."

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന നിർവ്വചനങ്ങളിൽ കൂടുതൽ പ്രതിഫലിച്ചിരിക്കുന്നത്, രാഷ്ട്രീയമോ, സാമൂഹികമോ അല്ലെങ്കിൽ തനതായോ, ഇവയിൽ ഏതാണ്?

വർത്തമാന കാലഘട്ടത്തിൽ ജനാധിപത്യം എന്നാൽ രാഷ്ട്രീയ ജനാധിപത്യം എന്നു മാത്രം പരിമിതപ്പെടുത്തിയിട്ടില്ല എന്ന് നിങ്ങൾ വായിച്ചു. ഇത് ഒരു ഗവൺമെന്റ് സമ്പ്രദായത്തേക്കാൾ കൂടുതലാണ്. വിശാലമായ അർത്ഥത്തിൽ ജനാധിപത്യത്തെ ഇന്നത്തെ കാലഘട്ടത്തിൽ മനസ്സിലാക്കിയാൽ, ഇത് ഒരു ഗവൺമെന്റ് സമ്പ്രദായത്തെക്കാൾ കൂടുതലാണ്. വിശാലമായ അർത്ഥത്തിൽ പറഞ്ഞാൽ, ഇത് (i) ഒരു ഗവൺമെന്റ് രീതി (ii) രാഷ്ട്രസ്വഭാവം (iii) ഒരു സാമൂഹിക വ്യവസ്ഥിതി (iv) ഒരു സാമ്പത്തിക രീതിയും അതിൽ കൂടുതൽ ആയി (v) ഒരു ജീവിതരീതിയും സംസ്ക്കാരവുമാണ്. അതുകൊണ്ട്, ഇന്ത്യ ഒരു ജനാധിപത്യരാജ്യമെന്ന് പറയുമ്പോൾ നാം മനസ്സിലാക്കുന്നത് ഇന്ത്യയുടെ രാഷ്ട്രീയ വ്യവസ്ഥയും, നടപടിക്രമങ്ങളും ജനാധിപത്യപരമാണെന്നു മാത്രമല്ല ഇന്ത്യൻ സമൂഹവും ഓരോ വ്യക്തിയും ജനാധിപത്യ സ്വഭാവമുള്ളത് ആണ് എന്നും, സമത്വം, സ്വാതന്ത്ര്യം, മൗലിക അവകാശം, നീതിന്യായവ്യവസ്ഥയുടെ സ്വാതന്ത്ര്യം, സാമൂഹിക പരിസ്ഥിതികളിലും വ്യക്തിഗത പെരുമാറ്റത്തിലും ജനാധിപത്യ അടിസ്ഥാനമൂല്യങ്ങൾ പ്രതിഫലിക്കുന്നു എന്നുമാണ്.

## പ്രവർത്തനം 23.2

ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന അനിൽ ഒരു കൂട്ടുകുടുംബത്തിലെ അംഗമാണ്. അയാളുടെ മുത്തച്ഛൻ അനിലിന്റെ 13 വയസ്സുള്ള സഹോദരിയുടെ വിവാഹം ഉറപ്പിച്ചു. വരൻ 19 വയസ്സുള്ളയാളും, 12-ാം തരത്തിൽ പഠിക്കുന്നയാളുമാണ്. സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരായ അനിലിന്റെ മാതാപിതാക്കളോ, അനിലോ ഈ തീരുമാനത്തെ അനുകൂലിച്ചില്ല. പക്ഷേ ആർക്കും തങ്ങളുടെ അഭിപ്രായഭിന്നത അവതരിപ്പിക്കുന്നതിനുള്ള ധൈര്യം ഉണ്ടായില്ല. അനിലിന്റെ മുത്തച്ഛൻ ആരുമായും കൂടി ആലോചിച്ചില്ല. അനിലിന്റെ കുടുംബത്തിൽ ജനാധിപത്യവ്യവസ്ഥ ഉണ്ടെന്ന് നിങ്ങൾക്കു തോന്നുന്നുണ്ടോ? താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയിൽ പ്രധാനപ്പെട്ടതും അല്ലാത്തതുമായത് ഏതൊക്കെ? എന്തുകൊണ്ട്?

1. അനിലിന്റെ സഹോദരിയുടെ വിവാഹം 13-ാം വയസ്സിൽ ഉറപ്പിച്ച തീരുമാനം ആവശ്യമില്ലാത്തതും, നിയമവിരുദ്ധവും സദാചാരത്തിനെതിരുമാണ്.

2. തീരുമാനം കുടുംബത്തലവൻ മാത്രം കൈക്കൊണ്ടതാണ്. ഇത് പെൺകുട്ടിയുടേയോ, മറ്റു കുടുംബാംഗങ്ങളോടൊ അഭിപ്രായം ആരായാതെ എടുത്തതാണ്. ഇതുപോലെയുള്ള തീരുമാനങ്ങൾ പണ്ടുകാലം മുതലെ നിലവിലുണ്ടായിരുന്നു. ഇതിൽ നിന്നും സാമൂഹികനീതി ജനാധിപത്യ വ്യവസ്ഥപ്രകാരമല്ല നടപ്പിലാക്കിയിരുന്നത് എന്ന് മനസ്സിലാക്കാം.

3. കുടുംബത്തിലെ ഓരോ വ്യക്തിയുടെയും പ്രവർത്തി ജനാധിപത്യവ്യവസ്ഥയിലുള്ളതല്ല. കാരണം തീരുമാനം അംഗീകരിച്ചില്ലെങ്കിലും അവർ തങ്ങളുടെ അഭിപ്രായം വ്യക്തമായി പ്രകടിപ്പിക്കുന്നില്ല.

### 23.1.2 ജനാധിപത്യത്തിന്റെ അത്യാവശ്യ ഘടകങ്ങൾ

ഒരു സമ്പ്രദായം/ വ്യവസ്ഥിതി സ്വാഭാവികവും ജനാധിപത്യപരവും ആകണമെങ്കിൽ അവ ജനങ്ങൾക്ക് ഹിതകരമായിട്ടുള്ളതും, അതുപോലെ രാഷ്ട്രീയവും, സാമൂഹിക-സാമ്പത്തികവുമായ കാര്യങ്ങളിലുള്ള ജനപങ്കാളിത്തം പൂർത്തിയാക്കുന്നതുമായിരിക്കണം. ഇവ ഏതൊക്കെ എന്ന് പരിശോധിക്കാം. ജനാധിപത്യ സംവിധാനത്തിൽ രണ്ട് പ്രധാനപ്പെട്ട വിഭാഗങ്ങൾ ഉണ്ടായിരിക്കണം. (a) രാഷ്ട്രീയ സാഹചര്യങ്ങൾ (b) സാമൂഹ്യവും സാമ്പത്തികവുമായ സാഹചര്യങ്ങൾ – ആദ്യത്തേതിന്റെ പൂർത്തീകരണം രാഷ്ട്രീയ ജനാധിപത്യത്തിലേക്കും രണ്ടാമത്തേതിന്റെ, സാമൂഹിക ജനാധിപത്യത്തിലേക്കും നയിക്കുന്നു.

വളരെ വ്യക്തമായി പ്രസ്താവിക്കുകയാണെങ്കിൽ ആദ്യത്തേതും പ്രധാനപ്പെട്ടതും ആയത് രാഷ്ട്രീയ സാഹചര്യങ്ങളാണ്. ഒരു സമ്പ്രദായം ജനാധിപത്യപരമാകണമെങ്കിൽ ഒരു ഭരണഘടന ഉണ്ടാവണം, അധികാരങ്ങൾ ജനങ്ങളിൽ നിക്ഷിപ്തമാക്കുന്ന നിയമങ്ങൾ ഉണ്ടായിരിക്കണം. മനുഷ്യാവകാശങ്ങൾ മൗലികാവകാശങ്ങളായ സമത്വം, സ്വതന്ത്ര്യം, അഭിപ്രായങ്ങൾ സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം, വിശ്വാസം, ചലനാത്മകത, ആശയ വിനിമയം, ഉത്തരവാദിത്വം പങ്കുവയ്ക്കൽ ഇവയെല്ലാം ഭരണഘടനയിൽ സംരക്ഷിക്കണം. പ്രായപൂർത്തി ആയ എല്ലാവർക്കും തെരഞ്ഞെടുപ്പു കളിൽ വോട്ടു ചെയ്യുന്നതിനും, തുടർന്നുള്ള രാഷ്ട്രീയ നടപടികളിൽ പങ്കാളിത്തവും ലഭിച്ചിരിക്കണം. ഇവ കൂടാതെ, ഭരണനിർവ്വഹണ വിഭാഗം, നിയമനിർമ്മാണ സഭയോടും, നിയമനിർമ്മാണ സഭ ജനങ്ങളോടും വിധേയത്വവും ഉത്തരവാദിത്വവും ഉള്ളതായിരിക്കണം. നീതിന്യായ വിഭാഗം സ്വതന്ത്രവും ആയിരിക്കണം. രാഷ്ട്രീയപാർട്ടികളും, മറ്റ് തൽപ്പരകക്ഷികളും (സംഘടനകൾ, ഗവൺമെന്റിതര സംഘടനകൾ, സമ്മർദ്ദ വിഭാഗങ്ങൾ മുതലായവ) പൊതുജനാഭിപ്രായങ്ങളും, പൊതുജനത്തിന്റെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പ്രകടിപ്പിക്കുന്നതുമായിരിക്കണം. കൂടാതെ, ജനാധിപത്യം ശക്തമാകണമെങ്കിൽ പക്വതയാർന്ന പൊതുജനാഭിപ്രായങ്ങൾ, വിവിധ തലങ്ങളിൽ, സ്വതന്ത്രമായ പത്രമാദ്ധ്യമങ്ങളിലൂടെയും അതുപോലെയുള്ള മറ്റ് മാദ്ധ്യമങ്ങളിലൂടെയും പ്രകടിപ്പിക്കണം. ഈ പാഠത്തിന്റെ മുൻപിലുള്ള അദ്ധ്യായങ്ങളിൽ വിശദമാക്കിയ വസ്തുതകളുടെ വെളിച്ചത്തിൽ നിങ്ങൾക്ക് ജനാധിപത്യത്തിന്റെ മറ്റ് പ്രധാനപ്പെട്ട സവിശേഷതകളെ കുറിച്ച് പറയാമോ?

സാമൂഹ്യവും സാമ്പത്തികവുമായ സാഹചര്യങ്ങളെ കുറിച്ചും അറിയുവാൻ നിങ്ങൾക്ക് താല്പര്യം ഉണ്ടാകുമല്ലോ? ജനാധിപത്യ വ്യവസ്ഥിതിയിൽ സാമൂഹ്യ പുരോഗതി, ജനാധിപത്യമൂല്യങ്ങളായ സാമൂഹ്യ സുരക്ഷിതത്വവും സാമൂഹ്യക്ഷേമവും മുൻനിർത്തിയുള്ളതും അവസര സമത്വവും തുല്യമായ സാമൂഹ്യപദവിയും പ്രതിഫലിക്കുന്നതും ആയിരിക്കണം. നിർബന്ധിതവും സാർവത്രികവുമായ വിദ്യാഭ്യാസ അവസരങ്ങൾ പൗരന്മാർക്ക് ലഭിച്ചിരിക്കണം. സാമ്പത്തിക വികസനത്തിനുള്ള മാർഗ്ഗങ്ങൾ അവർക്ക് ലഭ്യമായിരിക്കണം. സാമ്പത്തിക വികസനത്തിന്റെ ഫലം എല്ലാവരിലും, പ്രത്യേകിച്ചും ദരിദ്രരിലും മറ്റ് അവശത അനുഭവിക്കുന്ന എല്ലാവരിലും എത്തേണ്ടതാണ്.

## പ്രവർത്തനം 23.3

ഇന്ത്യയിലെ സാഹചര്യങ്ങൾ മനസ്സിലാക്കി നിലവിലുള്ള രണ്ട് രാഷ്ട്രീയ സ്ഥിതികളും, സാമൂഹിക-സാമ്പത്തികസ്ഥിതികളും ഇന്ത്യൻ ജനാധിപത്യത്തിൽ ഇല്ലാത്ത രണ്ട് സ്ഥിതികളും ചിന്തിക്കുക. താഴെ കാണിച്ചിരിക്കുന്നവിധം പട്ടിക തയ്യാറാക്കുക. നിങ്ങൾക്കുവേണ്ടി ഒരു ഉദാഹരണം നൽകിയിട്ടുണ്ട്.

| സ്ഥിതി | വിഭാഗം | ഉള്ളത് / ഇല്ലാത്തത് |
|---|---|---|
| തുല്യ ജോലിക്ക് തുല്യവേതനം | സാമൂഹിക - സാമ്പത്തികം | ഇല്ലാത്തവ |
| | | |
| | | |
| | | |

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 23.1

1. രാഷ്ട്രീയതലത്തിൽ ജനാധിപത്യം എന്നാൽ എന്ത് എന്ന് നിങ്ങൾ അർത്ഥമാക്കുന്നു?
2. സാമൂഹികവും വ്യക്തിഗതവും ആയ തലങ്ങളിൽകൂടി പ്രതിപാദിച്ചില്ലെങ്കിൽ ജനാധിപത്യത്തിന്റെ നിർവ്വചനം അപൂർണ്ണമാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? ഇതിന്റെ കാരണം വ്യക്തമാക്കുക.
3. ജനാധിപത്യത്തിലെ ഏതെങ്കിലും രണ്ട് അത്യാവശ്യ രാഷ്ട്രീയ, സാമൂഹിക സാമ്പത്തിക വ്യവസ്ഥകൾ എഴുതുക.

## 23.2 ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികൾ

സ്വാതന്ത്ര്യലബ്ധി മുതൽ തന്നെ ഇന്ത്യ ഒരു ഉത്തരവാദിത്ത ജനാധിപത്യ രാഷ്ട്രമായി പ്രവർത്തിക്കുന്നു. അന്താരാഷ്ട്ര സമൂഹവും ഇത് ശ്ലാഘിച്ചിട്ടുണ്ട്. വെല്ലുവിളികൾ ഉളവാക്കിയ സാഹചര്യങ്ങളിൽ നമ്മുടെ ജനാധിപത്യം വിജയകരമായി തന്നെ അനുവർത്തകമായി. പഞ്ചായത്തുതല കാര്യാലയങ്ങൾ മുതൽ ഇന്ത്യൻ പ്രസിഡന്റിന്റെ കാര്യാലയങ്ങൾ വരെ വളരെ വിജയകരമായി സ്വാതന്ത്ര്യവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പുകൾ നടത്തുവാൻ കഴിഞ്ഞു. ഒരു രാഷ്ട്രീയ കക്ഷിയിൽ നിന്നും മറ്റൊരു രാഷ്ട്രീയ കക്ഷിയിലേക്കോ, അല്ലെങ്കിൽ രാഷ്ട്രീയ കക്ഷികളിലേക്കോ, വളരെ സുഗമമായി സംസ്ഥാന തലങ്ങളിലും ദേശീയതലത്തിലും രാഷ്ട്രീയ അധികാര കൈമാറ്റം നടന്നിട്ടുണ്ട്. നമ്മുടെ അയൽരാജ്യങ്ങളായ പാക്കിസ്ഥാൻ, മ്യാൻമർ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ സൈന്യത്തിന്റെ അട്ടിമറിയിലൂടെ അധികാര കൈമാറ്റം നടന്നിട്ടുള്ളതിന്റെ ഉദാഹരണങ്ങൾ നിങ്ങൾക്ക് കാണാം.

നിയമനിർമ്മാണസഭ, ഭരണനിർവ്വഹണ വിഭാഗം, നീതിന്യായ വിഭാഗങ്ങൾ എന്നിവകൾ ഇന്ത്യയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പാർലമെന്റിനും, സംസ്ഥാന നിയമ


നിർമ്മാണ സഭകൾക്കും ഭരണനിർവ്വഹണ വിഭാഗങ്ങളിലുള്ള നിയന്ത്രണ ചോദ്യോത്തര വേളകൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ഉണ്ട്. കൂടാതെ ഏറ്റവും പ്രധാനമായി ചില പ്രത്യേക നടപടികളായ 2005 ലെ വിവരാവകാശ നിയമം [Right to Information Act (RTI)] ജനങ്ങളെ കൂടുതൽ കരുത്തുള്ളവരാക്കി. അച്ചടിമാധ്യമം, ഇലക്ട്രോണിക് മാധ്യമം ഉൾപ്പെടെയുള്ള മറ്റ് മാധ്യമങ്ങൾക്ക് പൂർണ്ണ സ്വയംഭരണം ഉള്ളതിനാൽ, അവ പൊതുജനാഭിപ്രായത്തിന്റെ രൂപീകരണത്തിനും, സ്വാധീനിക്കുന്നതിനും ഒരു സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. സമൂഹത്തിലെ എല്ലാ തലങ്ങളിലും കാര്യക്ഷമമായ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നു. രാഷ്ട്രം സാമൂഹിക-സാമ്പത്തിക വികസനത്തിൽ മുന്നേറിക്കൊണ്ടിരിക്കുന്നു.

ഭാഷാപരമായിട്ടും, സാംസ്കാരികമായിട്ടും മതവിശ്വാസങ്ങളിലും വളരെ വൈവിധ്യമുള്ള ഒരു വലിയ രാജ്യമാണ് ഇന്ത്യ. സ്വാതന്ത്ര്യലബ്ധി സമയത്ത് രാഷ്ട്രം സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായിരുന്നു. പൊതുജന ക്ഷേമകാര്യങ്ങളിലുള്ള മാർഗ്ഗങ്ങൾ തുലോം കുറഞ്ഞ്, തൊഴിലില്ലായ്മ, നിരക്ഷരത, വ്യാപകമായ ദാരിദ്ര്യം, അതിവിപുലമായ പ്രാദേശിക അസമത്വം എന്നിവ നിലനിന്നിരുന്നു. സ്വാതന്ത്ര്യലബ്ധി മുതൽ തന്നെ പൗരന്മാർക്ക് വിപുലമായ പ്രതീക്ഷകൾ ഉണ്ടായിരുന്നു. മേൽ പ്രസ്താവിച്ചതുപോലെ, ഇന്ത്യ ഒരു പാട് മാറ്റങ്ങൾക്ക് വിധേയമായി. എന്നാലും, സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ പ്രതീക്ഷകൾ നിറവേറ്റാനൊക്കാത്ത വെല്ലുവിളികൾ രാഷ്ട്രം നേരിടുന്നുണ്ട്. നിലവിലുള്ള ആഭ്യന്തരവും, അന്തർദേശീയവുമായ സാഹചര്യങ്ങളിൽ നിന്നും, അതുപോലെ ജനാധിപത്യത്തിന്റെ സുഗമമായ പ്രവർത്തനങ്ങളുടെ അത്യാവശ്യ ഘടകങ്ങളുടെ അപര്യാപ്തതയിൽ നിന്നും ആണ് വെല്ലുവിളികൾ ഉയർന്നുവരുന്നത്. ഇവ താഴെ പറയുന്ന ഭാഗങ്ങളിൽ വിശദമാക്കിയിരിക്കുന്നു.

### 23.2.1 നിരക്ഷരത

ജനാധിപത്യം വിജയകരമായി പ്രവർത്തിക്കുന്നതിന് നിരക്ഷരത ഒരു വലിയ പോരായ്മയാണ്. പ്രത്യേകിച്ചും സ്വാതന്ത്ര്യലബ്ധിക്കുശേഷവും, നിലവിലും, നിരക്ഷരത ഒരു വെല്ലുവിളിയായി തുടരുന്നു. ജനാധിപത്യത്തിന്റെ വിജയകരമായ പ്രവർത്തനത്തിനും സാമൂഹിക സാമ്പത്തിക വികസനത്തിനും, ജനതയുടെ സാക്ഷരതാ നിലവാരം വളരെ പ്രധാനപ്പെട്ടതാണ്. ഇതു കൂടാതെ അതു മനുഷ്യന്റെ അന്തസ്സിനും മഹത്വത്തിനും വളരെ പ്രധാനപ്പെട്ടതുമാണ്. ഇന്ത്യയുടെ ഔപചാരിക വിദ്യാഭ്യാസ നിലവാരം സ്വാതന്ത്ര്യലബ്ധി സമയത്തുതന്നെ വളരെ പിൻപിലായിരുന്നു. 1951-ലെ കണക്കുപ്രകാരം സാക്ഷരതാ നിലവാരം 18.33%ഉം, സ്ത്രീവിദ്യാഭ്യാസ നിലവാരം തുലോം 8.9%-ഉം മാത്രം ആയിരുന്നു. പൗരൻമാർക്ക് അവരുടെ കർത്തവ്യം കാര്യക്ഷമമായി വിനിയോഗിക്കുവാൻ കഴിയുകയില്ല എന്നും സമ്മതിദാനാവകാശം നന്നായും അർത്ഥവത്തായും വിനിയോഗിക്കാൻ സാധിക്കില്ല എന്ന് പലരും ഭയന്നിരുന്നു.

എന്നാൽ നിങ്ങൾക്കറിയാവുന്നതുപോലെ, ഈ ഭയം തെറ്റാണെന്ന് ഇന്ത്യൻ വോട്ടർമാർ വർഷങ്ങളായി തെളിയിച്ചു. ജനതയിൽ വലിയ ഒരു വിഭാഗം നിരക്ഷരരാണെങ്കിലും, അവർ സമ്മതിദാനാവകാശം വിനിയോഗിക്കു ന്നതിൽ പക്വതയും വിവേകവും പല പ്രാവശ്യം തെളിയിച്ചു. സമാധാനപരമായി, രാഷ്ട്രീയ അധികാരകൈമാറ്റം നടത്തുന്നതിന് ഇത് മൂലം സാധിച്ചു. ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ 1970-കളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വളരെ ജനകീയമായിട്ട് കരുത്തുറ്റ പ്രവർത്തനം കാഴ്ചവച്ചു. എന്നാൽ 1977-ലെ പൊതുതെരഞ്ഞെടുപ്പിൽ ഇന്ത്യൻജനത കോൺഗ്രസ്സിനെ തള്ളി. പ്രധാനമായും 1975-77-ലെ അടിയന്തിരാവസ്ഥക്കാലത്തുണ്ടായ അധികാര ദുർവിനിയോഗമാണ് കാരണമായി പറയുന്നത്. തുടർന്ന്, ജനതാ പാർട്ടിക്ക് കേന്ദ്രത്തിൽ കോൺഗ്രസിതര ഗവൺമെന്റ് ഉണ്ടാക്കുവാൻ അവസരം ലഭിച്ചു.



ചിത്രം 23.2 *കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നു*

സാക്ഷരതയുടെ ആവശ്യം പൗരന്മാർക്ക് തെരഞ്ഞെടുപ്പിൽ പങ്കാളികളാകുവാനും സമ്മതിദാനാവകാശം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും മാത്രമല്ല, മറ്റ് പ്രധാനപ്പെട്ട കാര്യങ്ങൾ കൂടി ഉണ്ട്. വിവിധ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, രാജ്യതാൽപര്യങ്ങൾ, സ്വാതന്ത്ര്യം എന്നിവയെക്കുറിച്ചുള്ള അവബോധത്തിനും ആവശ്യമാണ്. ഇവ സമഭാവന പുലർത്തുന്നതിനും തെരഞ്ഞെടുക്കുന്നവർ സമൂഹത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നവരാണോ എന്ന് ഉറപ്പു വരുത്തുന്നതിനും സാക്ഷരത ആവശ്യമാണ്. സാർവ്വത്രിക അടിസ്ഥാന വിദ്യാഭ്യാസം ഇന്ത്യയുടെ ജനാധിപത്യത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് അനിവാര്യമാണ്. 2011 സെൻസസ് പ്രകാരം സാക്ഷരതാ നിലവാരം 74.04. ശതമാനം ഉയർന്നെങ്കിലും വനിതകളുടെ സാക്ഷരതാ നിലവാരം 65.46 ശതമാനമാണ്. ഇതിന്റെ അർത്ഥം രാജ്യത്ത് നാലിൽ ഒന്ന് (1/4) ജനത നിരക്ഷരരാണ്. സ്ത്രീജനങ്ങളിൽ മൂന്നിൽ ഒരു ഭാഗം ഇപ്പോഴും (1/3) നിരക്ഷരതയിൽ ആണെന്നാണ്.

കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചാൽ, നിരക്ഷരത എന്ന പ്രശ്നം പരിഹരിക്കാവുന്നതാണ്. വിദ്യാഭ്യാസത്തിനുള്ള അവകാശം ഈയിടെയായി മൗലികാവകാശം ആക്കിയിട്ടുണ്ട്. കുട്ടികളുടെ സാർവത്രിക വിദ്യാഭ്യാസത്തിന് ഇത് പ്രോത്സാഹകരമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

### 23.2.2 ദാരിദ്ര്യം

വിശക്കുന്ന ഒരു വ്യക്തിക്ക് വോട്ടവകാശം ഉണ്ടെന്നുള്ളതിന് ഒരു അർത്ഥമില്ല. അയാൾക്ക്/അവർക്ക് പ്രഥമ ആവശ്യം ആഹാരമാണ്. ദാരിദ്ര്യം ആണ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശാപം. എല്ലാ അസമത്വത്തിന്റെയും നിഷേധങ്ങളുടെയും പ്രധാന കാരണം ഇതാണ്. ജനങ്ങൾക്ക് ആരോഗ്യപരവും സംതൃപ്തവുമായ ജീവിതം നിഷേധിക്കുന്ന അവസ്ഥയാണ് ഇത്. തീർച്ചയായും ഇത് ബ്രിട്ടീഷുകാരുടെ നീണ്ട ചൂഷണ-കൊളോണി ഭരണത്തിന്റെ ഫലമാണ്. ഇത് ഒരു വലിയ പ്രശ്നമായി ഇപ്പോഴും തുടരുകയാണ്. ഇപ്പോഴും ഇന്ത്യയിലെ വലിയ ഒരു ജനവിഭാഗം ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്. ദാരിദ്ര്യരേഖ എന്നു പറഞ്ഞാൽ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയ്ക്കു നിവൃത്തിയില്ലാത്ത നിലവാരത്തിലാകുന്നതാണ്. ഒരു വ്യക്തിയുടെ അടിസ്ഥാന ആവശ്യങ്ങളാണ് ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നീ ഘടകങ്ങൾ. ഇവയിൽ ഭക്ഷണ ലഭ്യതയ്ക്ക് മതിയാകാത്ത വരുമാനം അതിലും കുറവായി പാർപ്പിടത്തിനും വസ്

ത്രത്തിനും തികയാത്ത വരുമാനം, മാത്രം ഉള്ള ജനവിഭാഗങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എന്ന് വിളിക്കുന്നു. മറ്റുവിധത്തിൽ പ്രസ്താവിച്ചാൽ ദാരിദ്ര്യരേഖ എന്നാൽ ഒരാൾ അയാളുടെ / അവരുടെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയ്ക്ക് നിവർത്തിയില്ലാത്ത വരുമാനസ്ഥിതിയിലാകുന്ന അവസ്ഥയാണ്. ദാരിദ്ര്യരേഖയ്ക്ക് ഗവൺമെന്റ് കൊടുക്കുന്ന നിർവചനം ഇപ്രകാരമാണ്. ഒരാൾക്ക് ആവശ്യമായ കലോറി നൽകുന്ന പോഷകപ്രദമായ ഭക്ഷണം വാങ്ങുവാൻ ആവശ്യമായ വരുമാനം ഇല്ലാത്ത അവസ്ഥ എന്നാണ്. ഇന്ത്യയിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തുന്നതിന് ഒരാൾക്ക് ഗ്രാമപ്രദേശങ്ങളിൽ ശരാശരി 2400 കലോറിയും നഗരപ്രദേശങ്ങളിൽ ശരാശരി 2100 കലോറിയും ഒരു ദിവസത്തെ ഉപയോഗത്തിന് ആവശ്യമാണ്.



**ചിത്രം 23.3** *ദാരിദ്ര്യം അയൽപ്രദേശങ്ങളിലേക്കും വ്യാപിക്കുന്നു*

ദാരിദ്ര്യ നിർവചനത്തിൽ 1990 കളിൽ ആഹാരിതര സാധനങ്ങളായ വസ്ത്രം, തൊഴിലില്ലായ്മ, വീട്, വിദ്യാഭ്യാസം മുതലായവകളും ഉൾപ്പെടുത്തിയിട്ടുണ്ട്. നിരന്തരമായ അവകാശ നിഷേധം, ദാരിദ്ര്യവുമായി വർത്തമാന കാലഘട്ടത്തിൽ ബന്ധപ്പെടുത്തിയിട്ടുണ്ട്. മെബുദ് ഉൾ ഹക്കും (Mebud-Ul-Haq) അമർത്യാസെന്നും (Amartya Sen) മനുഷ്യ വികസന സൂചി [(Human Development Index (HDI)] എന്ന ആശയവുമായി ദാരിദ്ര്യത്തെ ബന്ധപ്പെടുത്തിയിരിക്കുന്നു. ദാരിദ്ര്യത്തിന് നൽകിയിരിക്കുന്ന നിർവചനത്തിന്റെ പരിധിയിൽ HDI യുടെ തലത്തിലൂടെ വിശകലനം ചെയ്താൽ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ ഘടകങ്ങളോടൊപ്പം, മനുഷ്യാവകാശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

**? നിങ്ങൾക്കറിയാമോ**

ഇന്ത്യയിലെ ആസൂത്രണ കമ്മീഷന്റെ 2004-05-ലെ മാനദണ്ഡപ്രകാരം, ഇന്ത്യയിൽ ദാരിദ്ര്യരേഖയുടെ അനുപാതം ഗ്രാമങ്ങളിൽ 28.3%ഉം, നഗരങ്ങളിൽ 25.7% ഉം, ദേശീയതലത്തിൽ 27.5% ആണെന്ന് കണക്കാക്കിയിട്ടുണ്ട്. ദാരിദ്ര്യരേഖയുടെ അനുപാതം ഐക്യരാഷ്ട്രസംഘടന യുടെ മനുഷ്യവിഭവ വികസന പ്രോഗ്രാമിന്റെ (UNDP) റിപ്പോർട്ട് പ്രകാരം 182 ലോക രാഷ്ട്രങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 134 എന്ന് രേഖപ്പെടുത്തുന്നു.

ദാരിദ്ര്യം എന്ന ദുസ്ഥിതി തുടരുന്നതിന് പല കാരണങ്ങൾ ഉണ്ട്. അതിൽ ഒന്ന് തൊഴിൽ കുറവും വലിയ ഒരു വിഭാഗത്തിന്റെ തൊഴിലില്ലായ്മയും ആണ്. ഗ്രാമപ്രദേശങ്ങളിലെ വലിയ ഒരു വിഭാഗം സ്ഥിരമായി ജോലിയില്ലാത്തവരാണ്. നഗരപ്രദേശങ്ങളിലും അഭ്യസ്തവിദ്യരിൽ തൊഴിൽരഹിതരുടെ എണ്ണം വളരെ ഉയർന്നതാണ്. ജനസംഖ്യ ഒരു വിഭവമായി കാണാമെങ്കിലും വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യ ഈ അവസ്ഥയ്ക്ക് ഒരു കാരണമാണ്. വാസ്തവത്തിൽ സാമ്പത്തിക പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും സാമൂഹികനീതിക്കും, പണക്കാരനും പാവപ്പെട്ടവനും തമ്മിലുള്ള അന്തരം കുറയ്ക്കുവാനും സാധിച്ചിട്ടില്ല. ഈ വക കാരണങ്ങളാൽ ദാരിദ്ര്യം ഇന്ത്യൻ ജനാധിപത്യത്തിന്റെ ഒരു പ്രധാനപ്പെട്ട വെല്ലുവിളിയായി നിലകൊള്ളുന്നു.

### 23.2.3 സ്ത്രീ-പുരുഷ വിവേചനം

ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള വിവേചനം നിലനിൽക്കുന്നു. നമ്മുടെ സമൂഹത്തിലും രാഷ്ട്രീയത്തിലും ഇതുപോലെയുള്ള സ്ത്രീ-പുരുഷ വിവേചനത്തെക്കുറിച്ചുള്ള അനുഭവങ്ങൾ നിങ്ങൾക്കും അനുഭവപ്പെട്ടിരിക്കും. പക്ഷേ ജനാധിപത്യത്തിൽ സ്ത്രീ-പുരുഷ സമത്വം കാതലായ ഒരു തത്വമാണ്. രാജ്യത്ത് സ്ത്രീയ്ക്കും പുരുഷനും തുല്യതയും സ്ത്രീക്കെതിരായി യാതൊരു വിവേചനവും പാടില്ലെന്നും ഇന്ത്യൻ ഭരണഘടന വ്യക്തമാക്കിയിട്ടുണ്ട്. മൗലിക അവകാശങ്ങൾ, മൗലിക കടമകൾ, നിർദ്ദേശക തത്വങ്ങൾ എന്നിവ ഈ ഉദ്ദേശ്യം വളരെ വ്യക്തമാക്കിയിട്ടുണ്ട്.



*ചിത്രം 23.4 പെൺകുട്ടി വീട്ടിലെ പണിചെയ്യുന്നു. ആൺകുട്ടി വിദ്യാലയത്തിൽ പോകുന്നു*

സമൂഹത്തിൽ സ്ത്രീകൾക്കെതിരായ വിവേചനം തുടരുന്നത് നമ്മുടെ ജീവിതത്തിലെ ഒരു യാഥാർത്ഥ്യമായി ഇന്ന് മാറിയിട്ടുണ്ട്. ജനസംഖ്യയിലെ സ്ത്രീ-പുരുഷ അനുപാതം, ആൺ-പെൺശിശു അനുപാതം, മാതൃമരണനിരക്ക് എന്നിവയിൽ ഇത് വളരെ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. 1901-ലെ സെൻസസ് കണക്ക് പ്രകാരം സ്ത്രീ-പുരുഷ അനുപാതം 1000 പുരുഷൻമാർക്ക് 972 വനിതകൾ എന്നായിരുന്നു. 1991 ആയപ്പോൾ ഇത് താഴേക്കുവന്ന് 1000 പുരുഷന്മാർക്ക് 927 സ്ത്രീകൾ എന്നായി. 2011-ലെ സെൻസസ് പ്രകാരം ഇത് 1000 പുരുഷന്മാർക്ക് 940 വനിതകളായി. ഇത് സ്ത്രീകൾക്ക് വളരെ അനുകൂലമല്ലാത്ത അനുപാതം ആയി. ചില സംസ്ഥാനങ്ങളിൽ, 2011-ലെ സെൻസസ് പ്രകാരം വളരെ കുറഞ്ഞ സ്ത്രീ-പുരുഷ അനുപാതമാണ്. ഹരിയാനയിൽ ഇത് 877 സ്ത്രീകൾക്ക് 1000 പുരുഷന്മാർ, ഏറ്റവും താഴ്ന്നത് ഡാമൻ ഡ്യൂവിൽ 618-ഉം, ദേശീയ തലസ്ഥാന പ്രദേശമായ ഡൽഹിയിൽ 866-ഉം ആയി. ആൺ-പെൺ ശിശു അനുപാതം വലിയ ഗൗരവമുള്ളതാണ്. ഇന്ത്യയിലെ ശിശുക്കളുടെ ജനസംഖ്യ 2011-ലെ കണക്ക് പ്രകാരം ആൺ-

പെൺകുട്ടികളുടെ (0-6 വയസ്സ്) അനുപാതം 1000 ആൺകുട്ടികൾക്ക് 914 പെൺകുട്ടികളാണ്. ഇത് 2001-ലെ ജനസംഖ്യ പ്രകാരം കുറവാണ്. 2001-ലെ കണക്ക് പ്രകാരം ആൺ -പെൺകുട്ടികൾ 927 പെൺകുട്ടികൾക്ക് 1000 ആൺകുട്ടികളാണ്. ഇത് കുറവായത് പല വിധ കാരണങ്ങൾ കൊണ്ടാണ്. ഉദാഹരണമായി, ആൺകുഞ്ഞിനു വേണ്ടിയുള്ള പ്രത്യേക താൽപര്യം, ജനിച്ചശേഷം പെൺ കുഞ്ഞുങ്ങളോടു കാണിക്കുന്ന വിവേചനം, പെൺ കുഞ്ഞാണെന്നറിയുമ്പോൾ തന്നെ നശിപ്പിക്കുന്നതിനുള്ള പ്രവണത, പെൺഭ്രൂണഹത്യ എന്നിവകളാണ്. പുതിയ മാർഗ്ഗങ്ങൾ വഴി പെൺകുഞ്ഞാണ് എന്നറിയുമ്പോൾ തന്നെ ആളുകൾ മാതാക്കളെ നിർബന്ധിച്ച് ഗർഭം അലസിപ്പിക്കുന്നതിന് പ്രേരിപ്പിക്കുന്നു. ആൺ കുഞ്ഞുങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പെൺകുഞ്ഞുങ്ങളുടെ മരണനിരക്ക് വളരെ ഉയർന്നതാണ്. 2004-06-ലെ മാതൃകമൂല പരിശോധന രജിസ്ട്രേഷൻ പ്രകാരം ഗർഭസ്ഥ മാതാക്കളുടെ പ്രസവ മരണനിരക്ക് ഒരു ലക്ഷത്തിൽ 254 പേരാണ്. ഇത് വളരെ ഉയർന്ന നിരക്കാണ്.

## പ്രവർത്തനം 23.4

ആസ്സാംകാരനായ സോണാ കാട്ട്യുമിന് ഹരിയാനയിൽ ഏറ്റവും കൂടുതൽ വധുക്കൾ ഉണ്ട്. ഹരിയാനയിൽ ആൺകുഞ്ഞുങ്ങൾക്കാണ് കൂടുതൽ താൽപര്യം. തന്മൂലം സ്ത്രീ-പുരുഷ അനുപാതം സ്ത്രീകൾക്ക് അനുകൂലമല്ല. പെൺകുഞ്ഞുങ്ങളെ കൊല്ലുന്നതിനും പെൺ ഭ്രൂണഹത്യയ്ക്കും എതിരായി ഇന്ത്യൻ റെഡ്ക്രോസ്സ് സൊസൈറ്റി ബോധവൽക്കരണം നടത്താറുണ്ട്. അവർ ഹരിയാനയിലെ 21 ജില്ലകളിൽ ഒന്നായ ബിവാനിയിലേക്ക് കുറഞ്ഞത് 100 മണവാട്ടികളെ കൊണ്ടുവന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**('ദി ഇക്കണോമിസ്റ്റ്' 4 മാർച്ച് 2010-ലെ പതിപ്പിൽ നിന്ന് എടുത്തത്)**

മുകളിൽ കൊടുത്തിരിക്കുന്ന വാർത്ത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1. ആസ്സാംകാരനായ സോണാ കാട്ടൂം (Sona Khatum) ഹരിയാനയിൽ വന്ന് വിവാഹം കഴിച്ചത് എന്തുകൊണ്ടാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നു?
2. സ്ത്രീ-പുരുഷ അനുപാതം ഏറ്റവും കുറഞ്ഞ മൂന്ന് സംസ്ഥാനങ്ങളുടെ പേരെഴുതുക.

ജനസംഖ്യാ സൂചികകൾ കൂടാതെ സ്ത്രീ-പുരുഷ വിവേചനം സാമ്പത്തിക സാമൂഹിക വികസനത്തിലും വളരെ വ്യക്തമാണ്. 2011-ലെ ജനസംഖ്യ കണക്ക് പ്രകാരം ഇന്ത്യയിലെ സ്ത്രീ സാക്ഷരതാനിരക്ക് 65.46%-ഉം പുരുഷൻമാരുടേത് 82.14% ആണ്. തൊഴിലുകളിൽ നിന്നും പൊതുജീവിതത്തിൽ നിന്നും സ്ത്രീകളെ വിവേചനപ്പെടുത്തുന്നു. ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതി പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും മുനിസിപ്പാലിറ്റികളിലും, മുനിസിപ്പൽ കോർപ്പറേഷനുകളിലും 33% വനിതാസംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. പരമ്പരാഗതമായിതന്നെ സ്ത്രീകളെ സമൂഹത്തിലെ പിൻനിരയിൽ ആക്കി അവരുടെ പങ്കാളിത്തം എല്ലാ മേഖലകളിലും കുറയ്ക്കുന്നു. ഇന്ത്യൻ പാർലമെന്റിൽ വനിതകളുടെ പ്രാതിനിധ്യം കുറവായിരുന്നിട്ടും വനിതാ സംവരണ ബില്ല് (പാർലമെന്റിൽ വനിതകൾക്ക് 33% സംവരണം വിഭാവനം ചെയ്യുന്നത്) പാർലമെന്റിൽ ഇതുവരെ പാസ്സാക്കിയിട്ടില്ല. രാഷ്ട്രീയത്തിലും വനിതകൾക്ക് തുല്യ അവസരം നൽകി അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതാണ് വനിതാസംവരണ ബില്ലിന്റെ ലക്ഷ്യം. മിക്ക രാഷ്ട്രീയപാർട്ടികളും ഈ ആവശ്യത്തെ അനുകൂലിക്കുന്നുവെങ്കിലും ആരും ഇത് മുഖ്യവിഷയമായി കാണുന്നില്ല.

**? നിങ്ങൾക്കറിയാമോ**

ബീഹാറിലെ ത്രിതല പഞ്ചായത്തുകളിൽ, 2006-ലെ ബീഹാർ പഞ്ചായത്ത് ആക്ട് ഭേദഗതി പ്രകാരം വനിതകൾക്ക് 50% സംവരണം നടപ്പിലാക്കി. സംസ്ഥാനത്ത് നടന്ന തെരഞ്ഞെടുപ്പുകളിൽ പഞ്ചായത്ത് അംഗങ്ങളായിരുന്നവർ 54% നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനത്ത് ആകെ 2 ലക്ഷം പഞ്ചായത്ത് വനിതാ അംഗങ്ങൾ ഉണ്ട്. ഹിമാചൽപ്രദേശ്, മധ്യപ്രദേശ്, ഒഡീഷ, പശ്ചിമബംഗാൾ എന്നിവിടങ്ങളിലെ പഞ്ചായത്തുകളിൽ വനിതാസംവരണം 50% ഉണ്ട്.

### 23.2.4 ജാതിചിന്ത, വർഗ്ഗീയത, മതപര മൗലിക വാദങ്ങൾ

ജാതിചിന്ത, വർഗ്ഗീയത, മതപരമായ മൗലികവാദം എന്നിവകളിൽ നിന്നും ഇന്ത്യയിലെ ജനാധിപത്യത്തിന് ഗൗരവമേറിയ വെല്ലുവിളികൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവ ജനാധിപത്യ വ്യവസ്ഥിതി ദുർബലപ്പെടുത്തുന്നു.

**(a)** **ജാതിചിന്ത:** പ്രാചീന സമൂഹത്തിലെ തൊഴിൽ വിഭജനത്തെ തുടർന്ന് ഉത്ഭവിച്ച ജാതി വ്യവസ്ഥിതി ജന്മം കൊണ്ട് ഉണ്ടാകുന്ന ഇടുങ്ങിയ തരത്തിൽ മാറ്റമില്ലാതെ തുടർന്നു. നിങ്ങളുടെ ജീവിതത്തിലും സമൂഹത്തിലും ജാതിവ്യവസ്ഥിതിയുടെ അനുഭവം ഉണ്ടായിട്ടില്ലേ?

ഭരണഘടനാ പ്രകാരം നിരോധനം ഉണ്ടായിട്ടും ജാതി വ്യവസ്ഥിതിയുടെ ഫലമായി സമൂഹത്തിൽ തൊട്ടുകൂടായ്മയും അതുപോലെയുള്ള തി' കളും തുടരുന്നു. ദളിത് വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസവും മറ്റ് സാമൂഹ്യ അവകാശങ്ങളും നിഷേധിക്കുന്നു. ദളിത് വിഭാഗത്തിൽപ്പെട്ടവരേക്കൊണ്ട് ഏറ്റവും കഠിനമായതും ആകർഷണീയമല്ലാത്തതുമായ ജോലികളും ചെയ്യിക്കുന്നു. രാഷ്ട്രീയ ജനാധിപത്യ നടപടികളിലും ജാതിചിന്ത ഒരു നിഷേധാത്മകമായ പങ്ക് ആണ് വഹിക്കുന്നത്. വളരെ സങ്കുചിതമായ രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി കുപ്രസിദ്ധ മായ രീതിയിൽകൂടി ജാതിചിന്ത ചൂഷണം ചെയ്യപ്പെടുന്നു. ജനാധിപത്യ വ്യവസ്ഥിതികളെ ശക്തിപ്പെടുത്തുന്ന ഘടകങ്ങളിലും ജാതിചിന്ത വിപരീതമായി നിലകൊള്ളുന്നു. ഏറ്റവും മനുഷ്യത്വരഹിതവും തിരസ്കരിക്കേണ്ടതും തൊട്ടുകൂടായ്മയാണെന്ന് നിങ്ങളും സമ്മതിക്കുന്നു. ജനാധിപത്യ വ്യവസ്ഥിതിയിലെ സമത്വത്തിനുള്ള മൗലിക അവകാശം അഭിപ്രായ സ്വാതന്ത്ര്യം, അഭിപ്രായ പ്രകടന സ്വാതന്ത്ര്യം, ഒത്തുകൂടാനുള്ള അവകാശം, തെരഞ്ഞെടുപ്പ് പ്രക്രിയയിൽ ഭാഗഭാക്കാകാനുള്ള അവകാശം, സ്വതന്ത്രങ്ങളായ മാദ്ധ്യമവും, അച്ചടികളും കൂടാതെ നിയമനിർമ്മാണ സമിതികളും ജാതീയതയുടെ പേരിൽ ദുരുപയോഗം ചെയ്യുന്നു.


ജാതിചിന്ത സാമൂഹിക, സാമ്പത്തിക അസമത്വം ഉണ്ടാകുന്നതിന് പ്രേരകമായി നിലകൊള്ളുന്നു. പ്രാചീന കാലം തൊട്ടുതന്നെ ഇന്ത്യൻ സമൂഹത്തിൽ അസമത്വം ഉണ്ടായിരുന്നു. ആദിമകാലം മുതൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിലും മറ്റ് പിന്നോക്ക വിഭാഗങ്ങളിലുംപെട്ടവർ സാമൂഹിക, സാമ്പത്തിക അസമത്വങ്ങൾ അനുഭവിക്കുന്നവരാണ്. നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന വിപുലമായ അസമത്വങ്ങൾ ഇന്ത്യൻ ജനാധിപത്യത്തിലെ വെല്ലുവിളികളായി അവശേഷിക്കുന്നു. സമകാലിക ഇന്ത്യൻ ജനാധിപത്യത്തിന് ഗുരുതരമായ വെല്ലുവിളിയായി ഉയർന്നുവന്നിട്ടുള്ളതും മറ്റെല്ലാത്തിനേക്കാൾ ഭയപ്പെടുത്തുന്നതും ആയിട്ടുള്ളത് ജാതിചിന്തയും രാഷ്ട്രീയവുമായി സംയോജിപ്പിച്ചതിന്റെ ഫലമായിട്ടുണ്ടായ രാഷ്ട്രീയവൽക്കരിച്ച ജാതിചിന്തയും, ജാതിചിന്തയുടെ രാഷ്ട്രീയവൽക്കരണവുമാണ്. ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും കാലഘട്ടം ഉദയം ചെയ്തുവെങ്കിലും നമ്മുടെ സമൂഹത്തിൽ നിന്നും ജാതിചിന്തയുടെ അവബോധം ഇനിയും തുടച്ചുമാ



കുറിപ്പുകൾ

റ്റിയിട്ടില്ല. ജാതിചിന്ത വർദ്ധിത അളവിൽ വോട്ടുബാങ്ക് രാഷ്ട്രീയത്തിനായി ഉപയോഗിക്കുന്നു.

**(b) വർഗ്ഗീയത:** വർഗ്ഗീയതയും മതമൗലികതയും വളരെ അപകടകരമായും ഭയപ്പെ ടുത്തുന്ന നിലയിലും ഇന്ത്യയിൽ നിലനിൽക്കുന്നു. നമ്മുടെ ബഹു-മത സമൂഹത്തിൽ ഇവ സഹവർത്തിത്വത്തെ ശിഥിലമാക്കുന്നു. വർക്ഷീയത ഇന്ത്യയുടെ ദേശീയതയ്ക്കും വളർന്നുവരുന്ന മതേതര സംസ്ക്കാരത്തിനും കനത്ത പ്രഹരങ്ങളായി നില കൊള്ളുന്നു. ഇതു നമ്മുടെ ജനാധിപത്യ രാഷ്ട്രീയ നിലനിൽപ്പിനെതിരായും നമ്മുടെ മഹത്തായ പാരമ്പര്യമായ മാനവികതയ്ക്കും സമ്മിശ്ര സംസ്ക്കാരത്തിനും വിപരീതമായി വർത്തിക്കുന്നു. മിക്കപ്പോഴും വർഗ്ഗീയതയെ തെറ്റായി, മതപരമായതോ അല്ലെങ്കിൽ യാഥാസ്ഥിതിക നിലപാടിനെയോ ആക്കി പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഒരു മതവിശ്വാസത്തോടൊ അല്ലെങ്കിൽ മതവിഭാഗത്തോടൊ ഉള്ള ചായ്വ് ഒരിക്കലും മതമൗലികവാദം അല്ല.




**ചിത്രം 23.5** *എന്റെ മതം ഏറ്റവും വലുത്*

യാഥാസ്ഥിതിക ചിന്താഗതി സാമൂഹിക പിന്നോക്കാവസ്ഥയാണെങ്കിലും ഇത് വർഗ്ഗീയത അല്ല. വാസ്തവത്തിൽ വർഗ്ഗീയത മത വിഭാഗത്തോടുള്ള രാഷ്ട്രീയ സഖ്യത്തിന്റെ പ്രഥമ ഘട്ടമാണ്. ഇത് ഒരു മത വിഭാഗത്തെ മറ്റൊരു മതവിഭാഗത്തിന് എതിരായും ഇതര മതവിഭാഗങ്ങളിൽപ്പെട്ട എല്ലാവരേയും ശത്രുക്കളായും കരുതുന്നു. ഇതു മതേതരത്വത്തിനും മാനവികതയ്ക്കും എതിരാണ്. വർഗ്ഗീയതയുടെ ഫലമായിട്ടുണ്ടാകുന്നതാണ് സാമുദായിക സംഘടനകൾ. അടുത്തകാലത്ത് രാഷ്ട്രീയ-സാമൂഹിക ജീവിതത്തിന് വളരെ ഭയമുളവാക്കുന്ന രീതിയിൽ പല ഘട്ടങ്ങളിലും വർഗ്ഗീയത മാറിയിട്ടുണ്ട്. അടുത്തകാലങ്ങളിൽ ഏതെങ്കിലും വർഗ്ഗീയകലാപം ഉണ്ടായതായി നിങ്ങൾക്ക് ഓർമ്മിക്കുവാൻ സധിക്കുമോ?

**(c) മത മൗലികവാദം:** മതമൗലികവാദം വർഗ്ഗീയത വളർത്തുന്നു. മതവിശ്വാസത്തേയും രാഷ്ട്രീയ ചിന്തകളേയും ഇത് ചൂഷണം ചെയ്യുന്നു. വാസ്തവത്തിൽ മതമൗലികവാദം മതവിശ്വാസങ്ങളുടെ അടിസ്ഥാന തത്വങ്ങളിലേക്ക് മാറുവാനും യാഥാസ്ഥിതിക വാദങ്ങളിലേക്ക് തിരിയുവാനും പ്രേരിപ്പിക്കുന്നു. മതമൗലിക വാദം പുരോഗമന പ്രസ്ഥാനങ്ങളെ എതിർക്കുകയും അവരവരുടെ വിശ്വാസപ്രമാണങ്ങളിലേക്ക് മടങ്ങുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അടുത്ത കാലങ്ങളിൽ മതമൗലിക വാദം ഏതാനും സാമുദായിക സംഘർങ്ങളായി മാറിയത് നിങ്ങൾക്ക് ഓർമ്മിക്കുവാൻ സാധിക്കുമോ?

### 23.2.5 പ്രാദേശികവാദം

ഇന്ത്യൻ ജനാധിപത്യം പ്രാദേശികവാദത്തിനിടയിൽ ഞെരുങ്ങുന്നത് പ്രധാനമായും പ്രാദേശിക വ്യത്യാസങ്ങളുടെയും വികസനകാര്യങ്ങളിൽ തുലനമില്ലായ്മയുടെയും ഫലമായിട്ടാണ്. ഇന്ത്യ വിവിധ മതവിഭാഗങ്ങളുടെയും ഭാഷകളുടെയും സമുദായങ്ങളുടെയും വർഗ്ഗങ്ങളുടെയും സംസ്കാര ങ്ങളുടെയും ഉറവിടമാണ് എന്ന് നമുക്കറിയാം. ഈ അടുത്തകാലത്ത് നമ്മുടെ സാമൂഹിക-രാഷ്ട്രീയ ജീവിതത്തിലെ പല മേഖലകളിലും വളരെ ഭയമുളവാക്കുന്ന രീതിയിൽ വർഗ്ഗീയത മാറിയിട്ടുണ്ട്. രാജ്യത്ത് വിവിധ പ്രദേശങ്ങളിൽ സാംസ്കാരികപരമായിട്ടും ഭാഷാപരമായിട്ടും വ്യത്യാസമുള്ള വിവിധ ജനവിഭാഗങ്ങൾ വസിക്കുന്നു. രാജ്യത്തിന്റെ വികസനവും വളർച്ചയും എല്ലാ പ്രദേശങ്ങളെയും ഉദ്ദേശിച്ചുള്ളതാണെങ്കിലും പ്രാദേശിക വ്യത്യാസങ്ങളും, ആളോഹരി വരുമാന വ്യത്യാസങ്ങളും, സാക്ഷരതാ വ്യത്യാസവും, ആരോഗ്യപരമായും വിദ്യാഭ്യാസപരമായും ഉള്ള വ്യത്യാസങ്ങളും നില നിൽക്കുന്നു. ഇവ കൂടാതെ ജനസാന്ദ്രതയിലും, വ്യവസായ പുരോഗതിയിലും കൃഷി വികസനകാര്യങ്ങളിലും പല പ്രദേശങ്ങളിലും വ്യത്യാസങ്ങൾ ഉണ്ട്. പ്രാദേശിക അസമത്വം സംസ്ഥാനങ്ങൾ തമ്മിലും സംസ്ഥാനത്തിനുള്ളിലും നിലനിൽക്കുന്നതിനാൽ ആളുകൾ നിരാകരിക്കപ്പെട്ടവരും, വിവേചനങ്ങൾക്ക് വിധേയരായവരും, അവഗണിക്കപ്പെട്ടവരും ആണെന്നുള്ള ചിന്താഗതികൾ തുടരുന്നു. പ്രാദേശിക വാദത്തിന് സാഹചര്യം ഒരുക്കി പുതിയ സംസ്ഥാനം വേണമെന്നും, സ്വാതന്ത്ര്യം അല്ലെങ്കിൽ കൂടുതൽ അധികാരം സംസ്ഥാനങ്ങൾക്ക് വേണമെന്നും അല്ലെങ്കിൽ രാജ്യത്ത് നിന്നും വേർപെടണമെന്നുള്ള അവസ്ഥകൾ ഉണ്ടാകുന്നത് ഈ സാഹചര്യങ്ങളാലാണ്.

ഇന്ത്യയെപ്പോലെ വിപുലമായ ഒരു രാജ്യത്തിന് പ്രാദേശികവാദം ഉപപ്രാദേശികവാദം എന്ന സ്ഥിതി ഒഴിവാകാൻ ബുദ്ധിമുട്ടുള്ളതാണ് എന്നത് വാസ്തവമാണ്. പ്രാദേശിക വാദത്തിനുവേണ്ടിയുള്ള ശ്രമങ്ങളെല്ലാം ഭാഗം വയ്ക്കുന്നതിനോ, ഛിദ്രവാസനകൾ കൊണ്ടോ, രാജ്യസ്നേഹമില്ലാത്ത താണെന്നോ ചിന്തിക്കുന്നതു ശരിയല്ല. പ്രശ്നം ഉണ്ടാകുന്നത് ഈ താൽപര്യ ങ്ങൾ രാഷ്ട്രീയവൽക്കരിക്കപ്പെടുമ്പോഴും പ്രാദേശിക പ്രസ്ഥാനങ്ങൾ രാഷ്ട്രീയ താൽപര്യങ്ങളെ മുൻനിർത്തി പ്രവർത്തിക്കുമ്പോഴുമാണ്. ഇങ്ങനെയുള്ള ആരോഗ്യപരമല്ലാത്ത പ്രാദേശിക ദേശസ്നേഹം അർബുദം പോലെ വളരുന്നതും നാശകരവുമാണ്. തുടർച്ചയായുള്ള പ്രാദേശിക അസന്തുലിതാവസ്ഥ രണോൽസുകമായ പ്രസ്ഥാനങ്ങൾ നമ്മുടെ രാജ്യത്തിന്റെ ചില സ്ഥലങ്ങളിൽ ഉണ്ടാക്കുന്നു. ജമ്മുവും കാശ്മീരും വേർപെടുത്തണ മെന്നും അല്ലെങ്കിൽ ആസ്സാമിലെ ഉൾഫാ പ്രശ്നം (United Liberation Front of Assam (ULFA) അല്ലെങ്കിൽ വടക്കുകിഴക്കൻ പ്രദേശങ്ങളിലെ മറ്റ് ആവശ്യങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിലെ ഗൗരവമേറിയ വിഷയങ്ങളാണ്.

### 23.2.6 അഴിമതി

പൊതുജീവിതത്തിലെ അഴിമതി ഇന്ത്യയിലെ ഗൗരവമേറിയ ഒരു വിഷയമാണ്. 'ട്രാൻസ്പേരൻസി ഇന്റർനാഷണലിന്റെ' (Transparency International) 2011-ലെ 'കറപ്ഷൻ പേഴ്സിപെക്ഷൻ ഇൻഡെക്സ്' (Corruption Perception Index – CPI) എന്ന് അറിയപ്പെടുന്ന അഴിമതിസംബന്ധമായ സ്ഥിതിവിവര കണക്ക് പ്രകാരം 183 ലോകരാജ്യങ്ങളിൽ ഇന്ത്യയുടേത് 95-ാമത്തേതായി വിലയിരുത്തുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും വാസ്തവത്തിൽ അഴിമതി നിലനിൽക്കുന്നു. അത് വസ്തു സംബന്ധിച്ചോ, ആരോഗ്യമോ, വിദ്യാഭ്യാസമോ, വാണിജ്യപരമോ, വ്യവസായമോ, കൃഷിയോ, ഗതാഗതമോ, പോലീസോ, സൈന്യമോ, മതപരസ്ഥാപനങ്ങളോ, ആത്മീയാന്വേഷണ സ്ഥലങ്ങളോ ആകട്ടെ അഴിമതി സജീവമായി നിലനിൽക്കുന്നു.

രാഷ്ട്രീയം, ഉദ്യോഗസ്ഥ വിഭാഗം, സ്ഥാപനങ്ങൾ എന്നീ മൂന്ന് മേഖലകളിലും അഴിമതി പരസ്യമായും രഹസ്യമായും നിലനിൽക്കുന്നു. രാഷ്ട്രീയക്കാരും, ഉദ്യോഗസ്ഥരും, വ്യവസായികളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് കാണുവാൻ കഴിയും. ഇത് അഴിമതിയിലേക്കും, അഴിമതി രീതികളിലേക്കും കാരണമാകുന്നു. ഗവൺമെന്റിന്റെ എല്ലാ മേഖലകളിലും അഴിമതിയുടെ സ്പർശിനികൾ എത്തുന്നു.




**ചിത്രം 23.6** *അഴിമതിക്കെതിരേയുള്ള പ്രചാരണം*

എല്ലാറ്റിനും ഉപരിയായി, തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളിലെ വിവിധതലങ്ങളിലും വോട്ടു ചെയ്യുന്നവരേയും വിവിധ തെരഞ്ഞെടുപ്പിൽ നിൽക്കുന്നവരെയും അഴിമതി രീതികളിലൂടെ സ്വാധീനിക്കുന്നത് പതിവായിരിക്കുന്നു. ഇതു സംഭവിക്കുന്നത് നിങ്ങളോ, നിങ്ങളുടെ സുഹൃത്തുക്കളോ അടുത്തകാലങ്ങളിൽ ശ്രദ്ധിച്ചിട്ടുണ്ടോ? ഇങ്ങനെയുള്ള പല സംഭവങ്ങളും നമ്മുടെ രാജ്യത്ത് ഒന്നിന് പുറകെ മറ്റൊന്നായി ഉണ്ടാകുന്നു. ഇന്ത്യൻ ജനാധിപത്യത്തിൽ ഇത് ഒരു വലിയ പ്രശ്നമാണ്. വാസ്തവത്തിൽ, അഴിമതി രാഷ്ട്രീയ അസ്ഥിരതയുടെയും, വ്യവസ്ഥിതിയുടെ ജീർണ്ണതയും, നാശവും അതാത് കാലത്തിലെ ഭരണ നിലവാരത്തെ ചോദ്യം ചെയ്യുന്നതുമാണ്. ഭാരതീയ പൗരനെന്ന നിലയിൽ നാം അഴിമതി സംബന്ധമായ ഒന്നിലും ഇടപെടില്ല. എന്നും നമ്മുടെ രാജ്യത്തുനിന്ന് അഴിമതി ഇല്ലാതാക്കുവാൻ പങ്കാളുകളാകുമെന്ന് പ്രതിജ്ഞ എടുക്കുകയും വേണം.

### 23.2.7. രാഷ്ട്രീയത്തിലെ കുറ്റകരമായ നിയമലംഘനങ്ങൾ

രാഷ്ട്രീയത്തിലെ കുറ്റകരമായ നിയമലംഘനം ഈ അടുത്ത കാലത്ത് വാദപ്രതിവാദങ്ങളായി മാറിയിട്ടുണ്ട്. രാഷ്ട്രീയത്തിലെ ഏതാനും വ്യക്തികൾക്ക് ജനാധിപത്യ മൂല്യങ്ങളിലും രീതികളിലും വിശ്വാസമില്ല എന്ന ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്. അവർ അക്രമത്തിൽ ഏർപ്പെടുകയും തെരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനായി അനാരോഗ്യപരമായിട്ടുള്ളതും, ജനാധിപത്യപരവുമില്ലാത്ത മാർഗ്ഗങ്ങളിൽ പ്രവേശിക്കുന്നു. രാഷ്ട്രീയത്തിലെ ഒരു ആരോഗ്യപ്രദമായ പ്രവണത അല്ല ഇത് എന്ന കാര്യത്തിൽ സംശയമില്ല. ഈ വിധ പ്രവണതകളെ അവസാനിപ്പിക്കേണ്ടതായ അടിയന്തിര സാഹചര്യം നിലവിൽ ഉണ്ട്.

രാഷ്ട്രീയത്തിലെ കുറ്റകരമായ നിയമലംഘനങ്ങൾ ജനാധിപത്യ മൂല്യങ്ങളെ തിരസ്കരിക്കലാണ്. ജനാധിപത്യ സമ്പ്രദായത്തിൽ ഇതിന് സ്ഥാനമില്ല. ജനാധിപത്യ മൂല്യങ്ങളെ പരിപോഷിപ്പിച്ചു, കുറ്റകരമായ നിയമലംഘന പ്രവർത്തനങ്ങൾ ഉപേക്ഷിച്ച് ജനാധിപത്യം ശക്തിപ്പെടുത്താവുന്നതാണ്.

ഇത്തരത്തിലുള്ള വ്യക്തികളുടെ പേരിൽ നടപടി എടുത്തും, പരിഹാരമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയും, നീതിന്യായ വിഭാഗം ഈ അടുത്ത കാലത്ത് രാഷ്ട്രീയത്തിലെ കുറ്റകരമായ നിയമലംഘന കാര്യങ്ങൾ ഗൗരവമായി എടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള കാര്യങ്ങൾക്ക് എതിരായി കാര്യക്ഷമമായ നടപടികൾ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും എടുക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് ജനാധിപത്യം വിജയകരമായി പ്രവർത്തിക്കുന്നതിലേക്കുള്ള ആരോഗ്യപരമായ ഒരു നടപടിയാണ് എന്നുള്ളത് നമുക്ക് സംതൃപ്തി നൽകുന്നതാണ്. തെരഞ്ഞെടുപ്പുകളിൽ മൽസരിക്കുന്ന സ്ഥാനാർത്ഥികളിൽ, കുറ്റകരമായ നിയ

മലംഘനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരെ നിരുത്സാഹപ്പെടുത്തി, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിലെ പ്രബുദ്ധരായ സമ്മതിദാതാവ് എന്ന നിലയിൽ നമുക്ക് ഇതിൽ വലിയ രീതിയിൽ സംഭാവന നൽകുവാൻ കഴിയും.

### 23.2.8 അക്രമ രാഷ്ട്രീയം

അക്രമവാസന മനുഷ്യസമൂഹത്തിൽ വളരെക്കാലമായി നിലനിൽക്കു ന്നതാണ്. പക്ഷേ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള അക്രമം ഏതു വ്യവസ്ഥയ്ക്കും ഒരു ഭീഷണിയായി നിൽക്കുന്നു. ഇന്ത്യയിൽ പലരീതിയിലുള്ള അക്രമ പ്രവർത്തനങ്ങൾ ഉള്ളതായി നാം കാണാറുണ്ട്. വർഗ്ഗീയ കലാപം, ജാതിയുടെ പേരിലുള്ള അക്രമം, രാഷ്ട്രീയ കലാപം എന്നിവ വളരെ ഗൗരവമായ നിലയിൽ വർദ്ധിക്കുന്നു. വർഗ്ഗീയ ലഹളകൾ തൽപ്പരകക്ഷികളുടെ രാഷ്ട്രീയ, മതപര, സാമ്പത്തിക താൽപര്യങ്ങളിൽനിന്നും ഉണ്ടാകുന്നു. ജാതി ലഹള പലരൂപത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. കൃഷിയുടെ വികസനം ഉണ്ടായി, സെമീന്ദാരി വ്യവസ്ഥ നിർത്തലാക്കി, കൂടാതെ ഹരിതവിപ്ലവവും, ശ്വേതവിപ്ലവവും ഉണ്ടായി എങ്കിലും ഇപ്പോഴും വളരെ ശക്തമായി ഭൂവുടമകളുടെ സ്വാധീനം സമൂഹത്തിലുണ്ട്. സമൂഹത്തിലെ ഉയർന്ന വിഭാഗങ്ങളും മദ്ധ്യവർഗ്ഗങ്ങളും തമ്മിലുണ്ടായ സംഘർഷങ്ങൾ രാഷ്ട്രീയ അധികാരത്തിനുവേണ്ടിയുള്ള അക്രമത്തിനു വഴിയൊരുക്കി.



ചിത്രം 23.7 *പ്രതിഷേധം അക്രമാസക്തമാകുന്നത്*

അവർണ്ണരുടെ അവകാശങ്ങളെക്കുറിച്ച് പ്രത്യേകിച്ചും ദളിതരുടെയും മറ്റു പിന്നോക്ക വിഭാഗക്കാരുടെയും ബോധവൽക്കരണം സവർണ്ണരുടെ എതിർപ്പിനും കാരണമായി. ഇലക്ഷൻ സമയങ്ങളിൽ ഒന്നുകിൽ സമ്മതിദാനം വിനിയോഗിക്കുന്നവരെ സ്വാധീനിക്കുന്നതിന് അല്ലെങ്കിൽ അവർ വോട്ടു ചെയ്യുന്നതിൽ നിന്നും പിൻമാറുന്നതിന് അക്രമമാർഗ്ഗം സ്വീകരിക്കുന്നു. കൂടാതെ പ്രത്യേകം സംസ്ഥാനം രൂപീകരിക്കുന്നതിനും, സംസ്ഥാനം പുനഃസംഘടിപ്പിക്കുന്നതിനും, സംസ്ഥാനത്തിന്റെ അതിരുകൾ ക്രമീകരിക്കുന്നതിനും അക്രമ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. വ്യവസായ സമരത്തിലും, കൃഷിക്കാരുടെ പ്രതിഷേധത്തിലും കുട്ടികളുടെ പ്രക്ഷോഭങ്ങളിലും അക്രമം മാർഗ്ഗം സ്വീകരിക്കുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 23.2

1. നിരക്ഷരതയും, അസമത്വവും, ദാരിദ്ര്യവും ഇന്ത്യൻ ജനാധിപത്യത്തിന് എതിരായി പ്രവർത്തിക്കുന്നത് എങ്ങനെയാണ്?
2. ടെലിവിഷനിൽ നിങ്ങൾ കണ്ടിട്ടുള്ള ജനകീയ വിനോദ ചാനലുകളിൽ കൂടിയോ,

സിനിമയിലോ, സ്ത്രീകളെ ചിത്രീകരിക്കുന്നതിൽ വിവേചനം ഉള്ളതായി നിങ്ങൾ സമ്മതിക്കുന്നുവോ? ഉദാഹരണസഹിതം ന്യായീകരിക്കുക.

3. ജാതിചിന്ത അല്ലെങ്കിൽ വർഗ്ഗീയത നമ്മുടെ ദൈനംദിന ജീവിതത്തെയും ഇന്ത്യൻ ജനാധിപത്യത്തെയും ബാധിക്കുന്നത് എങ്ങനെയാണ് എന്ന് രണ്ടുദാഹരണങ്ങൾ സഹിതം വിശദമാക്കുക.

4. പ്രാദേശികവാദവും ഉപപ്രാദേശികവാദവും ഇന്ത്യൻ ജനാധിപത്യത്തിൽ നിന്ന് ഇല്ലാതാക്കുന്നത് അസാദ്ധ്യമാണ്. എന്തുകൊണ്ടാണ് അവ പ്രതിബന്ധങ്ങളായി കരുതുന്നത്?

5. ഇന്ത്യൻ രാഷ്ട്രീയത്തിൽ കാണുന്ന നിയമലംഘനങ്ങളുടെ കാരണങ്ങൾ ഏതൊക്കെ?

6. ഇന്ത്യയിൽ ര്ഷ്ട്രീയ അക്രമങ്ങളുടെ വർദ്ധനയ്ക്ക് കാരണങ്ങളെന്തൊക്കെയാണ്?

## 23.3 പരിഹാര മാർഗ്ഗങ്ങൾ

ഇന്ത്യയിലെ ജനാധിപത്യം ഏതാനും ഗൗരവമേറിയ പ്രതിബന്ധങ്ങൾ നേരിടുന്നുവെന്ന് വ്യക്തമാണ്. നമ്മുടെ എല്ലാവരുടേയും ഉത്കണ്ഠയ്ക്ക് ഇത് കാരണമാകുന്നു. വാസ്തവത്തിൽ ഇന്ത്യയിലെ സ്വാതന്ത്ര്യസമര നേതൃത്വനിരയിലുള്ളവരും ഇന്ത്യൻ ഭരണഘടനയുടെ ശില്പികളും ഈ വക വിഷയങ്ങളിൽ ഏറെ ചിന്തയുള്ളവരായിരുന്നു. പരിഹിക്കുന്നതിന് അവർ ഏതാനും ഭരണഘടനാ മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. എന്നിരുന്നാലും, വളരെയധികം കാര്യങ്ങൾ ഇനിയും ചെയ്യുവാനുണ്ട്. ഇതിലേക്കായി നിരവധി ശ്രമങ്ങളും നടക്കുന്നുണ്ട്. ഗവൺമെന്റും ഏജൻസികളും രാഷ്ട്രീയ കക്ഷികളും ഇതര ജനവിഭാഗങ്ങളും ഇന്ത്യൻ പൗരന്മാരും ചേർന്ന് സഹകരിച്ച് പ്രവർത്തിക്കേണ്ടതായ ആവശ്യം ഉണ്ട്. സുപ്രധാനങ്ങളായ ഏതാനും പരിഹാര നടപടികൾ സ്വീകരിച്ചിട്ടുള്ളത് താഴെ കൊടുക്കുന്നു.

### 23.3.1 സാർവ്വത്രിക വിദ്യാഭ്യാസം (എല്ലാവർക്കും വിദ്യാഭ്യാസം)

ജനാധിപത്യത്തിന്റെ ശരിയായ പ്രവർത്തനത്തിന് വിദ്യാഭ്യാസത്തിന്റെ പുരോഗതി അനിവാര്യമെന്ന് ഇന്ത്യൻ ഭരണഘടനയുടെ ശില്പികൾ മനസ്സിലാക്കി. 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകണമെന്ന് ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്നുണ്ട്. വിവിധ ഗവൺമെന്റുകൾ ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഈ ലക്ഷ്യം കൈവരിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്.




ചിത്രം 23.8 *സർവ്വശിക്ഷാ അഭിയാൻ*

1986-ലെ ദേശീയ വിദ്യാഭ്യാസ നയങ്ങൾക്ക് ഊന്നൽ കൊടുക്കുന്നതിനായി 1988-ൽ ദേശീയ സാക്ഷരതാ മിഷൻ (National Literacy Mission) നിരക്ഷരത ഇന്ത്യയിൽ ഇല്ലാതാക്കുന്നതിന് സർവ്വശിക്ഷാ അഭിയാൻ എന്ന പൊതു നാമധേയത്തിൽ നടപടികൾ ആരംഭിച്ചു. പക്ഷെ സാർവ്വത്രിക വിദ്യാഭ്യാസമെന്ന ലക്ഷ്യം ഇനിയും നേടേണ്ടതായിട്ടുണ്ട്. ദേശീയ സാക്ഷർ ഭാരത് (Saakshar Bharat) എന്ന പ്രോഗ്രാം അടുത്തകാലത്ത് ആരംഭിച്ചു. ഇതിന്റെ ലക്ഷ്യം 15 വയസ്സിനു മുകളിലുള്ള ആളുകളിൽ വിദ്യാഭ്യാസമില്ലാത്തവർക്കും അക്ഷരാഭ്യാസമില്ലാത്തവർക്കും പ്രാവർത്തിക വിദ്യാഭ്യാ സവും അക്ഷരാഭ്യാസവും നൽകുക എന്നതാണ് ഇതുവഴി അവരെ ഔപചാരിക വിദ്യാഭ്യാസത്തിന് യോഗ്യരാക്കുക എന്നുള്ളതാണ്. സാർവ്വത്രിക വിദ്യാഭ്യാസം 6-14 വരെയുള്ള എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിനായി രൂപകൽപ്പന ചെയ്ത

താണ് സർവ്വശിക്ഷാ അഭിയാൻ. ഇതുകൂടാതെ 2009-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശനിയമ പ്രകാരം 6-14 വരെയുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം മൗലിക അവകാശനിയമമാക്കി.

### 23.3.2 ദാരിദ്ര്യനിർമ്മാർജ്ജനം

1970 മുതൽ ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി പല പദ്ധതികളും രൂപം കൊണ്ടിട്ടുണ്ട്. ഇത് പ്രധാനമായും രണ്ടു രീതിയിൽ ആണ്. (1) ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് ജനങ്ങളെ ഉയർത്തി അവർക്കു വേണ്ട രീതിയിൽ പ്രോത്സാഹനവും സഹായവും നൽകി സ്വയം പര്യാപ്തമാക്കി നല്ല തൊഴിൽചെയ്ത് വരുമാനം സമ്പാദിക്കുവാൻ പ്രാപ്തരാക്കുക. (2) പാവപ്പെട്ടവർക്കും സ്വന്തമായി ഭൂമിയില്ലാത്തവർക്കും താൽക്കാലിക വേതന ജോലിക്കുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക എന്നിവകളുമാണ്.

**? നിങ്ങൾക്കറിയാമോ**

1999-ലെ കനകജയന്തി ഗ്രാമ സരോഗാർ യോജനാ' പദ്ധതിയിലൂടെ (Swarnajayanti Gram Swaroggar Yojana – SGSY) പിന്നോക്ക ഗ്രാമപ്രദേശങ്ങ ളിലെ പാവപ്പെട്ട ജനങ്ങളെ സ്വയംപര്യാപ്തരാക്കുകയും, സ്വന്തമായി പ്രവർത്തനമേഖലകളും സ്വയം സഹായ സഹകരണ സംഘങ്ങളുണ്ടാക്കുന്നതിനും പുതിയ സാങ്കേതിക സംവിധാനങ്ങൾ മനസ്സിലാക്കുന്നതിനും വായ്പാസൗകര്യങ്ങളും, വിപണന സൗകര്യങ്ങളും സൃഷ്ടിക്കുന്നതിനുമുള്ള സമഗ്രമായ ലക്ഷ്യമിട്ടു. ഈ സമഗ്രപദ്ധതി പ്രകാരം, പാവപ്പെട്ട ഗ്രാമീണരെ, ഉദാഹരണമായി തമിഴ്നാട്ടിൽ ധർമ്മപുരി പട്ടണത്തിലെ മാത്തൂർ ഗ്രാമത്തിൽപ്പെട്ട 8 സ്വയംപര്യാപ്ത സംഘടനകളിലെ 100 വനിതകൾ ഗവൺമെന്റിതര സംഘങ്ങളിൽ (NGO) നിന്നും വിവിധയിനം പഴച്ചാറുണ്ടാക്കുന്ന മാർഗ്ഗങ്ങൾ മനസ്സിലാക്കി. തുടർന്ന് SGSY യുടെ നേതൃത്വത്തിൽ ഒരു പഴച്ചാറുൽപാദന യൂണിറ്റ് - സത്യമൂർത്തി മഹാലി മൺറം (Sathyamurthi Mahalir Mandram) എന്ന പേരിൽ മെയ്മാസം 2000-ൽ തുടങ്ങി. പഴച്ചാർ, ജാം, അച്ചാറുകൾ, തട്ടുകട ആഹാരം എന്നിവയുടെ വിപണനം തുടങ്ങി. അംഗങ്ങളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിന് മാത്രമല്ല ഈ സംവിധാനം ലക്ഷ്യമിട്ടത് മറിച്ച്, അവർക്ക് കൂടുതൽ അവബോധം ഉണ്ടാക്കി ശക്തീകരിക്കുന്നതിനും, ഗവൺമെന്റിന്റെ പദ്ധതികളിൽ തൽപരരാകുന്നതിനും ലക്ഷ്യമിട്ടു. തൽഫലമായി അവർ ഗ്രാമസഭയുടെ മീറ്റിംഗുകളിൽ തങ്ങളുടെ ഗ്രാമത്തിലെ പ്രശ്നങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഉന്നയിക്കുകയും അവരുടെ പ്രദേശത്തിന്റെ മുഴുവൻ സമഗ്രമായ വികസനകാര്യങ്ങൾ അവതരിപ്പിക്കുന്നതിന് അവർ പ്രാപ്തരാക്കുകയും ചെയ്തു.

അതുപോലെതന്നെ ജവഹർ ഗ്രാമ സമൃദ്ധി യോജന (JGSY) യുടെ രണ്ട് ലക്ഷ്യങ്ങൾ ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക വ്യവസ്ഥിതി മെച്ചപ്പെടുത്തുന്നതിനും ജോലിസാദ്ധ്യതകൾ ഉണ്ടാക്കുന്നതിനും വേണ്ടി രൂപംകൊണ്ടതാണ്. ഇത് ഗ്രാമ പഞ്ചായത്തുകളാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ഫലമായി, ഒരു വർഷം 27 കോടി മനുഷ്യ സാദ്ധ്യതാ തൊഴിൽ സൗകര്യം ഉണ്ടാക്കി. 1778 വരൾച്ചാ-സാദ്ധ്യതാ പ്രദേശങ്ങളും, ഗിരിവർക്ഷ ആദിവാസി ബ്ലോക്കുകളും ഉൾപ്പെടുത്തിയതൊഴിലുറപ്പ് പദ്ധതി (The Employment Assurance Scheme) ആരംഭിച്ചു. ഇത് ജനങ്ങൾക്ക് കൃഷിയില്ലാത്ത സന്ദർഭങ്ങളിൽ ജോലി നൽകാൻവേണ്ടി രൂപപ്പെടുത്തിയതാണ്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരം (MGNREGA) ഗ്രാമപ്രദേശങ്ങളിലെ / പിന്നോക്കപ്രദേശങ്ങളിലെ ജനങ്ങളുടെ സുരക്ഷയ്ക്കും അവർക്ക് പ്രതിവർഷം കുറഞ്ഞത് 100 ദിവസത്തെ തൊഴിലുറപ്പ് പദ്ധതി നൽകുവാൻ വേണ്ടി ഏർപ്പെടുത്തിയതാണ്.

### 23.3.3 പുരുഷ-വനിതാ വിവേചനം ഇല്ലാതാക്കുവാൻ

'ജനങ്ങളാൽ, ജനങ്ങൾക്കുവേണ്ടി, ജനങ്ങളെക്കൊണ്ട്' രൂപീകൃതമാകുന്ന ജനാധിപത്യത്തിൽ പൂർണ്ണത കൈവരിക്കണമെങ്കിൽ വനിതകൾക്ക് പുരുഷന്മാരോടൊപ്പം എല്ലാ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയതലങ്ങളിലും തുല്യത ലഭ്യമാക്കണമെന്ന സത്യം ഇപ്പോൾ മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് ഭരണഘടനയിൽ ഉൾപ്പെട്ട അവകാശങ്ങൾ കൂടാതെ പല നിയമങ്ങൾ പാസ്സാക്കുകയും, പ്രാവർത്തികമാക്കുകയും, പല സ്ഥാപനങ്ങൾ സ്ത്രീകളുടെ ഉന്നമനത്തിനായി തുടങ്ങുകയും ചെയ്തു. വനിതകളുടെ രാഷ്ട്രീയ ശാക്തീകരണത്തിലെ നാഴികക്കല്ലുകളാണ് ഇന്ത്യൻ ഭരണഘടനയുടെ 73-ഉം 74-ഉം ഭേദഗതികൾ. ഇതിന്റെ ഫലമായി പഞ്ചായത്ത് സ്ഥാപനങ്ങളിലും മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും 1/3-ലൊന്നു സീറ്റുകൾ വനിതകൾക്കു സംവരണം ചെയ്തു. മറ്റൊരു പ്രധാനപ്പെട്ട നീക്കം സ്ത്രീ ശാക്തീകരണത്തിനായി 2001-ൽ ദേശീയതലത്തിൽ സ്വീകരിച്ച നയങ്ങളാണ് ഇതിന്റെയെല്ലാം ലക്ഷ്യം സ്ത്രീകളുടെ മുന്നേറ്റം, പദവികളിലുള്ള വികസനം എന്നിവകളാണ്. എന്നിരുന്നാലും വനിതാശാക്തീകരണം ലക്ഷ്യം നിറവേറണമെങ്കിൽ വളരെയധികം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**? നിങ്ങൾക്കറിയാമോ**

**സ്ത്രീ ശാക്തീകരണത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും 2001-ലെ ദേശീയ വനിതാനയത്തിൽ**

ഈ നയത്തിന്റെ പ്രധാന ലക്ഷ്യം സ്ത്രീകളുടെ ജീവിത നിലവാര പുരോഗതി, വളർച്ച, ശാക്തീകരണം എന്നിവയാണ്. ഇതിന്റെ ഉദ്ദേശങ്ങൾ:

(i) സ്ത്രീവിവേചനത്തിന് എതിരായിട്ടുള്ള എല്ലാ നിയമവ്യവസ്ഥകളും ശക്തിപ്പെടുത്തുക.

(ii) വനിതകൾക്കും പെൺകുട്ടികൾക്കും എതിരായ വിവേചനങ്ങളും അക്രമങ്ങളും അവസാനിപ്പിക്കുക.

(iii) സാമൂഹിക സാമ്പത്തിക മേഖലകളിൽ സ്ത്രീകളുടെ പുരോഗമന ത്തിനായി ക്രിയാത്മകമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും അവരുടെ കഴിവുകൾ മുഴുവനായി ഉപയോഗിക്കാൻ അവസരം നൽകുകയും ചെയ്യുക.

(iv) രാഷ്ട്രത്തിന്റെ സമൂഹിക, രാഷ്ട്രീയ, സാമ്പത്തിക തലങ്ങളിൽ പങ്കുചേരാനും തീരുമാനങ്ങളെടുക്കാനും ഉള്ള തുല്യ അവസരം വനിതകൾക്കും നൽകുക.

(v) ആരോഗ്യ സംരക്ഷണം, എല്ലാ തലങ്ങളിലുംപെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ - തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, തൊഴിൽ സാദ്ധ്യതകൾ തുല്യവേതനം, ജോലിസ്ഥലങ്ങളിലെ ആരോഗ്യസംരക്ഷണ സുരക്ഷിതത്വം, സാമൂഹിക പരിരക്ഷ ഇവ കൂടാതെ പൊതുമേഖല ഓഫീസുകളിലും സ്ത്രീകൾക്ക് തുല്യമായ അവകാശങ്ങൾ ലഭ്യമാക്കുക

### 23.3.4 പ്രാദേശിക തുലനാവസ്ഥ ഇല്ലാതിരിക്കുന്നത് മാറ്റുക

ഇന്ത്യയിലെ ആസൂത്രണ സമ്പ്രദായത്തിലെ ഒരു സുപ്രധാന ഉദ്ദേശ്യം. പ്രാദേശിക തലത്തിലുള്ള സമതുലനം ഇല്ലാതെയിരിക്കുന്ന അവസ്ഥ മാറ്റുക എന്നതാണ് സംസ്ഥാനത്തിനുള്ളിൽതന്നെ പ്രാദേശിക വ്യത്യാസങ്ങൾ മാറ്റുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്തിന്റെ ശ്രമങ്ങൾ കൂടാതെ ദേശീയതലത്തിൽ ഉള്ള ശ്രമങ്ങളും 2, 3 ദശകങ്ങളായി നടന്നുവരുന്നുണ്ട്. നിങ്ങളുടെ പ്രദേശങ്ങളിൽ ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നതായി നിങ്ങൾക്കറിവുണ്ടോ? ചില പ്രധാനപ്പെട്ട സംവിധാനങ്ങളാണ് (1) ട്രൈ

ബൽ ഡെവലപ്പ്മെന്ററി പ്രോഗ്രാം അഥവാ ഗിരിവർക്ഷ വികസന പദ്ധതികൾ (2) ഹിൽ ഏരിയ ഡെവലപ്പ്മെന്റ് പ്രോഗ്രാം അഥവാ മലയോര വികസന പദ്ധതികൾ. (3) ബോർഡർ ഏരിയ ഡെവലപ്പ്മെന്റ് പ്രോഗ്രാം അഥവാ അതിർത്തിപ്രദേശ വികസന പദ്ധതികൾ (4) വെസ്റ്റേൻഗാട്ട് ഡെവലപ്പ്മെന്റ് പ്രോഗ്രാം അഥവാ പശ്ചിമഘട്ട വികസന പദ്ധതികൾ (5) ഡ്രോട്ട് ഡ്രോൺ ഏരിയ പ്രോഗ്രാം അഥവാ വരൾച്ചാ നിവാരണ പദ്ധതികൾ (6) ഡെസേർട്ട് ഡെവലപ്പ്മെന്റ് പ്രോഗ്രാം അഥവാ മരുപ്രദേശ വികസന പദ്ധതികൾ

വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ വികസനത്തിനായി ഒരു ചെറിയ വിഹിതം എല്ലാ വികസന പ്രവർത്തനങ്ങളിലും നീക്കിവയ്ക്കാറുണ്ട്. അവികസിത പ്രദേശങ്ങളിലെ വികസനം ഒരു ദേശീയ ഉത്തരവാദിത്ത മാണെങ്കിലും അതിന്റെ പരിഹാരം പ്രാദേശിക നേതൃത്വത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഉദ്യോഗതലത്തിലും ബുദ്ധിപരമായും രാഷ്ട്രീയ മായും ഇതിന്റെ വികസനം പ്രാദേശിക നേതൃത്വം ജനങ്ങളുമായി പങ്കുവയ്ക്കുന്നില്ലായെങ്കിൽ ഉദ്ദേശിച്ച ഫലം ലഭിക്കുകയില്ല. സാമ്പത്തികമാർഗ്ഗങ്ങൾ ഒരു വലിയ പ്രശ്നമല്ല, എങ്ങനെ അത് ചെലവഴിക്കുന്നു എന്നുള്ളതാണ് പ്രഥമമായിട്ടുള്ള കാര്യം.

### 23.3.5 ഭരണപരമായും നീതിന്യായപരമായും ഉള്ള പരിഷ്കാരങ്ങൾ

മുകളിൽ വിവരിച്ച എല്ലാ കാര്യങ്ങളുടെയും വിജയപ്രാപ്തി ശരി യായിട്ടുള്ള ഭരണപ്രവർത്തനത്തിലും നീതിന്യായവകുപ്പിന്റെ സ്വതന്ത്രവും, നീതിപരവുമായിട്ടുള്ള കാഴ്ചപ്പാടിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. രണ്ടു കാര്യങ്ങളിലും ധാരാളം ചെയ്യാനുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി ഇന്ത്യൻ പൊതു ഭരണപ്രവർത്തനങ്ങൾ നിരീക്ഷണത്തിലാണ്. വലിയ അഴിമതി, കഴിവില്ലായ്മ, ഖജനാവിന്റെ നഷ്ടം, പൗരന്റെ ആവശ്യങ്ങൾക്ക് മതിയായ താൽപര്യം കാണിക്കാതിരിക്കുന്നത് മുതലായവ ഭരണത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. പല സന്ദർഭങ്ങളിലും ഇന്ത്യയുടെ നീതിന്യായ വകുപ്പ് അതിന്റെ പരമാധികാരം ഉപയോഗിച്ചിട്ടുണ്ടെങ്കിലും ചില പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് (i) കേസുകൾ തീർപ്പുകൽപ്പിക്കുന്നതിലെ കാലതാമസം. തൻമൂലം കേസുകൾ കെട്ടിക്കിടക്കുകയും ചെയ്യുന്നു. (ii) കുറ്റവാളികളെ വിചാരണചെയ്യുന്നതിലുള്ള കാലതാമസം.

ഭരണപരമായ പരിഷ്ക്കാരങ്ങൾ ഒരു തുടർച്ചയായിട്ടുള്ള പ്രക്രിയയാണ് ഇന്ത്യൻ സ്വാതന്ത്ര്യത്തിനുശേഷം, വിവിധ കമ്മിറ്റികളും കമ്മീഷനുകളും ഇതിനായി നിയമിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ വിമുഖത കാരണം പരിഷ്കാരങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. പല കമ്മീഷനുകളും കമ്മറ്റികളും ശുപാർശ ചെയ്യപ്പെട്ടിരിക്കുന്നതിൽ ഇവ ഉൾപ്പെട്ടിരിക്കുന്നു. അവയിൽ ഏതാനും ആണ് താഴെ കൊടുത്തിരിക്കുന്നത്. (i) ഭരിക്കുന്നവർ ജനങ്ങളോട് വിധേയരായിരിക്കണം, ഭരണം പൗരസൗഹൃദത്തിലുമായിരിക്കണം. (ii) ഭരണത്തിൽ ഗുണനിലവാരം പുലർത്തുക. (iii) ഭരണത്തിൽ ജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കുക. അധികാര വികേന്ദ്രീകരണവും അധികാര വിഭജനവും ഉറപ്പാക്കുക (iv) ഭരണപരമായ തീരുമാനങ്ങൾ സുതാര്യമാക്കുക (v) പൊതുജന പ്രവർത്തന ഓഫീസുകളുടെ സൽക്കീർത്തി നിലനിർത്തുക. (vi) ഭരണത്തിൽ മൂല്യങ്ങൾ പുലർത്തുക (vii) ഇലക്ട്രോണിക് മാദ്ധ്യമ സഹായത്തോടെയുള്ള ഭരണം നടപ്പിലാക്കുക.

വളരെക്കാലമായി നീതിന്യായ പരിഷ്കാരങ്ങൾ ഗൗരവമായ ഒരു വിഷയമായിട്ടുണ്ട്. പല അവസരങ്ങളിലും പലവിധത്തിലുള്ള ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് (എ) നിയമങ്ങളും അതിനോടനു ബന്ധിച്ചുള്ള നടപടിക്രമങ്ങളും ലഘൂകരിക്കുക (ബി) പഴയ നിയമങ്ങൾ പരിഷ്കരിക്കുക (സി) ജഡ്ജിമാരുടെ എണ്ണം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കുക (ഡി) നീതിന്യായവകുപ്പിലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുക, നിയമനം, സ്ഥാനക്കയറ്റം, സ്ഥലംമാറ്റം എന്നിവ സുതാര്യമാക്കു

ക (ഇ) ജനങ്ങളോടുള്ള നീതിന്യായ വിഭാഗത്തിന്റെ വിധേയത്വം ഉറപ്പാക്കുക. (എഫ്) കോടതിയുടെ നടപടിക്രമങ്ങൾ സുതാര്യമാക്കുക.

### 23.3.6 സുസ്ഥിര വികസനം (സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതികം)

സുസ്ഥിര വികസന പാതയിലൂടെയുള്ള മുന്നേറ്റത്തിൽ ഇന്ത്യൻ ജനാധി പത്യത്തിന് മേൽ പ്രസ്താവിച്ചിട്ടുള്ള വെല്ലുവിളികളെ നേരിടാൻ സാധിക്കും. ജനലക്ഷങ്ങളുടെ പ്രാഥമിക ആവശ്യങ്ങളെ കണക്കിലെടുക്കാതെയുള്ള വികസനമാതൃക ഇന്നും, ഭാവിയിലും ഉള്ള ജനാധിപത്യ സംവിധാനത്തിന് നിലനിൽക്കാനാവില്ല. വികസനം മനുഷ്യനെ കേന്ദ്രീകരിച്ചും എല്ലാ മനുഷ്യ രുടെയും ജീവിതനിലവാരത്തെ മുൻപോട്ടു നയിക്കുന്നതുമാകണം. ഇതിൽ ദാരിദ്ര്യ നിർമ്മാർജ്ജനം, നിരക്ഷരതാ നിർമ്മാർജ്ജനം, വിവേചനം ഇല്ലാ താക്കൽ, രോഗങ്ങൾക്കുള്ള ചികിത്സാസൗകര്യം, തൊഴിലില്ലായ്മ എന്നിവയെ ലക്ഷ്യം വച്ചുകൊണ്ടായിരിക്കണം. വികസനം സുസ്ഥിരമായ സാമ്പത്തിക, സാമൂഹ്യ, പാരിസ്ഥിതിക തലങ്ങളെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതാകണം.

**? നിങ്ങൾക്കറിയാമോ**

സുസ്ഥിര വികസനം (sustainable development) എന്നു പറയുന്നതിന്റെ ഉദ്ദേശ്യം മനുഷ്യന്റെ ആവശ്യങ്ങൾക്കുവേണ്ടി വിഭവങ്ങളെ പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ ഉപയോഗിച്ച്, ഇന്നുള്ളവർക്കും ഭാവിജന ങ്ങൾക്കും വേണ്ടി പ്രയോജനപ്പെടുത്തുക എന്നതാണ്. മിക്കപ്പോഴും ഉപയോഗിക്കുന്ന ഈ നിർവ്വചനത്തിലെ ഈ പദം ഉപയോഗിച്ചത് Bruntland Commission (1987) ആണ്. ഇതിൽനിന്നും സുസ്ഥിര വികസനം എന്നു പറയുന്നത് 'വികസനം ഇന്നത്തെ ആവശ്യം നിറവേറ്റുകയും ഭാവിയിലെ ആവശ്യങ്ങളെ നിറവേറ്റാൻ ഭാവിതലമുറയ്ക്ക് അവസരം നൽകുന്നതും ഭാവിതലമുറയുടെ പ്രാപ്തി നഷ്ടപ്പെടുത്തിയിട്ടും ആകരുത്' എന്നതാണ്.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 23.3

1. സാർവ്വത്രിക സാക്ഷരത, ദാരിദ്ര്യനിർമ്മാർജ്ജനം, സ്ത്രീ-പുരുഷ വിവേചനം ഇല്ലാതാക്കൽ എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനായി ഏതൊക്ക നപടികളാണ് ഇന്ത്യയിൽ നടപ്പാക്കിയിരിക്കുന്നത്?
2. പ്രാദേശിക അസമത്വം ഇല്ലാത്ത ഒരു വ്യവസ്ഥിതി ഉണ്ടാകാൻ ഇന്ത്യയിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ ഏതൊക്കെ?
3. ഭരണപരവും നീതിന്യായപരവുമായ പരിഷ്കാരങ്ങൾ ഇന്ത്യയിൽ യാഥാർത്ഥ്യമാകുവാൻ എപ്രകാരം സാധിക്കും?
4. സുസ്ഥിര വികസനം എന്താണ്? ഇന്ത്യൻ ജനാധിപത്യത്തെ ഇത് എങ്ങനെയാണ് ശക്തിപ്പെടുത്തുന്നത്?

## 23.4 ജനാധിപത്യത്തിൽ പൗരന്റെ പങ്ക് എന്ത്?

ഇന്ത്യയിലെ ഒരു പൗരനെന്നനിലയിൽ, നിങ്ങൾ എന്നെങ്കിലും ഒരു പൗരന്റെ പങ്ക് ജനാധിപത്യത്തിൽ എന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? പൗരന്റെ ധർമ്മത്തിന് പ്രാധാന്യം ഉണ്ടോ

കുന്നത് എന്തുകൊണ്ടാണ്? പൊതുവായി ചിന്തിച്ചാൽ ഗവൺമെന്റ് ഭരിക്കുകയും ജനങ്ങൾ അത് അനുസരിക്കുകയും ഭരണാധികാരികളെ ബഹുമാനിക്കുകയും ചെയ്യുന്നു. ജനാധിപത്യ വ്യവസ്ഥിതി യുള്ള ഇന്ത്യപോലെയുള്ള ഒരു രാജ്യത്തിൽ ഗവൺമെന്റ് ഭരിക്കട്ടെ എന്നു കരുതി പൗരൻമാർക്ക് പ്രവർത്തിക്കാതെയിരിക്കാൻ സാധിക്കുകയില്ല. ജനാധിപത്യം വിജയിക്കണമെന്നുണ്ടെങ്കിൽ പൗരൻ അവന്റെ ചിന്തയിലും പ്രവർത്തനത്തിലും സമത്വം, സ്വാതന്ത്ര്യം, മതേതരത്വം, സാമൂഹികനീതി, ഉത്തരവാദിത്വം എന്നിവ ഉള്ള വ്യക്തിയായിരിക്കണം. പൗരന് ലഭിച്ചിരിക്കുന്ന അവസരങ്ങളെ ബഹുമാനിക്കുകയും അവന്റെ ഉത്തരവാദിത്വം ജനാധിപത്യരീതിയിൽ നിർവ്വഹിക്കുകയും ചെയ്യണം.

### 23.4.1 പൗരന്റെ അവസരങ്ങളെ വിലയിരുത്തുക

എല്ലാ ജനാധിപത്യത്തിലും പൗരന്റെ അവസരങ്ങൾ വിലയിരുത്താനുള്ള സന്ദർഭങ്ങളുണ്ട്. എന്നാൽ ഇത് ഓരോ ജനാധിപത്യ സമ്പ്രദായത്തിലും വ്യത്യസ്തമാണ്. ഇന്ത്യൻ ജനാധിപത്യം ഉടലെടുത്തത് ദീർഘകാലഘട്ടത്തിലെ കോളനി ഭരണത്തിന് ശേഷമാണ്. 1947-ൽ ഇന്ത്യൻ സ്വാതന്ത്ര്യലബ്ധി യോടുകൂടി ജനാധിപത്യത്തിന് തുടക്കം കുറിച്ചു എങ്കിലും സാമൂഹിക- സാംസ്കാരിക മണ്ഡലങ്ങൾ ജനാധിപത്യശൈലിയിൽ ആയിട്ടില്ല. ഇന്ത്യ വിവിധ സാംസ്കാരിക, വിവിധ ഭാഷകളുള്ള ഒരു വൈവിധ്യ സമൂഹമാണ്. അതുകൊണ്ട് പരമ്പരാഗതമായ പല സ്വഭാവ സവിശേഷതകളും ഇന്നും തുടരുന്നു. പലരും ഇന്നും ചിന്തിക്കുന്നത് ഗവൺമെന്റ് ഭരിക്കുകയും എല്ലാം നിർവ്വഹിക്കുകയും ചെയ്യുന്നു എന്നാണ്. പ്രതീക്ഷകൾക്ക് വിപരീതമായി എന്തെങ്കിലും സംഭവിച്ചാൽ അതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിന് മാത്രമാണെന്നുമാണ്. പക്ഷേ, നമ്മുടെ രാജ്യത്തെ ഭരണകർത്താക്കളെ ജനങ്ങളാണ് തെരഞ്ഞെടുത്തതെന്ന് നാം പലപ്പോഴും മറന്നുപോകുന്നു. ദേശീയ തലത്തിലും, സംസ്ഥാന തലത്തിലും, പ്രാദേശികതലത്തിലും, ഗവൺമെന്റ് എങ്ങനെ ഭരിക്കുന്നു എന്നതിന്റെ ഉത്തരവാദിത്വം ഓരോ പൗരനും ഉണ്ട്. അതുകൊണ്ട് ഓരോ പൗരനും നിർണ്ണായകമായ പങ്കും എല്ലാ അവസരങ്ങളും ഉപയോഗിക്കുകയും വേണം. നമ്മൾ അപ്രകാരം ചെയ്യുന്നുണ്ടോ? എന്ന് ചിന്തിക്കണം. ഒരു പൗരന്റെ പ്രധാനപ്പെട്ട ചുമതലകളിൽ പ്രധാനപ്പെട്ട അവസരങ്ങൾ താഴെ കുറിക്കുന്നു.

### (എ) പങ്കാളിത്തം

ജനാധിപത്യ സമ്പ്രദായത്തിൽ ഒരു പൗരന്റെ കാതലായ ചുമതല പൊതുജീവിതത്തിൽ പങ്കെടുക്കുക എന്നതാണ്. തെരഞ്ഞെടുപ്പ് വേളകളിൽ പൗരൻ അവന്റെ വോട്ടവകാശം വിനിയോഗിക്കുക എന്നുള്ളത് പൊതുവായി പാലിക്കേണ്ടതായ പങ്കാണ്. ബുദ്ധിപരമായി ഇതിനായി ഓരോ പൗരനും വിവിധ രാഷ്ട്രീയപാർട്ടികളെയും സ്ഥാനാർത്ഥികളെയും ശ്രദ്ധിക്കുകയും കേൾക്കുകയും വിലയിരുത്തുകയും ആർക്കു വോട്ടു ചെയ്യണമെന്ന് തീരുമാനമെടുക്കുകയും ചെയ്യണം. ഇലക്ഷൻ കമ്മീഷൻ ഓരോ തെരഞ്ഞെടുപ്പിനുശേഷവും രേഖപ്പെടുത്തുന്നതിൻ പ്രകാരം കുറഞ്ഞ ശതമാനം ആളുകൾ മാത്രമേ സമ്മതിദാനാവാകാശം നിർവ്വഹിക്കുന്നുള്ളൂ. തെരഞ്ഞെടുപ്പിലൂടെയുള്ള പങ്കാളിത്തത്തെ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷൻ ആളുകൾക്ക് അവബോധം ഉണ്ടാക്കുന്നു.

ജനാധിപത്യ സമ്പ്രദായത്തിൽ പങ്കെടുക്കുന്നത് വോട്ടുചെയ്യുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല. ഒരു പ്രധാന പങ്കാളിത്തം രാഷ്ട്രീയ പാർട്ടിയിൽ അംഗത്വം നേടുക എന്നതാണ്. അതുകൂടാതെ 'പൗര സാമൂഹിക സംഘടന കൾ' എന്നറിയപ്പെടുന്ന സ്വതന്ത്ര ഗവൺമെന്റ് സംഘടനയിൽ അംഗങ്ങളാ വണം. ഈവിധ സംഘടനകൾ വിവിധ താൽപര്യമുള്ളവരുടെ, ഉദാഹരണമായി, സ്ത്രീകൾ, കുട്ടികൾ, കൃഷിക്കാർ, ജോലിക്കാർ, ഡോക്ടർമാർ, അദ്ധ്യാപകർ, വ്യാപാരികൾ, മതവിഭാഗക്കാർ, മനുഷ്യാവകാശപ്രവർത്തകർ ഇതുപോലെ യുള്ള സംഘടനകൾ ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രവർത്തിക്കുന്നു.

### (ബി) വ്യവസ്ഥയെ ഉത്തരവാദിത്വമുള്ളതാക്കുക

രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകുക എന്നതുകൊണ്ട് മാത്രം പങ്കാളിത്തം മതിയാകുകയില്ല. ജനാധിപത്യം ഉത്തരവാദിത്വവും പ്രയോജനകരവുമാക്കുന്നതിന് പൗരൻ പ്രവർത്തിക്കണം. ഇന്ത്യൻ ഭരണഘടന, ഭരണനിർവ്വഹണത്തെ ഭരണനിർമ്മാണവുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. പാർലമെന്റ് അംഗങ്ങൾ, സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ, പഞ്ചായത്തീ രാജിലെ അവരുടെ പ്രതിനിധികൾ, മുനിസിപ്പാലിറ്റിയിലെ അംഗങ്ങൾ എന്നിവർ തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പൗരൻ വിലയിരുത്തണം. 2005-ലെ വിവരാവകാശനിയമം നമ്മുടെ രാജ്യത്തിലെ ഓരോ പൗരന്റെയും അവകാശം ശരിയായ നിലയിൽ ഉപയോഗപ്പെടുത്തുന്നതിന് സഹായിക്കുന്നു. ഓരോ പൗരനും പൊതുവായ പ്രശ്നങ്ങൾ അറിയുന്നതിനും, രാഷ്ട്രീയ നേതാക്ക' ാരും, പ്രതിനിധികളും അവരുടെ അധികാരം എങ്ങനെ ഉപയോഗിക്കുന്നുവെന്നും പൗരന് തന്റെ അഭിപ്രായങ്ങളും താൽപര്യങ്ങളും രേഖപ്പെടുത്തുന്നതിനും അവകാശമുണ്ട്. ഗവൺമെന്റ് വാഗ്ദാനങ്ങൾ പാലിക്കുന്നില്ല എന്നു മാധ്യമങ്ങൾ വഴി അറിയിക്കുന്നതിനും, തങ്ങളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും ഗവൺമെന്റിനെ അറിയിക്കുന്നതിനും പൗരന് അവകാശം ഉണ്ട്. എന്നിട്ടും ഗവൺമെന്റ് തങ്ങളുടെ വാഗ്ദാനങ്ങൾ നിറവേറ്റിയില്ല എങ്കിൽ, പൗരന് പ്രതിഷേധിക്കാം. സമാധാനപരമായി സത്യാഗ്രഹം നടത്താം. നിയമലംഘനം അല്ലെങ്കിൽ നിസ്സഹകരണ പ്രതിഷേധ പ്രകടനം വഴി ഗവൺമെന്റിനെ ഉത്തരവാദിത്വമുള്ളതാക്കുവാൻ സാധിക്കും.

### (സി) കടമകൾ നിറവേറ്റുക

വോട്ടുരേഖപ്പെടുത്തുകയോ, വ്യവസ്ഥിതി ഉത്തരവാദിത്തമുള്ളതാക്കുകയോ ചെയ്യുന്നതിനേക്കാൾ കൂടുതൽ പങ്ക് ഒരു പൗരന് ഉണ്ട് എന്ന് നാം മനസ്സിലാക്കണം. പല ആളുകളും ചിന്തിക്കുന്നത് ജനാധിപത്യമെന്നു പറഞ്ഞാൽ എല്ലാം അനുവദിക്കുന്ന ഒരു വ്യവസ്ഥിതി എന്നാണ്. എല്ലാ മനുഷ്യനും അവൻ ആഗ്രഹിക്കുന്നതു ചെയ്യാനുള്ള അവകാശമുണ്ട്. ഇത് സമൂഹത്തിന്റെ നിലയെ താളം തെറ്റിക്കുകയും പരിഷ്കാരത്തേക്കാൾ വ്യവസ്ഥിതി പതനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ നിലയിൽ ഇതു ജനാധിപത്യത്തിന് എതിരായ ലക്ഷ്യങ്ങളിലേക്ക് നയിക്കപ്പെടുന്നു. സ്വാതന്ത്ര്യമെന്നത് പരമാധികാരം ആണെന്ന് ഓരോ പൗരനും ഒരിക്കലും കരുതരുത്. നിങ്ങൾക്കു ചില കാര്യങ്ങൾ ചെയ്യാമെന്നുണ്ടെങ്കിൽ അത് ഒരിക്കലും മറ്റുള്ളവരുടെ അവകാശങ്ങളെ ലംഘിച്ചുകൊണ്ടാകരുത് എന്ന് മനസ്സിലാക്കണം.

## 23.5 ശരിയായ നടപടികളിലേക്ക് പ്രയോഗക്ഷമമാക്കുക

ജനാധിപത്യം വിജയിക്കണമെങ്കിൽ പൗരൻ പങ്കെടുക്കുകയും അവകാശങ്ങൾ ഉപയോഗിക്കുകയും വേണം. വാസ്തവത്തിൽ ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വെല്ലുവിളികളെ ശരിയായ രീതിയിൽ നേരിടണമെങ്കിൽ പൗരൻ പ്രയോഗക്ഷമമായ മാർഷങ്ങളിൽ പ്രവർത്തിക്കണം. അവർ നിയമം അനുസരിക്കുകയും അക്രമത്തെ എതിർക്കുകയും വേണം. ഓരോ പൗരനും അവന്റെ/അവളുടെ സഹചരന്മാരുടെ അവകാശത്തെ അംഗീകരിക്കുകയും അവരോട് മാനുഷിക പരിഗണനയോടെ പെരുമാറുകയും ചെയ്യണം. ഒരു രാഷ്ട്രീയ പ്രതിയോഗിക്ക് വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടെന്നു കരുതി അദ്ദേഹത്തെ തെറ്റായി ചിത്രീകരിക്കരുത്. ജനങ്ങൾക്ക് ഗവൺമെന്റിന്റെ തീരുമാനങ്ങളെ ചോദ്യം ചെയ്യാം. പക്ഷേ ഗവൺമെന്റിന്റെ അധികാരത്തെ തിരസ്കരിക്കുവാൻ പാടില്ല. ഓരോ വിഭാഗത്തിനും അവരുടെ സംസ്കാരം പുലർത്തുന്നതിനും അവരുടെ അധികാരം സ്ഥാപിക്കുന്നതിനും അവകാശമുണ്ട്. എന്നാലും അവർ ഓരോ വിഭാഗവും വ്യത്യസ്തത പുലർ

ത്തുന്ന സമൂഹത്തിന്റെയും ജനാധിപത്യ പ്രസ്ഥാനത്തിന്റെയും ഭാഗമായി കാണണം. നിങ്ങൾ നിങ്ങളുടെ അഭിപ്രായങ്ങൾ വെളിപ്പെടുത്തുമ്പോൾ നിശ്ചയമായും മറ്റുള്ളവരുടെ അഭിപ്രായങ്ങളും കേൾക്കണം. അഭിപ്രായക്കാർ നിങ്ങളുമായി എതിർപ്പുള്ളവരാണെങ്കിൽ പോലും അവരെ കേൾക്കുവാൻ എല്ലാവർക്കും ചുമതലയുണ്ട്. നിങ്ങൾ അവകാശങ്ങൾ ഉന്നയിക്കുമ്പോൾ ജനാധിപത്യ രാജ്യത്തിൽ എല്ലാവർക്കും എല്ലാം സാധിക്കും എന്നു ചിന്തിക്കരുത്. ജനാധിപത്യത്തിൽ പരസ്പരബന്ധം ആവശ്യമാണ്. വിവിധ താൽപര്യങ്ങളും അഭിപ്രായങ്ങളും ഉള്ള വിഭാഗങ്ങൾ ഒന്നിച്ചിരുന്ന് തീരുമാനങ്ങൾ കൈക്കൊള്ളണം. ഏതെങ്കിലും ഒരു വിഭാഗത്തെ എപ്പോഴും മാറ്റിനിർത്തുകയും അവർ കേൾക്കപ്പെടാതിരിക്കുകയും ചെയ്താൽ അത് ജനാധിപത്യത്തിൽ വിദ്വേഷത്തിനും നിരാശയ്ക്കും കാരണമാകും. സമാധാനപരമായി പങ്കെടു ക്കുകയും ആദരപൂർവ്വം മറ്റുള്ളവരുടെ അവകാശങ്ങളെ മാനിക്കുന്നവർക്കും രാജ്യം എങ്ങനെ ഭരിക്കണമെന്ന് പറയുവാൻ അവകാശമുണ്ട്.

അതുപോലെതന്നെ പ്രാധാന്യമുള്ളതാണ് പൗരൻ തന്റെ അഭിപ്രായം ശക്തമായി പ്രകടിപ്പിക്കുക എന്നുള്ളത്. അങ്ങനെ ചെയ്യാതിരുന്നാൽ ശരി യല്ലാത്ത തീരുമാനങ്ങൾ നിങ്ങൾ സമ്മതിച്ചു എന്നും ആകും. കുടുംബനാഥന്റെ തീരുമാനത്തിൽ സുനിലിന്റെ കുടുംബാംഗങ്ങൾ അവരുടെ അഭിപ്രായങ്ങൾ ശക്തമായി പ്രകടിപ്പിക്കാതിരുന്നത് എങ്ങനെ ആയിരുന്നു എന്ന് പ്രവർത്തനം 23.2-ൽ നിങ്ങൾ കണ്ടുവല്ലോ.

## പ്രവർത്തനം 23.4

ജനാധിപത്യത്തിൽ ഒരു പൗരന്റെ പങ്ക് എന്താണെന്നും, നിങ്ങൾ എത്രമാത്രം ജനാധിപത്യത്തിൽ പങ്കെടുക്കുന്നു എന്നും ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിച്ചു.

ചില പ്രസ്താവനകൾ ഒരു പട്ടികയിൽ താഴെ കൊടുത്തിരിക്കുന്നു. അത് ശരിയാണോ, തെറ്റാണോ എന്ന് എഴുതുക.

| ക്രമ നമ്പർ | പ്രസ്താവനകൾ | ശരി/തെറ്റ് |
|---|---|---|
| 1. | ഗവൺമെന്റ് കൂടുതൽ പൗരന്മാരോട് വിധേയമാകുന്നതിന് പൗരന്മാർക്ക് ഉപയോഗിക്കാവുന്ന ശരിയായ ആയുധമാണ് 2005-ലെ വിവരാവകാശനിയമം. | |
| 2. | ഒരാൾ ഏതു സാമ്പത്തിക, സാമൂഹിക തലത്തിലുള്ള വ്യക്തിയായാലും അവരും സമൂഹത്തിൽ തുല്യരാണ്. | |
| 3. | സ്ത്രീകളെയും പെൺകുട്ടികളെയും സാധാരണ യായി പുരുഷന്മാർക്കും ആൺകുട്ടികൾക്കും തുല്യമായി നിങ്ങളുടെ കുടുംബത്തിൽ കണക്കാക്കുന്നില്ല. | |
| 4. | മറ്റുള്ളവരുടെ അവകാശങ്ങളെ ബാധിക്കുന്ന രീതിയിൽ ഒരിക്കലും നിങ്ങൾ പ്രവർത്തിക്കുകയില്ലെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ? | |
| 5. | സ്ത്രീകൾക്കും പട്ടികജാതി-പട്ടികവർക്ഷക്കാർക്കും ന്യൂനപക്ഷക്കാർക്കും വേണ്ടി സംവരണം ചെയ്യുന്ന വ്യവസ്ഥിതി ഇന്ത്യൻ ജനാധിപത്യത്തിന് യോജിച്ചതല്ലെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ? | |

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 23.4

1. ജനാധിപത്യ പ്രക്രിയയിൽ പൗരന്റെ പങ്കിനെക്കുറിച്ച് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
2. ഗവൺമെന്റിനെ ഉത്തരവാദിത്വമുള്ളതും ജനങ്ങളോട് വിധേയത്വമുള്ളതുമാക്കി മാറ്റുന്നതിന് ഒരു പൗരന് ഉപയോഗിക്കാവുന്ന ആയുധങ്ങൾ / വേദികൾ ഏതൊക്കെയാണ്?
3. താഴെ കൊടുത്തിരിക്കുന്നവ പൂരിപ്പിക്കുക.

   (a) ചില കാര്യങ്ങൾ ചെയ്യാനുള്ള അവകാശം നിങ്ങൾക്ക് ഉണ്ടെങ്കിൽ നിങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകില്ലെന്ന് ഉറപ്പാക്കാനുള്ള ............................ ഉം നിങ്ങളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരുടെ ............................ ഹനിക്കുന്നില്ലെന്നും ഉറപ്പാക്കണം.

   (b) പൗരൻമാർ .................. അനുസരിക്കുകയും ....................... ഉപേക്ഷിക്കുകയും വേണം.

   (c) ഓരോ വിഭാഗത്തിനും അവരുടെ ............................ പുലർത്താനും അവരുടെ കാര്യങ്ങളിൽ കുറച്ച് ............................ പ്രയോഗിക്കുന്നതിനും അവകാശമുണ്ട്.

   (d) ഒരു പൗരൻ അവന്റെ / അവളുടെ ............................ പ്രകടിപ്പിക്കുമ്പോൾ നിശ്ചയമായും മറ്റുള്ളവരുടെ ............................ ഉം കേൾക്കണം

## നിങ്ങൾ പഠിച്ചതെന്താണ്?

- ജനാധിപത്യ ഗവൺമെന്റിൽ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ്. ഈ അധികാരം നേരിട്ടോ അല്ലാതെയോ വോട്ടവകാശത്തിലൂടെ അതാത് കാലഘട്ടങ്ങളിലെ തെരഞ്ഞെടുപ്പിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിൽ ഉപയോഗിക്കുന്നു. ഈ അവകാശത്തെ രാഷ്ട്രീയതലത്തിൽ മാത്രമല്ല സാമൂഹിക തലത്തിലും അല്ലെങ്കിൽ വ്യക്തിതലത്തിലും നിർവ്വചിക്കാം.
- രാഷ്ട്രീയവും, സാമൂഹികവും, സാമ്പത്തികവും ആയ കാര്യങ്ങൾ പൂർത്തീകരിക്കുമ്പോൾ മാത്രമേ ജനാധിപത്യം യാഥാർത്ഥ്യവും, വിപുലവും ആവുകയുള്ളൂ. അവ സാമ്പത്തിക വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം. ഈ സാഹചര്യങ്ങളുടെ നിറവേറ്റലിന്റെ മാനദണ്ഡത്തിൽ വിശാലമായി ജനാധിപത്യത്തെ രണ്ട് വിധത്തിൽ കാണാം – രാഷ്ട്രീയ ജനാധിപത്യവും സാമൂഹിക ജനാധിപത്യവും.
- ഇന്ത്യൻ ജനാധിപത്യം വർഷങ്ങളായി അത്യാവശ്യമായ ജനാധിപത്യ വ്യവസ്ഥകൾ പാലിക്കപ്പെടുന്നു. എന്നിരുന്നാലും നമ്മുടെ ജനാധിപത്യം പലവിധത്തിലുള്ള ഭീഷണികൾ നേരിടുന്നുണ്ട്. ചില സന്ദർഭങ്ങളിൽ ഇതിന്റെ ഭാവിയെ ദോഷകരമായി ബാധിക്കുമോ എന്നു പോലും സംശയിക്കുന്നു. നിരക്ഷരത, സാമൂഹിക സാമ്പത്തിക അസമത്വം, ദാരിദ്ര്യം, സ്ത്രീ-പുരുഷ വിവേചനം, ജാതീയചിന്ത, വർഗ്ഗീയത, മതതീവ്രവാദം, പ്രാദേശികത, അഴിമതി, കുറ്റകരമായ പ്രവർത്തികൾ, രാഷ്ട്രീയ അക്രമം, തീവ്രവാദം ഇവയെല്ലാം പ്രധാനപ്പെട്ട വെല്ലുവിളികൾ ആയി അഭിമുഖീകരിക്കേണ്ടതാണ്.

- ഇന്ത്യയിലെ ജനാധിപത്യത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിന് പ്രധാനമായും ശ്രദ്ധിക്കേണ്ടത് സാർവ്വത്രിക വിദ്യാഭ്യാസം, ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ-പുരുഷ വിവേചനം ഇല്ലാതാക്കൽ, പ്രാദേശിക അസമത്വം മാറ്റുക, ഭരണപരിഷ്കാരങ്ങളും നീതിന്യായ പരിഷ്കാരങ്ങളും, സുസ്ഥിരമായ സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക വളർച്ച എന്നിവ യുമാണ്.
- എന്നിരുന്നാലും, ഇന്ത്യൻ ജനാധിപത്യം വിജയിച്ച് സജീവമാകണമെങ്കിൽ പൗരൻമാർ അവരുടെ പെരുമാറ്റത്തിൽ ജനാധിപത്യ സമ്പ്രദായത്തിന്റെ വിലപ്പെട്ട സവിശേഷതകളായ സമത്വം, സ്വാതന്ത്ര്യം, സാമൂഹികനീതി, വിധേയത്വം എന്നിവകളും, എല്ലാവരോടുമുള്ള ആദരവും വളർത്തി യെടുക്കുകയും വേണം. അവരുടെ ചിന്തകളും പ്രവർത്തനങ്ങളും ജനാധി പത്യമൂല്യങ്ങളുമായി യോജിച്ചുപോകണം. അവർക്ക് യോജിക്കാവുന്ന മേഖലകളിൽ പങ്കെടുക്കുകയും, ജനാധിപത്യ വ്യവസ്ഥിതിയെ കാര്യക്ഷമ മാക്കുകയും, കടമകൾ നിറവേറ്റുകയും ചെയ്യുക വഴി ജനാധിപത്യത്തിന്റെ ലക്ഷ്യങ്ങളും നിറവേറ്റണം.

## പാഠപരിസമാപ്തി പ്രവർത്തനങ്ങൾ

1. ജനാധിപത്യത്തെ നിർവ്വചിക്കുക. ഇത് രാഷ്ട്രീയതലത്തിൽ മാത്രം നിർവ്വചിച്ചാൽ ശരിയാവില്ല. എന്തുകൊണ്ട്?
2. എന്തൊക്കെ അത്യാവശ്യ ഘടകങ്ങളാണ് ഒരു ജനാധിപത്യത്തെ വിജയപ്രദമാക്കുന്നത്?
3. ഇന്ത്യൻ ജനാധിപത്യത്തിലെ പ്രധാനപ്പെട്ട വെല്ലുവിളികൾ എന്തൊക്കെ യാണ്? വെല്ലുവിളികൾ ശക്തമായ ഒരു ജനാധിപത്യ വ്യവസ്ഥിതിയിലെ അവസരങ്ങളായി മാറ്റുന്നത് എങ്ങനെയാണ്?
4. ഇന്ത്യയിൽ പ്രതിഷേധങ്ങളും, അക്രമവും ഉണ്ടാകാനുള്ള കാരണങ്ങൾ പരിശോധിക്കുക. എന്തുകൊണ്ടാണ് എതിർപ്പുകൾ അക്രമപ്രവർത്തനങ്ങളായി മാറുന്നത്?
5. ഇന്ത്യൻ ജനാധിപത്യത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് വേണ്ട ശരിയായ പരിഹാര മാർക്ഷങ്ങൾ എന്തൊക്കെയാണ്?
6. പ്രത്യേകിച്ചും ഇന്ത്യൻ സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും അനുഭവ ങ്ങളിൽ കൂടി ഇന്ത്യൻ ജനാധിപത്യത്തിൽ പൗരനിൽ നിന്നും പ്രതീക്ഷി ക്കുന്നത് എന്തൊക്കെയെന്ന് വിശദമാക്കുക.
7. ഒരു ഇന്ത്യൻ പൗരനെന്നനിലയിൽ എന്തൊക്കെ സവിശേഷതകളാണ് യഥാർത്ഥത്തിൽ ഉണ്ടായിരിക്കേണ്ടത്?
8. ഒരു നല്ല പൗരന്റെ ചില സവിശേഷതകൾ എഴുതുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**23.1**

1. ജനാധിപത്യത്തെ ഒരു ഗവൺമെന്റ് സമ്പ്രദായം എന്ന് നിർവ്വചിക്കുന്നു. ഇതിൽ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ്. കാലാകാലങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ അതു നേരിട്ടോ പരോക്ഷമായോ സ്വതന്ത്ര സമ്മതിദാനപ്രകാരം പ്രതിനിധി


കുറിപ്പുകൾ

കളെ തെരഞ്ഞെടുക്കുന്നതിലൂടെ വിനിയോഗി ക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തികളാൽ നയിക്കുന്ന ഒരു ഗവൺമെന്റ് സമ്പ്രദായമാണ് യഥാർത്ഥത്തിൽ ജനാധിപത്യം.

2. സാമൂഹികതലത്തിലും വ്യക്തിഗതതലത്തിലും നിർവ്വചിച്ചില്ലെങ്കിൽ ജനാധിപത്യത്തിന്റെ നിർവ്വചനം പൂർണ്ണമല്ല. ഇന്നത്തെ കാലഘട്ടത്തിൽ ഇത് വെറും ഗവൺമെന്റ് സമ്പ്രദായം മാത്രമല്ല, വിശാലമായ അർത്ഥത്തിൽ ജനാധിപത്യം അർത്ഥമാക്കുന്നത് (i) ഒരു ഗവൺമെന്റ് സമ്പ്രദായം (ii) ഒരു സംസ്ഥാനരീതി (iii) ഒരു സാമൂഹിക വ്യവസ്ഥിതി (iv) സാമ്പത്തിക ക്രമം (v) ഒരു ജീവിതശൈലിയും, സംസ്ക്കാരവും എന്നൊക്കെയാണ്. അതുകൊണ്ട് ഇന്ത്യൻ ജനാധിപത്യമെന്ന് നാം പറയുമ്പോൾ, അർത്ഥമാക്കുന്നത്, രാഷ്ട്രീയസ്ഥാപനങ്ങളും സമ്പ്രദായങ്ങളും മാത്രമല്ല, ജനാധിപത്യ ഇന്ത്യൻ സമൂഹവും, ഓരോ ഇന്ത്യൻ പൗരനും ജനാധിപത്യശൈലിയിൽ വർത്തിച്ച് എല്ലാ ഇന്ത്യൻ പൗരനും അവരുടെ ജനാധിപത്യ മൂല്യങ്ങളായ സമത്വവും, സ്വാതന്ത്ര്യവും, മതേതരത്വവും സാമൂഹിക പരിസ്ഥിതികളിലെ നീതിയും പുലർത്തി വ്യക്തിഗത പെരുമാറ്റങ്ങളിൽ പ്രതിഫലിക്കുന്നു എന്നാണ്.

3. ഒരു ജനാധിപത്യത്തിന് ശരിയായ നിർവ്വചനം നൽകണമെങ്കിൽ അത് ചില കാര്യങ്ങൾ പൂർത്തിയാക്കണം. (എ) താഴെ കൊടുത്തിരിക്കുന്നവിധം രാഷ്ട്രീയ ക്രമം പറയാം. (i) അധികാരം ജനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതും, അടിസ്ഥാനപരമായ അവകാശങ്ങളായ സമത്വം, അഭിപ്രായ സ്വാതന്ത്ര്യം, മതവിശ്വാസം, സഞ്ചാര സ്വാതന്ത്ര്യം, ആശയവിനിമയ സ്വാതന്ത്ര്യം, സംഘടിക്കുവാനുള്ള സ്വതന്ത്ര്യം എന്നിവകളാണ്. (ii) പ്രായപൂർത്തി വോട്ടവകാശ പ്രകാരം പ്രതിനിധികളെ തെരഞ്ഞെടുക്കുക (iii) ഉത്തരവാദിത്വമുള്ള ഭരണ സമ്പ്രദായം, ഭരണനിർവ്വഹണ വിഭാഗം നിയമനിർമ്മാണവുമായും നിയമനിർമ്മാണ സഭ ജനങ്ങളുമായും വിധേയത്വം പുലർത്തുന്നതായിരിക്കണം. (ബി) സാമൂഹിക സാമ്പത്തികനില താഴെ കൊടുക്കും പ്രകാരം ആയിരിക്കണം. (i) സാമൂഹിക വ്യവസ്ഥിതി ജനാധിപത്യപരമായ സാമൂഹിക വളർച്ചയ്ക്കും, ജനാധിപത്യമൂല്യങ്ങളായ സമത്വം, സുരക്ഷിതത്വം, സാമൂഹിക ക്ഷേമം മുതലായവ ഉറപ്പുവരുത്തുന്നതും ആയിരിക്കണം. (ii) വ്യവസ്ഥിതി സാമ്പത്തിക വളർച്ചയ്ക്കും പ്രത്യേകിച്ചും പാവപ്പെട്ടവരുടെയും, പിന്നോക്ക വിഭാഗങ്ങളുടെയും ഉന്നമനത്തിന് സഹായകരവു മായിരിക്കണം.

**23.2**

1. നിരക്ഷരത, അസമത്വം, ദാരിദ്ര്യം ഇവ ഇന്ത്യൻ ജനാധിപത്യത്തിന് വിപരീതങ്ങളായി നിൽക്കുന്ന ഘടകങ്ങളാണ്. (i) നിരക്ഷരനായ പൗരന് അവന്റെ പങ്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് കഴിയുകയില്ല. സമ്മതിദാനാവകാശം ജനങ്ങളുടെ അധികാരത്തിന്റെ പ്രായോഗികതലത്തിലുള്ള വ്യക്തിഗത വിനിയോഗിക്കലാണ്. സാക്ഷരത പൗരനെ പലവിധ പ്രശ്നങ്ങളെക്കുറിച്ചുള്ള അറിവ് നൽകുന്നതിനും, ആവശ്യങ്ങളും രാജ്യത്തിന്റെ താൽപര്യങ്ങളിൽ സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും അർത്ഥം മനസ്സിലാക്കുന്നതിനും, തങ്ങൾ തിരഞ്ഞെടുത്ത ആളുകൾ എല്ലാ സമൂഹത്തിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നുണ്ടോ എന്നറിയാനും സഹായിക്കുന്നു. (ii) ജനാധിപത്യത്തിലെ ഏറ്റവും വലിയ ശാപം ദാരിദ്ര്യമാണെന്നു പറയാം. ഇതാണ് എല്ലാവിധ തിരസ്കരണങ്ങളുടെയും അസമത്വത്തിന്റെയും മൂലകാരണവും. ജനങ്ങൾക്ക് ആരോഗ്യപരമായും തൃപ്തികരമായും ജീവിക്കാൻ അസാദ്ധ്യമാകുന്നതും ദാരിദ്ര്യമാണ്.

2. തീർച്ചയായും! പ്രസിദ്ധമായ ചാനലുകളും സിനിമയും സാധാരണയായി സ്ത്രീ-പുരുഷ വിവേചനം കാണിക്കുന്നുണ്ട്. വാസ്തവത്തിൽ ടെലിവിഷനിലുള്ള പരമ്പര

കൾ കുടുംബങ്ങളിൽ പരമ്പരാഗതമായി നിലനിൽക്കുന്ന വ്യവസ്ഥിതികളാണ്. അതിൽ സ്ത്രീകൾ പരമ്പരാഗതമായി അമ്മമാർ, സഹോദരിമാർ, ഭാര്യമാർ, പെൺ മക്കൾ, അമ്മായിയമ്മ, മരുമകൾ എന്നീ സ്ഥാനങ്ങളിൽ തന്നെ ശക്തമായി അവതരിപ്പിക്കുകയാണ്. അവയിൽ ചിലത് പരമ്പരാഗത രീതിയെ ചോദ്യംചെയ്യുന്നു എന്നുള്ളതും ശരിയാണ്. എന്നിരുന്നാലും ഇതിലെല്ലാം സ്ത്രീ-പുരുഷ വിവേചനം പ്രകടമാണ്.

3. ജാതിവ്യവസ്ഥ:- ഏറ്റവും അപലപിക്കപ്പെടേണ്ടതും മനുഷ്യത്വരഹിതവുമായ ഒന്നാണ് ജാതിവ്യവസ്ഥിതി. ജാതിവ്യവസ്ഥിതിയിലെ തൊട്ടുകൂടായ്മ, അല്ലെങ്കിൽ തീണ്ടൽ ഭരണഘടനയിൽ നിരോധിച്ചിട്ടുണ്ടെങ്കിലും തുടരുന്നു എന്നത് യാഥാർത്ഥ്യമാണ്. ദളിത് സമൂഹം ഇന്നും ഈ രീതിയുടെ ദോഷങ്ങൾ അനുഭവിക്കുന്നു. ഇതിന്റെ ഫലമായി താഴ്ന്ന ജാതിക്കാരോടുള്ള വിവേചനം മൂലം വിദ്യഭ്യാസവും സാമൂഹിക ആനുകൂല്യങ്ങളും അവർക്കു നിഷേധിക്കുന്നു. രണ്ടാമത്തെ ഉദാഹരണം ജാതി വ്യവസ്ഥിതി രാഷ്ട്രീയവൽക്കരിക്കലാണ്. ജാതിചിന്തയെ ചൂഷണം ചെയ്യുന്നത് ഇടുങ്ങിയ രാഷ്ട്രീയനേട്ടങ്ങൾ കൈവരിക്കുന്നതിനുവേണ്ടിയാണ്. ജാതീയത ഇങ്ങനെ കുപ്രസിദ്ധ തന്ത്രമായി മാറുന്നു. ജനാധിപത്യ സമ്പ്രദായത്തിന്റെ അടിവേരിളക്കുന്ന ഒരു വ്യവസ്ഥയാണ് ജാതീയത. വർഗ്ഗീയത വിവിധ മതവിഭാഗങ്ങളുള്ള ഇന്ത്യൻ സമൂഹത്തിന്റെ പരസ്പര നിലനിൽപ്പിനെ ചോദ്യം ചെയ്യുന്ന വ്യവസ്ഥിതിയാണ് വർക്ഷീയത. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നടന്നിട്ടുള്ള വർക്ഷീയലഹളകൾ രാജ്യത്തിന്റെ സമാധാനത്തിനും സുരക്ഷിതത്വത്തിനും ഭീഷണിയായി മാറി. രണ്ടാമതായി മതമൗലികവാദികൾ മതവിശ്വാസത്തെ ഇലക്ഷൻ കാലഘട്ടത്തിലും മറ്റ് അവസരങ്ങളിലും ഉപയോഗിച്ചിട്ടുള്ളത് വിപരീതഫലങ്ങൾ ഉളവാക്കി യിട്ടുണ്ട്.

4. ഒരു രാജ്യത്തെ വികസന പ്രവർത്തനങ്ങൾ എല്ലാ മതവിഭാഗങ്ങളുടെയും വളർച്ചയെ ലക്ഷ്യമാക്കിയിട്ടുള്ളതാണെങ്കിലും പ്രാദേശിക അസമത്വങ്ങളും പ്രാദേശിക വിവേചനങ്ങളും ഇന്നും നിലനിൽക്കുന്നു. ആളോഹരി വരുമാനത്തിലുള്ള അസമത്വവും, സാക്ഷരതാ വ്യത്യാസങ്ങളും, ആരോഗ്യ പരിപാലനത്തിലും വിദ്യാഭ്യാസ സൗകര്യങ്ങളിലുള്ള അപര്യാപ്തതയും ജനസാന്ദ്രതയും, വ്യവസായിക-കാർഷിക വികസനവും, വിവിധ സംസ്ഥാനങ്ങളിലും സംസ്ഥാനത്തിനുള്ളിലും നിലനിൽക്കുന്നത് ജനത വേർതിരിക്കപ്പെട്ടിരിക്കുന്നതായിട്ടും വിവേചനങ്ങൾക്ക് വിധേയരായി എന്നും ചിന്തിക്കുന്നതിന് കാരണമാകുന്നു.

5. ഇന്ത്യൻ രാഷ്ട്രീയത്തിൽ മുന്നേറുന്ന ഒരു പ്രവണതയാണ് കായികശേഷിയിലൂടെ പ്രകടിപ്പിക്കുന്ന കുറ്റകൃത്യങ്ങൾ. കുറ്റവാളികളുടെ സഹായം മിക്കവാറും എല്ലാ പാർട്ടികളും ഇലക്ഷന്റെ സമയം സ്വീകരിക്കു ന്നതായി കാണാൻ സാധിക്കും. 1960കളിൽ രാഷ്ട്രീയക്കാർ വിജയിക്കുന്ന തിനായി കുറ്റവാളികൾ സഹായിച്ചിരുന്നു. ഇലക്ഷൻ കഴിയുമ്പോൾ അവർക്ക് രാഷ്ട്രീയക്കാരുടെ സംരക്ഷണം ലഭിക്കുന്നു. പക്ഷെ ഇപ്പോൾ ആ സ്ഥിതിയിൽ മാറ്റംവന്നിരിക്കുന്നു. കുറ്റവാളികളോട് സംരക്ഷണവും പിന്തുണയും ആവശ്യപ്പെടുന്നത് ഇപ്പോൾ രഷ്ട്രീയക്കാരാണ്.

6. വർദ്ധിച്ചുവരുന്ന രാഷ്ട്രീയ അക്രമങ്ങളുടെ മുഖ്യകാരണം ഉയർന്ന ജാതിക്കാരും മദ്ധ്യവർക്ഷ ജാതിക്കാരും തമ്മിൽ നിലനിൽക്കുന്ന പ്രശ്ന ങ്ങളിലാണ്. കാർഷിക വളർച്ചയുടെയും, സെമിന്ദാരി വ്യവസ്ഥിതി നിർത്ത ലാക്കിയതിന്റെയും കാർഷിക വിപ്ലവം, ധവള വിപ്ലവം എന്നിവയുടെയും സംയുക്തഫലമാണ് ഇവ. ഇത് രാഷ്ട്രീയ അധികാരത്തിനു വേണ്ടിയുള്ള കടുത്ത മത്സരത്തിനും പല അവസരത്തിലും അക്രമങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്. മറ്റൊരു പ്രധാന കാരണം പിന്നോക്ക ജാതിക്കാരുടെ വളർന്നുവരുന്ന അവകാശ ബോധത്തെകുറിച്ചുള്ള അറിവും അതിനെതിരായ

സവർണ്ണ ജാതിക്കാരുടെ പ്രതിഷേധവുമാണ്. മറ്റ് അക്രമങ്ങൾ പ്രത്യേക സംസ്ഥാനത്തിനു വേണ്ടിയോ, സംസ്ഥാന പുനഃസംഘടനയ്ക്കോ സംസ്ഥാന അതിർത്തികൾ തീരുമാനിക്കുന്നതിലുമാണ്. ആന്ധ്രാപ്രദേശിലെ തെലുങ്കാന പ്രസ്ഥാനം, ആസാമിലെ ബോഡോ പ്രസ്ഥാനം മുതലായവ മിക്കപ്പോഴും അക്രമാസക്തമാകുന്നു. സാധാരണയായി വ്യവസായ സമരങ്ങളിലും, കാർഷിക പ്രശ്നങ്ങളിലും വിദ്യാർത്ഥി സമരങ്ങളിലും മറ്റുപല നിയമലംഘന പ്രതിഷേധങ്ങളിലും ലഹളകൾ ഉണ്ടാകാറുണ്ട്.

**23.3**

1. സാർവ്വത്രിക വിദ്യാഭ്യാസം ദേശവ്യാപകമായി പ്രചരിപ്പിക്കുന്നതിനുള്ള ലക്ഷ്യത്തോടെയാണ് സാക്ഷാർ ഭാരത് (Saakshar Bharat) ആരംഭിച്ചത്. കൂടാതെ 6-14 വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി രൂപകൽപന ചെയ്തതാണ് സർവ്വശിക്ഷാ അഭിയാൻ. 2009-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശനിയമം (Right to Education Act) പ്രകാരം 6-14 വരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലിക അവകാശമാക്കി. ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യാനായി 2 വിധത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. (i) ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് പ്രയോജനകരമായ മേഖലകൾ നൽകുക വഴി അവർക്കു കൂടുതൽ വരുമാനം ഉണ്ടാക്കുവാനും (ii) പാവപ്പെട്ടവർക്കും ഭൂമിയില്ലാത്തവർക്കും വേതനം ലഭിക്കുന്ന തൊഴിൽ താൽക്കാലികമായി നൽകുക. പൊതുവിതരണ ശൃംഖല വഴി (Distribution System) ജനങ്ങൾക്ക് അത്യാവശ്യമായ ഭക്ഷ്യധാന്യ വിതരണം, ഇന്റഗ്രേറ്റഡ് റൂറൽ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് വായ്പാ പദ്ധതികൾ, ജവഹർ റോസ്ഗാർ യോജന വഴി 700 ദശലക്ഷം വ്യക്തിഗത തൊഴിൽദാന പദ്ധതി എന്നിവയും ലഭിക്കും. കൂടാതെ ഠഞഥടഋഞ (Training Rural Youth for Self Employment) വഴി ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങൾക്ക് സാങ്കേതിക പരിജ്ഞാനം നൽകി അവരെ പുതിയ തൊഴിലുകളിലേക്ക് തയ്യാറാക്കുന്നു.

2. ഇതുകൂടാതെ ഓരോ സംസ്ഥാനത്തിനു മാത്രമായി പ്രത്യേക പരിപാടിയിലൂടെ സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രാദേശിക വേർതിരിവുകൾ കുറയ്ക്കാനായി ഗവൺമെന്റിന്റെ നേതൃത്വത്തിൽ പിന്നോക്ക വിഭാഗ ക്കാർക്ക് പ്രത്യേകം ശ്രദ്ധ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളും ഉണ്ട്. ചില പ്രധാന പ്രവർത്തനങ്ങളാണ് (i) ഗിരിവർക്ഷ വികസന പദ്ധതികൾ (Tribal Development Programme) (ii) മലയോര വികസന പദ്ധതികൾ (Hill Area Development Programme) (iii) അതിർത്തിയോര വികസന പദ്ധതികൾ (Border Area Development Programme) (iv) പശ്ചിമഘട്ട വികസന പദ്ധതികൾ (Western Ghat Development Programme) (v) വരൾച്ചാ നിവാരണ പദ്ധതികൾ (Drought Prone Area Programme) and (vi) മരുപ്രദേശ വികസന പദ്ധതികൾ (Desert Development Programme) തുടങ്ങിയവ.

3. ഭരണപരമായ പരിഷ്കാരങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കണം. (i) ഭരണം കാര്യക്ഷമവും പൗര-സൗഹൃദവുമായിരിക്കണം. (ii) നല്ല ഭരണം അതായത് സൽഭരണം നടത്താനുള്ള കഴിവുണ്ടാകണം. (iii) ഭരണം ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട്, അധികാരം വികേന്ദ്രീകരിച്ചും, അധികാര വിഭജനം നടത്തിയും ആകണം. (iv) ഭരണ തീരുമാനം സുതാര്യമായിരിക്കണം (v) പൊതുജന സേവനങ്ങൾ കാര്യക്ഷമമുള്ളതാക്കുകയും മെച്ചപ്പെട്ടവയും ആകണം (vi) ഭരണക്രമത്തിൽ മൂല്യങ്ങൾ കൊണ്ടുവരികയും വേണം. (7) e-governance ലുള്ള താൽപര്യം കാണിക്കുക. നീതിന്യായ പരിഷ്കാരങ്ങൾക്ക് വേണ്ട നടപടികൾ (എ) നിയമങ്ങ



ളും അതിന്റെ സംവിധാനങ്ങളും നടപടിക്രമങ്ങളും ലഘൂകരിക്കുക. (ബി) കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുക. (സി) ജഡ്ജിമാരുടെ എണ്ണം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കുക. (ഡി) നീതിന്യായ വകുപ്പിലെ ഒഴിവുകൾ സമയബന്ധിതമായി നികത്തുക. (ഇ) നീതിന്യായപാലകരെ നിയമിക്കുന്നതും ജഡ്ജിമാർക്ക് സ്ഥാനക്കയറ്റം നൽകുന്നതും സുതാര്യ മായിരിക്കുക (എഫ്) ഉത്തരവാദിത്വമുള്ള നീതിന്യായ വിഭാഗമാക്കുക (ജി) കോടതികളിലെ നടപടിക്രമങ്ങൾ സുതാര്യമാക്കുക.

4. സുസ്ഥിര വികസനം: മനുഷ്യന്റെ ആവശ്യങ്ങളും പരിസ്ഥിതി സംരക്ഷിക്കുന്നതിനും അതുവഴി ഇന്നത്തെ ആവശ്യവും വരുംതലമുറക്കുള്ള ആവശ്യവും നിറവേറ്റുന്നു. വികസനം മനുഷ്യനെ മുൻനിർത്തിയും മനുഷ്യ ജീവിതത്തെയും ജനങ്ങളെയും മുൻനിർത്തിയാകുമ്പോൾ അത് ദാരിദ്ര്യവും, അറിവില്ലായ്മയും, വേർതിരിവും, രോഗങ്ങളും, തൊഴിലില്ലായ്മയും മാറ്റുന്നതിനുവേണ്ടിയാകണം. ഇവയെല്ലാം ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തും.

23.4

1. രാഷ്ട്രീയ ജനാധിപത്യ സമ്പ്രദായത്തിൽ പങ്കെടുക്കുക എന്നു പറഞ്ഞാൽ ഇലക്ഷനിൽ പങ്കുചേരുക എന്നു മാത്രമല്ല. രാഷ്ട്രീയ പാർട്ടിയിലെ അംഗത്വം വഴിയും കൂടുതൽ സജീവമായി ഗവൺമെന്റിതര സംഘടനകളായ പൗര സാമൂഹികസംഘടനകളിലെ അംഗത്വം വഴിയും സുപ്രധാനമായ പങ്കാളിത്തം നേടാം. ഈ സംഘടനകൾ വിവിധ വിഭാഗങ്ങളിലെ വിവിധതരത്തിലുള്ള താൽപര്യങ്ങൾ സംരക്ഷിക്കുന്നതാണ്; സ്ത്രീകൾ, കുട്ടികൾ, കൃഷിക്കാർ, ജോലിക്കാർ, ഡോക്ടർമാർ, അദ്ധ്യാപകർ, കച്ചവടക്കാർ, മതവിശ്വാസികൾ, മനുഷ്യാവകാശ പ്രവർത്തകർ എന്നിവർ ഇതിൽ ഉൾപ്പെടുന്നു.

2. ജനാധിപത്യത്തിൽ, പൗരന്മാരെ പ്രതികരിക്കുന്നവരും ഉത്തരവാദിത്ത മുള്ളവരുമാക്കുവാൻ സാധിക്കും. പാർലമെന്റ് അംഗങ്ങൾ, സംസ്ഥാന നിയമ നിർമ്മാണ വകുപ്പിലെ അംഗങ്ങൾ, പഞ്ചായത്തിലെ പ്രതിനിധികളും മുനിസിപ്പാലിറ്റിയിലെ അംഗങ്ങളും ജനങ്ങളോട് ഉത്തരവാദിത്വമുള്ളവരാകുന്നതിന് പൗരന്മാർക്ക് കഴിയും. 2005-ലെ വിവരാവകാശ നിയമ പ്രകാരം പൗരന് അവന്റെ പങ്ക് ശരിയായ വിധത്തിൽ ഉപയോഗിക്കാനുള്ള അവകാശം നമ്മുടെ രാജ്യം നൽകിയിട്ടുണ്ട്. രാഷ്ട്രീയനേതാക്കൻമാരും പ്രതിനിധികളും അവരുടെ അധികാരം ഉപയോഗിക്കുകയും പ്രാവർത്തിക മാക്കുകയും ചെയ്യുന്നത് എങ്ങനെയെന്ന് പൗരന്മാർ ശ്രദ്ധിക്കണം.

3. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക: (എ) ചുമതല, അവകാശം (ബി) നിയമം, അക്രമം, (സി) സംസ്ക്കാരം, നിയന്ത്രണം (ഡി) അഭിപ്രായം, കാഴ്ചപ്പാട്

# 24

# ദേശീയോദ്ഗ്രഥനവും മതേതരത്വവും

നിങ്ങൾ നമ്മുടെ ദേശീയ ഗാനം 'ജനഗണമന' പഠിക്കുകയും ആലപിക്കുകയും ചെയ്തിട്ടുണ്ടാകുമല്ലോ? ധാരാളം സന്ദർഭങ്ങളിൽ പ്രത്യേകിച്ച് സ്വാതന്ത്ര്യദിനം, റിപ്പബ്ളിക്ക് ദിനം എന്നിവപോലെ ദേശീയ പ്രാധാന്യമുള്ള ആഘോഷങ്ങളിൽ മറ്റുള്ള വരോടൊപ്പം നിങ്ങളും ദേശീയഗാനം ആലപിച്ചിട്ടുണ്ടാകണം. ഇത്തരം ചിലസമയ ങ്ങളിൽ ദേശീയ ഗാനം പകർന്നു കൊടുക്കുന്നത് എന്ത് കാതലായ ആശയമാണെന്ന് മനസ്സിലാ ക്കാനുള്ള ഒരു ആഗ്രഹം നിങ്ങളിൽ ഉണ്ടായിട്ടില്ലേ? എന്തുകൊണ്ട് ദേശീയ ഗാനത്തിൽ പല പ്രദേശങ്ങളുടെ പേര്, പർവ്വതങ്ങൾ, നമ്മുടെ രാജ്യത്തിലെ നദികൾ എന്നിവ അടങ്ങിയിരിക്കുന്നു? എന്തുകൊണ്ട് സമുദ്രത്തെകുറിച്ച് പരാമർശിക്കുന്നു.? ദേശീയ ഗാനം നാം ആലപിക്കുമ്പോൾ രാജ്യത്തോട് നമുക്കുള്ള സ്നേഹം ചൊരിയുകയും ആദരവ് പ്രകടമാക്കുകയും വിജയത്തിനുവേണ്ടി ആശംസിക്കുകയും ചെയ്യുന്നു എന്ന കാര്യം നിങ്ങളും സമ്മതിക്കുന്നതല്ലേ? അതേസമയം തന്നെ വിവിധ പ്രദേശങ്ങൾ, പർവ്വതങ്ങൾ, നദികൾ ഇവയെ എല്ലാം സൂചിപ്പിക്കുമ്പോൾ നാം ആദരവോടെ രാജ്യത്തിന്റെ നാനാത്വത്തിലെ ഏകത്വം അംഗീകരിക്കുന്നു. രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും പാലിക്കപ്പെടേണ്ടതാണെന്ന ആവശ്യത്തെ കേന്ദ്രീകരിച്ചു വാർത്തകൾ, ദിനപത്രങ്ങളിലെ ലേഖനങ്ങൾ അല്ലെങ്കിൽ ടെലിവിഷനിലെ ചർച്ചകൾ എന്നിവയെല്ലാം കാണാൻ നിങ്ങൾക്ക് സംഗതിയായിട്ടുണ്ടാകുമല്ലോ? യഥാർത്ഥത്തിൽ ദേശീയ ഐക്യവും അഖണ്ഡതയും നമ്മുടെ രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മുൻഗണനകളിൽ ഒന്നാണ്. രാഷ്ട്രത്തിന്റെ ഐക്യം അഖണ്ഡത എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട വിശകലനത്തിനിടയിൽ, മതേതരത്വം നമ്മുടെ രാഷ്ട്രത്തിന്റെ മൗലികമായ സവിശേഷതയാണെന്ന് കാണാൻ കഴിയും. ദേശീയ ഉദ്ഗ്രഥനത്തിന് വേണ്ട ഏറ്റവും ഒഴിച്ചുകൂട്ടാൻ വയ്യാത്ത ഉപാധികളിൽ ഒന്നാണ് മതേതരത്വം. ഈ പാഠത്തിൽ ദേശീയോദ്ഗ്രഥനത്തിന്റെയും മതേതരത്വത്തിന്റേയും വിവിധ രൂപങ്ങളെക്കുറിച്ച് നിങ്ങൾക്ക് പഠിക്കാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പൂർത്തിയാക്കിക്കഴിയുമ്പോൾ നിങ്ങൾക്ക് കഴിയുന്നത്.

- ദേശീയ ഉദ്ഗ്രഥനത്തിന്റെ അർത്ഥവും പ്രാധാന്യവും മനസ്സിലാക്കാൻ
- ദേശീയാദ്ഗ്രഥനത്തെ എങ്ങനെ ബ്രിട്ടീഷ് ഭരണത്തിനെതിരായ ദേശീയ പ്രസ്ഥാനം സഹായിച്ചു എന്ന് വിലമതിക്കുന്നതിന്.
- ഇന്ത്യൻ ഭരണഘടനയിലെ വകുപ്പുകൾ ദേശീയോദ്ഗ്രഥനത്തെ എത്രമാത്രം പ്രോത്സാഹിപ്പിക്കുന്നു എന്ന് വിശകലനം ചെയ്യാൻ.
- ദേശീയോദ്ഗ്രഥനം നമ്മുടെ രാജ്യത്ത് നേരിടുന്ന വെല്ലുവിളികൾ തരിച്ചറിയാൻ.

- മതേതരത്വത്തിന്റെ കൂട്ടിച്ചേർക്കലുകൾ മനസ്സിലാക്കുന്നതിന്
- ഇന്ത്യയിലെ ഒരു പൗരനെന്ന നിലയിലും നമ്മുടെ രാജ്യത്ത് ദേശീയോദ്ഗ്രഥനവും മതേതരത്വവും പ്രോത്സാഹിപ്പിക്കുന്ന ഒരു മാറ്റത്തിന്റെ പ്രതിനിധിഎന്ന നിലയിലും ഒരു പഠിതാവിന്റെ പങ്ക് വിലമതിക്കാൻ.

## 24.1 ദേശീയോദ്ഗ്രഥനം

### ദേശീയോദ്ഗ്രഥനം അർത്ഥവും പ്രാധാന്യവും

ദേശീയോദ്ഗ്രഥനത്തെകുറിച്ചുള്ള ചർച്ച ആരംഭിക്കുന്നതിന് മുമ്പ് അതിന്റെ അർത്ഥം മനസ്സിലാക്കുന്നത് കൂടുതൽ നന്നായിരിക്കും. ഈ പദത്തിൽ രണ്ട് വാക്കുകൾ അടങ്ങിയിട്ടുണ്ട് - ദേശവും (രാഷ്ട്രം) ഉദ്ഗ്രഥനവും. രാഷ്ട്രം എന്നതുകൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത് ? ഏകീകൃതമായ സാമൂഹിക - സാമ്പത്തിക രാഷ്ട്രീയ ഘടനയുള്ള ഒരു രാജ്യത്തിനെയാണ് രാഷ്ട്രം എന്നു പറയുന്നത്. പൊതുചരിത്രം, സമൂഹം, സംസ്ക്കാരം മൂല്യങ്ങൾ എന്നതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതമായഒന്നാണെന്ന വികാരം ഉള്ള ഒരു കൂട്ടം ആളുകളെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒന്നാണെന്ന വികാരം ജനങ്ങളെ ഒരുമിച്ച് ഒന്നാക്കി ഒരു രാഷ്ട്രമാക്കിമാറ്റുന്നു. ഈ വികാരമാണ് പൊതുവായി ദേശീയോദ്ഗ്രഥനം എന്നറിയപ്പെടുന്നത്. ഒരു രാജ്യത്തെ ജനങ്ങളുടെ താദാത്മ്യബോധമാണ് ദേശീയോദ് ഗ്രഥനം. സമൂഹം, ജാതി, മതം, സംസ്ക്കാരം, പ്രദേശം, ഭാഷ ഇവയെല്ലാം ഭിന്നമാണെങ്കിലും നാം ഒന്നാണെന്നബോധം തിരിച്ചറിയുന്നു എന്നതാണ് ഇത് അർത്ഥമാക്കുന്നത്. ശക്തവും അഭിവൃദ്ധ്യുന്മുഖവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് ഇത് വളരെ ആവശ്യമാണ്.

**? നിങ്ങൾക്കറിയാമോ**

"ഓരോ വ്യക്തിയിലും ഒരു വിഭാഗത്തിന് ഉപരിയായി രാജ്യത്തോട് കൂറും, ഇടുങ്ങിയ വിഭാഗീയ ചിന്താഗതികൾക്കതീതമായി രാജ്യത്തിന്റെ ക്ഷേമവും പ്രോത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഒരു മാനസിക വീക്ഷണം സൃഷ്ടിക്കുക എന്നതാണ് ദേശീയാദ്ഗ്രഥനം അർത്ഥമാക്കുന്നത്"

**- ഡോറോതി സിംപ്സൺ**

നമുക്കെല്ലാം അറിയാവുന്നതുപോലെ ഇന്ത്യ വൈവിദ്ധ്യങ്ങൾ ധാരാളമുള്ള ഒരു രാഷ്ട്രമാണ്. വിവിധ മതത്തിലും സമൂഹത്തിലും ജാതിയിലും പെട്ടവരാണ് ഇവിടെ താമസിക്കുന്നത്. അവർ ഭൂമിശാസ്ത്രപരമായി ഭിന്നമായ പ്രദേശങ്ങളിൽ താമസിക്കുന്നവരും വ്യത്യസ്തമതങ്ങളിൽ വിശ്വസിക്കുകയും ആചാരങ്ങൾ അനുഷ്ഠിക്കുകയും വ്യത്യസ്തമായ ജീവിതരീതി പുലർത്തുകയും ചെയ്യുന്നവരാണ്. എന്നാൽ ഈ വൈവിദ്ധ്യങ്ങൾ എല്ലാം ഉണ്ടെങ്കിലും അവരെല്ലാം ഇന്ത്യാക്കാരാണ്. അവർക്കത് അങ്ങനെതന്നെ അനുഭവ പ്പെടുകയും ചെയ്യുന്നു. അവർ ഹിന്ദു, മുസ്ലീം, ക്രിസ്ത്യാനി, സിക്ക്, ബുദ്ധിസ്റ്റ്, ജൈനർ, സൗരാഷ്ട്രീയൻ എന്നിങ്ങനെ വിവിധ പ്രത്യേകം പ്രത്യേകം മതവിഭാഗങ്ങളിൽ പ്പെടുന്നവരാണ്. അതുപോലെ പഞ്ചാബികൾ, തമിഴർ, മലയാളികൾ, ബംഗാളികൾ, മണിപ്പൂരികൾ, വടക്കെ ഇന്ത്യക്കാർ, തെക്കെ ഇന്ത്യക്കാർ, വടക്ക്കിഴക്കൻ ഇന്ത്യാക്കാർ എന്നൊക്കെ തിരിച്ചറിയപ്പെടുന്നുണ്ട്. ഇതൊക്കെയാണെങ്കിലും അവരിലൊക്കെ, ഇന്ത്യക്കാർ എന്ന ബോധം എല്ലാറ്റിനും ഉപരിയായിട്ടുണ്ട്.

### നിങ്ങൾക്കറിയാമോ

പണ്ഡിറ്റ് നെഹ്റു ഒരിക്കൽ പറഞ്ഞു:

"രാഷ്ട്രീയ ഉദ്ഗ്രഥനം നേരത്തെ നടന്നുകഴിഞ്ഞു. എന്നാൽ ഞാൻ അതിനെക്കാൾ അഗാധമായ ഒന്നിനു പിറകെയാണ് — ഭാരതീയരുടെ വൈകാരിക ഉദ്ഗ്രഥനം — ഇത് രണ്ടും കൂടി വിളക്കിച്ചേർത്ത്, അദ്ഭുതകരമായ നമ്മുടെ വൈവിധ്യങ്ങൾ സംരക്ഷിച്ചു കൊണ്ട് ഒരു ശക്തമായ ദേശീയ ഐക്യം നമുക്ക് സൃഷ്ടിക്കാം"

മതം, സാമൂഹികം, സാംസ്കാരികം, ഭാഷ എന്നീ രംഗങ്ങളിലും ഭൂമിശാസ്ത്രപരവുമായ വൈവിധ്യങ്ങളുമുള്ള ഒരു രാജ്യത്തിന് ദേശീയ ഉദ്ഗ്രഥനം അത്യാവശ്യമാണ്. നമ്മുടേതു പോലുള്ള രാജ്യത്തിന് അത് കൂടതൽ ആവശ്യവുമാണ്. നമുക്കറിയാവുന്നതുപോലെ ഇന്ത്യ ഒരു വലിയ രാജ്യമാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ് നമ്മളുടേത്. ലോകത്തിലെ എല്ലാ വലിയ മതങ്ങളും നില വിലുണ്ട്. ഹിന്ദു, ഇസ്ലാം, ക്രൈസ്തവ, ബുദ്ധ, സിക്ക് ജൈന, സൗരാഷ്ട്രീയ എന്നീ മതങ്ങൾ എല്ലാം സജീവമായി നമ്മുടെ രാജ്യത്തുണ്ട്. താഴെക്കാണുന്ന ചിത്രങ്ങളിൽ നിന്ന് ഓരോ മത ത്തിന്റെയും അടയാളങ്ങൾ തിരിച്ചറിയാൻ കഴിയുമോ എന്ന് നോക്കുക? ആളുകൾ സംസാരിക്കുന്ന ആയിരത്തിലധികം ഭാഷകൾ ഇന്ത്യയിൽ നിലവിലുണ്ട്. വേഷം, ഭക്ഷണശീലം, സാമൂഹിക ആചാരം ഇതിലെല്ലാം ധാരാളം വ്യത്യസ്തതകൾ കാണാൻ കഴിയും. ഭൂമിശാസ്ത്രപരമായി നമ്മുടെ ഭൂമി വ്യത്യാസപ്പെട്ടിരിക്കുന്നു. കാലാവസ്ഥയിൽ പ്രദേശങ്ങൾ തമ്മിൽ അദ്ഭുതകരമായ വ്യത്യാസങ്ങൾ ഉണ്ട്. ഈ ഭിന്നതകളെല്ലാം ഉണ്ടെങ്കിലും രാഷ്ട്രീയമായ ഒരു ഏകത്വം ഇന്ത്യയ്ക്ക് ഉണ്ട്. പരസ്പരം സമാധാനപരമായ സഹവർത്തിത്വം അംഗീകരിക്കുകയും സഹജീവികളുടെ സാംസ്ക്കാരവും മതവും ബഹുമാനിക്കുകയും ചെയ്തുകൊണ്ടാണ് നാമിവിടെ കഴിയുന്നത്. ദേശീയോദ്ഗ്രഥനം എന്ന പദത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കി പ്രവർത്തിക്കുകയാണെങ്കിൽ സമാധാനപരമായ സഹവർത്തിത്വം സാധ്യമാണ്. രാഷ്ട്രത്തിന്റെ സുരക്ഷിതത്തിനും വികാസത്തിനും ദേശീയോദ്ഗ്രഥനം വളരെ ആവശ്യമാണ്.

### പ്രവർത്തനം 24.1

ക്രിക്കറ്റ് ഇന്ത്യയിൽ 'മതം' പോലെയാണെന്ന് അവകാശപ്പെടുന്നു. ക്രിക്കറ്റ് മത്സരം പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ നമ്മുടെ രാജ്യം മുഴുവൻ ടി.വിയുടെ മുന്നിൽ പശവെച്ച് ഒട്ടിച്ചിരിക്കുന്നതുപോലെ തോന്നിക്കുന്ന അനുഭവം നിങ്ങൾക്കും ഉണ്ടായിട്ടുണ്ടാകണം. നമ്മുടെ ക്രിക്കറ്റ് കളിക്കാർ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നുള്ളവരാണ്. അവർ വ്യത്യസ്തമായ സാമൂഹിക സാംസ്ക്കാരിക,സാമ്പത്തിക സ്ഥിതിയിലുള്ളവരാണ് എന്നാലും അവർ നമ്മുടെ രാജ്യത്തിനുവേണ്ടി ഒരൊറ്റ ഏകകമായിട്ടാണ് കളിക്കുന്നത്. ക്രിക്കറ്റ് കാണുന്നവർ എല്ലാദേശത്തുള്ളവരും പൂർണ്ണമായി ഒന്നടങ്കം ഒരുമിച്ചാണ് ഇന്ത്യൻ ടീമിന്റെ ഓരോ വിജയവും ആഘോഷിക്കുന്നത്. അതു പോലെ പാരാജയത്തിലും ഒരു പോലെ വിദ്വേഷവും ദു:ഖവും പ്രകടിപ്പിക്കുന്നു.

ദേശീയോദ്ഗ്രഥനത്തിന് ഇതിനേക്കാൾ നല്ല ഒരു ഉദാഹരണമുണ്ടോ ? ഈ അനുഭവ ത്തിന്റെ അടിസ്ഥാനത്തിൽ വേഗത്തിൽ ലഭിക്കുന്ന നിങ്ങളുടെ അഞ്ച് സഹപാഠികളേയോ അഞ്ച് അയൽക്കാരേയോകണ്ട് താഴെപറയുന്ന ചോദ്യങ്ങളോട് അവർക്കുള്ള വീക്ഷണ ങ്ങൾ രേഖപ്പെടുത്തുക.

1. ഇന്ത്യക്കാർ ഏന്തുകൊണ്ടാണ് മുകളിൽ പറഞ്ഞ രീതിയിൽ പെരുമാറുന്നത് ?
2. തന്റെ മതക്കാരനോ, സംസ്ഥാനക്കാരനോ, ജാതിക്കാരനോ അല്ലാതിരുന്നിട്ടും ഓരോ ക്രിക്കറ്റുകളിക്കാരനെയുംആരാധനയോടെആളുകൾകാണുന്നത് എന്തുകൊണ്ടാണ്?
3. ബീഹാറി, മഹാരാഷ്ട്രക്കാരൻ, തെലുങ്കൻ, ബ്രാഹ്മണൻ, ദലിതൻ എന്നൊന്നും കാണാതെ ഇന്ത്യക്കാരൻ എന്ന് വിചാരിച്ച് പെരുമാറുന്ന മറ്റ് സന്ദർഭങ്ങൾ ഏതെല്ലാം.

പ്രതികരണങ്ങൾ വിശകലനം ചെയ്യുകയും ദേശീയോദ്ഗ്രഥനത്തിന്റെ പ്രാധാന്യം വിലയിരുത്തുകയും ചെയ്യുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 24.1

1. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക
   (a) ഒരു രാഷ്ട്രം എന്നത് ........................................ രാജ്യമാണ്.
   (b) ദേശീയോദ്ഗ്രഥനം രാജ്യത്തെ ജനങ്ങളുടെ ഇടയിലുള്ള ........... ബോധമാണ്.
   (c) ................................ കെട്ടിപ്പടുക്കുന്നതിന് ഇത്തരത്തിലുള്ള ഒരു ഉദ്ഗ്രഥനത്തിന് വളരെ പ്രാധാന്യമുണ്ട്
   (d) .......................... എന്നീ എല്ലാപ്രധാനപ്പെട്ട മതങ്ങളും ഇന്ത്യയിൽ നിലവിലുണ്ട്.
2. എന്തുകൊണ്ടാണ് ദേശീയോദ്ഗ്രഥനം ആവശ്യമായിതീർന്നിട്ടുള്ളത്?

### 24.1. 2 ദേശീയപ്രസ്ഥാനവും ദേശീയോദ്ഗ്രഥനവും

ഇന്ത്യ പുരാതനകാലം മുതൽക്കേ നിലനിൽക്കുന്ന ഒരുരാഷ്ട്രമെന്ന് നിങ്ങൾ പറഞ്ഞു കേട്ടോ അല്ലെങ്കിൽ വായിച്ചോ അറിഞ്ഞിട്ടുണ്ടാകും. നിങ്ങളുടെ അറിവ് ശരിയാണ്.

ഇന്ന് നാം കാണുന്ന ഇന്ത്യ പഴയകാലംമുതലേ ഉണ്ടായിരുന്നു. എന്നാൽ അത് ഒരു ഭൂമിശാസ്ത്ര പരമായ അസ്തിത്വം മാത്രമായിരുന്നു. എന്തുകൊണ്ടെന്നാൽ അത് നിരവധി നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. അവ തമ്മിൽ സാംസ്ക്കാരികമായ സാമ്യങ്ങളുണ്ടായിരുന്നു. എന്നാൽ ഇന്നത്തെപ്പോലെ കൂട്ടിച്ചേർക്കപ്പെട്ടതോ ഏകീകൃതമോ ആയിരുന്നില്ല. ബ്രിട്ടീഷ് ഭരണകാലത്താണ് ഇന്ത്യ ആദ്യമായി ഭരണപരമായി ഏകീകരിക്കപ്പെട്ടത്. ബ്രിട്ടീഷ് ഭരണാധികാരികൾ ധാരാളം നാട്ടുരാജ്യങ്ങളെ അവരുടെ സാമ്രാജ്യത്തോട് കൂട്ടിച്ചേർക്കുകയും അവിടെ അവരുടെ പരോക്ഷമായ ഭരണം നടത്തുകയും ചെയ്തു. ഭൂമിശാസ്ത്രപരമായി അസ്തിത്വം ഉണ്ടായിരുന്നെങ്കിലും ഒരു രാഷ്ട്രമെന്ന വികാരമോ ധാരണയോ അന്ന് ആളുകളുടെയിടയിൽ ദൃശ്യമായിരുന്നില്ല. ബ്രിട്ടീഷ് അധികാരികളുടെ ഭരണത്തിനുവേണ്ടിയുള്ള ഏറ്റവും വലിയ തന്ത്രം 'ഭിന്നിപ്പിച്ചു ഭരിക്കുക' എന്നതായിരുന്നു. അവർ സമുദായിക വിഭജനമാണ് പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നത്. പ്രത്യേകിച്ചും ഹിന്ദുക്കളുടേയും മുസ്ലീങ്ങളുടേയുമിടയിൽ. സാമ്പത്തിക വികസനത്തിന്റെ കാര്യത്തിലെ അവരുടെ അനാസ്ഥ രാജ്യത്ത് ധാരാളം ചേരിതിരിവുകളുണ്ടാക്കി.

സ്വാതന്ത്ര്യസമര കാലത്താണ് ഒരു രാഷ്ട്രം എന്ന ധാരണയും വികാരവും ഉയർത്തെഴുന്നേറ്റതും ദേശീയാദ്ഗ്രഥനത്തിൻെറ ആവശ്യകത മനസ്സിലാക്കിയതും. ഇക്കാലത്ത് പല പ്രദേശങ്ങളിൽ താമസിക്കുന്നവരും വ്യത്യസ്തമതം, സംസ്ക്കാരം, സമുദായം, ജാതി

കുറിപ്പുകൾ

എന്നിവയിൽ പിറന്നവരുമായ ആളുകൾ ബ്രീട്ടീഷ്കാരെ ഇന്ത്യൻ മണ്ണിൽനിന്ന് പായിക്കാൻ കൈകോർത്തു. പ്രത്യേകിച്ച് 1885 -ൽ സ്ഥാപിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കൊടിക്കീഴിൽ ഇന്ത്യയിലെ എല്ലാവിഭാഗം ജനങ്ങളും ഒരുമിച്ച് ചേർന്ന് ഇന്ത്യ വിട്ടുപോകാൻ ബ്രിട്ടീഷുകാരെ നിർബന്ധിച്ചു. 'ഭിന്നിപ്പിച്ചു ഭരിക്കുക.' എന്ന നയം ബ്രിട്ടീഷ് ഭരണാധികാരികൾ സ്വീകരിച്ചതിനുശേഷം സ്വാതന്ത്ര്യസമര പ്രസ്ഥാനം ജനങ്ങൾ തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്തുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധചെലുത്തി. സമത്വം, സ്വാതന്ത്ര്യം, മതേതരത്വം, സാമൂഹിക-സാമ്പത്തിക വികസനം എന്നീ കാര്യങ്ങൾക്ക് സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ നേതൃത്വം കൂടുതൽ പ്രാധാന്യം നൽകി പ്രവർത്തിച്ചു. ഇന്ത്യ സ്വാതന്ത്ര ആയപ്പോൾ ഇക്കാര്യങ്ങളെല്ലാം പുതിയ രാഷ്ട്രത്തിന്റെ ഉദ്ദേശ്യങ്ങളായി തീർന്നു.

## പ്രവർത്തനം 24.2

നിങ്ങൾക്കറിയാവുന്നതുപോലെ ഇന്ത്യയുടെ എല്ലാ ഭാഗത്തുമുള്ള ജനങ്ങൾ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കുകയും അവരിൽ ധാരാളം പേർ ജീവത്യാഗം അനുഷ്ഠി ക്കുകയും ചെയതു. ഈ സ്വാതന്ത്ര്യ സമരയോദ്ധാക്കളിൽ പലരും നിങ്ങളുടെ സംസ്ഥാനത്ത് നിന്നുമുള്ളവരാണ്. അങ്ങനെയുള്ളവരുടെ ഒരു പട്ടികതയ്യാറാക്കുക. നിങ്ങളുടെ വീട്ടിലെ മുതിർന്നവർ, അയൽക്കാർ, അധ്യാപകർ, തുടങ്ങിയവരോട് നിങ്ങൾക്ക് കൂടിയാലോചിക്കാം.

### 24 1.3 ദേശീയോദ്ഗ്രഥനവും ഇന്ത്യൻ ഭരണഘടനയും

1947 -ഓഗസ്റ്റ് 15ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ, രാജ്യം നിരവധി പ്രശ്നങ്ങളെ നേരിട്ടു കൊണ്ടിരിക്കുകയായിരുന്നു. ദേശീയോദ്ഗ്രഥനം ആ സമയത്ത് വലിയ വെല്ലുവിളികളാണ് അഭിമുഖീകരിക്കേണ്ടിവന്നത്. വിഭജനം ഇന്ത്യയെന്നും പാകിസ്ഥാൻ എന്നും രണ്ടു രാജ്യങ്ങളാക്കി മാറ്റിയകാര്യം നിങ്ങൾക്കറിയാം. വിഭജനം ഏറ്റവും ഹീനമായ വർഗ്ഗീയലഹളയ്ക്ക് കാരണമായി. നല്ലൊരുഭാഗം ജനങ്ങൾ തങ്ങ ളുടെ താമസസ്ഥലം ഉപേക്ഷിച്ച് മറ്റ് സ്ഥലങ്ങളിൽ അഭയാർത്ഥികളായി എത്തിച്ചേരേണ്ട സ്ഥിതി ഉണ്ടായി. ഇത്തരം രംഗങ്ങളൊക്കെ നിങ്ങൾ സിനിമകളിലോ, ഡോക്യുമെന്ററികളിലോ ടി. വി സീരിയലുകളിലോ കാണ്ടിട്ടുണ്ടാകണം. കൂടാതെ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ സംയോജിപ്പിക്കുക എന്ന സങ്കീർണ്ണമായ പ്രശ്നവും ഇന്ത്യയിലെ രാഷ്ട്രീയ നേതാക്കന്മാർക്ക് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇന്ത്യൻ യൂണിയന്റെ ഐക്യത്തിന് കോട്ടം സംഭവിപ്പിക്കാൻ സാധ്യതയുള്ള വേറെയും നിരവധി ഘടകങ്ങൾ ആസമയത്ത് നിലനിന്നിരുന്നു.

**? നിങ്ങൾക്കറിയാമോ**

സ്വാതന്ത്ര്യത്തിന് തൊട്ടുമുൻപ് ഇന്ത്യ രണ്ട് ഭൂവിഭാഗങ്ങളായി വിഭജിച്ചിരുന്നു. ഒന്നാമത്തേത് ബ്രിട്ടീഷ് ഭരണാധികാരികൾക്ക് പ്രത്യക്ഷമായ നിയന്ത്രണമുണ്ടായിരുന്ന ബ്രിട്ടീഷ് ഇന്ത്യ, രണ്ടാമത്തേത് ബ്രിട്ടീഷ് ഗവൺമെന്റിന് പരോക്ഷ നിയന്ത്രണമുണ്ടായിരുന്ന 562 സ്വതന്ത്ര്യനാട്ടുരാജ്യങ്ങൾ. സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടപ്പോൾ ഈ നാട്ടുരാജ്യങ്ങൾ ഇന്ത്യയിലോ, പാക്കിസ്ഥാനിലോ അവരുടെ ഇഷ്ടം അനുസരിച്ച് ചേരാനുള്ള സ്വാതന്ത്ര്യം നൽകി. അങ്ങനെ വളരെക്കുറച്ച് നാട്ടുരാജ്യങ്ങൾ പാക്കിസ്ഥാനിലും ബാക്കി ഉള്ളവ ഇന്ത്യയിലും ലയിച്ചു എങ്കിലും ഹൈദരബാദ്, ജമ്മുകാഷ്മീർ, ജൂനഗഡ് എന്നീ നാട്ടു രാജ്യങ്ങൾ ഇന്ത്യൻ യൂണിയനിലോ പാകിസ്ഥാനിലോ ചേരാതെ സ്വതന്ത്രമായി നിൽക്കാൻ ആഗ്രഹിച്ചു. മണിപ്പൂർ, ത്രിപുര എന്നീ സംസ്ഥാനങ്ങളുമായും പ്രശ്നങ്ങളുണ്ടായിരുന്നു.

മുകളിൽ പ്രസ്താവിച്ച കാര്യങ്ങളുടെ പശ്ചാത്തലത്തിൽ, ഇന്ത്യയുടെ ഭരണഘടന ദേശീയ ഉദ്ഗ്രഥനത്തിന് വലിയ ഊന്നൽ നൽകി. ഭരണഘടനയുടെ പട്ടികയിൽ രാഷ്ട്ര ത്തിന്റെ ഐക്യവും അഖണ്ഡതയും പ്രധാനപ്പെട്ട ഉദ്ദേശ്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ പരാമാധികാരം, ഐക്യം, അഖണ്ഡത എന്നിവ ഉയർത്തിപ്പിടിക്കു കയും സംരക്ഷിക്കുകയും ചെയ്യേണ്ടത് ഇന്ത്യയിലെ ഓരോ പൗരൻെറയും മൗലിക കർത്തവ്യ മായികൂടി ഭരണഘടനയിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. രാഷ്ട്രത്തിന്റെ നാനാത്വത്തോ ടുള്ള ആദരവ് നമ്മുടെ ഭരണഘടന പ്രതിഫലിപ്പിക്കുന്നു. ഐക്യവും അഖണ്ഡതയും ഉറപ്പാക്കാനും ഭരണഘടന ശ്രമിക്കുന്നു. അതിനാലാണ് ഒരു കേന്ദ്രീകൃത ഫെഡറേഷനും ശക്തിയേറിയ ഒരു കേന്ദ്രഗവൺമെന്റിനും വേണ്ടിയുള്ള വകുപ്പുകൾ ഇന്ത്യൻ ഭരണഘടന യിൽപെടുത്തിയിട്ടുള്ളത്. കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ എന്നിവയെകുറിച്ചുള്ള പാഠങ്ങൾ പഠിക്കുമ്പോൾ നിങ്ങൾക്കിത് കൂടുതൽ മനസ്സിലാക്കാം

### നിങ്ങൾക്കറിയാമോ

- മൗലിക കടമകളുടെ ഭാഗമായിവരുന്ന ധാരാളം വ്യവസ്ഥകൾ ദേശീയോദ്ഗ്രഥന ത്തെ ദൃഢീകരിക്കുന്നു. അതിൽ പ്രധാനപ്പെട്ടവ അടിയിൽ കൊടുക്കുന്നു.
- ഓരോ പൗരനും നിരവധി കടമകൾ നിർവ്വഹിക്കാനുണ്ട്.
- ഭരണഘടന അനുസരിക്കുക, അതിന്റെ സ്ഥാപനങ്ങളേയും ദേശീയ പതാക യേയും ദേശീയഗാനത്തേയും ബഹുമാനിക്കുക.
- സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹത്തായ തത്വങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക.
- നമ്മുടെ രാജ്യത്തെ പ്രതിരോധിക്കാൻ എപ്പോൾ ആവശ്യപ്പെടുന്നുവോ അപ്പോൾ രാജ്യത്തിന്വേണ്ടി സേവനം നടത്താനും തയ്യാറാവുക.
- ഇന്ത്യയിലെ എല്ലാജനങ്ങൾക്കുമിടയിൽ പൊതുവായ സാഹോദര്യമനോഭാവം എന്ന ആദർശം ഉയർത്തിക്കാട്ടുകയും മതപരവും, ഭാഷാപരവും, പ്രാദേശികവും ഭാഗികവുമായ എല്ലാ വൈവിദ്ധ്യങ്ങളെയും മാനിച്ചുകൊണ്ട് ഏകതാനയയോടെ പ്രവർത്തിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- സ്ത്രീകളുടെ മാന്യതയെ അപമാനിക്കുന്ന എല്ലാ ചെയ്തികളെയും നിരാകരിക്കുക.
- നമ്മുടെ സന്തുഷ്ടമായ സാംസ്കാരിക പൈതൃകം കാത്തു സൂക്ഷിക്കുക.
- പൊതുമുതൽ സംരക്ഷിക്കുകയും അക്രമം ഉപേക്ഷിക്കുകയും ചെയ്യുക.
- വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും ഉത്ക്കൃഷ്ടതയ്ക്കുവേണ്ടി അദ്ധ്വാനിക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 24.2

1. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക.

   (a) ബ്രിട്ടീഷ് ഭരണകാലത്ത് ഭൂമിശാസ്ത്രപരമായി ഇന്ത്യ ഏകീകരിക്കപ്പെട്ടിരുന്നു. എന്നാൽ അത് .......................... വും .......................... വും ആയിരുന്നില്ല.

(b) സ്വാതന്ത്ര്യസമരകാലത്താണ് ...................... എന്ന ഒരു തോന്നലും വികാരവും ജനങ്ങളിൽ ഉയർത്തെഴുന്നേറ്റത്.

(c) സ്വാതന്ത്ര്യസമരകാലത്ത് .................... എന്നീ വിഭാഗങ്ങളിൽപ്പെട്ട ജനങ്ങൾ ഇന്ത്യയിൽ നിന്നും ബ്രിട്ടീഷുകാരെ തുരത്താൻ കൈകോർത്തു.

(d) ............................. ലാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിച്ചത്.

2. ഇന്ത്യൻ ഭരണഘടന ദേശീയോദ്ഗ്രഥനത്തിന് വലിയ ഊന്നൽ നൽകിയിട്ടുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ ?

## 24 1.4 ദേശീയോദ്ഗ്രഥനത്തിൻെറ വെല്ലുവിളികൾ

മുൻ ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ദേശീയോദ്ഗ്രഥനത്തിന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യത്തിനുശേഷം ധാരാളം വെല്ലുവിളികൾ നേരിടേണ്ടിവന്നിട്ടുണ്ട്. ഈ വെല്ലുവിളികൾക്ക് പരിഹാരം കാണാൻ ധാരാളം പരിശ്രമങ്ങൾ നടത്തിയിട്ടു ണ്ടെങ്കിലും, ഇന്നും അതെല്ലാം തുടർന്നുകൊണ്ടിരിക്കേണ്ട സ്ഥിതിയാണ്. ഏറ്റവും പ്രധാന പ്പെട്ട വെല്ലുവിളികൾ താഴെ കൊടുക്കുന്നു.

### A. വർഗ്ഗീയത

ഇന്ത്യ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നങ്ങളിൽ ഒന്നായി വർഗ്ഗിയത മാറിയിട്ടുണ്ട് വ്യക്തികൾക്ക് തൻെറ മതത്തിനോട് ഉള്ള ഭ്രാന്തമായ താത്പര്യം വളർന്ന് മറ്റ് മതങ്ങളോട് അസഹിഷ്ണുത കാട്ടുമ്പോഴാണ് വർഗ്ഗീയതരൂപം കൊള്ളുന്നത്. ഇത്തരം വികാരങ്ങൾ മതമൗലികതയും മതഭ്രാന്തും വളർത്തുകയും അത് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും അപകടകരമായി തീരുകയും ചെയ്യുന്നു. ലോകത്തി ലെ ഏറ്റവും പ്രധാനപ്പെട്ട മതങ്ങളിൽപ്പെട്ടവരെല്ലാം ഇന്ത്യയിലുള്ളതിനാൽ ഈ വികാരം ഇവിടെ കൂടുതലാണ്. സ്വാതന്ത്ര്യത്തിനുശേഷം മുതലെ നമ്മുടെ രാജ്യം വർഗ്ഗീയ തയുടെ ദൂഷ്യങ്ങൾ അനുഭവിച്ചുകൊണ്ടേയിരിക്കുന്നു. സ്വാതന്ത്ര്യത്തലേന്നും അതിനു ശേഷവും ഏറ്റവും ഹീനമായ വർഗ്ഗീയ ലഹളകൾ ഇന്ത്യയ്ക്ക് അഭിമുഖീകരിക്കേണ്ടിവന്നു. ജനങ്ങൾ ക്ക് ഭീകരമായ വേദനകളും യാതനകളും നൽകിക്കൊണ്ട് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ അക്കാലത്ത് വർഗ്ഗീയ ലഹളകൾ നടന്നു.

## പ്രവർത്തനം 24.3

സ്വാതന്ത്ര്യത്തിനുശേഷം നടന്ന 3 വലിയ വർഗ്ഗീയലഹളകൾ തിരിച്ചറിയുക. പുസ്ത കങ്ങൾ, മാസികകൾ, ഇന്റർനെറ്റ് എന്നിവ വഴി വിവരങ്ങൾ ശേഖരിക്കുക.

നിങ്ങൾ കണ്ടിട്ടുള്ളതോ കേട്ടിട്ടുള്ളതോ ആയ ഇന്ത്യയിൽ സംഭവിച്ച വർഗ്ഗീയ ലഹളയെ അടിസ്ഥാനമാക്കിയിട്ടുള്ള ഒരു സിനിമയുടെ പേര് നിങ്ങൾക്കറിയാമോ ? നിങ്ങൾ കണ്ടിട്ടില്ലെങ്കിൽ നിങ്ങളേക്കാൾ മുതിർന്നവർ അല്ലെങ്കിൽ സുഹൃത്തുക്കൾ കണ്ടിട്ടു ണ്ടാകും. അവരിൽ നിന്നും ഈ സിനിമയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കുക. നിങ്ങൾക്ക് ഇന്റർനെറ്റ് വഴിയും അത്തരം വിവരങ്ങൾ ലഭിക്കും.

വർഗ്ഗീയ ലഹളകളെപ്പറ്റി നിങ്ങളുടെ ചിന്തകൾ ഒരു ചെറിയകുറിപ്പായി തയ്യാറാക്കുക.

## B. പ്രാദേശികത

ദേശീയോദ്ഗ്രഥനത്തിന് മറ്റൊരുതടസ്സം പ്രാദേശികത്വം ആണ്. പലസന്ദർഭ ങ്ങളിലും ദേശീയ മുൻഗണനകൾ പരിഗണിക്കപ്പെടാതെ പ്രാദേശിക താത്പര്യങ്ങൾ സംരക്ഷിക്കാൻ പ്രാദേശികത്വം പ്രേരണ ചെലുത്തുന്നു. ഒരു പ്രത്യേക പ്രദേശത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കുന്നത് ആവശ്യമായി വരുമെന്ന് ഏതൊരാൾക്കും തോന്നാം. അത് തങ്ങളുടെ ന്യായമായ പ്രാദേശികാവശ്യങ്ങൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് നിർബന്ധപൂർവ്വം അവയ്ക്ക് പരിഹാരം കാണുന്നതിനുവേണ്ടിയാണ്. ഈ ഒരു ചിന്ത ന്യായയുക്തമാണ്. നാടിൻെറ മൊത്തം പുരോഗതിക്കാവശ്യമായ പ്രോജക്ടുകൾ, വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് ലഭിക്കേണ്ട അർഹമായ പങ്ക് നിഷേധിക്കപ്പെടുമ്പോഴുണ്ടാകുന്ന ന്യായമായ അവശതകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും ഇത്തരം ആവശ്യങ്ങൾ ഉയർന്നുവരുന്നത്. ഒരു പ്രത്യേകപ്രദേശം തുടർച്ചയായി അവഗണിക്കപ്പെടുന്നതുമായി ബന്ധപ്പെട്ടായിരിക്കും പലപ്പോഴും ഇത്തരം പ്രശ്ന ങ്ങൾ ഉണ്ടാകുന്നത്.

അറുപതുവർഷക്കാലം ആസൂത്രണാടിസ്ഥാനത്തിലുള്ള വികസനശ്രമങ്ങൾ നടന്നിട്ടും നമ്മുടെ രാജ്യത്തിൻെറ എല്ലാഭാഗങ്ങളും ആഗ്രഹിച്ച രീതിയിൽ വികസിച്ചിട്ടില്ല. മറ്റ് പല ഘടകങ്ങളോടൊപ്പം പ്രതീക്ഷിച്ച രീതിയിലുള്ള സാമൂഹിക, സാമ്പത്തിക വികാസ ത്തിന്റെ കുറവ് പുതിയ സംസ്ഥാനങ്ങൾ സൃഷ്ടിക്കണമെന്ന ആവശ്യം ഉയരാൻ കാരണമായി. പ്രാദേശികാഭിലാഷങ്ങളുടെ പേരിൽ നടന്ന സമരങ്ങളുടെ ഫലമായി എത്രപ്രാവശ്യം സംസ്ഥാനങ്ങളുടെ പു:ന സംഘടന നടന്നിട്ടുണ്ടെന്ന് അറിയാമോ ? എന്നാൽ എപ്പോൾ പ്രാദേശികത്വം ദേശീയതാത്പര്യങ്ങൾ അവഗണിക്കുന്നോ, എപ്പോൾ മറ്റ് പ്രദേശങ്ങളുടെ താത്പര്യങ്ങളോട് പ്രതിഷേധ മനോഭാവം ഉണ്ടാകാൻ അവിടുത്തെ ആളുകളെ പ്രേരിപ്പിക്കുന്നോ അപ്പോൾ അത് ഹാനികരമായിതീരുന്നു. പലപ്പോഴും രാഷ്ട്രീയ പരിഗണനകളുടെ അടിസ്ഥാനത്തിലാണ് പലസന്ദർഭങ്ങളിലും പ്രതിഷേധവും വികാരപ്രകടനങ്ങളും നടക്കുന്നത്. അക്രമാസക്തമായ പ്രാദേശികത്വം എപ്പോഴും അപകടകരമാണ്. അത് വിഭജന ത്തിലേക്ക് നയിക്കുന്നു. ആസ്സാം, ജമ്മുകാഷ്മീർ എന്നീ സംസ്ഥാനങ്ങളിലെ ചില ഭാഗങ്ങളിൽ അത്തരം ഒരു വികാരം നമുക്ക് അനുഭവമായിക്കൊണ്ടിരിക്കുന്നു.




**ചിത്രം 24.2** *ഡാർജിലിംഗ് പ്രസ്ഥാനം*

## പ്രവർത്തനം 24.4

പ്രാദേശികപ്രസ്ഥാനങ്ങളുടെ ഫലമായി ഇപ്പോൾ നിലനിൽക്കുന്ന പല സംസ്ഥാന ങ്ങളേയും വിഭജിച്ച് പുതിയ സംസ്ഥാനങ്ങൾ സൃഷ്ടിക്കേണ്ടിവന്നിട്ടുണ്ട്. സംസ്ഥാന പുന:സംഘടന നിയമം 1956 വഴിയാണ് വലിയ ഒരു പുന:സംഘടന ഉണ്ടായത്. അതിനു ശേഷം ധാരാളം പുതിയ സംസ്ഥാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, ഉത്തരാഖണ്ഡ് എന്നീ മൂന്നു സംസ്ഥാനങ്ങളാണ് ഏറ്റവും പുതിയവ. ഈ മൂന്നു സംസ്ഥാനങ്ങളും രൂപീകരിച്ചത് നിലനിന്നിരുന്ന സംസ്ഥാനങ്ങളെ വിഭജിച്ചു കൊണ്ടാണ്. ഇപ്പോൾ അന്ധ്രാപ്രദേശിനെ വിഭജിച്ച് ഒരു പുതിയ സംസ്ഥാനം സൃഷ്ടിക്കണമെന്ന ആവശ്യത്തിൻമേലുള്ള സമരം നടന്നുകൊണ്ടിരിക്കുന്നു. ഈ വിവരങ്ങളുടെ എല്ലാം അടി സ്ഥാനത്തിൽ നിങ്ങൾക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

- *ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ ഏതെല്ലാം മൂന്ന് സംസ്ഥാനങ്ങളെ വിഭജിച്ചിട്ടാണ് പുതിയതായി സൃഷ്ടിക്കപ്പെട്ടത് എന്ന് തിരിച്ചറിയുക.*

- *ആന്ധ്രാപ്രദേശിൽ പുതിയതായി രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്ന സംസ്ഥാന ത്തിന്റെ പേര് എന്താണ് ?*

### C. ഭാഷ

നമ്മുടെ രാജ്യം നിരവധിഭാഷകളുള്ള ഒരു രാഷ്ട്രമാണെന്ന് നമുക്കെല്ലാം അറിയാം. രണ്ടായിരത്തോളം ഭാഷകളും ഗ്രാമ്യഭാഷകളും ഇന്ത്യയിൽ സംസാരിക്കപ്പെടുന്നുണ്ട്. പല സന്ദർഭങ്ങളിലും ഭാഷകളുടെ ബഹുത്വം ദൂഷ്യമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് സ്വാതന്ത്ര്യത്തിൻെറ ആരംഭദശകങ്ങളിൽ. എല്ലാ രാജ്യത്തിനും ഒരു പൊതു ഔദ്യോഗിക ഭാഷ ആവശ്യമാണ്. എന്നാൽ ഇന്ത്യയ്ക്ക് അതൊരു നിസ്സാരമായി ചെയ്യാവുന്ന ഒന്നല്ല. ഭരണഘടനാ നിർമ്മാണസഭയിൽ ഹിന്ദി ഔദ്യോഗിക ഭാഷയായി അംഗീകരിക്കണം എന്ന ശുപാർശ വന്നപ്പോൾ, അഹിന്ദി സംസ്ഥാനങ്ങളിലെ മുഴുവൻ പ്രതിനിധികളും അതിനെ എതിർത്തു. അതിനെ തുടർന്ന് ഒരു ഒത്തുതീർപ്പുണ്ടായി. ഹിന്ദി ഔദ്യോഗികഭാഷ ആയിരിക്കുമ്പോഴും 15 വർഷക്കാലത്തേക്ക് കേന്ദ്രസർക്കാ രിന്റെ ഔദ്യോഗികാവശ്യങ്ങൾ ക്കായി ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാമെന്ന് അങ്ങനെ സർക്കാർ തീരുമാനിച്ചു.

1955-ൽ ഔദ്യോഗിക ഭാഷാ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷൻ ഇംഗ്ലീഷിനെ മാറ്റി ഹിന്ദി ഔദ്യോഗികഭാഷയാക്കാൻ ശുപാർശ ചെയ്തു. എല്ലാ അഹിന്ദി സംസ്ഥാന ങ്ങളിലും വ്യാപകമായ പ്രതിഷേധങ്ങളുണ്ടായി.

1963-ൽ ലോക്സഭയിൽ ഔദ്യോഗിക ഭാഷാബിൽ അവതരിപ്പിച്ചപ്പോൾ അത്തരം പ്രതിഷേധങ്ങളും പ്രകടനങ്ങളും ഒരിക്കൽ കൂടി കാണാനിടയായി. അതിന്റെ ഫലമായു ണ്ടായ 1963-ലെ ആക്ട് അനുസരിച്ച് സമയപരിധിയില്ലാതെ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയാക്കാൻ സർക്കാർ അനുവദിച്ചു.

**നിങ്ങൾക്കറിയാമോ**

ഈ സംഘർഷം നിലനിൽക്കുന്ന കാലങ്ങളിൽ വിവിധഭാഷാ സംഘങ്ങളെ തൃപ്തിപ്പെടുന്നതിനും ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ഒരു ത്രിഭാഷ പദ്ധതി ആവിഷ്കരിച്ചു. ഹിന്ദി സംസ്ഥാനങ്ങളിൽ ഒരു ആധുനികഭാഷ, കഴിവതും ഒരു തെക്കെ ഇന്ത്യൻഭാഷ, അതോടൊപ്പം ഹിന്ദിയും ഇംഗ്ലീഷും; അഹിന്ദി സംസ്ഥാനങ്ങളിൽ പ്രാദേശികഭാഷയും കൂടാതെ ഹിന്ദിയും ഇംഗ്ലീഷും പഠിപ്പിക്കുക എന്നവ്യവസ്ഥ ആയിരുന്നു ത്രിഭാഷാ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. രാജ്യത്തെ സ്കൂൾ പാഠ്യ പദ്ധതിയിൽ ഇത് ഉൾപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നടന്നിട്ടുണ്ടായിരുന്നെങ്കിലും ഇന്നും അത് പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

1956-ൽ സമഗ്രമായി ഭാഷാ അടിസ്ഥാനത്തിലുള്ള സംസ്ഥാനങ്ങളുടെ പുന:സംഘടന നടന്നെങ്കിലും രാജ്യത്തിന്റെ ചിലഭാഗങ്ങളിൽ പുതിയ സംസ്ഥാന ങ്ങൾക്കുവേണ്ടിയുള്ള പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഇപ്പോഴും നടക്കുന്നുണ്ട്. ഈ പ്രസ്ഥാനങ്ങൾ ദേശീയോദ്ഗ്രഥനത്തിന് ധാരാളം വെല്ലുവിളികൾ ഉയർത്തുന്നുണ്ട്.

## D. ഭീകരവാദം

നമ്മുടെ രാജ്യത്തിൻെറ പലഭാഗങ്ങളിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഭീകര വാദ പ്രസ്ഥാനങ്ങളാണ് ദേശീയോദ്ഗ്രഥനത്തിന്റെ മറ്റൊരു വെല്ലുവിളി. നിങ്ങൾ നക്സൽ പ്രസ്ഥാനമെന്നും മാവോയിസ്റ്റ് പ്രസ്ഥാനമെന്നും കേട്ടിട്ടുണ്ടായിരിക്കണം. ഈ പ്രസ്ഥാനങ്ങൾ, അക്രമമാർഗ്ഗങ്ങൾ സ്വീകരിക്കുക, സാധാരണ ജനങ്ങളിൽ ഭീതി സൃഷ്ടിക്കുക, ജീവൻ അപഹരിക്കുക, പൊതുമുതലുകൾ നശിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. യൂവാക്കളാണ് ഈ പ്രസ്ഥാനങ്ങളിൽ സജീവമായി പങ്കെടുക്കുന്നത്. ഇവരെ ആയുധം എടുപ്പിക്കാൻ പ്രേരിപ്പിക്കുന്ന അടിസ്ഥാനകാരണം രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക രംഗങ്ങളിലെ പിന്നോക്കാവസ്ഥ തുടർന്നുകൊണ്ടിരിക്കുന്നതാണ്. ഇതിനും ഉപരിയായി ദൈനംദിനം നേരിടുന്ന അപമാനം, നീതി നിഷേധിക്കൽ, മനുഷ്യാവകാശലംഘനങ്ങൾ, പലതരത്തിലുള്ള ചൂഷണങ്ങൾ രാഷ്ട്രീയമായ പാർശ്വവത്ക്കരണം തുടങ്ങിയ കാര്യങ്ങളും ചെറുപ്പക്കാരെ നക്സലൈറ്റ്പ്രസ്ഥാനത്തിൽ പങ്കാളികളാക്കാൻ കാരണമാക്കിയിട്ടുണ്ട്. എന്നാൽ ഭീകരവാദപ്രവർത്തനങ്ങൾ നിയമ സമാധാനത്തിനും ഈ പ്രസ്ഥാനത്തിന് സ്വാധീനമുള്ള സ്ഥലങ്ങളിലെ ജനങ്ങളുടെ സമാധാനപരമായ ജീവിതത്തിനും ഭീഷണി ആയിത്തീർന്നിട്ടുണ്ട്.



ചിത്രം 24.3 *വനാന്തരങ്ങളിൽ നക്സലൈറ്റുകൾ*

### 24.1.5 ദേശീയോദ്ഗ്രഥനത്തെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങൾ

മുകളിൽപ്പറഞ്ഞ വെല്ലുവിളികൾ എല്ലാം നിലനിൽക്കുന്നുവെങ്കിലും, ദേശീയോദ്ഗ്രഥനത്തി ന് ശക്തമായ അടിത്തറ നൽകുന്ന ചിലഘടകങ്ങൾ ഉണ്ട് അവ താഴെ കൊടുക്കുന്നു.

#### എ. ഭരണഘടനയുടെ വകുപ്പുകൾ

ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ട നിയമപരമായ വകുപ്പുകൾ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ രാഷ്ട്രീയ സമ്പ്രദായത്തിന്റെ ലക്ഷ്യങ്ങളായി സോഷ്യലിസം, മതേതരത്വം, ജനാധിപത്യം, സ്വാത ന്ത്ര്യം, സമത്വം,നീതി, സാഹോദര്യം എന്നിവയെ അംഗീകരിച്ചുകൊണ്ടാണ് ഇന്ത്യൻ ഭരണഘടന രൂപപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യൻ പൗരർക്ക് മൗലികാവകാശങ്ങളും മൗലിക മായ കർത്തവ്യങ്ങളും ഭരണഘടനയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗവൺ മെന്റിനോട് നൽകാനുള്ള ചില നിർദ്ദേശങ്ങൾ ഭരണ ഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനെയാ ണ് നിർദ്ദേശകതത്വങ്ങൾ എന്നുപറയുന്നത്. സന്തുലിതമായ സാമ്പത്തിക വികസനം, സൂമൂഹികവിവേചനം അവസാനിപ്പിക്കൽ, അന്തർദേശീയ സമാധാനവും സുര ക്ഷിതത്വ വും ഉറപ്പാക്കൽ എന്ന കാര്യങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിനെല്ലാമുപരിയായി ദേശീയോദ്ഗ്രഥനത്തിലേക്ക് ജനങ്ങളെ എത്തിക്കാൻ വേണ്ട സ്ഥാപനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കരുതൽ നടപടികളും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

#### ബി. ഗവൺമെന്റിന്റെ നടപടികൾ

ദേശീയോദ്ഗ്രഥനം പരിപോഷിപ്പിക്കുന്നതിന് ശ്രമങ്ങൾ നടത്തികൊണ്ടിരിക്കുക യാണ്. ദേശീയോദ്ഗ്രഥനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഗണിക്കുന്നതിന് ഒരു ദേശീയോദ്ഗ്രഥന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ഈ കൗൺസിൽ ഇതിനുവേണ്ടി എടു ക്കേണ്ട നടപടികൾ സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നുണ്ട്. രാജ്യത്തിന് ഒരൊറ്റ പ്ലാനിംഗ് കമ്മീഷനും, ഇലക്ഷൻ കമ്മീഷനുമാണ് ഉള്ളത്. പ്ലാനിംഗ് കമ്മീഷൻ രാജ്യത്തിന് മൊത്ത മായ സാമ്പത്തിക വികസനത്തിന്വേണ്ട പദ്ധതികൾ തയ്യാറാക്കുന്നു. തെരഞ്ഞെടുപ്പ് കമ്മീഷൻ തെരഞ്ഞെടുപ്പുകളും കൃത്യമായി നടത്തുന്നു.

#### സി. ദേശീയോത്സവവും ദേശീയ ചിഹ്നങ്ങളും

ദേശീയോത്സവങ്ങൾ ഏകീകരണത്തിനുള്ള ഒരു പ്രധാന ശക്തിയായി പ്രവർത്തിക്കുന്നു. ഭാഷ, മതം, സംസ്ക്കാരം എന്നീ വ്യത്യാസങ്ങളില്ലാതെ രാജ്യത്തിൻെറ എല്ലാ ഭാഗത്തുമുള്ള ഇന്ത്യാക്കാരും സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഗാന്ധിജയന്തി എന്നിവ ആഘോഷി ക്കുന്നു. നമ്മൾ നവംബർ 19 ദേശീയോ ദ്ഗ്രഥനദിവസമായി ആചരിക്കുകയും പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു. ഈ ദിവസം 'ക്വാമിഏക്താ ദിവസ് ' എന്ന പേരിലറിയ പ്പെടുന്നു. കൂടുതലായി നമ്മുടെ ദേശത്തിന്റെ പ്രതീകങ്ങളായ ദേശീയപതാക, ദേശീയഗാനം, ദേശീയചിഹ്നം എന്നിവ നാമെല്ലാം ഒന്നാണെന്ന് ഓർമ്മിപ്പിക്കുന്നു. ഇക്കാരണത്താൽ നാം ഈ പ്രതീക ചിഹ്നങ്ങളോട് ശരിയായ ബഹുമാനം പ്രദർശിപ്പിക്കുന്നു. സന്തോഷ ത്തിലും, സന്താപത്തിലും നമ്മെ യോജിപ്പിക്കുന്ന ശക്തികളായി ഇവ പ്രവർത്തിക്കുന്നു. അവ നമ്മുടെ പൊതുവായ ദേശീയത ഓർമ്മിപ്പിക്കുന്നു.

കുറിപ്പുകൾ

**നിങ്ങൾക്കറിയാമോ**

**ദേശീയോദ്ഗ്രഥനപ്രതിജ്ഞ:**

"ഞാൻ അർപ്പണബോധത്തോടെ പ്രവർത്തിച്ച് എന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് ദൃഢ പ്രതിജ്ഞ ചെയ്യുന്നു. ഞാൻ ഒരിക്കലും അക്രമത്തിന്റെ പാത സ്വീകരിക്കില്ലെന്നും മതം, ഭാഷ, പ്രദേശം മറ്റ് രാഷ്ട്രീയ - സാമ്പത്തിക അവശതകൾ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ വ്യത്യാസങ്ങളും തർക്കങ്ങളും സമാധാനപരവും ഭരണഘടനാപരവുമായ മാർഗ്ഗങ്ങളിൽ കൂടി പരിഹരിക്കുമെന്നും ഉറപ്പിച്ചു പ്രസ്താവിച്ചു കൊള്ളുന്നു."

## ഡി. അഖിലേന്ത്യാ സർവ്വീസുകളും മറ്റ് ഘടകങ്ങളും

അഖിലേന്ത്യാസർവ്വീസുകൾ (ഐഎഎസ്സ്, ഐഎഫ്എസ്സ്, ഐപിഎസ്സ് തുടങ്ങിയവ), ഏകീകൃത നീതിന്യായ സമ്പ്രദായം, തപാലും മറ്റ് റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ ആശയ വിനിമയ ശൃംഖലകളുംനമ്മുടെ രാഷ്ട്രത്തിന്റെ ഐക്യ ത്തേയും അഖണ്ഡതയേയും പ്രോത്സാഹിപ്പിക്കുന്നു. കേന്ദ്രീകൃതമായ രീതിയിലാണ് അഖിലേന്ത്യാ സർവ്വീസുകളിലുള്ളവരെ തെരഞ്ഞെടുക്കുന്നത്. എന്നാൽ അവർ സംസ്ഥാന ങ്ങളിലാണ് ജോലിചെയ്യുന്നത്. ഇതെല്ലാം നിങ്ങൾക്കറിയാവുന്നതാണ്. ഇവരിൽ കൂടുതൽ പേരും സംസ്ഥാനതലത്തിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയസമ്പന്നതനേടിയിട്ട് കേന്ദ്ര സർക്കാരിന്റെ നയരൂപീകരണസമിതിയുടെ ഭാഗമായി ഇന്ത്യയുടെ മുഴുവൻ വികസന ത്തിനായി പ്രവർത്തിക്കുന്നു. തപാലും മറ്റ് ആശയവിനിമയ ശൃംഖലയും രാഷ്ട്രത്തെ അസന്ദിഗ്ധമായി ബന്ധിപ്പിക്കുന്നു. നിങ്ങൾ ദേശീയ സംഭവങ്ങളെക്കുറിച്ചുള്ള പ്രക്ഷേപണ ങ്ങൾ ശ്രവിക്കുകയും അത്തരം സംഭവങ്ങൾ ടെലിവിഷനിൽ കാണുകയും ചെയ്തിട്ടു ണ്ടാവണം നിങ്ങളെപ്പോലെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിലുള്ളവരും ഈ രീതിയിൽ തന്നെയാണ് കാര്യങ്ങൾ അറിയുന്നതും മനസ്സിലാക്കുന്നതും.

## പ്രവർത്തനം 24.4

കൽപനചൗളയും സംഘവും ബഹിരാകാശത്ത് സഞ്ചരിക്കുക, ഇന്ത്യൻ ടീം വേൾഡ് കപ്പ് നേടുക എന്നിവ പോലെയുള്ള സംഭവങ്ങൾ രാഷ്ട്രത്തെ ഒറ്റക്കെട്ടായിബന്ധിപ്പി ക്കുന്നു. ദേശത്തിന് ആരാധ്യപുരുഷരായ കുറച്ച് കായികതാരങ്ങൾ നമുക്കുണ്ട്. അതു പോലെ ചില മഹദ്വ്യക്തികളെ ഇന്ത്യ മുഴുവനും ബഹുമാനിക്കുന്നു.

താഴെപറയുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങളുടെ കൂട്ടുകാർ, സഹപാഠികൾ, കുടുംബ ത്തിലെ അംഗങ്ങൾ തുടങ്ങിയ വിഭാഗത്തിൽപെടുന്ന അഞ്ച് പേരിൽ നിന്ന് അഭിപ്രായങ്ങൾ ശേഖരിക്കുക.

1. ഇന്ത്യ മുഴുവൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന മഹദ്വ്യക്തി ആരാണ് ?
2. ഇന്ത്യയിലെ മൊത്തം ചെറുപ്പക്കാർ തങ്ങളുടെ മാതൃകാപുരുഷനായി കരുതുന്ന കായികതാരം ?
3. രാജ്യത്തെ മുഴുവൻ ജനങ്ങളും ടെലിവിഷനിൽ കൂടി കാണുന്ന ദേശീയ സംഭവങ്ങൾ ഏതെല്ലാം? ആളുകൾ റേഡിയൊയിൽ കൂടി ശ്രവിക്കുന്ന ദേശീയ സംഭവങ്ങൾ ഏതെല്ലാം ?

4. ഇന്ത്യയുടെ എല്ലാഭാഗത്തും ഉള്ള ആളുകൾ ഒരുപോലെ ഇഷ്ടപ്പെടുന്ന ഏറ്റവും ചുരുങ്ങിയത് രണ്ട് ഭക്ഷ്യവിഭവങ്ങളുടെ പേരുപറയുക.

*ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുക. ഇന്ത്യൻ ജനതയുടെ ഇടയിൽ എങ്ങനെ ഐക്യത്തിന്റെ വികാരം പ്രോത്സാഹിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുക.*

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 24.3

1. വർഗ്ഗീയത എന്നാൽ എന്ത് ?
2. പ്രാദേശികത്വം ന്യായീകരിക്കപ്പെടാവുന്നതാണെന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? കാരണങ്ങൾ എഴുതുക ?
3. എന്തുകൊണ്ടാണ് അഹിന്ദി സംസ്ഥാനങ്ങൾ ഹിന്ദി ഔദ്യോഗികഭാഷ ആക്കുന്നതിനെ എതിർക്കുന്നത് ?
4. എന്തുകൊണ്ട് ഭീകരവാദം ദേശീയോദ്ഗ്രഥനത്തിന് ഭീഷണി ആകുന്നു?

## 24.2 മതേതരത്വം

വർഗ്ഗീയത രാജ്യത്തെ ശല്യപ്പെടുത്തികൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നം തന്നെ ആയിട്ടുണ്ട് ഇത് ദേശീയോദ്ഗ്രഥനത്തിന് തുടർന്നുകൊണ്ടേയിരിക്കുന്ന ഒരു ഭീഷണി ആണ്. പാരമ്പര്യമായി ഇന്ത്യൻ സമൂഹം വർഗ്ഗീയ രഹിതമായിരുന്നു എന്നുപറയുന്നത് ശരിതന്നെ ആണ്. നൂറ്റാണ്ടുകൾ കൊണ്ട് പലതും ഉൾക്കൊണ്ടും സ്വാംശീകരിച്ചുമാണ് മാറ്റങ്ങൾ സംഭവിച്ചത്. ബ്രിട്ടീഷുകാരുടെ കാലത്താണ് വർഗ്ഗീയത ഇന്ത്യാക്കാരെ വിഭജിക്കാനുള്ള ഒരു ഉപകരണമായി ഉപയോഗിക്കപ്പെട്ടത്. കോളോണിയൽ ഭരണകർത്താക്കൾ ഇന്ത്യക്കാർ വ്യത്യസ്ത സമുദായത്തിലും മതത്തിലുംപെട്ടവരാണെന്നും അതുകൊണ്ട് അവർ വ്യത്യസ്തമായി ചിന്തിക്കുകയും ചെയ്യേണ്ടതാണെന്ന് തോന്നിപ്പിക്കാവുന്ന ധാരാളം സന്ദർഭങ്ങൾ സൃഷ്ടിച്ചു. നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ വർഗ്ഗീയതയുടെ ചീത്ത വശം മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് തന്നെ ഇന്ത്യൻഭരണഘടന ഇന്ത്യയെ ഒരു മതേതരരാഷ്ടമായിപ്രഖ്യാപിച്ചു. നമ്മുടെ ഭരണഘടനയിൽ തുടക്കത്തിൽതന്നെ മതേ തരത്വം വളർത്തുന്നതിനുള്ള ധാരാളം വകുപ്പുകൾ ഉൾക്കൊള്ളിച്ചിരുന്നു. തുടർച്ചയായ വർഗ്ഗീയതയുടെ പ്രത്യക്ഷപ്പെടൽ കാരണം ഭരണഘടനയിൽ കൂടുതൽ ഉൾപ്പെടുത്തലുകൾ വേണ്ടിവന്നു. അനന്തരഫലമായി ഇന്ത്യൻ ജനാധിപത്യത്തിന്റെ അടിസ്ഥാനസ്തംഭങ്ങളി ലൊന്നായ 'സെക്യൂലർ' (മതേതരത്വം)എന്നവാക്ക് ഭരണഘടനയുടെ പട്ടികയിൽ ഉൾപ്പെടുത്തി. 1976 -ലെ 42 -ാം ഭരണഘടനാ ഭേദഗതിവഴിയാണ് ഇങ്ങനെ ചെയ്തത്.

### 24.2.1 മതേതരത്വത്തിന്റെ അർത്ഥം

എന്താണ് മതേതരത്വം അർത്ഥമാക്കുന്നത്? ഞാൻ മതേതരവാദിയാണ് എന്തു കൊണ്ടെന്നാൽ ഞാൻ ഒരു മതത്തിലും വിശ്വസിക്കുന്നില്ല എന്നുപറയുന്ന ചില ആളുകളെ നിങ്ങൾ കണ്ടിട്ടുണ്ടാകണം. ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന 'മതേതരത്വം' അത് ശരിയായിട്ടുള്ളതല്ലെന്നും അത് വ്യാജമതേതരത്വം ആണെന്നും ചില രാഷ്ട്രീയക്കാർ പറഞ്ഞിട്ടുള്ളത്

നിങ്ങൾ കേട്ടുകാണും. ഇങ്ങനെയൊക്കെ പലതും പറയുന്നെങ്കിലും മതേതരത്വം എന്നത് മതരഹിതനാണെന്നതിലോ മതവിരുദ്ധം എന്നതോ അല്ല. വ്യാജമതേതരത്വം (pseudo secularism) എന്ന പദം രാഷ്ട്രീയ ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്. വാസ്തവത്തിൽ മതേതരത്വം അർത്ഥമാക്കുന്നത് മതങ്ങൾ തമ്മിലുള്ള സമത്വവും മറ്റ് മതങ്ങളോടുള്ള സഹിഷ്ണുതയും ആണ്. ഇത് രണ്ട് കാര്യങ്ങളിൽ പാലിക്കപ്പെടേണ്ടതാണ്. ഒന്ന് രാജ്യത്തിന്റെ കാര്യത്തിലും മറ്റത് വ്യക്തിയുടെ കാര്യത്തിലും. രാജ്യത്തിന്റെ കാര്യത്തിൽ എന്നത് അർത്ഥമാക്കുന്നത് രാജ്യത്തിന് ഒരു ഔദ്യോഗിക മതം ഉണ്ടാകാൻ പാടില്ല എന്നതാണ്. ഗവൺമെന്റിന് ഏതെങ്കിലും ഒരു മതത്തിനോട് പ്രത്യേക പരിഗണനയോ വിദ്വേഷമോ ഉണ്ടാകാൻ പാടില്ല. എല്ലാ മതങ്ങളോടും തുല്യമായ ബഹുമാനം പുലർത്തണം മതപരിഗണനകൾ കൂടാതെ എല്ലാ പൗരരും നിയമത്തിന്റെ ദൃഷ്ടിയിൽ തുല്യരായിരിക്കും. സർക്കാരിന്റെയൊ സർക്കാർ സഹായം ലഭിക്കുന്ന സ്കൂളുകളിലൊ മതപരമായ വിദ്യാഭ്യാസം നൽകാൻ പാടില്ല. എന്നാൽ ഒരു പ്രത്യേക മതത്തിനോ മറ്റ് മതങ്ങൾക്കോ പ്രാധാന്യം നൽകാതെ ലോകത്തിലുള്ള എല്ലാ മതങ്ങളേയുംകുറിച്ചുള്ള പൊതുവിവരങ്ങൾ സ്കൂളുകളിൽ പഠിപ്പിക്കാവുന്നതാണ്. വ്യക്തികളുടെ കാര്യത്തിൽ ഇത് അർത്ഥമാക്കുന്നത്. "സർവ്വ ധർമ്മ സദ്ഭാവന" (എല്ലാ മതങ്ങളേയും തുല്യമായി ബഹുമാനിക്കൽ) ആണ്. ഓരോ വ്യക്തിക്കും മതാനുഷ്ഠാനങ്ങൾ നിർവ്വഹിക്കാനും, മതപരമായ ഉദ്ബോധനങ്ങൾ നടത്താനും ഇഷ്ട മതാശയങ്ങൾ പ്രചരിപ്പിക്കാനും അവകാശമുണ്ട്. ഒരുവൻ അല്ലെങ്കിൽ ഒരുവൾ തൻെറ മതത്തിനോട് കാണിക്കുന്ന അതേ ബഹുമാനം മറ്റ് മതങ്ങളോടും കാണിക്കേണ്ടതാണ്. മറ്റുള്ളവരെ അവഗണിക്കാനും വെറുക്കാനും ഒരു മതവും ആരേയും അനുവദിക്കുന്നില്ല.



ചിത്രം 24.4 *ഇഷ്ടപ്പെട്ട മതം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം*

### 24.2.2 മതേതരത്വം ഭരണഘടനയിൽ

മുകളിൽ നാം കണ്ടതുപോലെ ഇന്ത്യ ഒരു മതേതര രാഷ്ട്രമായിരിക്കാൻ ഭരണ ഘടനയിൽ പലതരം വ്യവസ്ഥകൾപെടുത്തിയിട്ടുണ്ട്. സമത്വം, വിവേചനരാഹിത്യം എന്നീ തത്വങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു മതേതരരാഷ്ട്രം, ഇൻഡ്യൻ ഭരണഘടന അതിന്റെ പീഠികയിൽ കൂടിയും പ്രത്യേകിച്ച് മൗലികാവകാശങ്ങൾ, നിർദ്ദേശക തത്ത്വങ്ങൾ എന്നിവ വിശദീകരിക്കുന്ന അധ്യായങ്ങളിൽകൂടിയും സൃഷ്ടിച്ചിട്ടുണ്ട്.

സാമൂഹിക, സാമ്പത്തിക, ജനാധിപത്യതത്വങ്ങളോടൊപ്പം മതേതരത്വവും ഇന്ത്യ യുടെ അടിസ്ഥാന സ്തംഭങ്ങളിൽ ഒന്നായി ഇന്ത്യൻഭരണഘടന ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ഭരണഘടനയിൽ പ്രാഥമികമായി ഇത് ഒരു മൂല്യം എന്ന നിലയിലാണ് പ്രതിഫലിപ്പിക്കപ്പെടുന്നതെങ്കിലും അത് നമ്മുടെ അനേകം മതവിശ്വാസികൾ അടങ്ങിയ സമൂഹത്തിന്റെ നന്മയ്ക്ക് സഹായകമായി. മതേതരത്വം ഇന്ത്യയിൽ നിവസിക്കുന്ന വിവിധ സമുദായങ്ങൾ തമ്മിലുള്ള സമയോഗത്തെ പ്രോത്സാഹിപ്പിക്കുന്നുഎന്നതാണ് ലക്ഷ്യമാക്കിയിട്ടുള്ളത്.

### 24. 2.3. മതേതരത്വം : അതിന്റെ പ്രാമാണികത

ഭരണഘടനാവകുപ്പുകളും സംരക്ഷണങ്ങളും എല്ലാം ഉണ്ടെങ്കിൽ കൂടിയും ദൗർഭാഗ്യവശാൽ എല്ലാ ഇന്ത്യക്കാരും യഥാർത്ഥത്തിൽ ഇന്നും മതേതര കാഴ്ചപ്പാടുള്ളവരായിട്ടില്ല. കൃത്യമായ ഇടവേളകളിൽ ഇന്നും വർഗ്ഗീയ ലഹളകൾ നമുക്ക് അനുഭവവേദ്യമാകുന്നുണ്ട്. ഒരു നിസ്സാരകാരണംപോലും സമുദായ സംഘർഷത്തിലേക്കും അക്രമത്തിലേക്കും നയിക്കുന്നു. എന്നാൽ മതേതരത്വം ഒഴിച്ചുകൂട്ടാൻ വയ്യാത്ത ഒന്നാണ്. സമുദായിക സൗഹാർദ്ദവും സമാധാനവും സംരക്ഷിക്കാൻ വേണ്ടിമാത്രമല്ല, മറിച്ച് നമ്മുടെ രാഷ്ട്രത്തിന്റെ അടിസ്ഥാനപരമായ നിലനിൽപ്പിനുതന്നെ ഇത് ആവശ്യമാണ്. നിങ്ങൾക്ക് ചുറ്റും കണ്ണോടിച്ചാൽ നിങ്ങളുടെ മതത്തിൽ നിന്നും വ്യത്യസ്തമായ മതങ്ങളിൽ വിശ്വസിക്കുന്നവരും മതാനുഷ്ഠാനം ചെയ്യുന്നവരുമായ നിങ്ങളുടെ സുഹൃത്തുക്കൾ, സഹപാഠികൾ, അയൽക്കാർ തുടങ്ങിയവരെ കാണാൻകഴിയും. അവർ പലജാതികളിൽപെട്ടവരാണ്. നിങ്ങൾ അവരുടെ മതത്തേയും അവരുടെ ചെയ്തികളേയും മാനിക്കുന്നില്ലെങ്കിൽ നിങ്ങൾക്കെങ്ങനെ ഒരു നല്ല സുഹൃത്തായും സഹപാഠിയായും അയൽക്കാരനായും അവരോട് ബന്ധപ്പെടാൻ കഴിയും? ഇന്ത്യഒരു ബഹുസമൂഹമാണെന്ന് നമുക്ക് എല്ലാവർക്കും അറിയാം. അതിനാൽ ആളുകൾ തമ്മിലുള്ള മാന്യത വളർത്തിയെടുക്കേണ്ടതും സമാധാനപരമായ സഹവർത്തിത്വം പാലിക്കപ്പെടേണ്ടതും വളരെ അത്യാവശ്യമായ ഒന്നാണ്.

#### നിങ്ങൾക്കറിയാമോ

ഇന്ത്യ മഹത്തായ വൈവിദ്ധ്യത്തിന്റെയും അനന്തമായ വ്യത്യസ്തതകളുടേയും നാടാണ്. ഏറ്റവും ചുരുങ്ങിയത് 18 പ്രധാന ഭാഷകൾ, 400 സംസാരഭാഷകൾ എന്നിവയുള്ള ഒരു രാജ്യമാണ് ഇന്ത്യ. ലോകത്തിലെ വലിയ 4 മതങ്ങൾ ഉദയം കൊണ്ടത് ഈ നാട്ടിലാണ്. ലോക മുസ്ലീം ജനസംഖ്യയിൽ രണ്ടാംസ്ഥാനം വഹിക്കുന്ന നാടാണിത്. യൂറോപ്പിൽ സ്വീകാര്യത ലഭിക്കുന്നതിനു മുൻപേ ഈ നാട് ക്രിസ്തുമതത്തെ സ്വാഗതം ചെയ്തു. മതപീഡനങ്ങളിൽ നിന്ന് പലായനം ചെയ്തവർക്ക് അഭയമരുളിയ രാജ്യമാണ് ഇൻഡ്യ. നാലായിരത്തോളം വരുന്ന വംശീയസമുദായങ്ങളും ജാതികളും അല്ലെങ്കിൽ സ്വവംശ വിഭാഗങ്ങളും ഉള്ള ഒരു സമൂഹമാണിത്. അങ്ങനെ ഇന്ത്യ ഒരു ബഹുമത, ബഹുഭാഷ, ബഹുവംശ, ബഹുപ്രാദേശിക സാംസ്ക്കാരമുള്ള സമാനതകളില്ലാത്ത ഒരു രാജ്യമാണ് ആയതിനാൽ ഓരോമതത്തിലും മതസമൂഹത്തിനും ജീവിക്കാനാവശ്യമായ സാഹചര്യ ത്തിനും പരസ്പര മാന്യതയ്ക്കും മതേതരത്വം മാത്രമേ ഒരുവഴിയായിട്ടുള്ളൂ.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 24.3

1. മതേതരത്വത്തിന്റെ അർത്ഥമെന്താണ് ?
2. മതേതരത്വത്തിന് ഊന്നൽ നൽകിയിട്ടുള്ള ഭരണഘടനയിലെ വകുപ്പുകൾ ഏതെല്ലാം ?
3. ഇന്ത്യയെ ഒരു മതേതരരാഷ്ട്രമാക്കി ശക്തിപ്പെടുത്താൻ ഒരു പൗരൻ വഹിക്കേണ്ട പങ്ക് എന്ത്?

## നിങ്ങൾ എന്തെല്ലാം പഠിച്ചു

- ഒരു ഏകീകൃതമായ സാമൂഹിക സാമ്പത്തിക, രാഷ്ട്രീയഘടനയുള്ള ഒരു രാജ്യമാണ് ഒരു രാഷ്ട്രം. പൊതുചരിത്രം, സമൂഹം, സംസ്ക്കാരം മൂല്യങ്ങൾ എന്നതിന്റെ അടിസ്ഥാനത്തിൽ നിർമ്മിതമായ ഒന്നാണെന്നവികാരം ഉള്ള ഒരു കൂട്ടം ആളുകളെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒന്നാണെന്ന ഈ വികാരം ജനങ്ങളെ ഒരുമിച്ച് ഒന്നാക്കി ഒരു രാഷ്ട്രമാക്കി മാറ്റുന്നു.
- മഹത്തായ വൈവിദ്ധ്യങ്ങളുള്ള ഒരു രാഷ്ട്രമാണ് ഇന്ത്യ. ഈരാഷ്ട്രത്തിൽ നിവസിക്കുന്ന ആളുകൾ വ്യത്യസ്ത വംശങ്ങൾ, സമുദായങ്ങൾ, ജാതികൾ എന്നിവയിൽപ്പെടുന്നവരാണ്. ഭൂമിശാസ്ത്രപരമായി വ്യത്യസ്തപ്രദേശങ്ങളിൽ താമസിക്കുന്നവരും വ്യത്യസ്ത ഭാഷകൾ സംസാരിക്കുവരുമാണ്. വിവിധമതങ്ങളിൽ വിശ്വസിക്കുകയും വിവിധ ആചാരങ്ങൾ അനുഷ്ഠിക്കുകയും പലതരം ജീവിതരീതികൾ പുലർത്തുകയും ചെയ്യുന്നവരാണ്. എന്നാൽ ഈ വൈവിദ്ധ്യങ്ങൾക്കിടയിലും അവരെല്ലാം ഇന്ത്യാക്കാരാണെന്ന ബോദ്ധ്യം അവർക്കുണ്ട്.
- ഇന്ത്യയിലെ പൗരന്മാർക്കിടയിൽ ദേശീയോദ്ഗ്രഥനം ഒരു പൊതു സ്വത്വബോധം ഉളവാക്കുന്നു. വ്യക്തികൾ പല സമുദായങ്ങളിൽ, ജാതികളിൽ, മതങ്ങളിൽ, സംസ്ക്കാരങ്ങളിൽ, പ്രദേശങ്ങളിൽപ്പെട്ടവരും വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവരും ഒക്കെയാണെങ്കിലും തങ്ങളെല്ലാം ഒന്നാണെന്ന ബോധം അവർ തിരിച്ചറിയുന്നു. ഇത്തരത്തിലുള്ള ഒരു ഉദ്ഗ്രഥനം ശക്തവും ഐശ്വര്യപ്രദവുമായ ഒരു രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് വളരെ പ്രധാനമാണ്.
- ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ കാലത്താണ് ഒരു ദേശം എന്ന ചിന്തയും വികാരവും ഉടലെടുത്തതും ദേശീയോദ്ഗ്രഥനത്തിൻെറ ആവശ്യകത മനസ്സിലാക്കിയതും. ഇതേ കാലത്തു തന്നെയാണ് വിവിധ പ്രദേശങ്ങൾ മതങ്ങൾ, സംസ്ക്കാരങ്ങൾ സമുദായങ്ങൾ, ജാതികൾ, മതാനുഷ്ഠാനങ്ങൾ എന്നിവയിൽപ്പെട്ട ആളുകൾ ഇന്ത്യൻ മണ്ണിൽ നിന്നും ബ്രിട്ടീഷുകാരെപുറത്താക്കാൻ കൈകോർത്തുപിടിച്ചത്. ഇതോടൊപ്പം. സമത്വം, സ്വാതന്ത്ര്യം, മതേതരത്വം, സാമൂഹിക - സാമ്പത്തിക വികസനം എന്നീലക്ഷ്യങ്ങൾ നേടാൻ പറ്റിയ ഒരു സ്വതന്ത്ര രാഷ്ട്രമായിരിക്കണം സ്വാതന്ത്ര്യത്തിനുശേഷമുണ്ടാകേണ്ടത് എന്ന നിലയിലുള്ള പ്രവർത്തനത്തിനും ഊന്നൽ നൽകി.
- ഇന്ത്യൻ ഭരണഘടന ദേശീയോദ്ഗ്രഥനത്തിന് വലിയ ഊന്നൽ നൽകിയിട്ടുണ്ട്. അതിൻെറ പീഠികയിൽ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. തൻെറ രാജ്യത്തിൻെറ പരമാധികാരവും, ഐക്യവും രാജ്യത്തിന്റെ അഖണ്ഡതയും ഉയർത്തിപ്പിടിക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത് ഓരോപൗരൻേറയും മൗലിക കടമയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.
- ദേശീയോദ്ഗ്രഥനം ശകതിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ഇന്ത്യ ധാരാളം വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും നിർണ്ണായകങ്ങളായിട്ടുള്ളത് വർഗ്ഗീയത, പ്രാദേശികത്വം, ഭാഷാപരം, ഭീകരത എന്നിവയാണ്.
- ഇങ്ങനെയൊക്കെയാണെങ്കിലും ദേശീയോദ്ഗ്രഥനത്തെ പ്രോത്സാഹിപ്പിക്കുന്ന ധാരാളം ഘടകങ്ങൾ ഉണ്ട്. ഇന്ത്യൻ ഭരണഘടനയിൽ ദേശീയാദ്ഗ്രഥനം ഉറപ്പാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ധാരാളം വകുപ്പുകൾ പെടുത്തിയിട്ടുണ്ട്. സർക്കാർ ദേശീയോദ്ഗ്രഥനം പ്രോത്സാഹിപ്പിക്കാൻ ധാരാളം ശ്രമങ്ങൾ നടത്തുന്നു

കുറിപ്പുകൾ

ണ്ട്. ദേശീയോദ്ഗ്രഥനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അനുയോജ്യമായ നടപടികൾ എടുക്കുന്നതിനുംവേണ്ടി ഒരു ദേശീയാദ്ഗ്രഥന കൗൺസിലിന് രൂപം നൽകിയിട്ടുണ്ട്. പ്ലാനിംഗ് കമ്മീഷൻ തന്നെയാണ് രാജ്യത്തിന്റെ മൊത്തമായ സാമ്പത്തികവികസനത്തിന് വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഒരു തെരഞ്ഞെടുപ്പ് കമ്മീഷൻതന്നെയാണ് രാജ്യത്തെ തെരഞ്ഞെടുപ്പുകൾ നടത്തുന്നതും. നമ്മുടെ ദേശീയോത്സവങ്ങൾ പ്രധാനപ്പെട്ട ഒരു ഏകീകൃതശക്തിയായി പ്രവർത്തിക്കുന്നു. ദേശീയ പ്രതീകങ്ങളായ ദേശീയ പതാക, ദേശീയഗാനം, ദേശീയചിഹ്നം എന്നിവ നാമെല്ലാം ഒന്നെന്നബോധം ഓർമ്മിപ്പിക്കുന്നു.

- എല്ലാ മതങ്ങളുടേയും സമത്വവും മതങ്ങളോടുള്ള സഹിഷ്ണുതയുമാണ് മതേതരത്വത്തിൽ അടങ്ങിയിട്ടുള്ളത്. ഇന്ത്യയ്ക്ക് ഒരു ഔദ്യോഗികമതമില്ല എന്നതാണ് അത് അർത്ഥമാക്കുന്നത്. ഓരോ വ്യക്തിക്കുംമതബോധനം നടത്താനും അനുഷ്ഠാനങ്ങൾ നടത്താനും പ്രചരിപ്പിക്കാനും ഇഷ്ടമുള്ള മതം സ്വീകരിക്കാനും അവകാശമുണ്ട്. എല്ലാമതങ്ങളേയും തുല്യമാന്യതയോട് പരിഗണിക്കണം"സർവ്വധർമ്മ സദ്ഭാവന' എന്ന തത്വം ഓരോ വ്യക്തിയും നടപ്പിലാക്കണം.
- ഇന്ത്യൻ ഭരണഘടന അതിന്റെ പീഠികയിലൂടെയും പ്രത്യേകിച്ച് മൗലികാവകാശങ്ങൾ നിർദ്ദേശകതത്ത്വങ്ങൾ എന്നിവയിൽ കൂടിയും സമത്വം വിവേചനരാഹിത്യം എന്നീ തത്വങ്ങളിലധിഷ്ഠിതമായ ഒരു രാഷ്ട്രം കെട്ടിപ്പെടുത്തിട്ടുണ്ട്.
- മതസൗഹാർദ്ദത്തിനും സമാധാനത്തിനും വേണ്ടി മാത്രമല്ല നമ്മുടെ രാഷ്ട്രത്തിന്റെ അടിസ്ഥാനപരമായ നിലനിൽപ്പിനുതന്നെ മതേതരത്വം ആവശ്യമാണ്.

## പാഠ്യാന്ത്യ അഭ്യാസങ്ങൾ

1 ദേശീയോദ്ഗ്രഥനം നിർവ്വചിക്കുക. ദേശീയോദ്ഗ്രഥനം ഉയർത്തെഴുന്നേൽക്കാൻ ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനം ചെയ്ത സംഭാവനകൾ ചർച്ച ചെയ്യുക.

2. ദേശീയോദ്ഗ്രഥനം ഇന്ത്യൻ ഭരണഘടനയിൽ എങ്ങനെ പ്രതിഫലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരിക്കുന്നു.

3. ഇന്ത്യയിൽ ദേശീയോദ്ഗ്രഥനത്തിന്റെ പ്രധാന വെല്ലുവിളികൾ എന്തെല്ലാം.?

4. ദേശീയോദ്ഗ്രഥനത്തെ പ്രോത്സാഹിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന ഘടകങ്ങൾ എന്തെല്ലാം ?

5. മതേതരത്വം നിർവ്വചിക്കുകയും ഇന്ത്യൻ രാഷ്ട്രീയ സമ്പ്രദായത്തിന്റെ പ്രാധാന്യം വിശകലനം നടത്തുകയും ചെയ്യുക.

6. രണ്ട് പ്രശസ്തരായ സ്വാതന്ത്ര്യസമരസേനാനികളുടെ പ്രസ്താവനകൾ അടിയിൽ കൊടുക്കുന്നു.

മഹാത്മാഗാന്ധി ഒരിക്കൽ പറഞ്ഞു. "ഞാൻ ഒരു ഹിന്ദുവാണ്. ഞാൻ എന്റെ മതത്തിൽ അടിയുറച്ച് നിൽക്കുന്നു. ഞാൻ അതിനുവേണ്ടി മരണംവരിക്കാനും തയ്യാറാണ്. എന്നാൽ ഇത് എന്റെ വ്യക്തിപരമായകാര്യം മാത്രമാണ്. രാജ്യത്തിന് അതിൽ ഒന്നും ചെയ്യാനില്ല. രാജ്യം നിങ്ങളുടെ മതേതരക്ഷേമം, ആരോഗ്യം, ആശയവിനിമയം, വിദേശ ബന്ധങ്ങൾ, നാണയം തുടങ്ങിയ കാര്യങ്ങൾ പരിപാലിക്കും എന്നാൽ നിങ്ങളുടേയും എന്റേയും മതകാര്യങ്ങളിൽ അതുണ്ടാകില്ല. അത് ഓരോരുത്തരുടേയും വ്യക്തിപരമായ കാര്യമാണ്."

മഹാത്മഗാന്ധിയുടെ ഏറ്റവും അടുത്തസഹപ്രവർത്തകരിൽ ഒരാളായ മൗലാനാ ആസാദ് പറയുകയുണ്ടായി, "ഞാനൊരു മുസ്ലിമാണ്. കഴിഞ്ഞ 1300 വർഷങ്ങളിലെ ഇസ്ലാമിന്റെ മഹത്തായ പാരമ്പര്യം എനിക്കും പൈതൃകമായി ലഭിച്ചിട്ടുണ്ടെന്ന കാര്യത്തിൽ ഞാൻ ഗാഢമായി ബോധവാനാണ്. ആ പൈതൃകത്തിന്റെ ഒരു ചെറിയ ഭാഗം പോലും നഷ്ടപ്പെടുത്താൻ ഞാൻ തയ്യാറല്ല... അതേ സമാനതയിൽ ഞാൻ ഭാരതീയനാണെന്ന സത്യത്തിൽ അഭിമാനം കൊള്ളുന്നു; ഇന്ത്യ ഒരു രാഷ്ട്രമായിരിക്കുന്ന അവസ്ഥയുടെ അവിഭാജ്യമായ ഐക്യത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഭാഗം."

മുകളിൽ കൊടുത്തിരിക്കുന്ന രണ്ടു പ്രസ്താവനകളുടെ വെളിച്ചത്തിൽ മതേതരത്വവും ദേശീയോദ്ഗ്രഥനവും ഇന്ത്യയിൽ ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യൻ പൗരന്മാരുടെ പങ്ക് വിശദീകരിക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**24.1**

1. (a) ഏകീകൃതമായ സാമൂഹിക- സാമ്പത്തിക രാഷ്ട്രീയ ഘടനയുള്ളരാജ്യമാണ്
   (b) പൊതുസ്വത്വബോധം
   (c) ശക്തവും ഐശ്വര്യപൂർണ്ണവുമായ ഒരു രാഷ്ട്രം
   (d) ഹിന്ദുമതം, ഇസ്ലാംമതം, ക്രിസ്തുമതം, സിക്ക്മതം, ജൈനമതം, സൗരാഷ്ട്രമതം
2. സാമൂഹിക, സാംസ്ക്കാരിക, മത, ഭാഷ, ഭൂമിശാസ്ത്രം എന്നീ മേഖലകളിലെല്ലാം വൈവിദ്ധ്യമുള്ള ഒരു രാഷ്ട്രത്തിന് ദേശീയോദ്ഗ്രഥനം ഒഴിച്ചുകൂട്ടാൻ പാടില്ലാത്ത ഒന്നാണ്. ഇന്ത്യയെപ്പോലുള്ള രാജ്യത്തിന് അത് കൂടുതൽ ആവശ്യമാണ്. ലോകത്തിലെ എല്ലാ പ്രധാനപ്പെട്ടമതങ്ങളും ഇവിടെ ഉണ്ട് എന്നതാണ് ഒരു പ്രധാന സവിശേഷത. അസംഖ്യം ഭാഷകൾ ഇവിടെ ഉണ്ട്. ഈ വ്യത്യാസങ്ങളെല്ലാം ഉണ്ടെങ്കിലും ഇന്ത്യയ്ക്ക് ഒരൊറ്റ രാഷ്ട്രീയ അസ്തിത്വമാണുള്ളത് നമ്മൾ സമാധാനപരമായി പരസ്പരം സഹവർത്തിത്വത്തോ ടെ കഴിയുന്നു. ദേശീയോദ്ഗ്രഥനം എന്ന പദത്തെ കുറിച്ച് ശരിയായി ധാരണ അനുഭവപ്പെട്ടാൽ മാത്രമേ ഇത് സാധ്യമാകൂ.

**24.2**

1. (a) ഏകീകൃതവും അഖണ്ഡവും
   (b) രാഷ്ട്രത്വം
   (c) പ്രാദേശികം, മതം, സാംസ്കാരം, സമുദായം
   (d) 1885
2. 24.1.3 -ലെ രണ്ടാമത്തെ ഖണ്ഡിക കാണുക.

**24.3**

1. സ്വന്തം മതത്തോട് അമിതമായ താത്പര്യവും അന്യമതങ്ങളോട് വിദ്വേഷവും വളരുമ്പോഴാണ് വർഗ്ഗീയത ഉടലെടുക്കുന്നത്. ഇത്തരം തോന്നലുകൾ മതപരമായ മൗലികവാദവും മതഭ്രാന്തും പ്രോത്സാഹിപ്പിക്കുകയും അത് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഭീഷണിയാവുകയും ചെയ്യും.

2. നാടിന്റെ മൊത്തം പുരോഗതിക്കാവശ്യമായ പ്രോജക്ടുകൾ, വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് ലഭിക്കേണ്ട അർഹമായ പങ്ക് നിഷേധിക്കപ്പെടുമ്പോഴുണ്ടാകുന്ന ന്യായമായ അവശതകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന പ്രാദേശികവാദം ന്യായയുക്തമായിരിക്കും. തുടർച്ചയായ അവഗണന ഒരു പ്രത്യേകപ്രദേശത്തോട് കാണിക്കുന്നതുമായി ബന്ധപ്പെട്ടായിരിക്കും ഇത്.അറുപതുകൊല്ലത്തെ ആസൂത്രണത്തിലധിഷ്ഠിതമായ വികസനം നടത്തിയിട്ടും ഉദ്ദേശിച്ച രീതിയിൽ നമ്മുടെ രാജ്യത്തെ പ്രദേശങ്ങൾ വികസിച്ചിട്ടില്ല.

3. കൂടുതൽ ജനങ്ങൾക്കും ഹിന്ദി അറിയില്ല. എന്നാലും കൂടുതൽ അഹിന്ദി സംസ്ഥാനങ്ങളിലും ഹിന്ദി പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്. തമിഴ്, തെലുങ്ക്, മലയാളം, കന്നഡ, ഒറിയ, ബംഗാളി എന്നീ ഭാഷകൾ ഹിന്ദി സംസ്ഥാനങ്ങൾ അവരുടെ പ്രദേശങ്ങളിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. ഇക്കാരണങ്ങളാലാണ് എതിർപ്പ് ഉണ്ടായത്.

4. ഈ പ്രസ്ഥാനങ്ങൾ അക്രമമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. പൊതുജീവിതത്തിൽ ഭയം സൃഷ്ടിക്കുന്നു. സർക്കാർ ജോലിക്കാർ, സാധാരണക്കാർ എന്നിവരുടെ ജീവനപഹരിക്കുന്നു. പൊതുമുതൽ നശിപ്പിക്കുന്നു. ഇത്തരം പ്രസ്ഥാനങ്ങളിൽ കൂടുതലും ചെറുപ്പക്കാരാണ് പങ്കാളികളാകുന്നത്. സാമൂഹിക-സാമ്പത്തിക പുരോഗതിയുടെ നിഷേധവും ചൂഷണവുമാണ് ചെറുപ്പക്കാരെ ആയുധമെടുക്കാൻ പ്രേരിപ്പിക്കുന്ന അടിസ്ഥാന കാരണം നിയമ സമാധാനത്തിനും ഈ പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ബാധിച്ചിട്ടുള്ള സ്ഥലങ്ങളിലെ ആളുകളുടെ സ്വൈര ജീവിതത്തിനും ഇത് ഭീഷണി ആണ്.

**24.4**

1. മതേതരത്വം എല്ലാമതങ്ങളുടേയും സമത്വവും മതസഹിഷ്ണുതയുമാണ് അർത്ഥമാക്കുന്നത്. രാജ്യത്തിന്റെ കാര്യത്തിൽ ഇന്ത്യയ്ക്ക് ഒരു ഔദ്യോഗികമതം ഉണ്ടായിരിക്കുകയില്ല. ഗവൺമെന്റ് ഒരു മതത്തേയും പ്രീണിപ്പിക്കുകയൊ ഒരു മതത്തിനോടും വിദ്വേഷം കാട്ടുകയൊ ഇല്ല. എല്ലാ മതങ്ങളേയും ഒരുപോലെ മാനിക്കുന്നു. 'സർവ്വധർമ്മ സദ്ഭാവന'യാണ് വ്യക്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ടത് ഓരോ വ്യക്തിക്കും മതത്തിൽ വിശ്വസിക്കാനും മതബോധനം നടത്താനും മതാനുഷ്ഠാനങ്ങൾ ആചരിക്കാനും അവകാശമുണ്ടായിരിക്കും.

2. ഇന്ത്യൻഭരണഘടന അതിന്റെ പീഠിക പ്രത്യേകിച്ച് മൗലികാവകാശങ്ങൾ, നിർദ്ദേശക തത്വങ്ങൾ എന്നീ അധ്യായങ്ങളിലൂടെ സമത്വം, വിവേചനരാഹിത്യം എന്ന തത്വങ്ങളിൽ അധിഷ്ഠിതമായ ഒരു മതേതരത്വത്തിന് ഊന്നൽ നൽകിയിരിക്കുന്നു.

3. ഒരുവൻ അല്ലെങ്കിൽ ഒരുവൾ സ്വന്തം മതത്തോടുപുലർത്തുന്ന അതേ ബഹുമാനത്തോടെ മറ്റ് മതങ്ങളോടും പെരുമാറേണ്ടതാണ്. ഒരു മതവും മറ്റൊരു മതത്തേയും അവഗണിക്കാനും വെറുക്കാനും ഒരു വ്യക്തിയേയും അനുവദിക്കുന്നില്ല. നമ്മുടെ പൗരൻമാർ ചുറ്റും നോക്കിയാൽ അവരുടെ സുഹൃത്തുക്കൾ, സഹപാഠികൾ, അയൽക്കാർ, അടുത്തസ്ഥലങ്ങളിൽ താമസിക്കുന്നവർ എല്ലാം തങ്ങളുടെ മതങ്ങളിൽ നിന്ന് വ്യത്യസ്തമായമതങ്ങളിൽ വിശ്വസിക്കുന്നവരും ആചാരങ്ങൾ അനുഷ്ഠിക്കുന്നവരാണെന്നും കാണാൻ കഴിയും. അവർ വിവിധ ജാതിയിലും മതത്തിലും പെട്ടവരാണ് മതങ്ങളോട് മാന്യമായിപെരുമാറുന്നില്ലെങ്കിൽ അവരുമായി എങ്ങനെ സമ്പർക്കം പുലർത്തി നല്ല കൂട്ടുകാരും സഹപാഠികളും അയൽക്കാരും ആയിത്തീരാൻ കഴിയും? അതുകൊണ്ട് പരസ്പര ബഹുമാനം വളർത്തുകയും സമാധാനപരമായ സഹവർത്തിത്വം പരിശീലിക്കുകയും ചെയ്യേണ്ടത് ഒഴിച്ചു കൂടാനാവാത്ത കാര്യമാണ്.

# 25

# സാമൂഹിക-സാമ്പത്തിക വികസനവും അവശ വിഭാഗങ്ങളുടെ ശാക്തീകരണവും

ദാരിദ്ര്യം, തൊഴിലില്ലായ്മ, റോഡ്, പാലം എന്നിവയുടെ വികസനം, ആശുപത്രികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവപോലുള്ള സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ സാമൂഹിക-സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള ആളുകളുടെ ഉത്കണ്ഠ ദിനപ്പത്രങ്ങളിലും മാസികകളിലും മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളിലും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത് നമ്മൾ സാധാരണ വായിക്കാറുണ്ട്. പ്രത്യേകിച്ച് തെരഞ്ഞെടുപ്പ് കാലത്ത് ഈ കാര്യങ്ങൾ രാഷ്ട്രീയ നേതാക്കന്മാരും രാഷ്ട്രീയ പാർട്ടികളും വോട്ടർമാരും മാധ്യമങ്ങളും ചർച്ച ചെയ്യപ്പെടാറുണ്ട്. വികസനത്തെ വിശേഷിച്ച് സാമൂഹിക സാമ്പത്തിക വികസനത്തെക്കുറിച്ച് ചർച്ചകൾനടക്കുമ്പോൾ അവശവിഭാഗങ്ങളുടെ ശാക്തീകരണം എന്ന വിഷയം പരാമർശിക്കപ്പെടാറുണ്ട്. നിങ്ങളുടെ പഠനക്കുറി പ്പുകളിലോ മറ്റെവിടെയോ നിങ്ങളും ഈ പദങ്ങൾ കാണാൻ സംഗതിയായിട്ടുണ്ട്. ഈ പദങ്ങൾ എന്താണ് അർത്ഥമാക്കുന്നത്? സാമൂഹിക സാമ്പത്തിക വികസനവും അവശവിഭാഗങ്ങളുടെ ശാക്തീകരണവും തമ്മിലുള്ള ബന്ധം എന്തെന്ന് എങ്ങനെയാണ് നാം മനസ്സിലാക്കുന്നത്? ഈ പാഠത്തിൽ കൂടി അത്തരം വിഷയങ്ങൾ ചർച്ച ചെയ്യാനുള്ള ഒരു ശ്രമം നടത്താം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പൂർത്തിയാക്കിക്കഴിയുമ്പോൾ നിങ്ങൾക്ക് കഴിയുന്നത്.

- സാമൂഹിക - സാമ്പത്തിക വികസനം, മനുഷ്യവികസനം, പ്രാദേശിക വികസനം, സുസ്ഥിര വികസനം എന്നീ ആശയങ്ങൾവിശകലനം ചെയ്യാനുള്ള കഴിവ്.
- ഇന്ത്യയിലെ പ്രാദേശികമായ അസന്തുലിതാവസ്ഥയ്ക്കും സാമൂഹിക സാമ്പത്തിക അസമത്വങ്ങൾക്കും കാരണമായ വിവിധഘടകങ്ങൾ വിശദമാക്കാൻ
- പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, സ്ത്രീകൾ, കുട്ടികൾ എന്നീവിഭാഗങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്ത നയങ്ങളും പരിപാടികളും മൂല്യനിർണ്ണയം ചെയ്യാനുള്ള കഴിവ്.
- വിദ്യാഭ്യാസം, ആരോഗ്യം, പോഷകാഹാരം എന്നീ പല വിഷയങ്ങളുമായി ബന്ധപ്പെട്ട നയങ്ങളും പരിപാടികളും വിലമതിക്കാനുള്ള അറിവ്.

## 25.1 സാമൂഹിക - സാമ്പത്തിക വികസനത്തിന്റെ അർത്ഥവ്യാപ്തി

സാമൂഹിക-സാമ്പത്തിക വികസനം എന്താണ് അർത്ഥമാക്കുന്നത്? ഈ സങ്കല്പം എന്താണെന്ന് മനസ്സിലാക്കാൻ വേണ്ടി, നമുക്ക് വികസനം എന്താണെന്ന് നിർവ്വചിച്ചു കൊണ്ട് തുടങ്ങാം. കാര്യങ്ങൾ എല്ലാം പുരോഗമിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് വിക

സനം എന്ന് പൊതുവായി നിർവ്വചിക്കാം. സാമൂഹികം, രാഷ്ട്രീയം, ജീവശാസ്ത്രപരം, ശാസ്ത്രം, സാങ്കേതികവിദ്യ, ഭാഷ, സാഹിത്യം എന്നീ വിവിധകാര്യങ്ങളിൽ വികസനം വ്യത്യസ്ത മാർഗ്ഗങ്ങളിൽ നിർവ്വചിക്കപ്പെടുന്നു. സാമൂഹിക സാമ്പത്തിക കാര്യത്തിൽ വികസനം എന്നത് ജനങ്ങളുടെ ജീവിത രീതിയിലുള്ള പുരോഗതിയാണ്. ഈ പുരോഗതി വിദ്യാഭ്യാസം, വരുമാനം, ജോലിയിലുള്ള നൈപുണ്യം, തൊഴിൽ എന്നീ മേഖലകളിലെ പുരോഗതികളുടെ ഫലമായിട്ടുണ്ടാകുന്നതാണ് പാരിസ്ഥിതികവും സാംസ്കാരികവും അടിസ്ഥാനമാക്കിയുള്ള സാമൂഹിക സാമ്പത്തിക പരിവർത്തന പ്രക്രിയയാണ് ഈ പുരോഗതി.

## പ്രവർത്തനം 25.1

സാമ്പത്തിക വികസനം, സാമൂഹിക വികസനം, മനുഷ്യശരീരത്തിലുള്ള വികസനം, ശാസ്ത്ര- സാങ്കേതിക രംഗങ്ങളിലെ വികസനം എന്നീ പദങ്ങൾ ഉപയോഗിച്ചിരിക്കുന്നത് നിങ്ങൾ പലതിലും വായിക്കുകയോ മാധ്യമങ്ങളിലെ ചർച്ചകളിലൂടെ കേൾക്കുകയോ ചെയ്തിട്ടുണ്ടാകണം. മുകളിൽ സൂചിപ്പിച്ച വികസനം എന്ന പദത്തിന് പകരമായി മറ്റു ചില വാക്കുകൾ നിങ്ങൾക്ക് തയ്യാറാക്കാമോ ? അത്തരം ഏറ്റവും ചുരുങ്ങിയത് 8 വാക്കുകൾ എഴുതാൻ ശ്രമിക്കുക.

സമൂഹത്തിലെ സാമൂഹിക സാമ്പത്തിക വികസന പ്രക്രിയയാണ് സാമൂഹിക സാമ്പത്തിക വികസനം. അത് ചില സൂചകങ്ങൾ കൊണ്ടാണ് അളക്കപ്പെടുന്നത്. അതായത് മൊത്ത അഭ്യന്തര ഉല്പാദനം (Gross Domestic Product), പ്രതീക്ഷിത ജീവിത ആയുർ ദൈർഘ്യം (life Expectancy), തൊഴിൽ സ്ഥിതിവിവരം തുടങ്ങിയവ. സാമൂഹിക വികസനത്തിന്റെയും സാമ്പത്തിക വികസനത്തിൻെയും അർത്ഥം വേർതിരിച്ച് അറിഞ്ഞാൽ മാത്രമേ സാമൂഹിക-സാമ്പത്തിക വികസനത്തെകുറിച്ച് മെച്ചമായ ഒരു ധാരണ ഉണ്ടാവുകയുള്ളൂ.

**സാമൂഹിക വികസനം:** സാമൂഹിക സ്ഥാപനങ്ങളെ ഒരു സമൂഹം അതിന്റെ അഭിലാഷ പൂർത്തീകരണത്തിന് പര്യാപ്തമായ രീതിയിലേക്ക് രൂപാന്തരം സംഭവിപ്പിക്കുന്ന ഒരു പ്രക്രിയയാണ് സാമൂഹികവികസനം. സമൂഹം തന്നത്താൻ ഒരു ഗുണപരമായ മാറ്റത്തിന് രൂപം നൽകുകയും അതിന്റെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും. അതായത് ആളുകളുടെ പുരോഗമനപരമായ മനോഭാവവും, പെരുമാറ്റവും, കൂടുതൽ ഫലപ്രദമായ നടപടിക്രമങ്ങളും, കൂടുതൽ മുന്നേറിയ സാങ്കേതിക വിദ്യയും ഇതിന്റെ ഭാഗമായുണ്ടാകുന്നതാണ്. സാമൂഹിക വികസനത്തി ന് പരിസ്ഥിതിയുമായും ജീവിതരീതികളും സാങ്കേതിക വിദ്യയുമായും ഏറ്റവും അടുത്ത ബന്ധം ഉണ്ട്.

**സാമ്പത്തിക വികസനം** അർത്ഥമാക്കുന്നത് രാജ്യത്തെയും പ്രദേശങ്ങളിലേയും ജനങ്ങളുടെ ക്ഷേമത്തിന് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള ആ രാജ്യത്തിന്റെയും ആ പ്രദേശത്തിന്റെയും ധനത്തിൻെറ വികസനമാണ്. സാമ്പത്തിക വളർച്ച എന്ന പദം പരാമർശിക്കുന്നത് യാഥാർത്ഥ ദേശീയവരുമാനം, മൊത്ത അഭ്യന്തര ഉല്പാദനം, ആളോഹരി വരുമാനം തുടങ്ങിയ ചില നിശ്ചിത മായ അളവുകോലുകളുടെ വർദ്ധനവ് അല്ലെങ്കിൽ വളർച്ചയെ ആണ്. നേരേമറിച്ച് സാമ്പത്തിക വികസനം



ചിത്രം 25.1 സാമൂഹിക വികസന ഘടകങ്ങൾ

എന്ന പദം ഇതിൽ കൂടുതൽ കാര്യങ്ങൾ യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നുണ്ട്. ഒരു രാജ്യം സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളിൽ ജനങ്ങളുടെ ക്ഷേമം കൈവരിക്കുന്ന പ്രക്രിയ ആണ് സാമ്പത്തികവികസനം.

**നിങ്ങൾക്കറിയാമോ**

**മൊത്ത ആഭ്യന്തരഉത്പാദനം (GDP):** മൊത്ത ആഭ്യന്തരഉല്പാദനം അല്ലെങ്കിൽ മൊത്തം ആഭ്യന്തരവരുമാനം എന്നത് ദേശീയ വരുമാനത്തിൻെറ അളവുകോലുകളിൽ ഒന്നും ഒരു നിർദ്ദിഷ്ട രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്കുവേണ്ട ഒരു നിശ്ചിതകാലത്തെ (സാധാരണ ഒരു വർഷം) ആകെ ഉൽപ്പന്നവും ആണ്. ഇത് ഒരു പ്രത്യേക സമ്പദ്ഘടന യിൽ ഒരു രാജ്യത്തിന്റെ അതിർത്തിക്കുള്ളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന അന്തിമമായ എല്ലാ സാധനങ്ങളുടെയും സേവനങ്ങളുടെയും ഒരു നിർദ്ദിഷ്ട വർഷത്തിലെ ആകെ മൂല്യമാണ്.

**ദേശീയവരുമാനം (National Income):** തൊഴിൽ, മൂലധനനിക്ഷേപം, ഉൾപ്പെടെ ഒരു രാജ്യത്തെ ജനങ്ങൾ സമ്പാദിക്കുന്ന വരുമാനം. ഒരു നിർദ്ദിഷ്ട കാലത്തേക്ക് (സാധാരണ ഒരു വർഷം) ഒരു രാജ്യത്തിന്റെ എല്ലാവരുമാനങ്ങളുടേയും (ശമ്പളം, ലാഭം, പലിശ, വാടക പെൻഷൻ തുക) മൊത്ത മൂല്യമാണിത്.

**ആളോഹരി വരുമാനം (Per Capita Income):** ഒരു രാജ്യത്തിന്റെ ഒരു വർഷത്തെ വരുമാനത്തെ ആരാജ്യത്തിലെ ആകെ ജനങ്ങളുടെ സംഖ്യകൊണ്ട് ഹരിച്ചു കിട്ടുന്ന തുകയാണ്. അതായത് വാർഷികദേശീയ വരുമാനം തുല്യമായി ആളുകളു ടെയിടയിൽ വീതിച്ചാൽ ഒരാൾക്ക് കിട്ടുന്നതുകയാണ് ആളോഹരി വരുമാനം.

വ്യത്യസ്ത വഴികളിൽ കൂടിയുള്ള വികസനപ്രക്രിയയാണ് സാമൂഹിക- സാമ്പത്തിക വികസനം. ഒരു രാജ്യത്തെ മനുഷ്യരുടെ ജീവിതത്തിലെ എല്ലാകാര്യങ്ങളിലും ഇത് സ്വാധീനം ചെലുത്തുന്നുണ്ട്. എന്നാൽ സാമൂഹിക സാമ്പത്തിക വികസനം വികസനത്തിന്റെ എല്ലാ വശങ്ങളിലും ശ്രദ്ധകാണിക്കുന്നുണ്ടെന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ ? ഇതിന്റെ ഏറ്റവും പ്രധാന സൂചകം ജിഡിപി സാമ്പത്തിക ക്ഷേമത്തിന്റെ നിശ്ചിതമായ ഒരു അളവുകോലാണ്. എന്നാൽ ഇത് ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളായ ശുദ്ധമായ പരിസ്ഥിതി, സ്വാതന്ത്ര്യം, സാമൂഹികനീതി, ലിംഗതുല്യത തുടങ്ങിയ ഒന്നും കണക്കിലെടുക്കുന്നില്ല. മറ്റൊരു സൂചകമായ ആളോഹരി വരുമാനവും ആളുകളുടെയിടയിലുള്ള വരുമാനത്തിൻെറ തുല്യതയുടെ തോത് സൂചിപ്പിക്കുന്നില്ല. ഈ സൂചകങ്ങളെല്ലാം തന്നെ വികസനത്തിന്റെ പ്രയോജനങ്ങൾ തുല്യമായി വീതിക്കപ്പെടുന്നുണ്ടോ എന്നോ പ്രത്യേകിച്ച് സമൂഹത്തിലെ അവശവിഭാഗങ്ങളുടെ അടുക്കൽ എത്തിച്ചേരുന്നുണ്ടോ എന്നോ ഉറപ്പാക്കുന്നില്ല. അതുകൊണ്ടാണ് മനുഷ്യവികസനം എന്ന ഒരുപുതിയ സങ്കൽപ്പം ഉപയോഗിക്കപ്പെട്ടു തുടങ്ങിയത്. ഒരു രാജ്യത്തിലെ ജനങ്ങൾക്കുള്ള അവകാശങ്ങൾ അവർ അനുഭവിക്കുന്ന സ്വാതന്ത്ര്യം എന്നിങ്ങനെ ഉള്ള ജീവിതത്തിൻെറ മൊത്തം ഗുണപരമായ കാര്യങ്ങൾക്ക് ഇത് ഊന്നൽ നൽകുന്നു.

## 25.2 മനുഷ്യവികസനം

നമ്മൾ കണ്ടതുപോലെ, സാമ്പത്തിക വികസനത്തെപ്പറ്റി നാം സംസാരിക്കുമ്പോൾ, നമ്മൾ പ്രാധാന്യം കൊടുക്കുന്നത് വരുമാനത്തിൽ മാത്രമാണ്. വികസനം എന്നാൽ സമ്പത്ത് ശേഖരിച്ചു വയ്ക്കുന്നതാണെന്നായിരുന്നു വളരെക്കാലം നമ്മുടെ ധാരണ. എന്നാൽ മനുഷ്യവികസനം ഊന്നൽ നൽകുന്നത് ആളുകളുടെ ഇഷ്ടങ്ങളുടെ വ്യാപ്തി വികസിപ്പിക്കുന്നതിലും വിപുലപ്പെടുത്തുന്നതിലും അതോടൊപ്പം അവരുടെക്ഷേമത്തിൻെറ തോത് വർദ്ധിപ്പിക്കുന്നതിലുമാണ്. ഇത് സാമ്പത്തികം, സാമൂഹികം, രാഷ്ട്രീയം, സംസ്ക്കാരം, വിദ്യാഭ്യാസം, ശാരീരികം, ജീവശാസ്ത്രം, മാനവികം, വികാരം തുടങ്ങിയ എല്ലാ ധാരണക

ളേയും ഇഷ്ടങ്ങളേയും കണക്കിലെടുക്കുന്നു. വികസനത്തിന്റെ ധാരാളം ഘടക ങ്ങളിൽ ഒന്നുമാത്രമാണ് വരുമാനം. മനുഷ്യവികസനത്തിൽ മനുഷ്യന് കേന്ദ്ര സ്ഥാനം നൽകുന്നു. അത് വെറും വരുമാനത്തിന് മാത്രമല്ല മറിച്ച് മനുഷ്യന്റെ എല്ലാ ഇഷ്ടങ്ങളുടേയും വികസന ത്തിനാണ് ഊന്നൽ നൽകുന്നത്. സാമ്പത്തികവളർച്ച അത്യാവശ്യമാണെന്ന് കരുതുന്ന തോടൊപ്പം അതിന്റെ ഗുണമേന്മയ്ക്കും വിതരണത്തിനും കൂടുതൽ ശ്രദ്ധ നൽകുന്നു.

### ? നിങ്ങൾക്കറിയാമോ

മനുഷ്യവികസനം എന്ന ആശയം അവതരിപ്പിച്ച് നടപ്പിലാക്കിയത് ഡോക്ടർ മഹ്ബൂബ് ഉൾഹക്ക് എന്ന പാകിസ്ഥാനി സാമ്പത്തികശാസ്ത്രജ്ഞനാണ്. ഇത് ആളുകളുടെ ഇഷ്ടങ്ങൾ വിപുലീകരിക്കുകയും അവരുടെ ജീവിതം മെച്ചമാക്കുകയും ചെയ്യുന്ന ഒരു വികസനമാണെന്ന് വിശദമാക്കുകയും ചെയ്തു. ഇന്ത്യൻ നോബൽസമ്മാന ജേതാവ് അമർത്യസെന്നും ഈആശയം വളർത്തിഎടുക്കുന്നതിന് വലിയ സംഭാവനകൾ ചെയ്തു. സ്വാതന്ത്ര്യം വർദ്ധിപ്പിക്കുന്ന വികസനമാണിതെന്ന് അദ്ദേഹം ഇതിനെ നിർവ്വചിക്കുകയും ചെയ്തു.

1990–ൽ ഡോ. മെഹ്ബൂബ് ഉൾഹക്, പ്രൊഫ.അമർത്യാസെൻ എന്നിവർ ഉൾപ്പെടെ യുള്ള ഒരുകൂട്ടം സാമ്പത്തികശാസ്ത്രജ്ഞർ 'മനുഷ്യവികസനസൂചിക' (എച്ച്ഡിഐ) എന്ന ആശയം വികസിപ്പിച്ചെടുത്തു. ഇതിനുശേഷം യുണൈറ്റഡ് നെഷൻസ് ഡെവലപ്പ് മെന്റ്പ്രോഗ്രാം അതിന്റെ വാർഷിക മനുഷ്യവികസന റിപ്പോർട്ടിൽ ഈ പദം ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്.

ഒരു രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനം മനുഷ്യവികസന ചട്ടക്കൂടിനോടൊപ്പം രൂപപ്പെടുത്തിയാൽ അത് വികസനത്തെക്കുറിച്ച് മെച്ചമായ ധാരണ നൽകുകയും അതിന്റെ സ്വാധീനം ജനങ്ങളുടെ ജീവിതമേന്മയേയും ബാധിക്കുമെന്ന കാര്യം ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിട്ടു ണ്ടാകുമല്ലോ ? മനുഷ്യവികസനത്തിന്റെ അളവ് അറിയാനുള്ള വഴിയായി മനുഷ്യവിഭവസൂചകം (HDI) വികസിപ്പിച്ചെടുത്തത് നാം മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ഇത് കുറേക്കൂടെ മെച്ചമായരീതിയിൽ നമുക്ക് വില യിരുത്താൻ കഴിയും. HDI യുടെ അടിസ്ഥാന ഉപയോഗം ഒരു രാജ്യത്തിന്റെ വികസനത്തിൻെറ തോത് അളക്കുക എന്നതാണ്.

മനുഷ്യവികസനസൂചകം (HDI) ൽ അടങ്ങിയിരിക്കുന്ന മൂന്ന് അടിസ്ഥാന സൂചകങ്ങളും അതിന്റെ പരിമാണങ്ങളും താഴെ കൊടുക്കുന്നു.


**പട്ടിക 25.1 മനുഷ്യവികസനസൂചിക: സൂചകങ്ങളും പരിമാണങ്ങളും**

| ക്രമ നമ്പർ | **സൂചകങ്ങൾ** (INDICES) | **പരിമാണങ്ങൾ** (DIMENSIONS) |
|---|---|---|
| 1 | ദീർഘവും ആരോഗ്യകരവുമായ ജീവിതം | ജനനസമയത്ത പ്രതീക്ഷിത ജീവിതദൈർഘ്യം; ജനങ്ങളുടെ ആരോഗ്യത്തിൻെറയും ദീർഘായുസ്സിന്റെയും ഒരു സൂചകം |
| 2 | വിജ്ഞാനവും വിദ്യാഭ്യാസവും | പ്രായപൂർത്തി സാക്ഷരതാ നിരക്ക് പ്രാഥമിക, സെക്കന്ററി, ഹയർ സെക്കന്ററി എന്നീ മൂന്നു ഘട്ടങ്ങളിലും കൂടിയുള്ള പ്രവേശനപട്ടികയുടെ അനുപാതം |

| | | |
|---|---|---|
| 3 | മാന്യമായ ഒരു ജീവിതനിലവാരം | മൊത്ത അഭ്യന്തര ഉല്പാദനം (ജിഡിപി.) യുഎസ്. ഡോളറിൽ ആളോഹരി വാങ്ങൽ ശേഷിയുടെ (പിപിപി.) തുല്യത |

## നിങ്ങൾക്കറിയാമോ

വികസനം സംബന്ധിച്ച് മുകളിൽ പറഞ്ഞിട്ടുള്ള സൂചകങ്ങൾ ഉൾപ്പെടുത്തി യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (യുഎൻഡിപി) 1990 -ൽ മനുഷ്യ വികസന റിപ്പോർട്ട് സമർപ്പിച്ചു. അതിനുശേഷം ഈ റിപ്പോർട്ട് വർഷം തോറും പ്രസിദ്ധീകരിക്കുന്നു. ഈ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ, വികസനങ്ങളുടെ തോതനുസരിച്ച് രാഷ്ട്രങ്ങളെ ഓരോ വർഷവും റാങ്ക് (സ്ഥാനം) ചെയ്യപ്പെടുന്നു.




Based upon Survey of India Outline Map printed in 1990
The territorial waters of India extened into the sea to a distance of twelve nautical miles measured from the aporopriate base line.
The boundary of Meghalaya shown of this map is as interpreted from the North-Eastern Areas (Reorganisation) Act, 1971, but has yet to be verified
Responsibility for correctness of internal details shown on the map rests with the publisher.

© Government of India copyright, 1996

**ചിത്രം 25.2:** *ഇന്ത്യ - സംസ്ഥാനാടിസ്ഥാനത്തിലുള്ള സാമൂഹിക വികസന സൂചകം 2001*

1990 -ൽ പ്രസിദ്ധീകരിച്ച മനുഷ്യ വികസനറിപ്പോർട്ടിന്റെ വിശകലനത്തിൽ സൂചിപ്പിക്കുന്നത് മധ്യനിലയിലുള്ള വിഭാഗത്തിൽ ഇന്ത്യ പട്ടികയിലെ അവസാന ഭാഗത്താണ് സ്ഥാനം പിടിച്ചിരിക്കുന്നത് എന്നാണ്. 2007-2008-ൽ 177 രാജ്യങ്ങളെപ്പെടുത്തിയിട്ടുള്ള റിപ്പോർട്ടിൽ ഇന്ത്യയുടെ സ്ഥാനം 128 ആയിരുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ ഇത്തരം സൂചകം വികസിപ്പിക്കാൻ ഇന്ത്യാ ഗവൺമെന്റ് ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. 25.2 ചിത്രം പരിശോധിച്ച് സംസ്ഥാനങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുക.


## പ്രവർത്തനം 25.2

മുകളിൽ സൂചിപ്പിച്ചിട്ടുള്ള മനുഷ്യ വികസനസൂചകത്തിന്റെ ഭൂപടം പഠിച്ചിട്ട് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കുക.

1. എച്ച്ഡിഐ.അനുസരിച്ച് നിങ്ങളുടെ സംസ്ഥാനത്തിന്റെ സ്ഥിതി എന്താണ്? ഈ സ്ഥിതിയ്ക്ക് ഉള്ള രണ്ട് കാരണങ്ങൾ പറയുക.
2. എച്ച്ഡിഐ ഏറ്റവും ഉയർന്നതും ഏറ്റവും കുറഞ്ഞതും ആയ രണ്ട് സംസ്ഥാനങ്ങൾ കണ്ടെത്തുക?
3. ഈ സംസ്ഥാനങ്ങളിൽ എച്ച്ഡിഐ ഉയരാനും താഴാനും ഇടയാക്കിയ മൂന്നു ഘടകങ്ങൾ എഴുതുക.
4. മനുഷ്യ വികസനസൂചകം താഴ്ന്ന സംസ്ഥാനങ്ങളിൽ അത് ഉയർത്താനുള്ള മൂന്ന് നടപടികൾ നിർദ്ദേശിക്കുക.

## 25.3 സുസ്ഥിരവികസനം

നാം നിരീക്ഷിക്കുന്നതുപോലെയും നമുക്ക് അനുഭവപ്പെടുന്നതുപോലെയും നമ്മളുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രകൃതിവിഭവങ്ങളെ നാം അശ്രദ്ധയോടെയാണ് ഉപയോഗിക്കുന്നത്. കൽക്കരി, പെട്രോൾ, ധാതുസമ്പത്തുക്കൾ തുടങ്ങിയ ധാരാളം വസ്തുക്കൾ




ചിത്രം 25.3 *സുസ്ഥിര വികസനം*






ഇന്ന് നാം ഉപയോഗിക്കുന്ന അളവിൽ തുടർന്നാൽ ഏതാനും ദശാബ്ദങ്ങൾ മാത്രമേ അത് നമുക്ക് ലഭ്യമാവുകയുള്ളൂ.

വരും തലമുറയ്ക്ക് ഈ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കാനില്ലാത്ത സ്ഥിതിവരും. ഇപ്പോഴത്തെ തലമുറ ഈ പ്രകൃതി വിഭവങ്ങൾവരും തലമുറയ്ക്ക് ഇല്ലാതാക്കുന്നത് ശരിയാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? സുസ്ഥിരവികസനം എന്ന ആശയം ഉദയം ചെയ്യുന്നത് ഈ ഘട്ടത്തിലാണ്. ഇത് ഒരു വലിയ ആശയമാണ്. "ഭാവിതലമുറകളുടെ ആവശ്യങ്ങളെ ദോഷകരമായി ബാധിക്കാത്തതരത്തിൽ ഇന്നത്തെ തലമുറകളുടെ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയും വിധമുള്ള വികസനമാണ് സുസ്ഥിര വികസനം" എന്ന നിർവ്വചനം ഇതിന് നൽകാം. പരിസ്ഥിതിയുടെ കാര്യത്തിൽ മാത്രമാണ് ഇത് പ്രസക്തമാകുന്നതെന്ന് ചിലർ ചിന്തിക്കുന്നുണ്ട്. ഇത് യഥാർത്ഥത്തിൽ പരിസ്ഥിതിവിഷയങ്ങളിൽ മാത്രമല്ല ഊന്നൽ നൽകുന്നത്. കൊടുത്തിരിക്കുന്ന ചിത്രത്തിൽ കാണുന്നതുപോലെ ഇത് സാമ്പത്തിക വികസനം സാമൂഹിക വികസനം, വ്യക്തി വികസനം, പരിസ്ഥിതി വികസനം എന്നിവയിലെല്ലാം ഉൾപ്പെടുന്നു.

ഇത് ഒരു സാമൂഹിക-സാമ്പത്തിക രൂപാന്തരണത്തിന്റെ മാതൃകയാണ്. അതായത് വികസനം, ഇന്ന് ലഭ്യമായ സാമൂഹിക- സാമ്പത്തിക അനുകൂല്യങ്ങളുടെ നല്ല വശങ്ങൾ ഉപയോഗിക്കുകയും ഭാവിയിൽ ഇതേ പ്രയോജനങ്ങളുടെ സാധ്യതയെ പ്രതികൂലമായി ബാധിക്കാതെ ശ്രദ്ധിക്കുകയും വേണം. സുസ്ഥിരവികസനത്തിന്റെ പ്രാഥമിക ലക്ഷ്യം ധാരാളം തലമുറകൾക്ക് ന്യായവും തുല്യവുമായ അളവിൽ സാമ്പത്തിക-സാമൂഹിക ക്ഷേമം തുടർച്ചയായി നൽകുക എന്നതാണ്. ഇത് സൂമൂഹത്തിലെ അവശത അനുഭവിക്കുന്ന ജനസമൂഹം ഉൾപ്പെടെ എല്ലാ വിഭാഗത്തിന്റെയും ആവശ്യങ്ങൾ ശ്രദ്ധിക്കുന്നു എന്നതാണ്.

## 25.4 സാമൂഹിക-സാമ്പത്തിക വികസനം -ഇന്ത്യയിൽ

നാം ഇതുവരെ വികസനം, സാമൂഹിക സാമ്പത്തിക വികസനം, മനുഷ്യ വികസനം, സുസ്ഥിര വികസനം എന്നീ നിരവധി കാര്യങ്ങളുമായി ബന്ധപ്പെട്ട പ്രശ്ന ങ്ങളും അതിന്റെ വ്യത്യസ്തമായ വീക്ഷണങ്ങളും ചർച്ച ചെയ്തു. ഇവയുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ സാമൂഹിക-സാമ്പത്തികവികസനം എങ്ങനെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എന്ന് മനസ്സിലാക്കാം. ഇന്ത്യ സ്വതന്ത്രയായപ്പോൾ തന്നെ വികസനത്തിനുവേണ്ട ധാരാളം ശ്രമങ്ങളൊക്കെ നടത്തിയിരുന്നെങ്കിലും 1990 മുതലാണ് വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന സമ്പദ്ഘടനയുള്ള രാജ്യമായി ഇന്ത്യ ഉയർത്തെഴുന്നേറ്റത്. വാങ്ങൽ ശക്തിസമാനത (Purchasing Power parity) യുടെ അടിസ്ഥാനത്തിലുള്ള അളവുകോൽ അനുസരിച്ച് വിനിമയ കൈമാറ്റ നിരക്കിൽ 12-ാം സ്ഥാനവും ജിഡിപിയുടെ കാര്യത്തിൽ 4-ാം സ്ഥാനവും ആണ് ലോകത്ത് ഇന്ത്യയ്ക്കുള്ളത്.

ഇതോടുചേർന്ന് ആയുർദൈർഘ്യം, സാക്ഷരത, ഭക്ഷ്യസുരക്ഷ എന്നീകാര്യ ങ്ങളിലെല്ലാം വർധനവ് ഉണ്ടായിട്ടുണ്ട്. ഔദ്യോഗിക കണക്കനുസരിച്ച് 27.5 ശതമാനം ഇന്ത്യാക്കാർ ദാരിദ്ര്യരേഖയ്ക്ക് താഴെയുണ്ടെന്ന് കാണിക്കുന്നുവെങ്കിലും (2004-2005 ദിവസംഏതാണ്ട് 10 രൂപ) ദാരിദ്ര്യം ഇന്ത്യയിൽ കാര്യമായി കുറഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ ഈ അടുത്തകാലത്തെ സാമ്പത്തിക വളർച്ച രാജ്യം മുഴുവനും സാമ്പത്തിക അസമത്വം കൂടുതലാക്കിയിട്ടുണ്ട് എന്ന് പറയപ്പെടുന്നു. സുസ്ഥിരമായ ഉയർന്ന സാമ്പത്തിക നിരക്കുണ്ടെങ്കിലും ഏകദേശം 80 ശതമാനം ജനങ്ങളുടേയും വരുമാനം രണ്ട് യുഎസ്സ് ഡോളറിൽ താഴെയാണ്. ഹരിതവിപ്ലവം ഇന്ത്യയിൽ ക്ഷാമം ഇല്ലാതാക്കുകയും എല്ലാവർക്കും ആഹാരം ഉറപ്പാക്കുകയും ചെയ്തിട്ടും 3 വയസ്സിൽ താഴെയുള്ള 40 ശതമാനം ശിശുക്കളും ആവശ്യത്തിന്വേണ്ട ഭാരമില്ലാത്തവരും മൂന്നിലൊന്നുഭാഗം പുരുഷന്മാരും സ്ത്രീകളും തീവ്രമായ കാര്യ നിർവ്വഹണശേഷിയുടെ പോരായ്മ അനുഭവിക്കുന്നവരുമാണ്.

## നിങ്ങൾക്കറിയാമോ

വാങ്ങൽ ശക്തി സമാനത (പിപിപി) വിവിധ രാജ്യങ്ങളിലെ നാണയ (കറൻസി) ങ്ങളുടെ ആപേക്ഷികമായ വാങ്ങൽ ശക്തിയെ അളക്കുന്നതിനുള്ള ഒരു രീതിയാണ്. രാഷ്ട്രങ്ങളിലെ ജനങ്ങളുടെ ജീവിത നിലവാരം തമ്മിലുള്ള വ്യത്യാസങ്ങൾ താരതമ്യം ചെയ്യുന്നതിന് ഇത് ഫലപ്രദമായി കാണുന്നുണ്ട്. നേരത്തെ ഇത് ആളോഹരി വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള താരതമ്യം ആയിരുന്നു. എന്നാൽ ഇത് മിക്കവാറും എല്ലാ അന്തർ ദേശീയ സംഘടനകളും ഉപേക്ഷിച്ചു. കാര്യങ്ങളെ കുറിച്ച് ഇത് വഴിതെറ്റിക്കൽ ചിത്രങ്ങൾ നൽകുന്നു എന്നതിനാലാണ് ഇത് ഉപേക്ഷിക്കപ്പെട്ടത്. വ്യത്യസ്തമായ കറൻസികളുടെ വാങ്ങൽ ശേഷികാര്യമായി വ്യത്യാസപ്പെട്ടിരിക്കുന്നുഎന്ന കാര്യം എല്ലാവർക്കും നല്ലവണ്ണം അറിയാവുന്നതാണ്. ഉദാഹരണമായി ഇന്ത്യയിൽ ഒരു ഡോളറിനു തുല്യമായ 50 രൂപയ്ക്ക് കിട്ടുന്ന സാധനങ്ങളേക്കാളും സേവനങ്ങളെക്കാളും കുറവായിരിക്കും അമേരിക്കയിൽ ഒരു ഡോളറിന് ലഭിക്കുന്നത്. അതിനാൽ ഇന്ത്യയിൽ 1000 യു. എസ്. ഡോളറിന് തുല്യമായ തുകകൊണ്ട് അമേരിക്കയിൽ ആ തുക ഉപയോഗിച്ചാലുണ്ടാകാവുന്ന ജീവിതനിലവാരത്തേക്കാൾ മെച്ചമായ ഒരു ജീവിതനിലവാരം ലഭിക്കും.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 24.3

1. എന്തുകൊണ്ട് ജിഡിപിയും ആളോഹരിവരുമാനവും മനുഷ്യരുടെ ജീവിതത്തിന്റെ ഗുണനിലവാരം അളക്കാൻ പര്യാപ്തമാകുന്നില്ല ?

..........................................................................................................................................

..........................................................................................................................................

2. മനുഷ്യവികസനം എന്ന ആശയം പരമ്പരാഗതമായ സാമൂഹിക-സാമ്പത്തിക വികസനത്തിൽ നിന്ന് എങ്ങനെ വ്യത്യസ്തമാകുന്നു.?

..........................................................................................................................................

..........................................................................................................................................

3. സുസ്ഥിരവികസനം' നിർവ്വചിക്കുക.

..........................................................................................................................................

..........................................................................................................................................

4. വികസനവും വികസന രാഹിത്യവും ഇന്ത്യയിൽ സഹവർത്തിക്കുന്നു എന്ന് എന്തുകൊണ്ട് പറയുന്നു. അതിനുള്ള പ്രധാനകാരണങ്ങൾ തിരിച്ചറിയുക.


..........................................................................................................................................

..........................................................................................................................................


## 25.5 പ്രാദേശികവികസനം: ഇന്ത്യയിലെ അസന്തുലിതാവസ്ഥയും സാമൂഹിക സാമ്പത്തിക അസമാനതകളും

നമ്മൾ മുകളിൽ ചർച്ച ചെയ്തതുപോലെ ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനുവേണ്ട എല്ലാശ്രമങ്ങളും രാജ്യത്തിന്റെ എല്ലാ പ്രദേശങ്ങളിലേയും സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ്. യഥാർത്ഥത്തിൽ പ്രധാന ഉദ്ദേശ്യങ്ങളിലൊന്നായ വികസനാസൂത്രണം സ്വാതന്ത്ര്യം ലഭിച്ച ഉടനെതന്നെ ആരംഭിച്ചത് എല്ലാപ്രദേശങ്ങളിലേയും വികസനത്തെ പ്രോത്സാഹിപ്പിച്ച് പ്രാദേശിക അസമത്വം കുറയ്ക്കാനായിരുന്നു. ആസൂത്രണവും അതിന്റെ നടപ്പാക്കൽ പ്രക്രിയയും പ്രാദേശിക വികസന സമീപനത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. എന്നാൽ ഇന്ത്യൻ സമ്പദ്ഘടനനേരിടുന്ന ഗുരുതര പ്രശ്നങ്ങളിലൊന്ന് ഇന്ത്യയിലെ വ്യത്യസ്തസംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയുമിടയിലുള്ള പരുഷവും വളർന്നുവരുന്നതുമായ പ്രാദേശിക വ്യത്യാസങ്ങളാണ്.

പ്രകൃതി സൃഷ്ടിച്ചിട്ടുള്ള കുറച്ചു വ്യത്യാസങ്ങൾ നേരത്തെ തന്നെ ഉണ്ട്. ഉദാഹരണമായി താഴെക്കാണിച്ചിരിക്കുന്ന ചിത്രത്തിൽ (ചിത്രം 25.4) നിന്നും നിങ്ങൾക്ക് താഴെപ്പറയുന്ന



**ചിത്രം 25.4** *വൈവിധ്യം*



**ചിത്രം 25.5** *അസമാനതകൾ*

**സാമൂഹിക സാമ്പത്തിക വികസനവും അവശ വിഭാഗങ്ങളുടെ ശാക്തീകരണവും**

## എ. ഇന്ത്യയിലെ അസമാനതകൾ

1. **ആളോഹരി വരുമാനം:** ആളോഹരിവരുമാനം ആ പ്രദേശത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങളുടെ തോതിന്റെ സാരാംശം ആണ്. ആളോഹരി വരുമാനത്തിൽ പ്രദേശങ്ങൾ തമ്മിൽ വലിയ അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ട് 2005-06 ൽ ദേശീയ ശരാശരി ആളോഹരി വരു മാനം 25716 രൂപ ആയിരുന്നു. അന്ന് പതിനൊന്ന് സംസ്ഥാനങ്ങളായിരുന്നു ദേശീയ ശരാശരിക്ക് മുകളിലുണ്ടായിരുന്നത്. ദേശീയ ശരാശരിക്ക് താഴെ ബീഹാർ, ഉത്തർ പ്രദേശ്, മധ്യപ്രദേശ്, ഒറീസ, രാജസ്ഥാൻ, ഝാർഖണ്ഡ്, ഛത്തീസ്ഗഡ് എന്നീ 7 ദരിദ്രസംസ്ഥാനങ്ങളാണ്. ഇന്ത്യയുടെ പകുതിയിലധികം ജനസംഖ്യ ഈ ഏഴുസംസ്ഥാനങ്ങളിലാ യിട്ടാണുള്ളത്.

2. **ദാരിദ്ര്യം:** സംസ്ഥാനതലത്തിൽ ദാരിദ്ര്യത്തിന്റെ അനുപാതം വർഷങ്ങളായി കുറഞ്ഞു വരികയാണ്. വലിയ തോതിൽ ദാരിദ്ര്യം കുറഞ്ഞിട്ടുണ്ടെങ്കിലും ഗ്രാമങ്ങളും നഗരങ്ങളും തമ്മിലും അന്തർസംസ്ഥാനങ്ങൾ തമ്മിലും ഈ അസമാനത തുടർന്നുകൊണ്ടിരിക്കുന്നു. ഒറീസ, മധ്യപ്രദേശ്, ഛത്തീസ്ഗഡ്, ബീഹാർ, ഝാർഖണ്ഡ്, ഉത്തർ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ ഇപ്പോഴും ദാരിദ്രാനുപാതം താരതമ്യേന ഉയർന്നിരിക്കുന്നു. അത് ഒറീസ്സയിലെ ഗ്രാമീണമേഖലയിൽ 43 ശതമാനവും ബീഹാറിലെ ഗ്രാമീണ മേഖലയിൽ 40 ശതമാനവും ആണ്. ലോകത്തി ലെ ഏറ്റവും മോശമായ സംസ്ഥാനങ്ങളിൽ ചിലതാണ് ഇവ. നേരേമറിച്ച് ഗ്രാമീണ ഹരിയാന (5.7%) ഗ്രാമീണ പഞ്ചാബ് (2.4%) എന്നീപ്രദേശങ്ങളെ ആഗോള തോതിൽ ചില മധ്യ വർഗ്ഗരാജ്യങ്ങളുമായി പോലും താരതമ്യം ചെയ്യാവുന്നതാണ്.

3. **വ്യാവസായിക വളർച്ച:** ആരംഭത്തിൽ ഏത് വ്യവസായങ്ങൾ എവിടെ തുടങ്ങണമെന്ന് തീരുമാനിച്ചിരിക്കുന്നത് ബ്രിട്ടീഷ് ഭരണാധികാരികളുടെ താത്പര്യത്തിന് അനുസരിച്ചായിരുന്നു. അതിന്റെ ഫലമായി മിക്കവാറും വ്യവസായങ്ങൾ ചില സ്ഥലങ്ങളിൽ മാത്രമായി കേന്ദ്രീകരിച്ചിരുന്നു. വ്യത്യസ്ത പ്രദേശങ്ങളിൽ വ്യവസായവത്ക്കരണപ്രക്രിയ വികസിപ്പിക്കാനുള്ള ധാരാളം ശ്രമങ്ങൾ നടന്നിട്ടും സ്വാതന്ത്ര്യ സമരത്തിനുശേഷവും ഈ കേന്ദ്രീകൃത സമ്പ്രദായം തുടർന്നു പോന്നു.

4. **കാർഷിക വളർച്ച:** കാർഷികവളർച്ചയുടെ കാര്യത്തിലുള്ള അസന്തുലിതാവസ്ഥ വർഷങ്ങളായി വളർന്നു കൊണ്ടിരിക്കുകയാണ്. പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ പിന്നിലാക്കിയിരിക്കുകയാണ്. ആളോഹരി ഭക്ഷ്യ ധാന്യ ഉത്പാദനത്തിന്റെ കാര്യത്തിൽ പഞ്ചാബ് ഏറ്റവും മുന്നിലും കേരളം ഏറ്റവും പിന്നിലു മാണ്.മിസോറാമും മഹാരാഷ്ട്രയും ജലസേചന സൗകര്യമുള്ള പ്രദേശങ്ങളുടെ കാര്യത്തിൽ ഏറ്റവുംതാഴ്ന്ന നിലയിലാണ്. വിപുലമായ ജലസേചനസൗകര്യങ്ങൾ ഉപയോഗിച്ചും തീവ്രമായ വളപ്രയോഗംകൊണ്ടും പഞ്ചാബ് ഹരിയാനപോലെയുള്ള സംസ്ഥാനങ്ങൾ ഉയർന്നതോതിലുള്ള കാർഷിക ഉത്പാദനക്ഷമത നേടിക്കഴിഞ്ഞു. ഭൂരിഭാഗം സംസ്ഥാനങ്ങളും അവർക്കാവശ്യമുള്ളത്രയും കാർഷികവളർച്ച ഇനിയും നേടിയിട്ടില്ല. ഈ സംസ്ഥാന ങ്ങൾ ഇനിയും അവയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതായിട്ടാണിരിക്കുന്നത്.

5. **സാക്ഷരത:** ഇത് സാമൂഹികസാമ്പത്തിക വികസനത്തിന്റെ പ്രധാന സൂചകങ്ങളിൽ ഒന്നാണ്. എന്നാൽ ഇക്കാര്യത്തിൽ ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങൾ തമ്മിൽ തമ്മിൽ വലിയ അസമാനതകളാണ് ഉള്ളത്. 2001- ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് ഏറ്റവും ഉയർന്ന സാക്ഷരതാ നിരക്ക് കേരളത്തിലും ഏറ്റവും താണത് ബീഹാറിലുമാണ്. ഇന്ത്യയിലെ ശരാശരി സാക്ഷരതാനിരക്ക് 65.38 ശതമാനവും കേരളത്തിലേത് 90.92 ശതമാനവും ബീഹാറിന്റേത് 47.53 ശതമാനവും ആണ്. മറ്റ് സംസ്ഥാനങ്ങൾ തമ്മിലും കാര്യമായ വ്യത്യാസം ഇക്കാര്യത്തിൽ ഉണ്ട്.

6. **ഗതാഗതവും വാർത്താവിനിമയവും:** ഗതാഗതവും വാർത്താവിനിമയവും ഇന്ത്യയിൽ വിവിധ തരത്തിലുണ്ട്. ഗാതാഗത ത്തിന് പൊതുവായിട്ടുള്ളത് റയിൽ, റോഡ്, വായു, ജലം, എന്നീ മാർഗ്ഗങ്ങളാണ്. ഇതിൽ ഏതെങ്കിലും ഒന്നിന്റെ കണക്കുകൾ പരിശോധിച്ചാൽ നിങ്ങൾക്ക് നമ്മുടെ സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തരം വിലയിരുത്താൻ കഴിയും. ഉദാഹരണമായി റോഡിന്റെ കാര്യമെടു ത്താൽ ചിലസംസ്ഥാനങ്ങൾ വളരെമുന്നിലാണെന്നു കാണാം. അതേസമയം മറ്റ് ചില സംസ്ഥാനങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്. റോഡുകളുടെ കണക്ക് പരിശോധിച്ചാൽ കേരളം ഏറ്റവും മുന്നിലും ജമ്മുകാഷ്മീർ ഏറ്റവും പിന്നിലുമാണെന്ന് കാണാൻ കഴിയും.

## ബി. പ്രാദേശിക അസമാനതകൾക്കുള്ള കാരണം

പ്രാദേശിക അസന്തുലിതാവസ്ഥയുടെ കാരണങ്ങൾ നാം എപ്പോഴൊക്കെ തിരിച്ചറിയാൻ ശ്രമിക്കുന്നുവോ അപ്പോഴൊക്കെ വേറെ ചില വസ്തുതകളൊക്കെ നാം ചിന്തിക്കേണ്ടതായിവരുന്നു. ജനസംഖ്യാ വർദ്ധനവ്, നിരക്ഷരത, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം എന്നിവയാണ് ചില സംസ്ഥാനങ്ങളുടെ വികസനമില്ലായ്മക്ക് കാരണമായിട്ടുള്ളത്. വീണ്ടും ഈ കാരണങ്ങൾ നാം വിശകലനം ചെയ്താൽ, ഈ ഘടകങ്ങൾ പിന്നോക്ക സംസ്ഥാനങ്ങളുടെ വികസനരാഹിത്യത്തിനുള്ള വെറും കാരണങ്ങൾ മാത്രമല്ല. അതിന്റെ അനന്തരഫലങ്ങൾ കൂടിയാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. ഉദാഹരണ മായി, അനിയന്ത്രിതമായ ജനപ്പെരുപ്പം, നിരക്ഷരതയുടെ വ്യാപ്തി, അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത ഇവയെല്ലാം അവികസിത സംസ്ഥാനങ്ങളിൽ നിലനിൽക്കുന്നത് മുന്നോക്ക സംസ്ഥാനങ്ങളിൽ ഉണ്ടായരീതിയിലുള്ള സാമൂഹിക- സാമ്പത്തിക വികസനം അവിടെ എങ്ങും ഉണ്ടാകാതിരുന്നതിനാലാണ്. അതുകൊണ്ട്, താഴെപ്പറയുന്ന പ്രാദേശിക അസന്തുലിതാവസ്ഥയുടെ കാരണങ്ങൾ വിശകലനം ചെയ്തു നോക്കുന്നത് രസകരമായിരിക്കും.

1. **ചരിത്രപരമായ വീക്ഷണം:** സ്വാതന്ത്ര്യത്തിന് മുൻപുള്ള കൊളോണിയൽ വാഴ്ച ക്കാലത്ത് വ്യാവസായിക രാഷ്ട്രീയ കാഴ്ച്ചപ്പാടുകളിൽ പ്രാധാന്യം കുറഞ്ഞ പ്രദേശങ്ങൾക്ക് യാതൊരു ശ്രദ്ധയും നൽകാതെ ആപ്രദേശങ്ങൾ അവികസിതമായി അവശേഷിച്ചു. ആ സ്ഥലങ്ങൾ ഇന്നും വ്യവസായ സംരഭകർ ശ്രദ്ധിക്കപ്പെടാത്ത സ്ഥിതിതുടരുന്നു. ഇന്ത്യയുടെ മധ്യഭാഗത്തും വടക്കുകിഴക്കൻ ഭാഗത്തും ഉള്ള ആദിവാസി പ്രദേശങ്ങളാണ് ഇതിൽ മുന്തി നിൽക്കുന്നത്.

2. **ഭൂമിശാസ്ത്രഘടകങ്ങൾ:** ഒരു സ്ഥലത്തിന്റെ പ്രകൃതിസിദ്ധമായ പ്രത്യേകതകൾ വികസനത്തെ ബാധിക്കുന്നതാണ്. രാജസ്ഥാനിലെ മരുപ്രദേശങ്ങളും വടക്കു കിഴക്കൻ പ്രദേശങ്ങളിലെ കുന്നിൻ പ്രദേശങ്ങളും അത്തരം കാര്യങ്ങളുടെ ഉദാഹ രണങ്ങളാണ്.

3. **പ്രകൃതി വിഭവങ്ങളുടെ ഉപയോഗത്തിലുള്ള വ്യത്യാസവും അസമമായ വിതരണ വും:** നിങ്ങൾക്കറിയാവുന്നതുപോലെ പ്രകൃതി വിഭവങ്ങളായ കൽക്കരി, ഇരുമ്പയിര്, എണ്ണ, പ്രകൃതി വാതകം തുടങ്ങിയവ എല്ലാ സംസ്ഥാനങ്ങളിലും ലഭ്യമല്ല. എന്നാൽ ഇതിന്റെ ലഭ്യത കൊണ്ടുമാത്രം അത്തരം സംസ്ഥാനങ്ങളിൽ വികസനം ഉണ്ടാകുമെന്ന് ഉറപ്പിക്കാൻ പറ്റില്ല. ഈ അനുഗ്രഹം ചില സംസ്ഥാനങ്ങൾ നല്ലവണ്ണം ഉപയോഗപ്പെടുത്തുന്നു. എന്നാൽ ബീഹാർ, ഒറീസ്സാ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ അങ്ങനെ ചെയ്യുന്നില്ല.

4. **ദേശീയവിപണികളിൽ നിന്ന് വളരെ അകലെയുള്ള പ്രദേശങ്ങൾ:** ദേശീയ വിപണിയിൽ നിന്നുള്ള അകലം ആ പ്രദേശത്തിൻെറ സമ്പദ്ഘടനയുടെ വികസനത്തെ ബാധിക്കുന്നുണ്ട്. പ്രത്യേകിച്ചും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ സമ്പദ്

ഘടനയെ. ഇതവരുടെ വളർച്ചാ സമ്പ്രദായങ്ങളിൽ പരിവർത്തനം വരുത്താൻ തടസ്സം സൃഷ്ടിക്കുന്നു.

5. **അടിസ്ഥാനപശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തത:** പശ്ചാത്തല സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ഗതാഗതം എന്നീ സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ വേഗത്തിലുള്ള സാമൂഹിക-സാമ്പത്തിക വികസനം പുരോഗമിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ കുറവുള്ള സംസ്ഥാനങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ പോലും വേണ്ടവിധം ഉപയോഗപ്പെടുത്താനോ പുതിയ സ്വകാര്യ സംരംഭകരെ ആകർഷിക്കാനോ കഴിയുന്നില്ല.

6. **ദുർബലമായ ഭരണ നിർവ്വഹണം:** സാമൂഹിക-സാമ്പത്തിക വികസനത്തെ സ്വാധീനം ചെലുത്തുന്ന ഏറ്റവും പ്രധാന പ്പെട്ട ഘടകമാണ് മേന്മയേറിയ ഭരണ നിർവ്വഹണം. മുന്നോക്കം നിൽക്കുന്ന സംസ്ഥാന ങ്ങളിൽ ഭൂരിഭാഗം കാലത്തും സദ്ഭരണം ലഭിച്ചിട്ടുണ്ടെന്ന് നിങ്ങൾക്ക് നിരീക്ഷിച്ചാൽ മനസ്സിലാകും. നേരേമറിച്ച്, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയാത്തവിധം നിയമസമാധാന പ്രശ്നങ്ങൾ നേരിടുന്നവയും പ്ലാനിംഗ് കമ്മീഷൻ അനുവദിച്ചു തന്നിട്ടുള്ള വിഭവങ്ങൾപോലും ശരിയായവിധത്തിൽ ഉപയോഗിക്കാൻ കഴിയാതെ വരികയും ചെയ്തി ട്ടുള്ള സംസ്ഥാനങ്ങളാണ് മിക്കവാറും എല്ലാ പിന്നോക്ക സംസ്ഥാനങ്ങളും എന്ന് മനസ്സിലാക്കാം. ദുർബലമായ ഭരണം ഇത്തരം സംസ്ഥാനങ്ങളിൽ സ്വകാര്യ മുതൽ മുടക്കുകാരെ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിൽ നിന്നും മറ്റെന്തെങ്കിലും ഉത്പാദനപരമായ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിൽ നിന്നും നിരുത്സാഹപ്പെടുത്തുന്നു.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 25.2

1. വൈവിദ്ധ്യങ്ങളും അസമാനതകളും തമ്മിലുള്ള വ്യത്യാസ ലക്ഷണങ്ങൾ അനുയോജ്യമായ ഉദാഹരണങ്ങൾ സഹിതം പറയുക.

......................................................................................................................................

......................................................................................................................................

2. ഇന്ത്യയിൽ പ്രാദേശിക അസമാനതകൾ സൃഷ്ടിക്കാൻ കൊളോണിയലിസം എങ്ങനെ ഒരു പ്രധാനഘടകമായി ?

......................................................................................................................................

......................................................................................................................................

3. താഴെപ്പറയുന്നവയിൽ സാമ്പത്തികമായി വികസിച്ച സംസ്ഥാനങ്ങൾ ഏതൊക്കെയാണ്.

എ. ബീഹാർ

ബി. ഒറീസ

സി. അരുണാചൽപ്രദേശ്

ഡി. ഹരിയാന

4. രാജ്യത്തിൻെറ മറ്റുഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ എന്തുകൊണ്ടാണ് മധ്യ ഇന്ത്യയിലെ ആദിവാസിപ്രദേശങ്ങൾ വികസിതമാകാതിരിക്കുന്നത്? താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് ശരിയായിട്ടുള്ളവ തെരഞ്ഞെടുക്കുക.

എ. പ്രകൃതി വിഭവങ്ങൾ വേണ്ടത്ര ലഭിക്കാത്ത പ്രദേശങ്ങൾ

ബി. വലിയ വ്യവസായങ്ങൾ ഇല്ലാത്ത പ്രദേശങ്ങൾ

സി. സാമ്പത്തിക മാനുഷിക വികസനകാര്യങ്ങളിൽ പ്രാദേശിക വാസികളുടെ സ്ഥിതി വളരെ താഴെ ആണ്.

ഡി. മുകളിൽ പറഞ്ഞത് ഒന്നുമല്ല.

## 25.6 സമൂഹത്തിലെ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾ

ഈ പാഠത്തിൽ നാം ഊന്നൽ കൊടുത്തുകൊണ്ടിരിക്കുന്നതുപോലെ, സാമൂഹിക സാമ്പത്തിക വികസനത്തിന്റെ പരമമായ ലക്ഷ്യം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും ഈ വികസനപ്രക്രിയയുടെ ഭാഗമായിതീർക്കാൻ കഴിവുള്ളവരാക്കുക എന്നതാണ്.

വികസനത്തിന്റെ പരിണതഫലം എല്ലാവർക്കും തുല്യമായി പ്രാപ്യമായിരിക്കണം. മേലോട്ടുള്ള സാമ്പത്തിക സാമൂഹിക ചലനക്ഷമതയ്ക്ക് തുല്യ അവസരങ്ങൾ നൽകുകയും ചെയ്യുന്നതാവണം. ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നെങ്കിലും ഈ വികസനത്തിന്റ പരിണതഫലം എല്ലാവരിലും എത്തിക്കുക എന്ന ലക്ഷ്യം ഇനിയും കൈവരിക്കേണ്ടതായിട്ടാണിരിക്കുന്നതെന്നാണ് പറയപ്പെടുന്നത്. ധാരാളം ജനവിഭാഗങ്ങൾ സാമൂഹികമായും സാമ്പത്തികമായും ഉള്ള വിവേചനങ്ങൾ അനുഭവി ക്കുന്നു. വികസനപ്രക്രിയകളിൽ അവർക്ക് സ്വതന്ത്രമായോ പൂർണ്ണമായോ പങ്കെടുക്കാനും കഴിയുന്നില്ല. അത്തരം ചില വിഭാഗങ്ങളാണ് പട്ടിക ജാതിക്കാർ (SC) പട്ടിക വർഗ്ഗക്കാർ (ST) മറ്റ് പിന്നോക്കവർഗ്ഗക്കാർ (OBC) ന്യൂനപക്ഷങ്ങൾ, വനിതകൾ എന്നിവർ.

2001 - ലെ ഇന്ത്യയുടെ സെൻസസ് അനുസരിച്ച് പട്ടികജാതിക്കാർ 16.23 ശതമാനവും പട്ടികവർഗ്ഗക്കാർ 8.2 ശതമാനവും ആണ്. ന്യൂനപക്ഷക്കാരും മറ്റ് പിന്നോക്കജാതിയിൽപ്പെട്ടവരും പ്രമുഖമായ ഒരുപങ്ക് ഉണ്ട്. വനിതകൾ ഇന്ത്യയിലെ ജനസംഖ്യയുടെ പകുതി വരും. നമുക്ക് പട്ടിക ജാതിക്കാർ, പട്ടികവർഗ്ഗക്കാർ, വനിതകൾ എന്നിവർക്കുവേണ്ടിയുള്ള ശാക്തീകരണ ശ്രമങ്ങളെക്കുറിച്ച് അടുത്തതായി പഠിക്കാം.

## 25.7 പട്ടിക ജാതിക്കാരുടേയും വർഗ്ഗക്കാരുടേയും ശാക്തീകരണം

നമ്മുടെ രാജ്യത്തെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിന്റെ ആവശ്യകത സ്വാതന്ത്ര്യത്തിന് തൊട്ടുമുൻപ് തന്നെ ബോധ്യപ്പെട്ടിരുന്നു. ഈ സമുദായങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുവാൻ പല മാർഗ്ഗങ്ങളും പിന്നീട് സ്വികരിക്കുകയുണ്ടായി. ഇന്ത്യൻ ഭരണഘടന ധാരാളം ഉറപ്പുകൾ അതിന്റെ വിവിധ വ്യവസ്ഥകൾ വഴി ഈ വിഭാഗ ത്തിന്റെ വികസനത്തിനുവേണ്ടി നൽകിയിരുന്നു. ഈ ഉറപ്പുകൾ പൂർത്തീകരിക്കുന്നതിനു വേണ്ടി ഒരു ത്രിമുഖതന്ത്രം ഇന്ത്യാഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 1) സാമൂഹികശാക്തീ കരണം 2) സാമ്പത്തിക ശാക്തീകരണം 3) സാമൂഹികനീതി - അസമാനതകൾ ദൂരീകരിക്കുക, ചൂഷണവും അടിച്ചമർത്തലും അവസാനിപ്പിക്കുക, ഈ അവശവിഭാഗങ്ങൾക്ക് സംരക്ഷണം നൽകുക എന്നീ കാര്യങ്ങൾ ഉറപ്പുവരുത്താൻ വേണ്ടിയാണ് ഈ തന്ത്രങ്ങൾ.

### (a) സാമൂഹിക ശാക്തീകരണം.

അവശവിഭാഗങ്ങൾക്ക് സാമൂഹിക-സാമ്പത്തിക ശാക്തീകരണം നൽകാനുള്ള ഏറ്റവും ഫലപ്രദമായ ഉപകരണം വിദ്യാഭ്യാസമാണ്. അതിനാൽ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ

സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഏറ്റവും മുന്തിയ മുൻഗണന നൽകി. അതിനുവേണ്ടി താഴെപ്പറയുന്ന പ്രധാന നടപടികൾ എടുത്തിട്ടുണ്ട്.

- പ്രാഥമിക വിദ്യാഭ്യാസത്തിനുവേണ്ടി ധാരാളം പ്രോത്സാഹനങ്ങൾ നൽകി. ട്യൂഷൻ ഫീസ് ഇല്ലാതാക്കി, പുസ്തകങ്ങൾ സൗജന്യമായി നൽകി, ഉച്ചഭക്ഷണവും സ്കോളർഷിപ്പുകളും ഏർപ്പെടുത്തി, പട്ടിക വർഗ്ഗവിദ്യാർത്ഥികളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ നൽകി. കസ്തൂർബഗാന്ധി ബാലികവിദ്യാലയം, നവോദയവിദ്യാലയം എന്നിവിടങ്ങളിൽ അവർക്ക് പ്രവേശനം, നാഷണൽ ടാലന്റ് സർച്ച് പരീക്ഷയിൽ സംവരണം എന്നിവയും നൽകി.
- വലിയ സ്കോളർഷിപ്പ് പരിപാടികൾ മെട്രിക്കുലേഷൻ കഴിഞ്ഞവർക്ക് ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്; തോട്ടിപ്പണിക്കാർ, അതുപോലെ ഏറ്റവും താഴെ തട്ടിലുള്ള ജോലിക്കാർ എന്നിവരുടെ മക്കൾക്കുവേണ്ടി പ്രീ - മെട്രിക് സ്കോളർഷിപ്പ് എന്നിവയും ഏർപ്പെടുത്തി. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയരൽ ലക്ഷ്യമാക്കി പരിഹാരബോധനം, പ്രത്യേക പരിശീലനം എന്നിവ ഏർപ്പെടുത്തി. പട്ടിക ജാതികുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസവും ഗവേഷണവും തുടരാൻ പ്രത്യേക പ്രോത്സാഹനമായി രാജീവ്ഗാന്ധി നാഷണൽ ഫെല്ലോഷിപ്പ് നടപ്പിലാക്കി.
- പലതരം മത്സര പരീക്ഷകൾക്ക് തയ്യാറാക്കാനുള്ള പരിശീലനത്തിനുള്ള അവസരങ്ങൾ നൽകി.
- അപ്പർ പ്രൈമറിവിഭാഗം മുതലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യങ്ങൾ നൽകി.
- അപ്പർപ്രൈമറി വിഭാഗം മുതലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യങ്ങൾ നൽകി.

## ബി. സാമ്പത്തിക ശാക്തീകരണം

സാമൂഹികമായി അവശത അനുഭവിക്കുന്ന വിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനായി തൊഴിൽനൽകുകയും വരുമാനം ഉണ്ടാക്കാവുന്ന പരിപാടികൾ ആരംഭിക്കുകയും ചെയ്തു. താഴെപ്പറയുന്ന ഉന്നത ധനകാര്യസംഘടനകൾ ഇതിനുവേണ്ടി സ്ഥാപിച്ചു.

- ദിനാഷണൽ ഷെഡ്യൂൾഡ് കാസ്റ്റ്സ് ഫൈനാൻസ് ആൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (NSFDC) ഇത് വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നവർക്ക് സാമ്പത്തികവും അല്ലാത്തതുമായ സഹായങ്ങൾ നൽകുന്നു.
- ദി നാഷണൽ സഫായി കർമ്മചാരി ഫിനാൻസ് ആൻഡ് ഡവലപ്പ്മെന്റ കോർപ്പറേഷൻ (NSKFDC) വരുമാനം കിട്ടുന്ന പ്രവർത്തനങ്ങളിൽ ശുചീകരണപ്രവർത്തകർ ഏർപ്പെടാൻ വേണ്ട സാമ്പത്തികവും അല്ലാത്തതുമായ സഹായങ്ങൾ നൽകുന്നു.
- **ദി നാഷണൽ ഷെഡ്യൂൾഡ് ട്രൈബ്സ് ഫൈനാൻസ് ആൻഡ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (NSTFDC):** വായ്പ, വിപണിസഹായം, പരിശീലനം തുടങ്ങിയ സഹായങ്ങൾ, തൊഴിലും, വരുമാനവും ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപെടുന്നതിനുവേണ്ടി നൽകുന്നു.
- **ദി ഷെഡ്യൂൾഡ്കാസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (SCDCs):** കൃഷി അനുബന്ധമായ പ്രവർത്തനങ്ങൾ (ചെറുകിട ജലസേചനം ഉൾപ്പെടെ), കുടിൽ വ്യവസായങ്ങൾ, ഗതാഗതം, വാണിജ്യം, മറ്റ് സേവനമേഖലകൾ എന്നിവയെല്ലാം, ഉൾപ്പെടെ തൊഴിൽ സൃഷ്ടിക്കുന്നതായ കാര്യങ്ങൾക്ക് വേണ്ട സാമ്പത്തിക സഹായം നൽകുന്നു.

- **ദി ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്പ്മെന്റ കോർപ്പറേഷൻ (STDCS):** ഒരു ഏജൻസിയെപ്പോലെ പ്രവർത്തിച്ച് ഗുണഭോക്താക്കൾക്ക് സാമ്പത്തികവും അല്ലാത്തതുമായ സഹായങ്ങൾ നൽകുന്നു. ദി ട്രൈബൽ കോ - ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഡവലപ്മെന്റ് ഫേഡറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് (TRIFED) പട്ടികവർഗ്ഗ വിഭാഗത്തിന് ലഘുവായ വനവിഭവങ്ങളും മിച്ചം വരുന്ന കാർഷികോത്പന്നങ്ങൾ ശേഖരിക്കാനും വേണ്ടി വിപണി സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നു.

### സി. സാമൂഹിക നീതി

എല്ലാത്തരം സാമൂഹികഅനീതികളിൽ നിന്നും നാനാവിധത്തിലുള്ള ചൂഷണത്തിൽ നിന്നുമുള്ള സംരക്ഷണവും ഇന്ത്യൻഭരണഘടന ഉറപ്പുനൽകിയിട്ടുണ്ട്. ദി പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ് ആക്ട് 1955, ദി ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ദി ഷെഡ്യൂൾഡ് ട്രൈബ്സ് (അതിക്രമങ്ങൾ തടയൽ) ആക്റ്റ് 1989, ദി ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് അതർ ട്രെഡീഷണൽ ഫോറസ്റ്റ് ഡ്വെല്ലേർസ് (വനനിയമങ്ങൾ അംഗീകരിക്കൽ) ആക്ട് 2006 എന്നീ നിയമങ്ങളെല്ലാം ഇതിൽ പ്രധാനമാണ്.

## 25.8 സ്ത്രീ ശാക്തീകരണം

ലിംഗസമത്വം എന്നതത്വം ഇന്ത്യൻ ഭരണഘടനയുടെ പീഠികയിൽ പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ട്. മൗലികാവകാശങ്ങൾ, മൗലിക കടമകൾ, നിർദ്ദേശക തത്വങ്ങൾ ഇവയും നമ്മുടെ ഭരണഘടനയിൽ അർഹമായ പ്രാധാന്യത്തോടെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഭരണഘടന സ്ത്രീകൾക്ക് സമത്വം മാത്രമല്ല സ്ത്രീകൾക്ക് അനുകൂലമായി സംശയരഹിതമായ വിവേചനം സ്വീകരിക്കാനുള്ള നടപടികൾ എടുക്കാൻ സംസ്ഥാനത്തെ അധികാരപ്പെടു ത്തുകയും ചെയ്യുന്നു. എന്നിരുന്നാലും നാം അംഗീകരിച്ചലക്ഷ്യവും ബന്ധപ്പെട്ട പ്രവർത്തനവും ഒരു വശത്തും സ്ത്രീകളുടെ സമൂഹത്തിലെ പദവി സംബന്ധിച്ച് നഗ്നമായ യാഥാർത്ഥ്യം മറുവശത്തുമായി ഒരുവലിയവിടവ് ഇപ്പോഴുംനിലനിൽക്കുന്നു. സ്ത്രീകൾക്ക് പ്രത്യേകിച്ച് ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസം,ആരോഗ്യം, മറ്റ് ഉത്പാദനപരമായ വിഭവങ്ങൾ ഇവ വേണ്ടിടത്തോളം ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ കുറവാണ്. അവർ കൂടുതലായും പാർശ്വവത്ക്കരിക്കപ്പെട്ടവരായും സാധുക്കളായും സൂമൂഹത്തിന്റെ പൊതുധാരയിൽ നിന്ന് ഒഴിവാക്കപ്പെട്ട വരായും കഴിയുന്നു. എന്നാൽ ധാരാളം നടപടികൾ വിവിധ പരിശ്രമങ്ങൾ എന്നിവ ചിത്രം 25.6 -ൽ കാണിച്ചിട്ടുള്ളതുപോലെ സ്ത്രീകളുടെ ശാക്തീകരണത്തിനായി സ്വീകരിച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണത്തിനുവേണ്ടി എടുത്തിട്ടുള്ള പ്രധാന പരിപാടികൾ താഴെ കൊടുക്കുന്നു.



**ചിത്രം 25.6** *സ്ത്രീ ശാക്തീകരണം*

### എ. സാമ്പത്തിക ശാക്തീകരണം

- നമ്മുടെ ജനസംഖ്യയിലെ ഭൂരിപക്ഷം സ്ത്രീകളും ദാരിദ്ര്യ രേഖയ്ക്കു താഴെ ആയതിനാൽ ദാരിദ്ര്യ ഉച്ചാടനപരിപാടികൾ പ്രത്യേകിച്ച് സ്ത്രീകൾക്ക് പ്രാധാന്യം നൽകി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതരത്തിൽ ആരംഭിച്ചിട്ടുണ്ട്.

- കൃഷിയും മറ്റ് അനുബന്ധമേഖലകളിലും ഉല്പാദകർ എന്ന നിലയിലുള്ള സ്ത്രീകളുടെ നിർണ്ണായകമായ പങ്കിന്റെ വെളിച്ചത്തിൽ  പരിശീലനം, വിവിധ പരിപാടികൾ എന്നിവയെല്ലാം സ്ത്രീകളുടെ എണ്ണത്തിന് ആനുപാതികമായി അവരുടെ അടുക്കൽ എത്തിക്കാനായി ഏകാഗ്രമായ ശ്രമങ്ങൾ നടക്കുന്നു. തൊഴിൽ നിയമനിർമ്മാണം, സാമൂഹിക സുരക്ഷിതത്വം, മറ്റ് സഹായക സേവനങ്ങൾ എന്നിവയിൽ കൂടി അവരെ പലതരം വ്യാവ സായികമേഖലകളിൽ പ്രത്യേകിച്ച് ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി, ആഹാരസാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കൽ, കാർഷിക വ്യവസായം തുണിവ്യവസായം എന്നീരംഗങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നതിന് വേണ്ടശ്രമങ്ങൾ നടത്തുന്നു.

- ജോലിസ്ഥലത്ത് 'ക്രഷെ,' ഉൾപ്പെടെയുള്ള ശിശുസംരക്ഷണ സൗകര്യങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധർക്കും വികലാംഗർക്കും വാസസ്ഥലങ്ങൾ മെച്ചമാക്കൽ തുടങ്ങിയ കാര്യങ്ങളിൽ കൂടി സാമൂഹിക, രാഷ്ട്രീയ സാമ്പത്തിക ജീവിതത്തിൽ സ്ത്രീകളുടെ പൂർണ്ണസഹകരണം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള സഹായ സേവനങ്ങൾ ചെയ്യുന്നു.

### ബി. സാമൂഹികശാക്തീകരണം

- സ്ത്രീകൾക്കും പെൺകുട്ടികൾക്കും വിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യം, വിവേചനം അവസാനിപ്പിക്കൽ സാർവ്വത്രികമായ വിദ്യാഭ്യാസം, നിരക്ഷരത ഇല്ലാതാക്കൽ, പെൺകുട്ടികളുടെ പ്രവേശനവും നിലനിർത്തൽ നിരക്കും വർദ്ധിപ്പിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ  വർദ്ധിപ്പിച്ച് ജീവിതം മുഴുവൻപഠനം സുഗമമാക്കൽ, തൊഴിൽ, സാങ്കേതിക നൈപുണി എന്നിവ മെച്ചമാക്കൽ തുടങ്ങിയ സ്ത്രീകളുടെ സാമൂഹിക ശാസ്ത്രീകരണത്തിനുവേണ്ട നിരവധി ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

- സ്ത്രീകളുടെ പോഷകാഹാരം, ആരോഗ്യസേവനം എന്നിവ ഉൾപ്പെടെയുള്ള ആരോഗ്യകാര്യത്തിൽ ശ്രദ്ധിക്കുകയും ജീവിതത്തിന്റെ എല്ലാഘട്ടങ്ങളിലും സ്ത്രീകളുടെയും പെൺകുട്ടികളുടെയും ആവശ്യങ്ങൾ പരിഗണിക്കുകയും ചെയ്യുന്ന സമഗ്രമായ ഒരു സമീപനം സ്ത്രീകളുടെ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നു.

- പോഷകാഹാരക്കുറവ് മൂലം സ്ത്രീകൾ നേരിടുന്ന രോഗങ്ങളുടെ അപകടസാധ്യത കൂടിയിരിക്കുന്നതിന്റെ വെളിച്ചത്തിൽ ജീവിത ചക്രത്തിന്റെ എല്ലാ ഘട്ടങ്ങളിലും സ്ത്രീകളുടെ പോഷകാഹാരാവശ്യങ്ങൾ നിറവേറ്റുന്ന കാര്യത്തിൽ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്.

- സ്ത്രീകൾക്കുനേരെ, വീടിന്റെയോ സമൂഹത്തിന്റെയോ തലത്തിലോ ആചാരങ്ങൾ, പാരമ്പര്യങ്ങൾ മറ്റ്  അംഗീകൃത അനുഷ്ഠാനങ്ങൾ എന്നിവയിൽ നിന്നും ഉണ്ടാകുന്നതോ ആയ ശാരീരികവും മാനസികവുമായ എല്ലാ രീതിയിലുള്ള അതിക്രമങ്ങളും അവസാനിപ്പിക്കുന്നതിന് ഏറ്റവും ഉയർന്ന പരിഗണന നൽകുന്നു.

### സി. രാഷ്ട്രീയ ശാക്തീകരണം

സ്വാതന്ത്ര്യലബ്ധിക്കുശേഷം സ്ത്രീകൾക്കു വോട്ടുചെയ്യാനും തെരഞ്ഞെടുപ്പിൽ മൽസരിക്കാനും ഉളള അവകാശം ലഭിച്ചു. ഭരണനിർവ്വഹണത്തിന്റെ എല്ലാതലങ്ങളിലും പങ്കെടുത്ത് തീരുമാനങ്ങളെടുക്കുന്നതിൽ പുരുഷൻമാരോട് തുല്യത അവർക്കും ഉണ്ട്. 1993–ൽ ഇന്ത്യൻ ഭരണഘടനയിൽകൊണ്ടു വന്ന 73, 74 ഭേദഗതികൾ മൂലം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ 33.3% സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. ഇത് സ്ത്രീ ശാക്തീകരണത്തിന് ഒരു വലിയ മുന്നേറ്റം ലഭിക്കുകയും രാഷ്ട്രീയാധികാരത്തിൽ സ്ത്രീകൾക്കുളള പങ്ക് വർദ്ധിപ്പിക്കുകയും ചെയ്തു. പൊതു ജീവിതത്തിൽ സ്ത്രീകളുടെ സാന്നിദ്ധ്യം വർദ്ധിപ്പിക്കാൻ ഈ തീരുമാനം മുഖ്യമായ പങ്ക് വഹിച്ചു നിയമസഭയിലും ലോക്സഭയിലും ഇതേ രീതിയിൽ സ്ത്രീകൾക്ക് സംവരണം കൊണ്ടുവരാനുളള ഒരു ബില്ല് ഇപ്പോൾ പാർലമെന്റിന്റെ പരിഗണനയിലാണ്.

### പ്രവർത്തനം 25.3

സ്ത്രീകൾക്കെതിരെയുളള വിവേചനവുമായി ബന്ധപ്പെട്ട സ്ഥിതിവിശേഷങ്ങൾ താഴെ കൊടുക്കുന്നു. ഓരോ സ്ഥിതിവിശേഷത്തിന്റേയും കാരണങ്ങൾ കൊടുക്കുക.

| ക്രമനമ്പർ | സ്ഥിതിവിശേഷം | കാരണങ്ങൾ |
|---|---|---|
| 1. | മിക്കവാറും എല്ലാ കുടുംബങ്ങളിലും വിദ്യാഭ്യാസ കാര്യത്തിൽ ആൺകുട്ടികൾക്ക് ലഭിക്കുന്ന അതേ അവസരങ്ങൾ പെൺകുട്ടികൾക്ക് ലഭിക്കുന്നില്ല. എന്തുകൊണ്ട്? | |
| 2. | സ്ത്രീകളുടെ രോഗങ്ങൾ അതായത് അമ്മമാർ, സഹോദരിമാർ, നാത്തൂന്മാർ - പൊതുവേ പുരുഷന്മാരുടേതുപോലെ ഗൗരവമായി എടുക്കുന്നില്ല. എന്തുകൊണ്ട് ? | |
| 3. | മിക്കവാറും വീട്ടുജോലികൾ എല്ലാം സ്ത്രീകളാണ് ചെയ്യുന്നത് പുരുഷന്മാർ അതിൽ പങ്ക് ചേരാറില്ല. എന്തുകൊണ്ട് ? | |
| 4. | ഒരു പെൺകുഞ്ഞിന്റെ ജനനം ആൺകുഞ്ഞിൻെറ ജനനം പോലെ ആഘോഷിക്കപ്പെടുന്നില്ല. | |

മുകളിൽ പറഞ്ഞസ്ഥിതിവിശേഷങ്ങൾ ശ്രദ്ധാപൂർവ്വം പഠിച്ച് താഴെപറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

1. ഈ അസമത്വം നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്നത് എന്തുകൊണ്ട്? മൂന്ന് കാരണങ്ങൾ നൽകുക.

2. അസമത്വം ഇല്ലാതാക്കാൻ സഹായിക്കുന്ന മൂന്ന് പരിഹാര നടപടികൾ നിർദ്ദേശിക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 25.3

1. ഏതൊക്കെയാണ് സാമൂഹികമായി അവശതഅനുഭവിക്കുന്ന പ്രധാനപ്പെട്ട വിഭാഗങ്ങൾ?

   ........................................................................................................................................

   ........................................................................................................................................

2. സാമൂഹിക - സാമ്പത്തിക വികസനത്തിന്റെ പ്രയോജനങ്ങൾ പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അനുഭവിക്കാൻ ഇവർക്കുവേണ്ടി ഇതുവരെ എടുത്തിട്ടുള്ള ശാക്തീകരണ നടപടികൾകൊണ്ട് കഴിഞ്ഞിട്ടുണ്ടെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? മൂന്നുകാരണങ്ങൾ എഴുതുക.

   ........................................................................................................................................

   ........................................................................................................................................

3. ഇതുവരെ എടുത്ത ശ്രമങ്ങൾകൊണ്ട് നമ്മുടെസമൂഹത്തിൽ സ്ത്രീകളുടെ ശാക്തീകരണം നടക്കാൻ കഴിയാതെപോകുന്നത് എന്തുകൊണ്ട്?

   ........................................................................................................................................

   ........................................................................................................................................

4. നിങ്ങളുടെ അയലത്തുള്ള അഞ്ചു വീടുകളിൽ ഒരു സർവ്വേ നടത്തി താഴെപ്പറയുന്ന കാര്യങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക. കൂടുതൽ കുടുംബങ്ങളിൽ അതായത് പത്തോ മറ്റൊ ചെയ്താൽ കൂടുതൽ നന്നായിരിക്കും.

   (1) പ്രായപൂർത്തിയായ പുരഷൻമാർ സ്ത്രീകൾ എന്നിവരുടെ എണ്ണം; (2) ആൺകുട്ടികളെത്ര, പെൺകുട്ടികൾ എത്ര?; (3) കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ എത്ര ആൺ/പെൺകുഞ്ഞുങ്ങൾ ജനിച്ചു?; (4) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ എത്ര കുഞ്ഞുങ്ങൾ മരിച്ചു? ആണും പെണ്ണും തിരിച്ച്; (5) വയസ്സിനുമുകളിലുള്ള എത്ര ആൺകുട്ടികൾ/എത്രപെൺകുട്ടികൾ സ്കൂൾ, കോളേജ്, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ പഠിക്കുന്നു?; (6) എത്ര സ്ത്രീകൾ വീടിനുപുറത്ത് ഓഫീസിലോ മറ്റേതെങ്കിലും വ്യവസായത്തിലോ ജോലിചെയ്യുന്നു.?

   ശേഖരിച്ച വിവരങ്ങളുടെ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ചോദ്യങ്ങളുടെ.ഉത്തരം കണ്ടെത്തുക.

   (a) ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും എണ്ണം എത്ര? അതിൽ എത്ര പേർ സ്കൂൾ/കോളേജിൽ പഠിക്കുന്നു? കുടുംബത്തിലെ ആൺകുട്ടിയും പെൺകുട്ടിയും ഒരേ സ്കൂളിൽ തന്നെയാണോ പഠിക്കുന്നത്? അല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്ത്?

   (b) സ്ത്രീകൾ വീടിനു പുറത്ത് ജോലി ചെയ്യുന്നുണ്ടോ ? ഉണ്ടെങ്കിൽ എവിടെ? ഇല്ലെങ്കിൽ എന്തുകൊണ്ട് ?

   (c) ലിംഗവിവേചനത്തിൻെറ സാഹചര്യം നിങ്ങൾ എവിടെയെങ്കിലും കണ്ടോ? കണ്ടെങ്കിൽ എന്തുകൊണ്ട്? ഇല്ലെങ്കിൽ എങ്ങനെ ?

## 25.9 സാമൂഹിക-സാമ്പത്തിക വികസനത്തിന് മുഖ്യ നയങ്ങളും പരിപാടികളും

നമ്മൾ ഇതുവരെ സാമൂഹിക-സാമ്പത്തികവുമായി ബന്ധപ്പെട്ട വ്യത്യസ്ത വിഷയ ങ്ങളും അവശജനവിഭാഗത്തിന്റെ ശാക്തീകരണവും മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. സാമൂഹിക -സാമ്പത്തികവികസനം കേന്ദ്രമാക്കിക്കൊണ്ടുള്ള നിരവധിനയങ്ങളും പരിപാടികളും നിങ്ങൾക്കറിയാം. അതുമുഴുവൻ ചർച്ച ചെയ്യുന്നത്, ആയാസകരമായ ഒരു കാര്യമാണ് അതുകൊണ്ട് നമുക്ക് വിദ്യാഭ്യാസവും ആരോഗ്യവുമായി ബന്ധപ്പെട്ട താഴെ കൊടുത്തിരിക്കുന്ന നയങ്ങളും പരിപാടികളും ചർച്ച ചെയ്യാം. ബാക്കിയുള്ളത് നിങ്ങൾ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കും.

### 25.9.1 എല്ലാവർക്കും വിദ്യാഭ്യാസം

ഇന്ത്യ മാത്രമല്ല അന്താരാഷ്ട്ര ജനവിഭാഗം മുഴുവൻ തന്നെ എല്ലാവർക്കും വിദ്യാഭ്യാസം നൽകേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധ്യമുള്ളവരാണ്. 1990-ൽ യു.എൻ-ന്റെ നേതൃത്വത്തിൽ തായ്ലന്റിലെ ജോംതിയാനിൽ (Jomtien) കൂടിയ ലോകരാഷ്ട്രങ്ങളുടെ പ്രതിനിധിസമ്മേളനത്തിൽ 2000-ാം ആണ്ടോടെ എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കണ മെന്ന് തീരുമാനിച്ചു. ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യ യുള്ള ചൈന, ഇന്ത്യ, ഇന്തോനേഷ്യ, പാക്കിസ്ഥാൻ, നൈജീരിയ, മെക്സിക്കോ, ബ്രസീൽ, ബംഗ്ലാദേശ്, ഈജി പ്ത് എന്നീ 9 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ 1992-ൽ ഡൽഹിയിൽ സമ്മേളിച്ച് 'എല്ലാവർ ക്കും വിദ്യാഭ്യാസം' എന്ന ലക്ഷ്യത്തിൽ തങ്ങൾക്കുള്ള ആഭിമുഖ്യം പ്രകടിപ്പിക്കുകയും ഈ പദ്ധതി വിജയിപ്പിക്കുന്നതിനായി പ്രതിജ്ഞഎടുക്കുകയും ചെയ്തിരുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായി കഴിഞ്ഞ രണ്ടു ദശാബ്ദക്കാലമായി അന്താ രാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ ഇന്ത്യനടപടികൾ എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ താഴെ പറയുന്ന വയാണ് ഏറ്റവും മുഖ്യമായിട്ടുള്ളത്.

### എ. സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസം (Universalisation of Elementary Education)

1986-ലെ ദേശീയ വിദ്യാഭ്യാസനയം (National Policy on Education) സൗജന്യ വിദ്യാഭ്യാ സം എല്ലാവർക്കും 14 വയസ്സുവരെ വിഭാവനം ചെയ്യുന്നുണ്ട്. 2002 -ലെ 86-ാം ഭേദഗതി അനുസരിച്ച് 6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കി മൗലികാവകാശത്തിൽപ്പെടുത്തിയിരിക്കുന്നു. ഈയിടെ ഇന്ത്യൻ പാർലമെന്റ് ഫ്രീആൻഡ് കംപൽസറിഎഡ്യൂക്കേഷൻ ആക്ട് 2009 ൽ പാസ്സാക്കി. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രമഫലമായി ഗ്രാമീണ ജനതയുടെ 95 ശതമാനത്തിനും ഒരു കിലോമീറ്ററിനുള്ളിൽ പ്രൈമറിസ്കൂളും 85 ശതമാനത്തിന് മൂന്നു കിലോമീറ്ററിനുള്ളിൽ യു.പി.സ്കൂളും ഉണ്ട് എന്ന സ്ഥിതി വന്നു. ഇത് താഴെ പറയുന്ന ഫലങ്ങൾ ഉളവാക്കി.

1. 6-നും 14-നും ഇടയ്ക്ക് പ്രായമായകുട്ടികൾ പ്രൈമറി. അപ്പർ പ്രൈമറിസ്കൂളുകളിൽ പ്രവേശനം നേടുന്നതിൽ സ്ഥിരമായ വളർച്ച ഉണ്ടായി.
2. സ്കൂളിൽ ചേരുന്ന പെൺകുട്ടികളുടേയും പട്ടികജാതി - പട്ടികവർഗ്ഗത്തിൽ പ്പെട്ടവരുടേയും സംഖ്യയിൽ ഗണ്യമായ വർദ്ധനവുണ്ടായി.
3. പ്രൈമറിസ്കൂളുകളുടേയും അപ്പർ പ്രൈമറിസ്കൂളുകളുടേയും എണ്ണം കാര്യമായി വർദ്ധിച്ചു.

പഠനം ഇടയ്ക്ക് മുടങ്ങിപ്പോകുന്ന കുട്ടികളുടെ എണ്ണം കുറയ്ക്കുന്നതിനായി കേന്ദ്ര ഗവൺ

മെന്റും സംസ്ഥാനഗവൺമെന്റുകളും ഈ കാലയളവിൽ വിവിധ മാർഗ്ഗങ്ങൾ നടപ്പിലാക്കി. ഇതിലേക്കായി എടുത്ത നടപടികൾ താഴെകൊടുക്കുന്നു.

- ആളുകളെ കൂട്ടിച്ചേർത്ത് കൂട്ടായ പ്രയത്നത്തിലൂടെ മാതാപിതാക്കന്മാർക്ക് അവബോധം സൃഷ്ടിക്കുക.
- സമൂഹത്തിന്റേയും പഞ്ചായത്ത് രാജ്സ്ഥാപനങ്ങളുടേയും പങ്കാളിത്തം ഉറപ്പാക്കുക.
- സൗജന്യമായി പാഠപുസ്തകങ്ങളും വിദ്യാഭ്യാസവും യൂണിഫോമും നൽകുക.
- പാഠ്യപദ്ധതിയുടെ ഉള്ളടക്കം മെച്ചപ്പെടുത്തുക. അതുപോലെ മെച്ചമായ അദ്ധ്യാപനരീതി നടപ്പിലാക്കുക.
- പ്രൈമറി വിദ്യാഭ്യാസത്തിന് പോഷകാഹാരസഹായപദ്ധതി അഥവാ ഉച്ചഭക്ഷണ പദ്ധതി (midday meal Scheme) ഏർപ്പെടുത്തുക.

താഴെപ്പറയുന്ന പരിപാടികൾ മുഖ്യമായും സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യമാക്കി ഉള്ളതാണ്.

### എ. സർവ്വശിക്ഷ അഭിയാൻ (Sarva siksha Abhiyan)

പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുക എന്ന ലക്ഷ്യം നേടാൻ വേണ്ടി ആരംഭിച്ച ഒരു തീവ്രഉത്ക്കർഷേച്ഛയുള്ള പരിപാടിയാണ് 'സർവ്വശിക്ഷാ അഭിയാൻ' (SSA); ഇത് 2001 -ൽ ഇന്ത്യ ഗവൺമെന്റ് നടപ്പിലാക്കി. ഇതിന്റെ ലക്ഷ്യങ്ങൾ താഴെ കൊടുക്കുന്നു.

1. 6 മുതൽ 14 വയസ്സുവരെയുള്ള എല്ലാകുട്ടികളും സ്കൂളുകളിൽ പ്രവേശനം നേടിയിരിക്കണം.
2. ലിംഗപരമോ സാമൂഹികമോ ആയ യാതൊരു വിടവുമില്ലാതെ 2007-ാം ആണ്ടോട് പ്രാഥമിക വിദ്യാഭ്യാസവും 2010 - ഓടുകൂടി എലിമെന്ററി വിദ്യാഭ്യാസവും പൂർത്തിയാക്കണം.
3 2010-ാം ആണ്ടോടെ 6 മുതൽ 14 വയസ്സുവരെയുള്ള മുഴുവൻ കുട്ടികളും 8 വർഷത്തെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കും.
4. വിദ്യാഭ്യാസം ജീവിതത്തിന് എന്നതിന് ഊന്നൽ നൽകിക്കൊണ്ട് എലിമന്ററി വിദ്യാഭ്യാസത്തിൻെറ ഗുണപരമായ മേന്മയ്ക്ക് പ്രാധാന്യം നൽകും.

### ബി. പ്രൈമറിവിദ്യാഭ്യാസത്തിന് ദേശീയ പോഷകാഹാര പിന്താങ്ങൽ അല്ലെങ്കിൽ ഉച്ചഭക്ഷണപദ്ധതി

സാർവ്വത്രികമായി സ്കൂൾ വിദ്യാഭ്യാസം നേടുക എന്ന ലക്ഷ്യം കൈവരിക്കാൻ വേണ്ടിയാണ് ഈ പദ്ധതി ആരംഭിച്ചതും ഇപ്പോഴും തുടരുന്നതും.

**ഉച്ചഭക്ഷണപദ്ധതിയുടെ ഉദ്ദേശ്യങ്ങൾ**

1. സർക്കാർ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സർക്കാർ എയിഡഡ് സ്കൂൾ, EGS, AIE കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ പോഷകാഹാരസ്ഥിതി മെച്ചമാക്കുക.
2. അവശജനവിഭാഗങ്ങളിലെ കുട്ടികളെപഠനത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനും അവർ സ്കൂളിൽ മുടങ്ങാതെ വരാനും ക്ലാസ് മുറികളിലെ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും വേണ്ടി.
3. വേനൽക്കാലത്ത് വരൾച്ചാ ബാധിതപ്രദേശങ്ങളിൽ നിന്ന് വരുന്ന പ്രാഥമിക ഘട്ടത്തിലെ കുട്ടികൾക്ക് പോഷകാഹാര പിന്തുണനൽകുക.

### 25.9.2 ദേശീയ സാക്ഷരതാമിഷൻ (National Literacy Mission )

1986 -ൽ ആണ് സാക്ഷരതാമിഷൻ ആരംഭിച്ചത്. 15 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള അക്ഷരാഭ്യാസമില്ലാത്തവർക്ക് തങ്ങളുടെ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള സാക്ഷരത നൽകുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമാക്കിയിട്ടുള്ളത്. പ്രായപൂർത്തിയായ നിരക്ഷരർക്ക് അടിസ്ഥാന സാക്ഷരതാപ്രചരണമാണ് സാക്ഷരതാ മിഷന്റെ പ്രധാനപരിപാടി. നവസാക്ഷരരുടെ സാക്ഷരതാ നൈപുണി കൂടുതൽ ബലവ ത്താക്കുന്നതിനുവേണ്ട പോസ്റ്റ് ലിറ്ററസി പ്രോഗ്രാം (സാക്ഷരതാനന്തര പരിപാടി) ഇതിനെ തുടർന്ന് നടത്തുന്നതാണ്..

നവസാക്ഷരർക്കും മറ്റ് സമൂഹത്തിലെ ആളുകൾക്കും അവരുടെ തുടർവിദ്യാഭ്യാസത്തിനു വേണ്ടി ഗ്രാമീണ ഗ്രന്ഥശാല, വായനശാല എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഇതിന്റെ ലക്ഷ്യമാണ്. ജനശിക്ഷൻ സംസ്ഥാൻ' വഴി നവസാക്ഷരർക്കും മറ്റ് അവശവിഭാഗം ആളുകൾക്കും തൊഴിൽ പരിശീലനം നൽകാനും സഹായിക്കുന്നു.

സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ സൃഷ്ടിച്ച അനന്തരഫലങ്ങൾ:

- രാജ്യത്തെ 597 ജില്ലകളിൽ വിവിധ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയും 124 ദശലക്ഷം ആളുകൾ സാക്ഷരരാവുകയും ചെയ്തു.
- 1991 -ലെ 52.21 ശതമാനം എന്ന സാക്ഷരതാനിരക്കിൽ നിന്നും 2001-ൽ 65.37% എന്ന നിരക്കിലേക്ക് സാക്ഷരത ഉയർത്താൻ കഴിഞ്ഞു ഇത് 10 വർഷക്കാലം വീതം എടുക്കുന്ന സാക്ഷരതാ നിരക്കിൽ ഏറ്റവും ഉയർന്നതാണ്.
- ഇങ്ങനെയൊക്കെ ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും15 വയസ്സിനുമുകളിലുള്ള നിരക്ഷരരിൽ 34% ഇന്ത്യയിലാണ്. ലിംഗ, പ്രാദേശിക, സാമൂഹിക വ്യത്യാസങ്ങൾ ഇപ്പോഴും തുടരുന്നു.

ഇതിന്റെയൊക്കെ വെളിച്ചത്തിൽ, ഇന്ത്യാ ഗവൺമെന്റ് സാക്ഷരതയുടെ കാര്യത്തിൽ ഒരു സമഗ്ര സമീപനം പിൻതുടരാനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഒരു സാക്ഷരതാ പ്രോജക്ടിന്റെ കീഴിൽ പൂർണ്ണ സാക്ഷരതാപ്രചരണവും (Total literacy compaigns) സാക്ഷരതാനന്തരപരിപാടിയും കൊണ്ടുവരിക എന്നതാണ് ഇത് അർത്ഥമാക്കുന്നത്. ഈസമീപനം നിരവധി നിരക്ഷരതാ പ്രശ്നങ്ങൾ സമഗ്രമായ രീതിയിൽ പരിഹരിക്കപ്പെടാൻ സഹായകമായി. കൃത്യനിർവ്വഹണപരമായ സാക്ഷരത പകർന്നു കൊടുക്കുന്നത് തുടർച്ചയായി നിർവ്വഹിക്കപ്പെടേണ്ട ഒരു കൃത്യമായിട്ടാണ് കരുതേണ്ടത്. പകർന്നുകൊടുക്കുന്ന വിവരങ്ങൾ ലക്ഷ്യം നേടാൻ പറ്റുന്നതായിരിക്കണം. നിരക്ഷരത പ്രചരണങ്ങൾ തുടർച്ചയായി നടത്തപ്പെടണം. പഠന ത്തിന്റെ അടിസ്ഥാനഘട്ടം കഴിഞ്ഞവർക്ക് തൊഴിൽ നൈപുണി വർദ്ധിപ്പിക്കുക, ജീവിത നൈപുണികൾ സംയോജിപ്പിക്കുക, ഇതുപോലെയുള്ള മറ്റു കാര്യങ്ങൾ എന്നിവകൾക്ക് മുൻഗണന നൽകിയുള്ള പ്രവർത്തനങ്ങൾ സാക്ഷരതാമിഷൻ നടത്തുന്നു.

### 25.9.3 എല്ലാവർക്കും ആരോഗ്യം

1951 -ൽ സമഗ്രമായ ഒരു കുടുംബാസൂത്രണപരിപാടി ആരംഭിച്ച ലോകത്തിലെ ആദ്യത്തെ രാജ്യം ഇന്ത്യയാണ്.ഇത് രാജ്യത്തെ വ്യക്തിയുടെ ആരോഗ്യവുംക്ഷേമവും വർദ്ധിപ്പിക്കുക ലക്ഷ്യമാക്കിചെയ്ത ഒന്നായിരുന്നു എന്നാൽ ദൂരെഗ്രാമങ്ങളിൽ താമസിക്കുന്ന പാവങ്ങൾക്കുവേണ്ടി വളരെക്കുറച്ച് ആരോഗ്യ സൗകര്യങ്ങളേ ഉള്ളൂ. എന്നാൽ രാജ്യമെമ്പാടും ആരോഗ്യകേന്ദ്രങ്ങൾ വികസിപ്പിക്കുന്ന ഒരു ശൃംഖലയ്ക്കുവേണ്ടി കാര്യമായ നിക്ഷേപം നടത്തി എന്നതിന് കഴിഞ്ഞ 5 ദശാബ്ദക്കാലം സാക്ഷ്യം വഹിച്ചിട്ടുണ്ട്. പ്രാഥമിക ഉപആരോഗ്യകേന്ദ്രങ്ങൾ, പ്രാഥമികാ രോഗ്യകേന്ദ്രങ്ങൾ, കമ്യൂണിറ്റി ആരോഗ്യകേന്ദ്രങ്ങൾ എന്നിവയുടെ കാര്യത്തിൽ നാം പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും

ഗവൺമെന്റ് ഇന്ത്യയിലെ എല്ലാപൗരൻമാർക്കും ആരോഗ്യ സേവനങ്ങൾ ചെയ്യാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ആരോഗ്യത്തിന്റെ വിവിധമേഖലകളുടെ വികസനത്തിന്റെ കാര്യത്തിൽ ഇൻഡ്യ സുസ്ഥിരമായ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആരോഗ്യം എല്ലാ വർക്കും എന്ന ലക്ഷ്യം നേടാൻ കുറേക്കൂടി പുരോഗതി പ്രാപിക്കേണ്ടതായിട്ടുണ്ട്. 2000-മാണ്ടിൽ എല്ലാവർക്കും ആരോഗ്യം (Health for all by the Year 2000) എന്ന ലക്ഷ്യം ആദ്യമായി പ്രഖ്യാപിച്ചത്. 1978-ലെ ആൽമ ആറ്റ (Alma atta) യിൽ സമ്മേളിച്ച ലോക ആരോഗ്യസംഘടനയുടേയും (W.H.O) യൂണിസെഫ് (UNICEF) ന്റെയും സമ്മേളനത്തിലായിരുന്നു. ഇതിൽ ഒപ്പിട്ട ഒരു രാജ്യമെന്നനിലയിൽ പ്രാഥമിക - ആരോഗ്യ രക്ഷ, രോഗപ്രതിരോധം, കുടുംബാസൂത്രണം, പോഷകാഹാരപരിപാടികൾ എന്നിവയ്ക്ക് വീണ്ടും കൂടുതൽ ശ്രദ്ധ നൽകി ഇന്ത്യ ഉൾപ്പെടെയുള്ള ലോകരാഷ്ട്രങ്ങൾ ഈ ലക്ഷ്യപ്രാപ്തികൈവരിക്കാൻ തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ട്.

കുറിപ്പുകൾ

1951 -നും 2001 -നും ഇടയിലുള്ള കാലയളവിൽ ഇന്ത്യയുടെ ജനസംഖ്യ 1951-ലെ 36.10 കോടിയിൽ നിന്ന് 2001 - ലെ 102.70 കോടിയിലെത്തിച്ചേർന്ന് ഏതാണ്ട് മൂന്നിരട്ടിയായി വർദ്ധിച്ചു. ആയതിനാൽ നമ്മുടെ ആരോഗ്യസമ്പ്രദായ ആവശ്യവും (Demand) നമ്മുടെ നൽകലും (Supply) തമ്മിൽ ഒരു വലിയ വിടവ് സൃഷ്ടിച്ചുകൊണ്ട് നാൽക്കവലയിലെത്തി നിൽക്കുകയാണ്. ചികിത്സാസൗകര്യങ്ങളുടെ വിതരണം പരിശോധിച്ചാൽ അത് അസമമാണെന്ന് കാണാൻ കഴിയും. കൂടുതൽ സൗകര്യം വലിയ നഗരങ്ങളിലും മറ്റ് പട്ടണങ്ങളിലും ആണ്. ഈ അസമത്വം കുറയ്ക്കാൻവേണ്ടി ഇൻഡ്യാഗവൺമെന്റ് ആരംഭിച്ച ഒരു തീവ്രപദ്ധതിയാണ് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ (NRHM) എന്ന പേരിൽ അറിയപ്പെടുന്നത്. ഈപദ്ധതി കൂടാതെ ഇന്ത്യാഗവൺമെന്റ് സ്ത്രീകൾക്കും കുട്ടികൾക്കുവേണ്ടി ആരംഭിച്ച പദ്ധതികളാണ് ജനനിസുരക്ഷായോജന (JSY) ബാലികാസമൃദ്ധി യോജന (BSY) കിഷോർ ശക്തിയോജന (KSY) തുടങ്ങിയവ. എൻ.ആർ.എച്ച്.എം. പദ്ധതിയുടെ വിജയത്തോടുകൂടി സർക്കാർ നഗരപ്രദേശങ്ങളിലെ ജനങ്ങൾക്കുവേണ്ടി ആരംഭിച്ചതാണ്. 'നാഷണൽ അർബൻഹെൽത്ത് മിഷൻ' (National Urban Health Mission - NUHM). താഴെകൊടുത്തിരിക്കുന്നത് ഇപ്പോൾ നടത്തികൊണ്ടിരിക്കുന്ന ചില പ്രധാനപ്പെട്ട ദേശീയ ആരോഗ്യപരിപാടികളുടെ പേരുകളാണ്.

| | ദേശീയ ആരോഗ്യപരിപാടികൾ |
|---|---|
| 1. | നാഷണൽ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാം (NVBDCP) |
| 2. | നാഷണൽ ഫൈലേറിയ കൺട്രോൾപ്രോഗ്രാം |
| 3. | നാഷണൽ ലെപ്രസി ഇറാഡിക്കേഷൻ പ്രോഗ്രാം |
| 4. | റിവൈസ്ഡ് നാഷണൽ ടി.ബി. കൺട്രോൾ പ്രോഗ്രാം. |
| 5. | നാഷണൽ അയഡിൻ ഡിഫഷ്യൻസി ഡിസ്ഓർഡേഴ്സ് കൺട്രോൾ പ്രോഗ്രാം. |
| 6. | നാഷണൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം. |
| 7. | നാഷണൽ എയിഡ്സ് കൺട്രോൾ പ്രോഗ്രാം |
| 8. | നാഷണൽ ക്യാൻസർ കൺട്രോൾ പ്രോഗ്രാം. |
| 9. | യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം. |
| 10. | നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആൻഡ് കൺട്രോൾ ഓഫ് ഡഫ്നസ്സ്. |
| 11. | പൈലറ്റ് പ്രോഗ്രാം ഓൺ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡയബറ്റീസ് സി.വി.ഡി ആന്റ് സ്ട്രോക്ക് |
| 12. | നാഷണൽ ടുബാക്കോ കൺട്രോൾപ്രോഗ്രാം |
| 13. | നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ഓഫ് ബ്ലൈൻഡനസ്സ് |

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 25.4

1. ഏത് വിഭാഗങ്ങൾക്കുവേണ്ടിയാണ് സർവ്വശിക്ഷാ അഭിയാനും ദേശീയ സാക്ഷരതാ മിഷനും പ്രവർത്തിക്കുന്നത്.

   (1) ..................................................... (2) .....................................................

2. കഴിഞ്ഞ 50 വർഷത്തിനിടയിൽ ആരോഗ്യരംഗത്തുണ്ടായ രണ്ട് നേട്ടങ്ങൾ എഴുതുക.

   1. .....................................................................................................................

   .....................................................................................................................

3. ദേശീയ സാക്ഷരതാമിഷൻ സ്വീകരിച്ചിട്ടുള്ള ഏറ്റവും അവസാനത്തെ സമീപനം എന്ത് ?

   .....................................................................................................................

   .....................................................................................................................

   .....................................................................................................................

4. ഇന്ത്യാ ഗവൺമെന്റ് എന്തുകൊണ്ടാണ് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ആരംഭിച്ചത്?

   .....................................................................................................................

   .....................................................................................................................

   .....................................................................................................................

## നിങ്ങൾ എന്തെല്ലാം പഠിച്ചു

- കാര്യങ്ങളെല്ലാം മെച്ചമായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് വികസനമെന്ന് നിർവ്വചിക്കാം. എന്നാലിത് പല സന്ദർഭങ്ങളിൽ വ്യത്യസ്തമായിട്ടാണ് നിർവ്വചിക്കപ്പെടുന്നത്. അതായത് സാമൂഹികം, രാഷ്ട്രീയം, ജീവശാസ്ത്രം, ശാസ്ത്രം സാങ്കേതിക വിദ്യ, ഭാഷ, സാഹിത്യം എന്നിവയുടെ കാര്യങ്ങളിൽ വ്യത്യസ്ത നിർവ്വചനങ്ങളാണ്. സാമൂഹിക സാമ്പത്തിക കാര്യത്തിൽ വികസനം എന്നത് ജനങ്ങളുടെ ജിവിതരീതിയിലുള്ള പുരോഗതിയാണ്. ഈ പുരോഗതി വിദ്യാഭ്യാസം, വരുമാനം, ജോലിയിലുള്ള നൈപുണ്യം, തൊഴിൽ എന്നീ മേഖലകളിലെ പുരോഗതികളുടെ ഫലമായിട്ടുണ്ടാകുന്നതാണ്. പാരിസ്ഥിതികവും സാംസ്ക്കാരികവും അടിസ്ഥാനമാക്കിയുള്ള സാമൂഹിക - സാമ്പത്തിക പരിവർത്തന പ്രക്രിയയാണ് ഈ പുരോഗതി.

- പ്രദേശങ്ങൾ തമ്മിൽ പ്രകൃതിതന്നെ സൃഷ്ടിച്ചിട്ടുള്ള ചില വ്യത്യാസങ്ങൾ ഉണ്ട്. ഈ വ്യത്യാസങ്ങളെയാണ് വൈവിദ്ധ്യങ്ങൾ എന്നുപറയുന്നത്. എന്നാൽ മനുഷ്യൻ നിർമ്മിച്ചിട്ടുള്ള ഈ വ്യത്യാസങ്ങളെയാണ് അസമാനതകൾ എന്നുപറയുന്നത് ഇന്ത്യയിൽ ചിലസ്ഥലങ്ങളിൽ വളരെ സൗകര്യങ്ങൾ ഉണ്ട് എന്നാൽ ചില പ്രദേശങ്ങൾ സാമൂഹിക- സാമ്പത്തിക കാര്യങ്ങളിൽ അത്രമികച്ചതല്ല. ഇങ്ങനെ മനുഷ്യരാൽ

നിർമ്മിക്കപ്പെട്ടിരിക്കുന്ന വ്യത്യാസങ്ങളെ പ്രാദേശിക അസമാനതകൾ എന്നു പറയുന്നു.

- മനുഷ്യ വികസന റിപ്പോർട്ട് അനുസരിച്ച് ലോകത്തിലെ 177 രാജ്യങ്ങളിൽ ഇന്ത്യയുടെ സ്ഥാനം 128-ാമത്തേതാണ്. ഇന്ത്യ മദ്ധ്യവിഭാഗം പട്ടികയിൽ താഴെയാണ് സ്ഥാനം പിടിച്ചിരിക്കുന്നത്.
- ഇന്ത്യയിൽ നല്ലൊരുഭാഗം ജനങ്ങളും സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗത്തിൽ പ്പെടുന്നു. അവരെ സാമൂഹികമായും സാമ്പത്തികമായും വിവേചിച്ച് ഇന്നും സ്വതന്ത്രമായും പൂർണ്ണമായും വികസന പ്രക്രിയയിൽ പങ്കാളികളാക്കാതിരിക്കുന്നതിനാൽ അവർ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗത്തിൽ തുടരുന്നു.
- സർക്കാർ അതിന്റെ ചുമതലകൾ നിറവേറ്റപ്പെടുന്നതിന്റെ ഭാഗമായി ത്രിമുഖ തന്ത്രങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. (1) സാമൂഹിക ശാക്തീകരണം; (2)സാമ്പത്തിക ശാക്തീകരണം (3) സാമൂഹികനീതി ഉറപ്പാക്കൽ അസമാനതകൾ ഇല്ലാതാക്കി, ചൂഷണവും അടിച്ചമർത്തമലും അവസാനിപ്പിച്ച് അവശ ജനവിഭാഗങ്ങൾക്ക് സംരക്ഷണമേകുക.
- രണ്ട് പ്രമുഖ പരിപാടി രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യം വിദ്യാഭ്യാസം എന്നിവമെച്ചപ്പെടുത്താൻ വേണ്ടിയാണിത്. 'എല്ലാവർക്കും വിദ്യാഭ്യാസം' 'എല്ലാവർക്കും ആരോഗ്യം' ഇവയാണ് ആ രണ്ടുപരിപാടികൾ.

## പാഠ്യാന്ത്യ അഭ്യാസങ്ങൾ

1. സാമൂഹിക-സാമ്പത്തികവികസനം എന്ന സങ്കല്പം വികസനത്തിന്റെ എല്ലാ വശങ്ങളെയും എന്തുകൊണ്ട് കണക്കിലടുത്തില്ല. രണ്ട് കാരണങ്ങൾ എഴുതുക.
2. എന്തുകൊണ്ടാണ് പ്രാദേശിക അസന്തുലിതാവസ്ഥയും സാമൂഹിക-സാമ്പത്തിക അസമാനതകളും ഇന്ത്യയിലുള്ളത്? അതിന് ഉത്തരവാദികളായ ആറ് ഘടകങ്ങൾ വിശകലനം ചെയ്യുക.
3. സമൂഹത്തിലെ അവശവിഭാഗങ്ങളുടെ ഉന്നമനത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള ആറ് ശാക്തീകരണനടപടികൾ വിശദമാക്കുക.
4. കൊഴിഞ്ഞുപോക്കിന്റെ നിരക്ക് കുറയ്ക്കുന്നതിനും വിദ്യാഭ്യാസത്തിലെ നേട്ടങ്ങളുടെ തോത് മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഇന്ത്യാഗവൺമെന്റ് കൈക്കൊണ്ടിട്ടുള്ള വിവിധ നടപടികൾ വിവരിക്കുക.
5. എന്താണ് സാക്ഷരതാ പ്രചരണം ? ഈ പരിപാടിയുടെ വിജയത്തിനുവേണ്ടി സ്വീകരിച്ചിരിക്കുന്ന തന്ത്രങ്ങൾ വിവരിക്കുക.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**25.1**

1. GDP എന്നത് സാമ്പത്തികക്ഷേമത്തിന്റെ പ്രത്യേകമായ ഒരു അളവുകോലാണ്. വിശ്രമസമയം, പരിസ്ഥിതിമേന്മ, സ്വാതന്ത്ര്യം, സമൂഹികനീതി, ലിംഗസമത്വം,

അതുപോലെ ആളോഹരിവരുമാനം തുടങ്ങിയ പ്രധാനകാര്യങ്ങളൊന്നും കണക്കിലെടുക്കുന്നില്ല.

2. മനുഷ്യ ജീവിതത്തിന്റെ എല്ലാവശങ്ങളേയും ഉൾക്കൊള്ളുന്നു. ഇത് മനുഷ്യന് വികസനത്തിൻെറ കേന്ദ്രസ്ഥാനം നൽകുന്നു. വരുമാനം മാത്രമല്ല വികസനത്തിൻെറ ഉദ്ദേശ്യം മനുഷ്യന്റെ എല്ലാ ഇഷ്ടങ്ങളുടെയും വികസനമാണ് ഇതിന്റെ ഉദ്ദേശ്യം.

3. ഭാവി തലമുറകളുടെ ആവശ്യങ്ങളെ ദോഷകരമായി ബാധിക്കാത്തതരത്തിൽ ഇന്നത്തെതലമുറകളുടെ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയും വിധമുള്ള വികസനമാണ് സുസ്ഥിരവികസനം.

4. എന്തുകൊണ്ടെന്നാൽ

    1. മാർക്കറ്റ് വിനിമയ നിരക്ക് അനുസരിച്ച് ഇന്ത്യൻ സമ്പദ്ഘടന ലോകത്തിലെ 12-ാമത്തെ വലിയ രാജ്യമാണ്. ജി.ഡി. പി.യിൽ ഇന്ത്യയ്ക്ക് നാലാംസ്ഥാനം.
    2. HDI കാര്യത്തിൽ 177 രാജ്യങ്ങളിൽ 128 -ാം സ്ഥാനം (2007-2008)
    3. 27.5% ജനങ്ങൾ ഇന്നും ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നു.
    4. ഏകദേശം 80% ഇന്ത്യാക്കാരുടെ പ്രതിദിനം വരുമാനം 2 യു.എസ്സ് ഡോളറിൽ താഴെയാണ്.

**25.2**

1. ചിലവ്യത്യാസങ്ങൾ പ്രകൃതി നേരത്തെ തന്നെ സൃഷ്ടിച്ചിട്ടുണ്ട്. പ്രകൃതിദത്തമായ വ്യത്യാസങ്ങളെയാണ് വൈവിദ്ധ്യങ്ങൾ എന്നുപറയുന്നത് എന്നാൽ മനുഷ്യനിർമ്മിതമായ കുറെ വ്യത്യാസങ്ങളുണ്ട്. ആ വ്യത്യാസങ്ങളെയാണ് അസമാനതകൾ എന്നുപറയുന്നത്.

2. സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപുള്ള കാലത്ത് തന്നെ ആ പ്രദേശങ്ങൾക്ക് യാതൊരു വ്യവസായികമോ രാഷ്ട്രീയമോ ആയ പ്രാധാന്യം ഇല്ലായിരുന്നു. അതിനാൽ യാതൊരു ശ്രദ്ധയും കിട്ടിയിരുന്നില്ല. സ്വാതന്ത്ര്യത്തിനുശേഷവും ആ സ്ഥിതി തുടർന്നു.

3. ഡി.

4. സി.

**25.3**

1. പട്ടികജാതിക്കാർ പട്ടികവർഗ്ഗക്കാർ പിന്നോക്കക്കാർ, ന്യൂനപക്ഷങ്ങൾ, സ്ത്രീകൾ.

2. (1) ഉച്ചഭക്ഷണം, സൗജന്യപുസ്തകം തുടങ്ങിയ വ്യത്യസ്ത പരിപാടികൾക്ക് തുടക്കം കുറിച്ചു

    (2) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കസ്തൂർബാഗാന്ധി ബാലിക വിദ്യാലയ, നവോദയ വിദ്യാലയങ്ങൾ, ദേശീയ അഭിരുചി സ്കീം ഇവിയിലെല്ലാം പ്രത്യേകപരിഗണന, സ്കോളർഷിപ്പുകൾ തുടങ്ങിയവ

    (3) NSRDC., NSLCDC, NSTFDC, SCDC, STDC എന്നിവയിൽ കൂടി പട്ടിക ജാതി-പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് സാമ്പത്തിക സഹായവും മറ്റും പിന്തുണകളും

    (4) TRIFED പട്ടികവർഗ്ഗക്കാർക്ക് അവരുടെ ഉല്പന്നങ്ങൾക്കുള്ള വിപണി സഹായ

ങ്ങൾ ചെയ്യുന്നു. ഇക്കാരണങ്ങളാൽ ശാക്തീകരണം നടന്നിട്ടുണ്ട്.

3. (i) സ്ത്രീകൾക്ക് പ്രത്യേകിച്ച് അവശവിഭാഗങ്ങളിലെ സ്ത്രീകൾക്ക് വിദ്യാഭ്യാസം, ആരോഗ്യം പരിപാലനം, ഗുണഫലങ്ങളുണ്ടാകുന്ന വിഭവങ്ങൾ എന്നിവ ആവശ്യത്തിന് ലഭിച്ചിരുന്നില്ല.

(ii) സ്ത്രീകൾ ഭൂരിഭാഗവും പാർശ്വവത്ക്കരിക്കപ്പെട്ടിരിക്കുന്നവർക്കും. സാധുക്കളും സാമൂഹികമായി ഒഴിവാക്കപ്പെട്ടവരും ആയികഴിയുന്നു.

4. സർവ്വെ കുട്ടികൾ സ്വയം ചെയ്യണം

| പഠനോദ്ദേശ്യം | അസ്സസ്സ്മെന്റ് ടൂൾ | സ്കോറിംഗ് കീ |
|---|---|---|
| സാമൂഹിക സാമ്പത്തിക വികസനത്തിൽ ലിംഗപരമായ വീക്ഷണം വിശകലനം ചെയ്യൽ | ലഘുവായ സർവ്വേ നടത്തൽ | തലം-1 (മാർക്ക് 0-33%)<br>അപര്യാപ്തമായ പ്രതികരണം (Insufficient response) 3 ഇനങ്ങളിൽ 1 എണ്ണത്തിനെങ്കിലും ഉത്തരമെഴുതാൻ കഴിയണം<br><br>തലം-2 (മാർക്ക് 34%-55%)<br>മെച്ചമാക്കണം (Improvement required) പഠിതാവിന് ഏറ്റവും ചുരുങ്ങിയത് രണ്ടെണ്ണത്തിനെങ്കിലും ഉത്തരം എഴുതാൻ കഴിയണം.<br><br>തലം-3 മാർക്ക് (56-75%)<br>ഏറെക്കുറെ തൃപ്തികരം (More or less satisfactory) പഠിതാവിന് മൂന്നിനത്തിനും ഉത്തരം എഴുതാൻ കഴിയണം<br><br>തലം-4 (മാർക്ക് 76% - 100%)<br>വളരെ നല്ലത് (very good) പഠിതാവിന് എല്ലാ ഇനങ്ങൾക്കും അതിന്റെ മാനങ്ങളും ലിംഗപരമായ വിവക്ഷയും ഉൾപ്പെടെ എല്ലാ ഇനങ്ങൾക്കും ഉത്തരം എഴുതാൻ കഴിയണം. |

**25.4**

1. 1. സ്കൂളിൽ പോകേണ്ട പ്രായത്തിൽ സ്കൂളിൽ പഠിക്കാത്തകുട്ടികൾ
   2. പ്രായപൂർത്തിയായനിരക്ഷരർ.

2. (i) മരണനിരക്ക് സ്വാതന്ത്ര്യം ലഭിച്ചസമയത്ത് ആയിരത്തിന് 27.4 എന്നായിരുന്നത് 2001 -ൽ 8.5 ശതമാനമായി കുറഞ്ഞു (ii) ശിശു മരണനിരക്ക് 1000ത്തിന് 134 എന്നത് 2001 -ൽ 71-ലേക്ക് കുറഞ്ഞു (iii) പ്രതീക്ഷിത ജീവിത ദൈർഘ്യം 1947 -ൽ 32 ആയിരുന്നത്. 2001 -ൽ 65 ആയി ഉയർന്നു. (iv) കുഷ്ഠരോഗം, പോളിയോ, നവജാത ശിശുക്കളുടെ ഇടയിലുണ്ടായിരുന്ന ടെറ്റനസസ്സ്, അയഡിന്റെ കുറവുകൊണ്ടാകുന്ന രോഗങ്ങൾ ഇവയെല്ലാം ഇല്ലാതാക്കുന്നതിൽ നല്ല അഭിവൃദ്ധിനേടി.

3 ഇന്ത്യാ ഗവൺമെന്റ് സാക്ഷരതയുടെ കാര്യത്തിൽ ഒരുസമഗ്രമായ സമീപനമെടുക്കാൻ തീരുമാനിച്ചു സംപൂർണ്ണ സാക്ഷരതാപ്രചരണം സാക്ഷരതാനന്തര പരിപാടി എന്നിവ ഒരു സാക്ഷരതാ പ്രോജക്റ്റിന്റെ കീഴിൽ പ്രവർത്തിപ്പിച്ചു. ഈ സമീപനം

നിരക്ഷരതയുടെ നിരവധിപ്രശ്നങ്ങൾ സമഗ്രമായരീതിയിൽ പരിഹരിക്കാൻ സാധിക്കുന്നതിന് സഹായകമായി.

4. രാജ്യത്ത് ആരോഗ്യസൗകര്യങ്ങളുടെ കാര്യത്തിൽ വലിയരീതിയിലുള്ള അസമമായ വിതരണമാണ് സംഭവിച്ചിട്ടുള്ളത്. കൂടുതൽ സൗകര്യങ്ങളും വലിയ നഗരങ്ങളേയും പട്ടണങ്ങളേയും കേന്ദ്രീകരിച്ചായിരുന്നു. ഈ അസമത്വം കുറയ്ക്കാൻവേണ്ടി ഇന്ത്യാഗവൺമെന്റ് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ എന്ന ഒരു പ്രോജക്ട് ആരംഭിച്ചു.

# 26

# പരിസ്ഥിതി അപചയവും ഡിസാസ്റ്റർ മാനേജ്മെന്റും

നിങ്ങൾ ഒരു ഗ്രാമത്തിൽ താമസിക്കുന്ന ആളാണെങ്കിൽ ഭൂമിയിൽ കൃഷി ചെയ്യുന്നതിനു വേണ്ടിയും വീട് വയ്ക്കുന്നതിനുവേണ്ടിയും മരങ്ങൾ മുറിക്കുന്നത് കണ്ടിട്ടുണ്ടായിരിക്കു മല്ലോ? അതു പോലെ കുറച്ചുകാലത്തിന് മുൻപ്വരെ ഉണ്ടായിരുന്ന ചെറിയ ജലാശയങ്ങളും ഇപ്പോൾ കാണാനില്ലെന്ന കാര്യവും നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടാകുമല്ലോ? ഒരു നഗരവാസിയാണെങ്കിൽ മരങ്ങൾ മുറിച്ച് വീടുകളും ബഹുനില മന്ദിരങ്ങളും, തീയേറ്റർ സമുച്ചയങ്ങളും മറ്റും പണിയുന്നത് നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കണം. വാഹനങ്ങൾ പുറ ത്തേക്ക് വിടുന്ന വൻതോതിലുള്ള കാർബൺമോണോക്സൈഡ്, ഫാക്ടറികൾ പുറത്തേ ക്ക് തള്ളുന്ന ഹാനികരങ്ങളായ വാതകങ്ങൾ ഇവ സൃഷ്ടിക്കുന്ന വായു മലിനീകരണ ത്തിൻെറ ഫലങ്ങളും നമുക്ക് അനുഭവവേദ്യമാകാറുണ്ട്. പത്രങ്ങൾ വായിച്ചും റേഡിയോ, ടി.വി. എന്നിവയിലെ ചർച്ചകൾ കേട്ടും കണ്ടും നമ്മുടെ നദികളിലെ മാത്രമല്ല ഭൂഗർഭ ജലം പോലും മലിനമായിക്കൊണ്ടിരിക്കുന്നു എന്നും നമ്മുടെ ജലാശയ ങ്ങളിലെ വെള്ള ത്തിന്റെ നിരപ്പ് വളരെ വേഗം താഴുന്നുണ്ടെന്നും നാം അറിയുന്നുണ്ട്. മലംപ്രദേശങ്ങളിൽ നമ്മുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുവാൻ നാം വനങ്ങൾ വെട്ടിത്തെളിച്ചു കൊണ്ടിരിക്കുന്നു. ഇതെല്ലാം നമ്മുടെ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുമെന്ന് നമ്മളിൽനല്ലൊരു ഭാഗം ആളുകൾക്കും അറിയാം. പരിസ്ഥിതിയുടെ ഈ അപചയം ധാരാളം മനുഷ്യനിർമ്മിതമായ അത്യാപത്തുകളിലേക്കും കൊടും ദുരിതങ്ങളി ലേക്കും മനുഷ്യ സമൂഹത്തെ നയിക്കുന്നു. ഭോപ്പാൽഗ്യാസ്സ് ദുരന്തം, സുനാമി, ഉരുൾപൊട്ടൽ, ലണ്ടനിലെഹിമധൂമിക എന്നിവയെല്ലാം ഇപ്പറഞ്ഞതിന് ഉദാഹരണങ്ങളാണ്. ഈ അപകടങ്ങൾ ഒന്നും ഫലപ്രദമായി നേരിടാൻ ഇതുണ്ടായ സന്ദർഭങ്ങളിൽ നമുക്ക് കഴിഞ്ഞി ട്ടില്ല. പരിസ്ഥിതി അപചയം എന്ന പ്രതിഭാസം എങ്ങനെ പ്രകൃതി ദുരുന്തങ്ങളും അത്യാപ ത്തുകളും വരുത്തുന്നുവെന്നും അതിനെ എങ്ങനെ നാം കൈകാര്യം ചെയ്ത് നിയന്ത്രണ ത്തിൽ കൊണ്ടുവരുന്നുവെന്നും ഈ പാഠത്തിൽ നമുക്ക് പഠിക്കാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പൂർത്തിയാക്കിക്കഴിയുമ്പോൾ നിങ്ങൾക്ക് കഴിയുന്നത്.

- പരിസ്ഥിതി പരിസ്ഥിതി അപചയം ഈ രണ്ട് പദങ്ങൾ നിർവ്വചിക്കാനുള്ള കഴിവ്.
- പ്രകൃതിയുടെ വ്യത്യസ്തങ്ങളായ ഭൗതിക, ജൈവശാസ്ത്ര ഘടകങ്ങൾ തിരിച്ചറിയുക.
- പരിസ്ഥിതി ക്ഷയത്തിന്റെ വ്യത്യസ്തങ്ങളായ കാരണങ്ങളും പ്രകൃതിയുടെ കാര്യ ത്തിൽ മനുഷ്യരുടെ വ്യത്യസ്തമായ ഇടപെടലുകളും മനസ്സിലാക്കുക.
- പരിസ്ഥിതി നാശത്തിന്റെ അനന്തരഫലങ്ങൾ പരിശോധിച്ച് നിഗമനത്തിലെത്താനുള്ള കഴിവ്.

- പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മുഖ്യപ്രാധാന്യത്തോടെ എടുത്തു കാട്ടുക.
- പരിസ്ഥിതി നശീകരണവും പ്രകൃതിദുരന്തങ്ങളും മറ്റ് ആപത്തുകളും തമ്മിലുള്ള ബന്ധം ഉറപ്പായി മനസ്സിലാക്കാൻ സാധിക്കുക.
- പ്രകൃതി ദുരന്തങ്ങളും അത്യാഹിതങ്ങളും വികസനത്തെ എങ്ങനെ സ്വാധീനിക്കുന്നു വെന്ന് വിവരിക്കാനുള്ള കഴിവ്?
- പരിസ്ഥിതിയെ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും വ്യക്തിക്കും സമൂഹ ത്തിനും വഹിക്കാവുന്ന പങ്കിനെക്കുറിച്ച് പരിശോധിക്കാനുള്ള അറിവ്
- അത്യാഹിതങ്ങളെ ഫലപ്രദമായികൈകാര്യം ചെയ്യുന്നതിനുള്ള വിവിധ പദ്ധതികൾ നിർദ്ദേശിക്കാൻ കഴിയുന്നു.
- തദ്ദേശീയതലത്തിൽ പ്രകൃതി ദുരന്തങ്ങളും അത്യാഹിതങ്ങളും കൈകാര്യം ചെയ്യു ന്നതിനുള്ള വിവിധ രീതിക്കുള്ള ഉപായങ്ങൾ കണ്ടെത്താനുള്ള കഴിവ്.

## 26.1 പരിസ്ഥിതിയുടെ അർത്ഥം

പരിസ്ഥിതി' എന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കികൊണ്ട് തന്നെ പരിസ്ഥിതി യുടെ അപചയത്തെ കുറിച്ച് നമുക്ക് ചർച്ചആരംഭിക്കാം. പരിസ്ഥിതി എന്ന പദം എന്താണർ ത്ഥമാക്കുന്നത് ? നാം ജീവിക്കുന്നതിനുചുറ്റുമുള്ള എല്ലാത്തിനെയുമാണ് പരിസ്ഥിതി എന്ന് സാധാരണ അർത്ഥത്തിൽ വിവക്ഷിക്കാറുള്ളത്. എന്നാൽ സാമൂഹിക പരിസ്ഥിതി, രാഷ് ട്രീയ പരിസ്ഥിതി, സാഹിത്യപരിസ്ഥിതി, സ്കൂൾ പരിസ്ഥിതി തുടങ്ങിയ പദങ്ങൾ നിങ്ങൾ വായിച്ചിട്ടുണ്ടാകണം അല്ലെങ്കിൽ കേട്ടിട്ടുണ്ടായിരിക്കണം. പരിസ്ഥിതിയുടെ വിവിധ അർത്ഥങ്ങൾ നമുക്കൊന്ന് പരിശോധിക്കാം.

### പ്രവർത്തനം 26.1

മുകളിൽ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി എന്ന പദം ഉപയോഗിക്കാവുന്ന മറ്റ് നാലു കാര്യങ്ങളുടെ പട്ടിക തയ്യാറാക്കാൻകഴിയുമോ?

നമുക്ക് ചുറ്റുമുള്ള എല്ലാ ഘടകങ്ങളും പ്രക്രിയകളും സാഹചര്യങ്ങളും അവയുടെ പരസ്പരബന്ധവുമാണ് പരിസ്ഥിതി എന്നവാക്ക് സൂചിപ്പിക്കുന്നത്. നമുക്ക് ചുറ്റുമുള്ള ജീവനുള്ളവയും ജീവനില്ലാത്തവയും പരസ്പരം സ്വാധീനിക്കുന്നവയുമായ എല്ലാ വസ്തു ക്കളുടേയും ആകെ തുക എന്ന് പരിസ്ഥിതി എന്ന ആശയത്തെ നിർവ്വചിക്കാവുന്നതാണ്.

നമുക്ക് പരിസ്ഥിതി എന്ന ആശയത്തെ സരളമായ ഉദാഹരണത്തിലൂടെ മനസ്സി ലാക്കാൻശ്രമിക്കാം. ചിത്രം 26.1 നോക്കുക. മരങ്ങൾ, പൂക്കൾ, സസ്യങ്ങൾ, പുല്ല്, ചിത്ര ശലഭങ്ങൾ, കുറച്ച് മത്സ്യങ്ങളുള്ള കുളം എന്നിവയെല്ലാം ഉള്ള ഒരു പാർക്കാണ്. ഈ പാർക്കിൽ രണ്ടു കുട്ടികളും അവരുടെ അച്ഛനമ്മമാരും ഉണ്ട്. കുട്ടികളെ സംബ ന്ധിച്ചിട ത്തോളം പരിസ്ഥിതി എന്നുപറയുന്നത് പാർക്കും, മരങ്ങളും, സസ്യങ്ങളും പൂക്കളും, കളിക്കാനുള്ള ഉപകരണങ്ങളും വായുവും വെള്ളവും പുഴയിലെ മത്സ്യങ്ങളും ആണ് . എന്നാൽ മത്സ്യത്തെ സംബന്ധിച്ചിടത്തോളം അതിൻെറ പരിസ്ഥിതി അതല്ല. മത്സ്യങ്ങൾക്ക് അവയുടെ പരിസ്ഥിതി എന്ന് പറയുന്നത് കുളത്തിലെ അതിൻെറ ചുറ്റുപാടുകളാണ്. അതായത് കുളത്തിലെ മത്സ്യത്തിനു ചുറ്റുമുള്ള ജീവനുള്ളതും ജീവനില്ലാത്തതുമായ വസ്തുക്കളാണ് മത്സ്യത്തിന്റെ പരിസ്ഥിതി. അങ്ങനെ ഏതൊരു ജീവിക്കും മനുഷ്യനോ,

സസ്യത്തിനോ, മൃഗത്തിനോ, ആയാലും പരിസ്ഥിതിയെന്നാൽ അതിന്റെ ചുറ്റുപാടുമുള്ള ജീവനുള്ളതും ജീവനില്ലാത്തതുമായ എല്ലാ വസ്തുക്കളുമാണെന്ന് വ്യക്തമാണ്. നമ്മൾ മനസ്സിലാക്കിയതുപോലെ പരിസ്ഥിതിക്ക് രണ്ട് ഘടകങ്ങളുണ്ട്. 1 ബയോട്ടിക് (Biotic) അല്ലെങ്കിൽ-ജീവനുള്ളത് അതായത് സസ്യങ്ങൾ, മൃഗങ്ങൾ മനുഷ്യവർഗ്ഗം, മറ്റ് ജീവജാല ങ്ങൾ 2) എബയോട്ടിക് (abiotic) അല്ലെങ്കിൽ ജീവനില്ലാത്തവ അതായത് വായു, മണ്ണ്, ഭൂമി, കാറ്റ്, വെളിച്ചം, കാലാവസ്ഥ മുതലായവ.



ചിത്രം 26.1 *പാർക്കിൽ ഒരു കുടുംബം*

## പ്രവർത്തനം 26.2

പരിസ്ഥിതിയെക്കുറിച്ച് മെച്ചമായ ഒരു ധാരണ ഉണ്ടാകുന്നതിന് വേണ്ടി മുകളിൽ പറഞ്ഞ രണ്ടു വിഭാഗങ്ങളിലുള്ള വസ്തുക്കൾ നിങ്ങളുടെ ചുറ്റുപാടുകളിൽ നിന്ന് മനസ്സിലാക്കി രണ്ട് പട്ടിക തയ്യാറാക്കുക. അതായത് ഒരു പട്ടിക ബയോട്ടിക് ഘടകങ്ങൾ രണ്ടാമത്തെ പട്ടികയിൽ ജീവനില്ലാത്ത എല്ലാവസ്തുക്കളും അടങ്ങിയ അബയോട്ടിക് ഘടകങ്ങൾ.

## 26.2 പരിസ്ഥിതി തരം തിരിക്കൽ

വിവിധകേന്ദ്രങ്ങളിൽ നിന്ന് നാം വിവരങ്ങൾ ശേഖരിക്കുമ്പോൾ പരിസ്ഥിതിയെ അതിൻെറ വ്യത്യസ്ത ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പലതരത്തിൽ തരം തിരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കാം. മുകളിൽ സാമൂഹികപരിസ്ഥിതി, രാഷ്ട്രീയ പരിസ്ഥിതി, സാഹിത്യപരിസ്ഥിതി, സ്കൂൾ പരിസ്ഥിതി എന്നിവയെപറ്റി പരാമർശിച്ചത് നിങ്ങൾ കണ്ടല്ലോ? ഈ പരാമർശനങ്ങൾ പ്രത്യേകമായ ഓരോ സന്ദർഭങ്ങളെ അല്ലെങ്കിൽ സാഹച ര്യങ്ങളെ അടിസ്ഥാനമാക്കിയാണ്. എന്നാൽ നമ്മളിപ്പോൾ മനസ്സിലാക്കാൻ ശ്രമിക്കുന്നത് ഉത്ഭവത്തേയും പരിണാമത്തേയും ആശ്രയിച്ചുള്ള പരിസ്ഥിതിയുടെ തരംതിരിവാണ്. ഇതിൻെറ അടിസ്ഥാനത്തിൽ **സ്വാഭാവിക പരിസ്ഥിതി** എന്നും **മനുഷ്യനിർമ്മിത പരിസ്ഥിതി** എന്നും രണ്ട് പ്രധാന വിഭാഗങ്ങളായി പരിസ്ഥിതിയെ തരം തിരിക്കാം.

**സ്വാഭാവിക പരിസ്ഥിതി (Natural Environment):** ഭൂമിയിലെ പ്രകൃത്യാ ഉള്ള എല്ലാ ജൈവ വസ്തുക്കളും അജൈവ വസ്തുക്കളും സ്വാഭാവിക പരിസ്ഥിതിയിൽ ഉൾപ്പെടുന്നു. ഇതിൽ അവയുടെ വാസസ്ഥലങ്ങളുടെ സ്വഭാവവുംപെടുന്നു. വാസസ്ഥലങ്ങൾ ചിലപ്പോൾ കരയോ കടലോ ആകാം. അതായത് മണ്ണോ, വെള്ളമോ, കൂടാതെ നിവസിക്കുന്ന സ്ഥല

ത്തിന്റെ രാസപരമായ ഘടകങ്ങൾ ഭൗതിക ഗുണവിശേഷങ്ങൾ, കാലാവസ്ഥ, വ്യത്യസ്തങ്ങളായ സജീവവസ്തുക്കൾ ഇവ യെല്ലാം ഇതിൽപ്പെടുന്നു. പ്രകൃതിദത്തമായ ഒരു പ്രക്രിയയിൽകൂടി പരിണമിക്കുന്നതിനാൽ സ്വാഭാവിക പരിസ്ഥിതിയിൽ എല്ലാ ജീവനുള്ളതും ജീവനില്ലാത്തതുമായ ഘടകങ്ങൾ ഉൾപ്പെടുന്നുണ്ട്. ഈഘടകങ്ങൾ പ്രകൃതിസൃഷ്ടമാണ്. മനുഷ്യന്റെ ഇടപെടലോ പിന്തുണയോ കൊണ്ടല്ല, ജീവനുള്ളതും ജീവനില്ലാത്തതുമായ ഘടകങ്ങൾ സ്വാധീനം ചെലുത്തുന്നതും പലതരത്തിൽ സ്വയം ഇണങ്ങിച്ചേരുന്നതുമായ ഒരുപരിസ്ഥിതിയിലാണ് മനുഷ്യൻ ജീവിക്കുന്നു എന്നുപറയുന്നത് ശരിയാണ്. എന്നാൽ സ്വാഭാവിക പരിസ്ഥിതിയുടെ ഉത്ഭവത്തിലും പരിണാമത്തിലും മനുഷ്യന് ഒരു പങ്കും വഹിക്കാനില്ല.

**മനുഷ്യനിർമ്മിത പരിസ്ഥിതി:** നേരേമറിച്ച്, മനുഷ്യൻ അവന്റെ ഉപയോഗത്തിനുവേണ്ടി സൃഷ്ടിക്കുന്ന എല്ലാ വസ്തുക്കളും മനുഷ്യനിർമ്മിത പരിസ്ഥിതിയിൽ ഉൾപ്പെടുന്നു.


മനുഷ്യന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ രീതിയിൽ മനുഷ്യൻ തൻെറ ചുറ്റുപാടുകൾ നിർമ്മിക്കുന്നു. ഇതിൽ വലിയതോതിലുള്ള നാഗരിക ചുറ്റുപാടു മുതൽ ചെറിയ രീതിയിൽ സ്വകാര്യ ആവശ്യത്തിനുവേണ്ടതുവരെ ഉൾപ്പെടുന്നു. ഉദാഹരണമായി വീടുകൾ, റോഡുകൾ, സ്കൂളുകൾ, ആശുപത്രികൾ, റയിൽവേ ലൈനുകൾ, പാലങ്ങൾ, പാർക്കുകൾ തുടങ്ങിയവയെല്ലാം മനുഷ്യ നിർമ്മിതപരിസ്ഥിതിയാണ്.




**ചിത്രം 26.2** *പരിസ്ഥിതിയുടെ വർഗ്ഗീകരണം*

മനുഷ്യരുടെ ജീവിത സാഹചര്യങ്ങളിൽ വളരെ പ്രധാനപങ്ക് വഹിക്കുന്ന മറ്റൊരുതരം പരിസ്ഥിതികൂടി ഉണ്ട്. അതിനാണ് സാമൂഹികപരിസ്ഥിതി എന്നു പറയുന്നത്. ഒരു വ്യക്തി താമസിക്കുന്ന പ്രദേശത്തെ സാംസ്കാരിക നിയമങ്ങളും മൂല്യങ്ങളും സാമൂഹികം, രാഷ്ട്രീയപരം, സാമ്പത്തികം, സമ്പർക്കം പുലർത്തുന്ന മതസ്ഥാപനങ്ങൾ ഇവയെല്ലാം സാമൂഹിക പരിസ്ഥിതിയിൽ ഉൾപ്പെടുന്നു.

സാമാന്യമായി ഏതൊരു സ്ഥലത്തേയും ആകമാനപ്രകൃതിസിദ്ധഘടകങ്ങളുടേയും മനുഷ്യനിർമ്മിതഘടകങ്ങളുടേയും സമ്മിശ്രണമാണ് പരിസ്ഥിതി എന്നു നമുക്കിപ്പോൾ മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഉദാഹരണമായി ഒരു നഗരത്തിലോ, പട്ടണത്തിലോ കഴിയുന്ന ആളുകൾക്കും മൃഗങ്ങൾക്കും ഭൂമി, വായു, വെള്ളം, വൃക്ഷങ്ങൾ ഇവയെല്ലാം പ്രകൃത്യാ ഉള്ള പരിസ്ഥിതിയുടെ ഘടകങ്ങളാണ്. എന്നാൽ കെട്ടിടങ്ങൾ, റോഡുകൾ, സ്കൂളുകൾ, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള കെട്ടിടങ്ങൾ, കറൻും വെള്ളവും നൽകൽ തുടങ്ങിയവയെല്ലാം മനുഷ്യനിർമ്മിത പരിസ്ഥിതിയുടെ ഉദാഹര ണങ്ങളാണ്. മനുഷ്യൻ പ്രകൃത്യാ ഉള്ള പരിസ്ഥിതിയെ ഉപയോഗിച്ചാണ് മനുഷ്യ നിർമ്മിത പരിസ്ഥിതി ഉണ്ടാക്കുന്നതെന്ന് നിങ്ങൾക്ക് നിരീക്ഷിച്ചാൽ ഇതിൽ നിന്ന് മനസ്സിലാ ക്കാവുന്നതാണ്.




ചിത്രം 26.3 *പരിസ്ഥിതിയുടെ ഘടകങ്ങൾ*

## 26.3 പരിസ്ഥിതിയുടെ ചലനാത്മകതയും വൈവിധ്യവും

പരിസ്ഥിതി ഒരിക്കലും നിശ്ചലമല്ലെന്നും നിങ്ങൾക്ക് നിരീക്ഷിച്ച് മനസ്സിലാക്കാ വുന്നതാണ്. അതിൻെറ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത ചലനാത്മകതയാണ്. തുടർച്ച യായി അത് മാറിക്കൊണ്ടിരിക്കുന്നു. ജീവനുള്ളതും ജീവനില്ലാത്തതുമായ പരിസ്ഥി തിയുടെ രണ്ട് ഘടകങ്ങളും അവയുടെ സ്വഭാവത്തിൽ ചലനാത്മകങ്ങളാണ് എന്താണ് ഈ ചലനാത്മകതയെന്നും അതെങ്ങനെ പ്രവർത്തിക്കുന്നു. എന്നും നമുക്ക് മനസ്സി ലാക്കാം. പരിസ്ഥിതിദേശങ്ങൾ തോറും മാറിക്കൊണ്ടിരിക്കുന്നു. അതുപോലെതന്നെയാണ് കാലങ്ങളിലും പരിസ്ഥിതി. ഉദാഹരണമായി ഹിമാലയത്തിലെ പരിസ്ഥിതിയിൽ നിന്നും വ്യത്യസ്തമാണ് രാജസ്ഥാൻ മരുഭൂമിയിലെ പരിസ്ഥിതി. വർഷത്തിലെ, അല്ലെങ്കിൽ ദശാബ്ദത്തിലെ പല കാലഘട്ടങ്ങളിലും പലതരം പരിസ്ഥിതികളായിരിക്കും. കാലാവസ്ഥ യുടെ സ്ഥിതിയും ഓരോ ദേശത്തിനും വ്യത്യസ്തമാണ് അതുപോലെ ഓരോ ഋതു ക്കളിലും (season) വ്യത്യാസപ്പെട്ട കാലാവസ്ഥകളായിരിക്കും. ഒരുസ്ഥലത്ത്തന്നെ കഴിഞ്ഞ ഇതുപതോ അല്ലെങ്കിൽ മുപ്പതോ വർഷക്കാലത്തെ പരി സ്ഥിതിയുടെ പരിണാമം നിങ്ങൾ നിരീക്ഷിച്ചാൽ ആ സ്ഥലത്തെ പരിസ്ഥിതിയിൽ മാറ്റം സംഭവിച്ചിട്ടുള്ളത് നിങ്ങൾക്ക് കാണാൻകഴിയും. ചില മാറ്റങ്ങൾ സ്വാഭാവികമായിട്ടുണ്ടാകുന്നതാണ് എന്നാൽ മറ്റ് ചിലത് മനുഷ്യരുടെ പ്രവർത്തനഫലമായിട്ടുണ്ടാകുന്നതുമാണ്.

മനുഷ്യനിർമ്മിതമായ പരിസ്ഥിതിപോലും കാലക്രമത്തിൽ മാറ്റത്തിന് വിധേയമായി ക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ പാർപ്പിടങ്ങളുടെ കാര്യത്തിൽ ശ്രദ്ധാർഹമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇന്ന് നാം നിരവധി നഗരങ്ങളിൽ കാണുന്ന അംബരചുംബികളായ കെട്ടിട ങ്ങൾ ഒരു 20 വർഷങ്ങൾക്കു മുൻപ് കാണാനേ ഇല്ലായിരുന്നു. ഗതാഗതം ആശയവിനിമയം എന്നിവയുടെ കാര്യങ്ങളിൽ വിപ്ലവകരങ്ങളായ മാറ്റങ്ങളാണുണ്ടായി ട്ടുള്ളത്. നിരവധി ഗ്രാമങ്ങൾ പട്ടണങ്ങളായും നഗരങ്ങളായും വൻനഗരങ്ങളായും മാറിയിരിക്കുന്നു ഈ മാറ്റങ്ങളും വികസനവുമെല്ലാം പരിസ്ഥിതിയുടെ ചലനാത്മകത യാണ് കാണിക്കുന്നത്. നിങ്ങൾ താമസിക്കുന്ന ഗ്രാമത്തിലോ നഗരത്തിലോ കഴിഞ്ഞ കുറച്ചു വർഷങ്ങൾക്കിടയിൽ സംഭവിച്ചിട്ടുള്ളത് ഏത് തരത്തിലുള്ള മാറ്റങ്ങളാണെന്ന് നിരീക്ഷിച്ച് ചിന്തിച്ച് മനസ്സിലാക്കുക. ഈ മാറ്റങ്ങൾ വളരെ പ്രകടമല്ലേ?

**പരിസ്ഥിതി സ്വഭാവത്തിൽ ചലനാത്മകവും നിരന്തരമായി മാറിക്കൊണ്ടിരിക്കുന്നതും ആണ്.**

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 26.1

1. തഴെപ്പറയുന്നവ ജീവനുള്ളവ (Biotic) ജീവിനില്ലാത്തവ (Abiotic) എന്നീ രണ്ടു വിഭാഗങ്ങളായി തിരിക്കുക.

   സസ്യങ്ങൾ, വെള്ളം, മണ്ണ്, മൃഗങ്ങൾ, അഗ്നി, സൂക്ഷ്മാണുക്കൾ, ജീവാണുക്കൾ

| ജീവനുള്ളവ | ജീവനില്ലാത്തവ |
|---|---|
| | |

2. അനുയോജ്യമായ വാക്കുകൾ ഉപയോഗിച്ചു പൂരിപ്പിക്കുക.

   (a) പരിസ്ഥിതിയെ ............... , ............... എന്ന് രണ്ട് വിഭാഗങ്ങളായി തരം തിരിക്കാം.

   (b) പരിസ്ഥിതിയുടെ തരം തിരിവ് ...............................അടിസ്ഥാനത്തിലും ആകാവുന്നതാണ്.

   (c) റോഡ്, കെട്ടിടങ്ങൾ, സ്കൂൾ എന്നിവ ........................ പരിസ്ഥിതിയുടെ ഭാഗങ്ങളാണ്.

   (d) പരിസ്ഥിതി ചലനാത്മകമാണ് എന്തുകൊണ്ടെന്നാൽ ...............................

3. പ്രവർത്തനം: നിങ്ങളുടെ ചുറ്റുപാടും കാണുന്ന വസ്തുക്കളുടെ ഒരു പട്ടിക തയ്യാറാക്കുക. അതിൽ നിന്നും നിങ്ങളുടെ ജീവിതത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതിനെ ഒരു വിഭാഗത്തിലും അല്ലാത്തവയെ മറ്റൊരു വിഭാഗത്തിലുമാക്കി പട്ടിക തയ്യാറാക്കുക.

## 26.4 പരിസ്ഥിതിയുടെ പ്രാധാന്യം

നമ്മുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ആവശ്യമായതെല്ലാം തരുന്നത് പരിസ്ഥിതി യാണെന്ന് നാം എപ്പോഴും പറയുന്നു. എന്തുകൊണ്ടാണിങ്ങനെ പറയുന്നതെന്ന് നിങ്ങൾ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ? പരിസ്ഥിതിയാണ് നമ്മുടെ ജീവിതത്തെ നിലനിർത്തുന്നത്. വാസ്തവത്തിൽ, അത് നമ്മുടെ വളർച്ചയേയും വികസനത്തേയും ബാധിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നു. മനുഷ്യജാലം ഉൾപ്പെടെ എല്ലാ ജീവ വസ്തുക്കളുടേയും നിലനിൽപ്പ് പരിസ്ഥിതിയുടെ അടിസ്ഥാനത്തിലാണ്. നമ്മുടെ എല്ലാത്തരം ആവശ്യങ്ങളും പരിസ്ഥിതി നിറവേറ്റിത്തരുന്നു. ജീവിതത്തിൻെറ അടിസ്ഥാനാവശ്യങ്ങൾ എല്ലാം പരിസ്ഥിതി നൽകുന്നു. മറ്റ് തരത്തിലുള്ള ജീവിതാവശ്യങ്ങൾക്കുവേണ്ട വലിയപിന്തുണയും നൽകുന്നു. ഭക്ഷണം, വീട്, വെള്ളം, വായു, മണ്ണ്, ഊർജ്ജം ഔഷധങ്ങൾ, നാരുകൾ, അസംസ്കൃത സാധനങ്ങൾ തുടങ്ങി ധാരാളം വസ്തുക്കൾക്ക് നാം പരിസ്ഥിതിയെ ആശ്രയിക്കുന്നു. പരിസ്ഥിതി അന്തരീക്ഷത്തിന്റെ ഘടനയെ നിലനിർത്തുകയും സൂര്യനിൽ നിന്നുള്ള ഹാനികരമായ കിരണപ്രസരണത്തിൽ നിന്ന് ഭൂമിയിലെ എല്ലാത്തരം ജീവജാലങ്ങളെയും സംരക്ഷിക്കുകയും ചെയ്യുന്നു. എന്നാൽ ഇത്തരത്തിലുള്ള എല്ലാ പ്രയോജനങ്ങളും നമുക്കറിയാമായിട്ടുകൂടിയും പരിസ്ഥിതിയുടെ ഗുണമേന്മ നാൾക്കുനാൾ മോശമായികൊണ്ടിരിക്കുകയും തുടർച്ചയായി അധ:പതനത്തിലേക്ക് എത്തികൊണ്ടിരിക്കുകയും ചെയ്യുന്നു. ഇത് പരിസ്ഥിതിവിഭവങ്ങൾ വിവേചനരഹിതമായി ഉപയോഗിക്കുന്നതുകൊണ്ടു മാത്രമല്ല നാം അതിൻെറ മലിനീകരണത്തിന് അപകടകരമായ സംഭാവനകൾ നൽകുന്നതു കൊണ്ടും കൂടിയാണ്.




**നിങ്ങൾക്കറിയാമോ**

പരിസ്ഥിതിവിനാശം ഐക്യരാഷ്ട്രസംഘടനയുടെ ഹൈലെവൽ ത്രെറ്റ് പാനൽ (High level Threat Panel) മുന്നറിയിപ്പു കൊടുത്തിട്ടുള്ള 10 ഭീഷണികളിൽ ഒന്നാണ്. പരിസ്ഥിതി വിനാശം. ദിവേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് (WRI) ദി യുണൈറ്റഡ് നേഷൻസ് എൻവയൺമെന്റ് പ്രോഗ്രാം (UNEP) ദി യുണൈറ്റഡ് നേഷൻസ് ഡവലപ്പ് മെന്റ് പ്രോഗ്രാം (UNDP), വേൾഡ് ബാങ്ക് എന്നിവ 1998 മേയ് 1 -ന് ലോക വ്യാപകമായി ആരോഗ്യത്തേയും പരിസ്ഥിതിയേയും സംബന്ധിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കി പുറത്ത് വിട്ടിട്ടുണ്ട്.

## 26.5 പരിസ്ഥിതിയുടെ അപചയം

എന്താണ് പരിസ്ഥിതിയുടെ അപചയം എന്നു പറയുന്നത്? നമുക്ക് അതൊന്ന് മനസ്സിലാക്കാൻ ശ്രമിക്കാം. നമ്മുടെ പരിസ്ഥിതി അതായത് വായു വെള്ളം, ഭൂമി എന്നിവ ഉത്തരോത്തരം മലീമസപ്പെടുത്തുകയും അമിതമായി ചൂഷണം ചെയ്യപ്പെടുകയും നശിപ്പി ക്കുകയും ചെയ്യുന്ന പ്രക്രിയയ്ക്കാണ് പരിസ്ഥിതിയുടെ അപചയം എന്നു പറയുന്നത്. എപ്പോൾ പരിസ്ഥിതിയുടെ മൂല്യം കുറഞ്ഞുവരുന്നോ അല്ലെങ്കിൽ നാശം ഉണ്ടാകുന്നോ അപ്പോൾ പരിസ്ഥിതി അപചയം സംഭവിച്ചു എന്നു കരുതാം. വായു, വെള്ളം, മണ്ണ്, വനം, ഭൂമിയുടെ ആവാസവ്യവസ്ഥ, വന്യജീവികൾ എന്നിവയെ ഫലശൂന്യമാക്കി പരിസ്ഥിതിയെ അധ:പതിപ്പിക്കുന്നതിനെയാണ് കൃത്യമായി പറഞ്ഞാൽ പരിസ്ഥിതി അപചയം എന്നു പറയുന്നത്. നമ്മുടെ നിത്യജീവിതത്തിലെ അനുഭവങ്ങൾ ഒന്നോർത്തു നോക്കാം. ഭാവിയെപ്പറ്റി ഒട്ടും ശ്രദ്ധിക്കാതെ നാം ജലം, മണ്ണ്, വൃക്ഷങ്ങൾ, കൽക്കരി, പെട്രോൾ തുടങ്ങിയ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. നാം വളരെ അശ്രദ്ധയോടെ നമ്മുടെ ആവാസ വ്യവസ്ഥയിലിടപെടുകയും വന്യമൃഗങ്ങളെ കൊല്ലുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ, പലതരത്തിലുള്ള പരിസ്ഥിതി നാശങ്ങൾ സംഭവിക്കുന്നുണ്ട്. ആവാസസ്ഥലം നഷ്ടപ്പെടുമ്പോൾ ജൈവവൈവിധ്യം നഷ്ടപ്പെടുന്നു. അല്ലെങ്കിൽ പ്രകൃതി വിഭവങ്ങൾ ഫലശൂന്യമാക്കപ്പെടുമ്പോൾ പരിസ്ഥിതിക്ക് പരിക്കേൽക്കുന്നു.

## 26.6 പരിസ്ഥിതി അപചയത്തിൻെറ കാരണങ്ങൾ

ഇതുവരെയുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ആരോഗ്യകരമായ ഒരു പരിസ്ഥിതി മനുഷ്യസമൂഹത്തിന്റേയും മറ്റ് ജീവജാലങ്ങളുടേയും നിലനിൽപ്പിനു തന്നെ ആവശ്യമാണെന്ന് നാം അറിയുന്നു. എന്നാലും പരിസ്ഥിതിനാശം യാതൊരു കുറവുമില്ലാതെ മുന്നേറിക്കൊണ്ടിരിക്കുന്നു. പരിസ്ഥിതിനാശത്തെകുറിച്ചും അതിൻെറ പരിണത ഫലങ്ങളായ ആഗോളതാപനം, കാലവസ്ഥ വ്യതിയാനം, ജലപ്രതിസന്ധി, കൃഷി ഭൂമിയുടെ ഫലഭൂയിഷ്ഠതയുടെ കുറവ്, വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യപ്രശ്നം എന്നിവയെപ്പറ്റിയെല്ലാം കൂടെക്കൂടെ നമുക്ക് മുന്നറിയിപ്പുകൾ കിട്ടാറുണ്ട്. ആയതിനാൽ പരിസ്ഥിതിയുടെ അപചയം പരിശോധിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കേണ്ടത് അടിയന്തിരമായ ഒരാവശ്യമാണ്. അത്തരം ഒരു നടപടി എടുക്കുന്നതിനു വേണ്ടി നാം പരിസ്ഥിതി നാശത്തിന് കാരണമാകുന്ന വസ്തുതകൾ മനസ്സിലാക്കേണ്ടത് അത്യാവശ്യമായ ഒന്നാണ്. പരിസ്ഥിതി അപചയത്തിന്റെ പ്രധാനഘടകങ്ങൾ താഴെ കൊടുക്കുന്നു.

### സാമൂഹിക ഘടകങ്ങൾ

***ജനസംഖ്യയുടെ വർദ്ധനവ്:*** ഏതൊരു രാജ്യത്തിന്റേയും ഏറ്റവും വലിയ വിഭവമാണ് ജനസംഖ്യ. വികസനത്തിന് ഏറ്റവും കൂടുതൽ പങ്കു വഹിക്കുന്ന ഘടകം ജനസംഖ്യയാണ്.



എന്നിട്ടും ജനസംഖ്യ പരിസ്ഥിതി അപചയത്തിൻെറ ഒരു പ്രധാന കാരണമാണ് ജനസംഖ്യയുടെ വളരെ വേഗത്തിലുള്ള വർദ്ധനവ് ധാരാളം പ്രകൃതിവിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിലേക്ക് നമ്മെ നയിച്ചു. വലിയ ജനസംഖ്യ വലിയ മാലിന്യങ്ങൾ ഉണ്ടാകുന്നതിനും കാരണമായി അമിതമായ ജനസംഖ്യയുടെ പരിണത ഫലങ്ങളാണ് ജൈവവൈവിധ്യത്തിന്റെ കുറവ്, മലിനവായു, മലിനജലം, മലിനമായി തീരുന്ന മണ്ണ് എന്നിവ. ഈ പ്രശ്ന ങ്ങളെല്ലാം നമ്മുടെ ഭൂമിയുടെ മേൽ കൂടുതൽ സമ്മർദ്ദമുണ്ടാക്കുന്ന വസ്തുതകളാണ്. ഇന്ത്യയുടെ കാര്യമെടുത്താൽ ലോകജന സംഖ്യയുടെ 17 ശതമാനം ലോകത്തിന്റെ ആകെ വിസ്തൃതിയുടെ 2.4 ഭാഗത്തായിട്ടാണ് കഴിഞ്ഞുകൂടുന്നത്.



***ദാരിദ്ര്യം:*** ദാരിദ്ര്യം പരിസ്ഥിതി വിനാശത്തിൻെറ കാരണവും ഫലവും ആണെന്ന് പറയാം. പാവപ്പെട്ടവരാണ് ധനികരേക്കാൾ കൂടുതൽ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്നതെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. അവർക്ക് താമസിക്കാനുള്ള കുടിൽ, ആഹാരം, മറ്റ് ആവശ്യങ്ങൾ എന്നിവയെല്ലാം പ്രകൃതിയെമാത്രം ആശ്രയിച്ചാണ്. മറ്റ് തരത്തിലുള്ള വിഭവങ്ങൾ അവർക്ക് അപ്രാപ്യമാണ്. അത്തരം വിഭവങ്ങൾ ധനികർ ചൂഷണം ചെയ്യുന്നു. കൂടുതൽ വിഭവങ്ങൾ ഉപയോഗിക്കുംതോറും പരിസ്ഥിതിയുടെ നാശവും കൂടുതലായി പരിസ്ഥിതിക്ക് കൂടുതൽ നാശം സംഭവിക്കുമ്പോൾ കൂടുതൽ ദരിദ്രർ ആകുന്നതും പാവങ്ങളാണ്.



***നഗരവത്ക്കരണം:*** സാധുക്കളായ നല്ലൊരുകൂട്ടം ആളുകൾ ഗ്രാമങ്ങളിൽ നിന്നും പട്ടണങ്ങളിലേ ക്കും നഗരങ്ങളിലേക്കും വൻ നഗരങ്ങളിലേക്കും തങ്ങളുടെ നിത്യവൃത്തിക്കുവേണ്ടി ചേക്കേറുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകണം. ഇത് ആസൂത്രണരഹിതവും ദ്രുതഗതിയിലുള്ളതുമായ നഗരങ്ങളുടെ വികസനത്തിലേക്ക് നയിക്കുകയും അവിടെ പശ്ചാത്തല സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിൽ വലിയ സമ്മർദ്ദം സൃഷ്ടിക്കുകയും ചെയ്തു.



നിങ്ങൾ നഗരത്തിൽ താമസിക്കുന്ന ആളാണെങ്കിൽ വീട്, വെള്ളം, വൈദ്യുതി തുടങ്ങിയ കാര്യങ്ങൾക്കുള്ള ബുദ്ധിമുട്ട് അനുഭവിച്ചിട്ടുണ്ടാകും. ചേരിപ്രദേശങ്ങൾ കൂടുതൽ കൂടുതലായി ഉണ്ടായിക്കൊണ്ടിരിക്കുന്നത് നിങ്ങൾക്കറിയാവുന്ന കാര്യമാണ്. നഗരങ്ങളിലെ ചേരികൾ മലിനീകരണത്തിന്റെ പ്രധാനപ്പെട്ട ഒരു സ്രോതസ്സാണ്. അതുപോലെ ഈ ചേരി നിവാസികൾ ഏറ്റവും അനോരോഗ്യകരമായ സാഹചര്യത്തിലാണ് ജീവിക്കുന്നതും. ദ്രുതഗതിയിലുള്ള നഗരവത്ക്കരണം വനങ്ങളുടെ നാശത്തിനും അവിവേകമായി മറ്റ് വിഭവങ്ങളുടെ ഉപയോഗത്തിനും കാരണമാകുന്നു.

**? നിങ്ങൾക്കറിയാമോ**

**ക്ലോറോ ഫ്ളൂറോ കാർബൺ (Chlorofluro Carbon -CFC):** ഇത് പ്രവർത്തനരഹിതമായ ജീവനില്ലാത്ത വാതകമാണ്. എന്നാൽ ഇത് മറ്റ് വാതകങ്ങളുമായി സമ്പർക്കത്തിൽ ഏർപ്പെട്ടാൽ ഹാനികരമായിത്തീരുന്നു. ഇത് ഓസോൺ പാളികളുടെ നാശത്തിന് ഇടയാക്കുന്നു.




## സാമ്പത്തിക ഘടകങ്ങൾ



**കാർഷികവികസനം:** നമ്മുടേതുപോലെയുള്ള ഒരു രാജ്യത്തിന് കാർഷികവികസനം വളരെ പ്രധാനപ്പെട്ടതാണ്. എന്നാൽ ഇത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിച്ചുകൊണ്ടിരിക്കുന്നു. വ്യത്യസ്തങ്ങളായ കാർഷിക പ്രവർത്തനങ്ങൾ പ്രത്യേകിച്ച് കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ളത് പരിസ്ഥിതിയിൽ പ്രത്യക്ഷത്തിൽതന്നെ ആഘാതം ഉണ്ടാക്കുന്നു. കാർഷികോത്പാദനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ മണ്ണൊലിപ്പ്, മണ്ണിന്റെ മറ്റ് ഗുണവിശേഷങ്ങൾ ഇല്ലായ്മചെയ്ത് മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയ്ക്കൽ തുടങ്ങിയവയ്ക്ക് ഇത് കാരണമാകുന്നു. നമുക്ക് ഇന്ത്യയിൽ അനുഭവപ്പെട്ടതു പോലെ ഹരിത വിപ്ലവം ഭൂമിയുടെയും ജലത്തിന്റെയും അമിതമായ ചൂഷണത്തിലേക്ക് നയിക്കുകയുണ്ടായി. തീവ്രമായ വളങ്ങളും കീടനാശിനികളും ജലാശയങ്ങളും ഭൂമിയും മലിമസമാക്കുന്ന തിനുള്ള പ്രധാന സ്രോതസ്സുകളായി മാറിയിട്ടുണ്ട്.



**വ്യവസായവത്ക്കരണം:** ദ്രുതഗതിയിലുള്ള വ്യവസായവത്ക്കരണം പരിസ്ഥിതി വിനാശത്തിന് വലിയ തോതിലുള്ള പങ്കാണ് വഹിക്കുന്നത്. വിവിധ രീതികളിൽ കൂടി ശേഖരിച്ചിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യവസായങ്ങളിൽ സ്വീകരിച്ചിരിക്കുന്ന സാങ്കേതിക വിദ്യകൾ പരിസ്ഥിതിയുടെ മേൽ വലിയ ഭാരമാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. ഈ സാങ്കേതികവിദ്യ വിഭവങ്ങളും ഊർജ്ജവും തീവ്രമായ തോതിൽ ഉപയോഗപ്പെടുത്തുന്നു. ഇപ്പോഴത്തെ രീതിയിലുള്ള വ്യവസായവത്ക്കരണം പ്രകൃതിവിഭവങ്ങളായ ഇന്ധനങ്ങൾ, ധാതുക്കൾ, തടി എന്നിവയുടെയെല്ലാം അളവ് ശൂന്യമാക്കിക്കൊണ്ടിരിക്കുന്നു. മാത്രവുമല്ല ഈ വ്യവസായങ്ങൾ, വായു, വെള്ളം, ഭൂമി എന്നിവയെല്ലാം മലിനീകരിക്കുകയും ചെയ്യുന്നു. ഇതെല്ലാം നമ്മുടെ ആവാസവ്യവസ്ഥയ്ക്ക് വലിയ നാശങ്ങൾ ചെയ്യുകയും ആരോഗ്യത്തെ അപകടത്തിലാക്കുകയും ചെയ്യുന്നു.



**സാമ്പത്തികവികസനം:** സാമ്പത്തിക വികസനത്തിന്റെ രീതി പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നുപറയുന്നത് സത്യമാണ്. സാമ്പത്തിക വികസനത്തിന്റെ വേഗം വിഭവങ്ങളുടെ മേൽ കടുത്ത സമ്മർദ്ദമാണ് ഉണ്ടാക്കി ക്കൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ സമ്പദ്ഘടന ഉപഭോഗം തീവ്രമാക്കുന്നതും അത് വിഭവങ്ങൾ കൂടുതൽ ഉപയോഗപ്പെടു ത്തുന്നതിനും അങ്ങനെ വിഭവങ്ങൾക്ക് ഹാനി സംഭവിപ്പിക്കാനും ഇടയാക്കുന്നു. അവിവേകമായ വിഭവങ്ങളുടെ ഉപയോഗം പരിസ്ഥിതിയെ ഫലശൂന്യമാക്കുന്നു.

## പ്രവർത്തനം 26.3

പരിസ്ഥിതി വിനാശത്തിന്റെ കുറച്ച് പ്രധാനപ്പെട്ട കാരണങ്ങൾ മുകളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വനനശീകരണം, ഖനനപ്രവർത്തനങ്ങൾ, വാഹനങ്ങൾ, വ്യാവസായിക മാലിന്യങ്ങൾ, മാലിന്യം അമിതമായി ഉണ്ടാക്കൽ അപകടകരങ്ങളായ റേഡിയേഷൻ ഉണ്ടാക്കുന്ന മാലിന്യങ്ങൾ കൂട്ടിയിടുന്നത്, എണ്ണ ഒഴുക്കുന്നത് വലിയ അണക്കെട്ടുകളും സംഭരണികളും ഉണ്ടാകുന്നത് തുടങ്ങിയവയെല്ലാം ഇതിന് കാരണങ്ങളാണ്. പുസ്തക

ങ്ങൾ, മാസികകൾ തുടങ്ങി വിവിധ സ്ത്രോതസ്സുകളിൽ കൂടി നിങ്ങൾ വിവരങ്ങൾ ശേഖരിക്കുക യും ഓരോ കാരണങ്ങളേക്കുറിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കി എങ്ങനെ ഇത് പരിസ്ഥിതി യുടെ അപചയത്തിന് കാരണമാകുന്നു എന്ന് വിശദീകരിക്കുക.

## 26.7 പരിസ്ഥിതി അപചയത്തിന്റെ വിവക്ഷകൾ

പരിസ്ഥിതിയുടെ അപചയം അങ്ങനെ വലിയ ഗൗരവമേറിയ ഉത്ക്കണ്ഠ ഉണ്ടാക്കുന്ന ഒന്നാണ്. അമിതവും വീണ്ടുവിചാരമില്ലാത്തതും, അശാസ്ത്രീയമായി വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതും മൂലമാണ് പ്രാഥമികമായും ഈ പരിസ്ഥിതി അപചയം സംഭവിക്കുന്നത്. വാസ്തവത്തിൽ ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കും ഒരു ആഗോള ഭീഷണിയായി അത് ഉയർന്നുകഴിഞ്ഞു. മുകളിൽ പറഞ്ഞപോലെ വായു, ജലം, മണ്ണ് ഇവയുടെ മലിനീകരണം, ഹാനികരങ്ങളായ വാതകങ്ങളുടെ പുറത്തേക്ക്വിടൽ, വ്യാവസായിക മാലിന്യങ്ങൾ, നഗരവിസർജ്ജ്യങ്ങൾ, റേഡിയേഷൻ ഉണ്ടാക്കുന്ന മാലിന്യങ്ങൾ, വീണ്ടു വിചാരമില്ലാത്ത രാസവളപ്രയോഗം, കീടനാശിനികൾ ഇവയെല്ലാം ആധുനിക സംസ്കാരത്തിന്റെ നിലനിൽപിനുതന്നെ ഭീഷണിയായിക്കൊണ്ടിരിക്കുകയാണ്. താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ നിങ്ങൾ പരിശോധിച്ചാൽ പരിസ്ഥിതി വിനാശത്തിന്റെ ഗൗരവം നിങ്ങൾക്ക് മനസ്സിലാക്കാം.

### പരിചിന്തനത്തിന് വിധേയമാക്കുക


- വന നശീകരണം, തെറ്റായ കാർഷികപ്രവൃത്തികൾ, കൃഷി രീതിയിലെ മാറ്റം, മണ്ണൊലിപ്പ്, മണ്ണിന്റെ ഉപ്പ്, ക്ഷാരഗുണം, അമ്ലമഴ എന്നിങ്ങനെയുള്ള വിവിധ കാരണങ്ങളാൽ ഭൂമി ശാസ്ത്രപരമായി ഇന്ത്യയിലെ 50 ശതമാനം പ്രദേശങ്ങളും വ്യത്യസ്ത തോതിലുള്ള പരിസ്ഥിതി അപചയത്തിന്റെ ദൂഷ്യങ്ങൾ അനുഭവിക്കുന്നു.
- 5.3 ബില്ല്യണിൽ കൂടുതൽ മേൽ മണ്ണ് മണ്ണൊലിപ്പ് മൂലം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. മണ്ണിന്റെ ശരാശരി നഷ്ടം വർഷത്തിൽ 16 ടണ്ണിൽ കൂടുതലാണെന്ന് കരുതുന്നു. അതായത് ഒരു വർഷം കൊണ്ട് 1 മില്ലീമീറ്റർ അല്ലെങ്കിൽ 10 വർഷം കൊണ്ട് 1 സെ.മീറ്റർ നഷ്ടമാകുന്നു. പ്രകൃതി 1 സെ. മീറ്റർ മണ്ണ് രൂപപ്പെടുത്തുന്നതിന് 1000 വർഷം എടുക്കും എന്ന കാര്യം ഇത്തരുണത്തിൽ സ്മരിക്കുക.
- ആഗോളതാപനം മൂലം ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം ഗണ്യമായ തോതിൽ കുറയുന്നുണ്ട്. ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞർ മനുഷ്യന്റെ ആരോഗ്യത്തിൽ ആഗോളതാപനം ഉണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് ധാരാളം മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഈ കാലാവസ്ഥ ഗൗരവതരങ്ങളായ പകർച്ചവ്യാധികൾക്ക് കാരണമാകുന്നു.
- ഈ വർദ്ധിച്ച, താപം പല വിളവുകളുടേയും വളർച്ചാക്കാലം ദീർഘിപ്പിക്കുന്നു. ഹിമാലയത്തിലെ ഹിമപിണ്ഡങ്ങൾ ദ്രവീകരിക്കുന്നു. ആഗോളതാപനം മൂലം ഹിമാലയത്തിൽനിന്ന് ഉദ്ഭവിക്കുന്ന നദികൾവരണ്ടുകൊണ്ടിരിക്കുന്നു. പടിഞ്ഞാറൻ കാറ്റിന് തടസ്സങ്ങൾ 2009-ൽ ഉണ്ടായതിന്റെ ഫലമായി ശൈത്യകാലത്ത് മഴ വളരെ കുറഞ്ഞു.


പരിസ്ഥിതി വിനാശത്തിന്റെ പ്രധാനകാരണങ്ങളിലൊന്ന് ഖര മാലിന്യങ്ങൾ ധാരാളം ഉണ്ടാകുന്നു എന്നതാണ്. 1000 ദശലക്ഷം ടണ്ണോളം ഖരവിസർജ്ജ്യങ്ങൾ വർഷം തോറും ലോക ജനതപുറത്തേക്ക് തള്ളുന്നു എന്ന കാര്യം നിങ്ങൾക്കറിയാമോ ഇത് നമ്മൾ സമുദ്ര നിരപ്പിൽ നിന്ന് ഒരു വൃത്തസ്തൂപിക (cone) രൂപത്തിൽ കൂട്ടിയിട്ടാൽ വൃത്താകൃതിയിൽ




പിരമിഡ് രൂപത്തിൽ ഒരു കിലോമീറ്റർ പ്രദേശം ഉണ്ടാകും അതിന്റെ മുകളറ്റം മൗണ്ട് എവറസ്റ്റിനേക്കാൾ പൊക്കത്തിലായിരിക്കും. അങ്ങനെ വർഷംതോറും നാം ഏറ്റവും ചുരുങ്ങിയത് ഒരു മൗണ്ട് എവറസ്റ്റിന്റെ അത്രയും ഉയരം മാലിന്യവസ്തുക്കൾ നിർമ്മിക്കുന്നു. നമുക്ക് പരിസ്ഥിതിയെ വിനാശത്തിൽ നിന്നു രക്ഷിക്കുകയും അതേസമയം റീസൈക്കിളിംഗ്, റീയുസിംഗ്, റെഡ്യൂസിംഗ് എന്നീ മൂന്നു രീതിയിൽ കൂടി സമ്പത്തുണ്ടാക്കുകയും ചെയ്യാം. (ഉപയോഗിച്ച സാധനത്തിൽ നിന്നും മൂലപദാർത്ഥം വീണ്ടെടുക്കുന്നതാണ് റീ സൈക്കിളിംഗ് (Recycling), റീയൂസിംഗ് (Reusing) വീണ്ടും ഉപയോഗിക്കൽ, റെഡ്യൂസിംഗ് (Reducing) ഉപഭോഗം കുറയ്ക്കൽ).

| റീസൈക്കിൾ (Recycle) പുന:ചക്രമണം | | റീയൂസ് (Reuse) പുനരുപയോഗം | | റഡ്യൂസ് കൺസംപ്ഷൻ (Reduse Consumption) ഉപഭോഗം കുറയ്ക്കൽ | |
|---|---|---|---|---|---|
| എന്താണ് റീസൈക്കിൾ ചെയ്യാവുന്നത് | അതിന്റെ ഫലം | വീണ്ടും ഉപയോഗിക്കാവുന്നത് | എങ്ങനെ? | ഉപഭോഗം കുറക്കാവുന്നത് | എങ്ങനെ? |
| ജൈവ വിസർജ്ജ്യങ്ങൾ - പഴത്തൊലി മുട്ടത്തോട് പച്ചക്കറിയുടെ അവശിഷ്ടങ്ങൾ | ഭൂമിയുടെ ഫലഭൂയിഷ്ഠി വർദ്ധിപ്പിക്കുന്നു | കാനുകൾ ടിന്നുകൾ | പെൻസിൽ ഹോൾഡർ ആയി ഉപയോഗിക്കുന്നു | പ്ലാസ്റ്റിക് | തുണിസഞ്ചി ഉപയോഗിക്കുക. പ്ലാസ്റ്റിക് സഞ്ചി ഉപേക്ഷിക്കുക |
| പേപ്പർ | മുറിച്ചുകളയുന്നതിൽ നിന്നും മരങ്ങളെ രക്ഷിക്കാം | പേപ്പർ | ഉപയോഗശൂന്യമായ പേപ്പർ ഉപയോഗിച്ച് പരുത്ത പാഡുകൾ ഉപയോഗിക്കാം | വൈദ്യുതി | മുറിയിൽ നിന്നു പോകുമ്പോൾ ഫാനും ലൈറ്റും ഓഫ് ചെയ്യുക |
| അലൂമിനിയം | കൂടുതൽ ബോക്സൈറ്റിന്റെ ആവശ്യം കുറയ്ക്കും | വസ്ത്രം | കാർപ്പറ്റ് ഷീറ്റുകളായി ഉപയോഗിക്കുക | വെള്ളം | വെള്ളം ആവശ്യമില്ലാത്തപ്പോൾ ടാപ്പ് അടച്ചിടുക. ആവശ്യത്തിന് മാത്രം വെള്ളം ശേഖരിച്ചുവയ്ക്കുക |





| റീസൈക്കിൾ (Recycle) പുന:ചക്രമണം | റീയൂസ് (Reuse) പുനരുപയോഗം | റഡ്യൂസ് (Reduse) കുറയ്ക്കൽ |
|---|---|---|
| ജൈവ വിസർജ്ജ്യങ്ങൾ - പഴത്തൊലി-മുട്ടത്തോട് പച്ചക്കറി അവശിഷ്ടങ്ങൾ **ഫലഭൂയിഷ്ഠി ഉള്ളതാക്കുന്നു** | കാനുകൾ/ടിന്നുകൾ **പെൻസിൽ ഹോൾഡർ** | പ്ലാസ്റ്റിക് **സാധനങ്ങൾ വാങ്ങാൻ തുണിസഞ്ചി ഉപയോഗിക്കുക** |
| പേപ്പർ **മരങ്ങളെ രക്ഷിക്കുന്നു** | പേപ്പർ **ബാക്കി വരുന്ന ഉപയോഗശൂന്യമായ പേപ്പർ ഉപയോഗിച്ച് പരുത്ത പാഡുകൾ ഉണ്ടാക്കുക** | വൈദ്യുതി **മുറിയിൽ നിന്ന് പോകുമ്പോൾ ഫാനും ലൈറ്റും ഓഫ് ചെയ്യുക** |

### നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും ?

- പരിസ്ഥിതിസൗഹൃദവും ജൈവാപചയം സംഭവിക്കുന്നതുമായ വസ്തുക്കൾ ഉപയോഗിക്കുക.
- വീടിലെ ചപ്പുചവറുകൾ വേർതിരിച്ച് റീസൈക്കിളിംഗ് പ്രക്രിയയ്ക്ക് സഹായകരമാക്കുക.
- പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ സാധനങ്ങൾക്കുപകരം തുണികൊണ്ടോ പേപ്പർ കൊണ്ടോ പൊതിഞ്ഞ സാധനങ്ങൾ വാങ്ങുക.
- CFC കൾ ഉപയോഗിക്കാത്ത പരിസ്ഥിതി സൗഹൃദ റിഫ്രിജറേറ്ററും എയർകണ്ടീഷണറും ഉപയോഗിക്കുക.

## 26.8 സുസ്ഥിരവികസനം

പരിസ്ഥിതി അപചയത്തിന്റെ ഗൗരവതരങ്ങളായ പ്രത്യാഘാതങ്ങൾ മൂലം സുസ്ഥിര വികസനം ഉത്ക്കണ്ഠ ഉണ്ടാക്കുന്ന ഒരു കാര്യമായിമാറിയിരിക്കുന്നു. പലപ്പോഴും ഇത് വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യസമൂഹം വികസനത്തിനുവേണ്ടി സ്വീകരിച്ചിരിക്കുന്ന മാതൃകയാണ് പരിസ്ഥിതി നാശത്തിന് കാരണമാകുന്നതെന്ന ശക്തിയായ ഒരു അഭിപ്രായം നിലനിൽക്കുന്നുണ്ട്. സുസ്ഥിരവികസനം പരിസ്ഥിതി നാശത്തിന് വിരാമം ഇടുന്നതിനുവേണ്ടി ഉയർന്നുവന്ന മറ്റൊരു ബദൽ മാതൃക ആണ് വിവിധ സന്ദർഭങ്ങളിൽ വിവിധ അർത്ഥത്തോടുകൂടി സുസ്ഥിരവികസനം എന്നപദം ഉപയോഗിക്കപ്പെടുന്നുണ്ട്. പരിസ്ഥിതിയുടേയും അതിൻെറ വികസനവുമായുള്ള ബന്ധത്തിൻെറ കാര്യത്തിന്റേയും സന്ദർഭത്തിൽ സുസ്ഥിരവികസനത്തിന് പ്രത്യേകമായ ഒരർത്ഥമാണുള്ളത്.

ഭാവിതലമുറകളുടെ ആവശ്യങ്ങളെ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ ഇന്നത്തെ തലമുറകളുടെ ആവശ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കഴിയും വിധമുള്ള വികസ നമാണ് സുസ്ഥിരവികസനം എന്ന് സുസ്ഥിരവികസനത്തിന് നിർവ്വചനം കൊടുക്കാം. പരിസ്ഥിതിയെ ഫലശൂന്യമാക്കുന്ന വിധത്തിലുള്ള പ്രകൃതിവിഭവങ്ങളുടെ അവിവേകമായ ഉപഭോഗം അവസാനിപ്പിക്കേണ്ടത് വളരെ ആവശ്യമാണ്. നാം ആശ്രയിക്കുന്ന പ്രകൃതിക്ക് യാതൊരു വിധകോട്ടവും ഉണ്ടാക്കാതെ സമ്പദ്ഘടനയും സമൂഹവും തുടർന്നും നിലനിൽ




ക്കുന്ന രീതിയിൽ വികസനത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുക എന്നതാണ് സുസ്ഥിരത ആവശ്യപ്പെടുന്നത്. നമ്മുടെ പ്രകൃതി വിഭവങ്ങളെ ശാസ്ത്രീയമായി ഉപയോഗിച്ചുകൊണ്ട് സുസ്ഥിരവികസനം എന്ന നമ്മുടെ ലക്ഷ്യം നേടാൻ കഴിയും.

## 26.9. ഡിസാസ്റ്റർ മാനേജ്മെന്റ് (ദുരന്ത ലഘൂകരണ നിയന്ത്രണസമിതി)

പരിസ്ഥിതി നാശത്തിന് കൂടുതൽ അർത്ഥതലങ്ങളുണ്ട് ലോകത്തിലെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന തരിശിടലിന് കാരണമാകുന്നത് പരിസ്ഥിതി വിനാശവും പ്രകൃതിവിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലെ കെടുകാര്യസ്ഥതയുമാണ്. അത്യാഹിതങ്ങൾ ഒരു വലിയ വെല്ലുവിളിയായി മാറിയിട്ടുണ്ട് എന്നാലും നമുക്ക് അത് കൈകാര്യം ചെയ്യാൻ കഴിയും.

ഡിസാസ്റ്റർ (ദുരന്തം) എന്ന പദം നാം ശരിയായി മനസ്സിലാക്കിയാൽ 'ഡിസാസ്റ്റർ മാനേജ്മെന്റ്' എന്താണെന്ന് കുറേക്കൂടെ വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. സമൂഹത്തെയും പരിസ്ഥിതിയേയും പ്രതികൂലമായി ബാധിക്കുന്ന ദുരന്തത്തിനാണ് നാം 'ഡിസാസ്റ്റർ' എന്നു പറയുന്നത് സമുചിതമായി കൈകാര്യം ചെയ്യാത്ത ആപത്തുകളുടെ പരിണത ഫലമാണ് ഇതെന്ന് കാണാം. ഇതിന്റെ ഉദ്ഭവത്തെ അടിസ്ഥാനമാക്കി രണ്ട് വിഭാഗ ങ്ങളായി തിരിക്കാം; പ്രകൃതി ദുരന്തങ്ങളും മനുഷ്യനിർമ്മിത ദുരന്തങ്ങളും പ്രകൃതിക്ക് സംഭവിക്കുന്ന മനുഷ്യനെബാധിക്കുന്ന ആപത്താണ് പ്രകൃതി ദുരന്തം. ഉദാ: അഗ്നിപർവ്വതം പൊട്ടൽ, ഭൂകമ്പം, വെള്ളപ്പൊക്കം തുടങ്ങിയവ. മനുഷ്യന്റെ പ്രവൃത്തി അല്ലെങ്കിൽ അശ്രദ്ധ മനുഷ്യൻപ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും വസ്തുവിന്റെ പിശകോ പരാജയമോ കൊണ്ടോ സംഭവിക്കുന്ന ദുരന്തങ്ങൾക്ക് മനുഷ്യനിർമ്മിത ദുരന്തങ്ങൾ എന്നു പറയുന്നു.

ഭോപ്പാൽ വാതകദുരന്തം, രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ സംഭവിക്കുന്ന ഉരുൾ പൊട്ടൽ, അണക്കെട്ടുകൾ പൊട്ടിയുണ്ടാകുന്ന വെള്ളപ്പൊക്കം തുടങ്ങിയവ. ആഗോള താപനം ഒരു വലിയ ദുരന്തമായി മാറുകയാണ് അതും പ്രകൃതിയിലെ മനുഷ്യന്റെ കൈകടത്തലിന്റെ ഫലമായിട്ടുണ്ടാകുന്നതാണ്.

ദുരന്തങ്ങളുടെ പരിണതഫലങ്ങൾ വളരെ വലുതാണെങ്കിലും അതിന്റെ പ്രത്യാഘാതങ്ങൾ നമുക്ക് കുറയ്ക്കാൻ കഴിയും. പ്രകൃതി - മനുഷ്യനിർമ്മിത ദുരന്തങ്ങളുടെ പ്രതികൂലമായ അനന്തരഫലങ്ങളെ കുറയ്ക്കുന്നതിനുവേണ്ടി സ്വീകരിക്കുന്ന അനുയോജ്യമായ തന്ത്രങ്ങളെയാണ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്നുപറയുന്നത്. ഇതിന്റെ പ്രവർത്ത നത്തിൽ നാലുഘട്ടങ്ങൾ അന്തർഭവിച്ചിട്ടുണ്ട് ശമനം/ലഘൂകരിക്കൽ (Mitigation) തയ്യാറെടുപ്പ് (Preparedness) പ്രതികരണം/പ്രതിചേഷ്ട (Response) വീണ്ടെടുപ്പ് (Recovery).

### ദുരന്തശമനം അല്ലെങ്കിൽ ലഘൂകരിക്കൽ (Mitigation)

ഈ പദം സാങ്കേതികമോ അല്ലെങ്കിൽ പ്രയാസമേറിയതോ ആയി നിങ്ങൾക്ക് തോന്നാം. ദുരന്തങ്ങൾ സംഭവിക്കുമ്പോൾ അതിന്റെ ദൂഷ്യങ്ങൾ വളരെ വലുതാകാതെ ഏറ്റവും ചുരുക്കാനുള്ള ശ്രമം എന്നതാണ് ഇത് അർത്ഥമാക്കുന്നത്. ഈ ഘട്ടം മറ്റ് ഘട്ടങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ശമനം എന്ന ഘട്ടത്തിന് മുൻപുതന്നെനഷ്ടവും അപകട സാധ്യതകളും തിരിച്ചറിയണം. ആതിരിച്ചറിവിനുശേഷം അത്യാഹിതത്തിന്റെ ഫലങ്ങൾ കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. ഉദാഹരണമായി മഴക്കാലത്ത് ഒരു നദിയിൽ വെള്ളപ്പൊക്കമുണ്ടായാൽ ഏന്തെല്ലാം നാശങ്ങൾ ഉണ്ടാകാനിടയുണ്ട് എന്ന് മനസ്സിലാക്കി നാശനഷ്ടങ്ങൾ കുറയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാം.

### തയ്യാറെടുപ്പ് (Preparedness)

ഈ ഘട്ടത്തിൽ ദുരന്തം നേരിടാനുള്ള ഡിസാസ്ടർ മാനേജർമാർ ദുരന്തം നേരിടാനുള്ള പരിപാടികൾ വികസിപ്പിക്കുന്നു (a) ഏറ്റവുംവേഗം ആശയവിനിമയ ത്തിനുള്ള മാർഗ്ഗം

സ്വീകരിക്കുന്നു. (b) അടിയന്തര സർവ്വീസുകളെ ശരിയാംവണ്ണം വിനിയോഗിക്കുന്നു. (c) അടിയന്തര ആശ്വാസകേന്ദ്രങ്ങൾ ആളുകളെ ഒഴിച്ചു മാറ്റാനുള്ള പദ്ധതികൾ എന്നിവയ്ക്ക് രൂപം കൊടുക്കുന്നു. (d) ദുരന്തസ്ഥലത്ത് എത്തിക്കേണ്ട വസ്തുക്കൾ എല്ലാം സജ്ജീകരിച്ച് എത്തിക്കുന്നു. (e) സാധാരണ ജനങ്ങളുടെയിടയിലെ സംഘടനകളിൽനിന്ന് പരിശീലനം സിദ്ധിച്ചിട്ടുള്ള സന്നദ്ധഭടൻമാരുടെ സേവനം ഉറപ്പാക്കുന്നു.

### പ്രതികരണം/പ്രതിചേഷ്ട (Response)

അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ പ്രതികരണത്തിൻെറ ഘട്ടത്തിലുള്ള നടപടികളും ആരംഭിക്കും. അടിയന്തിരഘട്ടങ്ങളിൽ എത്തേണ്ട സർവ്വീസുകളെ കഴിവതും വേഗം എത്തിക്കുക. അപകടം ഉണ്ടാകുന്ന സ്ഥലത്ത് ഓടിക്കൂടിയ ആളുകളുടെ സേവനം ഉപയോഗപ്പെടുത്തുക എന്നിവ ഇതിൽപ്പെടുന്നു. അഗ്നിശമന സേന, പോലീസ് ആംബുലൻസ് തുടങ്ങിയവയാണ് അടിയന്തിര സർവ്വീസുകൾ. തയ്യാറെടുപ്പ് ഘട്ടത്തിലെ നല്ലവണ്ണം ആസൂത്രണം ചെയ്തിട്ടുള്ള തന്ത്രത്തിന്റെ ഭാഗമായി രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കഴിയുന്നു.

### വീണ്ടെടുപ്പ് (Recovery)

ദുരന്തം ബാധിച്ച സ്ഥലം പൂർവ്വസ്ഥിതിയിലാക്കുക എന്നതാണ് ഈ ഘട്ടം ലക്ഷ്യമാക്കുന്നത്. ഇത് പ്രതികരണഘട്ടത്തിൽ നിന്നും വ്യത്യസ്തമായ രീതിയിലുള്ള ശ്രദ്ധയാണ് ഈ ഘട്ടത്തിലുള്ളത്. വീണ്ടെടുപ്പ് നടപടികൾ പ്രാഥമികമായി നശിപ്പിക്കട്ട വസ്തുക്കളെല്ലാം വീണ്ടും ഉണ്ടാക്കിയെടുക്കുക, തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിൽ, പശ്ചാത്തല സൗകര്യങ്ങൾ കേടുപാട് തീർക്കുക തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

## പ്രവർത്തനം 26.4

ഭൂകമ്പങ്ങൾ, സുനാമി, വരൾച്ച, വെള്ളപ്പൊക്കം, ചുഴലിക്കാറ്റ് എന്നീ ആറ് അത്യാ ഹിതങ്ങളാണ് ലോകത്ത് എവിടെയും വൻ ജീവനാശവും വസ്തുവകകളുടെ നാശവും ഉണ്ടാക്കുന്നത് മുകളിൽ കൊടുത്തിരിക്കുന്ന നാലുഘട്ടങ്ങളിലെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഏതെങ്കിലും ഒരു ദുരന്തത്തെ നേരിടാനുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാൻ നിങ്ങൾക്ക് കഴിയുമോ?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 26.2

1. ശരിയായ വാക്കുകളുപയോഗിച്ച് പൂരിപ്പിക്കുക.

   (a) ആവാസസ്ഥലങ്ങൾ നശിപ്പിക്കപ്പെടുമ്പോൾ ............................ നഷ്ടപ്പെടുന്നു.

   (b) ആധുനിക ലഘുയന്ത്രോപകരണങ്ങൾ ............................ പുറത്തേക്കുവിടുകയും അത് ............................ ന് കാരണമാവുകളയും ചെയ്യുന്നു.

   (c) വളത്തിന്റെയും കീടനാശിനികളുടേയും അമിതോപയോഗം ............................ നും ............................ നും കാരണമാവുന്നു.

   (d) പരിസ്ഥിതി നാശത്തിന്റെ പ്രധാനകാരണങ്ങളിലൊന്ന് ............................ അമിതമായി ആളുകൾ ഉല്പാദിപ്പിക്കുന്നതാണ്.

2. എന്താണ് ഡിസാസ്റ്റർ ? ഒരു ഉദാഹരണം നൽകുക ?

3. പ്രവർത്തനം: മാലിന്യസർവെ

മാലിന്യങ്ങൾ അല്ലെങ്കിൽ വിസർജ്ജ്യങ്ങൾ ശേഖരിച്ച് മൂന്നു മാർഗ്ഗങ്ങളിൽ കൂടി അത് കൈകാര്യം ചെയ്യാം. അതായത് 1. റീസൈക്കിൾ, 2. റീയൂസ്, 3. റഡ്യൂസ്. ഈ സന്ദർഭത്തിൽ, നിങ്ങളുടെ വീട്ടിൽ/പ്രദേശത്ത്/കോളനിയിൽ ഏത് രീതിയിലാണ് മാലിന്യനിർമ്മാർജ്ജനം നടത്തുന്നതെന്ന് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ? താഴെ കാണിച്ചിരിക്കുന്ന മാതൃക ഉപയോഗിച്ച് ഒരാഴ്ചക്കാലത്തെ നിങ്ങളുടെ വീട്/പ്രദേശം/കോളനിയിലെ മാലിന്യ സംസ്കരണത്തിൻെറ, ഒരു സർവ്വേ നടത്തി, റീസൈക്കിൾ, റീയൂസ്ഡ് റിഡ്യൂസ്ഡ് എന്നീ മൂന്നു വിഭാഗങ്ങളിലായി തിരിച്ച് രേഖപ്പെടുത്തുക.

| ദിവസം | റീസൈക്കിൾ | റീയൂസ് | റഡ്യൂസ് |
|---|---|---|---|
| തിങ്കൾ | | | |
| ചൊവ്വ | | | |
| ബുധൻ | | | |
| വ്യാഴം | | | |
| വെള്ളി | | | |
| ശനി | | | |
| ഞായർ | | | |

മുകളിലത്തെ പട്ടികയിൽ ഒരാഴ്ചയിലെ ഓരോ ദിവസവും നിങ്ങളുടെ വീട്ടിലുള്ള മാലിന്യങ്ങളുടെ പേര് എഴുതുക. ഒരാഴ്ചകഴിഞ്ഞ് ഏതുതരം മാലിന്യമാണ് കൂടുതലുണ്ടാകുന്നതെന്ന് മനസ്സിലാക്കുക. പാഠത്തിൽ പറഞ്ഞിട്ടുള്ളതുപോലെ അത് വീണ്ടും ഉപയോഗിക്കുകയോ അല്ലെങ്കിൽ അതിൻെറ ഉപഭോഗം കുറയ്ക്കുകയോ ചെയ്യാൻ ശ്രമിക്കുക. മറ്റൊരു ആഴ്ചക്കാലത്തെ കാര്യംകൂടി ഇതുപോലൊരു സർവ്വേനടത്തി മനസ്സിലാക്കുക. ഈ രണ്ടാഴ്ചകളിലെ സർവേയുടെ ഫലം താരതമ്യം ചെയ്യുക. റഡ്യൂസ് വിഭാഗത്തിൽ നല്ലവണ്ണം മാലിന്യങ്ങൾ കുറഞ്ഞിട്ടുണ്ടെന്ന് നിങ്ങൾക്ക് കാണാൻ കഴിയും.

4. പരിസ്ഥിതിക്ക് നാശം ഉണ്ടാകുന്ന ഏന്തെല്ലാം പ്രവർത്തനങ്ങളാണ് നാം ചെയ്യുന്നതെന്ന് പട്ടിക തയ്യാറാക്കുക.

| | |
|---|---|
| 1 | ഡ്രയിനു (ജലനിർഗ്ഗമനവാഹിനി) കളിൽ പ്ലാസ്റ്റിക് ഉപകരണങ്ങൾ ഉപയോഗിച്ച ശേഷം വലിച്ചെറിയുക |
| 2 | ബസ്റ്റോപ്പിൽ നിൽക്കുമ്പോൾ ചെടികളിൽ നിന്നോ മരങ്ങളിൽ നിന്നോ ഇലകൾ പറിക്കുക |
| 3 | |
| 4 | |
| 5 | |
| 6 | |
| 7 | |
| 8 | |
| 9 | |
| 10 | |

കുറിപ്പുകൾ

## നിങ്ങൾ എന്തെല്ലാം പഠിച്ചു

- നമുക്ക് ചുറ്റുമുള്ള എല്ലാഘടകങ്ങളും പ്രക്രിയകളും സാഹചര്യങ്ങളും അവയുടെ പരസ്പര ബന്ധവുമാണ് പരിസ്ഥിതി എന്ന വാക്ക് സൂചിപ്പിക്കുന്നത്. നമുക്ക് ചുറ്റുമുള്ള ജീവനുള്ളതും ജീവനില്ലാത്തതുമായ പരസ്പരം സ്വാധീനിക്കുന്ന എല്ലാ വസ്തുക്കളുടേയും ആകെത്തുക എന്ന് പരിസ്ഥിതി എന്ന ആശയത്തെ നിർവ്വചിക്കാവുന്നതാണ്. പരിസ്ഥിതിക്ക് രണ്ട് ഘടകങ്ങളുണ്ട്. ഒന്ന് ജീവനുള്ളത് (Biotic) രണ്ട് ജീവനില്ലാത്തത് (Abiotic) ഉത്ഭവത്തെയും പരിണാമത്തെയും അടിസ്ഥാനമാക്കി-സ്വാഭാവിക പരിസ്ഥിതി എന്നും മനുഷ്യനിർമ്മിത പരിസ്ഥിതി എന്നും രണ്ട് പ്രധാനഭാഗങ്ങളായി പരിസ്ഥിതിയെ തിരിക്കാം. പരിസ്ഥിതി ഒരിക്കലും നിശ്ചലമല്ല. അത് സമയവും സ്ഥലവും അനുസരിച്ച് ചലിച്ചു കൊണ്ടേയിരിക്കുന്നു. സ്വാഭാവിക പരിസ്ഥിതിയും മനുഷ്യനിർമ്മിത പരിസ്ഥിതിയും സ്വഭാവത്തിന്റെ കാര്യത്തിൽ ചലനാത്മകമാണ്. മനുഷ്യനിർമ്മിത പരിതസ്ഥിതിയിലെ മാറ്റങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടായിരിക്കണം. പരിസ്ഥിതിനമ്മെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ്. ഭക്ഷണം, അഭയസ്ഥാനം,വെള്ളം, വായു മണ്ണ്, ഊർജ്ജം, നാരുകൾ, ഔഷധം, അസംസ്കൃത വസ്തുക്കൾ എന്നിവയ്ക്കെല്ലാം നാം പ്രകൃതിയെ ആശ്രയിക്കുന്നു. ഇതൊക്കെആയിട്ടും വികസനത്തിന്റെ പേരിൽ നാംപ്രകൃതിക്ക് നാശംവരുത്തുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യ, ദാരിദ്ര്യം, നഗരവത്ക്കരണം, ജീവിതശൈലി മാറ്റം, കാർഷികവികസനം, സാമ്പത്തികവികസനം, വ്യവസായവത്ക്കരണം തുടങ്ങിയ നിരവധി സൂമൂഹിക - സാമ്പത്തിക പ്രശ്നങ്ങളാണ് പരിസ്ഥിതി നാശത്തിനുള്ള പ്രധാന കാരണങ്ങൾ ലളിതമായ നിയമങ്ങളും മാതൃകകളും പാലിച്ച് നമുക്ക് പരിസ്ഥിതിയെ സംരക്ഷിക്കാൻ ശ്രമിക്കാം.
- പരിസ്ഥിതിനാശവും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലെ പിടിപ്പുകേടും കൊണ്ടാണ് വെള്ളപ്പൊക്കം, വരൾച്ച, തുടങ്ങിയ അത്യാഹിതങ്ങളുണ്ടാകുന്നത്. അത്യാപത്തുകൾ അല്ലെങ്കിൽ ദുരന്തങ്ങളെ നമുക്ക് പ്രകൃത്യാസംഭവിക്കുന്നതും മനുഷ്യനിർമ്മിതവും എന്ന് രണ്ടായിതിരിക്കാം. നാലുഘട്ടങ്ങളായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഒരു ശ്രേണിയാണ് ഡിസാസ്റ്റർ മാനേജ്മെന്റ്. ഇവ ശമനം തയ്യാറെടുപ്പ്, പ്രതികരണം, വീണ്ടെടുപ്പ് എന്നീ നാലുഘട്ടങ്ങളാണ്. പ്രകൃതി ദുരന്തങ്ങൾ നമുക്ക് അവസാനിപ്പിക്കാൻ കഴിയില്ലെങ്കിലും അവയുടെ കാഠിന്യങ്ങൾ കുറയ്ക്കാൻ കഴിയും.

## പാഠ്യാന്ത്യ അഭ്യാസങ്ങൾ

1. പരിസ്ഥിതി എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? ഒരു ഉദാഹരണത്തിന്റെ സഹായത്തോടെ അത് വിശദമാക്കുക.
2. പരിണാമത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിയെ തരം തിരിക്കുക. നിങ്ങളുടെ ചുറ്റുപാടിൽ നിന്നുമുള്ള ഉദാഹരണങ്ങൾ എടുത്ത് വിശദീകരിക്കുക.
3. പരിസ്ഥിതി സ്വഭാവത്തിൽ ചലനാത്മകമാണ്. അത് നിരന്തരം മാറിക്കൊണ്ടിരിക്കുന്നു. ഈ പ്രസ്താവന ഉദാഹരണങ്ങൾ എഴുതി സാധൂകരിക്കുക.
4. പരിസ്ഥിതിയുടെ പ്രാധാന്യം ചുരുക്കി ചർച്ച ചെയ്യുക
5. പരിസ്ഥിതിവിനാശം നിർവ്വചിക്കുക. ഇതിന് കാരണമാകുന്ന ഘടകങ്ങൾ വിശദീകരിക്കുക.
6. നാശത്തിൽ നിന്നും പ്രകൃതിയെ രക്ഷിക്കാനുള്ള മൂന്നു വഴികൾ നിർദ്ദേശിക്കുക.
7. മനുഷ്യർ പ്രകൃതിയെ ദുർബലപ്പെടുത്താൻ ചെയ്യുന്ന 10 പ്രവർത്തനങ്ങൾ എഴുതുക.

8. ദുരന്തങ്ങൾ അവയുടെ ഉത്ഭവത്തെ അടിസ്ഥാനമാക്കി തരം തിരിക്കുക.
9. ഡിസാസ്റ്റർ മാനേജ്മെന്റ് എന്നാൽ എന്താണ് അർത്ഥമാക്കുന്നത് ?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**26.1**

1. ബയോട്ടിക് - ചെടികൾ, മൃഗങ്ങൾ, ജൈവാണു, ബാക്ടീരിയ
   അബയോട്ടിക് - വെള്ളം, മണ്ണ് അഗ്നി, സ്ഥലവിവരം
2. (a) സ്വാഭാവികം, മനുഷ്യനിർമ്മിതം
   (b) ഉത്ഭവം/അല്ലെങ്കിൽ പരിണാമം
   (c) മനുഷ്യ നിർമ്മിതം
   (d) കാലാന്തരത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നു.
3. നിങ്ങൾ സ്വയം ചെയ്യുക

**26.2**

1. (a) ജൈവ വൈവിദ്ധ്യം
   (b) ഹാനികരങ്ങളായ വാതകങ്ങൾ, ആഗോളതാപനം
   (c) ജലാശയങ്ങൾ മലീമസമാക്കൽ, ഭൂമിയുടെ അപചയം
   (d) ഖരമാലിന്യങ്ങൾ
2. സമൂഹത്തേയും പരിസ്ഥിതിയേയും പ്രതികൂലമായി ബാധിക്കുന്ന ദുരന്തത്തിനെയാണ് ഡിസാസ്റ്റർ എന്നുപറയുന്നത്. ഭോപ്പാൽ വാതക ദുരന്തം, സുനാമി, ഉരുൾപൊട്ടൽ, ഭൂകമ്പം (ഏതെങ്കിലും ഒന്ന്)
3. വിദ്യാർത്ഥികൾ സർവ്വെ സ്വയം ചെയ്യണം.
4. പ്രവർത്തനങ്ങൾ സ്വയം എഴുതുക.

### പ്രവർത്തനത്തിന്റെ സൂചനകൾ

**26.1**

| പഠനോദ്ദേശ്യം | മൂല്യനിർണ്ണയ ഉപകരണം | സ്കോറിംഗ് കീ (മാർക്ക് നൽകുന്നവിധം) |
|---|---|---|
| പരിസ്ഥിതിയുടെ വ്യത്യസ്ത ഘടകങ്ങൾ തിരിച്ചറിയുന്നു | അനുഭവത്തിൽ നിന്ന് ലഭിച്ചിട്ടുള്ള അറിവ് | തലം-1 (മാർക്ക് 0-33%)<br>അപര്യാപ്തമായ പ്രതികരണം ഒരുഘടകം തിരിച്ചറിയുന്നു. |
| | | തലം-2 (മാർക്ക് 34% -55%)<br>പുരോഗതി ആവശ്യമുണ്ട്; രണ്ട്ഘടകം തിരിച്ചറിയുന്നു |
| | | തലം-3 (മാർക്ക് 56%-75%)<br>ഏറെക്കുറെ തൃപ്തികരം; മൂന്നുഘടകം തിരിച്ചറിയുന്നു |
| | | തലം-4 (മാർക്ക് 76%-100%) വളരെ നല്ലത്<br>നാലുഘടകങ്ങളും തിരിച്ചറിയുന്നു |

# 27

# സമാധാനവും സുരക്ഷിതത്വവും

'സമാധാനവും സുരക്ഷിതത്വവും' ഈ വാക്കുകൾ നിങ്ങൾ കേട്ടിട്ടുണ്ടോ? ഒരു സംസ്ഥാനത്തിന്റെ ഉള്ളിൽ നഗരത്തിലോ മറ്റേതെങ്കിലും പ്രദേശത്തോ ഒരു അക്രമ സംഭവമുണ്ടായാൽ അവിടെ സമാധാനത്തിനും സുരക്ഷിതത്വത്തിനും ഭീഷണിഉണ്ടായിരിക്കുന്നു എന്ന് നമ്മൾ പറയാറുണ്ട്. രാജ്യത്തിനുള്ളിൽ ഒരു കലാപം ഉണ്ടായാൽ ദേശീയ സമാധാനത്തിനും സുരക്ഷിതത്വത്തിനും ഭീഷണി ആയിരിക്കുന്നു എന്നും പറയും. ഏതെങ്കിലും ഒരു സ്ഥലത്ത് പോലീസ് സേനയെയോ സൈന്യത്തെയോനിയോഗിക്കുന്നത് പ്രധാനമായും ആ സ്ഥലത്തെ സമാധാനവും സുരക്ഷയും ഉറപ്പു വരുത്താനാണ്. രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധം ഉണ്ടായാൽ അത് അന്തർദേശീയ സമാധാനത്തിനും സുരക്ഷയ്ക്കും ഭീഷണിയാണ്. ഐക്യരാഷ്ട്ര സംഘടനയെപ്പോലെയുള്ള അന്തർദേശീയ പ്രസ്ഥാനങ്ങൾ സമാധാനത്തിനും സുരക്ഷയ്ക്കും സംഭാവന നൽകുന്ന കാര്യം നമുക്കറിയാവുന്നതാണ്. സമാധാനം, സുരക്ഷിതത്വം എന്നീ രണ്ടുവാക്കുകളും പ്രത്യേകം പ്രത്യേകമായും ഉപയോഗിക്കപ്പെടുന്നുണ്ട്. എല്ലാ മതങ്ങളും സമാധാനത്തെക്കുറിച്ച് പറയുന്നു. വ്യക്തിപരമായി, മനസ്സിന്റെ അല്ലെങ്കിൽ കുടുംബത്തിന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ സമാധാനത്തിൽ എല്ലാവരും ഉത്കണ്ഠ ഉള്ളവരാണ്. പെൺകുട്ടികളും, സ്ത്രീകളും വീടുകളിൽ നിന്ന് പുറത്തു പോകുമ്പോഴും അവരുടെ സുരക്ഷിതത്വത്തേക്കുറിച്ച് കുടുംബത്തിനുള്ള വിഷമങ്ങൾ നാം വായിക്കാറുണ്ട്. ഈ പദങ്ങൾ നമ്മിൽ വ്യത്യസ്തസന്ദർഭങ്ങളിലും വ്യത്യസ്ത വഴികളിലും ഉപയോഗിക്കുന്നത് ചിലപ്പോൾ നമ്മളെ കുഴയ്ക്കാറുണ്ട്. നമുക്ക് അതിനാൽ വ്യക്തി, സമൂഹം, ദേശീയം, അന്തർദേശീയം എന്നീ സന്ദർഭങ്ങളിലെല്ലാം സമാധാനത്തിന്റെയും സുരക്ഷയുടെയും വിവിധവശങ്ങൾ എങ്ങിനെ ഉപയോഗിക്കുന്നു എന്ന് നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം.

## ഉദ്ദേശ്യങ്ങൾ

ഈ പാഠം പഠിച്ചതിനുശേഷം നിങ്ങൾക്ക് കഴിയുന്നത്.

- വിഭിന്ന സന്ദർഭങ്ങളിൽ സമാധാനം സുരക്ഷിതത്വം എന്നീ പദങ്ങൾക്കുള്ള അർത്ഥം വിശദമാക്കാൻ കഴിവു നേടുന്നു.
- സമാധാനം, സുരക്ഷ എന്നിവയെക്കുറിച്ചുള്ള പാരമ്പര്യമായതും അല്ലാതെയും ഉള്ള ധാരണകൾ വിലമതിക്കാനുള്ള കഴിവ്.
- ജനാധിപത്യത്തിനും വികസനത്തിനും സുരക്ഷയും സമാധാനവും അവശ്യ ഉപാധിയാണെന്ന കാര്യം നന്നായി മനസ്സിലാക്കാൻ.
- സമാധാനത്തിനും സുരക്ഷയ്ക്കും നേരേയുള്ള ഭീഷണിയെ നേരിടാൻ ഇൻഡ്യ അംഗീകരിച്ചിട്ടുള്ള സമീപനവും രീതികളും വിലമതിക്കാനുള്ള അറിവ്.

- ഭീകര സംഘടനകളുടെ സായുധ കലാപത്തെ നേരിടുന്നതിന് ഗവൺമെന്റ് എടുത്തിട്ടുള്ള നടപടികൾ തിരിച്ചറിയാനുള്ള കഴിവ് നേടുക.
- അന്തർ ദേശീയ സമാധാനത്തിനും സുരക്ഷയ്ക്കും ഇന്ത്യയുടെ സംഭാവനയും ഐക്യ രാഷ്ട്ര സംഘടനയിൽ അതിന്റെ പങ്കുചേരലും മനസ്സിലാക്കാനുള്ള കഴിവ്.

## 27.1 സമാധാനവും സുരക്ഷയും

### 27.1.1. അർത്ഥം

സുരക്ഷയും സമാധാനവും എന്ന പദങ്ങളുടെ അർത്ഥം അറിഞ്ഞുകൊണ്ട് നമുക്ക് തുടങ്ങാം. ഇത് കൂടുതൽ മനസ്സിലാക്കാൻ താഴെപ്പറയുന്ന രസകരമായ കഥ നിങ്ങളെ സഹായിക്കും.

#### 1. സമാധാനം

ഒരിക്കൽ ഒരു രാജാവ് സമാധാനത്തെക്കുറിച്ച് ഏറ്റവും നല്ല പെയിന്റിംഗ് ചെയ്യുന്ന കലാകാരന് ഒരു സമ്മാനം വാഗ്ദാനം ചെയ്തു.അതനുസരിച്ച് കിട്ടിയ പെയിന്റിംഗ്കളിൽ നിന്ന് രണ്ടെണ്ണം അദ്ദേഹം അവസാന പരിശോധനയ്ക്കുവേണ്ടി തെരഞ്ഞെടുത്തു. അതിൽ ഒരു ചിത്രം: ശാന്തമായ ഒരു തടാകം ചുറ്റും മലകൾ, ആ മലകളെല്ലാം തെളിഞ്ഞു കാണത്തക്ക ഒരു കുറ്റമറ്റ കണ്ണാടിപോലെ ആയിരുന്നു തടാകം. മുകളിൽ വെള്ള മേഘങ്ങൾ നിറഞ്ഞ ആകാശം. അതും ആ മനോഹരമായ തടാകത്തിലൂടെ പ്രതിഫലിച്ചു കാണാം. ഈ ചിത്രം കണ്ട എല്ലാവരും ഇത് സമാധാനത്തിന്റെ ഒരു ഉത്തമ ചിത്രമാണെന്ന് വിചാരിച്ചു. രണ്ടാമത്തെ ചിത്രത്തിലും മലകളുണ്ടായിരുന്നു. എന്നാൽ അത് കുന്നും കുഴിയും നിറഞ്ഞ് ശൂന്യമായ ഒന്നായിരുന്നു. അതിനു മുകളിൽ പ്രക്ഷുബ്ധമായ ഒരാകാശം അതിൽ നിന്നും മിന്നലോടു കൂടിയ മഴപെയ്തു കൊണ്ടിരിക്കുന്നു. മലയുടെ താഴെ ഒരു വലിയ വെള്ളച്ചാട്ടം വലിയ ശക്തിയിൽ നുരയോടുകൂടി ഒഴുകിക്കൊണ്ടിരിക്കുന്നതും അതിൽ ചിത്രീകരിച്ചിട്ടു ണ്ടായിരുന്നു. ഈ വെള്ളച്ചാട്ടത്തിന്റെ പിറകിൽ ഒരു കുറ്റിക്കാട്ടിൽ ഒരു പക്ഷി കൂടുകെട്ടി പൂർണ്ണസമാധാനത്തോടെ അതിന്റെ കുഞ്ഞുങ്ങൾക്ക് ആഹാരം കൊടുത്തു കൊണ്ടിരി ക്കുന്നു. ഇതിൽ ഏത് പെയിന്റിംഗ് ആണ് സമ്മാനർഹമാകുന്നുത്? രാജാവ് രണ്ടാമത്തെ ചിത്രമാണ് തിരഞ്ഞെടുത്തത് എന്തുകൊണ്ടാണെന്ന് നിങ്ങൾക്ക് അറിയാമോ? രാജാവ് അതിന്റെ കാരണം പറഞ്ഞു. ശബ്ദമില്ലായ്മയോ, ശല്യങ്ങളോ, ഉപദ്രവങ്ങളോ ഒന്നുമല്ല സമാധാനം അർത്ഥമാക്കുന്നത്. ഇതിന്റെ എല്ലാം മധ്യത്തിലും നിങ്ങളുടെ ഹൃദയം ശാന്തമായിരിക്കുന്നു എന്നതാണ് സമാധാനം

രാജാവ് തിരഞ്ഞെടുത്ത ചിത്രം ശരിയായ അർത്ഥത്തിൽ സമാധാനത്തെ ചിത്രീകരിച്ചിട്ടുണ്ട് എന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? പരിപൂർണ്ണമായി ശല്യങ്ങളോ സംഘർഷങ്ങളോ ഇല്ലാത്ത മാനസികാവസ്ഥയോ പരിതസ്ഥിതിയെ അല്ല സമാധാനം യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത്. വാസ്തവത്തിൽ ശല്യമോ സംഘർഷമോ പൂർണ്ണ മായി ഇല്ലാത്ത ഒരു മനുഷ്യലോകം അസാധ്യമാണ്. നമ്മൾ സമാധാനത്തെ അറിയാൻ ശ്രമിക്കുന്നത് സാമൂഹികം, ദേശീയം, അന്തർദേശീയം എന്നീ പശ്ചാത്തലങ്ങളിലാണ് അല്ലാതെ മനുഷ്യജീവികളില്ലാത്ത ഒരു സ്ഥലത്തിന്റെ അടിസ്ഥാനത്തിലല്ല. അതുകൊണ്ട് നമുക്ക് സമാധാനത്തെ ഇങ്ങനെ നിർവ്വചിക്കാം. വ്യക്തികളുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും വികാസം ഉറപ്പുവരുത്തുന്ന ഒരു സാമൂഹിക രാഷ്ട്രീയ അവസ്ഥയെ ആണ് സമാധാനം എന്നു പറയുന്നത്. ആരോഗ്യകരമായ ബന്ധുത്വത്തിന്റെ ഫലമായുള്ള സവിശേഷമായ ഒരു പൊരുത്തത്തിന്റെ അവസ്ഥ കൂടിയാണിത്.സാമൂഹികം അല്ലെങ്കിൽ സാമ്പത്തികമായ ക്ഷേമവും സമത്വവുമായി ബന്ധപ്പെട്ട ഒരു അവസ്ഥയാണിത്. എല്ലാവരു

ടേയും ശരിയായ താത്പര്യങ്ങൾ അനുസരിച്ച് സേവനം ചെയ്യുന്ന ഒരു രാഷ്ട്രീയക്രമവുമായി കൂടി ഇത് ബന്ധപ്പെടുന്നു. ആഭ്യന്തരവും അന്തർദേശീയവുമായ സാഹചര്യങ്ങളിൽ സമാധാനം എന്നത് യുദ്ധമോ സംഘർഷമോ ഇല്ലാത്തത് മാത്രമല്ല സാമൂഹിക, സാംസ്ക്കാരിക, സാമ്പത്തിക ധാരണകളുടെ സാന്നിധ്യവും ഐക്യവും കൂടിയുള്ളതാണ്.

## 2. സുരക്ഷിതത്വം

സുരക്ഷിതത്വം എന്ന പദം ദിവസേന നമ്മുടെ സംഭാഷണങ്ങളിലോ പത്രങ്ങളിലോ ഔദ്യോഗിക ചർച്ചകളിലോ വരാറുള്ള ഒന്നാണ്. വ്യക്തി മുതൽ സ്ഥാപനം, ദേശം, അന്തർദേശീയം എന്നീ തലം വരെയുള്ള ശ്രേണിയുമായി സുരക്ഷിതത്വം ബന്ധപ്പെടുന്നു. നമ്മൾ താമസിക്കുന്ന വീടിന്റെയും പ്രദേശത്തിന്റെയും സുരക്ഷയ്ക്കു വേണ്ട പല നടപടികളും നമ്മൾ എടുക്കാറുണ്ട്. മന്ത്രിമാർക്കും മറ്റ് വളരെ പ്രധാനപ്പെട്ട വ്യക്തികൾക്കും വ്യക്തിപരമായ സംരക്ഷണം കൊടുത്തുകൊണ്ടിരിക്കുന്നത് നമുക്കറിയാം. തന്ത്രപ്രധാനമായ സർക്കാർ സ്ഥാപനങ്ങൾ അതുപോലെ പ്രധാനപ്പെട്ട മറ്റ് സ്ഥാപന ങ്ങൾ, അല്ലെങ്കിൽ ചില പ്രദേശങ്ങൾ തുടങ്ങിയ ഭീഷണിയുടെ നിഴലിൽ ഉള്ളവയ്ക്ക് സുരക്ഷയ്ക്കുള്ള ഏർപ്പാടുകൾ പ്രത്യേകമായി ചെയ്യാറുണ്ട്. നാം ദേശീയവും അന്തർദേശീയവുമായ സുരക്ഷയെക്കുറിച്ച് കേട്ടിട്ടുണ്ട്. സുരക്ഷിതത്വം എന്ന വാക്കിന്റെ ഈ ബഹുരൂപത്തിലുള്ള ഉപയോഗം വ്യത്യസ്തങ്ങളായ അർത്ഥങ്ങൾ സൂചിപ്പിക്കുന്നു. ഭദ്രമായ അവസ്ഥ അല്ലെങ്കിൽ ഭയരഹിതമായ അനുഭവം എന്ന് സാമാന്യമായി സുരക്ഷി തത്വത്തിന് അർത്ഥം നൽകാം. ഇത് ഒരു വ്യക്തിയുടെ, സ്ഥാപനത്തിന്റെ, പ്രദേശത്തിന്റെ രാഷ്ട്രത്തിന്റെ ലോകത്തിന്റെ ഭദ്രതയേയും അർത്ഥമാക്കുന്നുണ്ട്. എന്നിരുന്നാലും അത്യന്തം അപകടകരങ്ങളായ ഭീഷണിയിൽ നിന്നുമുള്ള സുരക്ഷയാണ് സുരക്ഷിതത്വം അതിന്റെ ഏറ്റവും അടിസ്ഥാനമായ ബോധത്തിൽ വിവക്ഷിക്കുന്നത്. ഇത് മനുഷ്യാവകാശം പോലുള്ള കാതലായ മൂല്യങ്ങൾ നശിപ്പിക്കുന്ന തരത്തിലുള്ള ഭീഷണികളുമായും ബന്ധപ്പെട്ടിരിക്കുന്നു.

## 3. സമാധാനവും സുരക്ഷിതത്വവും

ഈ രണ്ട് പദങ്ങളുടേയും വ്യത്യസ്തങ്ങളായ ധാരണകൾ അംഗീകരിക്കുമ്പോൾ തന്നെ ഈ പദങ്ങൾ അവിഭാജ്യമാണെന്ന് തെളിയുന്നുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ, ദേശങ്ങൾ, രാഷ്ട്രങ്ങൾ, ലോകം എന്നിവയ്ക്ക് ഭീഷണിയില്ലാതെ മുന്നോട്ടു പോകാനുള്ള ഒരവസ്ഥയാണ് ഇത് രണ്ടുംകൂടി ചേരുമ്പോൾ ഉണ്ടാകുന്നത്. ആ അവസ്ഥയിൽ പൊതുവേ പ്രദേശങ്ങൾ അല്ലെങ്കിൽ രാഷ്ട്രങ്ങൾക്ക് ആഭ്യന്തരമായി ഉറപ്പുള്ളതും ജനാധിപത്യപരമായി ഭരണം നടത്തുന്നതും മനുഷ്യാവകാശങ്ങളെ മാനിക്കുന്നതുമായ വിധത്തിൽ പ്രവർത്തിക്കാൻ കഴിയും. സംഘർഷങ്ങൾ ഭീഷണിയും ഭയവും മാത്രമല്ല ഉണ്ടാക്കുന്നത്, അത് സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയമായ മുന്നേറ്റത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു.

### പ്രവർത്തനം 27.1

**താഴെ കൊടുത്തിരിക്കുന്ന രണ്ട് സാഹചര്യങ്ങൾ വിലയിരുത്തി അതിൽ ഏതാണ് സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ശരിയായ അവസ്ഥ എന്ന് തിരിച്ചറിയാമോ? നിങ്ങളുടെ ഉത്തരത്തിനുള്ള കാരണങ്ങൾ എഴുതുക.**

1. സൈനിക സ്വേച്ഛാധിപത്യത്തിന്റെ ഭരണത്തിൽ ഒരു രാജ്യത്ത് എല്ലാകാര്യങ്ങളും ക്രമമായി നടക്കുന്നുണ്ട്. എല്ലായിടത്തും സമാധാനംഉള്ളതായി കാണുന്നു. ഭരണവിഭാഗം എല്ലാ വിശേഷാനുകൂല്യങ്ങളും അനുഭവിക്കുന്നു. ജനങ്ങൾ സാധുക്കളാണ്.

കുറിപ്പുകൾ

അവർക്ക് അത്യാവശ്യം ഒരു നല്ല ജീവിതത്തിനുവേണ്ട അടിസ്ഥാനകാര്യങ്ങൾ പോലും നഷ്ടപ്പെ ടുത്തിയിരിക്കുന്നു. എന്നാൽ അവർ നിശ്ശബ്ദമായി ഭരണവർഗ്ഗത്തിന്റെ ആജ്ഞകൾ അനു സരിക്കുന്നു. അവിടെ ഒരു പ്രതിഷേധവുമില്ല. സർക്കാരിന് ഒരു ഭീഷണിയുമില്ല. വിദേശ ഭീഷണിയെ നേരിടാൻ ആവശ്യമായ എല്ലാ ഏർപ്പാടുകളും അവിടെ ഉണ്ട്.

2. സാമൂഹിക-സാമ്പത്തിക വികസനങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ഒരു ജനാധിപത്യരാജ്യമാണ് മറ്റൊന്ന്. അവിടെ ജനങ്ങൾ അടിസ്ഥാന അവകാശങ്ങളായ സ്വാതന്ത്ര്യം, സമത്വം, നീതി തുടങ്ങിയവയെല്ലാം അനുഭവിക്കുന്നു. അവർക്ക് സ്വാതന്ത്ര്യത്തോടെ അവരുടെ ഉത്കണ്ഠകൾ ഗവൺമെന്റിനെ അറിയിക്കാം. ഗവൺമെന്റിൽ നിന്നും അനുകൂലമായ പ്രതികരണങ്ങൾ ഉണ്ടാകാൻവേണ്ടി ശാന്തമായ പ്രതിഷേധങ്ങളും പ്രകടനങ്ങളും വല്ലപ്പോഴുമൊക്കെ നടക്കാറുണ്ട്. ആളുകൾ ദൈനംദിന ജീവിതത്തിൽ ബുദ്ധി മുട്ടുകൾ നേരിടുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ അവർ നടത്തുകയും ചെയ്യുന്നു. ജനങ്ങളുടെയും രാഷ്ട്രത്തിന്റെയും സുരക്ഷിതത്ത്വത്തിന്റെ നേരെ യുള്ള സ്ഥിരമായ ഭീഷണിയും അവിടെ ഉണ്ടായിരുന്നില്ല.

### 27.1.2 സുരക്ഷിതത്വവും സമാധാനവും:- പരമ്പരാഗതമായ നൂതന ധാരണകൾ

സൈനികമായ ആപത്ത് അല്ലെങ്കിൽ ആയുധമേന്തിയ സംഘർഷം, അല്ലെങ്കിൽ ഭീഷണി എന്നിവയിൽ യുഗങ്ങളായി കേന്ദ്രീകരിച്ചിട്ടുള്ള പരമ്പരാഗത ധാരണയുമായി നമ്മൾ സമാധാനത്തേയും സുക്ഷിതത്വത്തേയും മിക്കവാറും ബന്ധപ്പെടുത്തുന്നു. ഒരു രാഷ്ട്രം മറ്റൊരു രാഷ്ട്രത്തെ ഭീഷണിപ്പെടുത്തുകയോ അല്ലെങ്കിൽ സൈനികമായി നടപടി സംശയിക്കപ്പെടുമ്പോഴോ ആണ് അപകടസാധ്യതയുടെ സ്രോതസ്സ് ഉണ്ടാകുന്നത്. ഇത് ഒരു രാജ്യത്തിന്റെ പരമാധികാരത്തേയും സ്വാതന്ത്ര്യത്തേയും രാഷ്ട്രത്തിന്റെ പ്രാദേശികമായ അഖണ്ഡതയേയും, മനുഷ്യന്റെ ജീവനേയും അപകടത്തിലാക്കുന്നു. സുരക്ഷിതത്വവും സമാധാനവും ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നടപടി എന്ന നിലയിൽ സൈനിക നടപടി എന്ന ഭീഷണിയുടെ കാരണങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കണം. ബന്ധപ്പെട്ട രാഷ്ട്രങ്ങൾ തമ്മിലുള്ള കരാറുകളോ അല്ലെങ്കിൽ പരസ്പരം സൈനിക നടപടികൾ സ്വീകരിക്കുകയില്ല എന്ന ദീർഘകാല ഉടമ്പടികളിലൂടെയോ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. രാഷ്ട്രങ്ങൾക്ക് തങ്ങളുടെ പ്രതിരോധ കഴിവുകൾ വർദ്ധിപ്പിച്ചും കൂടുതൽ സൈനിക വിഭാഗത്തെ അതിർത്തികളിൽ വിന്യസിച്ചും രാഷ്ട്രങ്ങൾ എതിർരാജ്യത്തിന്റെ യുദ്ധസന്നാഹങ്ങളെ തടയാനുള്ള നടപടികൾ എടുക്കേണ്ടതാണ്. ചില രാഷ്ട്രങ്ങൾ ശക്തി സന്തുലനസമീപനം സ്വീകരിക്കാറുണ്ട്. അതിനുവേണ്ടി രാജ്യങ്ങൾ പരസ്പരംസഖ്യം ഉണ്ടാക്കുകയും ആ സഖ്യം അനുസരിച്ച് ഏതെങ്കിലും ഒരു അന്യരാജ്യം സന്ധി ഉണ്ടാക്കിയിരിക്കുന്നതിലെ ഏതെങ്കിലും ഒരു രാജ്യത്തെ ആക്രമിച്ചാൽ സന്ധിയിൽ ഒപ്പിട്ടിട്ടുള്ള രാജ്യവും കൂടിച്ചേർന്ന് സംയുക്തമായി ആക്രമണകാരിയെ നേരിടുകയുംചെയ്യണം. നമുക്കറിയാവുന്നതുപോലെ യു.എൻ.എ.പോലുള്ള സംഘടനകൾക്ക് രൂപം കൊടുത്തിട്ടുള്ളത് യുദ്ധത്തിന്റേയും ആയുധമേന്തിയുള്ള സംഘർഷങ്ങളുടേയും ഭീഷണിയിൽനിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കുന്നതിനുവേണ്ടിയാണ്.

എന്നാൽ നൂതനവും അല്ലെങ്കിൽ പരമ്പരാഗതമല്ലാത്തതുമായ സുരക്ഷിതത്തേയും സമാധാനത്തേയും കുറിച്ചുള്ള സങ്കൽപ്പം കുറച്ചുകൂടി വിസ്തൃതവും വൻതോതിലുള്ള ആപത്തുകൾക്കും മനുഷ്യന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായി ട്ടുള്ളതും ഉൾപ്പെടെയുള്ള സൈനിക ഭീഷണികൾക്കും അതീതമാണ്. ഈ സാമാന്യ ബോധത്തിൽ പ്രദേശങ്ങളൊ രാഷ്ട്രങ്ങളോ മാത്രമല്ല വ്യക്തികളും സമുദായങ്ങളും പൊതുവെ

മനുഷ്യവർഗ്ഗവും മുഴുവനായിത്തന്നെ ഉൾപ്പെടുന്നു. സുരക്ഷിതത്വത്തിനും സമാധാനത്തിനുംവേണ്ടി ആളുകൾക്ക് വിദേശ ആക്രമണങ്ങളിൽ നിന്നും സംരക്ഷണം നൽകേണ്ടത് ഏറ്റവും ആവശ്യമായ ഒന്നാണ്. എന്നാൽ അതുകൊണ്ടുമാത്രം എല്ലാം ആയി എന്നും അതോടെ എല്ലാം അവസാനിക്കുന്നുവെന്നും കരുതാൻ പാടില്ല. വാസ്തവത്തിൽ സാമൂഹിക, സാമ്പത്തിക വികസനത്തിന്റെയും മനുഷ്യന്റെ മേന്മയു ടേയും ഒരു മുൻവ്യവസ്ഥയായി സുരക്ഷയേയും സമാധാനത്തേയും കാണേണ്ടതാണ്. പട്ടിണിയിൽ നിന്നുമുള്ള മോചനം, പകർച്ചവ്യാധികളിൽ നിന്നും മറ്റു രോഗങ്ങളിൽ നിന്നുമുള്ള മുക്തി, പരിസ്ഥിതിയുടെ അപചയം ഇല്ലാതാക്കൽ, മനുഷ്യന് നേരെയുള്ള ചൂഷണം അവസാനിപ്പിക്കൽ, എല്ലാവരുടേയും ആവശ്യങ്ങൾ നിവർത്തിപ്പിക്കൽ, തുടങ്ങിയ മനുഷ്യനന്മയ്ക്കുവേണ്ട എല്ലാ കാര്യങ്ങളും സമാധാനത്തിന്റെയും സുരക്ഷി തത്വത്തിന്റെയും പുതിയ സങ്കൽപ്പത്തിൽ ഉൾപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ സൈനികമായ ആക്രമണങ്ങളിൽ നിന്നുമുള്ള രക്ഷയ്ക്കും അപ്പുറം ഉള്ളതാണ് സുരക്ഷിതത്വത്തേക്കുറിച്ചും സമാധാനത്തെക്കുറിച്ചുമുള്ള പുതിയ സങ്കൽപ്പം എന്നു കാണാൻ കഴിയും. ഭീകരപ്രവർത്തനങ്ങൾ, സായുധകലാപങ്ങൾ, കൂട്ടക്കൊല, മനുഷ്യാവകാശങ്ങളുടെ നിഷേധം, ആരോഗ്യത്തെ ബാധിക്കുന്ന പകർച്ചവ്യാധികൾ, മയക്കുമരുന്നുവ്യാപാരം, പ്രകൃതിവിഭവങ്ങളുടെ അവിവേകമായ ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽനിന്നും ഉണ്ടാകുന്ന ഭീഷണികളിൽ നിന്ന് ഉള്ള സുരക്ഷയും സമാധാനവും പുതിയ സങ്കൽപ്പത്തിൽപെടും.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 27.1

1. വിട്ടുപോയ സ്ഥലം പൂരിപ്പിക്കുക.
   (a) സമാധാനം എന്നത് വാസ്തവത്തിൽ മനസ്സിന്റെ സ്ഥിതിയേയോ ...................... പരിപൂർണ്ണമായി ഇല്ലാത്ത അവസ്ഥയേയോ അല്ല അർത്ഥമാക്കുന്നത്.
   (b) ...................... എന്നീ സവിശേഷതകളുടെ ചേർച്ച നിലനിൽക്കുന്ന അവസ്ഥയ്ക്കാണ് സമാധാനം എന്നു പറയുന്നത്.
   (c) ................... അല്ലെങ്കിൽ ........................... ഇല്ലാത്ത അവസ്ഥയ്ക്കാണ് ഭദ്രത അല്ലെങ്കിൽ ഭയരഹിത അനുഭവം എന്നു പറയുന്നത്. ഇത് .................. എന്നിവയുടെ ഭദ്രതയേയും കൂടി അർത്ഥമാക്കുന്നു.
   (d) സുരക്ഷിതത്വം അതിന്റെ ഏറ്റവും അടിസ്ഥാനമായ ബോധത്തിൽ വിവക്ഷിക്കുന്നത് ............................ ഇല്ലാത്ത അവസ്ഥയാണ്.
2. സുരക്ഷിതത്വവും സമാധാനവും വളരെ പ്രധാനപ്പെട്ടതാണെന്ന് കരുതുന്നത് എന്തുകൊണ്ട്?
3. സുരക്ഷിതത്വം, സമാധാനം എന്നിവയുടെ കാര്യത്തിൽ പരമ്പരാഗതം അല്ലെങ്കിൽ നൂതനം എന്നീ ആശയങ്ങൾ തമ്മിലുള്ള മൂന്ന് അടിസ്ഥാന വ്യത്യാസങ്ങൾ എഴുതുക.

## 27.2 സുരക്ഷിതത്വവും സമാധാനവും ജനാധിപത്യത്തിനും വികസനത്തിനും വേണ്ടി

ജനാധിപത്യ വികസനം, സുരക്ഷിതത്വം, സമാധാനം ഇവ തമ്മിൽ തമ്മിൽ ഒരു ബന്ധം ഉണ്ട്. സുരക്ഷിതത്വവും സമാധാനവും ഇല്ലാത്തിടത്ത് ജനാധിപത്യം പ്രാവർത്തികമാവുകയോ വികസനം നടക്കുകയോ ചെയ്യില്ല. തെരഞ്ഞെടുപ്പുകൾ നടക്കണമെങ്കിൽ സമാധാനം ഉണ്ടായിരിക്കണം. സമാധാനമില്ലെങ്കിൽ ജനാധിപത്യ സ്ഥാപനങ്ങൾക്ക്

കുറിപ്പുകൾ

അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയില്ല. പൗരന്മാർക്ക് വിവിധ തലങ്ങളിൽ തീരുമാനങ്ങളെടുക്കേണ്ട പ്രക്രിയയിൽ പങ്കാളിയാകണമെങ്കിൽ സമാധാനന്തരീക്ഷം നിലനിൽക്കേണ്ടിയിരിക്കുന്നു. അതുപോലെ വ്യത്യസ്ത മേഖല കളിലെ വികസനത്തിനും, രാജ്യത്ത് ഭദ്രത ഉണ്ടായിരിക്കണം. ക്രമസമാധാനഭഞ്ജനം, കലാപം അല്ലെങ്കിൽ യുദ്ധം ഇവയുള്ള സ്ഥലത്ത് ഒരു വികസന പ്രവർത്തനങ്ങളും നടക്കുകയില്ല.

എന്നാൽ ഇതിന് മറ്റൊരുവശം കൂടി ഉണ്ട്. ജനാധിപത്യവും വികസനവും ശൂന്യ മായിടത്ത് സമാധാനം കൈവരിക്കാൻ കഴിയില്ല. ജനാധിപത്യസമ്പ്രദായങ്ങൾ പൊതുവേ യുദ്ധത്തിലേക്ക് എടുത്തുചാടാറില്ലെന്ന് നിരീക്ഷിക്കപ്പെടുന്നുണ്ട്. ജനാധിപത്യം നില നിൽക്കുന്ന രാജ്യങ്ങളിൽ സമാധാനം വളർത്തിയെടുക്കാൻ കഴിയുമെന്ന് പറയാൻ കഴിയും. ആളുകളിൽ അസംതൃപ്തി ഉണ്ടാക്കുന്ന അവസ്ഥകൾ ഇല്ലാതാക്കുന്ന കാര്യ ത്തിൽ ജനാധിപത്യത്തിന് നല്ലസ്ഥാനം ഉണ്ട്. എന്തുകൊണ്ടെന്നാൽ ഭരണ നിർവഹണത്തിലും തീരുമാനങ്ങൾ എടുക്കുന്ന കാര്യത്തിലും ജനാധിപത്യസമ്പ്രദായ ത്തിൽ പൗരന് തുല്യഅവസരങ്ങൾ നൽകുന്നു. വികസനം സമാധാനത്തെ പ്രോത്സാഹിപ്പി ക്കുകയും ചെയ്യുന്നു. വികസന പരിപാടികളിൽ കൂടിയാണ് ജനങ്ങൾക്ക് സാമ്പത്തിക- സാമൂഹിക പുരോഗതി ഉറപ്പാക്കുന്നതും ജനങ്ങളുടെ ജീവിതത്തിന്റെ ഗുണമേന്മ വർദ്ധിക്കു കയും ചെയ്യുന്നത്. ഇത് ജനങ്ങളുടെ അവകാശങ്ങൾ നഷ്ടപ്പെടുത്തുന്നില്ല എന്ന ബോധം ഉറപ്പാക്കുന്നു. അവകാശങ്ങൾ നഷ്ടപ്പെടുത്തുന്നു എന്ന ബോധമാണ് ജനങ്ങളെ പ്രതിഷേധ ങ്ങളിലേക്കും കലാപങ്ങളിലേക്കും നയിക്കുന്നത്. എല്ലാ രാജ്യങ്ങളിലും അവരുടെ പ്രദേശ ങ്ങളിൽ വികസനപ്രവർത്തനം നടക്കുമ്പോൾ സമാധാനത്തിന് ഭംഗം വരാതിരിക്കാൻ ശ്രദ്ധിക്കുന്നു. മറ്റ് തരത്തിലായാൽ അത് വികസന പ്രവർത്തനത്തെ ബാധിക്കുകയും ചെയ്യും. വികസനത്തിനുവേണ്ടിയുള്ള മുൻ കൈയ്യെടുക്കൽ, രാജ്യത്തിന്റെ സമാധാനം, ഭദ്രത, സ്ഥിരത എന്നിവയ്ക്ക് വലിയ സംഭാവന ചെയ്യുന്നു.

**? നിങ്ങൾക്കറിയാമോ**

2000 സെപ്തംബർ 8-ാം തീയതി യു എൻ ലെ 189 രാജ്യങ്ങൾ അംഗീകരിച്ച 'ദി മില്ലീനിയം ഡവലപ്പ്മെന്റ് ഗോൾ' - (സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ) സമാധാനവും സുരക്ഷിതത്വവും വിജയകരമായ വികസനത്തിന്റെ സുപ്രധാന ഉപാധികളാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

2005 ലെ ലോകസമ്മേളനം മില്ലേനിയം ഡവലപ്പമെന്റ് ഗോൾസ് "വികസനം, സമാ ധാനം, ഭദ്രത, മനുഷ്യാവകാശങ്ങൾ എന്നിവ അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്നു എന്നും പരസ്പരം ബലപ്പെടുത്തുകയും ചെയ്യുന്നുണ്ട്"എന്നും സാർവ്വത്രികമായി അംഗീകരിച്ചിട്ടുണ്ട്.

## 27.3 സമാധാനവും സുരക്ഷിതത്വവും - ഇൻഡ്യയിൽ അംഗീകരിച്ചിരിക്കുന്ന സമീപനം

എല്ലാ രാജ്യങ്ങളേയും പോലെ, സമാധാനവും സുക്ഷിതത്വവും ഇൻഡ്യയുടെ മുഖ്യമായ ഉത്ക്കണ്ഠകളിൽ ഒന്നാണ്. നമ്മുടെ രാജ്യത്തിന് അകത്തുനിന്നും പുറത്തുനിന്നും സമാധാനത്തിനും ഭദ്രതയ്ക്കും ഭീഷണി ഉണ്ട് എന്ന കാര്യം നിങ്ങൾ പത്രങ്ങൾ, ടി.വി., റേഡിയോ എന്നിവയിൽ കൂടി മനസ്സിലാക്കിയിട്ടുണ്ട്. ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ സ്ഥാനവും അത് ഒരു ലോകശക്തിയായി ഉയർന്നുവന്നതും വിദേശ ഭീഷണിക്ക് അനുകൂല

മാക്കി. ഇൻഡ്യയ്ക്ക് ചൈന, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളോട് മാത്രമല്ല യുദ്ധം നേരിടേണ്ടതായി വന്നിട്ടുള്ളത്. അന്തർദേശീയ ഭീകരാക്രമണങ്ങളേയും കൈകാര്യം ചെയ്യേണ്ടതായി വന്നിട്ടുണ്ട്. സായുധ കലാപം, വിഭജനപ്രസ്ഥാനങ്ങൾ എന്നിവയിൽ നിന്നുള്ള ആഭ്യന്തര ഭീഷണി സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യ നേരിട്ടു കൊണ്ടേയിരിക്കുകയാണ്. സ്വാതന്ത്ര്യം കിട്ടി രണ്ട് ദശാബ്ദക്കാലം കഴിഞ്ഞപ്പോൾ രാജ്യത്ത് നക്സലൈറ്റ് പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇപ്പോൾ അത് വലിയ അസ്വസ്ഥത ഉളവാക്കുന്ന സ്ഥിതിയിലേക്ക് എത്തിച്ചേർന്നിരിക്കുന്നു. ഇന്ത്യയുടെ സുരക്ഷിതത്വവും സമാധാനവും ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള ഒരു സമീപനം ഇന്ത്യയിലെ പരിതസ്ഥിതികളെല്ലാം കണക്കിലെടുത്ത് വാസ്തവത്തിൽ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ തന്നെ ആവിഷ്ക്കരിച്ചിരുന്നു. ഈ സമീപനം ഇൻഡ്യൻ ഭരണഘടനയിൽ പ്രതിഫലിക്കുന്നുണ്ട്. എന്നാലും ഈ സമീപനം ആവശ്യത്തിന്റെയും ആവശ്യോപാധികളുടേയും അടിസ്ഥാനത്തിൽ മാറിക്കൊണ്ടേയിരിക്കുന്നു.

### 27.3.1 സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റ കാലത്ത് സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള സമീപനത്തിന്റെ പരിണാമം

സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ കാലത്ത് സുരക്ഷയും സമാധാനവും ഉറപ്പാക്കാനുള്ള സമീപനത്തെക്കുറിച്ചുള്ള ആശയങ്ങളും വീക്ഷണങ്ങളും ആരംഭിച്ചിരുന്നു. രാജ്യത്തിന്റെ ഭദ്രതയും ശാന്തിയും നിലനിർത്തിയാൽ മാത്രമേ ജനാധിപത്യസമ്പ്രദായം പ്രാവർത്തികമാകൂ എന്ന് സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ നേതൃത്വം വ്യക്തമായി മനസ്സിലാക്കിയിരുന്നു. സമാധാനം നിലനിൽക്കുന്നില്ലെങ്കിൽ വികസനപ്രക്രിയ ത്വരിതപ്പെടുത്താൻ കഴിയുകയില്ല. ഇതിനാലാണ് നേതാക്കൾ സ്വതന്ത്ര ഇന്ത്യ അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും നിലനിർത്താനും പ്രോത്സാഹിപ്പിക്കാനും എല്ലാത്തരം പരിശ്രമങ്ങളും ചെയ്യണമെന്ന് അഭിപ്രായപ്പെട്ടത്. അവർ കോളനിവിരുദ്ധവും വംശീയവിരുദ്ധവുമായ ലോകത്തിലെ എല്ലാ പ്രസ്ഥാനങ്ങൾക്കും പിന്തുണ നൽകി. ജനാധിപത്യത്തിനുവേണ്ടിയുള്ള എല്ലാ പ്രസ്ഥാനങ്ങൾക്കും പിന്തുണയും നേതൃത്വവും നൽകി. സാമൂഹിക-സാമ്പത്തിക വികസനത്തിന് സോഷ്യലിസ്റ്റ് സമീപനം സ്വീകരിക്കുന്നതിനുള്ള സമവാക്യം ഉയർന്നുവന്നു. ഇത് സാമൂഹികനീതി, മതേതരത്വം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് സമാധാനത്തിന് ആഭ്യന്തരഭീഷണി ഉണ്ടാകുന്നതിനെതിരെ സുരക്ഷിതത്വം പ്രോത്സാഹിപ്പിക്കുന്നതിന് പറ്റിയ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യമാക്കിക്കൊണ്ടായിരുന്നു.

**? നിങ്ങൾക്കറിയാമോ**

"ഇന്ത്യ പിന്തുടരാൻ ഉദ്ദേശിച്ചിട്ടുള്ള നയം നിഷേധാത്മകമോ നിഷ്പക്ഷമോ ആയ നയമല്ല എന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് നമ്മുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടകാലം മുതലുള്ളതും മഹാത്മാഗാന്ധിയുടെ ഉദ്ബോധനങ്ങളിൽ നിന്നുളവായതുമായ സ്പഷ്ടവും മർമ്മ പ്രധാനവുമായ നയമാണ്. സമാധാനം പുരോഗതിക്കും വികസനത്തിനുംവേണ്ടി ഇൻഡ്യാക്കാർക്ക് വേണ്ട ഒരു സമ്പൂർണ്ണ ആവശ്യം എന്നത് മാത്രമല്ല ലോകത്തിന് കൂടി അത് പരമ പ്രധാനമാണ്."

*പണ്ഡിറ്റ് നെഹ്റു കൊളംബിയ യൂണിവേഴ്സിറ്റിയിൽ ചെയ്ത പ്രസംഗത്തിൽ നിന്ന് (1949).*

### 27.3.2 സമാധാനവും സുരക്ഷിതത്വവും ഭരണഘടനയിൽ

സ്വാതന്ത്ര്യ സമരകാലത്ത് രൂപം കൊണ്ട പല ആശയങ്ങളും വലിയ തോതിൽ ഇൻഡ്യൻ ഭരണഘടനാ നിർമ്മാണപ്രക്രിയയിൽ സ്വാധീനം ചെലുത്തി. അതുകൊണ്ട്, രാഷ്ട്രത്തിന്റെ നയമായ നിർദ്ദേശകതത്വങ്ങൾ ഉൽക്കൊള്ളിച്ചിട്ടുള്ള ഭരണഘടനയുടെ അധ്യായത്തിൽ

സമാധാനവും സുരക്ഷിതത്വവും പരാമർശനവിധേയമാക്കിയിട്ടുണ്ട്. അധികാരം കേന്ദ്രീകരിക്കപ്പെടുക എന്നത് ഉണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഫെഡറൽ സമ്പ്രദായവും, ഗ്രാമ-നഗര തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേന്ദ്രീകരണം പ്രാദേശികവും തദ്ദേശീയവുമായ അസംതൃപ്തി ഉണ്ടാക്കുകയും അത് ആഭ്യന്തര സുരക്ഷയ്ക്ക് ഭീഷണി ആവുകയും ചെയ്യും. ഒരു ഫെഡറൽ സമ്പ്രദായത്തിൽ, ജനങ്ങളുടെ ആശയാഭിലാഷങ്ങൾ നല്ലവണ്ണം അറിയാവുന്ന സംസ്ഥാന ഗവൺമെന്റുകളാണ് അതത് സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിനുവേണ്ട തീരുമാനങ്ങൾ എടുക്കുന്നത്. തദ്ദേശ ഗവൺമെന്റുകളും വലിയ തോതിലുള്ള ജനപങ്കാളിത്തം ഉറപ്പാക്കി വികസന കാര്യത്തിലുള്ള തീരുമാനങ്ങൾ എടുക്കുകയും എല്ലാവരുടേയും ആവശ്യങ്ങളുടേയും ആവശ്യോപാധിയുടേയും കാര്യത്തിൽ ശ്രദ്ധകൊടുക്കുകയും ചെയ്യുന്നു.

### ? നിങ്ങൾക്കറിയാമോ

ഭരണഘടനയുടെ അനുച്ഛേദം 51-അനുസരിച്ച് താഴെപറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് രാഷ്ട്രം പരിശ്രമിക്കേണ്ടതാണ്. (a) "അന്തർദേശീയ സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുക; (b) രാഷ്ട്രങ്ങൾ തമ്മിൽ നീതിയുക്തവും ആദരണീയവുമായ ബന്ധം നിലനിർത്തുക; (c) അന്തർദേശീയ നിയമങ്ങളോടുള്ള ആദരവ് പരിപോഷിപ്പിക്കുകയും പരസ്പരമുള്ള കരാറുകൾ പാലിക്കുകയും ചെയ്യുക (d) മധ്യസ്ഥതയിലൂടെ അന്തർദേശീയ തർക്കങ്ങൾക്ക് തീർപ്പുകൽപ്പിക്കുക."

ഇന്ത്യ ഒരു ബഹുമുഖ സമീപനവും രീതികളും സുരക്ഷയും ശാന്തിയും ഉറപ്പാക്കുന്ന കാര്യത്തിൽ സ്വീകരിച്ചു. അന്തർദേശീയതലത്തിൽ അത് അന്തർദേശീയ സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമാക്കിക്കൊണ്ടുള്ള നയമാണ് എടുത്തത്. ആഗോളതലത്തിലും പ്രാദേശികതലത്തിലും സമാധാനം, സമമായ സാമ്പത്തിക വികസനം, മനുഷ്യാവകാശങ്ങളുടെ പ്രോത്സാഹനം, ഭീകരപ്രവർത്തനം അവസാനിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടിയുള്ള ശ്രമങ്ങൾക്ക് ഇന്ത്യ എല്ലാ പിന്തുണയും നൽകി. ദേശീയതലത്തിൽ സ്വാതന്ത്ര്യം, സമത്വം, സാമൂഹികനീതി, മതേതരത്വം, തുല്യമായ സാമ്പത്തിക വികസനം, സാമൂഹികമായ അസമത്വങ്ങൾ ഇല്ലാതാക്കൽ എന്നിവയെല്ലാം ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമായ രീതിയിൽ പ്രവർത്തിച്ചു. ഇത് ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും തിരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ മാത്രമല്ല വ്യത്യസ്ത തലങ്ങളിലെ തീരുമാനം എടുക്കുന്ന പ്രക്രിയയിൽ പങ്കാളിയാകാനുള്ള അവസരവും കൊടുത്തു. ഇതെല്ലാം ചെയ്തത് സമൂഹത്തിലെ ഒരു വിഭാഗത്തിനുപോലും അവരെ വേർതിരിച്ചിരിക്കുന്നു അല്ലെങ്കിൽ താത്പര്യങ്ങൾ അവഗണിച്ചിരിക്കുന്നു എന്ന തോന്നലുണ്ടാകാതിരിക്കാൻ വേണ്ടിയായിരുന്നു. വിവേചനം, അവഗണന തുടങ്ങിയ തോന്നലുകളാണ് അസംതൃപ്തി വളർത്തുന്നതും അത് പ്രതിഷേധത്തിലേക്കും രാഷ്ട്രീയ കലാപത്തിലേക്കും നയിച്ച് സമാധാനത്തിനും സുരക്ഷയ്ക്കും മുഖ്യമായ ഭീഷണികളായി മാറുകയും ചെയ്യും.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 27.2

1. അന്തർദേശീയവും ദേശീയവുമായ സമാധാനത്തിനും സുരക്ഷിതത്വത്തിനും ഇന്ത്യ പ്രത്യേകമായ സമീപനം രൂപപ്പെടുത്തി സ്വീകരിക്കേണ്ടതിന്റെ ആവശ്യം എന്തുകൊണ്ട് ?

2. സുരക്ഷിതത്വത്തിന്റെയും സമാധാനത്തിന്റെയും സമീപനം രൂപപ്പെടുത്തുന്നതിൽ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ പങ്ക് എന്തായിരുന്നു?

3. ഇന്ത്യൻ ഭരണഘടനയിൽ സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള സമീപനം എന്താണ്?

4. ദേശീയ-അന്തർദേശീയ സമാധാനവും സുരക്ഷയും ഉറപ്പാക്കാൻ നിങ്ങളുടെ അഭിപ്രായത്തിൽ ഏറ്റവും ഫലപ്രദമായ രീതി എന്ത്?

## 27.4 സുരക്ഷയ്ക്കും സമാധാനത്തിനും ഉള്ള ആഭ്യന്തര ഭീഷണി

എപ്പോഴെങ്കിലും അക്രമാസക്തമായ ഒരു പ്രതിഷേധവും പ്രകടനവും അല്ലെങ്കിൽ ജീവനും സ്വത്തിനും ഹാനി ഉണ്ടാക്കുന്ന കലാപപ്രവർത്തനങ്ങൾ എന്നിവ നിങ്ങൾക്ക് അനുഭവമാകുകയോ അല്ലെങ്കിൽ നിങ്ങളുടെ ശ്രദ്ധയിൽ വരികയോ ചെയ്തിട്ടുണ്ടാകണം. ഇത് നമ്മുടെ ഭദ്രതയ്ക്കും ശാന്തിയ്ക്കും ഒരു അപായമുന്നറിയിപ്പാണ്. എന്നാൽ ഇത്തരം സംഭവങ്ങൾ സാധാരണ ക്രമസമാധാന പ്രശ്നവും പ്രാദേശികമായി പോലീസ് കൈകാര്യം ചെയ്യുന്നതുമാണ്. നമ്മുടേതുപോലെ ജനാധിപത്യം നിലനിൽക്കുന്ന ഒരു രാജ്യത്ത് പ്രതിഷേധങ്ങൾ, പ്രകടനങ്ങൾ, പണിമുടക്കുകൾ, ബന്ദുകൾ, മറ്റ് സമരമാർഗ്ഗങ്ങൾ എന്നിവ നടത്തി തങ്ങളുടെ പ്രത്യേക ആവശ്യങ്ങളിലേക്കും ഉത്ക്കണ്ഠകളിലേയ്ക്കും സർക്കാരിന്റെയോ മറ്റ് അധികാരികളുടേയോ ശ്രദ്ധപിടിച്ചു പറ്റുന്നതിനുവേണ്ട ശ്രമങ്ങൾ നടക്കാറുണ്ട്. എന്നാലും ഭീകരപ്രവർത്തനങ്ങൾ, സായുധകലാപങ്ങൾ, നക്സലൈറ്റ് ആക്രമണങ്ങൾ ഇവയൊക്കെയാണ് രാജ്യത്തിന്റെ സമാധാനത്തിനും സുരക്ഷയ്ക്കും ഗൗരവതരമായ ഭീഷണി.

### 27.4.1 ഭീകരപ്രവർത്തനങ്ങൾ

ഭീകരപ്രവർത്തനം രാജ്യത്തിന്റെ സുരക്ഷയ്ക്കും ശാന്തിയ്ക്കും എതിരായ ഏറ്റവും വലിയ ഭീഷണികളിലൊന്നാണ്. 2008 നവംബർ 26 ന് മുംബൈയിൽ നടന്ന ഭീകരാക്രമണം 26/11 എന്ന് സാർവ്വത്രികമായി അറിയപ്പെടുന്ന സംഭവമാണ്. അത് ഇത്തരം സംഭവങ്ങളിൽ ഏറ്റവും ഹീനമായ ഒന്നായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ ഇടവേളകളിൽ ഇത്തരം സംഭവ



**ചിത്രം 27.1** മുംബൈയിലെ ഭീകരാക്രമണം

ങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങൾക്ക് ഞെട്ടൽ അനുഭവപ്പെട്ടിട്ടില്ലേ? വാസ്തവത്തിൽ സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇത്തരം സംഭവങ്ങൾ നടന്നു കൊണ്ടേയിരിക്കുന്നു. ഭീകരപ്രവർത്തനങ്ങൾ നടത്തുന്നവർ കൂടുതലും വിദേശരാജ്യങ്ങളിൽ നിന്നുള്ളവരും ഇന്ത്യയിൽ തന്നെ ഇവരുടെ ചില ഭീകരാശയങ്ങൾ ഉൾക്കൊണ്ടവരും വിദേശങ്ങളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവരും ആണ്. ചില സമയങ്ങളിൽ ഭീകര പ്രവർത്തനങ്ങൾ നിർവ്വചിക്കുക എന്നത് നമ്മെ കുഴയ്ക്കാറുണ്ട്. യഥാർത്ഥത്തിൽ ഭീകരപ്രവർത്തനത്തിന്റെ നിർവ്വചനത്തിന് യാതൊരു സമവാക്യവുമില്ല. എന്നിരുന്നാലും പൊതുവായി ഇന്ത്യയുടെ സാഹചര്യത്തിൽ ഭീകരപ്രവർത്തനം എന്നത് രാഷ്ട്രീയമോ ആശയപരമോ ആയ കാരണത്തിന്റെ എന്ന പേരിൽ സാധാരണക്കാരുടെ മേൽ നാടകീയമായി മാരകമായ പരിക്കേൽപ്പിച്ച് ഭയത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്ന കലർപ്പില്ലാത്ത ഒരു കുറ്റകൃത്യമാണ്. ഭീകരപ്രവർത്തനം ഒരു കുറ്റകൃത്യമാണ് എന്നാൽ അത് അതിനും അപ്പുറത്തുള്ള ഹീനകൃത്യമാണ്. ഇത്തരം പ്രവർത്തനങ്ങൾ ഒരു സാഹചര്യത്തിലും ന്യായീകരിക്കാവുന്നതല്ല. രാഷ്ട്രീയവും ദാർശനികവും, ആശയപരവും വംശീയവും വർഗ്ഗപരവും മതപരവും ആയ പലകാരണങ്ങൾകൊണ്ട് ഇതിനെ ന്യായീകരിക്കാൻ ശ്രമിച്ചാലും അത് ഒരിക്കലും നമുക്ക് അംഗീകരിക്കാവുന്നതല്ല.

### ? നിങ്ങൾക്കറിയാമോ

ഐക്യരാഷ്ട്രസംഘടനയുടെ സെക്യൂരിറ്റി കൗൺസിൽ അതിന്റെ രണ്ടായിരത്തിനാലിലെ പ്രമേയം 1566 താഴെപ്പറയുന്ന രീതിയിലാണ് ഭീകരപ്രവർത്തനത്തെ കുറ്റപ്പെടുത്തിയിരിക്കുന്നത്. "കുറ്റകൃത്യങ്ങൾ സാധാരണക്കാർ ഉൾപ്പെടെയുള്ളവർക്കെതിരെ മരണം സംഭവിക്കണമെന്ന ഉദ്ദേശ്യത്തോടെ അല്ലെങ്കിൽ ഗുരുതരമായ ശാരീരിക മുറിവുകൾ ഏൽപ്പിക്കൽ അല്ലെങ്കിൽ ജാമ്യമായി ആളുകളെ അന്യായ തടങ്കലിൽ വയ്ക്കൽ, പൊതുജനങ്ങളുടെ ഇടയിൽ അല്ലെങ്കിൽ ഒരു സംഘം വ്യക്തികളുടെ ഇടയിൽ അല്ലെങ്കിൽ ചില പ്രത്യേക വ്യക്തികളുടെയിടയിൽ, ഭീകരമായ ഒരവസ്ഥ ഇളക്കിവിടുന്നതിനുവേണ്ടി, ഒരു ജനസഞ്ചയത്തെ ഭീഷണിപ്പെടുത്തി, സർക്കാരിനെ അല്ലെങ്കിൽ ഒരു അന്തർദേശീയ സംഘടനയെ ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യുന്നതിനോ അല്ലെങ്കിൽ ആ പ്രവൃത്തിയിൽ നിന്ന് പിൻതിരിപ്പിക്കുന്നതിനോവേണ്ടി ബലാൽക്കാരേണ നിർബന്ധിക്കുന്നത് അന്തർദ്ദേശീയ കീഴ്വഴക്കങ്ങളും പെരുമാറ്റച്ചട്ടങ്ങളുമായി ബന്ധപ്പെട്ട ഭീകരപ്രവർത്തനത്തിന്റെ വ്യാപ്തിയിലും നിർവ്വചനത്തിലും കുറ്റകൃത്യമായിത്തീരുന്നതും അത് രാഷ്ട്രീയമോ, ആദർശ പരമോ, ആശയപരമോ, വർഗ്ഗപരമോ, വംശീയമോ, മതപരമോ, അല്ലെങ്കിൽ അതുപോലെ തുല്യമായ മറ്റേതെങ്കിലും സ്വഭാവത്തിലോ ആയ ഏതു പരിഗണനവച്ചായാലും ഒരു സാഹചര്യത്തിലും ന്യായീകരിക്കാവുന്നതല്ല."

നമുക്ക് അനുഭവമുള്ളതുപോലെ ഭീകരർ ബോംബാക്രമണങ്ങൾ നടത്തുകയും വിവേചനരഹിതമായ വെടിവയ്പുകൾ ജനങ്ങൾ തടിച്ചുകൂടുന്ന സ്ഥലങ്ങളിൽ നടത്തി നൂറുകണക്കിന് നിരപരാധികളെ കൊല്ലുകയും ഗുരുതരമായ പരിക്കുകൾ ഏൽപ്പിക്കുകയും ചെയ്യുന്നു. ഇവർ വിമാനങ്ങൾ റാഞ്ചിയാത്രക്കാരെ കൊന്നും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിയും ജയിലിൽ പിടിച്ചിട്ടിരിക്കുന്ന മറ്റ് ഭീകരരെ വിട്ടയക്കണമെന്ന് ആവശ്യം ഉന്നയിച്ച് സർക്കാരിനെഅതിന് നിർബന്ധിതരാക്കുകയും ചെയ്യുന്നു. സർക്കാരിനെയും ജനങ്ങ ളെയും ഭീഷണിപ്പെടുത്താനും ഭയത്തിന്റെതായ ഒരു അന്തരീ ക്ഷം സൃഷ്ടിക്കാനും ആണ് ഈ ഹീനപ്രവൃത്തികൾ എല്ലാം ചെയ്യുന്നത്.

## പ്രവർത്തനം 27.2

1992 നുശേഷം ഇന്ത്യയിലെ വിവിധ നഗരങ്ങളിൽ നടന്നിട്ടുള്ള ഭീകരാക്രമങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് താഴെപ്പറയുന്ന പട്ടികയിൽ രേഖപ്പെടുത്തുക.

| ക്രമ നമ്പർ | ഭീകരാക്രമണം നടന്ന തീയതി | നഗരത്തിന്റെ പേര് | ആക്രമണ രീതി (ബോംബ്, വെടിവയ്പ് അല്ലെങ്കിൽ രണ്ടുംകൂടി) | എത്ര ആളുകൾ മരിച്ചു; എത്ര പേർക്ക് പരിക്ക് പറ്റി |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |

### 7.4.2. സായുധകലാപം

വ്യവസ്ഥാപിതമായ ഒരു അധികാരകേന്ദ്രത്തിനോ ഗവൺമെന്റിനോ എതിരായി ആയുധമെടുത്തുള്ള കലാപത്തെയാണ് സായുധകലാപം എന്നു പറയുന്നത്. സ്വാതന്ത്ര്യം കിട്ടിയ കാലം മുതൽ തന്നെ ഇൻഡ്യ അക്രമവുമായി ബന്ധപ്പെട്ട കലാപസംഘങ്ങളുടെ പ്രവർത്തനങ്ങൾ അനുഭവിച്ചിട്ടുണ്ട്. വിപുലമായി ഈ കലാപ പ്രസ്ഥാനങ്ങളെ രാഷ്ട്രീയ ലക്ഷ്യങ്ങളോട് കൂടിയതെന്നും സാമൂഹിക-സാമ്പത്തിക നീതിയ്ക്കു വേണ്ടിയുള്ള തെന്നും തിരിക്കാം. ഇതിൽ ഏറ്റവും മുഖ്യമായ തീവ്രവാദ സംഘങ്ങൾ ജമ്മു-കാശ്മീരിലും ആസ്സാമിലും പ്രവർത്തിക്കുന്ന ആക്രമണോത്സുകരായ വിഘടനവാദസംഘങ്ങൾ, ഇൻഡ്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ അരുണാചൽപ്രദേശ്, മണിപ്പൂർ, മിസോറാം, നാഗാലാന്റ്, ത്രിപുര എന്നിവിടങ്ങളിലെ വ്യത്യസ്ത കലാപസംഘങ്ങൾ എന്നിവയാണ്. ഈ സംഘങ്ങളിലെ അംഗങ്ങളെല്ലാം ഇൻഡ്യാക്കാർ ആണെങ്കിലും ഇവർക്ക് അയൽ രാജ്യങ്ങളിൽ നിന്ന് എല്ലാവിധ പിന്തുണയും ലഭിക്കുന്നുണ്ട്. ഈ തീവ്രവാദിസംഘങ്ങളുടെ പ്രവർത്തന ങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ പങ്കാളികളായിരിക്കുന്ന സംഘങ്ങൾ ഇപ്പോഴും ആ പ്രദേശങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ തൃപ്തരല്ല. ജമ്മു- കാശ്മീർ, ആസ്സാം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭീകരവാദികൾ രാഷ്ട്രീയമായ ലക്ഷ്യം വച്ചുകൊണ്ടാണ് അക്രമപ്രവർത്തനങ്ങൾ നടത്തുന്നത്. നമ്മുടെ രാജ്യത്തിൽ നിന്നും വേർപെട്ടുപോകണമെന്നുള്ളതാണ് അവരുടെ ലക്ഷ്യം. ഇവർക്ക് അയൽരാജ്യങ്ങളിൽ നിന്നും കൂടാതെ ചില അന്തർദേശീയ ഭീകരസംഘങ്ങളിൽ നിന്നുപോലും വളരെ സജീവമായ പിന്തുണ ലഭിക്കുന്നുണ്ട്.

### 27.4.3. നക്സലൈറ്റ് പ്രസ്ഥാനം

വിവിധ തരത്തിലുള്ള സങ്കീർണ്ണതകൾ ഉള്ളതിനാൽ വലിയ ഉത്കണ്ഠക്ക് ഈ പ്രസ്ഥാനം കാരണമായിട്ടുണ്ട്. ഇത് പശ്ചിമ ബംഗാളിലെ ഒരു ഗ്രാമത്തിൽ ആരംഭിച്ച് 12 സംസ്ഥാനങ്ങളിലെ 125 ജില്ലകളിൽ ബാധിച്ച് ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു. നക്സലൈറ്റുകൾ വളരെ സാധാരണയായി പൊതുമുതലുകൾ ആക്രമിക്കുക കൂടാതെ സർക്കാർ ഉദ്യോഗസ്ഥർ, പോലീസ്, അർദ്ധ സൈനിക സേനകൾ, അവർ ശത്രുക്കളായി കാണുന്ന ആളുകൾ എന്നിവരുടെ നേരെയാണ് ആക്രമ

കുറിപ്പുകൾ

ണങ്ങൾ അഴിച്ചുവിടുന്നത്. വനമേഖലയ്ക്കുള്ളിൽ എല്ലാവിധ വികസനപ്രവർത്തന ങ്ങൾക്കും അവർ എതിരാണ്. സർക്കാർ നല്ലറോഡുകൾ ഗ്രാമങ്ങൾക്കുള്ളിലും വനത്തിലും നിർമ്മിക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിലും നക്സലുകൾ അത്തരം വികസനപ്രവർ ത്തനങ്ങളെ എല്ലാം നിരുൽസാഹപ്പെടുത്തുന്നു. ഒരിക്കൽ വികസന പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞാൽ തങ്ങൾക്ക് ജനങ്ങളിൽ നിന്നുള്ള പിന്തുണ കുറഞ്ഞുപോയേക്കാം എന്ന് അവർ കരുതുന്നു. അതുകൊണ്ട് അവർ തങ്ങളുടെ ധാതുസമ്പത്തും വനങ്ങളും എല്ലാം ഗവൺമെന്റ് അപഹരിച്ചുകൊണ്ടുപോവുകയാണെന്ന് പാവങ്ങളായ ജനങ്ങളെ പറഞ്ഞ് പറ്റിച്ച് തെറ്റായ വഴികളിലേയ്ക്ക് അവരെ നയിക്കുന്നു.



ചിത്രം 27.2 *നക്സലുകൾ*

ദൗർഭാഗ്യവശാൽ ഈ പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന്റേയും വ്യാപിക്ക ലിന്റെയും അടിസ്ഥാനകാരണം സമൂഹത്തിലെ ചില വിഭാഗങ്ങളുടെയിടയിൽ ഉണ്ടായി രുന്ന കടുത്ത ചില അസംതൃപ്തികളാണ്. ഈ അക്രമ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന യുവാക്കളിൽ കൂടുതൽ പേരും പട്ടികജാതി, പട്ടികവർഗ്ഗം, ദളിത് എന്നീ വിഭാഗങ്ങളിൽ നിന്നുമാണ്. യുഗങ്ങളായി സാമൂഹികമായി വിവേചനത്തിന്റെയും സാമ്പത്തിക ഗുണഫലങ്ങൾ നിഷേധിക്കപ്പെട്ടതിന്റെയും തിക്തഫലങ്ങൾ അനുഭവിക്കുന്നത് ഈ വിഭാഗം ജനത യാണ്. ഇത്തരം ആളുകളോട് സമൂഹം എങ്ങനെ വിവേചനത്തോടെ പെരുമാറുന്നു എന്ന് നിങ്ങൾ അനുഭവിച്ചോ അല്ലാതെയോ അറിയാൻ കഴിഞ്ഞിട്ടുണ്ടാകും. വികസനഫലങ്ങൾ ഇവരുടെയിടയിൽ ഇന്നും എത്തിച്ചേർന്നിട്ടില്ല. എന്തെല്ലാം കാരണങ്ങൾ പറഞ്ഞാലും അവരുടെ ആശയാഭിലാഷങ്ങൾ പൂർത്തീകരിക്കാൻ വികസനത്തിന് കഴിഞ്ഞിട്ടില്ല.

## ? നിങ്ങൾക്കറിയാമോ

നക്സലൈറ്റ് പ്രസ്ഥാനം 1967 ൽ ഇൻഡ്യയിൽ ആരംഭിച്ചു. ചാരുമജുംദാറിന്റെയും കനുസന്യാലിന്റെയും നേതൃത്വത്തിലുള്ള കർഷകർ നടത്തിയ കലാപമാണിത്. ഒരു ആദിവാസിയുവാവ് കോടതിയിൽ നിന്ന് സമ്പാദിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ അയാളുടെ ഭൂമിയിൽ കൃഷി ചെയ്യാനാരംഭിച്ചു. ഇത് തദ്ദേശീയ ഭൂഉടമകൾക്ക് ഇഷ്ടമാ യില്ല. അവരുടെ ഗുണ്ടകൾ യുവാവിനെ ആക്രമിച്ചു. അതിന്റെ പ്രത്യാക്രമണമെന്ന നിലയിലാണ് ഈ കലാപം നടന്നത്. അവർ ഭൂഉടമകൾക്ക് തങ്ങൾ ഉല്പാദിപ്പിക്കുന്ന സാധനങ്ങളുടെ പങ്ക് നൽകിക്കൊണ്ടിരുന്നത് കൊടുക്കാൻ വിസമ്മതിച്ചു. അവർ ഭൂപ്രഭുക്കളുടെ നെല്ലറകളിലുള്ള ധാന്യങ്ങളെല്ലാം എടുത്തുകൊണ്ടുപോയി. ഇത് സംസ്ഥാനം മുഴുവൻ തീ പടർത്തി. സർക്കാർ ഈ കലാപത്തെ ബലം പ്രയോഗിച്ച്

അടിച്ചമർത്തി. അതോടൊപ്പം സംസ്ഥാന സർക്കാർ ചില ഭൂപരിഷ്ക്കരണ നിയമങ്ങൾ കൊണ്ടുവന്നു. ഇത് ഈ പ്രസ്ഥാന ത്തിന്റെ ഒന്നാം ഘട്ടമായിരുന്നു. പിന്നീട് നക്സൽ ബാരി പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം ആരംഭിച്ചു. രണ്ടാംഘട്ടത്തിൽ ബീഹാർ, ഝാർഖണ്ഡ്, വെസ്റ്റ് ബംഗാൾ, ഒറീസ്സ, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഉത്തർപ്രദേശ് എന്നീ സംസ്ഥാന ങ്ങളിൽ ഈ പ്രസ്ഥാനം വ്യാപിക്കുകയും രാഷ്ട്രത്തിന് ഒരു വെല്ലുവിളിയായിത്തീരുകയും ചെയ്തു. മുഖ്യമായി ആദിവാസി അല്ലെങ്കിൽ ഗോത്രവർഗ്ഗപ്രദേശങ്ങളിൽ നക്സലുകൾ അവരുടെ കോടതികൾ (കംഗാരുകോർട്ട്സ്)വഴി, കോൺട്രാക്റ്റർമാർ, ഖനി ഉടമസ്ഥർ, വ്യവസായികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ ലെവി നിശ്ചയിക്കുകയും ഈടാക്കുകയും ചെയ്യുന്നു. ഗറില്ലാ യുദ്ധതന്ത്രം കൊണ്ട് ഇന്ത്യയെ മോചിപ്പിക്കാമെന്ന് വിശ്വസിക്കുന്ന നേതാക്കന്മാർ, അസംഖ്യം തൊഴിലാളികൾ, അനുഭാവികൾ എന്നിവരെ ഈ പ്രസ്ഥാനം മുന്നിലേക്ക് എത്തിച്ചിട്ടുണ്ട്.

### 27.4.4. ഗവൺമെന്റിന്റെ സമരതന്ത്രം

ഭീകരപ്രസ്ഥാനത്തേയും സായുധകലാപത്തേയും നക്സലൈറ്റ് പ്രവർത്തനങ്ങളേയും കൈകാര്യം ചെയ്യുന്നതിന് ധാരാളം സമരതന്ത്രങ്ങൾ ഇൻഡ്യാ ഗവൺമെന്റ് പ്രയോഗിക്കുന്നുണ്ട്. എല്ലാരാജ്യങ്ങളിലേയും ഭീകരപ്രവർത്തനങ്ങളെ നേരിടുന്നതിന് ഇന്ത്യാ ഗവൺമെന്റ് എല്ലാ പിന്തുണയും നൽകുന്നുണ്ട്. അതുപോലെ ഇന്ത്യയിൽ അത്തരം സംഭവങ്ങളുണ്ടാകുമ്പോൾ വിദേശരാജ്യങ്ങളുടെ പിന്തുണയും സഹായവും ഇൻഡ്യ തേടാറുണ്ട്. നയതന്ത്രപരമായി പാക്കിസ്ഥാന്റേയും മറ്റ് അയൽരാജ്യങ്ങളുടെയും മേൽ അന്തർദേശീയ സമ്മർദ്ദം ചെലുത്തി അവരുടെ സജീവമായ സഹകരണത്തോടെ ആ രാജ്യങ്ങളിൽ നിന്നുമുള്ള ഭീകരസംഘങ്ങൾ ഇന്ത്യയിലേക്ക് വരാതിരിക്കാൻ ഇന്ത്യ ശ്രമിക്കുന്നുണ്ട്. രാഷ്ട്രീയലക്ഷ്യത്തോടുകൂടിയുള്ള സായുധകലാപ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം അത്തരം പ്രവർത്തനങ്ങൾനയപരമായി പരിഹരിക്കാനും സർക്കാർ ശ്രമിക്കുന്നു. മ്യാൻമറുമായും ഈ അടുത്തകാലത്ത് ബംഗ്ലാദേശുമായും ആ രാജ്യത്തിലെ സായുധ കലാപകാരികളുടെ സംഘം നമ്മുടെ രാജ്യത്തേക്ക് വരാതിരിക്കാൻ വേണ്ട സഹായവും പിന്തുണയും ലഭിക്കുന്നതിനുള്ള കരാറുകളിൽ ഇന്ത്യ ഒപ്പുവെച്ചു. ഇത്തരം കരാറിനുവേണ്ടി പാക്കിസ്ഥാന്റെ മേൽ അന്തർദ്ദേശീയ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. നക്സലൈറ്റ് പ്രസ്ഥാനത്തിന്റെ കാര്യത്തിൽ ആരംഭഘട്ടത്തിൽ സംസ്ഥാന സർക്കാരുകൾ ഇത് കേവലം ഒരു നിയമസമാധാന പ്രശ്നമാണെന്ന് കരുതിയാണ് അതിനെ നേരിട്ടത്. പിന്നീട് ഇത് വളരെ ഗൗരവമേറിയതും ആഴമേറിയ സാമൂഹിക-സാമ്പത്തിക മാനങ്ങളുള്ളതുമാണെന്ന് ബോധ്യപ്പെട്ടു. നക്സലൈറ്റ് സ്വാധീനമുള്ള സ്ഥലങ്ങളിൽ വികസനത്തിന്റെ ഗതിവേഗം കൂട്ടാനുള്ള ശ്രമങ്ങൾ നടത്തുകയും പൊതുധാരയിലേക്ക് ചെറുപ്പക്കാരെ കൊണ്ടുവരാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

### പ്രവർത്തനം 27.3

താഴെപ്പറയുന്ന പ്രസ്താവനകളെക്കുറിച്ച് തങ്ങളുടെ വീക്ഷണങ്ങൾ പ്രകടിപ്പിക്കാൻ നിങ്ങൾക്ക് സൗകര്യമായി ലഭിക്കുന്ന നിങ്ങളുടെ സുഹൃത്തുക്കൾ, സഹപാഠികൾ, അധ്യാപകർ, എന്നിവരെ കണ്ടുപിടിച്ച് അഭിപ്രായം ആരായുക. (അഞ്ചുപേരോടെങ്കിലും). ഈ പ്രസ്താവനകൾ അവർ അംഗീകരിക്കുന്നതിന്റെയും അംഗീകരിക്കാത്തതിന്റെയും കാരണങ്ങൾ എഴുതുക.

1. സർക്കാർ നക്സലൈറ്റ് പ്രസ്ഥാനത്തെ അടിച്ചമർത്തണം. പിടിച്ചുകൊണ്ടുവന്നോ കൊന്നോ എല്ലാ നക്സലൈറ്റുകളേയും ഇല്ലാതാക്കണം. അതോടെ സമാധാനത്തിനും ഭദ്രതയ്ക്കും ഉള്ള ഭീഷണി ഇല്ലാതാകും.

2. സമാധാനത്തിനും സുരക്ഷയ്ക്കും ശല്യങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്ന നക്സലൈറ്റ് പ്രസ്ഥാനത്തെ അതിൽനിന്നും പിൻതിരിപ്പിക്കുന്നതിനുവേണ്ടി ഒരു ദേശീയ നയത്തിന് സർക്കാർ രൂപം നൽകണം. ആ നയം നക്സൽ ബാധിത പ്രദേശങ്ങളിൽ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിച്ച് അത് ചെറുപ്പക്കാരുടെയിടയിലെ അസംതൃപ്തി ഇല്ലാതാക്കി അവരെ കലാപത്തിൽ നിന്നും അകറ്റി നിർത്താൻ പ്രേരിപ്പിച്ച് പൊതുധാരയിൽ ലയിപ്പിക്കുന്നു.

താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ പ്രതികരണത്തിന്റെ കാരണങ്ങൾ എഴുതുക. പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾ എങ്ങനെ നക്സലൈറ്റ് പ്രശ്നം പരിഹരിക്കാനാഗ്രഹിക്കുന്നു എന്നതിനെക്കുറിച്ച് ഒരു ചെറിയ കുറിപ്പ് എഴുതുക.

| | കാരണങ്ങൾ |
|---|---|
| പ്രസ്താവന-1 | 1.<br>2.<br>3.<br>4.<br>5. |
| പ്രസ്താവന-1 | 1.<br>2.<br>3.<br>4.<br>5. |

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 27.3

1. പൂരിപ്പിക്കുക

   (a) ..................... , ..................... , ..................... എന്നീ മൂന്ന് രീതിയിൽ കലാപ പ്രവർത്തനങ്ങൾ ഇന്ത്യയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു.

   (b) സാധാരണക്കാരുടെ മേൽ .........................., ........................ സൃഷ്ടിക്കുന്ന പൊതുവെ ആശയപരവും, രാഷ്ട്രീയവുമായ ലക്ഷ്യങ്ങൾ നേടാൻ വേണ്ടി നടത്തുന്ന ഒരു കുറ്റകൃത്യമാണ് ഭീകരപ്രവർത്തനം

   (c) ഇന്ത്യയിൽ രണ്ടുതരം ലക്ഷ്യങ്ങൾ നേരിടുന്നതിനുള്ള സായുധകലാപങ്ങൾ ഉണ്ട്. (1) .................................. (2) ..................................

2. സായുധ കലാപം നേരിടുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള പ്രധാന തന്ത്രങ്ങൾ എന്തെല്ലാം?

3. നിങ്ങളുടെ അഭിപ്രായത്തിൽ സായുധകലാപം അവസാനിപ്പിക്കാൻ ഗവൺമെന്റ് എടുക്കേണ്ട നടപടികൾ എന്തെല്ലാം?

## 27.5. ഇന്ത്യയും അന്തർദേശീയ സമാധാനവും സുരക്ഷയും

അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും ഇന്ത്യക്ക് തുല്യമായ ഉത്ക്കണ്ഠ ഉളവാക്കുന്ന കാര്യമാണ്. നമ്മുടെ പുരോഗതിക്ക് ഇത് ഒഴിച്ചുകൂട്ടാൻ പറ്റാത്തതാണ്. മറ്റ് ഏതൊരു രാജ്യത്തെപ്പോലെയും ഇന്ത്യയുടെയും വിദേശനയം ദേശീയ താത്പര്യത്തിൽ ഊന്നിക്കൊണ്ടുള്ളതാണ് അന്തർദേശീയ തലത്തിൽ സമാധാനവും സുരക്ഷയും ലക്ഷ്യമാക്കിയാണ് പ്രത്യേകിച്ച് അയൽരാജ്യങ്ങളുംനമ്മുടെ പ്രദേശങ്ങൾ മുഴുവനുംകൂടി കണക്കിലെടുത്തു കൊണ്ടുള്ള ഒരു വിദേശനയമാണ് ഇന്ത്യ പിന്തുടർന്നു കൊണ്ടിരിക്കുന്നത്. വാസ്തവത്തിൽ, സ്വാതന്ത്ര്യം കിട്ടിയ കാലംമുതൽ തന്നെ ഇന്ത്യയുടെ വിദേശനയത്തിന്റെ അടി സ്ഥാനഉദ്ദേശ്യങ്ങൾ 1) നയരൂപീകരണത്തിൽ സ്വാതന്ത്ര്യം നിലനിർത്തുക 2) അന്തർദേശീയ സമാധാനവും സുരക്ഷിതത്വവും പ്രോത്സാഹിപ്പിക്കുക 3) മറ്റു രാജ്യങ്ങളുമായി പ്രത്യേകിച്ച് അയൽ രാജ്യങ്ങളുമായി നല്ല ബന്ധംസ്ഥാപിക്കുക. 4) ഐക്യ രാഷ്ട്ര സംഘടനയെപിന്തുണയ്ക്കുക 5) നിരായുധീകരണം, കോളനിവത്ക്കരണ വിരുദ്ധം, സാമ്രാജ്യത്വ വിരുദ്ധം, വംശീയവിരുദ്ധം 6) വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങൾ തമ്മിൽ സഹകരണം ഇവയാണ്. ഈലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി ഇന്ത്യസ്ഥിരമായി ചേരിചേരാ നയമാണ് പിന്തുടർന്നുകൊണ്ടിരിക്കുന്നത്. അന്തർദേശീയരംഗങ്ങളിലെ സ്ഥിതി ഗതികളുടെ പശ്ചാത്തലത്തിൽ ഇത് പ്രസക്തമാക്കി നിർത്താൻ ചില മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും നാം ഇപ്പോഴും ഈ നയംതന്നെ തുടരുന്നു.

### 27.5.1 ചേരി ചേരാനയം

ഇന്ത്യയുടെ വിദേശനയത്തിൽ ചേരി ചേരാനയത്തിന് സവിശേഷമായ പ്രാധാന്യം നൽകിയിട്ടുണ്ട്. ലോകം രണ്ടു ചേരികളിലായി മാറിയ സമയത്താണ് ചേരി ചേരായ്മ, എന്ന ഒരു ആശയത്തിന് രൂപം നൽകുന്നതിന് ഇന്ത്യ നേതൃത്വം നൽകിയത്. യൂണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയുടെ നേതൃത്വത്തിൽ പടിഞ്ഞാറൻ രാജ്യങ്ങളും സോവിയറ്റ് യൂണിയന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് രാജ്യങ്ങളും രണ്ടുചേരികളായി മാറി. ഈ കാലഘട്ടത്തെ ആണ് രണ്ടു ചേരികൾ തമ്മിലുള്ള ശീതസമരകാലഘട്ടം എന്ന പേരിലറിയപ്പെടുന്നത്. പ്രത്യക്ഷമായ ഒരു യുദ്ധമില്ലാതെ ഇക്കാലത്ത് യുഎസ്എയും സോവിയറ്റ് യൂണിയനും തമ്മിൽ അത്യന്തം ശത്രുത പുലർത്തിയിരുന്നു. രണ്ടാം ലോകമഹായുദ്ധം അവസാനിച്ച കാലത്താരംഭിച്ച ഈ ശീതസമരം നാൽപ്പത്തഞ്ച് വർഷക്കാലം നീണ്ടുനിന്നു. പാശ്ചാത്യം, പൗരസ്ത്യം എന്നീ രണ്ട് വിരുദ്ധ ധ്രുവങ്ങളിലായി ഈ രാഷ്ട്രങ്ങൾ നിലകൊണ്ടു. ഈ രണ്ടു ധ്രുവങ്ങളേയും ചുറ്റിത്തിരിഞ്ഞായിരുന്നു. ലോകരാഷ്ട്രീയ ഗതികൾ സംഭവിച്ചു കൊണ്ടിരുന്നത് യഥാർത്ഥത്തിൽ ലോകം രണ്ടു ധ്രുവങ്ങളായി മാറി.

യുഎസ്എ യുടേയും സോവിയറ്റുയൂണിയന്റെയും സൈനികസഖ്യത്തിലൊന്നിലും ചേരാതെ ദേശീയ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് വിദേശകാര്യങ്ങൾ കൈകാര്യം ചെയ്യുക എന്നതാണ് ചേരിചേരാനയം ലക്ഷ്യമാക്കിയത്. ചേരി ചേരായ്മ എന്ന്പറയുന്നത് നിഷ്പക്ഷതയോ, പ്രശ്നത്തിൽ ഇടപെടാതിരിക്കലോ, ഒറ്റപ്പെട്ടു നിൽക്കലോ അല്ല. ഇത് ചടുലാത്മകമായ ഒരാശയമാണ്. ഏതെങ്കിലും ഒരു പ്രത്യേക സൈനിക ചേരിയോട് പ്രതിബദ്ധതയില്ലാതെ അന്തർദേശീയ പ്രശ്നങ്ങളിൽ ഓരോന്നിന്റെയും ശരിയും തെറ്റും നോക്കി തീരുമാനമെടുക്കാൻ ഈനയം അവരെ സഹായിച്ചു. വികസ്വര രാഷ്ട്രങ്ങളിൽ നിന്ന് ഈ നയത്തിന് വലിയ പിന്തുണയാണ് ലഭിച്ചത്. അവരുടെ രാജ്യത്തിന്റെ പരമാധി കാരം സംരക്ഷിക്കാനുള്ള അവസരവും ശീതസമരത്തിന്റെ സമ്മർദ്ദഭരിതമായ കാലഘട്ട ത്തിൽ

തങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള സ്വാതന്ത്ര്യം നിലനിർത്താനും ഈ നയംമൂലം അവർക്കു കഴിഞ്ഞു. ചേരിചേരാപ്രസ്ഥാനം അതിലെ അംഗരാജ്യങ്ങൾക്ക് അവരുടെ രാജ്യത്തിന്റെ വിസ്തൃതിയോ പ്രാധാന്യമോ ഒന്നും നോക്കാതെ ആഗോളപരമായ തീരുമാന ങ്ങൾ എടുക്കുന്നതിലും ലോകരാഷ്ട്രീയത്തിലും പങ്കാളികളാകുവാൻ വഴിയൊരുക്കി.

**? നിങ്ങൾക്കറിയാമോ**

ചേരിചേരാരാഷട്രങ്ങളുടെയിടയിൽ യുഗോസ്ലേവിയൻ പ്രസിഡന്റ് ടിറ്റോയുമായും ഈജിപ്റ്റിന്റെ പ്രസിഡന്റ് നാസ്സറുമായും നെഹ്റു ഒരു പ്രത്യേക ബന്ധുത്വം വളർത്തി യെടുത്തു. ഈ മൂന്നുപേരേയും ചേരിചേരാനയത്തിന്റെ (NAM) സ്ഥാപകപിതാക്കൻ മാരായി കണക്കാക്കുന്നു. തങ്ങളുടെ മുൻകാല കൊളോണിയൽ യജമാനന്മാരുടെ ആജ്ഞകൾ അനുസരിക്കാൻ തയ്യാറാകാത്തതും അന്തർദേശീയ ശ്രദ്ധ നേടുന്ന വിഷയങ്ങളിൽ തങ്ങളുടെ സ്വന്തം വിധിന്യായം അനുസരിച്ച് തീരുമാനമെടുക്കുന്നതു മായ നവസ്വതന്ത്ര രാഷ്ട്രങ്ങളുടെ ഒരു സംഘമാണ് ചേരിചേരാ പ്രസ്ഥാനം.



**ചിത്രം 27.3** നെഹ്റു, നക്രുമാ, നാസർ, ടിറ്റോ (ഇടത്തുനിന്നും വലത്തോട്ട്) ചേരിചേരാ പ്രസ്ഥാനത്തിന്റെ നേതാക്കൾ

ചേരിചേരാപ്രസ്ഥാനം (NAM) ശീതസമരത്തിന്റെയും ഇരുധ്രുവലോകത്തിന്റെയും ഉല്പന്നമായിരുന്നു. അതുകൊണ്ടുതന്നെ സോവിയറ്റു യൂണിയന്റെ ശിഥിലീകരണ ത്തിനുശേഷം ശീതസമരം ഇല്ലാതായ പശ്ചാത്തലത്തിൽ ഇതിന്റെ പ്രസക്തിയെ പല പ്രമുഖരും ചോദ്യം ചെയ്തു. എന്നിരുന്നാലും, ഇപ്പോഴത്തെ സ്ഥിതിയിലും ഈ പ്രസ്ഥാന ത്തിന് ഒരു പ്രബലമായ പങ്ക് വഹിക്കാനുണ്ട്. ഒന്നാമതായി സോവിയറ്റ് യൂണിയന്റെ ശിഥിലീകരണത്തിനുശേഷം ഏക ധ്രുവലോകത്തിൽ നിന്നുമുള്ള ഭീഷണി ലോകം അഭിമുഖീകരിക്കുന്നു. യു എസ്സിന്റെ അധീശത്വത്തെ നിയന്ത്രിക്കുന്ന ഒന്നായി ഇതിന് പ്രവർത്തിക്കാൻ കഴിയും. രണ്ടാമതായി, വികസിതം, വികസ്വരം എന്നീ രണ്ടായി ധാരാളം സാമ്പത്തിക പ്രശ്നങ്ങളുടെമേൽ ലോകം വിഭജിക്കപ്പെട്ടിരിക്കുന്നു. വികസ്വരരാജ്യങ്ങ ൾക്ക് വികസിത രാജ്യങ്ങളുമായി ഫലപ്രദമായ സംഭാഷണത്തിൽ ഏർപ്പെടാനുള്ള ഒരു വേദിയായി നാം (NAM) മാറിയിട്ടുണ്ട്. വികസ്വരരാഷ്ട്രങ്ങൾ തമ്മിലുള്ള സഹകരണം ഈ പ്രസ്ഥാനം ശക്തിമത്താണെന്ന് തെളിയിക്കാൻ കഴിയും.വികസിതരാജ്യങ്ങളുടെ നേരെ ശക്തിയേറിയ ഒരു വില പേശലിന് ഇത് വളരെ ആവശ്യമാണ്. ഏറ്റവും അവസാനമായി വികസ്വര രാഷ്ട്രങ്ങൾ ചേരിചേരാപ്രസ്ഥാനത്തിന്റെ (NAM) കൊടിക്കീഴിൽ യോജിപ്പോടെ

ഐക്യരാഷ്ട്ര സംഘടനയെ പുതിയ രൂപത്തിലാക്കി 21 -ാം നൂറ്റാണ്ടിന്റെ ആവശ്യത്തിനു തകത്തക്ക രീതിയിൽ മാറ്റുന്നതിനുവേണ്ടി പൊരുതേണ്ടതായിട്ടുമുണ്ട്.

### 27.5.2. ഐക്യരാഷ്ട്ര സംഘടനയ്ക്ക് പിന്തുണ

ലോക രാഷ്ട്രീയത്തിൽ സമാധാനപരമായ മാറ്റങ്ങൾ കൊണ്ടുവരാൻ പറ്റുന്നതായ ഒരു മാധ്യമമായിട്ടാണ് ഇന്ത്യ എപ്പോഴും ഐക്യരാഷ്ട്രസമിതിയെ വീക്ഷിച്ചിട്ടുള്ളത്. ഐക്യരാഷ്ട്രസഭയുടെ 51 സ്ഥാപക രാജ്യങ്ങളിൽ ഒന്ന് എന്ന നിലയിൽ ഇന്ത്യ അന്തർ ദേശീയ സമാധാനം, സുരക്ഷ, നിരായുധീകരണം തുടങ്ങി അതിന്റെ എല്ലാ ശ്രമങ്ങളിലും അകമഴിഞ്ഞ പിന്തുണ നൽകിക്കൊണ്ടേയിരിക്കുന്നു. സംഭാഷണങ്ങളിൽ കൂടിയും ഒത്തു തീർപ്പുകളിൽ കൂടിയും രാജ്യങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ കുറച്ചു കൊണ്ടു വരുന്നതിന് യു. എൻ. ന്റെ സജീവമായ ഇടപെടലുകളുണ്ടാകണമെന്ന് ഇന്ത്യ ആഗ്രഹി ക്കുന്നു. വികസ്വര രാജ്യങ്ങളുടെ വികസനകാര്യങ്ങളിൽ യു എൻ സജീവമായി പങ്ക് വഹിക്കണമെന്ന് ഇന്ത്യ ആവശ്യപ്പെട്ടിട്ടുണ്ട്. യു എൻ ൽ വികസ്വരരാഷ്ട്രങ്ങളുടെ ഒരു പൊതു ഐക്യമുന്നണിക്കുവേണ്ടിയും ഇന്ത്യ വാദിച്ചിട്ടുണ്ട്. ചേരിചേരാ രാഷ്ട്രങ്ങൾക്ക് അതിന്റെ സംഖ്യാബലത്തിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകവും അർത്ഥവത്തുമായ പങ്ക് യു എനിൽ വഹിച്ച് വൻ രാഷ്ട്രങ്ങൾ തങ്ങളുടെ താത്പര്യത്തിനുവേണ്ടി ലോക സംഘടനയെ ഉപയോഗിക്കുന്നത് അവസാനിപ്പിക്കാൻ കഴിയുമെന്ന് ഇൻഡ്യ വിശ്വസിക്കുന്നു. സെക്യൂരിറ്റി കൗൺസിൽ (യു.എൻ. ന്റെ ഒരു പ്രധാനപ്പെട്ടഘടകം) അന്തർദേശീയ സമാധാനത്തിനും സുരക്ഷിതത്വത്തിനും മുഖ്യമായ ഒരുപങ്ക് വഹിക്കുന്നു. അതു കൊണ്ടാണ് അതിന്റെ പരിഷ്ക്കരണത്തിനുവേണ്ട പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിരി ക്കുന്നത്. അതിന്റെ ഫലമായി സെക്യൂരിറ്റി കൗൺസിലിലെ (സുരക്ഷാസമിതി) സ്ഥിരാംഗ ങ്ങളുടെ അംഗസംഖ്യ വർദ്ധിപ്പിക്കാനുള്ള സാധ്യത ഉണ്ട്. ഇൻഡ്യസെക്യൂരിറ്റി കൗൺസി ലിൽ സ്ഥിരാംഗത്വം ലഭിക്കാൻ എല്ലാംകൊണ്ടും അർഹത ഉള്ള ഒരു രാജ്യമാണ്.



ചിത്രം 27.4 *ന്യൂയോർക്കിലെ യു എൻ ന്റെ ആസ്ഥാനം*

### പ്രവർത്തനം 27.4

സെക്യൂരിറ്റി കൗൺസിലി (സുരക്ഷാസമിതി)ൽ എത്ര അംഗങ്ങൾ ഉണ്ടെന്നുള്ള വിവരം അറിയുക. അതിൽ എത്ര സ്ഥിരാംഗങ്ങൾ ഉണ്ട്? അധ്യാപകനോട് ചോദിച്ചോ യു.എനെക്കുറിച്ചുള്ള പുസ്തകം വായിച്ചോ ഇൻറർനെറ്റ് വഴിയോ വിവരം ശേഖരിക്കാം.

ആ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (1) ഈ രാജ്യങ്ങളെ മാത്രം എന്തുകൊണ്ട് സ്ഥിരാംഗങ്ങളാക്കിയിരിക്കുന്നു? (2) എന്തുകൊണ്ട് ഇന്ത്യ ഒരു സ്ഥിരാംഗമായി മാറണം?

## പാഠ്യാധിഷ്ഠിത ചോദ്യങ്ങൾ 27.4

1. ഇൻഡ്യൻ വിദേശനയത്തിന്റെ അടിസ്ഥാന ഉദ്ദേശ്യങ്ങൾ എന്തെല്ലാം?
2. എന്തു കൊണ്ടു ഇൻഡ്യ ചേരിചേരാനയം സ്വീകരിച്ചു?
3. പൂരിപ്പിക്കുക.
   1. ഇൻഡ്യ ചേരിചേരാ പ്രസ്ഥാനത്തിന്റെ .............ആയിരുന്നു.
   2. ലോകരാഷ്ട്രീയത്തിൽ ........................, ..............എന്നിവയ്ക്ക് പറ്റുന്നതായ ഒരു മാധ്യമമായിട്ടാണ് ഇൻഡ്യ ഐക്യരാഷ്ട്ര സംഘടനയെ വീക്ഷിച്ചിട്ടുള്ളത്.
   3. ഇന്ത്യ ..............................., ..........................എന്നീ കാര്യങ്ങൾക്ക് ഐക്യരാഷ്ട്ര സംഘടനയ്ക്ക് അകമഴിഞ്ഞ പിന്തുണ നൽകുന്നുണ്ട്.
   4. ഇന്ത്യയ്ക്ക് സെക്യൂരിറ്റി കൗൺസിലിലെ ................ആകാൻ എല്ലാം കൊണ്ടും അർഹതയുണ്ട്

## നിങ്ങൾ എന്താണ് പഠിച്ചത് ?

- സമാധാനവും സുരക്ഷയും ഒരു വ്യക്തിക്ക്, ഒരു സമൂഹത്തിന്, ഒരു രാഷ്ട്രത്തിന്, ലോകത്തിന് പരമപ്രധാനമായ ഒന്നാണ്. വ്യക്തികൾ, സ്ഥാപനങ്ങൾ ദേശം, രാഷ്ട്രങ്ങൾ, ലോകം എന്നിവയ്ക്ക് യാതൊരു ഭീഷണിയുമില്ലാതെ മുന്നോട്ടുപോകാവുന്ന ഒരവസ്ഥയാണിത്.
- വ്യക്തികളുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും വികാസം ഉറപ്പുവരുത്തുന്ന ഒരു സാമൂഹിക രാഷ്ട്രീയ അവസ്ഥയെ ആണ് സമാധാനം എന്നുപറയുന്നത്. വ്യക്തികൾ തമ്മിലുള്ള,സംഘങ്ങൾ തമ്മിലുള്ള, പ്രദേശങ്ങൾ തമ്മിലുള്ള, സംസ്ഥാന ങ്ങൾ തമ്മിലുള്ള, ആരോഗ്യപരമായ ബന്ധം, അന്തർദേശീയ ബന്ധുത്വം, സാമൂഹിക- സാമ്പത്തിക ക്ഷേമകാര്യങ്ങളിലെ സമൃദ്ധി, സമത്വത്തിന്റെ സ്ഥാപനം, എല്ലാവരുടേയും താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ സംവിധാനക്രമം എന്നീ സവിശേഷതകൾ നിലനിൽക്കുന്ന ഒരു പൊരുത്തത്തിന്റെ അവസ്ഥ ആണിത്. ആഭ്യന്തര അന്തർദേശീയ ബന്ധങ്ങളിൽ സമാധാനം വെറും യുദ്ധമോ അല്ലെങ്കിൽ സംഘർഷമോ ഇല്ലാത്ത അവസ്ഥമാത്രമല്ല അത് സാമൂഹിക -സാംസ്ക്കാരിക സാമ്പത്തിക ധാരണകളുടേയും ഐക്യത്തിന്റേയും സാന്നിധ്യം കൂടിയാണ്.
- ഭദ്രമായ അവസ്ഥ അല്ലെങ്കിൽ അപകടമോ ഭയമോ ഇല്ലാത്ത അനുഭവം എന്ന് സാമാന്യമായി സുരക്ഷിതത്വത്തിന് അർത്ഥം നൽകാം. ഇത് ഒരു വ്യക്തിയുടെ, ഒരു സ്ഥാപനത്തിന്റെ, ഒരു പ്രദേശത്തിന്റെ ഒരു രാഷ്ട്രത്തിന്റെ, ലോകത്തിന്റെ ഭദ്രതയേയും അർത്ഥമാക്കുന്നുണ്ട്. എന്നിരുന്നാലും അത്യന്തം അപകടകരങ്ങളായ ഭീഷണിയിൽ നിന്നുമുള്ള സുരക്ഷയാണ് സുരക്ഷിതത്വം അതിന്റെ ഏറ്റവും

അടിസ്ഥാനമായ ബോധത്തിൽ വിവക്ഷിക്കുന്നത്. ഇത് മനുഷ്യാവകാശം പോലെയുള്ള കാതലായ മൂല്യങ്ങൾ നശിപ്പിക്കുന്നതരത്തിലുള്ള ഭീഷണികളുമായും ബന്ധപ്പെട്ടിരിക്കുന്നു.

- സൈനികമായ ആപത്ത്, അല്ലെങ്കിൽ ആയുധമേന്തിയ സംഘർഷം, അല്ലെങ്കിൽ ഭീഷണി എന്നിവയിൽ യുഗങ്ങളായി കേന്ദ്രീകരിച്ചിട്ടുള്ള പരമ്പരാഗത ധാരണയുമായി സമാധാനത്തേയും സുരക്ഷിതത്വത്തേയും മിക്കവാറും ബന്ധപ്പെടുത്തുന്നു. എന്നാൽ പുതിയ ധാരണ മനുഷ്യരുടെ സമാധാനവും സുരക്ഷയും അല്ലെങ്കിൽ ആഗോള സമാധാനവും സുരക്ഷയും ആണ്. ഇത് വ്യക്തികളുടെ കാര്യത്തിലാണ് പ്രാഥമികമായി ശ്രദ്ധിക്കേണ്ടത്. സാമൂഹിക-സാമ്പത്തിക വികസനത്തിന്റെയും മനുഷ്യമേന്മയുടെ സംരക്ഷണത്തിന്റെയും ഒരു മുൻ വ്യവസ്ഥയായി സുരക്ഷയേയും സമാധാനത്തേയും കാണേണ്ടതാണ്.

- ശാന്തിയും സുരക്ഷയും ജനാധിപത്യത്തിന്റെയും വികസനത്തിന്റെയും ഒഴിച്ചുകൂടാൻ പറ്റാത്ത ഒരു വ്യവസ്ഥയാണ്. ജനാധിപത്യവും വികസനവും തമ്മിലും സമാധാനവും സുരക്ഷിതത്വവും തമ്മിലും വാസ്തവത്തിൽ ഒരു പരസ്പര ബന്ധുത്വം ഉണ്ട്. സമാധാനവും സുരക്ഷയുമില്ലാത്തിടത്ത് ജനാധിപത്യം പ്രാവർത്തികമാവുകയില്ല. അതുപോലെവികസനവും നടക്കില്ല. എന്നാൽ മറ്റൊരുവശം, ജനാധിപത്യവും വികസനവും ഇല്ലാത്തിടത്ത് സമാധാനം നേടാനും കഴിയുകയില്ല.

- സ്വാതന്ത്ര്യസമരകാലംമുതലേ സമാധാനവും സുരക്ഷയും ഉറപ്പാക്കാനുള്ള സമീപനവും രീതികളും ഇൻഡ്യ രൂപപ്പെടുത്തിയിരുന്നു. ഈ സമീപനം നമ്മുടെ ഭരണഘടനയിൽ പ്രതിഫലിപ്പിച്ചിട്ടുണ്ട്. നമ്മുടെ ആവശ്യവും ആവശ്യോപാധികളും അനുസരിച്ച് കാലങ്ങളായി ഈ സമീപനം മാറിക്കൊണ്ടേയിരിക്കുന്നു.

- ഭീകരപ്രവർത്തനം, സായുധകലാപം, നക്സലൈറ്റ് ആക്രമണങ്ങൾ എന്നീ വിവിധ വേഷങ്ങളുടെ മറവിൽ ഇൻഡ്യയിൽ പലതരത്തിലുള്ള അക്രമസംഭവങ്ങൾ അനുഭവപ്പെട്ടുകൊണ്ടേയിരിക്കുന്നു. സമാധാനത്തിനും സുരക്ഷയ്ക്കും ഇവവളരെ ഗൗരവമേറിയ ഭീഷണികളാണ്. ഈ കലാപങ്ങളെയെല്ലാം നേരിടാനുള്ള തന്ത്രങ്ങളും രീതികളും ഇൻഡ്യാ ഗവൺമെന്റ് പ്രയോഗിച്ചുകൊണ്ടിരിക്കുന്നുണ്ട്.

- അന്തർദേശീയ സമാധാനം സുരക്ഷിതത്വം എന്നിവയുടെ കാര്യത്തിലും ഇൻഡ്യയ്ക്ക് ഉത്ക്കണ്ഠ ഉണ്ട്. സാമൂഹികസാമ്പത്തിക വികസനത്തിന് അത്യാവശ്യമായതിനാൽ സ്വാതന്ത്ര്യ സമരനേതാക്കൾ ഇൻഡ്യ അന്തർദേശീയ സമാധാനത്തെ പ്രോത്സാഹിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് എല്ലാ രാജ്യങ്ങളേയും പോലെ ഇൻഡ്യ അതിന്റെ ദേശീയ താത്പര്യം അന്തർദേശീയ താത്പര്യത്തിന് അനുഗുണമായ നിലയിലാണ് ബലപ്പെടുത്തിയിട്ടുള്ളത്.

- ഇൻഡ്യയുടെ വിദേശനയത്തിന്റെ മുഖ്യമായ സവിശേഷതയായിട്ട് ചേരി ചേരായ്മ കണക്കിലെടുത്തിട്ടുണ്ട്. ലോകം രണ്ട് ചേരികളിലായി മാറിയ കാലത്ത് ചേരിചേരായ്മ എന്ന ആശയം രൂപപ്പെടുത്താൻ നേതൃത്വം കൊടുത്തത് ഇൻഡ്യയാണ്. ചേരിചേരാ പ്രസ്ഥാനം അതിന്റെ എല്ലാ അംഗരാജ്യങ്ങളുടെയും വിസ്തൃതിയോ പ്രാധാന്യമോ ഒന്നും നോക്കാതെ ലോകരാഷ്ട്രീയത്തിലും ആഗോളതീരുമാനങ്ങൾ എടുക്കുന്നതിലും പങ്കാളികളാകാൻ എല്ലാരാജ്യങ്ങൾക്കും അവസരം നൽകി.

- സമാധാനം സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾക്കും നിരായുധീകരണംപോലെയുള്ള മറ്റ് പരിശ്രമങ്ങൾക്കും ഇൻഡ്യ എല്ലാവിധ പിന്തുണയും ഐക്യരാഷ്ട്ര സംഘടനയ്ക്ക് നൽകുന്നു. കൂടുതലായി വികസ്വരരാജ്യങ്ങളുടെ വികസനകാര്യത്തിൽ യു.എൻ -ന്റെ സജീവമായപങ്ക് ഉണ്ടാകുന്നതിനുവേണ്ടി ഇൻഡ്യ വാദിക്കുക

യും ചെയ്യുന്നു. ലോകരാഷ്ട്രങ്ങളിൽ വളർന്നുകൊണ്ടിരിക്കുന്ന രണ്ടാമത്തെ സമ്പദ്ഘടന എന്ന നിലയിലുള്ള ഇൻഡ്യയുടെ ആവിർഭാവം, അന്തർദേശീയ വേദികളിൽ ഇൻഡ്യനൽകുന്ന നേതൃത്വം, യു.എൻ-ന്റെ സമാധാന ശ്രമങ്ങളിൽ നൽകുന്ന സംഭാവന, വികസ്വരരാഷ്ട്ര ങ്ങളുടെ പ്രശ്നങ്ങൾക്ക് നൽകുന്ന പിന്തുണ തുടങ്ങിയ കാരണങ്ങളാൽ ഐക്യരാഷ്ട്ര സമിതിയുടെ സെക്യൂരിറ്റി കൗൺസിലിൽ സ്ഥിരാംഗമാകാനുള്ള ശക്തിയേറിയ എല്ലാ ന്യായങ്ങളും ഇൻഡ്യയ്ക്ക് ഉണ്ട്.

## പാഠ്യാന്ത്യ അഭ്യാസങ്ങൾ

1. 'സുരക്ഷിതത്വവും സമാധാനവും' ഈ പദത്തിന്റെ അർത്ഥം എന്താണ് ? പരമ്പരാഗത ധാരണ എങ്ങനെ ഇക്കാര്യത്തിൽ നൂതനധാരണകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു?
2. ഒരു വശത്ത് സമാധാനവും സുരക്ഷയും തമ്മിലും മറുവശത്ത് ജനാധിപത്യവും വികസനവും തമ്മിലും പരസ്പരബന്ധം ഉണ്ടെന്ന് പറഞ്ഞാൽ നിങ്ങൾ അതിനോട് യോജിക്കുമോ? നിങ്ങളുടെ ഉത്തരം സാധൂകരിക്കുക.
3. സമാധാനം സുരക്ഷ ഇവയുടെ നേരെയുള്ള ഭീഷണികളെ നേരിടുന്നതിനുവേണ്ടിയുള്ള തന്ത്രങ്ങൾക്കും രീതികൾക്കും ഇന്ത്യൻ സ്വാതന്ത്ര്യസമരം നൽകിയ സംഭാവന എന്ത്?
4. ഇന്ത്യയിൽ സുരക്ഷയ്ക്കും സമാധാനത്തിനും ഉള്ളമുഖ്യമായ ഭീഷണികൾ എന്തെല്ലാം? ഇതിനെ നേരിടുന്നതിന് ഇൻഡ്യ സ്വീകരിക്കുന്ന മുഖ്യമായ തന്ത്രങ്ങളും മാർഗ്ഗങ്ങളും എന്തെല്ലാമാണ്?
5. സമാധാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും സാഹചര്യത്തിൽ ഇന്ത്യയുടെ വിദേശനയം പരിശോധിക്കുക.
6. അന്തർദേശീയ രാഷ്ട്രീയ സ്വഭാവത്തിൽ വന്ന മാറ്റങ്ങളുടെ സാഹചര്യത്തിൽ ചേരി ചേരാ നയം എങ്ങനെ പ്രസക്തമാകുന്നു.
7 എങ്ങനെയെല്ലാം ഇൻഡ്യ ഐക്യരാഷ്ടസംഘടനയെ പിന്തുണച്ചുകൊണ്ടിരിക്കുന്നു? സുരക്ഷാസമിതി (സെക്യൂരിറ്റി കൗൺസിൽ) യിൽ എന്തുകൊണ്ട് ഇൻഡ്യയെ ഒരു സ്ഥിരാംഗമാക്കണം?.

## പാഠ്യാധിഷ്ഠിത ചോദ്യങ്ങളുടെ ഉത്തരം

**27.1**

1. (a) ഉപദ്രവങ്ങൾ / സംഘർഷങ്ങൾ

   (b) വ്യക്തികൾ തമ്മിലുള്ള, സംഘങ്ങൾ തമ്മിലുള്ള, പ്രദേശങ്ങൾ തമ്മിലുള്ള, സംസ്ഥാനങ്ങൾ തമ്മിലുള്ള ആരോഗ്യകരമായ ബന്ധം, അന്തർദേശീയ ബന്ധുത്വം, സാമൂഹിക -സാമ്പത്തികക്ഷേമകാര്യങ്ങളിലെ സമൃദ്ധി, സമത്വത്തിന്റെ സ്ഥാപനം, എല്ലാവരുടേയും താത്പര്യങ്ങൾ രക്ഷിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരുരാഷ്ട്രീയ ക്രമം.

   (c) അപകടം അല്ലെങ്കിൽ ഭയം/ ഒരു വ്യക്തി, ഒരു സ്ഥാപനം, ഒരു പ്രദേശം, ഒരു രാഷ്ട്രം, അല്ലെങ്കിൽ ലോകം.

   (d) തീവ്രമായ അപകട ഭീഷണികൾ.

2. വ്യക്തികൾ സ്ഥാപനങ്ങൾ, പ്രദേശങ്ങൾ, രാഷ്ട്രങ്ങൾ ലോകം എന്നിവ യാതൊരു ഭീഷണിയും കൂടാതെ മുന്നോട്ട് പോകുന്ന അവസ്ഥയാണ്. ഇത്തരം അവസ്ഥയിൽ പ്രദേശങ്ങളും. രാഷ്ട്രങ്ങളും ആഭ്യന്തരമായി സ്ഥിരതയുള്ളതും ജനാധിപത്യപരമായി ഭരണം നടത്തുന്നതും മനുഷ്യാവകാശങ്ങൾ അംഗീകരിക്കുന്നതുമായിരിക്കും. സംഘർഷങ്ങൾ ഭയവും ഭീഷണിയും സൃഷ്ടിക്കുന്നു എന്നു മാത്രമല്ല അത് സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ മുന്നേറ്റങ്ങൾക്ക് തടസ്സം നിൽക്കുകയും ചെയ്യുന്നു.

3. 1) സുരക്ഷയേയും സമാധാനത്തേയും കുറിച്ചുള്ള നൂതന സങ്കല്പം സൈനികമായ ഭീഷണികൾക്കപ്പുറം മനുഷ്യന്റെ നിലനിൽപിനെ തന്നെ ചോദ്യം ചെയ്യുന്ന വിശാലമായ മേഖലയിലുള്ള അപകട സാദ്ധ്യതകളും ഭീഷണികളുമാണ്.

   2) ഇത് ദേശങ്ങൾക്കും, രാഷ്ട്രങ്ങൾക്കും മാത്രമല്ല വ്യക്തികൾ, സമുദായങ്ങൾ ആത്യന്തികമായി മനുഷ്യവർഗ്ഗത്തിനു മുഴുവനായി തന്നെയുള്ളതാണ്.

   3) പട്ടിണിയിൽ നിന്നുമുള്ള മോചനം, ആവശ്യങ്ങൾ യാഥാർത്ഥ്യമാക്കൽ, രോഗങ്ങൾ. പകർച്ചവ്യാധികൾ എന്നിവ, പരിസ്ഥിതിയുടെ അപചയം, ചൂഷണം, മാനുഷികമല്ലാത്ത ചെയ്തികൾ, ഇതെല്ലാം സുരക്ഷിതത്വത്തേക്കുറിച്ചും സമാധാനത്തെക്കുറിച്ചുമുള്ള പുതിയ ധാരണയിൽ ഉൾപ്പെടുന്നു.

**27.2**

1. ജനാധിപത്യവും വികസനവും, സമാധാനവും സുരക്ഷയും ഇവ തമ്മിൽ പരസ്പരബന്ധുത്വം ഉണ്ട്. സുരക്ഷയും സമാധാനവും ഇല്ലെങ്കിൽ ജനാധിപത്യം പ്രവർത്തിക്കുകയോ വികസനം ഉണ്ടാവുകയോ ഇല്ല. സമാധാനം നിലനിന്നാൽ മാത്രമേ പൗരന്മാർക്ക് രാജ്യത്തിന്റെ തീരുമാനങ്ങൾ എടുക്കുന്ന കാര്യത്തിൽ വിവിധതലങ്ങളിൽ പ്രവർത്തിക്കാൻ കഴിയൂ. മറുവശത്ത് ജനാധിപത്യവും വികസനവും ഇല്ലെങ്കിൽ സമാധാനം കൈവരിക്കാൻ കഴിയുകയുമില്ല. മനുഷ്യരുടെ അസംതൃപ്തി ഇല്ലാതാക്കാനുള്ള ഏറ്റവും നല്ല ഉപാധിയാണ് ജനാധിപത്യം. വികസനം സമാധാനത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ സാമൂഹിക സാമ്പത്തിക അഭിവൃദ്ധി, അവരുടെ ജീവിതത്തിന്റെ ഗുണമേന്മയുടെ വർദ്ധന ഇവ രാഷ്ട്രം ഉറപ്പാക്കുന്നത് വികസന പ്രവർത്തനത്തിലൂടെയാണ്.

2. സമാധാനവും സുരക്ഷയും ഉറപ്പാക്കുന്നതിനാവശ്യമായ സമീപനത്തെക്കുറിച്ചുള്ള ആശയങ്ങളും വീക്ഷണങ്ങളും സ്വാതന്ത്ര്യസമരകാലത്ത് തന്നെ ഉയർന്നുവന്നിരുന്നു. സമാധാനവും സുരക്ഷിതത്വവും നിലനിന്നാൽ മാത്രമേ സ്വാതന്ത്ര്യത്തിനുശേഷം ജനാധി പത്യംപ്രാവർത്തികമാകൂ എന്ന് നേതാക്കൻമാർ മനസ്സിലാക്കിയിരുന്നു. സാമൂഹിക സാമ്പത്തിക വികസനത്തിന് സോഷ്യലിസ്റ്റ് സമീപനം സ്വീകരിക്കണമെന്ന് സ്വാതന്ത്ര്യ സമര കാലത്ത് സമവായം ഉയർന്നു വന്നത് സമാധാനത്തിന് എതിരെ ഉയർന്നു വന്ന ഭീഷണിയെ നേരിടുന്നതിന് സുരക്ഷിതത്വത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് ലക്ഷ്യമാക്കി ആയിരുന്നു.

3. ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളിൽ സമാധാനം, സുരക്ഷിതത്വം എന്നിവയെ പരാമർശിക്കുന്നുണ്ട്. ഫെഡറൽ സമ്പ്രദായവും നഗര, ഗ്രാമ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളും ലക്ഷ്യമാക്കുന്നത് ആഭ്യന്തര സുരക്ഷയ്ക്കുള്ള ഭീഷണി ഇല്ലാതാക്കുക എന്നുള്ളതാണ്. അന്തർദേശീയ തലത്തിൽ അന്തർദേശീയ സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യംവച്ചുകൊണ്ടാണ് ഇന്ത്യ ഭരണഘടനയ്ക്ക് രൂപം നൽകിയിട്ടുള്ളത്. ആഗോള തലത്തിലും പ്രാദേശിക തലത്തിലും

സമാധാനം, തുല്യമായ സാമ്പത്തിക വികസനം, മനുഷ്യാവകാശങ്ങളുടെ പ്രോത്സാഹനം, ഭീകരപ്രവർത്തനങ്ങൾ അവസാനിപ്പിക്കൽ തുടങ്ങിയ കാര്യങ്ങൾക്കെല്ലാം വേണ്ട വകുപ്പുകൾ ഇന്ത്യൻ ഭരണഘടനയിൽ ഉണ്ട്.

4. ജനാധിപത്യസ്ഥാപനങ്ങളും അതിന്റെ പ്രക്രിയകളും ശക്തിപ്പെടുത്തണം. രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളും വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ തുടരണം. ആളുകളെ ജനാധിപത്യപ്രക്രിയയിലും വികസനപ്രവർത്തനങ്ങളിലും പങ്കെടുക്കാൻ പ്രേരിപ്പി ക്കണം. സുരക്ഷയും സമാധാനവും സംരക്ഷിക്കാനുള്ള അന്തർദേശീയമായ എല്ലാ ശ്രമങ്ങ ൾക്കും ഇന്ത്യ പിന്തുണ നൽകും.

**27.3**

1. (a) (i) ഭീകരപ്രവർത്തനം (ii) സായുധകലാപം (iii) നക്സലൈറ്റ് പ്രസ്ഥാനം
   (b) (i) നാടകീയവും മാരകവുമായ പരിക്ക് (ii) ഭയത്തിന്റെ അന്തരീക്ഷം
   (c) (i) രാഷ്ട്രീയ ലക്ഷ്യങ്ങൾ (ii) സാമൂഹികവും സാമ്പത്തികവുമായ നീതി

2. ഇന്ത്യാ ഗവൺമെന്റ് എല്ലാ രാഷ്ട്രങ്ങളിലേയും ഭീകരപ്രസ്ഥാനങ്ങൾക്ക് എതിരായ നടപടികളെ പിന്തുണയ്ക്കുകയും ഇന്ത്യയിൽ അത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ അവരുടെ സഹായം തേടുകയും ചെയ്യുന്നു. രാഷ്ട്രീയകാരണങ്ങളാലുള്ള സായുധ കലാപത്തെ ഇന്ത്യാ ഗവൺമെന്റ് നയപരമായി പരിഹരിക്കാൻ ശ്രമിക്കുന്നു. ഇൻഡ്യ മ്യാൻമറുമായും ഈ അടുത്ത കാലത്ത് ബംഗ്ലാദേശുമായും ആ രാജ്യങ്ങളിൽ നിന്നുള്ള ഭീകരപ്രസ്ഥാനങ്ങളുടെ നുഴഞ്ഞു കയറ്റം തടയുന്നതിനുള്ള കരാറുണ്ടാക്കിയിട്ടുണ്ട്. ഇതുപോലൊരു സന്ധിക്ക് പാക്കിസ്ഥാനെ നിർബന്ധിതമാക്കാൻ അന്തർദേശീയ സമ്മർദ്ദം ചെലുത്തുന്നുമുണ്ട്. നക്സലൈറ്റ്പ്രസ്ഥാനം കൂടുതൽ ഗൗരവമുള്ളതും ആഴത്തിലുള്ളതുമായ സാമൂഹിക-സാമ്പത്തിക മാനങ്ങളുള്ളതാണെന്നും ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. വികസനത്തിന്റെ ഗതിവേഗം അവരുടെ സ്വാധീന പ്രദേശങ്ങളിൽകൊണ്ട് വന്ന് ചെറുപ്പക്കാരെ പൊതുധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമം നടക്കുന്നുണ്ട്.

3. ഗവൺമെന്റ് രാജ്യത്തിലെ എല്ലാപ്രദേശങ്ങളുടേയും എല്ലാത്തരത്തിലുള്ള വികസനത്തിനും വേണ്ടശ്രമങ്ങൾ നടത്തണം. എല്ലാവർക്കും വിദ്യാഭ്യാസത്തിനും തൊഴിലിനും തുല്യമായ അവസരം ഉണ്ടാക്കണം. ജനാധിപത്യസ്ഥാപനങ്ങളും അതിന്റെ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തി എല്ലാവർക്കും അതിൽ പങ്കെടുക്കാനുള്ള തുല്യ അവസരങ്ങളും നൽകണം. അന്തർദേശീയ സമാധാനവും സുരക്ഷയും സംരക്ഷിക്കുന്നതിന് ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളേയും അതിന്റെ പ്രക്രിയകളേയും സഹായിക്കാൻ അന്തർദേശീയതലത്തിലുള്ള ശ്രമങ്ങൾ നടത്തണം. ഭീകരപ്രവർത്തനങ്ങൾ ഇല്ലാതാക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതായിട്ടുമുണ്ട്.

**27.4**

1. (1) നയങ്ങൾ രൂപീകരിക്കുന്നതിൽ സ്വാതന്ത്ര്യം നില നിർത്തുക; (2) അന്തർദേശീയ സമാധാനവും സുരക്ഷയും പ്രോത്സാഹിപ്പിക്കുക; (3) എല്ലാ രാഷ്ട്രങ്ങളുമായും പ്രത്യേകിച്ച് അയൽ രാഷ്ട്രങ്ങളുമായി നല്ല ബന്ധം സ്ഥാപിക്കുക; (4) ഐക്യരാഷ്ട്ര സംഘടനയ്ക്ക് പിന്തുണ നൽകുക; (5) നിരായുധീകരണം, കോളനിവത്ക്കരണ വിരുദ്ധത, സാമ്രാജ്യത്വ വിരുദ്ധത, വംശീയവിരുദ്ധത തുടങ്ങിയ നിലപാടുകൾ സ്വീകരിക്കുക; (6) വികസ്വര രാഷ്ട്രങ്ങളുടെ ഇടയിലുള്ള സഹകരണം വർദ്ധിപ്പിക്കുക.

2. യു. എസ്. എയുടേയും സോവിയറ്റ് യൂണിയന്റേയും സൈനിക ചേരികളിൽ ചേരാതെ വിദേശകാര്യങ്ങളിൽ ദേശീയ സ്വാതന്ത്ര്യം സംരക്ഷിക്കുക എന്നതാണ് ചേരിചേരായ്മ ലക്ഷ്യ മാക്കുന്നത്. ചേരിചേരായ്മ എന്നത് നിഷ്പക്ഷതയോ, പങ്കുകൊള്ളാതിരിക്കലോ, ഒറ്റപ്പെടലോ അല്ല, വികസ്വര രാജ്യങ്ങൾക്ക് അവരുടെ രാജ്യത്തിന്റെ പരമാധികാരം നിലനിർത്താനും ശീതസമരത്തിന്റെ സമ്മർദ്ദകാലങ്ങളിൽ സ്വതന്ത്രമായി നടപടികൾ എടുക്കാനും ചേരിചേരാ നയം അവസരം നൽകി. ചേരിചേരാ പ്രസ്ഥാനം രാജ്യത്തിന്റെ വിസ്തൃതിയോ പ്രാധാന്യമോ നോക്കാതെ ആഗോള തീരുമാനങ്ങൾ എടുക്കുന്നതിലും ലോകരാഷ്ട്രീയത്തിലും പങ്കെടുക്കാൻ രാജ്യങ്ങൾക്ക് അവസരം നൽകി.

3. (a) മുഖ്യ ശില്പി

   (b) സമാധാനവും സുരക്ഷയും, സമാധാനപരമായ മാറ്റത്തിന്

   (c) സമാധാനം നിലനിർത്താനുള്ള ശ്രമങ്ങൾ, നിരായുധീകരണം

   (d) സ്ഥിരാംഗം.

# ചോദ്യപേപ്പർ മാതൃക

**വിഷയം:** സോഷ്യൽ സയൻസ് **സെക്കൻഡറി തലം**
**പരമാവധി മാർക്ക്:** 100

## 1. ഉദ്ദേശ്യാധിഷ്ഠിത പ്രാതിനിധ്യം:

| ഉദ്ദേശ്യങ്ങൾ | മാർക്ക് | ശതമാനം |
|---|---|---|
| അറിവ് | 30 | 30 |
| ഗ്രഹണം (വിവരങ്ങളുടെ ഗ്രഹിക്കൽ) | 48 | 48 |
| പ്രയോഗം (അറിവിനെ പ്രയോഗിക്കൽ) | 14 | 14 |
| നൈപുണി | 08 | 08 |
| **ആകെ** | | **100** |

## 2. ചോദ്യങ്ങളുടെ തരത്തെ ആശ്രയിച്ചുള്ള പ്രാതിനിധ്യം

| ചോദ്യങ്ങളുടെ ഇനം | ചോദ്യങ്ങളുടെ എണ്ണം | ഓരോ ചോദ്യത്തിനുള്ള മാർക്ക് | ആകെ |
|---|---|---|---|
| നീണ്ട ഉത്തരം എഴുതേണ്ടവ | 04 | 05 | 20 |
| ചെറിയ ഉത്തരം എഴുതേണ്ടവ | 15 | 04 | 60 |
| വളരെ ചെറിയ ഉത്തരം എഴുതേണ്ടവ | 14 | 02 | 08 |
| വസ്തുനിഷ്ഠ ചോദ്യങ്ങൾ അല്ലെങ്കിൽ മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ (MCQ) | 04 | 01 | 04 |
| നൈപുണി (ഭൂപടം അടിസ്ഥാനമാക്കിയുള്ള ചോദ്യം) | 02 | 04 | 08 |
| ആകെ | | | 100 |

## 3. ഉള്ളടക്കത്തിന് അനുസരിച്ചുള്ള പ്രാതിനിധ്യം

| പാഠങ്ങൾ | മാർക്ക് |
|---|---|
| 1. ഇന്ത്യയും ലോകവും യുഗങ്ങളിലൂടെ | 32 |
| 2. ഇന്ത്യ: സ്വാഭാവിക പരിസ്ഥിതി, വിഭവങ്ങൾ, വികസനം | 27 |
| 3. ജനാധിപത്യം പ്രവൃത്തിപഥത്തിൽ | 28 |
| 4. ആനുകാലിക ഇന്ത്യ: പ്രശ്നങ്ങളും വെല്ലുവിളികളും | 13 |
| **ആകെ** | **100** |

# സാമൂഹ്യ ശാസ്ത്രം
# (213)

**സമയം 3 മണിക്കൂർ** **പരമാവധി മാർക്ക്: 100**

1. തന്നിരിക്കുന്ന ഇന്ത്യയുടെ ബാഹ്യരേഖാ ഭൂപടത്തിൽ അടയാളപ്പെടുത്തുകയും പേരെഴുതുകയും ചെയ്യുക. 4 x 1= 4


   (i) ഇന്ത്യയിൽ ഹിമാലയത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി.

   (ii) ഇന്ത്യയിലെ ഏറ്റവും വലിയ ഉപ്പുജലതടാകം.

   (iii) ആൻഡമാൻ-നിക്കോബാർ ദ്വീപുകളിലെ ഒരു വലിയ ബയോ-സ്ഫിയർ റിസർവ്.

   (iv) ദക്ഷിണേന്ത്യയിലെ ഒരു പ്രധാന തേയില ഉൽപാദന മേഖല

2. നിങ്ങളുടെ ഉത്തരക്കടലാസിൽ താഴെ തന്നിരിക്കുന്ന ഇന്ത്യയുടെ ബാഹ്യരേഖാ ഭൂപടത്തിൽ 1, 2, 3, 4 എന്ന് കാണിച്ചിരിക്കുന്ന പ്രധാന തുറമുഖങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ ശരിയായ പേര് എഴുതുക. 4 x 1= 4



3. 1857 ലെ കലാപം താഴെപ്പറയുന്നവയിൽ ഒരു കാരണത്താൽ വിജയിച്ചില്ല. 2

A. ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ തന്നെ അടിച്ചമർത്തി.

B. ഉത്തര-മധ്യ ഇന്ത്യയിൽ മാത്രമായി ഒതുങ്ങി നിന്നു.

C. ബ്രിട്ടീഷുകാർക്കെതിരെ ഐക്യത്തോടെ യുദ്ധം ചെയ്യുന്നതിൽ വിപ്ലവത്തിന്റെ നേതാക്കൾ വിശ്വസിച്ചിരുന്നില്ല.

D. സംഘടിതവും ശക്തവുമായ ശത്രുവിന്റെ മേൽ വിജയം നേടാനുള്ള സാധ്യത ഉണ്ടായിരുന്നില്ല.

4. എന്തിനെക്കുറിച്ചുള്ള പഠനമാണ് ചരിത്രം?

A. ഭൂതകാലത്തിലെ സംഭവങ്ങൾ

B. പുരാതന കാലത്തെ സമൂഹവും സംസ്ക്കാരവും

C. രാഷ്ട്രീയ പ്രവർത്തന രീതികളും ഭരണ നിർവ്വചന സമ്പ്രദായവും

D. സമൂഹവും സാമൂഹിക സംഭവങ്ങളും

5. 73-ാമത് ഭരണഘടനാ ഭേദഗതി ബന്ധപ്പെട്ടിരിക്കുന്നത്.

A. നഗര തദ്ദേശ ഗവൺമെന്റ്

B. തെരഞ്ഞെടുപ്പ് പരിഷ്ക്കാരം

C. ഗ്രാമ തദ്ദേശഗവൺമെന്റ്

D. ഭൂ-പരിഷ്ക്കരണങ്ങൾ

6. 86-ാമത് ഭരണഘടനാ ഭേദഗതി ലക്ഷ്യമാക്കുന്നത്.

A. സൗജന്യ കോളേജ് വിദ്യാഭ്യാസം

B. 14- വയസ്സു വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം

C. എല്ലാവർക്കും ആരോഗ്യ സംരക്ഷണം

D. നിർബന്ധിത തൊഴിൽ

7. നവോത്ഥാനപ്രസ്ഥാനത്തിലെ ഒരു പ്രധാന സവിശേഷ ഗുണമായി മാനുഷികത്വം കരുതുന്നത് എന്തുകൊണ്ടാണ് ? 2

8. ഇന്ത്യയിലെ കൃഷി സമ്പ്രദായത്തിന്റെ രണ്ട് സവിശേഷ ഗുണങ്ങൾ എഴുതുക 2

9. വാണിജ്യമാർഗ്ഗങ്ങളുടെ കണ്ടുപിടുത്തം ലോകത്ത് വിജ്ഞാനവും സംസ്ക്കാരവും പരക്കുവാൻ എന്തുമാത്രം സഹായിച്ചു ? 2

10. ഒരു നഗരത്തിൽ ആശ്രിത ജനസംഖ്യ 12000 വും ജോലി ചെയ്യുന്നവരുടെ ജനസംഖ്യ 18000 വും ആണ്. നഗരത്തിലെ ആശ്രിത അനുപാതം (Dependency ratio) തിട്ടപ്പെടുത്തുക. 2

11. ഇന്ത്യയിൽ റോഡു ഗതാഗതത്തിന്റെ നാല് പ്രയോജനങ്ങൾ വിവരിക്കുക. 4 x 1 = 4

12. ഇന്ത്യ അതിന്റെ രൂപത്തിൽ ഫെഡറലും സത്ത (spirit) യിൽ അഭിന്നവുമാണ് ഈ പ്രസ്താവനയുടെ സാഹചര്യത്തിൽ ഇന്ത്യൻ ഫെഡറൽ സമ്പ്രദായം അഭിന്നം (ഏകം) ആണെന്ന് കാണിക്കുന്ന നാല് സവിശേഷ ഗുണങ്ങൾ പരിശോധിക്കുക. 4 x 1 = 4

13. സമത്വത്തിനുള്ള അവകാശം എന്നതിന്റെ ഏതെങ്കിലും നാലു നിയമ വ്യവസ്ഥകൾ വിശദമാക്കുക. 4 x 1 = 4

14. പരിസ്ഥിതി അപചയത്തിന് നിദാനമായ ഏതെങ്കിലും ഈ രണ്ട് സാമൂഹിക-സാമ്പത്തിക ഘടകങ്ങൾ വിശദമാക്കുക. 2 +2 =4

15. ഇന്നത്തെ മനുഷ്യന്റെ സാമ്പത്തിക സാമൂഹിക ജീവിതത്തിൽ വ്യവസായ വിപ്ലവം ചെലുത്തിയ സ്വാധീനം എന്ത്? 4

16. ഇന്ത്യയുടെ കോളനിവത്ക്കരണവികസനത്തിന്റെ വിവിധഘട്ടങ്ങൾ വിശദീകരിക്കുക. 4

17. ഇന്ത്യയിലെ ജാതി സമ്പ്രദായം പോലെയുള്ള അനാചാരങ്ങൾക്കെതിരെയുള്ള പരിഷ്ക്കർത്താക്കളുടെ ശ്രമങ്ങൾ വിശദീകരിക്കുക. 4

18. കോളനി ഭരണത്തിന് എതിരായി 1857 ന് മുൻപ് നടന്ന ജനകീയ പ്രതിരോധ പ്രസ്ഥാനങ്ങളുടെ നാല് കാരണങ്ങൾ വ്യക്തമാക്കുക. 4 x 1 = 4

19. സസ്യജാലങ്ങളുടെ സംരക്ഷണം ഒരു ആവശ്യമായി തീർന്നിരിക്കുന്നതെന്തുകൊണ്ട്? നാലു കാരണങ്ങൾ വിശദീകരിക്കുക. 4 x 1 = 4

20. ക്ഷേമരാഷ്ട്രം എന്നാൽ എന്ത്? സാമൂഹിക-സാമ്പത്തിക സമത്വം പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമാക്കിക്കൊണ്ടുള്ള ഭരണഘടനയിലെ നിർദേശകതത്വങ്ങളിലെ 3 വ്യവസ്ഥകൾ എഴുതുക. 1 + 3 = 4

21. ഇന്ത്യയിലെ തെരഞ്ഞെടുപ്പുകമ്മീഷന്റെനാലുപ്രധാനചുമതലകൾ വിശദമാക്കുക. 4 x 1 = 4

22. ചേരചേരായ്മ എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? അതിന്റെ ഏതെങ്കിലും രണ്ട് ഉദ്ദേശ്യങ്ങൾ വിശദമാക്കുക. 2 + 2 = 4

23. താഴെ കൊടുത്തിരിക്കുന്ന പട്ടിക പഠിച്ച് കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**സ്റ്റേഷൻ A: ഊഷ്മാവ് ($^0$C) മഴ (cm)**

| മാസങ്ങൾ | J | F | M | A | M | J | J | A | S | O | N | D |
|---|---|---|---|---|---|---|---|---|---|---|---|---|
| ഊഷ്മാവ് (ചൂട്) | 27 | 27 | 28 | 29 | 29 | 27 | 26 | 26 | 27 | 27 | 27 | 27 |
| മഴ | 23 | 21 | 39 | 106 | 208 | 356 | 223 | 146 | 138 | 273 | 206 | 75 |

(i) സ്റ്റേഷൻ A യിലെ വാർഷിക മീൻ (Mean) ഊഷ്മാവും (Temperature) ലഭിക്കുന്ന മഴയുടെ കണക്കും തിട്ടപ്പെടുത്തുക.

(ii) 200 cm ൽ കൂടുതൽ മഴ 'A' സ്റ്റേഷനിൽ എത്രമാസം ലഭിക്കുന്നു?

(iii) ഏതു തരത്തിലുള്ള കാലാവസ്ഥയാണ് സ്റ്റേഷൻ 'A' യിൽ ചിത്രീകരിച്ചിട്ടുള്ളത് ? 2 + 1 + 1 = 4

24. ഗവർണറുടെ അധികാരങ്ങളും ഭരണ നിർവ്വഹണ ചുമതലകളും വിശദീകരിക്കുക

25. ഇന്ത്യൻ ജനാധിപത്യത്തിന്റെ നേരെയുള്ള ഏതെങ്കിലും നാല് വെല്ലുവിളികൾ വിലയിരുത്തുക 4 x 1 = 4

26. പാലിയോളിത് യുഗം മുതൽ ഇരുമ്പ് യുഗം വരെയുള്ള മനുഷ്യസംസ്ക്കാരത്തിന്റെ വികസനം കണ്ടെത്തി വിശദീകരിക്കുക 5

27. ഇന്ത്യയിലെ സുപ്രീംകോടതിയുടെ അധികാര പരിധി വിശദമാക്കുക. 5

28. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയുടെ പങ്ക് വിശകലനം ചെയ്യുക. 5


29. ഇന്ത്യയിൽ കരിമ്പുകൃഷിക്ക് ആവശ്യമായ അഞ്ച് ഭൂമിശാസ്ത്ര അവസ്ഥകൾ ചുരുക്കി വിശദമാക്കുക. 5 x 1 = 5

# മാർക്ക് നൽകുന്ന വിധം സംബന്ധിച്ച്

# സാമൂഹ്യ ശാസ്ത്രം

# (213)

1. ഇന്ത്യയുടെ ബാഹ്യരേഖാ ഭൂപടം. 4 x 1 = 4




2. (i) കാണ്ട്ല 4 x 1 = 4
   (ii) തൂത്തുക്കുടി
   (iii) വിശാഖപട്ടണം
   (iv) മംഗലാപുരം

3. D 1

4 A 1

5 C 1

6 B 1

7. മനുഷ്യന്റെ സൃഷ്ടിപരമായ കഴിവുകളിലും ആഹ്ലാദവും ഇഷ്ടങ്ങളും കണ്ടെത്താനുള്ള അവന്റെ അവകാശത്തിലും നവോത്ഥാനകാലഘട്ടം വിശ്വസിച്ചിരുന്നു. 2

8. ഇന്ത്യയിലെ രാഷ്ട്രീയ കക്ഷി സമ്പ്രദായത്തിന്റെ പ്രധാന സവിശേഷതകൾ

(i) ബഹുകക്ഷി സമ്പ്രദായം

(ii) കേന്ദ്രത്തിൽ സർക്കാർ രൂപീകരിക്കുന്ന കാര്യത്തിൽ പ്രാദേശിക പാർട്ടികളുടെ പ്രധാനപ്പെട്ട പങ്ക്.

(iii) നായകത്വം വഹിക്കുന്ന രാഷ്ട്രീയകക്ഷികളുടെ പ്രാപ്തിയില്ലായ്മ.

(iv) കൂട്ടുകക്ഷിരൂപീകരണം (ഏതെങ്കിലും രണ്ട്)

9. (i) വിജ്ഞാനം വർദ്ധിക്കാൻ സഹായിച്ചു.

(ii) പുതിയ ബദൽ മാർഗ്ഗങ്ങൾ കണ്ടുപിടിക്കപ്പെട്ടു.

(iii) വ്യാവസായിക വിപ്ലവം വ്യാപിക്കുന്നതിനും സാധനങ്ങൾ കൈമാറ്റം ചെയ്യുന്നതിനും സഹായിച്ചു.

(iv) ജ്യോതിഷം, ഗണിതം, ഗ്രീക്ക് തത്ത്വചിന്ത എന്നിവയിൽ യൂറോപ്യരുടെ അറിവ് വർദ്ധിച്ചു. 2

10. ആശ്രിത അനുപാതം (Dependency Ratio) $= \dfrac{\text{ആശ്രിത ജനസംഖ്യ}}{\text{ജോലി ചെയ്യുന്നവരുടെ ജനസംഖ്യ}} \times 100$

$$= \frac{12,000}{18,000} \times 100$$

$$= 66.66\%$$

$$= 67\%$$ (2)

11. ഗതാഗത മാർഗ്ഗങ്ങളുടെ പ്രയോജനങ്ങൾ

(i) റിക്ഷ, കാർ, സൈക്കിൾ, ബസ്, സ്കൂട്ടർ, ട്രക്ക് എന്നിവ ഉപയോഗിച്ച് വീടുതോറും സേവനം ലഭിക്കുന്നു.

(ii) നിർമ്മാണം, കേടുപാടു തീർക്കൽ, സംരക്ഷിക്കൽ എന്നിവയുടെ ചെലവ് മറ്റ് ഗതാഗതമാർഗ്ഗങ്ങളേക്കാൾ കുറവ്

(iii) കുറച്ച് ആളുകളേയും കുറഞ്ഞ അളവിലുള്ള സാധനങ്ങളും താരതമ്യേന കുറഞ്ഞ ദൂരങ്ങളിൽ എത്തിക്കാൻ പറ്റിയ ഏറ്റവും ചെലവ് കുറഞ്ഞതും സൗകര്യപ്രദവുമായ ഗതാഗതമാർഗ്ഗം.

(iv) നമ്മൾ റയിൽവേസ്റ്റേഷൻ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയിലെത്തിചേരുന്നത് റോഡു മാർഗ്ഗമാണ്.

(v) നശിച്ചു പോകാനിടയുള്ള സാധനങ്ങൾ നഗരങ്ങൾ, മെട്രോപോളിറ്റൻ നഗരങ്ങൾ മറ്റ് പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്ക് ഗ്രാമങ്ങളിൽ നിന്നും വേഗം എത്തിക്കാൻ സഹായിക്കുന്നു.

(vi) ഗ്രാമങ്ങളേയും നഗരങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്നു. കുന്നുകൾ, മലകൾ, പീഠഭൂമി തുടങ്ങി യുദ്ധക്കളമായിത്തീരാവുന്ന സ്ഥലങ്ങളിലേക്കും റോഡുകൾ നിർമ്മിക്കാൻ കഴിയുന്നു.

(ഏതെങ്കിലും നാല്) $4 \times 1 = 4$

12. ഇന്ത്യൻ ഫെഡറൽ സമ്പ്രദായത്തിന്റെ ഏകത്വമായ സവിശേഷതകൾ

(i) കേന്ദ്രത്തിന് കൂടുതൽ അധികാരം

(ii) ഏകീകൃതവും സംയോജിക്കപ്പെട്ടതുമായ നീതിന്യായ വ്യവസ്ഥ

(iii) അടിയന്തിരാവസ്ഥയുടെ വകുപ്പുകൾ

(iv) സംസ്ഥാനത്തിലെ ഗവർണറെ പ്രസിഡന്റ് നിയമിക്കുന്നു

(v) കേന്ദ്രത്തിനോട് ധനപരമായ കാര്യങ്ങൾക്ക് സംസ്ഥാനങ്ങൾക്ക് ആശ്രിതത്വം.

(vi) അഖിലേന്ത്യാ സർവ്വീസുകൾ

(ഏതെങ്കിലും നാല്) 4 x 1 = 4

13. (i) നിയമത്തിന്റെ മുന്നിൽ തുല്യത

(ii) മതം, വർഗ്ഗം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനമില്ലായ്മ

(iii) പൊതുവായ തൊഴിലാളികളിൽ അവസരസമത്വം

(iv) അസ്പൃശ്യത നിരോധിക്കൽ

(v) പദവികൾ റദ്ദാക്കൽ 4 x 1= 4

14. (a) സാമൂഹിക ഘടകങ്ങൾ

(i) വർദ്ധിച്ച ജനസംഖ്യ

(ii) ദാരിദ്ര്യം

(iii) നഗരവത്ക്കരണം

(iv) ജീവിതശൈലിയുടെ മാറ്റം

(b) സാമ്പത്തിക ഘടകങ്ങൾ

(i) കാർഷിക വികസനം

(ii) വ്യവസായവത്ക്കരണം

(iii) സാമ്പത്തിക വികസനം

(iv) അമിതമായ ഉത്പാദനം (ഏതെങ്കിലും രണ്ട്)

2 + 2 = 4

15. (i) വേഗത്തിലും പ്രയാസരഹിതവുമായി സാധനങ്ങൾ ഉത്പാദിപ്പിക്കാൻസഹായിച്ചു

(ii) മനുഷ്യരുടേയും സാധനങ്ങളുടേയും ഗതാഗതത്തിന്

(iii) വൻവ്യവസായകേന്ദ്രങ്ങളായി നഗരങ്ങൾ വികസിച്ചു. ആളുകൾക്ക് തൊഴിലിന് വേണ്ടി മുതൽമുടക്ക്

(iv) ആരോഗ്യം, വൈദ്യസഹായം തുടങ്ങിയ സൗകര്യങ്ങൾ

(v) ജീവിതം വേഗത്തിലും ശാന്തമായും 4

16. (i) ബ്രിട്ടീഷുകാർ മിഷണറിമാരായിട്ടാണ് ഇന്ത്യയിൽ എത്തിയത്.

(ii) പിന്നീടവർ വാണിജ്യം ആരംഭിച്ചു. ബലപ്രയോഗത്തിലൂടെയും അവരുടെ ദത്താപഹാരനയം തുടങ്ങിയ നയങ്ങളിലൂടെയും വിവിധ പ്രദേശങ്ങൾ കൈവശമാക്കി.

(iii) ഭൂനികുതി നയങ്ങൾ

(iv) ഇന്ത്യാക്കാരുടെ ആത്മാഭിമാനം നശിപ്പിച്ചു.

(v) ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ചു ഭരിക്കൽ നയം 4

17. (i) ജാതിയുടെ പേരിലുള്ള അനാചാരങ്ങളെ ശക്തിയായി എതിർത്തു.
 (ii) ഈ സമ്പ്രദായം യുക്തിക്ക് നിരക്കാത്തതും അശാസ്ത്രീയവുമാണെന്ന് അവർ കരുതി.
 (iii) മനുഷ്യത്വത്തിന്റെ അടിസ്ഥാനപരമായനിയമങ്ങൾക്ക് വിരുദ്ധമാണ് ഇവയെല്ലാമെന്ന് അവർ കരുതി.
 (iv) പരസ്പരസഹിഷ്ണുതയോടെ ജീവിക്കാൻ അവർ ആളുകളെ സഹായിച്ചു. 4

18. (i) കൃഷിക്കാർ, സെമീന്ദാർമാർ, തദ്ദേശീയ പ്രഭുക്കന്മാർ, രാജാക്കൻമാർ എന്നിവരെ ചൂഷണം ചെയ്തു.
 (ii) കൃഷിയുടെ വ്യവസായ വത്ക്കരണം.
 (iii) ഭൂമിയിൽ നിന്നും മറ്റ് വിഭവങ്ങളിൽനിന്നും നിർബന്ധിതമായ നികുതി ഈടാക്കൽ
 (iv) മതപരവും സാമൂഹികവുമായ ആചാരങ്ങളിലുള്ള ഇടപെടൽ. 4 x 1 = 4

19. സസ്യജാലങ്ങളുടെ സംരക്ഷണത്തിന്റെ ആവശ്യം.
 (i) സസ്യജാലങ്ങൾ ഇല്ലാതായാൽ മൃഗങ്ങൾ, അതിസൂക്ഷ്മങ്ങളായ അണുജീവികൾ എന്നിവ വാസസ്ഥലം, ആഹാരം, ഓക്സിജൻ തുടങ്ങിയവയില്ലാതെ മരണപ്പെടുന്നു.
 (ii) കാറ്റ്, അമിതമായ വെള്ളം എന്നിവയിൽ നശിക്കാതെ മണ്ണ് സംരക്ഷിക്കുന്നു. സസ്യങ്ങളുടെ മൂലവ്യൂഹം (Root system) കാറ്റിന്റെ ശക്തിയിൽ നിന്നും വെള്ളത്തിന്റെ കുത്തൊഴുക്കിൽ നിന്നും സംരക്ഷിക്കുന്നു.
 (iii) ജലചംക്രമണത്തിന് സസ്യജാലം ഒരു വലിയ പങ്ക് വഹിക്കുന്നു.
 (iv) സസ്യജാലം സ്വാഭാവികമായ തടസ്സം സൃഷ്ടിക്കുന്നതിനാൽ ഭൂമിയുടെ മേൽപ്പരപ്പിലൂടെ വെള്ളത്തിന്റെ ഒഴുക്കിനെ സാവധാനത്തിലാക്കുന്നു.
 (v) പ്രകാശസംശ്ലേഷണം (Photosynthesis) വഴി സസ്യജാലം വായുവിൽ കാർബൺഡയോക്സൈഡിനെ സ്വീകരിച്ച് ഓക്സിജൻ പുറത്തേക്ക് വിടുന്നു. സസ്യജാലം മറ്റ് മാലിന്യങ്ങളേയും ശുദ്ധീകരിക്കുന്നു.
 (vi) സസ്യജാലം ഹരിതഗൃഹപ്രഭാവം ദൃഢീകരിക്കുന്നതിൽ സ്വാധീനംചെലുത്തുന്നു.
 (vii) മറ്റേതെങ്കിലും പ്രസക്തമായ ഒരു കാരണം

 (ഏതെങ്കിലും നാല്) 4 x 1 =4

20. (i) പൗരൻമാരുടെ സാമ്പത്തിക സാമൂഹിക സുരക്ഷയ്ക്കും ഉന്നമനത്തിനും വേണ്ടി ഒരു പ്രധാന പങ്ക് വഹിക്കുന്ന രാഷ്ട്രത്തിനെ ക്ഷേമ രാഷ്ട്രം എന്നു പറയുന്നു.

 (മൂന്ന് നിർദ്ദേശകതത്വങ്ങൾ എഴുതിയാൽ മതി)
 (a) രാജ്യത്തിന്റെ ഭൗതിക വിഭവങ്ങൾ പൊതുനന്മയ്ക്കുവേണ്ടി ന്യായമായ രീതിയിൽ രാഷ്ട്രം വിതരണം ചെയ്യേണ്ടതാണ്.
 (b) കുറച്ച് പ്രദേശങ്ങളിൽ മാത്രമായി സമ്പത്ത് കേന്ദ്രീകരിക്കാത്ത വിധത്തിൽ രാഷ്ട്രം സമ്പത്തിന്റെ വിതരണം നടത്തേണ്ടതാണ്.
 (c) തുല്യ ജോലിക്ക് തുല്യവേതനം
 (d) 14 വയസ്സു വരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകാൻ രാഷ്ട്രം നടപടികൾ എടുക്കേണ്ടതാണ്.
 (e) തൊഴിലില്ലായ്മ, വാർദ്ധക്യം, രോഗം, ശാരീരിക വൈകല്യം, ഇവ നേരിടുന്ന ആളുകൾക്ക് രാഷ്ട്രം സഹായം നൽകേണ്ടതാണ്. 1 + 3 = 4

21. തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ

(i) തിരഞ്ഞെടുപ്പിന്റെ എല്ലാ വിഭാഗങ്ങളുടേയും പ്രക്രിയകളുടേയും മേൽനോട്ടം, ഗതിനിർണ്ണയം, നിയന്ത്രണം എന്നിവ.

(ii) വോട്ടർ പട്ടിക തയ്യാറാക്കൽ

(iii) രാഷ്ട്രീയ കക്ഷികൾക്ക് അംഗീകാരം നൽകൽ, അവർക്ക് ചിഹ്നങ്ങൾ നൽകൽ, അനവധി സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് മത്സരത്തിന് ചിഹ്നങ്ങൾ നൽകൽ.

(iv) തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, സ്ഥാനാർത്ഥികൾ, രാഷ്ട്രീയ കക്ഷികൾ എന്നിവർക്ക് മാർഗ്ഗ നിർദ്ദേശക രേഖകൾ, പെരുമാറ്റചട്ടങ്ങൾ എന്നിവ നൽകൽ.

(v) തെരഞ്ഞെടുപ്പ് പരാതികളുടെ പരിഹാരം

(ഏതെങ്കിലും നാലെണ്ണം) 4 x 1= 4

22. (1) ഏതെങ്കിലും ശാക്തികചേരികളിലോ, പാളയങ്ങളിലോ ശീതയുദ്ധകാലഘട്ടത്തിൽ ചേരാതെ നിൽക്കൽ

**ഉദ്ദേശ്യങ്ങൾ/ ലക്ഷ്യങ്ങൾ**

(i) വിദേശ കാര്യങ്ങളിൽ ദേശീയസ്വാതന്ത്ര്യം സംരക്ഷിക്കുക

(ii) സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കുക.

(iii) ലോകസമാധാനം

(iv) വേഗത്തിലുള്ള സാമ്പത്തികവികസനം

(ഏതെങ്കിലും രണ്ട്) 2 + 2 = 4

23. (i) വാർഷിക മീൻ ഊഷ്മ $\frac{327}{12}$ ==27.25 = 27.3°C

വാർഷിക മീൻ മഴ $\frac{1814}{12}$ = 151.16 = 151.2 cm

(ii) 5

(iii) ചൂടും ഈർപ്പാവസ്ഥയും 2 + 1 +1 =4

24. ഗവർണറുടെ അധികാരങ്ങൾ

(i) **എക്സിക്യൂട്ടീവ് അധികാരങ്ങൾ:** മുഖ്യമന്ത്രിയേയും മന്ത്രിസഭയിലെ മറ്റ് അംഗങ്ങളേയും നിയമിക്കുന്നു. കൂടാതെ മറ്റ് ചില പ്രധാനപ്പെട്ട നിയമനങ്ങൾ കൂടി നടത്തുന്നു.

(ii) **നിയമ നിർമ്മാണാധികാരങ്ങൾ (Legislative Powers):** സംസ്ഥാന നിയമസഭയുടെ അവിഭാജ്യ ഘടകമാണ്. നിയമസഭ വിളിച്ചു കൂട്ടാനും തൽക്കാലം നിർത്തിവയ്ക്കാനും നീട്ടാനും പിരിച്ചുവിടാനും അധികാരമുണ്ട്.

(iii) **ധനപരമായ അധികാരങ്ങൾ (Financial Powers) :** സംസ്ഥാനത്തിന്റെ ബഡ്ജറ്റ് ധനകാര്യ വകുപ്പ്മന്ത്രി തയ്യാറാക്കുന്നതും നിയമസഭയിൽ അവതരിപ്പിക്കുന്നതും ഗവർണറുടെ പേരിലാണ്.

(iv) **വിവേചനാധികാരങ്ങൾ (Discretionary Powers):** സാധാരണ നിലയിൽ മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് ഗവർണർ പ്രവർത്തിക്കേണ്ടത്.എന്നാൽചില അവസരങ്ങളിൽ അങ്ങനെഅല്ലാതെയും പ്രവർത്തിക്കാം. ഗവർണർ അപ്രകാരം ഉപയോഗിക്കുന്ന അധികാരങ്ങളെയാണ് വിവേചനാധികാരങ്ങൾ എന്നുപറയുന്നത്. അതായത് സംസ്ഥാനത്തിന്റെ ഭരണ തകർച്ചയെക്കുറിച്ച് പ്രസിഡന്റിന് റിപ്പോർട്ട് അയക്കുക തുടങ്ങിയ കാര്യങ്ങൾ (ഏതെങ്കിലും നാല് ചുമതലകൾ) 4

25. ഇന്ത്യൻ ജനാധിപത്യത്തിന്റെ വെല്ലുവിളികൾ

(i) ദാരിദ്ര്യം

(ii) നിരക്ഷരത

(iii) ലിംഗ വിവേചനം

(iv) ജാതിസമ്പ്രദായം

(v) വർഗ്ഗീയത

(vi) പ്രാദേശികത്വം ഭാഷാവാദം

(vii) അഴിമതി

(viii) കലാപം 4 x 1 = 4

26. പാലിയോളിതിക് യുഗം
ഉപകരണങ്ങൾ

(i) മിനുസപ്പെടുത്തിയ സാമഗ്രികൾ - കോടാലി, കുന്തം, അമ്പ്, വില്ല്

(ii) നിയോളിതിക് യുഗത്തിലെ ചക്രത്തിന്റെ കണ്ടുപിടുത്തം

(iii) മിശ്രകൃഷിത്തൊഴിൽ, സമുദായ ജീവിതം.

(iv) ഹാരപ്പൻ സംസ്ക്കാരത്തിലെ പട്ടണങ്ങൾ, മതം, സാമൂഹിക ജീവിതവും കച്ചവടവും

(v) നഗരങ്ങളുടെ തുടക്കം - രാഷ്ട്രം, ഗ്രീസിൽ, സംസ്ക്കാരം, പെയിന്റിംഗ്, അലങ്കാരം, രാഷ്ട്രീയ ജീവിതത്തിന്റെ തുടക്കം, സാമ്രാജ്യത്തിന്റെ ഉദയം 5

27. സുപ്രീംകോടതിയുടെ അധികാരാതിർത്തി.

**A. മൗലിക അധികാരാതിർത്തി (Original Jurisdiction):** സുപ്രീം കോടതി മാത്രമേ ചില കേസുകൾ പരിഗണിക്കുകയുള്ളൂ.

(i) യൂണിയൻ ഗവൺമേന്റും ഒന്നോ അതിലധികമോ സംസ്ഥാന സർക്കാരുകളും തമ്മിലുള്ള തർക്കങ്ങൾ

(ii) രണ്ടോ അതിലധികമോ, സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ

(iii) ഇന്ത്യാഗവൺമേന്റും ഒന്നോ അതിലധികമോ സംസ്ഥാനങ്ങൾ എതിർവശത്തുമായുള്ള തർക്കങ്ങൾ.

**B. അപ്പീൽ സംബന്ധിച്ച അധികാരാതിർത്തി (Appellate Juristdiction):** സിവിൽ, ക്രിമിനൽ കേസുകളിൽ നിയമാനുസൃത വ്യവസ്ഥകൾ അനുസരിച്ച് വരുന്ന അപ്പീലുകൾ

. **C. അഡ്വൈസറി (ഉപദേശക) അധികാരാതിർത്തി (Advisory Jurisdiction):** പ്രസിഡന്റ് ഉപദേശത്തിന് അയച്ചു കൊടുക്കുന്ന കാര്യങ്ങൾ. കാര്യങ്ങൾ വിചാരണയ്ക്കുശേഷം ഉപദേശം പ്രസിഡന്റ് സ്വീകരിക്കണമെന്ന് നിർബന്ധമില്ല. അതുപോലെതന്നെ ഉപദേശം കോടതി കൊടുക്കണമെന്നും നിർബന്ധമില്ല.

മറ്റ് ചുമതലകൾ

(i) ഭരണഘടനയുടെ സംരക്ഷകൻ

(ii) നിയമസംബന്ധമായ പുനരവലോകനം.

(iii) മൗലികാവകാശങ്ങളുടെ സംരക്ഷകൻ 5

28. (i) ദേശീയപ്രസ്ഥാനത്തെ വലിയ ഒരു ബഹുജനപ്രസ്ഥാനമാക്കി മാറ്റി.

(ii) നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചു.

(iii) സ്വദേശിയും വിദേശ വസ്തു ബഹിഷ്ക്കരണവും

(iv) ഖിലാഫത്ത് പ്രസ്ഥാനത്തിന് പിന്തുണ.

(v) ബ്രിട്ടീഷുകാർ ഏർപ്പെടുത്തിയ ഉപ്പുനികുതിക്കെതിരെ ദണ്ഡി മാർച്ച്

(vi) സ്വരാജ്, സ്വയംഭരണം ഇവയുടെ ആവശ്യം ഉന്നയിക്കൽ

(vii) ക്വിറ്റിൻഡ്യാ പ്രസ്ഥാനം 5

29. ഇന്ത്യയിലെ കരിമ്പുകൃഷിക്ക് വേണ്ട ഭൂമിശാസ്ത്ര അവസ്ഥകൾ

(i) **ഊഷ്മാവ് (Temperature):** ചൂടുള്ളതും ഈർപ്പമുള്ളതുമായ കാലാവസ്ഥ $21^0$ ഇ മുതൽ $27^0$ ഇ വരെ ശരാശരി ചൂട്.

(ii) **മഴ (Rainfall)**: 5-150 cm മഴ. നിർദ്ദിഷ്ട തോതിൽ മഴ ലഭിക്കാത്തിടത്ത് ജലസേചനസൗകര്യം നൽകണം.

(iii) **മണ്ണ് (Soil) :** (a) പലതരം മണ്ണിലും വളരും. ഈർപ്പം നിലനിർത്താൻ കഴിയുന്ന ഏതുമണ്ണും ഇതിന് നല്ലതാണ്. നല്ല പശിമ രാശിമണ്ണ് കൂടുതൽ നല്ലത്.

(b) നൈട്രജൻ, കാൽസിയം, ഫോസ്ഫറസ് ഉള്ള മണ്ണ് എന്നാൽ അമ്ലഗുണമോ ക്ഷാരഗുണമോ കൂടുതൽ ഉണ്ടാകാൻ പാടില്ല. (ഏതെങ്കിലും ഒന്ന്)

(iv) **തൊഴിലാളി:** കൃഷിക്ക് തൊഴിലാളികളെ വേണ്ട കൃഷിയാണ്. അത് കുറഞ്ഞ ചെലവിൽ കിട്ടണം.

(v) **വിഭജനം:** ഇതിന് മൂന്ന് ഭിന്നമായ ഭൂമിശാസ്ത്രപരമായ പ്രദേശങ്ങൾ ഈ കൃഷിക്ക് നമ്മുടെ രാജ്യത്തുണ്ട്.

(a) പഞ്ചാബ് മുതൽ ബീഹാർ വരെയുള്ള സത്‌ലജ് -ഗംഗാ സമതലം

(b) പശ്ചിമ പർവ്വത നിരയുടെ കിഴക്കൻ ചരിവുകളിൽ മഹാരാഷ്ട്ര മുതൽ തമിഴ്നാടു വരെയുള്ള കരിമണ്ണ് പ്രദേശം

(c) ആന്ധ്രാപ്രദേശിന്റെ തീരവും കൃഷ്ണ നദി താഴ്വരയും (ഏതെങ്കിലും ഒന്ന്) 5 x 1= 5